# കേരളത്തിലെ ട്രേഡ്‌യൂണിയൻ പ്രസ്ഥാനത്തിന്റെ ചരിത്രം



331.809548
3

# കേരളത്തിലെ
# ട്രേഡ്‌യൂണിയൻ
# പ്രസ്ഥാനത്തിന്റെ ചരിത്രം

1827

PG Library & Research Center

1827

(Malayalam)
KERALATHILE TRADE UNION
PRASTHANATHINTE CHARITHRAM
Chief Editor
R. PRAKASAM
First Published October 1979
Printed at Swaraj Press & Publications
Trivandrum-1
Cover: Somaraj
Price Rs. 25.00
Rights Reserved
Publishers:
Prabhatham Printing & Publishing Co. (P) Ltd.
Trivandrum-695024, Kerala, India.
Sales Department
PRABHATH BOOK HOUSE
Trivandrum—Quilon—Alleppey—Ernakulam
Eloor—Trichur—Palghat—Calicut—Cannanore

# കേരളത്തിലെ ട്രേഡ്‌യൂണിയൻ പ്രസ്ഥാനത്തിന്റെ ചരിത്രം

PC Library & Research Center

ചീഫ് എഡിറ്റർ

ആർ. പ്രകാശം

പ്രസാധകർ:

പ്രഭാതം പ്രിൻറിംഗ് ആൻഡ് പബ്ലിഷിംഗ്

കമ്പനി ലിമിറ്റഡ്

---

പ്രഭാത് ബുക്ക് ഹൗസ്

തിരുവനന്തപുരം

വില 25.00 രൂപ

## ഉള്ളടക്കം

331.8095483

മുഖവുര

അദ്ധ്യായം ഒന്ന്
കേരളത്തിലെ തൊഴിലാളിവർഗത്തിന്റെ ആവിർഭാവം 1

അദ്ധ്യായം രണ്ട്
ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിന്റെ ആരംഭം 32

അദ്ധ്യായം മൂന്ന്
ട്രേഡ് യൂണിയൻ ഐക്യത്തിന്റെ കാലഘട്ടം 88

അദ്ധ്യായം നാല്
ട്രേഡ് യൂണിയൻ പ്രസ്ഥാനം സ്വാതന്ത്ര്യസമരത്തിന്റെ മുന്നണിയിൽ 125

അദ്ധ്യായം അഞ്ച്
സ്വാതന്ത്ര്യത്തിന്റെ പ്രഥമ വർഷങ്ങളിലെ തൊഴിലാളി സമരങ്ങൾ 175

അദ്ധ്യായം ആറ്
പ്രസ്ഥാനത്തിന്റെ സാർവത്രിക പുരോഗതി 205

അദ്ധ്യായം ഏഴ്
ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിലെ ചില പ്രധാന പ്രശ്നങ്ങൾ 264

അനുബന്ധം 1
ഏ. ഐ. ടി. യു. സി യുടെ സുദീർഘമായ ചരിത്രത്തിലെ പ്രധാനപ്പെട്ട ചില വസ്തുതകൾ 285

അനുബന്ധം 2
കേരളത്തിലെയും ഇന്ത്യയിലെയും ട്രേഡു യൂണിയനുകളെപ്പററിയുള്ള സ്ഥിതിവിവര കണക്കുകൾ 304

ബിബ്ലിയോഗ്രാഫി 305

# മുഖവുര

കേരളത്തിലെ ട്രേഡ്യൂണിയൻ പ്രസ്ഥാനത്തിൻെറ ചരിത്രത്തെയും അതിനോട്ട് ബന്ധപ്പെട്ട പ്രധാന പ്രശ്നങ്ങളെയും പററി പ്രതിപാദിക്കുന്ന ഉത്തമമായ ഒരു ഗ്രന്ഥപരമ്പരതന്നെയുണ്ടാകണമെന്ന ഉൽക്കടമായ ആഗ്രഹത്തോടു കൂടിയാണ് ഈ പുസ്തകം പ്രസിദ്ധീകരിക്കുന്നതു്. ഇന്നുവരെ കേരളത്തിലെ ട്രേഡ്യൂണിയൻ പ്രസ്ഥാനത്തിൻെറ സമഗ്രമായ ഒരു ചരിത്രം എഴുതുവാൻ ആരും തന്നെ മുന്നോട്ടു വന്നിട്ടില്ല. ഇദം പ്രഥമമായുള്ള ഒരു സംരംഭമെന്ന നിലയിൽ ഈ ഗ്രന്ഥത്തിൽ കുററങ്ങളും കുറവുകളും നിശ്ചയമായും കണ്ടുപിടിക്കാൻ കഴിയും. സാഹസികമായ ഒരു മുന്നോടി പ്രവർത്തനത്തിൽ ഇങ്ങനെയുള്ള തകരാറുകൾ സംഭവിക്കുന്നതു് അസാധാരണമല്ലല്ലൊ. പക്ഷെ ഒരു കാര്യത്തിൽ ഉറച്ച ആത്മവിശ്വാസമുണ്ടുതാനും. കേരളത്തിലെ പ്രഗത്ഭരായ ചരിത്ര വിദ്യാർത്ഥികളുടെയും ട്രേഡ്യൂണിയൻ നേതാക്കന്മാരുടെയും ശ്രദ്ധ ട്രേഡ്യൂണിയൻ പ്രസ്ഥാന ചരിത്രത്തിലേക്കു് തിരിച്ചു വിടുവാൻ ഈ ഗ്രന്ഥം ഉപകരിക്കുമെന്നു് ഉറപ്പിച്ചു പറയാം.

ഗ്രന്ഥ രചനയെക്കുറിച്ചുകൂടി ചില വസ്തുതകൾ അറിയിച്ചു കൊള്ളട്ടെ. കേരളത്തിലെ ട്രേഡ്യൂണിയൻ പ്രസ്ഥാനത്തെക്കുറിച്ചു് പലരും വിജ്ഞേയങ്ങളായ ലേഖനങ്ങൾ പല ഘട്ടങ്ങളിൽ എഴുതിയിട്ടുള്ളതായി കാണുന്നുണ്ട്. എന്നാൽ ചില കാലഘട്ടങ്ങളെയും ചില സമരങ്ങളെയും മററു ചില പ്രശ്നങ്ങളെയുംപററിയുള്ള ഇത്തരം ലേഖനങ്ങളെ മാത്രം ആശ്രയിച്ചുകൊണ്ടു് ഇങ്ങനെയൊരുഗ്രന്ഥം രചിക്കുക സാധ്യമല്ലല്ലോ. അതുകൊണ്ടു പഴയപത്രങ്ങൾ, നിയമസഭാ റിക്കാർഡുകൾ, ട്രേഡ്യൂണിയൻ പ്രസിദ്ധീകരണങ്ങൾ, ഗവണ്മെൻറു റിപ്പോർട്ടുകൾ തുടങ്ങിയവയിൽ നിന്നും വിവരങ്ങൾ നേരിട്ടു് ഗ്രഹിക്കേണ്ടിവന്നു. ഇതിനെല്ലാം പുറമെ വ്യക്തികളിൽ നിന്നു് തന്നെ വിവരങ്ങൾ മനസ്സിലാക്കുവാൻ വളരെയധികം ശ്രമിച്ചു. എന്നാൽ പലരിൽ നിന്നും വിവരങ്ങൾ ഗ്രഹിക്കുവാൻ സാധിച്ചില്ല. സി. അച്യുതമേനോൻ, വി. കെ. വേലായുധൻ, പി. എൻ. കൃഷ്ണപിള്ള, എൻ. സി. ശേഖർ, പി. എസ്. നമ്പൂതിരി, പി. ബാലചന്ദ്രമേനോൻ, പി. ഭാസ്കരൻ, കെ. സി. മാത്യു, എം. എ. പരമൻ, മഞ്ജുനാഥറാവു, ഇ. സി. ഭരതൻ, രാമനുണ്ണി, പി. കെ. ബാലകൃഷ്ണൻ (കോഴിക്കോട്ട്) പി. വി. ശങ്കരനാരായണൻ, വി. ലക്ഷ്മണൻ, (ജനയുഗം) വക്കം മജീദ്, വക്കം ഭരതൻ, അലിൻഡ് പേർസനൽ ആഫീസർ മാധവൻ,

ഉണ്ണീരിക്കുട്ടി വൈദ്യൻ (കോഴിക്കോട്), കക്കോടി ഗോവിന്ദൻ, എം. എ. കാക്ക (തൃശ്ശൂർ) എൻ. കാർത്തികേയൻ തുടങ്ങിയവർ അവർക്കറിയാവുന്ന കാര്യങ്ങൾ വിശദമായി പറഞ്ഞു തരികയുണ്ടായി. കത്തുകൾവഴി നിർദ്ദേശം നൽകിയവരിൽ എൻ. ശ്രീകണ്ഠൻനായർ എം. പി, കെ. ഏ. രാജൻ എം. പി, ഈ. വാസുദേവൻ (ആലപ്പുഴ), വി. കെ. ഭാസ്കരൻ, എക്സ്പ്രസ് പത്രാധിപർ കരുണാകരൻ നമ്പ്യാർ, (തൃശ്ശൂർ) ഷൺമുഖൻ (ഫറോക്ക്) തുടങ്ങിയവർ ഉൾപ്പെടുന്നു. ദുർല്ലഭമായ ചില പുസ്തകങ്ങൾ സമ്പാദിക്കുന്നതിനും ട്രേഡ്‌യൂണിയൻ നേതാക്കന്മാരുടെ കുറിപ്പുകൾ എത്തിച്ചുതരുന്നതിനും സഹായിച്ചവരിൽ ഡൽഹിയിലെ ജവഹരിലാൽ നെഹ്രു സർവകലാശാലയിലെ ജയിംസ് കുററിക്കാട്ടും കോഴിക്കോട്ടുള്ള ഒരു സാമൂഹ്യ പ്രവർത്തകനായ സദാശിവറാവുവും കൊല്ലത്തെ ഒരു ട്രേഡ്‌യൂണിയൻ പ്രവർത്തകനായ സുരേഷ്ബാബുവും ഉൾപ്പെടുന്നു. കേരള സാഹിത്യ അക്കാഡമിയിലെ ഒരു റിസർച്ചു സ്കോളറും സാമൂഹ്യ പ്രവർത്തകനുമായ ജി. പ്രിയദർശനൻെറ അപൂർവമായ ഗ്രന്ഥശേഖരത്തിൽ നിന്നു് അമൂല്യമായ പല വിവരങ്ങളും ലഭിക്കുകയുണ്ടായി. പഴയ നിയമസഭാ സമ്മേളന റിക്കാർഡുകൾ പരിശോധിക്കുന്നതിന് സൗകര്യമുണ്ടാക്കിത്തന്ന കേരള നിയമസഭാ സെക്രട്ടറി ഡാ: ആർ. പ്രസന്നൻ, കൊച്ചിയിലെ പഴയ ട്രേഡ്‌യൂണിയൻ പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിലയേറിയ മാസിക തന്നു സഹായിച്ച പ്രൊഫ: എം. കെ. സാനു എന്നിവരെയും അനുസ്മരിക്കേണ്ടിയിരിക്കുന്നു. ഇങ്ങനെ പല രീതിയിൽ ഈ ഗ്രന്ഥ രചനയ്ക്കു് സഹായിച്ച എല്ലാവരോടുമുള്ള കടപ്പാട് അറിയിച്ചുകൊള്ളട്ടെ. ഈ ഗ്രന്ഥത്തിൻെറ കയ്യെഴുത്തു കാപ്പി തയാറാക്കിത്തരികയും ചില രേഖകൾ സമ്പാദിച്ചു തരികയും ചെയ്തു തന്ന പാരിപ്പള്ളിയിലെ ഇല്യാസ് മുക്കടയുടെ ക്ഷമാപൂർവമായ സേവനങ്ങൾ മറക്കാനാവാത്തതാണു്.

കേരളത്തിലെ ട്രേഡ്‌യൂണിയൻ പ്രസ്ഥാന ചരിത്രം തയാറാക്കണമെന്നു് ഞാനൊരിക്കൽ ശ്രീ. പി. രവീന്ദ്രനോട് പറഞ്ഞപ്പോൾ ആ ചുമതല ഏറെറടുക്കാമോ എന്ന മറു ചോദ്യമാണുണ്ടായതു്. ഒരു വിദഗ്ദ്ധ സമിതിയുടെ ഉപദേശവും സഹായവും ഉണ്ടെങ്കിൽ അതു ഏറെറടുക്കാമെന്നു സമ്മതിച്ചതനുസരിച്ചാണ് ഇതിൻെറ പ്രവർത്തനം തുടങ്ങിയതു്. തുടർന്നു് ഉപദേശക സമിതി രൂപീകരിക്കപ്പെടുകയും ചെയ്തു. സർവശ്രീ പി. രവീന്ദ്രൻ, പി. ആർ. നമ്പ്യാർ, കെ. കെ. കുഞ്ഞൻ, കെ. വി. സുരേന്ദ്രനാഥ്, ടി. എം. അബു, പി. ഏ. സോളമൻ, കല്ലാട്ടുകൃഷ്ണൻ എന്നിവരും ഞാനും ഈ ഗ്രന്ഥ രചനയ്ക്കായി ആ സമിതിയിൽ ഒന്നിച്ചു പ്രവർത്തിച്ചു. 1957 വരെയുള്ള കാലഘട്ടമാണ് ഈ ഗ്രന്ഥത്തിലെ പ്രതിപാദ്യ വിഷയം. ഏഴ അധ്യായങ്ങളിലായി ഈ കാലഘട്ടത്തിലെ പ്രസ്ഥാനത്തിൻെറ ഒരു രൂപരേഖ അവതരിപ്പിക്കുവാനായി ശ്രമിച്ചിട്ടുണ്ട്.

കേരളത്തിലെ ട്രേഡുയൂണിയൻ ചരിത്ര വിഷയത്തെക്കുറിച്ചുള്ള ഈ

ആദ്യ ഗ്രന്ഥം കുററമററതാക്കാൻ എളുപ്പമല്ല എന്ന ബോധം കമ്മിററിക്ക് എപ്പോഴുമുണ്ടായിരുന്നു. അതുകൊണ്ട് എന്തെല്ലാം പരിമിതികളുണ്ടെങ്കിലും ഈ ഗ്രന്ഥം അവതരിപ്പിക്കുവാൻ കമ്മിററി തീരുമാനിക്കുകയാണുണ്ടായത്. ഏഴു അധ്യായങ്ങൾക്ക് പുറമെ എ. ഐ. ടി. യു. സിയെ കുറിച്ച് സാമാന്യം വിശദമായ ഒരു അനുബന്ധവും ചേർത്തിട്ടുണ്ട്. എ. ഐ. ടി. യു. സിയുടെ പഴയ നേതാക്കന്മാരെയും ആദ്യകാല സമ്മേളനങ്ങളെയും ചില പ്രത്യേക ഘട്ടങ്ങളിലെ (വിശേഷിച്ചും രണ്ടാം ലോകമഹായുദ്ധ കാലത്തെ) നയങ്ങളെയും കുറിച്ച് അതിൽ പരാമർശിച്ചിട്ടുമുണ്ട്.

കേരളത്തിലെ വിപ്ലവാത്മകമായ ട്രേഡ്‌യൂണിയൻ പ്രസ്ഥാനത്തിന്റെ സ്ഥാപക നേതാക്കൾ രാഷ്ട്രീയവും സാമൂഹ്യവും സാംസ്കാരികവുമായ മണ്ഡലങ്ങളിൽ ത്യാഗം മൂലം സുരഭിലവും മാനവികതമൂലം ശ്രേഷ്ഠവുമായ ഒരു പ്രവർത്തനസരണി വെട്ടിത്തുറന്നുവെന്നു മാത്രമല്ല സാധാരണക്കാരായ മണ്ണിന്റെ മക്കളിൽ നിന്ന് പ്രഗത്ഭരും സമർത്ഥരും ധീരരുമായ ഒരു പ്രവർത്തക സമൂഹത്തെ സൃഷ്ടിക്കുക കൂടി ചെയ്തുവെന്നുള്ളത് ഒരു ചരിത്ര വസ്തുതയാണ്. നഗരങ്ങളിലെയും നാട്ടിൻപുറങ്ങളിലെയും പട്ടിണിപ്പാവങ്ങൾക്ക് കൂടുതൽ മെച്ചപ്പെട്ട ഒരു ജീവിതവും ആ ജീവിതത്തെ എല്ലാ രീതിയിലും അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള രാഷ്ട്രീയശക്തിയും നേടിക്കൊടുക്കുന്നതിന് കേരളത്തിൽ നടന്നിട്ടുള്ള സർവ പരിശ്രമങ്ങൾക്കും ആത്മവീര്യം പകർന്നു കൊടുക്കുവാൻ ട്രേഡ്‌യൂണിയൻ പ്രസ്ഥാനത്തിന് കഴിഞ്ഞു. ഇന്ത്യയിലെങ്ങും ലോകത്തെവിടെയും ഈദൃശമായ ലക്ഷ്യത്തോടു കൂടി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന അന്താരാഷ്ട്ര തൊഴിലാളി പ്രസ്ഥാനത്തിന്റെ ഒരു ഭാഗമാണ് കേരളത്തിലെ പ്രസ്ഥാനമെന്ന് പറയേണ്ടതില്ലല്ലോ. പ്രസ്തുത യാഥാർത്ഥ്യങ്ങളെ കുറിച്ചുള്ള ഒരു ചിത്രം ഈ ഗ്രന്ഥത്തിൽ കൂടി ഏവർക്കും കാണുവാൻ കഴിയത്തക്കവണ്ണം വിവരങ്ങൾ നൽകുന്നതിന് ഇതിൽ ശ്രമിച്ചിട്ടുണ്ട്. കേരളത്തിലെ പ്രബുദ്ധരായ വായനക്കാർ ഇതിന്റെ കുററങ്ങളും കുറവുകളും ചൂണ്ടിക്കാണിക്കണമെന്ന് മാത്രമേ ഞാൻ അഭ്യർത്ഥിക്കുന്നുള്ളൂ.

ആർ. പ്രകാശം
ചീഫ് എഡിററർ.

### അദ്ധ്യായം ഒന്ന്

# കേരളത്തിലെ തൊഴിലാളി വർഗത്തിന്റെ ആവിർഭാവം

ജസ്റ്റീസ് ഗജേന്ദ്രഗാഡ്കറുടെ അദ്ധ്യക്ഷതയിൽ രൂപീകൃതമായ ദേശീയ തൊഴിൽക്കാര്യ കമ്മീഷൻ 1969–ൽ സമർപ്പിച്ച ബൃഹത്തായ റിപ്പോർട്ടിൽ ഇന്ത്യൻ വ്യാവസായികത്തൊഴിലാളിയെ വർണിക്കുന്ന ഒരു ഭാഗമുണ്ട്.

"ഇന്നത്തെ വ്യാവസായികത്തൊഴിലാളി തന്റെ പൂർവികന് അജ്ഞാതമായിരുന്ന ഒരു അന്തസ്സ് സ്വായത്തമാക്കിയിരിക്കുന്നു. കഷ്ടിച്ച് അഷ്ടി കഴിക്കുവാനായി ഒരന്തവുമില്ലാതെ എല്ലുമുറിയെ പണി ചെയ്തു വന്ന അവിദഗ്ദ്ധനായ ആ വളരെ പഴയ തലമുറക്കാരൻ കൂലി (coolie)* അല്ല ഇന്നത്തെ തൊഴിലാളി. അയാളുടെ പൂർവികനെ അന്നത്തെ സാമൂഹ്യവ്യവസ്ഥിതി (അയാളുടെ അദ്ധ്വാനത്തെ ഒഴിച്ച്) പാടെ അവഗണിച്ചിരിക്കുകയായിരുന്നു. അയാൾക്കാണെങ്കിൽ തീരെ പരിമിതമായ അഭിലാഷങ്ങളെ ഉണ്ടായിരുന്നുള്ളു. ഇന്നാണെങ്കിൽ ഇന്ത്യൻ തൊഴിലാളി തന്റേതായ ഒരു വ്യക്തിത്വം–പേർസണാലിററി– നേടിയിരിക്കുന്നു." (പേജ് 31, നാഷണൽ ലേബർ കമ്മീഷൻ റിപ്പോർട്ട്)

ജസ്റ്റീസ് ഗജേന്ദ്രഗാഡ്കറുടെ നേതൃത്വത്തിലുള്ള ദേശീയ തൊഴിൽ കാര്യക്കമ്മീഷൻ സൂചിപ്പിച്ച ആ പഴയ തലമുറക്കാരൻ തൊഴിലാളിയുടെ നില "ഡിസ്ക്കവറി ഓഫ് ഇന്ത്യ" എന്ന ഗ്രന്ഥത്തിൽ പണ്ഡിററ് ജവഹരിലാൽ നെഹ്റു വിവരിച്ചിരിക്കുന്നതു് ശ്രദ്ധേയമാണ്.

"....ഇന്ത്യൻ മൂലധനത്തെ കൂടുതൽ കാണാവുന്ന ബോംബയിൽ പതിനഞ്ചടി നീളവും പന്ത്രണ്ടടി വീതിയുമുള്ള ഒരു മുറിയിൽ ആറു കുടുംബങ്ങൾ

---

* ഇന്ത്യൻ തൊഴിലാളിയെ ഒരു കാലത്തു് ഇംഗ്ലീഷ്മേധാവി അങ്ങനെയാണ് വിളിച്ചിരുന്നതു്. ഇപ്പോൾ പ്രസ്തുത പദം ഔദ്യോഗികമായ ഉപയോഗത്തിൽ നിന്നു് നീക്കം ചെയ്തിരിക്കുന്നു.

(ആകെക്കൂടി മുപ്പതു് മുതിർന്നവരും കുട്ടികളും) ഒന്നിച്ച് താമസിക്കുന്നതായി ഒരു അന്വേഷണക്കമ്മീഷൻ കണ്ടെത്തി. ഈ മുപ്പതു് ആളുകളിൽ മൂന്നു പേർ പ്രസവമടുത്ത സ്ത്രീകളാണ്. ഓരോ കുടുംബത്തിനും ആ ഒരൊററ മുറിയിൽ വെവ്വേറെ അടുപ്പുണ്ട്. അതൊക്കെ സവിശേഷമായ സംഗതികളാണ്. പക്ഷെ, അത്രയൊന്നും അസാധാരണമാണെന്നും പറഞ്ഞുകൂടാ. ചില പരിഷ്കാരങ്ങളൊക്കെ വന്നു കഴിഞ്ഞശേഷം ഈ നൂററാണ്ടിലെ മൂന്നും നാലും ദശകങ്ങളിൽ നിലവിലുണ്ടായിരുന്ന സ്ഥിതിയാണ് ഈ വിവരിച്ചതു്. ആ പരിഷ്ക്കാരങ്ങൾക്ക് മുമ്പ് സ്ഥിതിഗതികൾ എങ്ങനെയിരുന്നുവെന്ന് ആലോചിക്കുമ്പോൾ നടുങ്ങിപ്പോകുന്നു." (പേജ് 550-51, ഡിസ്കവറി ഓഫ് ഇന്ത്യ-മലയാള പരിഭാഷ)

നെഹ്രുവിനെപ്പോലും ഇത്തരത്തിൽ നടുക്കിയ പരിതസ്ഥിതികളിൽ നിന്ന് ഇന്ത്യൻ തൊഴിലാളിവർഗത്തെ കരകയററുകയും ദേശീയ തൊഴിൽക്കാര്യകമ്മീഷന്റെ സമചിത്തത കൈവെടിയാത്ത ഭാഷയിൽ പറഞ്ഞാൽ "ആ തൊഴിലാളിക്ക് തന്റെ പൂർവ്വികന് അജ്ഞാതമായിരുന്ന ഒരന്തസ്സ്" സ്വായത്തമാക്കിക്കൊടുക്കുകയും ചെയ്ത പ്രസ്ഥാനമാണ് ഇന്ത്യൻ ട്രേഡ് യൂണിയൻ പ്രസ്ഥാനം. കേരളത്തിലെ ട്രേഡ് യൂണിയൻ പ്രസ്ഥാനമാകട്ടെ തൊഴിലാളിവർഗത്തിന് സംസ്ഥാന ഭരണതലത്തിലെ രാഷ്ട്രീയാധികാരം ആദ്യമായി നേടിയെടുത്തു് പൂർവ്വാധികം അന്തസ്സുണ്ടാക്കികൊടുക്കുക കൂടി ചെയ്തു. അതിനെക്കുറിച്ചുള്ള പഠനം കേരള ചരിത്രവിദ്യാർത്ഥികൾക്ക് വിലയേറിയ വിജ്ഞാനം പകർന്നു കൊടുക്കുമെന്നു മാത്രമല്ല; കേരളത്തിലെ ഇന്നത്തെ തൊഴിലാളി പ്രസ്ഥാനത്തിനു അതിന്റെ മഹത്തായ പൈതൃകം മനസ്സിലാക്കുവാൻ സഹായിക്കുകയും ചെയ്യും.

നെഹ്റു വിവരിച്ച ബോംബെത്തൊഴിലാളികളെപ്പോലെ ദുരിതം അനുഭവിച്ചവരാണ് കേരളത്തിലെ ആദ്യകാല തൊഴിലാളികളെന്ന് എത്രയോ റിപ്പോർട്ടുകൾ തെളിയിച്ചു തരുന്നു.

1928-ൽ ഇന്ത്യ സന്ദർശിച്ച ഒരു ബ്രിട്ടീഷ് ട്രേഡ് യൂണിയൻ കോൺഗ്രസ്സ് പ്രതിനിധിസംഘം സമർപ്പിച്ച റിപ്പോർട്ടിൽ ആസ്സാം തേയിലത്തോട്ടങ്ങളിലെ തൊഴിലാളികളെപ്പററി ഇങ്ങനെ പറഞ്ഞിരുന്നു. "ആസ്സാം തേയിലയിൽ പ്രതിവർഷം പത്തുലക്ഷം ഇന്ത്യക്കാരുടെ വിയർപ്പും വിശപ്പും നിരാശയും അലിഞ്ഞുചേരുന്നു" എന്നു്. (ഇന്ത്യയെ കണ്ടെത്തൽ, പേജ് 551) നമ്മുടെ കേരളത്തിലെ തേയിലത്തോട്ടങ്ങളിലെ ജീവിതം വിവരിക്കുകയാണെങ്കിൽ ഇതിനേക്കാൾ കഷ്ടമായിരിക്കും ആ കരളലിയിക്കുന്ന കദനകഥ. കേരളത്തിലെ തേയിലയുടെ പിന്നിലുള്ളതു് തോട്ടം തൊഴിലാളികളുടെ കണ്ണുനീരിന്റേയും വാർന്നൊഴുകിയ ജീവരക്തത്തിന്റേയും ചരിത്രമാണ്. കേരളത്തിന്റെ കിഴക്കു് ഭാഗത്തു "വടക്ക്

വയനാട്ട മുതൽ തെക്കു് വിതുരവരെ" തേയില, റബ്ബർ, കാപ്പി, ഏലം തുടങ്ങിയ തോട്ടങ്ങൾ വ്യാപിച്ചു കിടക്കുന്നു. തോട്ടം വ്യവസായത്തിൽ 1970_ലെ കണക്കുവച്ചുനോക്കുമ്പോൾ രണ്ടരലക്ഷത്തോളം തൊഴിലാളികൾ പണിചെയ്യുന്നു. തോട്ടം വ്യവസായത്തിലെ തൊഴിലാളികൾ ആദ്യകാലത്തു സഹിച്ച കൊടുംയാതനകളെപ്പററി വളരെ മിതമായ ഭാഷയിലുള്ള ഒരു വിവരണം ശ്രദ്ധിക്കുക.

"പ്രകാശം പരക്കുന്നതു മുതൽ ഇരുട്ടു വീഴുന്നതു വരെ പന്ത്രണ്ടോ പതിമൂന്നോ മണിക്കൂർ സമയം പണിയെടുക്കണമെന്നുള്ളതായിരുന്നു അന്നു് നിലവിലിരുന്ന നടപടിക്രമം. ജോലിക്കിടയിൽ വച്ചു ഒരു മറുചോദ്യം ഉന്നയിക്കുന്ന തൊഴിലാളി ക്രൂരമായ പീഢനങ്ങൾക്കു് വിധേയനാകുമായിരുന്നു...............സംശയം ചോദിച്ചതിൻെറ പേരിൽ ഭ്രാന്തില്ലാത്തവരെ ഭ്രാന്താശുപത്രിയിൽ ഭ്രാന്തരാക്കി വിട്ടിട്ടുള്ളതും റബ്ബർ പുകപുരകളിൽ വിറകിനോടൊപ്പം ഹോമിക്കപ്പെട്ടിട്ടുള്ളതുമായ കഥകൾ ഇന്നും തൊഴിലാളികൾ അനുസ്മരിക്കുന്നുണ്ടു്." (തിരു: കയർ ഫാക്ടറി വർക്കേഴ്സ് യൂണിയൻ സുവനീർ—1972– പേജ് 115)

സഹ്യൻെറ സാനുക്കളിൽ, ഇടതൂർന്നു കിടക്കുന്ന കൊടും കാനനങ്ങളുടെ മടിത്തട്ടിൽ മാത്രമല്ല; തീരപ്രദേശമായ ആലപ്പുഴയിൽ വളർന്നു വന്ന കയർ ഫാക്ടറികളിലും തൊഴിലാളികളുടെ നില വളരെ ശോചനീയമായിരുന്നു.

1859–ൽ ഒരു യൂറോപ്യനായ ദേറാ (Derragh) ആലപ്പുഴയിൽ ഒരു കയർ ഫാക്ടറി സ്ഥാപിച്ചതോടെയാണു് അവിടെ കയർവ്യവസായം ആരംഭിച്ചതു്. കേരളത്തിലെ ആദ്യ വ്യാവസായിക സംരംഭം അതാണെന്നു തോന്നുന്നു. അവിടെയാണു് കേരളത്തിലെ ആദ്യത്തെ തൊഴിലാളി സംഘടനയും രൂപം കൊണ്ടതു്. ട്രാവൻകൂർ ലേബർ അസോസിയേഷൻ എന്നായിരുന്നു ആ സംഘടനയുടെ പേരു്. അതിൻെറ വിവരങ്ങൾ പിന്നീടു് പറയാം. ആ വ്യവസായമാരംഭിച്ചിട്ടു് 80 വർഷങ്ങൾക്കു ശേഷം നിലവിലിരുന്ന കാര്യങ്ങളാണു് 1939–ൽ പുറത്തുവന്ന ജോർജ്ജ്കമ്മിററി റിപ്പോർട്ടിൽ കാണുന്നതു്.

1925 മുതൽ കയററുപായും തടുക്കും നെയ്യുന്ന ഫാക്ടറികളിലെ തൊഴിലാളികളുടെ കൂലി തുടർച്ചയായി വെട്ടിക്കുറച്ചുകൊണ്ടിരുന്നു. തൊഴിലാളിഭാഗത്തു നിന്നും ശേഖരിച്ച കണക്കനുസരിച്ചു" അൻപതു മുതൽ എഴുപത്തിഅഞ്ചു ശതമാനം വരെ കൂലി പതിമൂന്നു കൊല്ലത്തിനിടയിൽ വെട്ടിക്കുറച്ചിരുന്നു. അന്യായമായ പിഴ ഈടാക്കലും മൂപ്പൻമാരെന്നു് വിളിക്കുന്ന ഒരു തരം സൂപ്പർവൈസർമാരുടെ മേൽനോട്ടവും സർവ്വാധിപത്യവും അവരുടെ മർദ്ദന സംവിധാനങ്ങളും ആലപ്പുഴ തൊഴിലാളികളെ വല്ലാതെ പീഢിപ്പിച്ചിരുന്നു. ഒരു കുടുംബത്തിൻെറ പ്രതിമാസ വരുമാനം പത്തരരൂപ

യായിരുന്നു. സാധനവില അന്ന് വളരെ കുറവായിരുന്നതിനാൽ ഇതൊരു കുറഞ്ഞ കൂലിയല്ല എന്നു പറഞ്ഞേക്കാം. എന്നാൽ ഈ അനുമാനം ശരിയല്ലെന്ന് തീർത്തു പറയാം. കാരണം, ജോർജ്ജ്കമ്മിററി നടത്തിയ സർവ്വെ സൂക്ഷ്മമായി പഠിച്ചിട്ടുള്ള ഡാ: രാമചന്ദ്രൻ നായർ അതു് ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. ഒരു തൊഴിലാളികുടുംബത്തിൻെറ യഥാർത്ഥ ചെലവു് പ്രതിമാസം ശരാശരി പതിനാററ രൂപയായിരുന്നു. (ഇൻഡസ്ട്രിയൽ റിലേഷൻസ് ഇൻ കേരള– ഡാ; രാമചന്ദ്രൻ നായർ) ഫലമോ? തൊഴിലാളി കുടുംബങ്ങൾക്ക് ആകെ കിട്ടുന്ന " *മിച്ചം*" വർദ്ധിച്ചുവരുന്ന കടഭാരവും പട്ടിണിയും മാത്രം. ഇതായിരുന്നു യഥാർത്ഥ നില.

കേരളത്തിലെ മററു വ്യവസായങ്ങളിലെ നിലയും ആരംഭകാലത്തു് ഇതിൽ നിന്നും വ്യത്യസ്തമായിരുന്നില്ല. എന്നാൽ ജോർജ്ജ് കമ്മിററിയുടെ കാലഘട്ടമായ 1938–39 ലെ കേരളത്തിലെ സ്ഥിതിയും ഇന്നത്തെ സ്ഥിതിയും തമ്മിലുള്ള ഒരു വ്യത്യാസം കൂടി ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ. കേരളത്തിലെ സമ്പദ്‌വ്യവസ്ഥയെന്ന പേരിൽ കേരളാസ്റ്റേററ് പ്ലാനിംഗ് ബോർഡിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ ശ്രീ. കൃഷ്ണയ്യർ 1975–ൽ എഴുതിയ ഗ്രന്ഥത്തിലെ ഒരു ഭാഗം ഉദ്ധരിക്കാം.

"കൂലിയെ സംബന്ധിച്ചിടത്തോളം സംഘടിത വ്യവസായമണ്ഡലത്തിലെ സ്ഥിതി തൊഴിലാളികൾക്കനുകൂലമാകുന്നു. താരതമ്യേന ഉയർന്നതും അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കുന്നതുമായ ഉല്പാദനശേഷിക്കും തൊഴിൽ നൈപുണ്യത്തിനും ജോലി സാഹചര്യത്തിനും പുറമേ സുശക്തമായ തൊഴിലാളിസംഘടനയും ഈ മണ്ഡലത്തിൻെറ നേട്ടങ്ങളാണ്!" (പേജ് 365–എസ്സ്. കൃഷ്ണയ്യർ– 'കേരളത്തിലെ സമ്പദ്‌വ്യവസ്ഥ' 1975 ൽ ഭാഷാ ഇൻസ്റ്റിട്യൂട്ട് പ്രസിദ്ധീകരിച്ചതു്).

ഏതാണ്ടു് 1922–മുതൽ 1978 വരെ 56 കൊല്ലത്തെ പഴക്കമുള്ള കേരളത്തിലെ തൊഴിലാളി പ്രസ്ഥാനം ഇന്ന് കേരളത്തിൻെറ രാഷ്ട്രീയ മണ്ഡലത്തിൽ മാത്രമല്ല, സാമ്പത്തികവും സാംസ്ക്കാരികവും സാമൂഹ്യവുമായ എല്ലാ മണ്ഡലങ്ങളിലും സർവ്വാശ്ലേഷിയായ സ്വാധീനം കരസ്ഥമാക്കിക്കഴിഞ്ഞിരിക്കുന്നു. തൽഫലമായി തൊഴിലാളിവർഗത്തിനു മാത്രമല്ല കേരളത്തിലെ ജനതയ്ക്കു മുഴുവൻ നേട്ടങ്ങളുണ്ടാക്കികൊടുത്തിട്ടുണ്ടു്. ആ നേട്ടങ്ങൾ കരസ്ഥമാക്കുവാൻ തൊഴിലാളികൾക്ക കഴിഞ്ഞതു് അവർ ട്രേഡ് യൂണിയനടിസ്ഥാനത്തിൽ സംഘടിച്ചതുകൊണ്ടാണ്.

## എംഗൽസിൻെറ അഭിപ്രായങ്ങൾ

ഇംഗ്ളണ്ടിൽ നിയമവിധേയമായ ട്രേഡ്‌യൂണിയനുകൾ രംഗത്തു വന്നു പ്രവർത്തിച്ചു തുടങ്ങിയതു് 1824–ൽ ആണെന്നു് എംഗൽസ് പറയുന്നു. (ആലപ്പുഴയിൽ 1922–ൽ നിലവിൽ വന്ന തൊഴിലാളി സംഘ

ടന ട്രേഡ്‌യൂണിയനായി രജിസ്റ്റർ ചെയ്തതു് 1937–ൽ മാത്രമായി രുന്നു.) ഇംഗ്ളണ്ടിലെ ട്രേഡ്‌യൂണിയനുകളുടെ ആവിർഭാവത്തോടുകൂടി അവിടത്തെ "സംഗതികളുടെ കിടപ്പ് ആകപ്പാടെ മാറി." കൂലിനിരക്ക കുറയ്ക്കുകയോ ജോലി സമയം വർദ്ധിപ്പിക്കുകയോ ചെയ്യുവാനുള്ള ശ്രമം മുതലാളിയെ സംബന്ധിച്ചിടത്തോളം അപകടകരമായിത്തീർന്നു.... എംഗൽസ്. ഇങ്ങനെ തുടരുന്നു.... "കഴിഞ്ഞ 60 വർഷത്തെ പ്രക്ഷോഭണത്തിൽ നിന്നുള്ള അനുഭവം അവരെ (മുതലാളിമാരെ) തെല്ല് മയപ്പെടുത്തിയിട്ടുണ്ടു്. ഇന്നു് ട്രേഡ് യൂണിയനുകൾ അംഗീകൃത സ്ഥാപനങ്ങളായിത്തീർന്നിരിക്കുന്നു. ഫാക്ടറീസ് ആൻഡ് വർക്ക് ഷോപ്പ് ആക്ടുകൾ ജോലി സമയത്തെ എപ്രകാരം നിയന്ത്രിക്കുന്നുവോ അപ്രകാരം തന്നെ ട്രേഡ്‌യൂണിയനുകൾ കൂലിനിരക്കുകളും നിയന്ത്രിക്കുന്നുണ്ടെന്ന കാര്യവും അംഗീകരിക്കപ്പെട്ടിരിക്കുന്നു. അതു മാത്രമല്ല, ലങ്കാഷെയറിലെ പരുത്തി മേധാവികൾ അടുത്ത കാലത്തു് തൊഴിലാളികളെ കണ്ടു പഠിക്കാൻ തുടങ്ങിയിരിക്കുന്നു. തങ്ങൾക്കാവശ്യം വരുമ്പോൾ പണിമുടക്കം സംഘടിപ്പിക്കേണ്ടതു് എങ്ങനെയാണെന്നു് ഏതു് ട്രേഡ്‌യൂണിയനെയും പോലെ തന്നെ അഥവാ അവരേക്കാൾ കൂടുതൽ മെച്ചമായി ഇവർ മനസ്സിലാക്കിയിരിക്കുന്നു.—ട്രേഡ്‌യൂണിയനുകളുടെ പ്രവർത്തനമാണ്, വേതന നിയമത്തെ, മുതലാളിമാരുടെ താല്പര്യത്തിനെതിരായി നടപ്പിലാക്കിച്ചതും; സംഘടിത വ്യവസായങ്ങളിലെ തൊഴിലാളികൾക്കു് തങ്ങൾ മുതലാളിക്കു് നൽകുന്ന അധ്വാനശക്തിയുടെയെങ്കിലും ഏതാണ്ടു് പൂർണമായ മൂല്യം കിട്ടുമാറാക്കിയതും; സ്റ്റേററ് നിയമങ്ങളുടെ സഹായത്തോടെ അധ്വാന സമയത്തെ അധ്വാനശക്തിയുടെ അകാലനാശത്തിലേക്കു് നയിക്കുന്ന വിധത്തിൽ വലിച്ചു നീട്ടുന്നതു തടഞ്ഞതും."

മഹാനായ എംഗൽസ് 1881 മേയ് 28–ാം തീയതി "ലേബർ സ്റ്റാൻഡേർഡ്" എന്ന പത്രത്തിൽ എഴുതിയ ഈ വാചകങ്ങൾ ഏതാണ്ടു് നൂറു കൊല്ലം കഴിഞ്ഞിട്ടും കേരളത്തെ സംബന്ധിച്ചിടത്തോളം അർത്ഥപുഷ്ടിയുള്ളതായിരിക്കുന്നു.

ഇനി കേരളത്തിലേക്കു് മടങ്ങാം. കേരളത്തിൽ വളരെയധികം തൊഴിലാളികൾക്കു് ഇന്നു് പണി നൽകി വരുന്ന പ്ലാന്റേഷനുകളെ(തോട്ടങ്ങളെ) നാം സാധാരണയായി ഒരു വ്യവസായമായിട്ടാണല്ലോ കരുതുന്നതു്. ആ നിലയ്ക്കു നോക്കുകയാണെങ്കിൽ ഈ തോട്ടങ്ങൾ നടത്തുന്ന വ്യവസായ ശാഖയുടെ അടിത്തറ 1859–ൽ കയർ വ്യവസായത്തിലെ ആദ്യ ഫാക്ടറി ആലപ്പുഴയിൽ തുടങ്ങുന്നതിനു മുൻപു തന്നെ സ്ഥാപിക്കപ്പെട്ടു കഴിഞ്ഞു എന്നു കാണാം. എന്തെന്നാൽ പഴയ മലബാർ ഭാഗത്തു് 1797–ൽ തന്നെ ഈസ്റ്റിന്ത്യാകമ്പനി അഞ്ചരക്കണ്ടിയിൽ സുഗന്ധ സസ്യങ്ങളുടെ ഒരു തോട്ടമുണ്ടാക്കിയതായി എ. ശ്രീധരമേനോൻ കേരള ചരിത്രം എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടു്. ആ തോട്ടം 1799–ൽ മിസ്റ്റർ മർഡോക്കു് ബ്രൗണിനു്

കൈമാറി. തോട്ടത്തിൽ പരീക്ഷണാർത്ഥം കാപ്പി, കറുവാ, കുരുമുളക്, ജാതി തുടങ്ങിയ ചെടികൾ കൃഷി ചെയ്തു. ഇവിടെ നിന്നു് കൊണ്ടു പോയാണു് വയനാട്ടിൽ കാപ്പിച്ചെടി പിടിപ്പിച്ചതു്. ഇപ്പോഴും ഈ തോട്ടം പ്രവർത്തിക്കുന്നുണ്ടു്. കറുവാച്ചെടി മാത്രമേ ഇന്നു് അവിടെ കൃഷി ചെയ്യുന്നുള്ളു. അഞ്ചരക്കണ്ടിയിലെ കറുവാത്തോട്ടമാണു് ലോകത്തിലേ റ്റവും വലുതു്. പഴയ തിരുവിതാംകൂർ ഭാഗത്തിൽ വേളിമലയുടെ താഴ്‌വരയിലാണു് വിശാഖം തിരുനാൾ യുവരാജാവിൻെറയും ടി. മാധവറാവുവിൻെറയും നേതൃത്വത്തിൽ തോട്ടങ്ങൾ വച്ചു പിടിപ്പിച്ചതു്. പ്രസിദ്ധമായ കണ്ണൻ ദേവൻ കമ്പനിയുടെ ആരംഭം ഇതിനു വളരെ ശേഷ മാണു്. 1878—ൽ ഡാനിയൽ മൺട്രോ എന്ന ഒരു തോട്ടമുടമസ്ഥനു് ഇന്നത്തെ ദേവികുളം താലൂക്കിലെ ഒരു ഭാഗം ഉദ്ദേശം 215 ചതുരശ്രമൈൽ പൂഞ്ഞാർ ഇടവകയിൽ നിന്നും തോട്ടം വ്യവസായത്തിനു് വേണ്ടി പാട്ട മായി നൽകി. ഈ സ്ഥലം 1897—ൽ രൂപീകൃതമായ കണ്ണൻദേവൻ കമ്പ നിയുടെ അധീനതയിലായി. അങ്ങനെയാണു് കണ്ണൻദേവൻ കമ്പനി കേ രളത്തിൻെറ ഭൂപടത്തിൽ പ്രധാനമായ ഒരു സ്ഥാനം കൈക്കലാക്കിയതു്.

19—ാം ശതകം അവസാനിക്കും മുൻപു് മലബാറിലെ വയനാടൻ പ്ര ദേശങ്ങളിൽ അനവധി തേയിലത്തോട്ടങ്ങൾ ഉണ്ടായി. ഇക്കാലത്തു് ജില്ലയിലെ വ്യവസായവും വികസിച്ചു. ആദ്യത്തെ ബാസൽ എവാഞ്ചെ ലിക്കൽ മിഷൻ മലബാറിൽ നെയ്ത്തുശാലകളും ഓട്ടുകമ്പനികളും തുട ങ്ങി. ആദ്യത്തെ ഓട്ടുകമ്പനി കോഴിക്കോടിനടുത്തുള്ള പുതിയറക്കല്ലിൽ 1874—ൽ സ്ഥാപിക്കപ്പെട്ടു. കണ്ണൂരിലും കോഴിക്കോട്ടും ബാസൽമിഷൻ കാർ സ്ഥാപിച്ച നെയ്ത്തു മില്ലുകളാണു് മലബാറിലെ ഏററവും പഴക്കം ചെന്ന മില്ലുകൾ.

വാണിജ്യരംഗത്തു് ബ്രിട്ടീഷ് മൂലധനം അതിൻേറതായ ഒരു സംഘ ടന രൂപീകരിച്ചിരുന്നു. കൊച്ചിയിൽ ചേംബർ ഓഫ് കോമേഴ്സ് എന്ന പേരിൽ 1857—ൽ തന്നെ ബ്രിട്ടീഷ് വ്യാപാരികളുടെ ഒരു സംഘ ടന കേരളത്തിലുണ്ടായി. അതിലെ അംഗങ്ങൾ ആസ്പിൻവാൾ, പിയേ ഴ്സ്‌ലസ്‌ലി, വോൾകർട്ട് ബ്രദേഴ്സ്, വില്യം ഗുഡേക്കർ, പ്യാരി ആൻഡ് കമ്പനി, മധുര കമ്പനി, ഹാരിസൺ ആൻഡ് ക്രോസ്ഫീൽഡ് എന്നീ സ്ഥാപനങ്ങളാണു്. കൊച്ചിൻ ചേംബർ ഓഫ് കോമേഴ് സിൽ ഉൾപ്പെട്ട കമ്പനികളുടെ നേതൃത്വത്തിലാണു് കേരളത്തിൽ കയർ ഫാക്ടറികളും തോട്ടം വ്യവസായവും തുടങ്ങിയതു്. ബ്രിട്ടീഷ്കാർക്കു് മാത്രമായി കേരളത്തിൽ ഇരുപതാം നൂററാണ്ടിൻെറ ആരംഭകാലത്തു് രണ്ടു ലക്ഷം ഏക്കർ സ്ഥലത്തു് തോട്ടങ്ങളുണ്ടായിരുന്നു.

ബ്രിട്ടീഷ് വ്യാപാരി വിഭാഗമാണു് കയററുമതിക്കാവശ്യമായ പ്രകൃതി വിഭവങ്ങൾ കൃഷിചെയ്യുവാനും കയർ വ്യവസായത്തിലെ ഭാഗി

കമായി സംസ്കരിക്കപ്പെട്ട ഉൽപ്പന്നങ്ങൾ ഉണ്ടാക്കുവാനും വേണ്ടി മൂലധന മിറക്കിയതു്. അതിന്റെ കൂടെ കയർ വ്യവസായത്തിലും ജർമ്മൻ മിഷനറിമാരുടെ നേതൃത്വത്തിൽ തുടങ്ങിയ തുണിമിൽ വ്യവസായത്തിലും ഓട്ട വ്യവസായത്തിലുമെല്ലാം കേരളീയരും മററു പ്രവിശ്യയിലുള്ളവരുമായ ധനികരും പണമിറക്കുവാൻ തുടങ്ങി. അതിനു് മുൻപുതന്നെ പ്രിൻറിംഗ് പ്രസ്സ്, കൈത്തറി, എണ്ണയാട്ടൽ, കൊപ്രാ ഉണ്ടാക്കൽ, തടി വ്യവസായം, തോണി വ്യവസായം, മീൻപിടുത്തം, എന്നിവയിൽ നാടൻ മൂലധനം പ്രവർത്തിച്ചു തുടങ്ങി.

1865-ലെ പണ്ടാരപ്പാട്ടം വിളംബരം സർക്കാർവക പാട്ട വസ്തുക്കളുടെ മേൽ കുടിയാനു് അവകാശം സ്ഥിരപ്പെടുത്തിക്കൊടുത്തു. 1867-ലെ ജൻമി കുടിയാൻ വിളംബരം വസ്തുവിൽ കുടിയാനുള്ള അവകാശത്തിനു് സ്ഥിരത നൽകി. ഇതിന്റെ ഫലമായി കേരളത്തിൽ ഒരു ഗ്രാമീണ ബൂർഷ്വാ വിഭാഗം ഉണ്ടായെന്നു് പറയാം. മലബാറിൽ ഇതു പോലുള്ള ഭൂപരിഷ്ക്കാരങ്ങൾ ഉണ്ടായില്ല. അവിടെ ജന്മിമാർക്കു് ലഭിച്ച പാട്ടപ്പണമാണു് ആധുനിക മുതലാളിത്ത വളർച്ചയ്ക്കായി വിനിയോഗിക്കപ്പെട്ടതെന്നു് എൻ. ഇ. ബലറാം പ്രസ്താവിക്കുന്നു. ഉദാഹരണത്തിനു് നെടുങ്ങാടി ബാങ്കു്, മരത്തടി വ്യവസായം, ഷൊർണ്ണൂരിലും ചെറുവണ്ണൂരിലുമുള്ള ചില മില്ലുകൾ എന്നിവ അദ്ദേഹം ചൂണ്ടിക്കാണിക്കുന്നുമുണ്ടു്.

മറെറാരു രീതിയിലും ആധുനിക മുതലാളിത്ത വളർച്ചയുടെ ബീജാങ്കുരങ്ങൾ പ്രത്യക്ഷപ്പെട്ടു. കേരളത്തിലെ സുറിയാനി കൃസ്ത്യാനികളിലൊരു വിഭാഗം പോർത്തുഗീസുകാരുടെ കാലം തൊട്ടു് വിദേശവാണിജ്യത്തിൽ ഇടപെട്ടുകൊണ്ടിരുന്നു. ബ്രിട്ടീഷ് വ്യാപാരികൾ വന്നപ്പോൾ വാണിജ്യത്തിലുള്ള മുൻപരിചയവും മതപരമായ ബന്ധങ്ങളും കാരണം ഈ വിഭാഗം ബ്രിട്ടീഷ് തോട്ടമുടമകളുമായി കൂടുതൽ ബന്ധപ്പെട്ടു. ബ്രിട്ടീഷുകാരുടെ വക തോട്ടങ്ങളിൽ പ്രമുഖമായ ഉദ്യോഗങ്ങൾ വഹിക്കുകയാൽ അവരിൽ പലരും തോട്ടം വ്യവസായത്തിൽ നല്ല പരിചയം നേടി. വാണിജ്യത്തിൽ നിന്നും തോട്ടം വ്യവസായവുമായുള്ള സമ്പർക്കത്തിൽ നിന്നും നാണ്യവിളകൾ കൃഷിചെയ്തതിൽ നിന്നും ലഭിച്ച പണം അവർ ബാങ്കിംഗ് വ്യാപാരത്തിൽ മുടക്കിത്തുടങ്ങി.

മുതലാളിത്ത വളർച്ചയുടെ സന്തതിയാണല്ലോ തൊഴിലാളിവർഗം. ആലപ്പുഴയിലെ തൊഴിലാളികളെപ്പററി അവിടത്തെ തൊഴിലാളി പ്രസ്ഥാനത്തിന്റെ ആദ്യകാല നേതാക്കളിലൊരാളായ കെ. സി. ഗോവിന്ദൻ പറയുന്നതു് താഴെ ചേർക്കുന്നു.

"ജൻമിമാരുടെ പറമ്പുകളിൽ കുടികിടപ്പുകാരും കൃഷിപ്പണിക്കാരുമായിരുന്നവരാണു് ഇങ്ങനെ ഫാക്ടറിയിൽ വന്നതു്. അന്നു് കൃഷിപ്പണിക്കു് കിട്ടുന്ന കൂലിയിൽ നിന്നും കൂടുതൽ കൂലി ഫാക്ടറി ജോലിക്കാർക്കു് കിട്ടും.

ഞായറാഴ്ചയൊഴികെ എല്ലാ ദിവസവും തുടരെ ജോലി ലഭിക്കുകയും ചെയ്യും. വെയിലും മഴയുമേൽക്കാതെ ജോലി ചെയ്യാനുള്ള സൗകര്യവുമുണ്ട്.'' (തിരുവിതാംകൂർ ഫാക്ടറിവർക്കേഴ്സ് യൂണിയൻ കനകജൂബിലി സുവനീർ 1972, പേജ് 179)

മദ്ധ്യ തിരുവിതാംകൂറിൽ കശുവണ്ടിവ്യവസായം ആരംഭിച്ചപ്പോൾ അതിൽ തൊഴിലാളികളായി ചേർന്നവരിൽ ബഹുഭൂരിപക്ഷം ഹരിജനങ്ങളായിരുന്നു. കൊച്ചിൻ തുറമുഖത്തെ തൊഴിലാളികളിൽ മുസ്ലീംങ്ങളും അവശസമുദായാംഗങ്ങളുമുണ്ടായിരുന്നു. വയനാട്ടിലെ തോട്ടം തൊഴിലാളികളിൽ ഒരംശം മുസ്ലീംങ്ങളായിരുന്നുവെന്ന് കാണാം. ആലപ്പുഴയിലെ തൊഴിലാളികളിൽ ഏറിയ പങ്കും ഈഴവരും ലത്തീൻ കത്തോലിക്ക വിഭാഗത്തിൽ പെട്ടവരായിരുന്നു. തോട്ടംതൊഴിലാളികളിൽ നല്ലൊരു ഭാഗം തമിഴ്നാട്ടിൽ നിന്നാണ് വന്നത്. കേരളത്തിലെ ഗ്രാമപ്രദേശങ്ങളിൽ തൊഴിലില്ലാതെ അലഞ്ഞുതിരിഞ്ഞ നാട്ടിൻ പുറത്തെ പട്ടിണിപ്പാവങ്ങളെ കങ്കാണിമാർ പല പ്രലോഭനങ്ങളും നൽകി ആകർഷിക്കുകയും അവരെ മലമ്പ്രദേശങ്ങളിലുള്ള തോട്ടങ്ങളിൽ കൊണ്ടെത്തിക്കുകയും ചെയ്തു. കേരളത്തിലുള്ള വ്യവസായങ്ങളിൽ ആവശ്യത്തിന് ജോലി കിട്ടാത്തതുകൊണ്ട് പതിനായിരക്കണക്കിന് കേരളീയർ സിലോണിലും മലയായിലും ബർമ്മയിലും ഇന്ത്യയുടെ മററു പ്രവിശ്യകളിലും ജോലി അന്വേഷിച്ചു പോവുകയുണ്ടായി.

അതേ സമയം കേരളത്തിൽ ജോലി ലഭിച്ച തൊഴിലാളികൾക്ക് 1929 നു ശേഷമുണ്ടായ സാമ്പത്തികക്കുഴപ്പം മൂലം വളരെയധികം വിഷമമുണ്ടായി. തിരുവിതാംകൂർ ഗവണ്മെൻറ് നിയമിച്ച സാമ്പത്തികമാന്ദ്യാന്വേഷണക്കമ്മിററിയുടെ റിപ്പോർട്ടിൻെറ ഇരുപത്തിയൊന്നാം ഭാഗത്തിൽ ഇങ്ങനെ പറയുന്നു.

''സെൻസസ് പ്രകാരം ചായ, റബ്ബർ എന്നീ തോട്ടങ്ങളിൽ പ്രവർത്തിച്ചിരുന്നത് ഏതാണ്ട് ഒന്നര ലക്ഷം തൊഴിലാളികളാണ്. ഇതിൽ 50 ശതമാനം പിരിച്ചുവിടപ്പെട്ടിരിക്കുകയാണ്. അങ്ങനെ വരുമ്പോൾ തിരുവിതാംകൂറിൽ മാത്രം മുക്കാൽ ലക്ഷം പേർക്ക് ജോലിയില്ലാതായിരിക്കുന്നു.''

തിരുവിതാംകൂറിലെ തോട്ടങ്ങളിൽ ഉണ്ടാകുന്ന വിഭവങ്ങൾ വാങ്ങുവാൻ ലോക മുതലാളിത്തക്കുഴപ്പത്തിൽപ്പെട്ടുപോയ പാശ്ചാത്യ രാജ്യങ്ങൾക്ക് കഴിയാതെവന്നതാണ് ഈ തൊഴിലില്ലായ്മയ്ക്കു കാരണം.

ഇതിൻെറ ഫലമായി തൊഴിലില്ലായ്മ മാത്രമല്ല ഉണ്ടായത്. തൊഴിലുള്ളവരുടെ കൂലി മുതലാളിമാർ വെട്ടിക്കുറച്ചു തുടങ്ങി. ഉദാഹരണത്തിന് നേരത്തേ പറഞ്ഞ കയർ വ്യവസായത്തിലെ തൊഴിലാളികളുടെ അനുഭവം തന്നെ നോക്കുക. 1938 നു മുമ്പുള്ള 15 കൊല്ലത്തിനിടയിൽ

കൂലി ചിലയിടങ്ങളിൽ പകുതിയായി കുറഞ്ഞു. മററു ചിലയിടങ്ങളിൽ 75 ശതമാനം (മുക്കാൽപങ്ക്) വരെ വെട്ടിക്കുറച്ചു കളഞ്ഞു. 1938-ൽ ആലപ്പുഴയിൽ നടന്ന പൊതു പണിമുടക്കിൻെറ ഫലമായി, അതായതു് അതിഭീകരമായ പോലീസ് മർദ്ദനത്തിനും വെടിവെയ്പിനും ഇടയാക്കിയ,ആ പണിമുടക്കിൻെറ ഫലമായി ഉണ്ടായ ഒത്തുതീർപ്പു മൂലം മാത്രമാണ് ആറേകാൽ ശതമാനമെങ്കിലും കൂലി തൊഴിലാളികൾക്ക് വീണ്ടെടുക്കുവാൻ കഴിഞ്ഞതു്. അതിനെപ്പററിയുള്ള വിശദവിവരങ്ങൾ മൂന്നാം അദ്ധ്യായത്തിൽ പ്രസ്താവിച്ചുകൊള്ളാം. അതിനുമുമ്പ് മുതലാളിത്തത്തിൻെറ ആരംഭത്തെക്കുറിച്ചും തൊഴിലാളിവർഗത്തിൻെറ ആവിർഭാവത്തെക്കുറിച്ചും കൂടുതൽ വസ്തുതകൾ ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ.

പഴയ മലബാർ പ്രദേശത്തു് വ്യവസായങ്ങൾ ആദ്യമായി ആരംഭിച്ചതു് ജർമ്മൻകാരായ ബാസൽ മിഷൻകാരാണെന്നും 1874-ലും തുടർന്നുള്ള കൊല്ലങ്ങളിലും അവർ സ്ഥാപിച്ച ഓട്ടുകമ്പനികളും ആദ്യഘട്ടത്തെ കുറിക്കുന്നുവെന്നും നേരത്തെ പറഞ്ഞുവല്ലൊ. ഇതിൻെറ ഫലമായിട്ടാണ് അവിടെ തൊഴിലാളിവർഗം ഉടലെടുക്കുന്നതു്. ബാസൽമിഷൻെറ ഫാക്ടറികളിൽ ജോലി ചെയ്യുന്നതിന് വന്നവർ ഏറിയ കൂറും അന്നത്തെ പിന്നോക്കസമുദായങ്ങളിൽ പെട്ടവരായിരുന്നു. എന്നാൽ അന്നത്തെ കർശനവും ക്രൂരവുമായ ജാത്യാചാരങ്ങൾ നിമിത്തം അയിത്തം കൊടികുത്തി വാണിരുന്നു. ഈ അയിത്തം കാരണം പ്രസ്തുത തൊഴിലാളികൾക്ക് റോഡിൽക്കൂടി നടക്കുവാനോ പൊതുക്കിണറുകളിൽനിന്നു് വെള്ളം കുടിക്കുവാനോ കുളങ്ങളിൽ കുളിക്കുവാനോ അവശ്യം വേണ്ട രീതിയിലെങ്കിലും സാമൂഹ്യമായ ജീവിത വ്യാപാരങ്ങളിലേർപ്പെടാനോ കഴിഞ്ഞിരുന്നില്ല. വിദ്യാഭ്യാസം അവർക്ക് നിഷേധിക്കപ്പെട്ടിരുന്നു. ഈ സാഹചര്യം ഉപയോഗിച്ചു് തങ്ങൾക്കാവശ്യമായ തൊഴിലാളികളെ ബാസൽ മിഷൻ മത:പരിവർത്തനം ചെയ്യിച്ചതായും മലബാറിലെ പഴക്കം ചെന്ന ചില തൊഴിലാളി നേതാക്കൻമാരുമായുള്ള അഭിമുഖ സംഭാഷണത്തിനിടയിൽ വ്യക്തമാക്കപ്പെട്ടു. ഇങ്ങനെ മത:പരിവർത്തനം ചെയ്ത തൊഴിലാളികളിൽ ചിലർ ജർമ്മൻകാരുടെ ശിക്ഷണത്തിൽ ഓട്ടുവ്യവസായത്തിലും നെയ്ത്തു വ്യവസായത്തിലുമുള്ള ആധുനിക സങ്കേതങ്ങൾ സ്വായത്തമാക്കുകയും വളരെ പുരോഗമിക്കുകയും ചെയ്തു. മത:പരിവർത്തനം നടത്തിയ തൊഴിലാളികൾക്ക് അയിത്തമില്ലെന്നാണ് ഹിന്ദുമതത്തിലെ സനാതന ധർമ്മക്കാർ അക്കാലത്തു് പ്രഖ്യാപിച്ചിരുന്നതു്. ബാസൽ മിഷൻ ഫാക്ടറികളിലെ തൊഴിലാളികളാണ് ഐതിഹാസികങ്ങളായ വർഗ സമരങ്ങൾ പിൽക്കാലങ്ങളിൽ നയിച്ച പഴയ മലബാറിലെ തൊഴിലാളിവർഗത്തിൻെറ ആദ്യത്തെ നിര. മലബാറിൽ അക്കാലത്തു് വിശേഷിച്ചും 1889 കാലഘട്ടത്തിൽ ജാത്യാചാരങ്ങളോടും വ്യവസായവൽക്കരണത്തിനോടും ബുദ്ധിജീവികൾക്കുണ്ടായിരുന്ന അഭിപ്രായം ഓ. ചന്തു

മേനോൻ ഇന്ദുലേഖയിലെ ചില കഥാപാത്രങ്ങളിൽക്കൂടി വ്യക്തമാക്കുന്നുണ്ട്. ഗോവിന്ദൻകുട്ടി മേനോൻ എന്നൊരു കഥാപാത്രം, അക്കാലത്താരംഭിച്ച ഇന്ത്യൻനാഷണൽ കോൺഗ്രസ്സിനെ വിമർശിക്കുന്ന രീതിയിൽ ഇങ്ങനെ ചോദിക്കുന്നു;- (പേജ് 266 ഇന്ദുലേഖ, പത്താം എൻ. ബി. എസ്. പതിപ്പ്)

"ഇന്ത്യയിലേക്കു ഇപ്പോഠം അശേഷം പോരാത്തതും ലജ്ജാകരമാവും വണ്ണം വഷളായിട്ടുള്ളതുമായ എന്തെല്ലാം കാര്യങ്ങളെ പരിഷ്ക്കരിക്കാനുണ്ട്. എന്താണ് അതെല്ലാം വിട്ടുകളഞ്ഞു് ഒന്നാമതു് രാജ്യഭാരസംഗതിയിൽ ഇവർ കടന്നുപിടിക്കുന്നതു്? ഒന്നാമതു് ഈ ജാതിഭേദങ്ങഠം ഇത്രയധികം അനാവശ്യമായി ജനങ്ങളുടെ അഭിവൃദ്ധിക്കു് മുടക്കമായി തടയുന്നതിനെ നീക്കം ചെയ്‌വാൻ ശ്രമിക്കരുതേ? ഇന്ത്യാരാജ്യം ക്രമേണ ദാരിദ്ര്യത്തിൽ പെടുന്നതു നിർത്താൻ അന്യരാജ്യങ്ങളുമായുള്ള കച്ചവടങ്ങഠം, കൃഷി, കൈവേലപ്രവൃത്തികഠം യന്ത്രപ്പണികഠം മുതലായതു് ഇന്ത്യക്കാർ പഠിപ്പിക്കാൻ ശ്രമിക്കരുതേ? സ്ത്രീകളെ വിദ്യാഭ്യാസം ധാരാളമായി ചെയ്‌വാൻ ശ്രമിക്കരുതേ? നമ്മളുടെ അതിമാലിന്യമായ ചില ഗൃഹവൃത്തികളുടെയും അപരിഷ്കൃതാഹാരവിഹാരാദികളെയും ഭേദം ചെയ്‌വാൻ നോക്കരുതേ? എത്ര കാലമായി തീവണ്ടി, ടെലിഗ്രാഫ് മുതലായ പല അത്ഭുതകരങ്ങളായ വിദ്യകഠം ഇന്ത്യയിൽ വന്നിട്ടു്? ഈ വക യന്ത്രങ്ങളെ ഉണ്ടാക്കുവാനും ഉപയോഗിക്കുവാനും പഠിപ്പാൻ ഹിന്ദു-മുസൽമാൻമാർക്കു് ശ്രമിക്കരുതേ? യൂറോപ്പിൽ ഉള്ള വലിയ രാജ്യങ്ങളിലെ എല്ലാ നാട്ടുകാരും ഈ വക പലേ വിദ്യകളും പഠിക്കുന്നില്ലേ? നമ്മഠക്കു് ഇരുമ്പുകൊണ്ടു് നല്ലതായ ഒരു ചക്രം വേണമെങ്കിൽ ഇംഗ്ളണ്ടിൽ നിന്നു് വരുത്തണ്ടേ ? ഒരു ഇരുമ്പു ചങ്ങല വേണമെങ്കിൽ ഇംഗ്ളണ്ടിൽ നിന്നു് വരുത്തണ്ടേ? നല്ല ഒരു സൂശി വേണമെങ്കിൽ ഇംഗ്ളണ്ടിൽ നിന്നു് വരുത്തണ്ടേ? ഒരു സൂശി മുതൽ ഒരു പടക്കപ്പലുവരെയുള്ള സകല സാധനങ്ങളും നല്ലതായി കിട്ടണമെങ്കിൽ ഇംഗ്ളണ്ടിൽ നിന്നു് വരുത്തണ്ടേ? ഇതിൽ ഈ നാട്ടുകാർക്കു് അവമാനമില്ലേ? ഈ വക പലേ കാര്യങ്ങളിലും ഇന്ത്യയെ ഇംഗ്ളണ്ടിനു് സമത വരുത്തുവാനല്ലേ ഒന്നാമതു് ശ്രമിക്കേണ്ടതു്............"?

അന്നത്തെ കേരളത്തിലെ ഒരു വിഭാഗം ബുദ്ധിജീവികളുടെ ചിന്താഗതിയാണ്. ഒ. ചന്തുമേനോൻ തന്റെ നോവലിൽക്കൂടി പ്രകടമാക്കുന്നതു്. ഇതിൽ പറയുന്ന കാര്യങ്ങഠം ശരിയാണ്. അതേസമയം ബ്രിട്ടീഷുഭരണം ഈ ചിന്താഗതി സാക്ഷാത്ക്കരിക്കുന്നതിനു് വിലങ്ങുതടിയായി നിലകൊണ്ടിരുന്നു.

കച്ചവടത്തിന്റെ തോതും കച്ചവടക്കാരുടെ എണ്ണവും കച്ചവടം വ്യവസായമായി വളർത്തുന്നതുമെല്ലാം ബ്രിട്ടന്റെ നിയന്ത്രണത്തിലായിരുന്നു.

ബ്രിട്ടീഷ് മുതലാളിമാരുടെ ആദായം വർദ്ധിക്കത്തക്ക നിലയിലുമായിരുന്നു ഇതെല്ലാം നടത്തിയതു്. ബ്രിട്ടന്റെ രാഷ്ട്രീയമേധാവിത്വവും ബ്രിട്ടീഷു മുതലാളിമാരുടെ ആദായവും കുറയാനിടയുള്ള യാതൊന്നും ഇവിടെ വളരാൻ ബ്രിട്ടീഷുകാർ സമ്മതിച്ചില്ല എന്നതാണു് യാഥാർത്ഥ്യം. സർ എം. വിശ്വേശ്വരയ്യയുടെ വിഖ്യാതമായ "ഇന്ത്യയ്ക്കൊരു സാമ്പത്തിക പദ്ധതി" എന്ന പുസ്തകത്തിലെ ഒരു ഭാഗം ഉദ്ധരിക്കാം.

"ബ്രിട്ടണിലുണ്ടാക്കുന്ന വ്യാവസായികോൽപ്പന്നങ്ങൾക്കൊരു കമ്പോളമാവണം ഇന്ത്യയെന്നാണു് ബ്രിട്ടനാഗ്രഹിക്കുന്നതു്. അതുകൊണ്ടു് ഇവിടെ വ്യവസായങ്ങൾ വളരാനുള്ള യാതൊരു പ്രേരണയും ബ്രിട്ടൻ നൽകുന്നില്ല. ബ്രിട്ടീഷ് മുതലാളിമാർക്കു് അവരുടെ കൈയിരിപ്പു സംഖ്യകൾ മൂലധനമായി മുടക്കാൻ ഇന്ത്യയിൽ സാധിക്കണമെന്നാണു് ബ്രിട്ടീഷുകാരാഗ്രഹിക്കുന്നതു്. അതുകൊണ്ടു് ഇന്ത്യയുടെ മേലുള്ള സാമ്പത്തികമായ പിടിവിടാനവർ തയ്യാറില്ല........വ്യവസായങ്ങളും മററും വളർത്തണമെന്നു് ആളുകൾ വളരെയധികം ബഹളം കൂട്ടിയാൽ അപ്പോൾ താൽക്കാലികമായി ചില നിസ്സാരസൗജന്യങ്ങളനുവദിക്കും. എന്നാൽ നാട്ടിന്റെ സാമ്പത്തികാഭിവൃദ്ധിയുടെ മുമ്പിലുള്ള മൗലിക തടസങ്ങൾ പിന്നെയും നാട്ടിനെ പിന്നോക്കം പിടിച്ചു വലിച്ചുകൊണ്ടിരിക്കും. ഈ സ്ഥിതിക്കു്, പരിഷ്കൃത രാജ്യങ്ങളിലെ നിവാസികളിൽ വച്ചേററവും കുറച്ചു മാത്രം വരവുള്ള ആളുകൾ ഇന്ത്യാക്കാരാണെന്ന നില വന്നതിലത്ഭുതപ്പെടാനുണ്ടോ? തൊഴിലില്ലായ്മയുടെ ആപൽക്കരമായ വർദ്ധന; ഏററവും വർദ്ധിച്ച മരണത്തോതു്; വ്യവസായത്തിൽ നിന്നുള്ള വരവിന്റേയും വ്യാപാരത്തിന്റേയും ബാങ്കു് ഡെപ്പോസിററുകളുടെയും അക്ഷരാഭ്യാസത്തിന്റേയും കുറവു്—ഇങ്ങനെയുള്ള ഏതിനമെടുത്തു് നോക്കിയാലും ലോകത്തിലെ രാജ്യങ്ങളിൽ വച്ചേററവും മോശമായ സ്ഥാനം നേടാൻ ഇന്ത്യ മത്സരിക്കുകയാണെന്നു തോന്നും."

ശ്രീ. വിശ്വേശ്വരയ്യയുടെ ഈ അഭിപ്രായങ്ങൾ അതീവശ്രദ്ധേയങ്ങളാണു്. ഓ. ചന്തുമേനോന്റെ കഥാപാത്രമായ ഗോവിന്ദൻകുട്ടി മേനോൻ പ്രതിനിധീകരിച്ച ചിന്താഗതിക്കാർ വ്യവസായരംഗത്തു് ഇന്ത്യാക്കാരും ബ്രിട്ടീഷുകാരുമായി തുല്യത വരുത്തണമെന്നു് എത്ര കണ്ടു് ആഗ്രഹിച്ചിട്ടും; അതു കൈവരുത്താൻ ചിലരൊക്കെ ശ്രമിച്ചിട്ടും ബ്രിട്ടീഷ് ഭരണം അതിനു് തടസ്സമായിനിന്ന കഥയാണു് ശ്രീ. വിശ്വേശ്വരയ്യ രേഖപ്പെടുത്തിയിരിക്കുന്നതു്. വ്യവസായങ്ങളും മററും വളർത്തണമെന്നു് ആളുകൾ ബഹളം കൂട്ടുമ്പോൾ ബ്രിട്ടീഷുകാർ താൽക്കാലികമായി ചില നിസ്സാരസൗജന്യങ്ങളനുവദിക്കുമെന്നു് വിശ്വേശ്വരയ്യ പറഞ്ഞിരിക്കുന്നതു് കേരളത്തെ സംബന്ധിച്ചിടത്തോളവും ശരിയാണു്. അതുകൊണ്ടാണു് കേരളത്തിലെ കയർ വ്യവസായരംഗത്തും മററും നാട്ടുകാരായ മുതലാളിമാർക്കു് കുറേയൊക്കെ വളരുവാൻ കഴിഞ്ഞതു്. എന്നാൽ മൗലികമായ വ്യാവ

സാംയിക വളർച്ചയ്ക്കു ബ്രിട്ടൻ ഇന്ത്യയ്ക്കു അവസരം നൽകിയില്ല. മാത്രമല്ല നിലവിലുള്ള വ്യവസായങ്ങളിൽത്തന്നെ പ്രധാനഭാഗവും മൂലധനത്തിലെ മുഖ്യമായ പങ്കും ബ്രിട്ടീഷുകാരുടെ നിയന്ത്രണത്തിലായിരുന്നു.

സാമ്പത്തികാധഃപതനാന്വേഷണക്കമ്മിററി റിപ്പോർട്ടനുസരിച്ച് പഴയ തിരുവിതാംകൂറിലെ തോട്ടങ്ങളിൽ 61986 ഏക്കർ റബ്ബറും 74618 ഏക്കർ ചായയും 48000 ഏക്കർ ഏലവും കൃഷി ചെയ്തിരുന്നു. ഇതിൽ 17,000 ഏക്കർ റബ്ബർതോട്ടവും 4000 ഏക്കർ തേയിലത്തോട്ടവും 10000 ഏക്കർ ഏലത്തോട്ടവും നാട്ടുകാരുടെ കൈയിലായിരുന്നുവെന്നും ബാക്കി മുഴുവൻ യൂറോപ്യൻമാരുടെ കൈവശമായിരുന്നെന്നും കമ്മിററി കണക്കാക്കിയിരിക്കുന്നു. അതായതു് അന്നു് ആകെ 184604 ഏക്കർ തോട്ടമുള്ളതിൽ വെറും 31000 ഏക്കറാണു് നാട്ടുകാരുടെ കൈയിലുള്ളതു്. പഴയ തിരുവിതാംകൂറിലെ തോട്ടങ്ങളിൽ 5/6 ഭാഗം ബ്രിട്ടീഷ് നിയന്ത്രണത്തിലായിരുന്നുവെന്നർത്ഥം.

തോട്ടം കഴിഞ്ഞാൽപ്പിന്നെ പ്രധാനമായ ഇനം കയർ വ്യവസായമാണു്. അക്കാലത്തു് തിരുവിതാംകൂറിൻെറ കയററുമതിയിൽ 17.4% കയറും കയറുൽപ്പന്നങ്ങളുമായിരുന്നു. മാത്രമല്ല, തിരുവിതാംകൂറിലേയും കേരളത്തിലെതന്നെയും ഏററവും ക്ഷാമബാധിതപ്രദേശങ്ങളിലൊന്നായ അമ്പലപ്പുഴ-ചേർത്തല താലൂക്കുകളിലൊരു വലിയ ജനവിഭാഗത്തിന്നു ജോലി കൊടുക്കുന്ന വ്യവസായമായിരുന്നതു്. സാമ്പത്തികാധഃപതനാന്വേഷണക്കമ്മിററി റിപ്പോർട്ടനുസരിച്ച് പ്രത്യക്ഷമായോ പരോക്ഷമായോ ഈ ഒരൊററ വ്യവസായത്തെ ആശ്രയിച്ചു ജീവിക്കുന്നവരുടെ എണ്ണം രണ്ടു ലക്ഷമായിരുന്നു. ഈ വ്യവസായത്തിൻെറ സിംഹഭാഗം വിദേശീയരുടെ (മിക്കവാറും ബ്രിട്ടീഷുകാരുടെ) കൈയിലുമായിരുന്നു.

നമ്മുടെ ആദ്യകാലവ്യവസായങ്ങളെപ്പററിയുള്ള ഏററവും പ്രധാനപ്പെട്ട ഒരു പ്രത്യേകത കൂടി എടുത്തു പറയേണ്ടിയിരിക്കുന്നു. തോട്ടം വ്യവസായം യഥാർത്ഥത്തിൽ ഒരു കാർഷികത്തൊഴിലാണു്. കയർ വ്യവസായം ഫാക്ടറിയടിസ്ഥാനത്തിലുള്ള നിർമ്മാണപ്രക്രിയയുടെ ഘട്ടത്തിൽ എത്തിയിരുന്നുവെങ്കിലും കൈത്തറിപോലുള്ള സരളമായ ഉപകരണങ്ങൾ ഉപയോഗിച്ചാണു് ഉല്പാദനം നടത്തിവന്നതു്. അവിടേയും തൊഴിലാളിയുടെ കൈവിരുതാണു് പ്രധാനം. കയർ പായ് നെയ്ത്തു് അടിസ്ഥാനപരമായി നോക്കുമ്പോൾ പ്രാചീനകാലം മുതൽ കേരളത്തിലുള്ള കൈത്തൊഴിലുകളുടെ ഇനത്തിൽ പെടുന്നതാണെന്നു് പറയാവുന്നതാണു്. പത്തൊമ്പതാം നൂററാണ്ടിൻെറ അവസാനഘട്ടങ്ങളിലും ഇരുപതാംനൂററാണ്ടിൻെറ ആദ്യഘട്ടങ്ങളിലും പാശ്ചാത്യനാടുകളിൽ ഉണ്ടായിരുന്ന തരത്തിലുള്ള യന്ത്രവൽകൃതവ്യവസായങ്ങൾ കേരളത്തിൽ ഉണ്ടായതേയില്ല. ഇന്ത്യയിൽത്തന്നെ 1850–1900 കാലഘട്ടത്തിലുണ്ടായ

തുണിമില്ലുകളെപ്പോലെയോ 1911 ലുണ്ടായ ടാററാ ഉരുക്കമില്ലുപോലെയോ ഉള്ള വ്യവസായങ്ങൾ കേരളത്തിൽ ആ കാലഘട്ടത്തിൽ ഉണ്ടായില്ല എന്നതാണ് ഏററവും ദയനീയമായ ഒരുവസ്തുത. മാത്രമല്ല, ക്രിസ്തുവർഷത്തിൻെറ ആരംഭത്തിനു മുൻപു തന്നെ പാശ്ചാത്യരാജ്യങ്ങളോട് വാണിജ്യ ബന്ധങ്ങൾ കപ്പൽ ഗതാഗതം വഴി പുലർത്തിവന്ന കേരളത്തിനു് സ്വന്തമായ ഒരു കപ്പൽ നിർമ്മാണവ്യവസായം ബ്രിട്ടീഷുകാരുടെ ഭരണകാലം തുടങ്ങുന്ന സമയത്തു ചെറിയതോതിലെങ്കിലും ഉണ്ടായിരുന്നുവെന്നു് ഡോക്ടർ അയ്യപ്പനെപ്പോലുള്ള ഗവേഷകർ സൂചിപ്പിക്കുന്നുണ്ടു്. എന്നാൽ പാശ്ചാത്യ കപ്പൽ നിർമ്മാണവ്യവസായം പോലെ അല്ലെങ്കിൽതന്നെ ചെറിയ രീതിയിലെങ്കിലും ഒരു കപ്പൽ നിർമ്മാണവ്യവസായം വളർന്നു വരുന്നതിനെ പ്രോത്സാഹിപ്പിക്കുവാൻ ബ്രിട്ടീഷുകാർ ഒരുങ്ങിയില്ല. (ചുരുക്കത്തിൽ സ്വാതന്ത്ര്യം വന്നു കഴിഞ്ഞിട്ടും മൂന്നുപഞ്ചവൽസരപദ്ധതി കഴിഞ്ഞതിനുശേഷമാണു് കേരളത്തിനു് ഒരു കപ്പൽ നിർമ്മാണകേന്ദ്രം ലഭിക്കുവാനുള്ള ഭാഗ്യമുണ്ടായതു്.)

ബ്രിട്ടീഷുകാരുടെ ഭരണകാലത്തേക്കു് ഒന്നുകൂടി കണ്ണോടിക്കാം. കേരളത്തിൽ ചിരപുരാതനമായുണ്ടായിരുന്നഗ്രാമീണസമ്പദ് വ്യവസ്ഥയിലെ പ്രധാന വ്യവസായമായ നെയ്ത്തുവ്യവസായത്തെ അവർ നശിപ്പിച്ചു. ചെറിയ രീതിയിലുള്ള കൈവേലക്കാരേയും അവർ പട്ടിണിയിലാക്കി. കാരണം വിദേശത്തു നിന്നു വന്ന തുണിത്തരങ്ങളുടേയും മററു സാധന സാമഗ്രികളുടേയും മത്സരം നിമിത്തം കൈത്തറിയും മററു കൈത്തൊഴിലുകളും തകർന്നുപോയി. അതോടൊപ്പം പതിനെട്ടാം നൂററാണ്ടു മുതൽ കേരളത്തിൽ വളർന്നു വന്ന കച്ചവടമുതലാളിത്തത്തിൻെറ വികാസവും ബ്രിട്ടീഷുകാർ തടഞ്ഞു. ഇതേപ്പററിയുള്ള വിശദ വിവരങ്ങൾ പല ചരിത്ര പണ്ഡിതന്മാരും രേഖപ്പെടുത്തിയിട്ടുണ്ടു്. അതേപ്പററി എൻ. ഇ. ബലറാം പറഞ്ഞിട്ടുള്ള ചില കാര്യങ്ങൾ ഇങ്ങനെ സംഗ്രഹിക്കാം.

പതിനെട്ടാം നൂററാണ്ടിൽ കുരുമുളകു്, ഉപ്പു്, പുകയില, തടി എന്നിവയുടെ കുത്തകക്കച്ചവടക്കാർ അക്കാലത്തെ രാജാക്കൻമാരായിരുന്നു. മാർത്താണ്ഡവർമ്മ, ശക്തൻതമ്പുരാൻ, സാമൂതിരി തുടങ്ങിയവർ കേവലം രാജാക്കൻമാർ മാത്രമായിരുന്നില്ല; ഏററവും നല്ല കച്ചവടക്കാർ കൂടിയായിരുന്നു. വ്യാപാരം നടത്തിയതു് രാജാക്കൻമാരും വിദേശികളും മാത്രമായിരുന്നില്ല. നന്നേ ചെറുതാണെങ്കിലും ഒരു കച്ചവടമുതലാളി വിഭാഗം കേരളത്തിൽ വളർന്നുവരികയുണ്ടായി. രാജാക്കന്മാരിൽ നിന്നും കർഷരിൽ നിന്നും കാർഷികോല്പന്നങ്ങളായ ചരക്കുകൾ വാങ്ങുകയും പറങ്കികൾ, ലന്തക്കാർ, ഇംഗ്ലീഷുകാർ തുടങ്ങിയവർക്കു് വിൽക്കുകയും ചെയ്യുകയാണു് ഇവരുടെ ജോലി. തടി, മഞ്ഞൾ, കുരുമുളകു്, പുകയില മുതലായ ചരക്കുകളിൽ ഏതാണ്ടു് കുത്തക ലഭിച്ചിരുന്ന തയ്യിൽ മാത്തുതരകൻ ഒരു ഘട്ടത്തിൽ തിരുവിതാംകൂർ ഗവണ്മെൻറിനു് പതിന്നാലുലക്ഷം രൂപാ കടം

നൽകിയതായി കാണുന്നുണ്ട്. മാത്തുതരകനും മററൊരു വർത്തകപ്രമാണിയായ ശങ്കരനാരായണൻചെട്ടിയും ഗവണ്മെൻറിൽ ചെലുത്തിയിരുന്ന സ്വാധീനം ഇല്ലാതാക്കാൻ കൂടിയാണ് വേലുത്തമ്പിദളവ കലാപം നടത്തിയതു്. എന്നാൽ ബ്രിട്ടീഷുകാർ വന്നതോടെ ഭരണം മാത്രമല്ല, വ്യാപാരവും അവരുടെ കൈയിലേക്ക് പകരുകയും വിദേശവ്യാപാരം വർദ്ധിച്ചുവരികയും ചെയ്തു. 1808–ൽ 2 ലക്ഷം പവൻ വിലയുള്ള ചരക്കാണ് കയററി അയച്ചതെങ്കിൽ 1865–ൽഅതു് 16.2 ലക്ഷം പവൻ വിലയുള്ള ചരക്കായി വർദ്ധിച്ചു. ഈ വ്യാപാരം നടത്തിയതു് മിക്കവാറും ബ്രിട്ടീഷുകാരായിരുന്നു.

ചുരുങ്ങിയ വിലയ്ക്കു വാങ്ങി അധികവിലയ്ക്കു വിൽക്കുന്ന ഒരുതരം പിടിച്ചു പറിയായിരുന്നു അക്കാലത്തെ ബ്രിട്ടീഷുവ്യാപാരം. ചരക്കുകരം കയററി അയയ്ക്കുന്നതിനുപകരം മൂലധനം കയററി അയക്കുന്ന പതനത്തിലേക്ക് ബ്രിട്ടീഷ് മുതലാളിത്വം വളർന്നതോടെ, അതായതു് സാമ്രാജ്യത്വ ദശയിൽ, ബ്രിട്ടീഷ് മൂലധനം കേരളത്തിൽ കുറേശ്ശെയായി കടന്നുവരാൻ തുടങ്ങി. ആ മൂലധനമാവട്ടെ പ്രധാനമായും പ്രാഥമിക ചരക്കുകരം ഉണ്ടാക്കാനാണ് വിനിയോഗിച്ചതു്.

മുൻപറഞ്ഞതുപോലെ അർദ്ധ അസംസ്കൃത പദാർത്ഥങ്ങരം ഉണ്ടാക്കുന്ന ചില ഫാക്ടറികളും അവർ നിർമ്മിച്ചു തുടങ്ങി. ആലപ്പുഴ, കൊല്ലം, കൊളച്ചൽ എന്നീ പ്രദേശങ്ങളിൽ കയർ ഫാക്ടറികരം ഉണ്ടായതു് ഇങ്ങനെയാണ്. ഈ ആൻറ് എസ്സ് കമ്പനി, മലയാളം പ്ലാൻേറഷൻസ്, കണ്ണൻ ദേവൻ കമ്പനി മുതലായ പ്രധാനപ്പെട്ട തോട്ടങ്ങരം ബ്രിട്ടീഷുകാരുടേതാണ്. ഇതിനു പുറമേ അവക്ക് വ്യാപാരസ്ഥാപനങ്ങളും ബാങ്കുകളും ഉണ്ടായിരുന്നു. ഹാരിസൺ ആൻറ് ക്രോസ്ഫീൽഡ് കമ്പനിക്കു മാത്രം 52–ൽപരം തോട്ടങ്ങളും കച്ചവടസ്ഥാപനങ്ങളുമുണ്ടായിരുന്നു. പിയേർസ്ലെസ്ലി, ആസ്പിൻ വാരം തുടങ്ങിയ കമ്പനികളുടേയും കഥ ഇതു തന്നെയാണ്. ഇംപീരിയൽ ബാങ്ക്, ഇന്ത്യൻ നാഷണൽ ബാങ്ക്, ചാർട്ടേഡ് ബാങ്ക് മുതലായവയാണ് കേരളത്തിൽ പ്രവർത്തിച്ച വിദേശ ബാങ്കുകരം. കണ്ണൂർ, തലശ്ശേരി, കോഴിക്കോട്, തൃശ്ശൂർ, കൊച്ചി, ആലപ്പുഴ, കോട്ടയം, കൊല്ലം, തിരുവനന്തപുരം തുടങ്ങിയ എല്ലാ കേന്ദ്രങ്ങളിലും ഈ ബാങ്കുകരം വ്യാപാരം നടത്തിയിട്ടുണ്ട്.

മുൻപറഞ്ഞ ഫാക്ടറികളിലും തോട്ടങ്ങളിലും ജോലി ചെയ്യുന്നതിനായി മുതലാളി വർഗ്ഗം നാട്ടിൻപുറത്തെ ദരിദ്ര വിഭാഗങ്ങളെ തിരഞ്ഞു പിടിച്ചു. എന്നാൽ ഇവക്ക് മനുഷ്യോചിതമായ കൂലിനിരക്കും ജോലി വ്യവസ്ഥകളും മുതലാളിമാർ നൽകിയെന്നുള്ളതിനു് യാതൊരു തെളിവുമില്ല. കങ്കാണിമാർ, മൂപ്പൻമാർ എന്നീ ഇടത്തട്ടുകാർ വഴിയാണ് തൊഴിലാളികളെ മുതലാളിവർഗ്ഗം തെരഞ്ഞുപിടിച്ചതു്. പാരമ്പര്യത്തിന്റെ

അടിസ്ഥാനത്തിലുള്ള ഒരു തരം കടമയുടേയും ജീവിതാവശ്യത്തിൻേറയും പേരിൽ കൃഷിപ്പണി ചെയ്തുവന്ന നാട്ടിൻപുറത്തെ പട്ടിണിപ്പാവങ്ങൾക്ക് ഇതൊരു പുതിയ അനുഭവമായിരുന്നു. കാരണം പഴയ വേലയിൽ നിന്ന് വ്യത്യസ്തമായിട്ടുള്ള ഒരു പ്രവൃത്തി സമ്പ്രദായമാണ് ഈ ഫാക്ടറികളിൽ ഉണ്ടായിരുന്നത്. ഏതാണ്ട് നിശ്ചിതമായ വേലയും അതിന് ഏറക്കുറെ നിശ്ചിതമായ കൂലിയും എന്ന ഒരു പുതിയ പ്രയത്ന പ്രതിഫല സമ്പ്രദായം മുതലാളിവർഗം കേരളത്തിൽ നടപ്പാക്കി. ഇങ്ങനെയൊരു പ്രതിഫലരീതി ജന്മിക്കു വേണ്ടി പണിയെടുത്തിരുന്ന നാട്ടിൻപുറത്തെ അടിയാന്മാർക്ക് ലഭിച്ചിരുന്നില്ല. ജന്മിയുടെ ജന്മസിദ്ധമായ അവകാശത്തെ ആദരിച്ചുകൊണ്ട് തങ്ങളുടെ പൂർവികർ രാപകൽ പണിയെടുത്തിരുന്നതുപോലെ യാതൊരു രീതിയിലുമുള്ള നിശ്ചിതമായ പ്രതിഫലത്തെയും കാംക്ഷിക്കാതെ തങ്ങളുടെ ഒരു കടമയെന്നോണമാണ് നാട്ടിൻപുറങ്ങളിൽ പട്ടിണിപ്പാവങ്ങൾ അക്കാലങ്ങളിൽ പണിയെടുത്തിരുന്നത്. ഇങ്ങനെയുള്ള പാരമ്പര്യത്തിൻെറ അടിത്തറയ്ക്കു പകരം കൂലിയുടെ അടിത്തറയിൻമേൽ കെട്ടി ഉയർത്തിയ പുതിയ പ്രവർത്തനരീതി ക്യാഷ് എക്കോണമി അല്ലെങ്കിൽ നാണ്യാടിസ്ഥാനത്തിലുള്ള സമ്പദ് വ്യവസ്ഥ എന്ന രീതിയുടെ ഒരു ഭാഗമാണെന്ന് സാമ്പത്തിക ശാസ്ത്രജ്ഞൻമാർ കണക്കാക്കുന്നു. അത്തരം ഒരു സമ്പദ്‌വ്യവസ്ഥയും അതിൻെറ ഭാഗമായ പ്രയത്ന സമ്പ്രദായവും കേരളത്തിൽ ആദ്യമായി കൊണ്ടു വന്നത് ബ്രിട്ടീഷ് മൂലധനവും പിന്നീടു വന്ന നാടൻ മുതലാളി വർഗവുമാണ്.

തിരുവിതാംകൂർ ഗവണ്മെൻറും കേരളത്തിലെ ആദ്യത്തെ തൊഴിലാളികളുടെ ഒരു നിര സൃഷ്ടിച്ചുവെന്ന് ക്യാനഡാക്കാരനായ റോബിൻജിഫ്രി എഴുതിയ ഒരു ഗ്രന്ഥത്തിൽ (Decline of Nair dominance in Kerala) രേഖപ്പെടുത്തിയിരിക്കുന്ന വിവരങ്ങളിൽ നിന്ന് മനസിലാക്കാൻ കഴിയും. ഈ പുസ്തകത്തിലെ തൊണ്ണൂറാം പേജ് മുതൽ തൊണ്ണൂററിയാറാം പേജ് വരെ തിരുവിതാംകൂറിലെ പി. ഡബ്ളിയു. ഡി യുടെ ആവിർഭാവത്തെപ്പററി വിവരിക്കുന്നുണ്ട്. തിരുവിതാംകൂറിലെ റോഡുകൾ നിർമ്മിക്കുന്ന ജോലിയായിരുന്നു ഈ വകുപ്പ് ഏറെറടുത്തത്. 1860–ൽ ആരംഭിച്ച ഈ പൊതുമരാമത്ത് വകുപ്പ് (P. W. D) 1863–ൽ വില്യം ബാർട്ടൻ എന്ന ചീഫ് എൻജിനീയരുടെ വരവോടുകൂടി നിലയുറപ്പിച്ചു. മരാമത്ത് പണികൾക്കായി ആയിരക്കണക്കിന് പട്ടിണിപ്പാവങ്ങളെ ജിഫ്രിയുടെ ഭാഷയിൽ പറഞ്ഞാൽ ആയിരക്കണക്കിന് അധഃകൃത ജാതിക്കാരെ ഗവണ്മെൻറ് ജോലിക്കെടുത്തു അവരെ തൊഴിലുള്ളവരാക്കിത്തീർത്തു. ഗവൺമെൻറ് അവരെ നാണ്യാടിസ്ഥാനത്തിലുള്ള സമ്പദ് വ്യവസ്ഥയിലേക്ക് പ്രവേശിപ്പിച്ചുവെന്ന് ജിഫ്രി ചൂണ്ടിക്കാണിക്കുന്നു. 1865–ലെ ഭൂപരിഷ്ക്കാരം കുടിയാന്മാർക്ക് ഭൂമിയിന്മേൽ ഉടമാവകാശം നൽകിയതുപോലെ പ്രധാനമാണ് 1860 മുതൽ ആരംഭിച്ച പൊതുമരാ

മത്തു് വകുപ്പിൻെറ ആവിർഭാവവും അതിൻെറ തൊഴിലാളിവർഗ സൃഷ്ടി യും എന്നു് ജിഫ്രി അഭിപ്രായപ്പെടുന്നു.

ആദ്യകാലത്തു് കൂലിയുടെയടിസ്ഥാനത്തിൽ ഈ പുതിയതരം ജോലി ചെയ്യുന്നതിനു് ആളുകളെ കിട്ടാൻ പ്രയാസമായിരുന്നുവെന്നു ചീഫ് എൻജിനീയർ ബാർട്ടൺ തൻെറ റിപ്പോർട്ടുകളിൽ രേഖപ്പെടുത്തിയിരിക്കുന്നു. കൂലി നിരക്കുകൾ വർദ്ധിപ്പിച്ചപ്പോൾ തൊഴിലാളികളെ കിട്ടിത്തുടങ്ങി. നേരത്തെ തൊഴിലാളികളെ കിട്ടാതിരുന്ന അവസരത്തിൽ തടവുകാരെക്കൊണ്ടു് മരാമത്തു പണി ചെയ്യിക്കേണ്ടി വന്നു എന്നു് ബാർട്ടൺ പറയുന്നു. ഏതായാലും 1865–66–ൽ പതിനായിരത്തോളം തൊഴിലാളികൾ തിരുവിതാംകൂറിലെ റോഡു് നിർമ്മാണത്തൊഴിലിൽ ഏർപ്പെട്ടിരുന്നു. ഇവർ പ്രായേണ ഈഴവരും അടിമകളെപ്പോലെ ജോലി ചെയ്തുവന്ന താഴ്ന്ന ജാതിക്കാരുമായിരുന്നുവെന്നു് ജിഫ്രി പറയുന്നു. ഇവർക്കു് ദിവസം നാലണയായിരുന്നു കൂലി. ഇതു് നേരത്തെ മരാമത്തു് വകുപ്പിൽ നിലവിലിരുന്ന കൂലിയുടെ ഏതാണ്ടു് നാലിരട്ടിയായിരുന്നു. അന്നു് തിരുവിതാംകൂറിലെ നാട്ടിൻപുറങ്ങളിൽ നിലവിലുണ്ടായിരുന്ന ദിവസക്കൂലി ഒന്നരഅണയും ഒരു നേരത്തെ ആഹാരവുമായിരുന്നു. മരാമത്തു്വകുപ്പാണു് തൊഴിലാളികളുടെ കൂലിനിരക്കു് തിരുവിതാംകൂറിൽ വർദ്ധിപ്പിച്ചതു്. നാട്ടിൻപുറങ്ങളിലെ അടിമപ്പണിക്കു് പകരം താഴ്ന്ന ജാതിക്കാർക്കു് കുറച്ചുകൂടി ഉയർന്ന ഒരു പദവി (കൂലിക്കു വേണ്ടി പണിയെടുക്കുന്ന ഒരു തൊഴിലാളിയെന്ന പദവി) കിട്ടി. നൂറു കണക്കിനു് ഈഴവസ്ത്രീകൾ മരാമത്തുവകുപ്പിലെ കൂലിക്കാരായി ജോലിയിൽ പ്രവേശിച്ചുവെന്നു് ജിഫ്രി പറയുന്നു. ഈ തൊഴിലാളികളായ ഈഴവസ്ത്രീകൾക്കു് തങ്ങളുടെ മാറു്മറയ്ക്കാൻ തുണി ഉപയോഗിക്കുന്നതിനുള്ള സ്വാതന്ത്ര്യം നൽകുന്ന ഒരുത്തരവു് തിരുവിതാംകൂർ ഗവണ്മെൻറു് പാസ്സാക്കുകയുണ്ടായി എന്നു് ജിഫ്രി ചൂണ്ടിക്കാണിക്കുന്നു, 1875–ലെ സെൻസസ്സ് റിപ്പോർട്ടിൽ നിന്നാണു് ജിഫ്രി ഈ വിവരം ശേഖരിച്ചതു്. മരാമത്തു് വകുപ്പ് കേരളത്തിൽ ചെറിയതോതിൽ ഒരു സാമൂഹ്യപരിവർത്തനവും സാമ്പത്തികപരിവർത്തനവും ഒരേ കാലത്തു് കൈവരുത്തി. മരാമത്ത് വകുപ്പ് തിരുവിതാംകൂറിൻെറ മുഖച്ഛായ തന്നെ മാററുകയുണ്ടായി എന്നു പറയാം. 1866–ൽ 195 മൈൽ നീളത്തിലുള്ള റോഡുകൾ വെട്ടി. കോട്ടയം മുതൽ മധുര വരെയുള്ള റോഡു് പുതുതായി ആരംഭിച്ച തോട്ടം വ്യവസായത്തെ സാരമായി സഹായിച്ചു. ആയിടയ്ക്കു് ഒരു ബ്രിട്ടീഷ് റസിഡൻറായ ബാലാർഡു് തയ്യാറാക്കിയ ഒരു റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നതു പോലെ പുതിയ റോഡുകൾ രാജ്യത്തിലെ സ്ഥിതിഗതികളെ പാടേ മാററുകയുണ്ടായി. പൊതുമരാമത്തു് വകുപ്പ് തിരുവിതാംകൂറിനു് മൂന്നു് പ്രധാനഗുണങ്ങൾ പ്രദാനം ചെയ്തു.

1. അതു് വ്യാപാരത്തേയും വ്യവസായത്തേയും വളരെയധികം സഹായിക്കുന്ന ഗതാഗത മാർഗങ്ങൾ ഒരുക്കിക്കൊടുത്തു.

2. നാട്ടിൻ പുറങ്ങളിൽ അടിമപ്പണിപോലുള്ള ദാസ്യവേല ചെയ്തിരുന്ന താഴ്ന്ന ജാതിക്കാർക്കു് സാമൂഹ്യമായ ഒരു ഉയർന്ന പദവി അതായതു് മനുഷ്യോചിതമായ വസ്ത്രധാരണ രീതിയ്ക്കുള്ള അവകാശം നേടിക്കൊടുത്തു.

3. കേരളത്തിൽ ഒരു പുതിയ സാമൂഹ്യസാമ്പത്തിക ശക്തി കേന്ദ്രത്തെ (പിൽക്കാലത്തു് രാഷ്ട്രീയശക്തി കേന്ദ്രവുമായിത്തീർന്ന) തൊഴിലാളിവർഗത്തെ തിരുവിതാംകൂറിലെങ്ങും സൃഷ്ടിച്ചു.

മുതലാളിത്തത്തിന്റെ ആവിർഭാവം ഫാക്ടറികളും തോട്ടങ്ങളും മാത്രമല്ല കേരളത്തിനു് സംഭാവന ചെയ്തതു്. പുതിയ ഗതാഗതമാർഗങ്ങളും വാണിജ്യകേന്ദ്രങ്ങളും ഇംഗ്ലീഷ് വിദ്യാഭ്യാസവും കേരളത്തിനു് അതുമൂലം സിദ്ധിച്ചു. കൊച്ചി തുറമുഖപ്രദേശത്തും തിരുവിതാംകൂറിലെ ജലാശയങ്ങളിലെങ്ങും തോണിത്തൊഴിലാളികളെയും നാവികത്തൊഴിലാളികളെയും സൃഷ്ടിച്ചതു് കേരളത്തിലുടനീളം പുഷ്ടി പ്രാപിച്ച വാണിജ്യപരമായ പ്രവർത്തനങ്ങളായിരുന്നു. ഇതിനുപുറമേ പത്തൊൻപതാം നൂററാണ്ടിന്റെ അന്ത്യഘട്ടങ്ങളിലും ഇരുപതാം നൂററാണ്ടിന്റെ ആദ്യകാലത്തും കേരളത്തിൽ ആരംഭിച്ച റെയിൽവേ കേരളത്തിൽ പുതിയൊരു തൊഴിലാളി വിഭാഗത്തെ—റെയിൽവേ തൊഴിലാളികളെ സൃഷ്ടിച്ചു.

കേരളത്തിലെങ്ങും തൊഴിലാളിവർഗം ആവിർഭവിച്ച കാലത്തു് ഉണ്ടായിക്കൊണ്ടിരുന്ന രാഷ്ട്രീയവും സാമൂഹ്യവുമായ സംഭവവികാസങ്ങൾ കൂടി മനസിലാക്കിയിരിക്കേണ്ടതാണു്. 1859—ലാണല്ലോ കേരളത്തിലെ ആദ്യത്തെ ഫാക്ടറി ആലപ്പുഴയിൽ സ്ഥാപിതമായതു്. അതിനു മുമ്പുള്ള മുപ്പതു കൊല്ലത്തിനിടയിൽ കേരളത്തിലുണ്ടായ പ്രധാന സംഭവങ്ങൾ ഒന്നു് സൂചിപ്പിക്കാം.

1829—തെക്കൻ തിരുവിതാംകൂറിൽ താഴ്ന്ന ജാതിയിൽപ്പെട്ട സ്ത്രീകൾ മാറുമറയ്ക്കുന്നതിനെതിരെ സ്ഥാപിത താല്പര്യക്കാർ സമരമാരംഭിച്ചു.

1834—തിരുവിതാംകൂറിൽ ഇംഗ്ലീഷ് വിദ്യാഭ്യാസം ആരംഭിച്ചു.

1835—കൊച്ചിയിൽ ദിവാന്റെ ദുർഭരണത്തിനെതിരായ പ്രക്ഷോഭമനുസരിച്ചു് ദിവാനെ പിരിച്ചു വിടുകയുണ്ടായി.

1835—ൽ തിരുവിതാംകൂറിൽ നിയമസംഹിത പരിഷ്ക്കരിക്കപ്പെട്ടു. തിളച്ച നെയ്യിൽ കൈമുക്കി കുററം കണ്ടുപിടിക്കുന്ന നടപടി ക്രമം നിർത്തൽ ചെയ്തു.

1836—മുതൽ 1853 വരെ തെക്കേ മലബാറിൽ 22 കാർഷിക പ്രക്ഷോഭങ്ങൾ നടന്നു.

1834–ൽ മലബാറിൽ ബാസൽ മിഷൻ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ആരംഭിച്ചു.

1843–മലബാറിൽ അടിമത്തം നിർത്തലാക്കി.

1847–ൽ തലശ്ശേരിയിൽ നിന്നു് ഡോക്ടർ ഗുണ്ടർട്ട് രാജ്യസമാചാരം, പശ്ചിമോദയം എന്നീ മാസികകൾ പ്രസിദ്ധീകരണമാരംഭിച്ചു.

1847–ൽ മീഡ്; മർട്ട്; ബയ്‌ലി; ലേക്കർ എന്നീ മിഷനറിമാർ കേരളത്തിൽ നിലവിലിരുന്ന അടിമ സമ്പ്രദായം നിർത്തലാക്കാൻ തിരുവിതാംകൂർ ഗവൺമെൻറിനു് നിവേദനം നൽകി.

1853–ൽ തിരുവിതാംകൂറിൽ അടിമസമ്പ്രദായം അവസാനിപ്പിച്ചു. അടിമകൾക്കു് സ്വാതന്ത്ര്യം ലഭിച്ചു.

1854–തെക്കേ മലബാറിലെ മാപ്പിളമാർ നടത്തുന്ന കാർഷിക കലാപങ്ങളെ നേരിടാൻ മലബാർ സ്പെഷ്യൽ പോലീസ് രൂപീകരിച്ചു.

1855–മലബാറിലെ ഡിസ്‌ട്രിക്ട് മജിസ്‌ട്രേട്ടായ എച്ച്. വി. കോണല്ലിയെ നാലുപേർ അദ്ദേഹത്തിൻെറ ബംഗ്ളാവിൽ വച്ചു വധിച്ചു.

ഇങ്ങനെ താഴ്ന്ന ജാതിക്കാരുടെ വസ്ത്രധാരണ സ്വാതന്ത്ര്യത്തിനെതിരെയുള്ള കടന്നാക്രമണങ്ങൾ; അതിനെതിരായ ചെറുത്തു നിൽപുകൾ; വിദ്യാഭ്യാസ പരിഷ്കാരം; അടിമത്തം നിർത്തലാക്കൽ; പത്രപ്രസിദ്ധീകരണങ്ങളുടെ ആരംഭം; കാർഷിക കലാപങ്ങൾ അടിച്ചമർത്താനുള്ള സംവിധാനങ്ങളുടെ സ്ഥാപനം; അതിനെതിരായ ഭീകര പ്രവർത്തനങ്ങൾ തുടങ്ങിയ സംഭവ വികാസങ്ങൾ മൂലം കേരളത്തിലെ സാമൂഹ്യവും രാഷ്ട്രീയവുമായ അന്തരീക്ഷം സജീവമായിരിക്കുമ്പോഴാണ് ദൂരവ്യാപകമായ ഫലങ്ങൾ സൃഷ്ടിച്ച രണ്ടു് സംഭവങ്ങൾ 1859–ൽ നടന്നതു്.

തെക്കൻ തിരുവിതാംകൂറിൽ താഴ്ന്ന ജാതിക്കാരായ സ്ത്രീകൾക്കു് മാറു് മറയ്ക്കാനുള്ള സ്വാതന്ത്ര്യത്തിനുവേണ്ടി നടന്ന മഹത്തായ സമരം 1859–ലാണ് വിജയിച്ചതു്. കേരളത്തെ ആധുനികമായ ജീവിതരീതിയിലേക്കാനയിച്ച വ്യവസായവൽക്കരണത്തിൻെറയും ഐതിഹാസികമായ ജനാധിപത്യ സമരങ്ങൾ പിൽക്കാലത്തു് നയിച്ച തൊഴിലാളിവർഗത്തിൻെറ ഉദയത്തെയും കുറിച്ച ആലപ്പുഴയിലെ ഡെറാസ്സയിൽ കയർ ഫാക്ടറിയുടെ സ്ഥാപനം നടന്നതും ആ വർഷത്തിലാണെന്നതു് കൗതുകകരമായ ഒരു ചരിത്ര വസ്തുതയാണ്.

മൃഗീയമായ അടിമക്കച്ചവടം കേരളത്തിലെങ്ങും അവസാനിക്കുകയും സാമൂഹ്യ സ്വാതന്ത്ര്യത്തിൻെറ ഉദയ രശ്മികൾ വെളിച്ചം പരത്തുകയും ചെയ്ത ഒരു പശ്ചാത്തലത്തിലാണ് കേരളത്തിലെ ആദ്യത്തെ ഫാക്ടറിയും അവിടെയുള്ള തൊഴിലാളിവർഗവും ഉടലെടുത്തതു് എന്നതു് ശ്രദ്ധേയമായിരിക്കുന്നു. 1859 നു ശേഷമുള്ള മുപ്പതു വർഷത്തെ കേരള ചരിത്രത്തി

ലെ പ്രധാന സംഭവങ്ങൾ കൂടി ഒന്നോടിച്ചു നോക്കുന്നത് തൊഴിലാളി വർഗത്തിൻെറ ശൈശവകാലത്തെ സ്ഥിതിഗതികൾ മനസ്സിലാക്കുവാൻ സഹായകമായിരിക്കും.

1861–മലബാറിൽ കടലുണ്ടി മുതൽ കററിപ്പുറം വരെ റെയിൽവേ തുറന്നു.

1863–ബാർട്ടൻെറ നേതൃത്വത്തിൽ തിരുവിതാംകൂറിലെ പൊതുമരാമത്തു് വകുപ്പിൻെറ സ്ഥാപനവും ആയിരക്കണക്കിന് മരാമത്ത് തൊഴിലാളികളുടെ ആവിർഭാവവും;

1865–തിരുവനന്തപുരത്തു് ആധുനിക വൈദ്യസഹായത്തിനുള്ള ജനറലാശുപത്രിയുടെ സ്ഥാപനം;

1865–കൊച്ചിയിലെ പൊതുമരാമത്തു് വകുപ്പിൻെറ സ്ഥാപനം.

1865–1867–തിരുവിതാംകൂറിലെ ചരിത്ര പ്രസിദ്ധമായ കുടിയാൻ സംരക്ഷണ നിയമങ്ങളും പണ്ടാരപ്പാട്ടം വിളംബരവും.

1877–മെയിൻ സെൻട്രൽ റോഡിൻെറ പണിതീർന്നു.

ഏററവും വലിയ തോട്ടമുടമയായ കണ്ണൻദേവൻ കമ്പനിയുടെ ആവിർഭാവം കുറിച്ച പൂഞ്ഞാർ കരാറിൽ പൂഞ്ഞാർ ഇടവക ഒപ്പിടുന്നതും 1877-ലാണ്.

1881–മലബാറിലെ കാർഷികമേഖലയിലെ കലാപങ്ങൾക്കുള്ള അടിസ്ഥാന കാരണങ്ങൾ കണ്ടുപിടിച്ച് ആവശ്യമായ പരിഷ്ക്കാരങ്ങൾ നിർദ്ദേശിക്കാനായി ലോഗനെ നിയമിക്കുന്നു.

1884 ജൂലൈ 17–ാംതീയതി ലോഗൻ റിപ്പോർട്ടു സമർപ്പിക്കുന്നു.

1887–ൽ മലബാർ കുടിയാൻ കുഴിക്കൂർ ചമയ ആക്ട് പാസ്സാക്കി. ലോഗൻ റിപ്പോർട്ടിനെപ്പററി ''കേരളചരിത്ര''ത്തിൽ ശ്രീധരമേനോൻ പറയുന്നതു് ശ്രദ്ധേയമാണ്.

''പാട്ടത്തിൻെറ പേരിൽ കുടിയാൻമാരെ ഇറക്കിവിടാനും ഭൂമി ഒഴിപ്പിച്ചെടുക്കാനും ലഭിച്ച പുതിയ അവകാശം ബ്രിട്ടീഷ് കോടതികളുടെ സഹായത്തോടു കൂടി നടപ്പിലാക്കുന്ന ജൻമികളുടെ ഭാരിച്ച സ്വാധീനശക്തിയെ നേരിടാൻ ചെയ്യുന്ന ശ്രമങ്ങളാണ് ഈ കലാപങ്ങളെന്ന നിഗമനത്തിലാണ് അദ്ദേഹം എത്തിച്ചേർന്നതു്.... ജൻമിമാർ നിയമരഹിതമായി ബലം പ്രയോഗിച്ചു ഒഴിപ്പിക്കുന്നതിൽ നിന്നു് കുടിയാൻമാർക്കു് സംരക്ഷണം നൽകാൻ അങ്ങനെ 1887 ലെ മലബാർ കുടിയാൻ കുഴിക്കൂർ ചമയ ആക്ട് പ്രാബല്യത്തിൽ വന്നു. പക്ഷെ അന്നത്തെ യഥാർത്ഥപ്രശ്നങ്ങൾ പരിഹരിക്കുന്ന കാര്യത്തിൽ ആക്ട് പരാജയപ്പെട്ടു....''

1887-ൽ മറെറാരു പ്രധാന സംഭവവും നടന്നു. ക്ഷേത്രപ്രവേശനം നിരോധിച്ചിരുന്ന ഒരു സമുദായത്തിലെ അംഗമായിരുന്ന നാരായണഗുരു അരുവിപ്പുറത്തു ശിവലിംഗപ്രതിഷ്ഠ നടത്തി. ഈ കാലഘട്ടത്തിൽത്തന്നെ അതായതു് 1889-ൽ ചന്തുമേനോൻ ഇന്ദുലേഖ എന്ന സാമുദായികനോവൽ പ്രസിദ്ധീകരിച്ചു.

ഈ സാമുദായിക നോവലിൻെറ പ്രസിദ്ധീകരണവും ശ്രീനാരായണ ഗുരുവിൻെറ അരുവിപ്പുറം ശിവലിംഗപ്രതിഷ്ഠയും കേരളത്തിലെ വിചാരവിപ്ലവത്തിൻെറ നാന്ദിയെകുറിച്ചു. അയിത്തം കൊടികുത്തി വാണിരുന്ന ഒരു കാലഘട്ടത്തിൽ ശ്രീനാരായണഗുരു സ്വന്തമായി തന്നെ ശിവനെ പ്രതിഷ്ഠിച്ചു. "ജാതിഭേദം മതദ്വേഷം ഏതുമില്ലാതെ സർവരും സോദരത്വേന വാഴുന്ന മാതൃകാസ്ഥാനമാണിതു്" എന്നു് അദ്ദേഹം അവിടെ എഴുതിവച്ചു. ദക്ഷിണ കേരളത്തിൽ ഇങ്ങനെ വിചാരവിപ്ലവത്തിൻെറ ശംഖനാദം ഉയർന്നപ്പോഠം ഉത്തരകേരളത്തിൽ ചന്തുമേനോൻ തൻെറ പ്രശസ്തമായ ആഖ്യായികയിൽ കൂടി മറെറാരു രീതിയിലുള്ള വിചാരവിപ്ലവം ഉൽഘാടനം ചെയ്തു. ശ്രീ. എം. പി. പോഠം പറയുന്നപോലെ മലയാളത്തിൽ ലക്ഷണയുക്തമായ ആദ്യകൃതി ഇന്ദുലേഖതന്നെ. എന്നാൽ സാഹിത്യചരിത്രത്തിലുള്ള പ്രാധാന്യം മാത്രമല്ല; ഇന്ദുലേഖയുടെ വൈശിഷ്ട്യത്തിനു് അവലംബമായിരിക്കുന്നതു്. പോഠം ചൂണ്ടിക്കാണിച്ചതുപോലെ നായർ സമുദായത്തിലെ "പരമ്പരാഗതമായ ബാന്ധവസമ്പ്രദായം നിരാകൃതമാക്കുന്നതിനും സ്വാതന്ത്ര്യബോധവും സാമൂഹ്യാഭിമാനവും അങ്കുരിക്കുന്നതിനും നമ്പൂതിരിമാരുടെ ജളപ്രഭുത്വം നീങ്ങുന്നതിനും അന്ധവിശ്വാസം ദൂരീകരിക്കപ്പെട്ടു് താത്വിക ചിന്ത സംജാതമാകുന്നതിനും" ഈ നോവൽ സഹായിച്ചു. നിന്ദ്യമായ ആചാരങ്ങഠം പരിഹാസമാർഗേണ സമൂലച്ഛേദം ചെയ്യുന്നതിനും സംസ്കാരമാർഗങ്ങഠം നിർദ്ദേശിക്കുന്നതിനും ചന്തുമേനോൻ ശ്രമിക്കുകയുണ്ടായി. ഈ രണ്ടു സംഭവങ്ങഠം മൂലമുണ്ടായ ഒരു വിചാരവിപ്ലവം കേരളത്തിൽ സാമൂഹ്യവും രാഷ്ട്രീയവുമായ ചലനങ്ങഠം സൃഷ്ടിച്ചതിൽ അത്ഭുതമില്ല. പ്രസ്തുതചലനങ്ങളെ ഇങ്ങനെ സംഗ്രഹിക്കാം.

1. തിരുവിതാംകൂറിലും കൊച്ചിയിലും കർഷകകുടുംബങ്ങളിൽ നിന്നും പ്രഭുകുടുംബങ്ങളിൽനിന്നും വന്ന വിദ്യാഭ്യാസം സിദ്ധിച്ച യുവാക്കാം ഭരണപരിഷ്ക്കാരത്തിനു് മുൻകൈയെടുത്തു പ്രവർത്തിച്ചു.

2. കൊച്ചിയിൽ ഈ അഭ്യസ്തവിദ്യർ ആരംഭിച്ചതു് ദിവാൻ ഭരണത്തിനെതിരായ പ്രക്ഷോഭണമായിരുന്നു. ദിവാൻ എടമന ശങ്കരമേനോൻെറ ദുർഭരണത്തിനെതിരായി 1834-ൽ ജനപ്രതിനിധികഠം ഗവർണ്ണർക്കു നൽകിയ നിവേദനത്തെത്തുടർന്നാണു് പ്രക്ഷോഭണം ശക്തിപ്രാപിച്ചതു്. ഒടുവിൽ അദ്ദേഹത്തെ ഉദ്യോഗത്തിൽ നിന്നും പിരിച്ച

യച്ചു. 1859–ൽ ഗവർണ്ണർ കൊച്ചി സന്ദർശിച്ചപ്പോൾ ദിവാൻ വെങ്കട്ടറാവുവിനെ നീക്കണമെന്നാവശ്യപ്പെട്ടുകൊണ്ടു് പതിനായിരത്തോളം വരുന്ന ജനങ്ങൾ ഒരു പ്രകടനം നടത്തിയതാണു് രണ്ടാമത്തെ പ്രക്ഷോഭം.

1860–ൽ പ്രസ്തുത ദിവാനേയും ഗവണ്മെൻറ് പിരിച്ചു വിട്ടു. വമ്പിച്ചൊരു വിജയമായിരുന്നു അതു്.

3. വിദ്യാഭ്യാസം സിദ്ധിച്ച എല്ലാ വിഭാഗത്തിൽപ്പെട്ട മലയാളികൾക്കും ഗവണ്മെൻറുദ്യോഗം ലഭിക്കണമെന്ന ആവശ്യം ഉന്നയിച്ചുകൊണ്ടുള്ള ഒരു പ്രക്ഷോഭണമാണു് തിരുവിതാംകൂറിൽ വളർന്നുവന്നതു്. ഡോ. പല്പു, ജി. പി. പിള്ള, കെ. പി. ശങ്കരമേനോൻ തുടങ്ങിയവരാണു് ഇതിനു് നേതൃത്വം നൽകിയതു്.

4. തിരുവിതാംകൂർ തിരുവിതാംകൂറുകാർക്ക് എന്ന പ്രസിദ്ധമായ ലഘുലേഖ ജി. പി. പിള്ള എഴുതുകയുണ്ടായി. തിരുവിതാംകൂർ സ്വദേശികൾക്ക തന്നെ പ്രധാന ഉദ്യോഗങ്ങൾ നൽകണമെന്നു് കാണിച്ചു് മഹാരാജാവിനു് ഈ അഭ്യസ്തവിദ്യർ നൽകിയ മെമ്മോറിയൽ വലിയ കോളിളക്കം നാട്ടിലുണ്ടാക്കി. മലയാളി മെമ്മോറിയൽ പ്രക്ഷോഭണം എന്നാണിതിനെ ചരിത്രകാരൻമാർ വിളിച്ചതു്.

മലയാളി മാസികയുടെ പത്രാധിപരും സോഷ്യൽ റിഫോം ലീഗിൻെറ നേതാവുമായ സി. കൃഷ്ണപിള്ള (സി. കെ. പി എന്നാണദ്ദേഹത്തെ വിളിച്ചതു്) ഈ പ്രക്ഷോഭത്തിൽ കാര്യമായ പങ്കു് വഹിച്ചിരുന്നു.

5. ഒപ്പുശേഖരണത്തിൻെറ പിന്തുണയോടെ ഡോക്ടർ പൽപു പ്രത്യേകമായി നൽകിയ വേറൊരു മെമ്മോറാണ്ടത്തിൽ പിന്നോക്ക സമുദായക്കാർക്കു് സർക്കാർ ഉദ്യോഗങ്ങളിൽ പ്രവേശനം നിഷേധിച്ചതിനെ ശക്തിയായി ആക്ഷേപിച്ചിരുന്നു.

6. കോൺഗ്രസ്സിൻെറ സംഘടിതമായ പ്രവർത്തനം 19–ാം നൂററാണ്ടിൻെറ (1883–ൽ) അവസാനപാദത്തിൽ ഇന്ത്യയിൽ ആരംഭിച്ചുവെങ്കിലും കേരളത്തിൽ ആരംഭിച്ചതു് 1916 മുതല്ക്കാണു്. എന്നാൽ 19–ാം നൂററാണ്ടിൻെറ അന്ത്യത്തിലും 20–ാം നൂററാണ്ടിൻെറ ആരംഭത്തിലുമായി കേരളത്തിൽ ഒരു ജനാധിപത്യ പ്രസ്ഥാനം കാൺഗ്രസ്സിൻെറ ആവിർഭാവത്തിനു മുൻപു തന്നെ ഉടലെടുത്തിരുന്നു. അതു് അവശ സമുദായങ്ങളുടെ ഉന്നമനത്തിനു വേണ്ടിയുള്ള ഒരു ജനാധിപത്യ പ്രസ്ഥാനമായിരുന്നു. പില്ക്കാലത്തു് ഈ അവശ സമുദായങ്ങളിൽപ്പെട്ടവരിൽ നിന്നാണ് കുറെയേറെ ആളുകൾ തൊഴിലാളികളായി രൂപാന്തരപ്പെട്ടതു്. അവരുടെ സ്വഭാവ രൂപീകരണത്തിൽ ഈ ജനാധിപത്യ പ്രസ്ഥാനത്തിനു് വൻപിച്ച ഒരു പങ്കു് ഉണ്ടെന്നതു് വ്യക്തമാണ്.

7 ജാതിവ്യത്യാസത്തിനും ജാതി മർദ്ദനത്തിനും ഉച്ചനീചത്വത്തിനും അവകാശധ്വംസനങ്ങൾക്കും അനാചാരങ്ങൾക്കും മററും എതിരായ ഈ പ്രസ്ഥാനത്തിൻെറ നേതാവ് ഡോ. പൽപുവായിരുന്നു. ശ്രീനാരായണ ഗുരുദേവരുടെ അനുഗ്രഹാശിസ്സുകളോടെയാണ് ഇതു് വളർന്നു വന്നതു്. ശ്രീനാരായണ ഗുരുവിൻെറ പ്രവർത്തനങ്ങളെപ്പററി ഇ. എം. എസ്സ്. നമ്പൂതിരിപ്പാട്ട് രേഖപ്പെടുത്തിയിരിക്കുന്നതു താഴെ ചേർക്കുന്നു;—

"അതായതു്, ക്ഷേത്രങ്ങളുടെയും മഠങ്ങളുടെയും അടിത്തറയാണ് സ്വാമികളിട്ടതെങ്കിലും, അവയുടെ മീതെ ഉയർന്നു വന്നതു് സാമൂഹ്യ സമത്വമെന്ന കെട്ടിടമാണ്; അ്ധ്യാത്മ ചിന്തയുടെ വിത്താണദ്ദേഹം പാകിയതെങ്കിലും, മുളച്ചുവന്നതു് സാമൂഹ്യ രാഷ്ട്രീയാവകാശവാദങ്ങളാണ്. ആർഷസംസ്കാരത്തിൻെറ സന്ദേശമാണദ്ദേഹം പ്രചരിപ്പിച്ചതെങ്കിലും അതു് ശ്രോതാക്കളുടെ ചെവിയിൽ ചെന്നലച്ചതു് സ്വാതന്ത്ര്യം, സമത്വം, സാഹോദര്യമെന്ന പാശ്ചാത്യ നവീന സന്ദേശമായിട്ടാണ്". (കേരളം—മലയാളികളുടെ മാതൃഭൂമി—പേജ്. 306)

8. ഇതിൻെറ ഫലമായി ഉണ്ടായ ജനാധിപത്യ പ്രസ്ഥാനത്തിൽ കൂടി വസ്ത്രധാരണ സ്വാതന്ത്ര്യം, സഞ്ചാര സ്വാതന്ത്ര്യം, സമീപന സ്വാതന്ത്ര്യം, വിദ്യാലയ പ്രവേശന സ്വാതന്ത്ര്യം, തുടങ്ങിയ ചില പ്രാഥമിക സ്വാതന്ത്ര്യങ്ങൾ അവശ സമുദായങ്ങൾക്ക് നേടാൻ കഴിഞ്ഞു. അങ്ങനെ കേരളത്തിലെ ബഹുഭൂരിപക്ഷം പട്ടിണിപ്പാവങ്ങൾക്കിടയിൽ ആത്മവിശ്വാസം വളർത്തുവാനും ഈ സാമൂഹ്യ പ്രസ്ഥാനങ്ങൾ ഉപകരിച്ചു. ഈ പ്രസ്ഥാനം സവർണ സമുദായങ്ങളിലെ വിചാരശീലരായ ബുദ്ധിജീവികളെയും സാമൂഹ്യ പരിഷ്കരണത്തിൻെറ മാർഗത്തിലേക്ക് ആനയിച്ചുവെന്നുള്ളതു് ഒരു ചരിത്രസത്യമാണ്. (ബലറാം—കേരളത്തിലെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം ആദ്യനാളുകളിലൂടെ—പേജ് 27—നോക്കുക)

9. കേരളത്തിലെ പട്ടിണിപ്പാവങ്ങളിൽ ഏററവും പിന്നോക്കം നില്ക്കുന്ന ഹരിജനങ്ങൾക്കിടയിൽ നിന്നും അക്കാലത്തു് വിശിഷ്ടനായ ഒരു നേതാവ് ഉയർന്നുവന്നു. 1866-ൽ നെയ്യാററിൻകരയുള്ള വെങ്ങാനൂരിൽ ജനിച്ച സാമൂഹ്യപരിഷ്ക്കർത്താവായ അയ്യൻകാളി തൻെറ സഹജാതരായ ഹരിജനങ്ങളുടെ അവശതകൾ പരിഹരിക്കാൻ വീറോടെ പരിശ്രമിച്ചു. കേരളത്തിലെ ആദ്യകാല ജനാധിപത്യ പ്രസ്ഥാനത്തിൽ അയ്യൻകാളിക്കുള്ള സ്ഥാനം അനിഷേധ്യമാണ്. കുറെ കഴിഞ്ഞാണെങ്കിലും പഴയ കൊച്ചി പ്രദേശത്തു് ധീവര സമുദായത്തിലും ശ്രീ. കെ. പി. കറുപ്പൻെറ നേതൃത്വത്തിൽ സാമൂഹ്യപരിഷ്ക്കരണ സംരഭങ്ങൾ സമാരംഭിച്ചതും സ്മരണീയമാണ്.

ഇരുപതാം നൂററാണ്ടിൻെറ ഉദയം കേരളത്തിൽ നിർഭയമായ പത്രപ്രവർത്തനത്തിൻെറ നാന്ദി കുറിച്ചു. പത്രാധിപരായ സ്വദേശാഭിമാനി

രാമകൃഷ്ണപിള്ളയുടെ പത്രപ്രവർത്തനം ജനാധിപത്യസ്വാതന്ത്ര്യങ്ങൾക്കു വേണ്ടിയുള്ള നീക്കമായിരുന്നു. നാരായണക്കുരുക്കൾ; വക്കം മൗലവി, സി. കൃഷ്ണപിള്ള തുടങ്ങിയ പലരും അദ്ദേഹത്തെ ഈ ഘട്ടത്തിൽ സഹായിച്ചു. നവീനാശയങ്ങൾ കേരളത്തിൽ കൊണ്ടുവരാനും രാമകൃഷ്ണപിള്ള ശ്രമിച്ചു. കാറൽമാർക്സിനെക്കുറിച്ച് അദ്ദേഹം ഒരു ജീവചരിത്രം എഴുതുകയുണ്ടായി. തൊഴിലാളി പ്രസ്ഥാനത്തെക്കുറിച്ചും മുതലാളിത്തത്തിൻെറ തകർച്ചയെക്കുറിച്ചും നവീനമായ ഒരു സമൂഹസൃഷ്ടിയെക്കുറിച്ചും ഉള്ള മാർക്സിൻെറ ആശയങ്ങൾ കേരളീയർക്ക് വ്യക്തമാക്കിക്കൊടുക്കുവാൻ അദ്ദേഹം ശ്രമിച്ചു. 1911-ൽ തിരുവിതാംകൂർ ഗവൺമെൻറ് സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയെ നാടുകടത്തുകയുണ്ടായി.

1903-ൽ തന്നെ ഇന്ത്യൻനാഷണൽ കോൺഗ്രസ്സ് പ്രവർത്തനം കേരളത്തിൽ ദൃശ്യമായിത്തുടങ്ങി. അക്കൊല്ലം കോൺഗ്രസ്സിൻെറ ആഭിമുഖ്യത്തിൽ കോഴിക്കോട്ട് ഒരു രാഷ്ട്രീയ സമ്മേളനം ചേർന്നു. എന്നാൽ ഒരു ബഹുജനസംഘടനയായി കോൺഗ്രസ്സ് വളരുവാൻ തുടങ്ങിയത് ഒന്നാം ലോകമഹായുദ്ധത്തിന് ശേഷമായിരുന്നു.

ഒന്നാം ലോക മഹായുദ്ധം ലോകത്തിൽ വമ്പിച്ച പരിവർത്തനങ്ങളാണ് ഉണ്ടാക്കിയത്. ലോകത്തിൻെറ ആറിലൊരുഭാഗത്ത് സോഷ്യലിസ്റ്റ് വിപ്ലവം വിജയശ്രീലാളിതമായി. 1917 നവംബർ 7-ാം തീയതി റഷ്യയിലെ സാറിസ്റ്റ് ഭരണകൂടത്തെ അവിടത്തെ തൊഴിലാളികളുടെ നേതൃത്വത്തിലുള്ള ബഹുജനമുന്നണി നിഷ്കാസനം ചെയ്യുകയും അതോടുകൂടി ലോകത്തിലാദ്യമായി തൊഴിലാളിവർഗത്തിൻെറ നേതൃത്വത്തിലുള്ള അധ്വാനിക്കുന്ന ജനതയുടെ ഭരണം റഷ്യയിൽ ലെനിൻേറയും കമ്മ്യൂണിസ്റ്റ് പാർട്ടിയുടേയും നേതൃത്വത്തിൽ സ്ഥാപിതമാവുകയും ചെയ്തു.

ഇന്ത്യയെപ്പോലുള്ള കൊളോണിയൽ രാജ്യങ്ങളിലും ഒന്നാംലോകമഹായുദ്ധവും സോഷ്യലിസ്റ്റ് വിപ്ലവവും പുതിയ ചലനങ്ങൾ സൃഷ്ടിച്ചു. യുദ്ധാവസാനത്തോടുകൂടി ഇന്ത്യക്കു സ്വയം ഭരണം നൽകത്തക്ക ഭരണപരിഷ്കാരങ്ങൾ ലഭിക്കുമെന്നായിരുന്നു ദേശീയ നേതാക്കൻമാരും ബഹുജനങ്ങളും കരുതിയത്. പക്ഷെ, അതിനുപകരം യുദ്ധകാല നിയമങ്ങളെ അതിശയിക്കുന്ന തരത്തിലുള്ള പൗരസ്വാതന്ത്ര്യഭഞ്ജകമായ ഒരു കരിനിയമമാണ് (റൗലററ് ആക്ട്) ഇന്ത്യാക്കാർക്ക് ലഭിച്ചത്. അതിനെതിരായി ഇന്ത്യയിൽ ബഹുജനപ്രക്ഷോഭമാരംഭിച്ചു. ഇന്ത്യയിലെങ്ങും വിശേഷിച്ച് പഞ്ചാബിൽ ഉഗ്രമായ പ്രക്ഷോഭണങ്ങൾ നടക്കുകയും അതിനെ നേരിടാൻ ബ്രിട്ടീഷുകാർ അതിഭീകരമായ രീതിയിലുള്ള ജാലിയൻവാലാബാഗ് കൂട്ടക്കൊല നടത്തുകയും ചെയ്തു. ഗാന്ധിജി അക്കാലത്താണ് ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൻെറ നേതൃത്വമേറെറടുത്തത്. അദ്ദേഹത്തിൻെറ വരവിനെപ്പററി നെഹ്റു പറയുന്നത് ശ്രദ്ധേയമാണ്.

"അങ്ങനെയിരിക്കുമ്പോഴ് ഗാന്ധിവന്നു. അദ്ദേഹം നമ്മെ ഒന്നു മുരി നിവർന്നു നെട്ടതായി ശ്വസിക്കാൻ പ്രേരിപ്പിക്കുന്ന ശുദ്ധ വായുവിൻെറ ഒരു ശക്തിയേറിയ പ്രവാഹംപോലെയും, ഇരുളിനെ ഭേദിക്കുകയും നമ്മുടെ കണ്ണുകളിലെ പാട നീക്കിക്കളയുകയും ചെയ്യുന്ന ഒരു പ്രകാശ മണ്ഡലം പോലെയും, പലതിനേയും, വിശേഷിച്ച്, ജനങ്ങളുടെ മനസ്സിൻെറ പ്രവർത്തനത്തെ കീഴ്മേൽ മറിച്ചു കളയുന്ന ഒരു കൊടുങ്കാററ്പോലെയുമായിരുന്നു. അദ്ദേഹം മുകളിൽ നിന്നിങ്ങോട്ടു ഇറങ്ങി വന്നതല്ല; ഇന്ത്യയിലെ കോടിക്കണക്കിലുള്ള ജനങ്ങളിൽ നിന്നു് അവരുടെ ഭാഷ സംസാരിച്ചും അവരുടെയും അവരുടെ അത്യന്ത ദയനീയമായ സ്ഥിതിയുടേയും നേർക്കു് നിരന്തരം ശ്രദ്ധയെ ആകർഷിച്ചുകൊണ്ടും അദ്ദേഹം ഉദിച്ചുയരുന്നതായിട്ടാണ് തോന്നിയതു്. അദ്ദേഹം നമ്മോടു പറഞ്ഞു, "*ഈ കർഷകരേയും വേലക്കാരെയും ചൂഷണം ചെയ്തു അതുകൊണ്ട് ജീവിക്കുന്ന നിങ്ങളെല്ലാം അവരുടെ ചുമലിൽനിന്ന് ഇറങ്ങുക. ഈ ദാരിദ്ര്യവും കഷ്ടപ്പാടും ഉണ്ടാക്കിത്തീർക്കുന്ന വ്യവസ്ഥയെ ദൂരീകരിക്കുക. രാഷ്ട്രീയ സ്വാതന്ത്ര്യത്തിന് അപ്പോൾ പുതിയൊരു രൂപം സിദ്ധിച്ചു; പുതിയൊരു ഉള്ളടക്കം കൈവന്നു.*" (പേജ് 554, "ഇന്ത്യയെ കണ്ടെത്തൽ" മലയാള പരിഭാഷ)

മഹാത്മജി *വേലക്കാരെ*, അതായതു് *തൊഴിലാളികളെ* ചൂഷണം ചെയ്യുന്ന രീതിയെപ്പററി ശബ്ദമുയർത്തി എന്നു് നെഹ്റു തൻെറ പുസ്തകത്തിൽ സൂചിപ്പിച്ചതിനു് കാലികമായ പ്രാധാന്യമുണ്ടായിരുന്നു. ഒന്നാം ലോകമഹായുദ്ധ കാലത്തു് വ്യവസായങ്ങൾ വികസിച്ചുവെന്നും തൊഴിലുടമകൾ നൂറുശതമാനം മുതൽ ഇരുനൂറുശതമാനം വരെ ലാഭം നേടിയെടുത്തു എന്നും നെഹ്റു ആ പുസ്തകത്തിൽ വ്യക്തമാക്കിയിട്ടുണ്ടു്. എന്നാൽ ഈ ലാഭത്തെ സൃഷ്ടിച്ച തൊഴിലാളികൾ അവിശ്വസനീയമാംവിധം അത്ര താഴ്ന്ന ഒരു നിരപ്പിൽ ജീവിച്ചു പോന്നുവെന്നു നെഹ്റു വെളിപ്പെടുത്തി. അദ്ദേഹത്തിൻെറ ഭാഷയിൽ പറഞ്ഞാൽ ജാലകവും പുകക്കുഴലും വെളിച്ചവും വെള്ളം കിട്ടാൻ സൗകര്യങ്ങളും ശുചീകരണത്തിനുള്ള ഏർപ്പാടുകളും ഒന്നുമില്ലാത്ത വൃത്തിഹീനവും രോഗപൂരിതവുമായ ചെററപ്പുരകളിലാണു് ആ തൊഴിലാളികൾ ജീവിച്ചു വന്നതു്. നെഹ്റു മഹാത്മാഗാന്ധിയുടെ പ്രവർത്തനശൈലിയെക്കുറിച്ചു വ്യക്തമായി ചൂണ്ടിക്കാണിച്ചിട്ടുള്ളതു് വളരെ ശ്രദ്ധ അർഹിക്കുന്നു. ഇന്ത്യയിലെ ബഹുജനങ്ങളുടെ ഭാഷയിൽത്തന്നെ അവരുടെ ദുരിതങ്ങൾ വിവരിക്കുകയും അതിലേക്കു് ശ്രദ്ധ ആകർഷിക്കുകയും ചെയ്യു പ്രവർത്തനശൈലി ഇന്ത്യയിലെങ്ങും ഒരു പുതിയ ബഹുജനമുന്നേററം കൈവരുത്തി. കേരളത്തിലെ സാമൂഹ്യവും രാഷ്ട്രീയവുമായ അന്തരീക്ഷത്തിൽ സാരമായ വ്യത്യാസങ്ങൾ ഗാന്ധിജിയുടെ നേതൃത്വത്തിലുള്ള കോൺഗ്രസ് പ്രസ്ഥാനത്തിനു് സൃഷ്ടിക്കുവാൻ കഴിഞ്ഞു. തൊഴിലാളികളുടെയും കൃഷിക്കാരുടെയും ഭാഷയിൽ

കോൺഗ്രസ്സ് നേതാക്കൻമാർ സംസാരിച്ചു തുടങ്ങി. അവരുടെ കഷ്ടപ്പാടുകറം മനസ്സിലാക്കുവാനും അതിനു് ഒരു ശമനം വരുത്തുവാനും കോൺഗ്രസ് നേതാക്കൻമാരുടെയിടയിലുള്ള ഒരു പുതിയ തലമുറ ശ്രദ്ധിച്ചു തുടങ്ങി. മലബാറിൽ 1920–ൽ നടന്ന മഞ്ചേരി കോൺഗ്രസ്സ് സമ്മേളനമാണു് കേരളത്തിൽ ഈ പുതിയ ഘട്ടം ഉൽഘാടനം ചെയ്തതു്. ഈ മഞ്ചേരി സമ്മേളനത്തിൽ ഹോംറൂറം പ്രസ്ഥാന നേതാവായ ആനിബെസൻറ് എന്ന മഹതി പങ്കെടുത്തിരുന്നു. ഈ സമ്മേളനത്തിൽ എളിയ നിലയിലുള്ള ചില കൂലിപ്പണിക്കാരോടൊപ്പം വലിയ നിലയിലുള്ള പ്രഭുക്കൻമാരും, കോഴിക്കോട്ടെ ചെറിയേട്ടൻ രാജാ, നിലമ്പൂർ ഇളയരാജാ, മണ്ണാർക്കാട്ടു് മൂപ്പിൽനായർ, മങ്കട ഉദയവർമ്മരാജാ, കെ. സി. വീരരായൻ രാജാ എന്നിവരും പ്രതിനിധികളുടെ കൂട്ടത്തിൽ ഉണ്ടായിരുന്നു എന്നു് കെ. പി. സി. സി. യുടെ ഔദ്യോഗിക ചരിത്രമായ 'കേരളവും കോൺഗ്രസ്സും' എന്ന ഗ്രന്ഥത്തിൽ (പേജ് 400–402) പറയുന്നു. 1919–ൽ പ്രഖ്യാപിച്ച ഭരണ പരിഷ്ക്കാരങ്ങറം നിരാശാജനകമാണെന്നു് മഞ്ചേരിയോഗം പ്രഖ്യാപിച്ചു. മഹാത്മാഗാന്ധിയുടെ നിലപാടാണു് മഞ്ചേരി സമ്മേളനം സ്വീകരിച്ചതു്. ആനിബെസൻറിൻെറ നേതൃത്വത്തിലുള്ള മിതവാദനയം സമ്മേളനം തള്ളിക്കളഞ്ഞു. മലബാറിൽ കുടിയാൻമാർക്കു് വേണ്ട ഭൂപരിഷ്ക്കാരങ്ങറം നടപ്പിലാക്കണമെന്നും സമ്മേളനം ആവശ്യപ്പെട്ടു. 1300 പ്രതിനിധികറം സമ്മേളനത്തിൽ സംബന്ധിച്ചിരുന്നു. "കേരള ചരിത്രം" എന്ന ഗ്രന്ഥത്തിൽ ശ്രീ. എ. ശ്രീധരമേനോൻ ഈ സമ്മേളനത്തെപ്പററി പറയുന്നതു് പ്രമേയങ്ങറം പാസ്സാക്കിയതിനെത്തുടർന്നു് സമ്മേളനത്തിൽ മിതവാദികളും തീവ്രവാദികളും തമ്മിൽ ഭിന്നിപ്പുണ്ടായി എന്നാണു്. ഭൂപ്രഭുക്കൻമാരും കുബേരൻമാരും കോൺഗ്രസ്സിൽ നിന്നും വിട്ടു പോവുകയും കൃഷിക്കാർക്കും തൊഴിലാളികറക്കും ഇടത്തരക്കാർക്കും വേണ്ടി നിലകൊള്ളുന്ന തീവ്രവാദികളുടെ കൈകളിൽ നേതൃത്വം ചെന്നു ചേരുകയും ചെയ്തു വെന്നും ശ്രീധരമേനോൻ കൂട്ടിച്ചേർക്കുന്നുണ്ടു്.

ഇ. എം. എസ്സ്. നമ്പൂതിരിപ്പാടും ഈ സമ്മേളനത്തെപ്പററി പറഞ്ഞിരിക്കുന്നതു് ഇതേ രീതിയിൽ തന്നെയാണു്.

ബ്രിട്ടീഷ് ഗവൺമെൻറിനോടും മലബാർ ജൻമികളോടും യുദ്ധം പ്രഖ്യാപിച്ച മഞ്ചേരി സമ്മേളനത്തോടുകൂടി കോൺഗ്രസ്സിനു് ഒരു പുതിയ ഉശിരും ആവേശവും കിട്ടിയെന്നാണു് അദ്ദേഹം പ്രസ്താവിക്കുന്നതു്. ഗാന്ധിജിയുടെ നിസ്സഹകരണ സന്ദേശം അതിവേഗത്തിൽ കേരളത്തിലെങ്ങും പടർന്നു പിടിച്ചുവെന്നും സ്കൂളുകളും കോളേജുകളും കോടതികളും ആഫീസുകളും വിട്ടു് എത്രയോ ചെറുപ്പക്കാർ മുഴുവൻ സമയവും നാട്ടിനു വേണ്ടി പ്രവർത്തിക്കുന്ന പ്രവർത്തകൻമാരായി മുമ്പോട്ടു വന്നുവെന്നും അദ്ദേഹം തുടർന്നു പറയുന്നു. മലബാർ, കൊച്ചി, തിരുവിതാംകൂർ എന്ന മൂന്നു രാഷ്ട്രീയ വിഭാഗങ്ങളിൽ നിന്നും നമ്പൂതിരി, നായർ, തീയൻ,

മുസ്ലീം, കൃസ്ത്യാനി മുതലായ സമുദായങ്ങളിൽ നിന്നും ജൻമികാം, ഇടത്തരക്കാർ, കൃഷിക്കാർ, തൊഴിലാളികാം മുതലായ വർഗങ്ങളിൽ നിന്നും പ്രവർത്തകൻമാരും ജനങ്ങളും കോൺഗ്രസ്സിലേക്ക് ധാരാളമായി വന്നുകൊണ്ടിരുന്നതായും കോഴിക്കോട്ടും പാലക്കാട്ടും മററു മലബാർ പട്ടണങ്ങളിലും മാത്രം പ്രചാരമുള്ള മലബാർ ജില്ലാ കോൺഗ്രസ്സ്, കേരളത്തിലെങ്ങുമുള്ള പട്ടണങ്ങളിലും ഗ്രാമങ്ങളിലും പ്രചരിക്കുന്ന കേരള കോൺഗ്രസ്സായി മാറിയതായും ഈ. എം. എസ്. വ്യക്തമാക്കിയിട്ടുണ്ട്.

ഇങ്ങനെ അഖിലേന്ത്യാനിലവാരത്തിൽ കാൺഗ്രസ്സിനുണ്ടായ പുതിയ നേതൃത്വത്തിൻെറയും ആ നേതൃത്വത്തിൻെറ ബഹുജനസമ്പർക്ക മുദ്രാവാക്യങ്ങളുടെയും പ്രേരണ നിമിത്തം കേരളത്തിലെ കോൺഗ്രസ്സ് പ്രവർത്തകർ പുതിയൊരു സന്ദേശവുമായി അധ്വാധിക്കുന്ന വിഭാഗങ്ങളുടെയിടയിലേക്ക് ഇറങ്ങിച്ചെല്ലുവാൻ ഒരുങ്ങിയ ഈ ഘട്ടത്തിൽ ഇന്ത്യയിൽ മറെറാരു സംഭവവികാസവും നടക്കുന്നുണ്ടായിരുന്നു. ക്രാന്തദർശിയായ നെഹ്റു അതിനെക്കുറിച്ച് ഇങ്ങനെ പറയുന്നു.

"ഇന്ത്യയിലൊരു വ്യവസായത്തൊഴിലാളിലോകം വളർന്നു വരികയാണ്. അതു് അസംഘടിതവും നിസ്സഹായവുമാകുന്നു. അതു് ആരുടെ കൂട്ടത്തിൽ നിന്നാണോ വന്നതു് ആ കർഷകാവലിയുടെ ഭയങ്കരമാംവിധം താഴ്ന്ന ജീവിതത്തോതു് കൂലിവർദ്ധനയേയും അഭിവൃദ്ധിയേയും തടഞ്ഞു. അവിദഗ്ദ്ധത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളമാണെങ്കിൽ തൊഴിലില്ലാത്ത ആളുകാം കോടിക്കണക്കിനുണ്ട്. അവരുടെ ഇടയിൽ നിന്നു് ആളെ കിട്ടാൻ ഞെരുക്കമില്ല. ഈ സ്ഥിതിയിൻ യാതൊരു പണിമുടക്കം വിജയിക്കുകയില്ല. ഏതാണ്ട് 1920–നട്ടുത്തു് ആദ്യത്തെ ട്രേഡ് യൂണിയൻ കോൺഗ്രസ്സ് സംഘടിപ്പിക്കപ്പെട്ടു. ഇന്ത്യൻ രാഷ്ട്രീയരംഗത്തു് വല്ല വ്യതിയാനവും വരുത്താൻ തക്കവണ്ണം ഈ പുതിയ തൊഴിലാളിലോകം എണ്ണത്തിൽ അത്രയൊന്നുമുണ്ടായിരുന്നില്ല. കർഷകരുടേയും പാടത്ത് പണിയെടുക്കുന്നവരുടേയും ഒരു മഹാസമുദ്രത്തിൽ അവർ ഒരു കൈക്കുടത്തിൽ കൊള്ളാനേ ഉള്ളൂ. മൂന്നാം ദശകത്തിൽ വ്യവസായത്തൊഴിലാളികളുടെ ഒച്ച കേട്ടുതുടങ്ങി പക്ഷെ, അതു് പ്രക്ഷീണമായിരുന്നു.

വ്യവസായത്തൊഴിലാളിലോകത്തിനു് പ്രാധാന്യം കൽപ്പിക്കാൻ റഷ്യൻ വിപ്ലവം ജനങ്ങളെ നിർബ്ബദ്ധരാക്കിയിരുന്നില്ലെങ്കിൽ ആ ശബ്ദം അവഗണിക്കപ്പെട്ടുതന്നെ പോയേനെ. സുസംഘടിതങ്ങളായ ചില വലിയ പണിമുടക്കങ്ങളും ശ്രദ്ധയെ ഹഠാദാകർഷിച്ചു." ("ഇന്ത്യയെ കണ്ടെത്തൽ" –പേജ് 545)

നെഹ്റു ഈ പ്രസ്താവനയിൽ സൂചിപ്പിച്ചിരിക്കുന്ന കാര്യങ്ങളെപ്പററി വിശദമായി മനസിലാക്കേണ്ടതുണ്ട്. 1850 മുതൽ 1860 വരെ

യുള്ള ദശകത്തിലാണ് മുതലാളിത്ത വ്യവസായം ഇന്ത്യയിൽ ആരംഭിച്ചതു്. ബോംബെ, നാഗപ്പൂർ, കൽക്കത്ത തുടങ്ങിയ പ്രദേശങ്ങൾ വ്യവസായ മേഖലകളായി ഉയർന്നു. ഇന്ത്യയിൽ ആദ്യമായി ഒരു ചണമില്ലും പരുത്തിമില്ലും അപ്പോഴാണ് ആരംഭിച്ചതു്. റെയിൽവെപ്പാതകൾ സ്ഥാപിച്ച് തീവണ്ടി ഗതാഗതം ആരംഭിച്ചതും അക്കാലത്താണ്. പക്ഷെ വിദേശഭരണത്തിൽ ഈ വ്യവസായവത്കരണം മററു വ്യവസായശാഖകളിലേക്കു് പടർന്നില്ല. ഒരമ്പതു വർഷത്തേക്കു് . വ്യവസായവത്കരണം പരുത്തി, ചണം, കൽക്കരി റെയിൽ പാത എന്നിവയെ ചുററിപ്പററി നിന്നു. അതിനുശേഷം 1911–ലാണ് ടാററാ തൻെറ ഉരുക്കുമിൽ ജംഷഡ്പൂരിൽസ്ഥാപിക്കുന്നതു്.

വ്യവസായവത്ക്കരണം തുടങ്ങിയതിനു ശേഷം ഏതാണ്ട് ഇരുപത്തിയഞ്ച് വർഷം കഴിയുമ്പോഴാണ് ഇന്ത്യയിലെ ഒന്നാമത്തെ തൊഴിൽ സമരമെന്നു് ട്രേഡ് യൂണിയൻ ചരിത്രകാരന്മാർ വിവരിക്കുന്ന ഒരു പണിമുടക്കു് നാഗപ്പൂരിലെ എംപ്രസ്സ് മില്ലിലെ തൊഴിലാളികൾ നടത്തിയതു്. തൊഴിലാളികൾ ഐക്യബോധത്തോടുകൂടി സ്വമേധയാ നടത്തിയ ഇറങ്ങിപ്പോക്കായിരുന്നു അതു്. ശോചനീയമായ സ്ഥിതിഗതികളുടെ സമ്മർദ്ദമാണ് തൊഴിലാളികൾക്കു് ഇങ്ങനെയൊരു സമരം നടത്തുവാൻ പ്രേരണ നൽകിയതു്. ഇന്ത്യൻ തൊഴിലാളിവർഗത്തിൻെറ ദയനീയമായ തൊഴിൽ സാഹചര്യങ്ങൾ മാററിക്കിട്ടുന്നതിനു് ചില മനുഷ്യസ്നേഹികൾ ഉത്സാഹിച്ചു. അവരിൽ പ്രഥമഗണനീയനാണ് എൻ. എം. ലോകണ്ടേ. ബോംബെയിലെ ഒരു പത്രാധിപരായിരുന്നു ലോകണ്ടേ. ഇദ്ദേഹം 1884–ൽ പരുത്തിമിൽ തൊഴിലാളികളുടെ ഒരു യോഗം വിളിച്ചു കൂട്ടി അവരുടെ ജീവിതത്തെപ്പററി ചർച്ച ചെയ്തു. മിൽ തൊലാളികളുടെ അവശതയെപ്പററി ഒരു മെമ്മോറാണ്ടം സമർപ്പിക്കുവാൻ ആ യോഗം തീരുമാനിച്ചു. യോഗത്തിൽ യാതൊരു സംഘടനയും രൂപീകരിക്കയുണ്ടായില്ല. യോഗത്തിൻെറ ഫലമായി ഒരു മെമ്മോറാണ്ടം മിൽ മുതലാളികൾക്കു് സമർപ്പിക്കപ്പെട്ടു; അതിൽ ഉന്നയിച്ചിരുന്ന ഒരാവശ്യം ഉച്ചയ്ക്കു ഊണ് കഴിക്കാൻ സമയം കിട്ടണമെന്നായിരുന്നു. അതിനുശേഷം പലയിടങ്ങളിലും വമ്പിച്ച പണിമുടക്കു സമരങ്ങൾ നടക്കുകയുണ്ടായി. പക്ഷെ, ഇവയൊന്നും സംഘടിതമായി ഒരു യൂണിയൻെറ നേതൃത്വത്തിൽ നടന്നതല്ല.

1908–ൽ ഇന്ത്യയിൽ നടന്ന ചില സംഭവങ്ങൾ തൊഴിലാളി പ്രവർത്തനത്തിൽ അടിസ്ഥാനപരമായ സ്വാധീനം ചെലുത്തുകയുണ്ടായി. 1908–ൽ ബ്രിട്ടീഷ് ഗവണ്മെൻറ് അക്കാലത്തെ പ്രധാനപ്പെട്ട നേതാവായ ശ്രീ ബാലഗംഗാധരതിലകൻെറ പേരിൽ രാജ്യദ്രോഹക്കുററം ചുമത്തി ആറു വർഷത്തേക്കു് നാടുകടത്തുകയുണ്ടായി. ഈ സംഭവമുണ്ടായ ഉടൻ ബോംബെയിലെ തൊഴിലാളി വർഗം ഒന്നായി പ്രതിഷേധിച്ച്

പണി മുടക്കി. ഈ തൊഴിലാളി പണിമുടക്കത്തെപ്പററി മഹാനായ ലെനിൻ അന്നുതന്നെ താഴെ പറയുന്ന രീതിയിൽ പരാമർശിക്കുകയു ണ്ടായി.

"ഇന്ത്യയിൽ തെരുവീഥികൾ അവരുടെ എഴുത്തുകാർക്കും രാഷ്ട്രീയ നേതാക്കൾക്കും വേണ്ടി ശബ്ദമുയർത്താൻ തുടങ്ങിയിരിക്കുന്നു. ഇന്ത്യൻ ജനാധിപത്യവാദിയായ തിലകിൻെറ മേൽ ബ്രിട്ടീഷു കുറുക്കന്മാർ കല്പി ച്ച കുപ്രസിദ്ധമായ വിധി........ബോംബെയിൽ തെരുവു പ്രകടനങ്ങൾ ക്കും പണിമുടക്കിനും ഇടയാക്കിയിരിക്കുന്നു.........ഇന്ത്യയിലെ തൊഴി ലാളിവർഗം ബോധപൂർവമായ രാഷ്ട്രീയ ബഹുജന സമരത്തിലേക്കു് വള ന്നുകഴിഞ്ഞു" (ഈ വരികൾ ഇന്നു് ഇന്ത്യയിലെങ്ങും ഉള്ള പുരോഗമന വാദികൾക്കു് കാണാപാഠമാണെങ്കിലും ഡാങ്കെ ചൂണ്ടിക്കാണിക്കുന്നതു പോലെ അക്കാലത്തു് ഇഡ്യയിൽ ആർക്കും അറിയാൻ പാടില്ലായി രുന്നു. കാരണം ബ്രിട്ടീഷു ഭരണം അത്തരം പ്രതികരണങ്ങൾ ഇന്ത്യയിലെ ബഹുജനങ്ങളിൽ നിന്നു് മറച്ചു വച്ചിരുന്നു.)

അക്കാലത്തു് ഇൻഡ്യയിൽ ശരിയായ ഒരു തൊഴിലാളിപ്രസ്ഥാനം ഉടലെടുത്തിരുന്നില്ല. ഒന്നാം ലോക മഹായുദ്ധത്തിനുശേഷം ലോകവ്യാ പകമായും തൊഴിലാളി മുന്നേററം ഉണ്ടായതുപോലെ ഇൻഡ്യയിലും ഒരു വമ്പിച്ച വ്യതിയാനം തൊഴിലാളിരംഗത്തു് പ്രകടമായി, 1918–ൽ യുദ്ധം തീർന്നപ്പോൾ ലോകത്തിലുണ്ടായ തൊഴിലാളി മുന്നേററത്തെപ്പററി കേര ളത്തിലെ ആദ്യകാല ട്രേഡ്യൂണിയൻ നേതാക്കളിലൊരാളായ എൻ. സി. ശേഖർ വിവരിച്ചിരിക്കുന്നതു് തികച്ചും ശ്രദ്ധേയമാണു്.

"1918–ഓടുകൂടി പരിത:സ്ഥിതി ആകെ മാറി. ഒന്നാമത്തെ ലോക മഹായുദ്ധം അവസാനിച്ചു. രാജ്യമാസകലം പട്ടിണിയും ദാരിദ്ര്യവും വ്യാ പിച്ചു. വിലക്കയററം കൊടികുത്തിവാണു. അതോടൊപ്പം റഷ്യയിലും തുടർന്നു് ജർമ്മനി, ഹംഗറി എന്നീ രാജ്യങ്ങളിലും പൊട്ടിപ്പുറപ്പെട്ട രാഷ് ട്രീയ തൊഴിലാളിവർഗ വിപ്ലവത്തിൻെറ തീജ്വാലയും പരന്നു തുടങ്ങി. ലോകമാകെ വിപ്ലവാന്തരീക്ഷം നിറഞ്ഞു. ഇന്ത്യൻ രാഷ്ട്രീയ നഭോമണ്ഡ ലത്തിലും ചലനം സംഭവിച്ചു (തിരു:കയർ ഫാക്ടറി വർക്കേഴ്സ് യൂണി യൻ കനകജൂബിലി സുവനീർ–പേജ് 26).

1917–ൽ നടന്ന മഹത്തായ റഷ്യൻ വിപ്ലവത്തെയും തുടർന്നുള്ള ലോക സംഭവ വികാസങ്ങളെപ്പററിയുമാണു് എൻ. സി. ശേഖർ വിവരിച്ചിരി ക്കുന്നതു്. നെഹ്രുവിൻെറ ഭാഷയിൽ പറഞ്ഞാൽ ഇന്ത്യൻ തൊഴിലാളി വർഗത്തിൻെറ പ്രക്ഷീണമായ ശബ്ദത്തെ ജനങ്ങൾ ശ്രദ്ധിക്കുവാൻ തുടങ്ങി യതിനുള്ള കാരണം റഷ്യൻ വിപ്ലവമാണു്. അക്കാലത്തെ സമുന്നതന്മാ രായ ഇന്ത്യൻ ദേശീയ നേതാക്കന്മാരുടെ മുന്നണിയിൽ നിന്നവരാണു് ബാലഗംഗാധര തിലകനും ലാലാലജ്പത്റായിയും. ഇവർ രണ്ടുപേരും

റഷ്യൻ വിപ്ലവത്തെ തുടർന്നുള്ള ലോകതൊഴിലാളിവർഗ മുന്നേററത്തെപ്പററി ബോധവാന്മാരായിരുന്നു. അവർ ആ മുന്നേററത്തെ അനുകൂലിക്കുകയും ചെയ്തിരുന്നു. വിദേശത്തു താമസിച്ചിരുന്ന തിലകൻ 1919-ൽ തിരിച്ചുവന്നപ്പോഠം ബോംബെയിലെ തൊഴിലാളികഠം നൽകിയ സ്വീകരണത്തിൽ അദ്ദേഹം ഇങ്ങനെ പറഞ്ഞു.

"........നിങ്ങഠംക്ക് ജയിലറകളെ നേരിടേണ്ടി വരും. നിങ്ങളുടെ ശത്രു വിദേശ ഭരണമാണ്. പക്ഷെ നിങ്ങളുടെ ശക്തി മഹൽ ശക്തിയാണ്. ഹിന്ദുവോ മുസ്ലീമോ ക്രിസ്ത്യനോ ബ്രാഹ്മണനോ ആരായാലും തൊഴിലാളികഠം ഒന്നാണെന്ന കാര്യം നിങ്ങഠം എപ്പോഴും ഓർക്കണം. എപ്പോഴും നിങ്ങഠം യോജിച്ചു നിൽക്കണം. പാശ്ചാത്യ രാജ്യങ്ങളിൽ തൊഴിലാളികഠം സംഘടിച്ചു ഭരണാധികാരം ലഭിക്കാൻ ശ്രമിക്കുകയാണ്, ഉൽപാദനോപകരണങ്ങളുടെ ഉടമകളാകാൻ സമരം ചെയ്യുകയാണ്. (റഷ്യൻ വിപ്ലവവും ഇന്ത്യയും—എൻ. ഇ. ബലറാം—പേജ്-12). ലോകതൊഴിലാളി വിപ്ലവത്തിൻെറ സന്ദേശം മനസ്സിലാക്കിയ തിലകൻെറ വാക്കുകഠം ഇന്ത്യയിലെ തൊഴിലാളികഠം ചെവിക്കൊണ്ടു.

ഇന്ത്യയിലെ തൊഴിലാളികഠം സാമ്പത്തികാവശ്യങ്ങഠംക്ക് വേണ്ടിയും രാഷ്ട്രീയ സ്വാതന്ത്ര്യത്തിനു വേണ്ടിയും യുദ്ധാനന്തരം വമ്പിച്ച പണിമുടക്കു സമരങ്ങഠം നടത്തി. രാജ്യത്തുടനീളമുള്ള വ്യവസായ കേന്ദ്രങ്ങഠം പണിമുടക്കു സമരരംഗങ്ങളായി. ഇങ്ങനെ ഉയൻ പണിമുടക്കു സമരങ്ങളുടെ കാലഘട്ടത്തിലാണ് 1918-ൽ ഇദംപ്രഥമമായി തൊഴിലാളികളുടെ ഒരു ട്രേഡുയൂണിയൻ സംഘടന ഉടലെടുത്തതു്. അതു് മദ്രാസിലെ ബിന്നിമില്ലിലായിരുന്നു.

അംഗ രജിസ്റ്റർ, മുറ പ്രകാരമുള്ള വരിസംഖ്യ പിരിവ്, കണക്കു സൂക്ഷിപ്പ്, ജനറൽ ബാഡിയോഗങ്ങളും പ്രവർത്തിക സമിതി യോഗങ്ങളും നടത്തുന്ന പതിവ് ഇങ്ങനെ ക്രമപ്രകാരമുള്ള പ്രവർത്തനങ്ങഠം നടത്തുന്ന ഒരു ട്രേഡു യൂണിയനായിരുന്നു അതു്. അതിൻെറ നേതാവായ ബി. പി. വാഡിയയെന്ന സാമൂഹ്യ പ്രവർത്തകനെ ബിന്നി മില്ലുടമകളായ ബ്രിട്ടീഷു മുതലാളിമാർ വെറുതെ വിട്ടില്ല. അവർ കോടതിവഴിയുള്ള എതിർ നടപടികഠം സ്വീകരിച്ചു. ട്രേഡു യൂണിയൻ പ്രവർത്തനം നടത്തിയതിനു് കോടതി യൂണിയൻ പ്രവർത്തകർക്ക് ഏഴായിരം പവൻ പിഴ ചുമത്തിക്കൊണ്ടുള്ള വിധി പ്രസ്താവിച്ചു. നേതാവായ വാഡിയ യൂണിയൻ വിട്ടുപോവുകയാണെങ്കിൽ ആ വിധി നടപ്പാക്കാൻ തങ്ങഠം നിർബന്ധിക്കുകയില്ലെന്നു് ബിന്നി കമ്പനി മുതലാളിമാർ കോടതിയെ അറിയിച്ചുവത്രെ.

ബോംബെയിൽ ട്രേഡു യൂണിയനുകഠം സ്ഥാപിതമായതു് താമസിച്ചാണെങ്കിലും പണിമുടക്കു പ്രക്ഷോഭങ്ങളുടെ കാര്യത്തിൽ ബോംബെയാണ്

മുന്നിട്ടു നിന്നതു്. 1919-ൽ ഒന്നേകാൽ ലക്ഷം തൊഴിലാളികൾ തൊഴിൽ പ്രശ്നങ്ങളുടെ പേരിൽ പണിമുടക്കുകയുണ്ടായി. 1918-ൽ നടപ്പിലാക്കിയ "റൗലാററ് ആക്ടി"നെതിരായി ബോംബെ തൊഴിലാളി വർഗം ഒന്നടങ്കം പണിമുടക്കുകയും ദേശീയ വിമോചന സമരത്തിൻെറ നേതൃത്വത്തിൽ വരുകകയും ചെയ്തു. ഇതിനിടയിൽ മഹാത്മാഗാന്ധി അഹമ്മബാദിൽ ടെക്സ്റ്റൈൽ ലേബർ അസോസിയേഷനെന്ന പേരിൽ ഒരു സംഘടനയുടെ സ്ഥാപനത്തിനു് വഴിതെളിച്ചു. മഹാത്മജി തൻെറ സ്വന്തം കർമ്മ പരിപാടികളുപയോഗിച്ചു് അഹമ്മദബാദിലെ ടെക്സ്റ്റൽ തൊഴിലാളികളുടെ ആവശ്യങ്ങൾക്കു് വേണ്ടി സമരം നടത്തി. എന്നാൽ ഈ അസോസിയേഷൻ ഇന്ത്യയിലെ ഇതര തൊഴിലാളി സംഘടനകളിൽ നിന്നും വിട്ടകന്നു നിന്നാണു് പ്രവർത്തനം നടത്തിയതെന്നു് ട്രേഡു യൂണിയൻ ചരിത്രകാരന്മാർ ചൂണ്ടികാണിക്കുന്നുണ്ടു്.

ഇന്ത്യയിലെങ്ങും തൊഴിലാളി സമരങ്ങൾ വളർന്നു വന്നപ്പോഴാണു് 1920-ൽ അഖിലേന്ത്യാ ട്രേഡു് യൂണിയൻ കോൺഗ്രസ്സ് സ്ഥാപിതമാകുന്നതു്. ബോംബെ, യു.പി.; ബംഗാൾ, മദ്രാസ്, ആസ്സാം എന്നീ സംസ്ഥാനങ്ങളിൽ നിന്നുള്ള പ്രതിനിധികൾ ചേർന്നാണു് ഈ ട്രേഡു യൂണിയൻ കോൺഗ്രസ്സ് സംഘടിപ്പിച്ചതു്. അക്കാലത്തെ സുപ്രസിദ്ധനായ ഇടതുപക്ഷ കോൺഗ്രസ്സ് നേതാവായ ലാലാ ലജപത്റായി ഈ ട്രേഡു യൂണിയൻ കോൺഗ്രസ്സ് സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു. അദ്ദേഹത്തിൻെറ പ്രസംഗത്തിലെ ഒരു ഭാഗം താഴെ ചേർക്കുന്നു.

"സാമ്രാജ്യത്വവും പട്ടാള ദുഷ്പ്രഭുത്വവും മുതലാളിത്തം പ്രസവിച്ച രണ്ടു ശിശുക്കളാണു്........അവ തമ്മിൽ വലിയ വ്യത്യാസമില്ല. ഇതിനെതിരായ ഔഷധം അടുത്തകാലത്താണു് കണ്ടുപിടിച്ചതു്. ആ ഔഷധമാണു് സംഘടിത തൊഴിലാളി പ്രസ്ഥാനം. ലോകത്തിലെ മുഴുവൻ തൊഴിലാളികളുടെയും ലക്ഷ്യം ഒന്നാണെന്നു് യൂറോപ്പിലെയും അമേരിക്കയിലെയും തൊഴിലാളികൾ ഇപ്പോൾ മനസിലാക്കിയിരിക്കുന്നു. ഏഷ്യയിലെ തൊഴിലാളികൾ സംഘടിക്കുകയും സാർവദേശീയമായി യോജിക്കുകയും ചെയ്യുന്ന കാലം വരെ തങ്ങൾക്കു് മോചനമില്ലെന്നും അവർ മനസിലാക്കിയിരിക്കുന്നു. അതുകൊണ്ടു് ഇന്നു് നാം ആരംഭിക്കുന്ന പ്രസ്ഥാനം ദേശീയ പ്രാധാന്യമുള്ള ഒന്നു മാത്രമല്ല, ഇതിനു് സാർവദേശീയ പ്രാധാന്യം കൂടിയുണ്ടു്. ഇന്നു് ഇന്ത്യയിലെ തൊഴിലാളികൾ സാർവദേശീയ സാഹോദര്യത്തിൻെറ കണ്ണി കൂട്ടിഘടിപ്പിക്കുകയാണു്."

സ്വാതന്ത്ര്യസമരത്തിൻെറ മറെറാരു പ്രശസ്തനേതാവായ സി. ആർ. ദാസ് തൊഴിലാളികളുടെ സമരവും ഇന്ത്യൻ സ്വാതന്ത്ര്യസമരവും തമ്മിലുള്ള അഭേദ്യമായ ബന്ധത്തെ കുറിച്ചു് 1922-ൽ നടന്ന കാൺഗ്രസ്സ് സമ്മേളനത്തിലെ അദ്ധ്യക്ഷ പ്രസംഗത്തിൽ വ്യക്തമായി സൂചിപ്പിച്ചു.

പട്ടിണിപ്പാവങ്ങൾക്ക് ഭക്ഷണം കണ്ടുപിടിച്ചുകൊടുക്കുന്നതും ഒരു പ്രത്യേക ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന ജനവിഭാഗത്തിനു് നീതിലഭിക്കുവാൻ പരിശ്രമിക്കുന്നതും സ്വാതന്ത്ര്യം നേടുന്നതിനുള്ള പ്രവർത്തനത്തിൽ നിന്നു് വിഭിന്നമാകുന്നതെങ്ങനെയെന്നു് സി. ആർ. ദാസ്സ് സംശയാലുക്കളോടു് ചോദിച്ചു.

ഇങ്ങനെയുള്ള ദേശീയവും സാർവദേശീയവും ആയ സാഹചര്യങ്ങളിലാണു് തൊഴിലാളിലോകം ഇന്ത്യയിൽ വളർന്നു വന്നതും അഖിലേന്ത്യാ ട്രേഡുയൂണിയൻ കോൺഗ്രസ്സ് ഉടലെടുക്കുന്നതും.

ആ കാലഘട്ടത്തിലാണു് 1922 ഏപ്രിൽ മാസത്തിൽ കേരളത്തിലെ ആദ്യത്തെ തൊഴിലാളി സംഘടന ആലപ്പുഴയിൽ രൂപീകരിക്കുന്നതു്. ആ സംഘടനയുടെ പേരു് തിരുവിതാംകൂർ ലേബർ അസോസിയേഷനെന്നായിരുന്നു എന്നു് നേരത്തെ പറഞ്ഞുവല്ലോ. എമ്പയർ കയർ വർക്സിലെ ഒരു ജീവനക്കാരനും അക്കാലത്തു് ശ്രീനാരായണഗുരുവിന്റെയും ടി. കെ. മാധവന്റെയും മററും നേതൃത്വത്തിൽ നടന്നിരുന്ന സാമൂഹ്യപരിഷ്കരണങ്ങളിൽ വിശ്വസിച്ചിരുന്നയാളുമായ പി. കെ. ബാവ (വാടപ്പുറം ബാവ) യായിരുന്നു ഈ തൊഴിലാളി സംഘടനയുടെ സ്ഥാപകൻ.

## അദ്ധ്യായം രണ്ട്

# ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിൻെറ ആരംഭം

## 1922 – 1937

കേരളത്തിലെ ആദ്യത്തെ തൊഴിലാളി സംഘടനയായ തിരുവിതാംകൂർ ലേബർ അസ്സോസിയേഷൻെറ പ്രവർത്തനങ്ങളെക്കുറിച്ച് നല്ലൊരു വിവരണം തിരുവിതാംകൂർ കയർ ഫാക്ടറിവർക്കേഴ്സ് യൂണിയൻെറ കനകജൂബിലി സുവനീറിൽ അസ്സോസിയേഷൻെറ സിക്രട്ടറിയായിരുന്ന ശ്രീ. കെ. സി. ഗോവിന്ദൻ എഴുതി പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതു് ചരിത്രവിദ്യാർത്ഥികൾക്കും തൊഴിലാളി പ്രവർത്തകർക്കും തൊഴിലാളി പ്രസ്ഥാനത്തിൻെറ ബന്ധുക്കൾക്കും വലിയൊരു അനുഗ്രഹമാണെന്ന് അനുസ്മരിച്ചുകൊള്ളട്ടെ. ആലപ്പുഴയിൽ ഒരു തൊഴിലാളി സംഘടന രൂപീകരിക്കുന്നതിനായി 1922 ഏപ്രിൽ മാസത്തിൽ (1097 മീനം 18) ആലപ്പുഴയിലെ ഒരു സാമൂഹ്യപ്രവർത്തകനായ പി. എസ്സ്. മുഹമ്മദിൻെറ അദ്ധ്യക്ഷതയിൽ കണ്ടാകാരൻ കളപ്പുരയ്ക്കു വടക്കു വശം ആലുംമൂട്ടിൽ കേശവൻെറ വക വെളി സ്ഥലത്ത് ഒരു ആലോചനായോഗം വിളിച്ചുകൂട്ടി. ഈ യോഗം വിളിച്ചു കൂട്ടിയതിന്ന് അശ്രാന്തപരിശ്രമം നടത്തിയതു് വാടപ്പുറം ബാവയെന്നറിയപ്പെടുന്ന പി. കെ. ബാവായായിരുന്നു. കേരളത്തിലെ സംഘടിത തൊഴിലാളി പ്രസ്ഥാനത്തിൻെറ ചരിത്രം കുറിക്കുന്ന ഒരാൾക്ക് അതിൻെറ സ്ഥാപകനും ബാല്യത്തിൽ അതിനെ താലോലിച്ചു വളർത്തിയ ദേഹവുമായ പി. കെ ബാവയെ മറക്കുവാൻ സാധ്യമല്ല.

ആ യോഗത്തിൽ കുറേയധികം തൊഴിലാളികൾ സംബന്ധിച്ചിരുന്നു. ലേബർ യൂണിയൻ എന്ന നാമധേയത്തിൽ ഒരു തൊഴിലാളി സംഘം രൂപീകരിക്കുകയും ചെയ്തു. പ്രസിഡൻറായി ഡാക്ടർ ആൻറണിയെയും സിക്രട്ടറിയായി പി. കെ. ബാവയേയും ആണ്ട് തിരെഞ്ഞെടുത്തു്. നാലുമാസം കഴിഞ്ഞു കൂടിയ മറെറാരു പൊതുയോഗം സംഘ

ടനയുടെ പേരു് തിരുവിതാംകൂർ ലേബർ അസോസിയേഷൻ എന്നായിരിക്കണമെന്നു് തീരുമാനിച്ചു.

## അന്നത്തെ തൊഴിലാളിജീവിതം – ആലപ്പുഴയിലെ നില.

അന്നത്തെ തൊഴിലാളിജീവിതത്തെക്കുറിച്ചു് കേട്ടറിഞ്ഞ വിവരങ്ങൾ തൊഴിലാളിപ്രവർത്തകരായ കെ. സി. ഗോവിന്ദനും കെ. കെ. കുഞ്ഞനും. രേഖപ്പെടുത്തിയിട്ടുണ്ടു്.

1. തൊഴിലാളികളെ കൂലിയ്ക്കെടുക്കുമ്പോൾ ഓരോരുത്തർക്കും ദിവസക്കൂലി നാലണ കൊടുക്കും. ഒരു മാസം പരിശീലനകാലമാണു്. അതു കഴിഞ്ഞാൽ ജോലി ഏതാണ്ടു് പഠിക്കും. പിന്നീടു് അവർക്കു് പീസ്‌വർക്കു് അടിസ്ഥാനത്തിലാണു് കൂലി നൽകുന്നതു്.

2. നേരം വെളുക്കുന്നതിനു മുൻപു് തൊഴിലാളികൾ പണിസ്ഥലത്തു വന്നെത്തും. അഞ്ചും ആറും മൈൽ ദൂരെ നിന്നാണു് അധികം തൊഴിലാളികളും ഫാക്ടറിയിൽ വന്നു കൊണ്ടിരുന്നതു്. പലരും ചൂട്ടും കത്തിച്ചു കൊണ്ടു് പണികഴിഞ്ഞു വീട്ടിലേക്കു് മടങ്ങും.

3 ഓരോ തരം ജോലിക്കും മേൽനോട്ടം വഹിക്കുന്ന ആളിനെ മൂപ്പൻ എന്നാണു് വിളിക്കുക. മൂപ്പന്മാരാണു് ജോലിക്കു് ആളെ നിയമിക്കുന്നതു്. അവരാണു് ഫാക്ടറികളിലെ തൊഴിലാളികളുടെ "സർവ്വാധിപതികൾ". എല്ലാ തൊഴിലാളികളും നാനാവിധത്തിലും മൂപ്പന്മാർക്കു് വശംവദരായിരിക്കും. ശമ്പള ദിവസം ഓരോ തൊഴിലാളിയിൽ നിന്നും ഒന്നും രണ്ടും* ചക്രം വീതം "മൂപ്പുകാശു്" എന്ന പേരിൽ പിരിവു നടത്തുക മൂപ്പന്മാരുടെ അവകാശമത്രേ. **

4 നാട്ടിൻപുറങ്ങളിലും പട്ടണങ്ങളിലും ആരെങ്കിലും നാടകങ്ങളോ ഗുസ്തികളോ കൺട്രാക്ടു് എടുത്തു നടത്തുന്നതായാൽ കയർ ഫാക്ടറികളിലെ തൊഴിലാളികളുടെ മേൽ അവർ ആവശ്യപ്പെടാതെ തന്നെ മൂപ്പന്മാർ ടിക്കററുകൾ കെട്ടിയേല്പിക്കുക പതിവാണു്.

---

* ഒരു രൂപയ്ക്കു് ഇരുപത്തിയെട്ടര ചക്രം എന്നായിരുന്നു പഴയ കണക്കു്.

** കൊച്ചി പ്രദേശത്തും മൂപ്പന്മാരുടെ ഈ മൂപ്പു കാശു് ദുസ്സഹമായ ഒരു ഏർപ്പാടായിരുന്നു. കൊച്ചിത്തുറമുഖത്തിന്റെ പ്രാരംഭജോലികൾക്കായി മരാമത്തു പണികളാരംഭിച്ചപ്പോൾ ഇന്ത്യാക്കാരായ ഫോർമാന്മാർ (മൂപ്പന്മാർ) തൊഴിലാളികളുടെ കൂലിയിൽ നിന്നു് ഒരു ചെറിയ തുക പിടിച്ചെടുക്കുന്നതു് ശ്രദ്ധയിൽപ്പെട്ടുവെന്നു് സർ റോബർട്ടു് ബ്രിസ്റ്റോ "കൊച്ചിൻ സാഗാ" (Cochin Saga) എന്ന പ്രസിദ്ധ പുസ്തകത്തിൽ പ്രത്യേകം പ്രസ്താവിക്കുന്നുണ്ടു്. (പേജ്–103)

5 നിസ്സാര കററങ്ങൾക്കായി വലിയ തുകകൾ പിഴയായി തൊഴിലാളികളിൽ നിന്നു് മൂപ്പന്മാർ ഈടാക്കിയിരുന്നു. ചിലപ്പോൾ ഒരാഴ്ചത്തെ കൂലി പിഴയായി എടുക്കമായിരുന്നു.

6 നല്ല രീതിയിൽ വസ്ത്രധാരണം ചെയ്യുന്ന തൊഴിലാളിക്കു് ജോലി നിഷേധിക്കും. ലേബർ അസോസിയേഷന്റെ ജനയിതാവായ പി. കെ. ബാവ നല്ല രീതിയിൽ വസ്ത്രധാരണം ചെയ്തു ജോലിക്കായി തന്റെ പതിനെട്ടാമത്തെ വയസ്സിൽ ഡെറാസ്മയിൽ കമ്പനിയിൽ വന്നുവത്രേ. അന്നു് അവിടെ ജോലിക്കു് ആളെ നിയമിക്കുന്നതു് വണ്ടിസായ്പ് എന്നറിയപ്പെടുന്ന വെള്ളക്കാരനായിരുന്നു. ഒരു മാസം തുടരെ ചെന്നിട്ടും ജോലി കൊടുത്തില്ല. നല്ല വസ്ത്രം മാററി മോശപ്പെട്ട വസ്ത്രം ധരിച്ചു ചെന്നാൽ ജോലി കിട്ടുമെന്നു് മറെറാരാൾ പറഞ്ഞതനുസരിച്ചു് മുഷിഞ്ഞ മുണ്ടും തോർത്തും ധരിച്ചു് അദ്ദേഹം സായ്പിനെക്കണ്ടു് ജോലി ആവശ്യപ്പെട്ടു. അപ്പോഴാണു് ബാവയ്ക്കു ജോലി കിട്ടിയതു്.

7 ദിവസം 14 മണിക്കൂർ വരെ പണി ചെയ്യിക്കും. കൂലി പണമായി കൊടുക്കുകയേയില്ല. മൂപ്പൻമാരും മററുദ്യോഗസ്ഥന്മാരും തൊഴിലാളികളെ മർദ്ദിക്കും. ഫാക്ടറിയിലെ മർദ്ദനത്തിനു പുറമേ തൊഴിലാളികളെ പോലീസിനെക്കൊണ്ടും മർദ്ദിപ്പിക്കും.

8 തൊഴിലാളികളെക്കൊണ്ടു് ജോലി ചെയ്യിക്കുന്നതിനു് ഒരു നിയമം മാത്രമേ അന്നുണ്ടായിരുന്നുള്ളു—ബ്രിട്ടീഷു് ഗവണ്മെൻറ് നടപ്പാക്കിയിരുന്ന നിർബന്ധിത തൊഴിൽ നിയമം—അതനുസരിച്ചു് തൊഴിലാളികൾക്കു് യാതൊരു അവകാശവും ഉണ്ടായിരുന്നില്ല.

## ആദ്യത്തെ പണിമുടക്കം

മേൽ വിവരിച്ച സ്ഥിതിഗതികൾ തൊഴിലാളികൾക്കു് അസഹ്യമായി തോന്നിയതിനാൽ അവർ കാലക്രമേണ പ്രതിഷേധം പ്രകടിപ്പിച്ചുതുടങ്ങി. ആലപ്പുഴയിലെ തൊഴിലാളികളിൽ ഉദ്ദേശം 85 ശതമാനം ആളുകളും താമസിക്കുന്നതിനു് സ്വന്തമായി സ്ഥലം ഇല്ലാത്തവരായിരുന്നു. ഇവരിൽ ഒരു നല്ല ശതമാനം ആളുകൾ ഏതെങ്കിലും ജൻമിയുടെ പുരയിടത്തിൽ താമസിച്ചു വന്നിരുന്നു. അവരിൽ ചിലർക്കു് സ്വന്തമായി ഒരു വീടുണ്ടായിരിക്കും. മററു ചിലർ ജന്മികൾ കെട്ടിച്ചു കൊടുക്കുന്ന കുരകളിൽ താമസിക്കുന്നവരും. മറെറാരു ശതമാനം ആളുകൾ വാടക വീടുകളിൽ താമസിച്ചു. കുടികിടപ്പുകാർ വൃശ്ചികം-ധനു മുതൽ തങ്ങൾ താമസിക്കുന്ന പുരയിടത്തിലോ സ്ഥലം ഉടമസ്ഥനായ ജൻമിയുടെ മറേറതെങ്കിലും പുരയിടത്തിലോ ഉള്ള തെങ്ങുകൾക്കു് നനച്ചുകൊടുക്കണമെന്നായിരുന്നു ഏർപ്പാടു്. ഈ നിയമം തെററിക്കുന്നതായാൽ അവർ പുര പൊളിച്ചു

കൊണ്ടോ അല്ലാതെയോ പുരയിടത്തിൽ നിന്നും മാറിക്കൊടുക്കണം. നനക്കുന്നതിനു് മിക്ക ജൻമികളും കൊടുത്തു വരുന്ന പ്രതിഫലം വിചിത്രമായ ഒന്നാണു്. ആണ്ടിലൊരിക്കൽ ഒരു മുണ്ടു് വാങ്ങിച്ചു കൊടുക്കുന്നവരും നനയ്ക്കുന്നതിനുള്ള മൺകുടം മാത്രം വാങ്ങിച്ചു കൊടുക്കുന്നവരും ഇ വരിലുണ്ടായിരുന്നു. പ്രതിദിനമോ ഒന്നിടവിട്ട ദിവസമോ ഇരുന്നൂറോ മൂന്നൂറോ തുക്കു് വെള്ളം വീതം കോരി നനയ്ക്കുന്നതിനായി ജൻമിമാരിൽ ചിലർ കൊടുക്കുന്ന പ്രതിഫലം ഇത്തരത്തിലായിരുന്നു. ആദ്യകാലത്തു് വ്യവസായ ശാലകളിൽ ജോലിക്കു് പോകുന്ന തൊഴിലാളികൾ വെളുപ്പാൻ രാവിലെ മൂന്നും നാലും മണിമുതൽ തെങ്ങുകൾക്കു് നന തുടങ്ങിയിരുന്നു. എന്നാൽ മാത്രമേ അവർക്കു് കൃത്യ സമയത്തിനു് കമ്പനിയിൽ എത്താൻ കഴിയുമായിരുന്നുള്ളു. ഈ തൊഴിലാളികൾ ജോലി കഴിഞ്ഞു വീട്ടിൽ എത്തുന്നതു് രാത്രി പത്തോ പതിനൊന്നോ മണി സമയത്തായിരിക്കും. ഇതിനിടയിൽ അഞ്ചോ ആറോ മണിക്കൂർ സമയം മാത്രമേ അവർക്കു് കിട്ടുന്നുള്ളു. കുടുംബകാര്യങ്ങൾ, ദിനചര്യ, വിശ്രമം, ഉറക്കം മുതലായി അത്യാവശ്യം വേണ്ട കാര്യങ്ങൾക്കായി അവർക്കു് കിട്ടുന്ന സമയം ഇത്ര മാത്രമായിരുന്നു. *

ഇപ്രകാരം കമ്പനിയിൽ പണിക്കു് പോകുന്ന തൊഴിലാളികളിൽ പലർക്കും കമ്പനിയിൽ കൃത്യസമയത്തു് എത്തുവാൻ കഴിയുമായിരുന്നില്ല. അതു കൊണ്ടു് അവർക്കു് അന്നേ ദിവസം ജോലി കിട്ടുകയില്ലെന്നു് മാത്രമല്ല അടുത്ത ദിവസം അവരെ തൊഴിലുടമ ശിക്ഷിക്കുകയും ചെയ്തിരുന്നു.

ഡെറാസ്മയിൽ കമ്പനിയിലെ പ്രവൃത്തി സമയം രാവിലെ 6 മുതൽ വൈകുന്നേരം 6 വരെ ആയിരുന്നു. ഈ തൊഴിൽ സമയം അല്പം ഒന്നു് കുറവു് ചെയ്തു കിട്ടുന്നതിനായി തൊഴിലാളികളിൽ ഒരു വിഭാഗം ആഗ്രഹിച്ചു. എന്നാൽ അതു പുറത്തു പറയുവാൻ അവർക്കു ധൈര്യമുണ്ടായിരുന്നില്ല. മററു മാർഗമില്ലാത്തതിനാൽ ചില തൊഴിലാളികൾ ഇക്കാര്യത്തെപ്പററി ഒരാലോചന നടത്തി. അവർ മാനേജ്മെൻറിനെ സമീപിച്ചു് സങ്കടം പറയുവാൻ തീരുമാനിച്ചു. മാനേജ്മെൻറ് അവരുടെ സങ്കടം കേൾക്കുന്നതിനു പോലും സന്നദ്ധത കാണിച്ചില്ല. സങ്കടം

---

* ഈ തെങ്ങു നനയുടെ കാര്യം കഷ്ടം തന്നെ! 1905–കാലഘട്ടത്തിൽ ബോംബെയിലെ നില ഇതു പോലായിരുന്നു. വെളുപ്പിനു് അഞ്ചു മണിക്കു് ജോലി തുടങ്ങിയാൽ രാത്രി എട്ടര മണിവരെയായിരുന്നു ജോലി. ഇതിനിടയിൽ അരമണിക്കൂർ വിശ്രമം കിട്ടും. സ്ത്രീകൾക്കു് ഈ ഇടവേള നൽകിയിരുന്നില്ല. ഈ വിവരങ്ങൾ മി. കാൻജി ദ്വാരകദാസു് എഴുതി പ്രസിദ്ധീകരിച്ച "Forty five years with Labour" എന്ന പുസ്തകത്തിലുണ്ടു്. കേരളത്തിൽ ഇതിലും കഷ്ടമായിരുന്നല്ലോ നില !

പറയുവാൻ ചെന്ന തൊഴിലാളികളെ തന്റെ അടുക്കൽ നിന്നും ആട്ടിയോടിക്കുകയാണു വെള്ളക്കാരൻ മാനേജർ ചെയ്തതു്. അപമാനിതരായ തൊഴിലാളികൾ ഒന്നിച്ചു നിന്നു് മാനേജരുടെ ഈ നയത്തെ എതിർക്കാൻ തീരുമാനിച്ചു....

അടുത്ത ദിവസം നടന്നതിതാണു്;— തൊഴിലാളികൾ എല്ലാവരും പതിവില്ലാത്തവണ്ണം വളരെ നേരത്തെ കമ്പനി വാതുക്കൽ എത്തിച്ചേർന്നു. അവർ ചെറു സംഘങ്ങളായി കൂടി നിന്നുകൊണ്ടു് പലതും സംസാരിക്കുകയും ആലോചിക്കുകയും ചെയ്യുന്നുണ്ടായിരുന്നു. രാവിലെ ജോലിക്കാർ കമ്പനിയിൽ പ്രവേശിക്കണമെന്നു് ആജ്ഞാപിക്കുന്ന വിസിലിന്റെ നീണ്ട ശബ്ദം അവിടെങ്ങും തന്നെ മാറെറാലിക്കൊണ്ടു. എന്നാൽ ക്ലാർക്കുമാർ, മൂപ്പൻമാർ മുതലായവർ മാത്രമേ കമ്പനിയിൽ ഓടിക്കയറിയുള്ളു ........ അവർക്കു് അന്നു് തൊഴിലാളി യൂണിയനുണ്ടായിരുന്നില്ല. അതിനെപ്പററി അവർക്കു് ഒരു കേട്ടുകേഴ്വിപോലുമുണ്ടായിരുന്നില്ല. അവർക്കു് നേതൃത്വം കൊടുക്കുന്നതിനുള്ള നേതാക്കന്മാർ ആരുമുണ്ടായിരുന്നില്ല. *എന്നാൽ ഈ സംഭവത്തിന് ഏററവും വലിയ ചരിത്ര പ്രാധാന്യമുണ്ടായിരുന്നു. കാരണം 1907–ലെ വേനൽക്കാലത്ത് നടന്ന ഈ പണിമുടക്കം സമരധീരരായ ആലപ്പുഴ തൊഴിലാളികളുടെ ആദ്യത്തെ (പക്ഷെ കേരളത്തിലെ തന്നെ ആദ്യത്തെ) പണിമുടക്കമായിരുന്നു.* തുടർന്നു മാനേജർ, പണിമുടക്കിയ തൊഴിലാളികളിൽ ഏതാനും പേരെ വിളിക്കുകയും അവരോടു് സംസാരിക്കുകയും ചെയ്തു. വേലസമയം ദിവസം പ്രതി രണ്ടു മണിക്കൂർ വീതം—(പന്ത്രണ്ടു മണിക്കൂർ ആയിരുന്നു അന്നു ജോലിസമയം.) കുറവു ചെയ്തു കിട്ടണമെന്നു് തൊഴിലാളികൾ പറഞ്ഞു. തുടർന്നു വാദപ്രതിവാദം നടന്നു. തൊഴിലാളികൾ രാവിലെ ആറു മണിക്കു് കമ്പനിയിൽ പ്രവേശിക്കണം എന്നതു രാവിലെ ഏഴര മണിക്കു് പ്രവേശിച്ചാൽ മതി എന്നുള്ള തീരുമാനത്തിൽ തൊഴിലാളികളും മാനേജുമെന്റും എത്തിച്ചേർന്നു. ഈ തീരുമാനത്തെ എല്ലാ തൊഴിലാളികളും അംഗീകരിക്കുകയും അവർ പണിയിൽ പ്രവേശിക്കുകയും ചെയ്തു.

## കൂലിവെട്ടിക്കുറയ്ക്കലും വ്യാപകമായ പിരിച്ചുവിടലും.

ആദ്യത്തെ പണിമുടക്കം വിജയകരമായി തീർന്നുവെങ്കിലും പൊതുവേ വ്യവസായത്തിലുള്ള നില ഇതായിരുന്നില്ല. താൽക്കാലികമായ ചെറുത്തുനിൽപ്പുകൾ കൊണ്ടു് കാര്യമായ നേട്ടങ്ങളൊന്നുമുണ്ടാകാനിടയില്ലല്ലോ. അതുകൊണ്ടു് മുതലാളിമാരുടെ സ്വേച്ഛാപരമായ പ്രവൃത്തികൾ തുടർന്നുകൊണ്ടേയിരുന്നു. ഒന്നാം ലോകമഹായുദ്ധകാലത്തു് പല കമ്പനികളിലും കൂലി വെട്ടിക്കുറയ്ക്കലും വ്യാപകമായ പിരിച്ചുവിടലും ഉണ്ടായി.

അതിനെതിരായി തൊഴിലാളികൾ നടത്തിയ പണിമുടക്കങ്ങൾ പല കമ്പനികളിലും പൊളിഞ്ഞുപോയത്രെ. മാത്രമല്ല, ചെറുത്തു നിൽക്കുന്ന തൊഴിലാളികളെ കൂട്ടമായി പിരിച്ചുവിടുകയും ചെയ്തിരുന്നു. ഇതിനെ ഒററക്കെട്ടായി നിന്ന് എതിർക്കുന്നതിന് യാതൊരു സംഘടനയും തൊഴിലാളികൾക്കില്ലായിരുന്നു. കമ്പനിയുടമകൾ ആലപ്പുഴവിട്ട് വെറും ഗ്രാമങ്ങളിൽ കയർ കൊണ്ടുപോയി ഫാക്ടറിയിൽ ചെയ്യുന്ന വേലകൾ അവിടെ ചെയ്യിക്കുവാനായി കൺട്രാക്ടർമാരെ ഏർപ്പെടുത്തുകയും ചെയ്തു. അങ്ങനെ ഗ്ഡേക്കർ, ബോംബെ കമ്പനി, ആസ്പിൻവാൾ കമ്പനി തുടങ്ങിയ തൊഴിലുടമകൾ പട്ടണത്തിന് വെളിയിൽ തൊഴിൽ കേന്ദ്രങ്ങൾ തുടങ്ങുകയും പട്ടണത്തിലെ കൂലിനിരക്കിനേക്കാൾ കുറഞ്ഞ ഒരു കൂലിനിരക്കിൽ നാട്ടിൻപുറത്തെ പട്ടിണിപ്പാവങ്ങളെക്കൊണ്ട് ജോലി ചെയ്യിക്കുകയും ചെയ്തു.

തൊഴിലുടമകളിൽ നിന്നും ഇങ്ങനെ ദ്രോഹകരമായ നടപടികളുണ്ടായപ്പോൾ തൊഴിലാളികൾക്കിടയിൽ അവർക്കൊരു സംഘടന വേണമെന്ന അഭിപ്രായമുണ്ടായി. അങ്ങനെയാണ് 1922 ഏപ്രിൽ മാസത്തിൽ ആലപ്പുഴയിൽ മുൻപറഞ്ഞപോലെ ഒരു തൊഴിലാളിയോഗം പി. കെ. ബാവ വിളിച്ചുകൂട്ടിയതും തുടർന്ന് തിരുവിതാംകൂർ ലേബർ അസോസിയേഷൻ രൂപം കൊണ്ടതും.

ഈ കാലഘട്ടത്തിൽ കേരളത്തിലെ മററു കേന്ദ്രങ്ങളിലേയും വ്യവസായങ്ങളിലേയും നിലയെന്തായിരുന്നു എന്ന് നോക്കാം.

## കൊല്ലത്തെ ദാരുണമായ നില

കൊല്ലത്ത് ആദ്യമായി നിലവിൽവന്ന വ്യവസായങ്ങളിലൊന്നായിരുന്നു മേച്ചിലോട് നിർമാണം. ക്യാമറൂൺ എന്ന വെള്ളക്കാരനാണ് ഈ വ്യവസായം അവിടെ ആദ്യമായി തുടങ്ങുന്നത്. ഓട്ടു വ്യവസായത്തിലെ തൊഴിലാളികളുടെ ജീവിതവും തൊഴിൽ സൗകര്യവും അത്യന്തം ശോചനീയമായിരുന്നു. എച്ച് ആൻഡ് സി വകകമ്പനിയിൽ ഉച്ചക്കഞ്ഞി വച്ചു കുടിക്കുന്നതിന് തന്നെ തൊഴിലുടമ എതിരായിരുന്നു. കഞ്ഞി വേവിക്കാൻ ഫാക്ടറി വക വിറക് എടുത്തു എന്ന് പറഞ്ഞുകൊണ്ട് തൊഴിലുടമയായ വെള്ളക്കാരൻ കഞ്ഞിക്കലം തട്ടിയെറിഞ്ഞു. ഏതായാലും കുറേക്കഴിഞ്ഞു കഞ്ഞിവെയ്ക്കാൻ അനുവാദം കിട്ടി. അതിന് ഒരു സ്ഥലവും കിട്ടി. സ്ഥലം എവിടെയായിരുന്നെന്നോ? കക്കൂസിന് തൊട്ടടുത്ത്! കക്കൂസ് എന്നു പറയുമ്പോൾ ഇന്നത്തെ പരിഷ്കൃതമായ കക്കൂസ് ആണെന്ന് കരുതരുത്, ഒരു വലിയ കുഴി – അതിനു മുകളിൽ രണ്ടു പലക – ഇതായിരുന്നു കക്കൂസ്. കഞ്ഞി കുടിക്കാൻ പത്തു മിനിററ് സമയം ആവശ്യപ്പെട്ടപ്പോൾ അതു നൽകാൻ തൊഴിലുടമ തയ്യാറായില്ല. അത്രയും

സമയം അനുവദിച്ചു കിട്ടാൻ തൊഴിലാളികൾക്ക് സമരം ചെയ്യേണ്ടി വന്നു. ഈ സമരകാലത്തു് തൊഴിലാളികൾക്ക് നേതൃത്വം നൽകിയതു് കെ. ജി. ശങ്കറായിരുന്നു. അക്കാലത്തെ ഒരു മികച്ച ദേശീയവാദിയായിരുന്നു അദ്ദേഹം. കെ. ജി. ശങ്കറും കെ. പി. ദാമോദരൻ വക്കീലും കെ. പി. നാരായണനും മററും ചേർന്നു് കൊല്ലത്തെ ആദ്യത്തെ തൊഴിലാളി സംഘടന 1928 നോട് അടുപ്പിച്ചു് സ്ഥാപിച്ചു. അതിൻെറ പേരു കൊല്ലം ലേബർ യൂണിയൻ എന്നായിരുന്നു. ഒന്നാം ലോകമഹായുദ്ധകാലത്തു് എച്ച്. ആൻഡ് സിയിൽ തൊഴിലാളികൾ ഒരിക്കൽ സമരം നടത്തിയിട്ടുണ്ടെന്നു് ശ്രീകണ്ഠൻ നായർ അനുസ്മരിക്കുന്നുണ്ട്. എന്നാൽ അതിൻെറ വിശദവിവരങ്ങൾ ലഭിച്ചിട്ടില്ല. ഏതായിരുന്നാലും അക്കാലത്തു് തൊഴിലാളികൾക്ക് സംഘടനയൊന്നു മുണ്ടായിരുന്നില്ല.

കെ. ജി. ശങ്കർ തൊഴിലാളി രംഗത്തു് വരുന്നതിനു മുൻപു് തന്നെ 1925 ൽ തൊഴിൽ പ്രശ്നങ്ങളിൽ കൊല്ലം മുൻസിപ്പൽ ചെയർമാന്മാരായിരുന്ന ഡോ: എം. ആർ. ഗോവിന്ദപ്പിള്ളയും എം. ആർ. മാധവ വാര്യരും ഇടപെട്ടിരുന്നു എന്നു് ജനയുഗം ലേഖകനായ ശ്രീ ലക്ഷ്മണൻ ശേഖരിച്ച വിവരങ്ങളിൽ നിന്നറിയാൻ കഴിഞ്ഞിട്ടുണ്ട്. എം. ആർ, ഗോവിന്ദപ്പിള്ള 1925 മുതൽ 1927 വരെയും എം. ആർ. മാധവവാര്യർ 1927 മുതൽ 1930 വരെയും കൊല്ലം മുൻസിപ്പൽ ചെയർമാൻമാരായിരുന്നു. ഇവരിൽ ഡോ: ഗോവിന്ദപ്പിള്ള ആലപ്പുഴയിലെ തിരുവിതാംകൂർ ലേബർ അസോസിയേഷൻെറ 1929 ൽ കൂടിയ വാർഷിക യോഗത്തിൽ പങ്കെടുത്തിരുന്നു. തൊഴിലാളികളുടെ അവശതകൾ കാണിച്ചു മുതലാളിമാർക്ക് പരാതിയെഴുതിക്കൊടുക്കുകയും പരാതികളെപ്പററി തൊഴിലുടമകളുമായി സംസാരിക്കുകയും ആയിരുന്നു കൊല്ലത്തു് അക്കാലത്തു് നടന്ന തൊഴിലാളി പ്രവർത്തനം. കെ. ജി. ശങ്കറുടെ നേതൃത്വത്തിൽ തൊഴിലാളി പ്രവർത്തന രീതി കുറേക്കൂടി ഊർജ്ജസ്വലമായി. 1931 ൽ ജവഹറിലാൽ നെഹ്റു കൊല്ലം സന്ദർശിച്ചപ്പോൾ കെ. ജി, ശങ്കറായിരുന്നു സ്വീകരണ സംഘാദ്ധ്യക്ഷൻ. നെഹ്റു ബ്രിട്ടീഷുകാരുടെ ഭരണത്തെ നിശിതമായി വിമർശിച്ചു. കൊല്ലത്തെ തൊഴിലുടമകൾ അന്നു് ബ്രിട്ടീഷുകാരായിരുന്നു. ഈ പ്രസംഗം കേട്ടുകൊണ്ടിരുന്ന തൊഴിലാളികൾക്ക് അന്നുവരെ ബ്രിട്ടീഷുകാരായ തൊഴിലുടമകളോടുണ്ടായിരുന്ന അന്ധമായ ഭയഭക്തികൾക്ക് ഉലച്ചിലുണ്ടായി. തൊഴിലുടമകളുടെ സ്വേച്ഛാപരമായ പ്രവൃത്തികളെ എന്തുവന്നാലും സഹിക്കേണ്ടതാണെന്ന ധാരണയെപ്പററിയും ഒരു വീണ്ടു വിചാരമുണ്ടായി.

ആദ്യകാല തൊഴിലാളി നേതാവായ കെ. ജി. ശങ്കറുടെ നിസ്വാർത്ഥമായ ജീവിതത്തെപ്പററി പി. എൻ. കൃഷ്ണപിള്ള അനുസ്മരിക്കുന്നുണ്ട്. "ആ ദീപം പൊലിഞ്ഞു" എന്ന പേരിൽ പി. എൻ. കൃഷ്ണപിള്ള കെ. ജി. ശങ്കറെപ്പററി ഒരു ലേഖനം അദ്ദേഹം മരിച്ചപ്പോൾ എഴുതിയിരുന്നതായും അറിയാൻ കഴിഞ്ഞു. കെ. പി. നാരായണൻ തൻെറ സഹ

പ്രവർത്തകനായ കെ. ജി. ശങ്കരപ്പോലെ തൊഴിലാളി രംഗത്തു് അർപ്പണ ബോധത്തോടെ പ്രവർത്തിച്ച ഒരു മനുഷ്യസ്നേഹിയായിരുന്നു. പ്രവർത്തനം മൂലം അദ്ദേഹത്തിനു് സാമ്പത്തികമായ കഷ്ടപ്പാടുകൾ സഹിക്കേണ്ടിവന്നു. 1936 വരെ അദ്ദേഹം എച്ച്. ആൻഡ് സി സ്ഥാപനത്തിലെ തൊഴിലാളികളുടെ അസോസിയേഷന്റെ സെക്രട്ടറിയായിരുന്നു. പിന്നീട് ആ സ്ഥാനം കെ. സി. ഗോവിന്ദൻ ഏറ്റെടുക്കുകയുണ്ടായി.

## തോട്ടം വ്യവസായത്തിലെ സ്ഥിതി–ആദ്യകാലസംഘടനാശ്രമങ്ങൾ

തോട്ടം വ്യവസായം വളരെ നേരത്തെ തന്നെ കേരളത്തിൽ നിലവിൽ വന്നു എങ്കിലും തൊഴിലാളി സംഘടനകൾ വളരെ വൈകിയിട്ടാണ് രൂപീകൃതമാകുന്നതു്. 1930–ൽ മുണ്ടക്കയം കേന്ദ്രമാക്കി 'സൻമാർഗോദയം കൂലിവേലസംഘം' എന്ന പേരിൽ ഒരു തോട്ടം തൊഴിലാളി സംഘം രൂപീകരിച്ചതായി പരേതനായ ജോർജ് കാക്കനാടൻ അദ്ദേഹത്തിന്റെ ആത്മകഥയിൽ എഴുതിയിട്ടുണ്ട്. പക്ഷേ, തോട്ടം തൊഴിലാളികളുടെ ഒരു ട്രേഡ് യൂണിയൻ രൂപം കൊണ്ടതായോ സംഘടന കൊണ്ട് എന്തെങ്കിലും നേട്ടം കൈവരിച്ചതായോ അറിവില്ലെന്നു് കേരളത്തിലെ തോട്ടം തൊഴിലാളി പ്രസ്ഥാനം എന്ന ലേഖനത്തിൽ ആർ. രവീന്ദ്രൻ അഭിപ്രായപ്പെടുന്നു. തോട്ടം തൊഴിലാളികളുടെ വിഷമങ്ങളെക്കുറിച്ച് ആദ്യകാലം മുതൽ തിരുവിതാംകൂർ ലേബർ അസ്സോസിയേഷൻ ശ്രദ്ധിച്ചിരുന്നു. 1924 ഫെബ്രുവരിയിൽ അസ്സോസിയേഷൻ അച്ചടിച്ച് പ്രചരിപ്പിച്ചിരുന്ന ഒരു നിവേദനത്തിൽ തോട്ടം തൊഴിലാളികളുടെ ദയനീയാവസ്ഥയെക്കുറിച്ച പരാമർശിച്ചിട്ടുണ്ടായിരുന്നു.

തിരുവിതാംകൂറിന്റെ തലസ്ഥാനമായ തിരുവനന്തപുരം നഗരിയിൽ ഒരു തൊഴിലാളി സംഘടന രൂപമെടുക്കുന്നതു് തിരുവിതാംകൂർ ലേബർ അസ്സോസിയേഷൻ ആലപ്പുഴയിൽ രൂപംകൊണ്ടതിനു് ഒൻപതു് വർഷം ശേഷമാണത്രേ* 1931–ൽ തിരുവനന്തപുരം പ്രസ്സ്‌വർക്കേഴ്സ് യൂണിയൻ എന്ന ഒരു സംഘടന രൂപീകരിക്കപ്പെട്ടു. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ ഒരു പ്രവർത്തകനായ വി. അച്ചുതമേനോനായിരുന്നു അതിന്റെ പ്രസിഡന്റ്. പൊന്നറ ശ്രീധറും കരുക്കളും എൻ. സി. ശേഖറും കൂടിയാണ് ആ യൂണിയൻ സംഘടിപ്പിച്ചതു്. എസ്സ്. ററി. റെഡ്യാർ പ്രസ്സിലേയും കമലാലയം പ്രസ്സിലേയും തൊഴിലാളികളെയാണ് ഇവർ സംഘടിപ്പിച്ചതെന്നു് എൻ. സി. അനുസ്മരിക്കുകയുണ്ടായി. കൊച്ചിയി

---

* അവലംബം: എൻ. സി. ശേഖറുമായുള്ള അഭിമുഖസംഭാഷണം.

ല തൊഴിലാളി പ്രവർത്തനം കൊച്ചീതുറമുഖം കേന്ദ്രീകരിച്ച് തുടങ്ങിയെന്ന് ചില രേഖകളിൽ കാണുന്നു* തുറമുഖത്തൊഴിലാളികൾക്കിടയിൽ സംഘടന കെട്ടിപ്പടുക്കുന്നതിനുള്ള പരിശ്രമങ്ങൾ 1928 മുതൽ ആരംഭിച്ചതാണ്". ആദ്യമായി സംഘടനയിലേക്ക് വന്നതു് തോണിത്തൊഴിലാളികളായിരുന്നു. 1928–ൽ അവർ നടത്തിയ ധീരമായ പണിമുടക്കമായിരുന്നു ഇതിൻെറ ആരംഭം കുറിച്ചതു്. ഈ പണിമുടക്കത്തിനുള്ള കാരണം, കൊച്ചിയിലെ കപ്പൽ കമ്പനി ഉടമകൾ തോണിത്തൊഴിലാളികളുടെ കൂലി വെട്ടിക്കുറച്ചുവെന്നതാണ്. അതുവരെ വലിയ കപ്പലുകളെല്ലാം പുറം കടലിൽ തന്നെ കിടന്നിരുന്നു. പുറം കടലിൽ വച്ചായിരുന്നു കയററിറക്ക്. നൂറു ചാക്കിന് മൂന്നര രൂപയായിരുന്നു തോണിത്തൊഴിലാളികൾക്ക് കൂലി. രാത്രി പണിക്ക് മണിക്കൂറൊന്നിന് ആളൊന്നുക്ക് നാലണ ബത്തയുണ്ടായിരുന്നു. കപ്പൽ തുറമുഖത്തു കടന്നു ചരക്കിറക്കാൻ തുടങ്ങിയതോടുകൂടി തൊഴിലുടമകൾ കൂലി നേർ പകുതി കണ്ടു് വെട്ടിക്കുറച്ചു. അതായതു് നൂറു ചാക്കിന് മൂന്നര രൂപയായിരുന്നതു് ഒന്നേമുക്കാൽ രൂപയാക്കി. മാത്രമല്ല, രാത്രിയിലെ ബത്ത നിർത്തലാക്കുകയും ചെയ്തു. തൊഴിലാളികൾ ചെറുത്തു നിൽപ്പാരംഭിച്ചു. മുഴവൻ തോണിത്തൊഴിലാളികളും പങ്കെടുത്ത ഈ പണിമുടക്കം ആറു ദിവസം നീണ്ടു നിന്നു. അറസ്റ്റ് ചെയ്യുമെന്ന ഭീഷണിയുംപ്പെടെ എല്ലാം ഭീഷണികളും അധികൃതർ പ്രയോഗിച്ചു. പക്ഷെ, തൊഴിലാളികൾ മുട്ടുകുത്തിയില്ല. അവസാനം നൂറു ചാക്കിന് കൂലി മൂന്നര രൂപയാക്കി ഉയർത്താമെന്നും രാത്രിബത്ത കൊടുക്കാമെന്നും തൊഴിലുടകൾ സമ്മതിച്ചു. ഈ സമരത്തിൽക്കൂടിയാണ് തുറമുഖത്തൊഴിലാളികളുടെ ആദ്യത്തെ സംഘടന രൂപം കൊണ്ടതു്. അതിൻെറ പേരു് 'ദി കൊച്ചിൻ പോർട്ട് ലേബർ അസ്സോസിയേഷൻ' എന്നായിരുന്നു. യൂണിയൻ പ്രസിഡൻറ് മട്ടാഞ്ചേരിയിലെ പ്രമുഖ ഗുജറാത്തിക്കച്ചവടക്കാരുടെ വക്കീലായിരുന്നു. സെക്രട്ടറിയാകട്ടെ കൊച്ചിത്തുറമുഖത്തെ ഒരു പ്രധാന സ്റ്റീവ്ഡോറുടെ അനുജനും. അങ്ങനെ ഈ സംഘടന പേരിൽ പോർട്ട് ലേബർ അസ്സോസിയേഷനായിരുന്നെങ്കിലും യഥാർത്ഥത്തിൽ തോണിത്തൊഴിലാളികളുടെ പ്രത്യേക വിഭാഗീയ സംഘടനമാത്രമായി നില കൊണ്ടു.

## കോഴിക്കോട്ടെയും കണ്ണൂരിലെയും ആദ്യകാല സംഘടനകൾ

പഴയ മലബാർ പ്രദേശത്തെ വ്യവസായവത്ക്കരണം ബാസൽ മിഷൻ പ്രവർത്തനത്തോടുകൂടി 1873 മുതൽ ആരംഭിച്ചുവെങ്കിലും 1922- ൽ

---

* അവലംബം: കൊച്ചിൻ കാർഗോ ലേബർ യൂണിയൻെറ വാർഷിക റിപ്പോർട്ട്. 1955

ആലപ്പുഴ ലേബർ അസോസിയേഷൻ സ്ഥാപിക്കുന്ന കാലഘട്ടത്തിൽ അവിടെ തൊഴിലാളി സംഘടനകൾ നിലനിന്നിരുന്നു എന്നതിനു് രേഖകൾ കിട്ടിയിട്ടില്ല. മലബാറിലെ ആദ്യകാല ട്രേഡ്‌യൂണിയൻ ചരിത്രത്തിൽ വെളിച്ചം വീശുന്ന ചില വസ്തുതകൾ പി. നാരായണൻ നായർ സംക്ഷിപ്തമായി പ്രതിപാദിക്കുന്നുണ്ടു്*

മലബാറിൽ കോമൺവെൽത്തു് ട്രസ്റ്റ്‌വക ഫറോക്ക്, കോഴിക്കോട്ട് കണ്ണൂർ എന്നിവിടങ്ങളിലെ നെയ്ത്തു കമ്പനികളിലും ഓട്ടുകമ്പനികളിലുമാണു് ഒരു തരത്തിലുള്ള ട്രേഡ്‌യൂണിയനുകൾ ആദ്യമായി പ്രവർത്തിച്ചു തുടങ്ങിയതു്. ജർമ്മൻകാർ നടത്തിയിരുന്ന ഈ സ്ഥാപനങ്ങൾ ഒന്നാം ലോകമഹായുദ്ധത്തിൽ അവർ പരാജയപ്പെട്ടതിനെത്തുടർന്നു് ബ്രിട്ടീഷുകാർ പിടിച്ചടക്കി സ്വന്തം നടത്തിപ്പിൽ കോമൺവെൽത്തു് ട്രസ്റ്റായി രൂപാന്തരപ്പെടുത്തിയതാണു്. മലബാറിൽ ഭാരതസേവാസംഘം പ്രവർത്തകരായിരുന്ന സൂര്യനാരായണറാവുവും വി. ആർ. നായനാരുമാണു് ഈ ട്രേഡ്‌യൂണിയനുകൾക്കു് തുടക്കം കുറിച്ചതു്. തൊഴിലാളികളെ അകാരണമായി മർദ്ദിക്കുക, മലമൂത്രവിസർജ്ജനത്തിനു് സമയം അനുവദിക്കാതിരിക്കുക, കണ്ടമാനം പിരിച്ചുവിടുക—ഇതിനെല്ലാം എതിരായിട്ടാണു് അന്നത്തെ ട്രേഡ്‌യൂണിയനുകൾ ഇടപെട്ടിരുന്നതു്. 1933-നു മുമ്പു് കണ്ണൂരിലും കോഴിക്കോട്ടും ഉണ്ടായ ചില പണിമുടക്കങ്ങൾ വി. ആർ. നായനാരുടെ മദ്ധ്യസ്ഥത്തിലാണു് അവസാനിച്ചതു്. (പേജ് 164)

കേരളത്തിലെ ട്രേഡ്‌യൂണിയൻ പ്രസ്ഥാനത്തിൽ ഉന്നതമായ സ്ഥാനങ്ങൾ വഹിച്ചിട്ടുള്ള എൻ. സി. ശേഖർ, 1928-ലെ റെയിൽവേ പണിമുടക്കത്തിനുശേഷമാണു് മലബാർ പ്രദേശത്തു് തൊഴിലാളി സംഘടനകളെപ്പറ്റി ഒരു ബോധം ഉണ്ടായതെന്നു പറയുന്നു.**

1930-31 കാലഘട്ടത്തിൽ കോഴിക്കോട്ട് കോമൺവെൽത്തു് കോട്ടൺമില്ലിലും ഒലവക്കോട്ട്, പുതിയറ, തിരുനാവായ ടൈൽ ഫാക്ടറികളിലും കണ്ണൂരിലെ പവ്വർലൂം ടെക്സ്റ്റൈൽസ്‌കളിലും തൊഴിലാളികളുടെ പണിമുടക്കങ്ങൾ ഉണ്ടായിരുന്നു എന്നു് എൻ. സി. അനുസ്മരിക്കുന്നു. പക്ഷേ, ഇവ ഒന്നും തന്നെ ഒരു സംഘടനയുടെ പേരിലും ആയിരുന്നില്ല. തൊഴിലാളികൾ അസംഘടിതരായിരുന്നു. പണിമുടക്കിയതിനു ശേഷം അവർ കോൺഗ്രസ്സ് നേതാക്കളെ ക്ഷണിച്ചു വരുത്തുകയാണുണ്ടായതു്. യു. ഗോപാലമേനോൻ പ്രസിഡൻററായി കോമൺവെൽത്തു് ഉടമസ്ഥതയിലുള്ള കോട്ടൺമില്ലിൽ ഒരു യൂണിയൻ 1930-നു മുൻപു് ഉണ്ടായിരുന്നുവെന്നു് കോഴിക്കോട്ടെ ഒരു പഴയ ട്രേഡ്‌യൂണിയൻ പ്രവർത്തക

---

* അര നൂററാണ്ടിലൂടെ എന്ന ഗ്രന്ഥത്തിൽ. (പേജ് 164)

** എൻ. സി. ശേഖറുമായുള്ള അഭിമുഖസംഭാഷണത്തിൽ നിന്നു്.

നായ പി. കെ. ബാലകൃഷ്ണൻ അനുസ്മരിക്കുന്നു.* വി. ആർ. നായനാർ, ചെറുവണ്ണൂർ ഫറോക്ക് പ്രദേശത്തു് ഓട്ടു തൊഴിലാളികളുടെ ഒരു യൂണിയൻ സംഘടിപ്പിച്ചു കുറച്ചുകാലം പ്രവർത്തിച്ചിരുന്നുവെന്നു് അദ്ദേഹത്തിനു ഓർമ്മയുണ്ടു്. മുതലാളിമാരുമായി കൂടിയാലോചന നടത്തി എന്തെങ്കിലും ചില്ലറ ആവശ്യങ്ങൾ നേടിയെടുക്കാൻ പരിശ്രമിച്ചുവെന്നല്ലാതെ പ്രക്ഷോഭങ്ങളും സമരങ്ങളും അവരുടെ പരിപാടിയിൽ ഉൾപ്പെട്ടിരുന്നില്ലെന്നാണു് പി. കെ. ബാലകൃഷ്ണൻ വെളിപ്പെടുത്തിയതു്.

1927–മുതൽ കോഴിക്കോട്ടുള്ള കോമൺവെൽത്തു് വീവിംഗ് ഫാക്ടറിയിൽ ജോലിയുണ്ടായിരുന്ന ഉണ്ണീരിക്കുട്ടി വൈദ്യർ പറഞ്ഞതു്, 1931–ൽ കറാച്ചി കോൺഗ്രസ്സ് നടക്കുന്ന കാലഘട്ടത്തിൽ അവിടത്തെ യൂണിയന്റെ വൈസ് പ്രസിഡന്റ് സാമുവേൽ അറോണായിരുന്നുവെന്നാണു്. അമയങ്കരരൂപൻ എന്ന ഒരു തൊഴിലാളിയായിരുന്നു സെക്രട്ടറി. ഉണ്ണീരിക്കുട്ടി വൈദ്യർ ആ യൂണിയന്റെ എക്സിക്യൂട്ടീവ് മെംബർ ആയിരുന്നു. 1931–ൽ കൂലി വെട്ടിക്കുറച്ചതിനെതിരായി തൊഴിലാളികൾ 19 ദിവസം പണിമുടക്കി. 500 പേർ പണിമുടക്കത്തിൽ പങ്കെടുത്തിരുന്നു. ഐസക്പിള്ള എന്ന Y M C A സെക്രട്ടറിയുടെ മദ്ധ്യസ്ഥതയ്ക്കു ഈ തൊഴിൽത്തക്കം വിടാമെന്ന വ്യവസ്ഥയിലാണു് ഈ പണിമുടക്കം അവസാനിച്ചതു്. ഫാക്ടറി മാനേജർ ഫർലി എന്ന വെള്ളക്കാരൻ ആയിരുന്നു.

1928–ൽ കേരളത്തിലെ ആദ്യത്തെ റെയിൽവേ പണിമുടക്കത്തെക്കുറിച്ചു് പഴയ തൊഴിലാളി പ്രവർത്തകനും കോഴിക്കോട്ടെ മുൻ മേയറുമായ മഞ്ജുനാഥറാവു അനുസ്മരിക്കുന്നതു് ശ്രദ്ധേയമാണു്. റെയിൽവേ തൊഴിലാളികൾക്കു് കോഴിക്കോട്ടു് സംഘടിതമായ ഒരു യൂണിയനുണ്ടായിരുന്നില്ല. പി. കെ. ബാലകൃഷ്ണൻ, എ. കെ. ജി. എന്നിവരും ഈ റെയിൽവേ പണിമുടക്കത്തിൽ ശ്രദ്ധ കാണിച്ചിരുന്നു. എ. കെ. ജി, അന്നു് കോഴിക്കോട്ടെ ഒരു സ്കൂളിൽ ഒരദ്ധ്യാപകനായിരുന്നു.**

പിരിച്ചുവിട്ടവരെ തിരിച്ചെടുക്കുക, താണ വരുമാനക്കാരുടെ ശമ്പളം ഉയർത്തുക, റണ്ണിംഗ്സ്റ്റാഫിന്റെ വിഷമതകൾ പരിഹരിക്കുക തുടങ്ങിയ ആവശ്യങ്ങൾ അനുവദിക്കുന്നതിനു വേണ്ടിയാണു് തെക്കേ ഇന്ത്യയെ മുഴുവൻ പിടിച്ചു കുലുക്കിയ റെയിൽവേ പണിമുടക്കം ആരംഭിച്ചതു്. പണിമുടക്കിന്റെ മൂന്നാം ദിവസമാണു് ആ സമരം കേരളത്തിലേക്കു് വ്യാപിച്ചതു്. ദേശീയ പ്രവർത്തകന്മാരിൽ പലരും ആ സമരത്തെ സഹായിച്ചു. യു. ഗോപാലമേനോൻ (കോഴിക്കോട്ട്) കുറൂർ നമ്പൂതിരിപ്പാട്ട് (ഷൊർണ്ണൂർ) കെ. പി. ഗോപാലൻ (കണ്ണൂർ) എന്നിവരുടെ

* അവലംബം: പി. കെ. ബാലകൃഷ്ണനുമായുള്ള അഭിമുഖസംഭാഷണം.
** മഞ്ജുനാഥറാവുമായുള്ള അഭിമുഖസംഭാഷണം.

പേർ പ്രത്യേകം പ്രസ്താവ്യമാണ്. തിരുവനന്തപുരം, ഷൊർണൂർ, പാലക്കാട്ട്, കോഴിക്കോട്ട്, വടകര, തലശ്ശേരി, കണ്ണൂർ, മംഗലാപുരം തുടങ്ങിയ എല്ലാ സ്ഥലങ്ങളിലും പണിമുടക്കം വിജയകരമായിരുന്നുവെന്ന് ബലറാം അനുസ്മരിക്കുന്നു.* 1928 ജൂലൈ 31-ാം തീയതി മാതൃഭൂമി അതിന്റെ മുഖപ്രസംഗത്തിൽ ഇപ്രകാരമാണെഴുതിയത്.

"ഈ പ്രവൃത്തിമുടക്കങ്ങൾ തൊഴിലാളികളുടെയിടയിൽ അടുത്ത കാലത്തുണ്ടായിട്ടുള്ള ഉണർച്ചയുടേയും ആത്മബോധത്തിന്റേയും ഒഴിച്ചുകൂടാത്ത ഫലങ്ങളാണ്."

ഈ കാലഘട്ടത്തിനുശേഷം കോഴിക്കോട് പ്രദേശത്ത് ദേവദാർ മലബാർ റീ കൺസ്ട്രക്ഷൻ ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ ഫറോക്ക് കമ്പനികളിൽ ചില യൂണിയനുകൾ ഉണ്ടായിരുന്നതായി എ. കെ. ജി. തന്റെ ആത്മകഥയിൽ പരാമർശിക്കുന്നുണ്ട്. ഇവയുടെ പ്രധാന നേതൃത്വം വഹിച്ചിരുന്ന വി. ആർ. നായനാർ തന്റെ യൂണിയനുകളെ 1932 നു ശേഷം പി. കൃഷ്ണപിള്ള സംഘടിപ്പിച്ച കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടിയുടെ ആഭിമുഖ്യത്തിലുള്ള ട്രേഡ് യൂണിയനുമായി ലയിപ്പിച്ചുവെന്ന് ഈ. സി. ഭരതൻ അനുസ്മരിക്കുന്നു.**അക്കാലത്ത് നടന്ന കോഴിക്കോട് കോമൺവെൽത്ത് യൂണിയൻ പ്രവർത്തനം സംബന്ധിച്ച് പ്രസിഡന്റ് യു. ഗോപാലമേനോൻ നടത്തിയ സ്റ്റഡീ ക്ലാസ്സുകളിലും ഭരതൻ പങ്കെടുത്തിരുന്നു. കോമൺവെൽത്തിലെ തൊഴിലുടമ ഒരു വെള്ളക്കാരനായിരുന്നതിനാൽ തൊഴിലാളികളുടെ പ്രശ്നവും സ്വാതന്ത്ര്യപ്രശ്നവും ഒരുമിച്ചു ചേർത്താണ് മേനോൻ സംസാരിച്ചത്,

കണ്ണൂരിൽ ഇതേ കാലത്ത് കെ. കെ. സുബ്ബറാവുവിന്റേയും പി. വി. ചാത്തുനായരുടേയും നേതൃത്വത്തിൽ ഒരു തൊഴിലാളി യൂണിയൻ ഉണ്ടായിരുന്നു. അത് തിയോസഫിക്കൽ സൊസൈററിയുടെ പരിശ്രമം കൊണ്ട് ഉണ്ടായതാണെന്ന് അറിയുന്നു.***

## നാവികത്തൊഴിലാളികളുടെ ആദ്യകാല സംഘടന

ആലപ്പുഴയിലെ ലേബർ അസോസിയേഷൻ രൂപീകരിച്ചതിനു ശേഷം എട്ടുകൊല്ലം കഴിഞ്ഞാണ് ഈ നാവികത്തൊഴിലാളി സംഘടന

---

* അവലംബം: 'കേരളത്തിലെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം ആദ്യനാളുകളിലൂടെ'—ബലറാം.

** ഇ. സി. ഭരതൻ ഒരു പഴയ തൊഴിലാളി നേതാവും മുൻമേയറുമാണ്. ഇദ്ദേഹവുമായി നടത്തിയ അഭിമുഖ സംഭാഷണത്തിലാണ്, ഈ വിവരങ്ങൾ വെളിപ്പെടുത്തിയത്.

*** ടി. വി. കെ. യുടെ സഖാവ് എന്ന ഗ്രന്ഥം പേജ് 41

രൂപം കൊള്ളുന്നതു്. കൊല്ലവർഷം 1105 (1930) ലാണു് തിരുവിതാംകൂർ നാവികത്തൊഴിലാളി സംഘം ഉടലെടുത്തതു്. കനാൽ ജീവനക്കാരുടേയും ചൗക്ക സിൽ ബന്ധികളുടേയും മറ്റും നിരന്തരമായ ഉപദ്രവങ്ങൾക്കും ചൂഷണങ്ങൾക്കും വിധേയരായി കഴിഞ്ഞുവന്ന കേവുവള്ളത്തൊഴിലാളികൾക്കു് ഒരു സംഘടന ഉണ്ടായിരിക്കേണ്ടതു് ആവശ്യമായിരുന്നു. ഐക്യബോധമില്ലാത്ത നാവികത്തൊഴിലാളികളെ സംഘടിപ്പിക്കുക എന്നുള്ളതു് അക്കാലത്തു് വളരെ പ്രയാസമുള്ള ഒരു കാര്യമായിരുന്നു. മധുരക്കമ്പനിയുടെ ബാർജു് സർവ്വീസായിരുന്നു നാവിക തൊഴിലാളികളുടെ തൊഴിലില്ലായ്മക്കു് കാരണമെന്നു് മനസിലാക്കി അതു് നിറുത്താനുള്ള നടപടികളാണു് ആദ്യമായ് ആരംഭിച്ചതു്. ഒരു മെമ്മോറാണ്ടം വഴി ഗവണ്മെൻറിനെ സമീപിക്കാൻ തന്നെ അവർ തീരുമാനിച്ചു. മദ്ധ്യതിരുവിതാംകൂറിലെ കരുനാഗപ്പള്ളി താലൂക്കു് ഒരു നാവികത്തൊഴിലാളി കേന്ദ്രമാണു്. 1105 മീനം 16-ാം തീയതി പൊന്മന കാട്ടിൽ മേക്കതിൽ ക്ഷേത്രസന്നിധിയിൽ വച്ചു് ജി. രാമൻ മേനോൻെറ അദ്ധ്യക്ഷതയിൽ ഇദംപ്രഥമമായി ഒരു യോഗം വിളിച്ചുകൂട്ടി. മന്നത്തുപത്മനാഭനായിരുന്നു യോഗം ഉദ്ഘാടനം ചെയ്തതു്. കമ്പളത്തു ശങ്കുപ്പിള്ള ഡോ: എം. ആർ. ഗോവിന്ദപ്പിള്ള, മുല്ലശ്ശേരിൽ മാധവൻപിള്ള ഡോ: വി. വി. വേലുക്കുട്ടി അരയൻ, കെ. പി. നാരായണൻ, എ. കെ. നാരായണൻ തുടങ്ങിയവർ ആ യോഗത്തിൽ പ്രസംഗകരായി സംബന്ധിച്ചിരുന്നു. അവരെല്ലാം നാവികത്തൊഴിലാളികളുടെ ഒരു സംഘടന ഉടനെ രൂപീകരിക്കണമെന്നുള്ള അഭിപ്രായക്കാരായിരുന്നു.

ജി. രാമൻമേനോൻെറ നേതൃത്വത്തിൽ അയ്യായിരത്തിൽപ്പരം നാവികത്തൊഴിലാളികൾ ഒരു മെമ്മോറാണ്ടം 1105 മിഥുനം 5-ാംതീയതി (1930) ഭക്തിവിലാസത്തു വച്ചു് അന്നത്തെ ദിവാൻജി ആയിരുന്ന വി. എസ്സു് സുബ്രഹ്മണ്യഅയ്യർക്കു് സമർപ്പിച്ചതോടുകൂടിയാണു് സംഘത്തിൻെറ പ്രവർത്തനം ആരംഭിച്ചതു്. പൊന്മന വിളക്കുംമൂട്ടിനു് തെക്കു് വശമുള്ള ഒരു കെട്ടിടത്തിൽ സംഘം ഓഫീസ് സ്ഥാപിച്ചു പ്രവർത്തനങ്ങൾ തുടങ്ങി.*

## തിരുവിതാംകൂറിലെ കശുവണ്ടി തൊഴിലാളികളുടെ സ്ഥിതി

ആദ്യമായി യൂണിയൻ പ്രവർത്തനങ്ങളാരംഭിച്ച പ്രവർത്തകർക്കു് മുതലാളിമാരുടെ ഗുണ്ടാകളുടെ ഭീകരമായ മർദ്ദനങ്ങൾ ഏൽക്കേണ്ടിവന്നിട്ടുണ്ടു്. കൊല്ലത്തെ കശുവണ്ടിത്തൊഴിലാളിരംഗത്തെ ആദ്യകാലപ്രവർത്തകരായിരുന്ന കെ. പി. നാണു, എസ്സു്. പൊലിക്കാർപ്പു്,

---

* അവലംബം: തി. ക. ഫാ. വ. യൂണിയൻ പ്രസിദ്ധീകരിച്ച കനകജൂബിലിസുവനീർ എം. കെ. രാമൻെറ ലേഖനം

കെ. ചെല്ലപ്പൻ, സി. ഓ. മാത്യു തുടങ്ങിയവരെ ഫാക്ടറികളുടെ മുന്നിൽ വച്ച് അമേദ്യം കൊണ്ട് അഭിഷേകം ചെയ്ത സംഭവങ്ങളുണ്ടായിട്ടുണ്ട്. ഇങ്ങനെയെല്ലാമുള്ള അതിനീചമായ മർദ്ദനസംവിധാനങ്ങളെ അതിജീവിച്ചാണ് കരുത്തുററ ഒരു തൊഴിലാളിസംഘടന കശുവണ്ടിരംഗത്ത് പടുത്തുയർത്തിയത്."

അക്കാലത്തെ കശുവണ്ടിത്തൊഴിലാളികളുടെ ദയനീയമായ ചിത്രം എൻ. ഈ. ബലറാം, കെ. സി. മോഹനൻ തുടങ്ങിയ നേതാക്കന്മാർ വിവരിച്ചിട്ടുണ്ട്. കെ. സി. മോഹനൻ വിവരിക്കുന്ന കാര്യങ്ങൾ കേട്ടാൽ ഇന്നത്തെ തലമുറ നടുങ്ങിപ്പോകും. ഗർഭധാരണത്തിന്റെ ആദ്യഘട്ടങ്ങളിൽ സ്ത്രീകളിൽ പൊതുവിൽ കണ്ടുവരുന്ന 'വ്യാക്കേ്' എന്ന പ്രകൃതത്തിന് വിധേയമായി കല്ലും കട്ടകളോടുമൊപ്പം ഒന്നുരണ്ടുപരിപ്പുകളും കൂടി സ്ത്രീ തൊഴിലാളികൾ കഴിച്ചുപോയിട്ടുള്ള സന്ദർഭങ്ങളിൽ അവരെ കരികൊണ്ട് കോലം വരച്ച് ചുററുപാടും ആളിനെ നിർത്തി പാട്ടുകൊട്ടിച്ച് തെരുവിലൂടെ നടത്തി കശുവണ്ടി മുതലാളിമാർ രസിച്ചിട്ടുണ്ട്. അതുപോലെ തന്നെ തൊഴിലാളികളെ കൂട്ടി നിർത്തി പൃഷ്ഠഭാഗത്തെവസ്ത്രം നീക്കി തന്റെ ഏജൻറന്മാരെക്കൊണ്ട് തിരച്ചിവാൽകൊണ്ട് തല്ലിക്കുന്ന മുതലാളിമാരും അക്കാലത്തുണ്ടായിരുന്നു. ഗർഭിണികളായ സ്ത്രീകളെ രാവിലെ മുതൽ ജോലി അവസാനിക്കുന്നതു വരെ സ്റ്റൂളിന്റെ പുറത്തു കയററി നിർത്തുന്ന ശിക്ഷണസമ്പ്രദായവും അന്നു നിലവിലുണ്ടായിരുന്നു. ഇത്തരത്തിലുള്ള ശിക്ഷണസംവിധാനങ്ങൾ അന്ന് മുതലാളിമാരുടെ അവകാശമായി ഗണിച്ചുവന്നു*

കെ. സി. മോഹനൻ അനുസ്മരിക്കുന്ന ഈ ക്രൂരമായ പെരുമാററം 1937-ൽ പോലും മാറിയിരുന്നില്ല. അതിനുള്ള ഒരു തെളിവ് നമ്മുടെ തിരുവിതാംകൂർ നിയമസഭാ നടപടികളുടെ ഒരു റിക്കാർഡിൽ തന്നെ ഈയിടെ കാണാൻ കഴിഞ്ഞു. 1937 നവംബർ 30-ാം തീയതി ശ്രീ ചിത്രാലെജിസ്ലേററീവ് കൗൺസിൽ ശ്രീ. കൊച്ചീക്കൽ ബാലകൃഷ്ണൻ തമ്പി പുതിയ തൊഴിൽ നിയമ നിർമ്മാണങ്ങളെപ്പററി സംസാരിച്ച കൂട്ടത്തിൽ ഈ പെരുമാററത്തെപ്പററി പരാമർശിക്കയുണ്ടായി.

## കുതിരയെ അടിക്കുന്ന കവഞ്ചികൊണ്ട് അടിയ്ക്കുവാൻ നീയമമില്ലല്ലോ!

കശുവണ്ടി മുതലാളിമാർ തൊഴിലാളികളോട് പെരുമാറുന്ന രീതി കാണുമ്പോൾ തൊഴിലുടമകളെ കുതിരയെ അടിക്കുന്ന കവഞ്ചികൊണ്ട് അടിക്കാനുള്ള ഒരു വകുപ്പ് നിയമങ്ങളിൽ ഇല്ലല്ലോ എന്ന് താൻ ഖേദിച്ചു പോകുന്നെന്ന് മെംബർ ശ്രീ. കൊച്ചീക്കൽ ബാലകൃഷ്ണൻതമ്പി ഹൃദയം

* തിരുവിതാംകൂർ കയർ ഫാക്ടറി വർക്കേഴ്സ് യൂണിയന്റെ കനക ജൂബിലി സുവനീർ. കെ. സി. മോഹനന്റെ ലേഖനത്തിൽ നിന്ന്

നൊന്നു പറഞ്ഞുപോയി.* അതിനാൽ മോഹനൻ പറയുന്നതു് അതിശയോക്തിയല്ലെന്നു് വ്യക്തമാണു്. കശുവണ്ടിത്തൊഴിലാളികളുടെ ജീവിതത്തെപ്പററി കൗതുകകരമായ ഒരു കഥ കെ. സി. മോഹനൻ വിവരിക്കുന്നുണ്ടു്. വെളുപ്പാൻകാലത്തു് മൂന്നു മണിയോടെ ജോലികളാരംഭിച്ചാൽ രാത്രി 7 മണിക്കാണു് അവസാനിക്കുന്നതു്. കശുവണ്ടി ഫാക്ടറികളിൽ തോട്ടണ്ടി വറുക്കാൻ പോകുന്ന തൊഴിലാളികളെ കണ്ടു് അന്ധവിശ്വാസികളായ നിരവധിയാളുകൾ ഭയന്നു ബോധം കെട്ടുവീണ സംഭവങ്ങളുണ്ടായിട്ടുണ്ടു്. ശരീരമാകെ ചാക്കു കൊണ്ടു് വരിഞ്ഞുകെട്ടി, ഒരു കൈയിൽ അണ്ടി വറുക്കുന്നതിനുപയോഗിക്കുന്ന ശൂലം പോലൊരു ഉപകരണവും മറുകൈയിൽ ചൂട്ടുകറ്റയും വഹിക്കുന്ന ഭീകരവും ഭീമാകാരവുമായൊരു സത്വം! അതിനെ അനുധാവനം ചെയ്തു കൊണ്ടൊരു പററം സ്ത്രീകൾ! അവരങ്ങനെ രാത്രിയുടെ അവസാന യാമത്തിൽ യാത്ര ചെയ്യുമ്പോൾ കാണുന്നവർ ഭയന്നു ബോധം കെട്ടു വീഴുന്നതിൽ അത്ഭുതമുണ്ടോ? അന്നു് ഏററവും കുറഞ്ഞതു് പ്രതിദിനം 16 മണിക്കൂറെങ്കിലും ഈ തൊഴിലാളികൾക്കു് പണിയെടുക്കേണ്ടിവന്നിരുന്നു.

## അടിമകളെപ്പോലെ പണിയെടുത്ത തോട്ടം തൊഴിലാളികൾ

അടിമ സമ്പ്രദായത്തെ അനുസ്മരിപ്പിക്കുമാറു് കങ്കാണിമാർ എന്നറിയപ്പെടുന്ന മൂപ്പൻമാരുടെ കീഴിൽ കഴുതകളേയും കാളകളേയും പോലെ ലക്ഷക്കണക്കിനു് തോട്ടം തൊഴിലാളികൾ പ്രതിദിനം പന്ത്രണ്ടു് പതിമൂന്നു മണിക്കൂർ പണിയെടുത്തിരുന്നു. ജോലി വ്യവസ്ഥകളിൽ പ്രതിഷേധം കാണിക്കുന്ന തൊഴിലാളികളിൽ പലരേയും റബ്ബർപ്പുരകളിൽ വിറകിനോടൊപ്പം ഹോമിച്ചിട്ടുണ്ടെന്നു അറിയുന്നു.** ഏതെങ്കിലും തൊഴിലാളി മൂപ്പൻമാരുടെ ചവിട്ടേററു് മരിച്ചാൽ പിറേറ ദിവസം ആ പേരിൽ മറെറാരാൾ പ്രത്യക്ഷപ്പെടും. കേസ്സുകൾക്കു് തുമ്പുമുണ്ടാകാറില്ല.*** തിരുവിതാംകൂർ ലെജിസ്ലേററീവ് കൗൺസിലിൽ 1928 ഡിസംബർ 6-ാം തീയതി മെംബർ ററി. സി. കേശവപിള്ള തോട്ടം തൊഴിലാളികളുടെ നേർക്കുള്ള ഉടമകളുടെ പ്രവർത്തനത്തെ പരാമർശിച്ചതായി തെളിവുണ്ടു്. കൗൺസിലിലെ മറെറാരംഗമായ തരിയതു് കുഞ്ഞിത്തൊമ്മൻ, വിദേശിക

---

* ശ്രീചിത്രാ ലെജിസ്ലേററീവ് കൗൺസിലിലെ നടപടികൾ-വാല്യ XI-ഒന്നു മുതൽ അഞ്ചു വരെയുള്ള നമ്പറുകൾ,

** ആർ. രവീന്ദ്രൻ, തി. ക. ഫാ. വ. യൂണിയൻെറ കനകജൂബലി സുവനീർ.

*** കേരളത്തിലെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം ആദ്യനാളുകളിലൂടെ.... എൻ. ഇ. ബലറാം

ളായ തോട്ടമുടമകളെ ബാധിക്കുന്ന ഒരു പ്രമേയം അവതരിപ്പിച്ചിരുന്നതി നെക്കുറിച്ച് റ്റി. സി. കേശവപിള്ള അഭിപ്രായ പ്രകടനം നടത്തുകയാ യിരുന്നു. കുഞ്ഞിത്തൊമ്മൻെറ പ്രമേയം താഴെ ചേർക്കുന്നു:—

"അഞ്ചേക്കറിൽ കൂടുതൽ ഭൂമിയാതൊരു വിദേശികൾക്കും പതിച്ചുകൊ ടുക്കാൻ പാടില്ലെന്ന് ഈ കൗൺസിൽ ഗവൺമെൻറിനോട് ശുപാർ ചെ യ്യുന്നു." തുടർന്ന് റ്റി. സി. കേശവപിള്ള തൻെറ പ്രസംഗത്തിൽ ഇങ്ങനെ പറഞ്ഞു. "…. വടക്കൻ തിരുവിതാംകൂറിലെ വൻകിട തോട്ടമുടമസ്ഥൻ മാർ ചെയ്യുന്നതെല്ലാം ന്യായീകരിക്കുവാൻ ഞാനിതുകൊണ്ട് ഉദ്ദേശിക്കു ന്നില്ല,. അവർ കൂലിക്കാരോട് കാണിക്കുന്ന പെരുമാററം എനിക്കറി യാം. സർ, നാട്ടുകാരായ തോട്ടമുടമസ്ഥൻമാരും ഇക്കാര്യത്തിൽ മെച്ച മാണെന്ന് തോന്നുന്നില്ല. മലമ്പനി ധാരാളമായുള്ള പ്രദേശങ്ങളിൽ അശ രണരായി ഈ പട്ടിണിപ്പാവങ്ങളായ കൂലിക്കാർ കഴിയുന്നതു് കാണുന്നതു തന്നെ പരമദയനീയമായിരിക്കുന്നു…"*

അങ്ങനെ തോട്ടം വ്യവസായവും തോട്ടം തൊഴിലാളികളുടെ അവ സ്ഥയും ജനപ്രതിനിധികളുടെ ശ്രദ്ധ 1928—ൽ തന്നെ ആകർഷിച്ചിരുന്നു.

## തുറമുഖത്തൊഴിലാളികളുടെ നില

കൊച്ചിയിലേയും ആലപ്പുഴയിലേയും തൊഴിലാളികളുടെ സ്ഥിതി ആദ്യകാലത്തു് വളരെ ശോചനീയമായിരുന്നു. അന്നന്ന് പണിക്കു അന്ന ന്നു ചാപ്പകൊടുക്കുന്ന സമ്പ്രദായമായിരുന്നു കൊച്ചീത്തുറമുഖത്തിലെ ബത്ത ത്തൊഴിലിൽ ഉണ്ടായിരുന്ന നില. സ്റ്റീവ്ഡോർ പ്രസാദിച്ചാൽ ഒരു ചാപ്പ കിട്ടുമെന്നല്ലാതെ ഇന്ന് പണികിട്ടിയ ഒരു തൊഴിലാളിക്ക് നാളെ പണി കിട്ടുമെന്ന് ഒരു ഉറപ്പുമില്ലായിരുന്നു. കപ്പൽ കള്ളിയിൽ വച്ചാകട്ടെ പുറത്തു വച്ചാകട്ടെ, സ്റ്റീവ്ഡോർമാർക്ക് അഹിതമായി എന്തെങ്കിലും സംസാരിക്കുന്ന തൊഴിലാളിക്ക് പിന്നീട് കുറച്ചു നാളു ത്തേക്കു് പണി കിട്ടാതിരിക്കുക ഒരു സാധാരണ സംഭവമായിരുന്നു. വെളുപ്പിന് 4 മണിയോടുകൂടിത്തന്നെ തൊഴിലാളികൾ ചാപ്പകൊടുക്കുന്ന സ്ഥലത്തു് എത്തേണ്ടിയിരുന്നു. അതായതു് അവരവരുടെ വീട്ടിൽനിന്നും തൊഴിലാളികൾ വെളുപ്പിനു് രണ്ടു മണിക്കും രണ്ടരമണിക്കുമെല്ലാംപുറപ്പെ ടേണ്ടിയിരുന്നു. ആലപ്പുഴത്തുറമുഖത്താണെങ്കിൽ രാവും പകലും ജോലി ചെയ്തിരുന്ന തൊഴിലാളികൾക്കു് പെരുന്നാളിനും ഓണത്തിനും മാത്ര മാണ് കൂലി തീർത്തിരുന്നതു്. കൊടുക്കുന്ന കൂലിയെ സംബന്ധിച്ച് എന്തെങ്കിലും പരാതി പറഞ്ഞാൽ തൊട്ടു കൈയ്യു തന്നെ ചുട്ട അടി കൊ ടുത്തു് പറഞ്ഞുവിടാൻ മൂപ്പൻമാരുടെയും കോൺട്രാക്ടർമാരുടെയും ഗുണ്ട

---

* തിരുവിതാംകൂർ ലെജിസ്ലേററീവ് കൗൺസിൽ നടപടികൾ. വാല്യം 14—M. E. 1104–പേജ് 237

കരം കഴകൻമാരെപ്പോലെ ഓടി എത്തിയിരുന്നു. രാവും പകലും കപ്പലിൽതന്നെ കിടന്നു ജോലി ചെയ്തിരുന്ന ബത്ത തൊഴിലാളികൾക്ക് ചട്ടായിൽ (പനമ്പുകഷണം) ആണ് ആഹാരം കൊടുത്തിരുന്നത്. മൃഗങ്ങൾ പോലും തിന്നാൻ അറയ്ക്കുന്ന വൃത്തിഹീനമായ ആഹാരം തിന്ന് വയറിളക്കവും ഛർദ്ദിയും പിടിച്ചു പലരും ജോലി ഉപേക്ഷിച്ചുപോയിട്ടുണ്ട്. കോൺട്രാക്ടർമാരുടെയും മൂപ്പൻമാരുടെയും മൃഗീയമായ പെരുമാററം മൂലം സഹികെട്ട തൊഴിലാളികൾ സംഘടനയെപ്പററി ചിന്തിച്ചു.* 1105–ൽ അതായത് 1930–ൽ കെ. സി. രാമൻകുഞ്ഞിന്റെ മുററത്തുവച്ച് തൊഴിലാളികൾ ഒരു യോഗം കൂടുകയുണ്ടായി. പരേതനായ പി. എസ്. മുഹമ്മദ് ആയിരുന്നു ആ യോഗത്തിന്റെ അദ്ധ്യക്ഷൻ. തിരുവിതാംകൂർ ലേബർ അസോസിയേഷന്റെ ഒരു സബ്ഓഫീസ് അന്നു പോർട്ടിന്റെ പരിസരത്ത് പ്രവർത്തിച്ചിരുന്നു. അതിന്റെ പ്രവർത്തകൻമാരായ സഖാക്കൾ പി. കെ. പത്മനാഭൻ, കെ. കെ. കുഞ്ഞൻ തുടങ്ങിയവർ മേല്പറഞ്ഞ യോഗത്തിൽ പങ്കെടുത്തിരുന്നു. ആ യോഗത്തിൽ പങ്കെടുത്ത ഒരു തൊഴിലാളിയുടെ ആവശ്യം എപ്പോഴെങ്കിലും ഒന്ന് ഉറങ്ങാൻ അനുവാദം വാങ്ങിത്തരണം എന്നായിരുന്നുവത്രേ.

## കൊച്ചി രാജാവിന്റെ ഒരു കത്ത്

മലഞ്ചരക്ക് വ്യവസായത്തൊഴിലാളികളും ഓയിൽ മിൽ വ്യവസായത്തൊഴിലാളികളും ആലപ്പുഴയിലേയും കൊച്ചിയിലേയും പള്ളുരുത്തിയിലേയും പ്രധാനപ്പെട്ട ഒരു തൊഴിലാളി വിഭാഗമായിരുന്നു. ഓയിൽ മിൽ തൊഴിലാളികൾക്ക് പതിന്നാലു മണിക്കൂർ വരെ ജോലിചെയ്യണമായിരുന്നത്രെ. ചക്ക്, കട്ടറ വിഭാഗങ്ങളിൽ പണിയെടുത്തുകൊണ്ടിരുന്നവരെ പൂച്ചാക്കൽ, വടുതല, ഇടക്കൊച്ചി, പള്ളുരുത്തി എന്നിവിടങ്ങളിൽ നിന്നും മൂപ്പന്മാർ കൊണ്ടുവന്നതാണ് എന്ന് ഒരു തൊഴിലാളി പ്രവർത്തകനായ ഇ. വാസുദേവൻ അനുസ്മരിക്കുന്നു. മൂപ്പന്മാരുടെ ലായങ്ങളിൽ ഇവരെ കൂട്ടമായി പാർപ്പിച്ചു. ഒരു പായിൽ മൂന്നും നാലും തൊഴിലാളികൾ കിടന്നുറങ്ങണം. ലായങ്ങളിൽനിന്നും കൊടുക്കുന്ന കഞ്ഞിയും കപ്പയും കഴിച്ചു കൊള്ളണം.....കൂടാതെ മലഞ്ചരക്കു വ്യവസായങ്ങളിൽ ഏകദേശം ആയിരത്തിൽ പരം തൊഴിലാളികൾ പണിയെടുത്തു കൊണ്ടിരുന്നു. സ്ത്രീ തൊഴിലാളികളെക്കൊണ്ടുപോലും രാവും പകലും പണിയെടുപ്പിച്ചുകൊണ്ടിരുന്നു.**

---

* കൊച്ചിൻ കാർഗോ ലേബർ യൂണിയൻ 1955 ലെറിപ്പോർട്ടിൽ നിന്നും, തി. ക. ഫാ. വ. യൂണിയൻ കനകജൂബിലി സുവനീറിലുള്ള എൻ. കെ. ഗോപാലന്റെ ലേഖനത്തിൽ നിന്നും ശേഖരിച്ചിട്ടുള്ള വിവരങ്ങൾ.

** ഇ. വാസുദേവൻ — തി. ക. ഫാ. വ. യൂണിയൻ കനകജൂബിലി സുവനീർ 1972

പള്ളുരുത്തി ഭാഗത്തിലെ പക്ക് വിഭാഗത്തിൽ പണി ചെയ്തിരുന്ന ഒരു തൊഴിലാളി ചക്കിൽപെട്ട അരഞ്ഞു് മരിച്ചുപോയി. ഇതേ കുറിച്ച കൊച്ചി മഹാരാജാവിനു് ഒരു ഹർജി കൊടുത്തപ്പോൾ മഹാരാജാവിനു് ഒരു മറുപടി നൽകാൻ ദയവുണ്ടായി. തൊഴിലാളി മരിച്ചുപോയതിൽ അദ്ദേഹം ഖേദിക്കുന്നു. പക്ഷെ തൊഴിലാളിയുടെ കുടുംബത്തെ സഹായിക്കുന്നതിനു് ഇന്നത്തെ നിയമങ്ങളൊന്നും അനുവദിക്കുന്നില്ല എന്നായിരുന്നു അദ്ദേഹം നൽകിയ മറുപടിയെന്നു് ടി. എം. അബു അനുസ്മരിക്കുകയുണ്ടായി.*

## ചെത്തു തൊഴിലാളികളുടെ സ്ഥിതി

ചെത്തു തൊഴിലാളികൾ ഇന്നു് സുസംഘടിതരാണ്. എന്നാൽ പഴയ കാലത്തെ സ്ഥിതി അതായിരുന്നില്ല. ഷാപ്പുടമകളുടെയും എക്സൈസുകാരുടെയും ക്രൂരമായ മർദനങ്ങൾക്കു് അവർ വിധേയരാകേണ്ടി വന്നിട്ടുണ്ടെന്നാണു് സി. കെ. കേശവൻ പറയുന്നതു്. പിരിച്ചുവിടൽ, ഗുണ്ടാമർദ്ദനം, ചെത്തുപകരണങ്ങൾ ചുമപ്പിച്ചുകൊണ്ടു് തെരുവീഥിയിലൂടെ നടത്തിക്കുക തുടങ്ങിയ ഹീനമായ നടപടികൾ ഇവർക്കെതിരെ തൊഴിലുടമകളും ഭരണാധികാരികളും സ്വീകരിച്ചുപോന്നു. കള്ളളവു് കൊടുക്കുന്ന പാത്രം നിശ്ചയിക്കുന്നതു് ഷാപ്പുടമയാണു്. ഇരട്ടി അളന്നു കൊടുത്താൽപ്പോലും ഷാപ്പുടമയ്ക്കു തൃപ്തിവരികയില്ല. മഴക്കാലമായാൽ തൊഴിലാളി കൊണ്ടുചെല്ലുന്ന കള്ളിൽ വെള്ളമാണെന്ന വ്യാജേന ഒഴിച്ചു കളയും. അതിന്റെ വില തൊഴിലാളിയിൽനിന്നു് ഈടാക്കുകയും ചെയ്യും. (അവലംബം: കേരളാ സ്റ്റേററ് ചെത്തുതൊഴിലാളി ഫെഡറേഷൻ രജതജൂബിലി സുവനീർ 1977 പേജ് 19-20)

## പീടികത്തൊഴിലാളികൾ-
## ഒരു നിയന്ത്രണവുമില്ലാത്ത ജോലി

തൃശ്ശൂരിലെ പീടികത്തൊഴിലാളികൾക്കു് ഇന്നു് പ്രബലമായ ഒരു സംഘടനയുണ്ടു്. അവർ അവകാശങ്ങളെക്കുറിച്ചു തികച്ചും ബോധവാൻമാരുമാണു്. എന്നാൽ ആദ്യകാലങ്ങളിൽ അതായിരുന്നില്ല നില. രാവിലെ എട്ടൊൻപതു് മണിയോടുകൂടി പീടികകൾ തുറന്നാൽ അർദ്ധരാത്രി അടയ്ക്കുക എന്ന ഒരു തരം ക്രൂരവിനോദമാണു് മുതലാളിമാർ നടത്തി വന്നിരുന്നതു്. ഊണും ഉറക്കവും വിനോദവും വിശ്രമവും കഴിഞ്ഞു മുതലാളി പീടികയിൽ വന്നിരുന്നു കണക്കു് പരിശോധന കഴിയുമ്പോൾ സമയം അർദ്ധരാത്രിയാകും. അപ്പോഴാണു് ജോലി അവസാനിക്കുന്നതും പീടികകൾ പൂട്ടുന്നതും. പുലരുവോളം പീടികകൾ തുറന്നിരിക്കുന്ന ദിവസങ്ങളും

---

* ടി. എം. അബുവുമായുള്ള ഒരഭിമുഖ സംഭാഷണത്തിൽ നിന്നു്.

വിരളമല്ല. അക്കാലത്തെ പീടികത്തൊഴിലാളികളുടെ പിഞ്ചുമക്കാംക്കു പിതാവിനെ കാണാൻ കഴിഞ്ഞിരുന്നോ എന്നുള്ള കാര്യം സംശയമാണെന്നാണ് പീടികത്തൊഴിലാളി നേതാവായ കെ. എ. പോരം അനുസ്മരിക്കുന്നതു്.*

തൃശ്ശൂരിലെ മററു തൊഴിലാളികളുടെ, വിശേഷിച്ചും ഫാക്ടറിത്തൊഴിലാളികളുടെ നിലയും ഒട്ടും മെച്ചമായിരുന്നില്ല. 1939ൽ പോലും ഫാക്ടറികളിലെ സ്ത്രീത്തൊഴിലാളികാം പ്രവൃത്തിക്കു ശേഷം രാത്രിവരെ ഫാക്ടറിയിൽ കഴിയേണ്ടി വന്നിരുന്നു. തൊഴിലാളികാംക്കാണെങ്കിൽ അരക്കൂലിയും മുക്കാൽക്കൂലിയും കൊടുക്കുന്ന സമ്പ്രദായം അവിടെ ഉണ്ടായിരുന്നുവത്രേ.**സീതാറാംമില്ലിൽ അക്കാലത്തു് രണ്ടായിരത്തോളം തൊഴിലാളികാം ജോലിചെയ്തു വന്നിരുന്നു എന്നു് പി. എസ്സ്. നമ്പൂതിരി അനുസ്മരിക്കുന്നു. യഥേഷ്ടമായ പിരിച്ചുവിടീൽ ഒരു വിപത്തായിരുന്നു. മാനേജരുടെ വീട്ടിലെ കല്യാണത്തിനും മററടിയന്തിരങ്ങാംക്കും ദീപാവലിക്കും ശ്രീരാമ നവമിക്കും മററു പലതിനും തൊഴിലാളികാം പിരിവു കൊടുക്കണം. മെഷീൻെറ തേയ്മാനം തീക്കുന്നതിനെന്നു പറഞ്ഞു ഒരു ഉറുപ്പികക്കു രണ്ടണവീതം തൊഴിലാളികളിൽ നിന്നു് പിടിച്ചെടുക്കും. അങ്ങനെ സീതാറാം മില്ലിൽ ഒരു ഉറുപ്പിക എന്നു പറഞ്ഞാൽ 14 അണ എന്നായിരുന്നു അർഥം. (ഒരു രൂപയുടെ യഥാർത്ഥ വില 16 അണയാണു്.)***

## അക്കാലത്തെ കൂലി നിരക്കുകൾ

കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടി പത്രമായ 'പ്രഭാത'ത്തിൽ അക്കാലത്തു് പ്രസിദ്ധീകരിച്ചിരുന്ന ചില റിപ്പോർട്ടുകളിൽ നിന്നും മററും ശേഖരിക്കാൻ കഴിഞ്ഞ കൂലി നിരക്കുകാം താഴെ ചേക്കുന്നു.

| | | |
|---|---|---|
| 1 | തലശ്ശേരിയിലെ ബീഡിത്തൊഴിലാളികാംക്കു് ലഭിച്ചതു് | — 1000 ബീഡിക്കു് 5 അണ |
| 2 | ചക്കരച്ചെത്തുകാർക്കു് | — ദിവസക്കൂലി മൂന്നണ നാലു പൈസ |
| 3 | നെയ്ത്തുകാക്കു് | — വാരത്തു 4 പൈസ |
| 4 | ചെത്തു തൊഴിലാളി (മുകുന്ദപുരം) | — ഒൻപതണ |

* തൃശ്ശൂർ ചുമട്ടു തൊഴിലാളി യൂണിയൻ ആൻഡ് ഷോപ്സ് എംപ്ലോയീസ് അസോസിയേഷൻ വാർഷികാഘോഷ സുവനീർ 1971. പേജ്–6.

** 1939 ജൂലൈ മാസത്തിലെ തൃശ്ശിവപേരൂർ ജനറൽ ഫാക്ടറി വർക്കേഴ്സ് യൂണിയൻ അർദ്ധവാർഷിക റിപ്പോർട്ട്

*** പ്രഭാതം–1939 ആഗസ്റ്റ് 21.

5 കോഴിക്കോട്ട് തുറമുഖത്തൊഴിലാളിക്ക് — ഒരു ടൺ സാധനം കയററുകയോ ഇറക്കുകയോ ചെയ്യുന്നതിന് 9 പൈസ

6 കരിങ്കൽത്തൊഴിലാളിക്ക് കൂലി — വാരമൊന്നിന് ഒൻപതണ

7 ആലാത്തു പിരിതൊഴിലാളി (കൊച്ചി) (കയർമാടുന്ന സ്ത്രീ തൊഴിലാളിക്ക്) — മൂന്നണ ഒരു പൈസ

8 കൊല്ലം ഓട്ടു വ്യവസായത്തിലെ തൊഴിലാളികൾക്കുള്ള ഏററവും കൂടിയ കൂലി — 10 ചക്രം. (1931–32–ൽ)

ഈ കൂലി നിരക്കുകൾ അന്നത്തെ ജീവിത നിലവാരം വച്ചു നോക്കുമ്പോൾ വളരെയേറെ അപര്യാപ്തമായതിനാലാണ് കുറഞ്ഞ കൂലി 8 അണ (അര രൂപ) എന്ന മുദ്രാവാക്യം 1939 മേയ്ദിനം കൊണ്ടാടുമ്പോൾ തൊഴിലാളികൾ മുഴക്കിയത്. തൊഴിലാളി നേതാവായ സുഗതൻ സാർ പട്ടിണിക്കൂലിക്കു വേണ്ടി പണിയെടുക്കുന്ന തൊഴിലാളിയെപ്പററി ഇങ്ങനെ എഴുതി.

"പട്ടിണിച്ചൂടേററ രക്തത്തെ വററിച്ച്
ചട്ടററ നാണ്യങ്ങളാക്കി മാററി
തട്ടിപ്പുകാരായ മൂലധനക്കാർക്ക്
പെട്ടിയിലാക്കിക്കൊടുക്കുവാനായ്"

കഷ്ടപ്പെടുന്ന തൊഴിലാളികളെക്കുറിച്ചാണ് സുഗതൻസാർ 'വെൽവൃതാക' എന്ന കവിതയിൽ ഇപ്രകാരം എഴുതിയത്. മൃഗീയവും ദുസ്സഹവുമായ ഈ തൊഴിൽ സാഹചര്യങ്ങളെ അടിമകളെപ്പോലെ സഹിക്കുവാൻ ഹതഭാഗ്യരായ തൊഴിലാളികൾ തയ്യാറായിരുന്നുവെങ്കിലും ചിലപ്പോൾ അവരുടെ ക്ഷമകെട്ടു ഒരതിരുണ്ടായിരുന്നുവെന്നു തോന്നുന്നു. അതിൽ ഒന്നു രണ്ടു സംഭവങ്ങൾ പറയാം. കുമ്പഴ എസ്റ്റേററിൽ തൊഴിലാളികളെ മർദ്ദിക്കുകയും മർദ്ദിപ്പിക്കുകയും ചെയ്യുന്ന വെള്ളക്കാരനായ സൂപ്രണ്ടു ഒരിക്കൽ റബ്ബർ പാൽ സംഭരിക്കുന്ന തൊട്ടിക്കു സമീപം നിന്നു തൊഴിലാളികളെ ശകാരിക്കുകയും മർദ്ദിക്കുകയും ചെയ്തു. സഹികെട്ട തൊഴിലാളികൾ സായ്പിനെ പൊക്കിയെടുത്തു റബ്ബർപാൽ നിറഞ്ഞു കിടന്ന തൊട്ടിയിലേക്ക് എറിഞ്ഞുവത്രെ. തുടർന്നു കങ്കാണിമാരും സായ്പിൻെറ മററു സിൽബന്തികളും തൊഴിലാളികളെ വേട്ടയാടി. പലരും ഒളിച്ചോടി രക്ഷപ്പെട്ടു.*

---

* ആർ. രവീന്ദ്രൻ—തി. ക. ഫാ. വ. യൂണിയൻ, കനകജൂബലി സുവനീർ.

ഇതു പോലെ കൊല്ലത്തും ഒരു സംഭവം നടന്നു. കൊല്ലത്തെ ആദ്യ വ്യവസായിയായിരുന്ന ക്യാമറോൺ സായ്പിന്റെ കീഴിൽ ജോലി ചെയ്തിരുന്ന ഓട്ടു വ്യവസായത്തൊഴിലാളികളായിരുന്നു കഥാനായക ന്മാർ. അവരനുഭവിച്ച ദുരിതങ്ങൾ മറ്റൊരിടത്തു് പറഞ്ഞിട്ടുണ്ടല്ലൊ. അവർക്കു് കിട്ടിയ കൂടിയ കൂലി പത്തു ചക്രമായിരുന്നു. (കാൽരൂപ ഏതാണ്ടു് ഏഴ് ചക്രമായിരുന്നു—രൂപയ്ക്കു് 28 ചക്രം എന്ന കണക്കായിരുന്നു) മുതിർന്നവർക്കു് ഒരു ചക്രവും കുട്ടികൾക്കു് അരച്ചക്രവും (എട്ടുകാശു്) കൂടി കൂലിക്കൂടുതലായി അവർ ആവശ്യപ്പെട്ടു. സമരത്തിനു് നേതാവില്ല, നോട്ടീസില്ല, യൂണിയനില്ല, സത്യാഗ്രഹമില്ല—ദുശാഠ്യം പിടിച്ചു കൊണ്ടു് കൂലി കൂട്ടില്ലെന്നു് പറഞ്ഞ സായ്പിന്റെ കാർ പൊക്കിയെടുത്തു മറിച്ചു് താഴെ ഇട്ടുകൊടുത്തു. മറ്റൊരിക്കൽ "ഹാലൻ" എന്ന സായ്പിന്റെ കാർ കൊളമ്പി മേസ്ത്രിയുടെ നേതൃത്വത്തിലാണു് പൊക്കിയെടുത്തതു്. ചുരുക്കത്തിൽ ഇങ്ങനെയുള്ള സമര മുറകൾ ചിലപ്പോൾ വിജയിച്ചിട്ടുണ്ടു്. അങ്ങനെ അവർ കൂലി കൂടുതൽ നേടിയെടുത്തുവെന്നാണു് റിപ്പോർട്ടു്.*

കേരളത്തിലെന്നല്ല ഇന്ത്യയിൽ പലയിടങ്ങളിലും ലോകത്തു തന്നെ പല വ്യവസായിക രാജ്യങ്ങളിൽ തന്നെയും ആദ്യകാലത്തു് തൊഴിലാളികൾ ഇങ്ങനെയുള്ള സമരമുറകൾ ഗത്യന്തരമില്ലാതെ ചെയ്തു പോന്നിട്ടുണ്ടു്. ഇംഗ്ലണ്ടിലെ ലഡൈറ്റ്ഡാറ് (Luddite) ലഹള ചരിത്ര പ്രസിദ്ധമാണു്. എന്നാൽ ഐക്യബോധത്തിന്റെയും സംഘടനയുടെയും ശക്തി മനസിലാക്കിക്കൊണ്ടു് കേരളത്തിലെ തൊഴിലാളിവർഗം സംഘടിച്ചു് ശക്തരായി മുന്നേറിയ വസ്തുതകളിനി പറയാം.

## സംഘടനയുടെ മാർഗം സ്വീകരിക്കുന്നു

കേരളത്തിലെ തൊഴിലാളിവർഗം ഈ വിഷമതകളിൽ നിന്നു് കരകയറുവാനും ന്യായമായ കൂലിനിരക്കും മെച്ചമായ ജോലിവ്യവസ്ഥകളും നേടിയെടുക്കുന്നതിനും തക്ക മാർഗമന്വേഷിച്ചു. ഈ നൂററാണ്ടിന്റെ ആദ്യകാലം മുതൽ "സംഘടിച്ചു ശക്തരാകുവിൻ" എന്ന ഒരു മുദ്രാവാക്യം ശ്രീനാരായണഗുരു സാമൂഹ്യപരിഷ്ക്കരണത്തെ ലക്ഷ്യമാക്കി ശിഷ്യഗണങ്ങളോടു് ഉപദേശിച്ചിരുന്നു. അതു് കേരളത്തിലെ ബഹുജനബോധത്തെ ഗണ്യമായ തോതിൽ സ്വാധീനിച്ചിരുന്നു സംഘടനയുടെ മാർഗം സ്വീകരിച്ചപ്പോൾ തൊഴിലാളിവർഗം കേശവദേവിന്റെ ഭാഷയിൽ പറഞ്ഞാൽ 'ഒരു നിവേദക സംഘ'ത്തിന്റെ പ്രവർത്തനരീതിയായിരുന്നു ആദ്യം സ്വീകരിച്ചതു്. എൻ. സി ശേഖർ പറയുന്നതു് കേരളത്തിലെ

---

* ജനയുഗം ദിനപ്പത്രത്തിന്റെ കൊല്ലം ലേഖകനായ ശ്രീ. ലക്ഷ്മണൻ ശേഖരിച്ചു തന്ന വിവരങ്ങളിൽ നിന്നു്.

ആദ്യതൊഴിലാളി സംഘടനയായ തിരുവിതാംകൂർ ലേബർ അസോസിയേഷൻ സഹജീവിസ്നേഹികളും പരോപകാരതല്പരരുമായ ചില വ്യക്തികളുടെ ഒരു സാമൂഹ്യസംഘടന മാത്രമായിരുന്നു എന്നാണ്. അവർക്ക് വർഗസമരതത്വങ്ങൾ അജ്ഞാതങ്ങളായിരുന്നുവത്രേ. എൻ. ഇ. ബലറാം പറയുന്നത് മുതലാളിത്തവ്യവസ്ഥയെക്കുറിച്ച് അന്നത്തെ തൊഴിലാളി സംഘടനകൾക്ക് വേണ്ടത്ര ബോധം ഉണ്ടായിരുന്നില്ലെന്നാണ്. അവർക്ക് മുതലാളിത്ത സമ്പ്രദായത്തോട് എതിർപ്പ് ഇല്ലായിരുന്നുവത്രേ. * ഉദാഹരണത്തിന് തിരുവിതാംകൂർ ലേബർ അസോസിയേഷന്റെ ചില ആദ്യകാല പ്രവർത്തനങ്ങൾ പരിശോധിക്കാം.

1. തൊഴിലാളികളിൽ നിന്നും ചെറിയ തുകകൾ പിരിച്ച് ഒരു ഫണ്ട് രൂപീകരിക്കുക എന്നതായിരുന്നു ഒരു പരിപാടി. ഈ ഫണ്ട് വിനിയോഗിച്ച് തൊഴിലാളി സംഘടനയെയും അതുകൊണ്ടുള്ള പ്രയോജനങ്ങളെയും വിവരിച്ച് പ്രതിമാസം ലഘുലേഖകൾ അച്ചടിപ്പിച്ച് വിതരണം ചെയ്തുകൊണ്ടിരുന്നു.

2. ആതുര ശുശ്രൂഷയ്ക്കുവേണ്ട ഏർപ്പാടുകൾ അസോസിയേഷൻ ഫണ്ടിൽ നിന്ന് ചെയ്തുകൊടുത്തുവന്നു. ഒരു വായനശാലയും അസോസിയേഷൻ വകയായി നടത്തിവന്നു.

a) തോട്ടക്കാർക്കും ജന്മികൾക്കും അനുവദിച്ചിട്ടുള്ളതുപോലെ തൊഴിലാളികൾക്കും നിയമസഭയിലും പ്രജാസഭയിലും പ്രാതിനിദ്ധ്യം നൽകണമെന്ന് പ്രമേയം പാസാക്കി.

b) അയിത്തോച്ചാടനം ഒരു രാജകീയ വിളംബരം മൂലം സാദ്ധ്യമാക്കുക എന്ന പ്രമേയം പാസാക്കി.

c) പ്രാഥമിക വിദ്യാഭ്യാസം നിർബന്ധിതമാക്കിത്തീർക്കുക എന്ന പ്രമേയം പാസാക്കി.

d) സ്കൂളുകളിൽ ഉള്ളതുപോലെ തൊഴിൽ ശാലകളിലും മെഡിക്കൽ പരിശോധനയ്ക്ക് ഏർപ്പാട് ചെയ്യുക എന്ന പ്രമേയം പാസാക്കി.

e) വൃദ്ധൻമാർക്കും തൊഴിൽ ചെയ്യാൻ പാടില്ലാത്തവർക്കും സഹായം നൽകുന്നതിന് ഫണ്ട് ഏർപ്പെടുത്തുക. എന്ന പ്രമേയം പാസാക്കി.

f) പ്രായപൂർത്തി വോട്ടവകാശം നടപ്പാക്കുക എന്ന ആവശ്യം ഉന്നയിച്ചു.

---

* തിരുവിതാംകൂർ കയർ ഫാക്ടറി വർക്കേഴ്സ് യൂണിയൻ കനക ജൂബിലി സുവനീറിൽ പി. കേശവദേവിന്റേയും എൻ. സി. ശേഖറുടേയും, കേരളത്തിലെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം—ആദ്യനാളുകളിലൂടെ—എന്ന പുസ്തകത്തിൽ എൻ. ഇ. ബലറാമിന്റേയും അഭിപ്രായങ്ങളാണ് മേലുദ്ധരിച്ചത്.

3. മർദ്ദിതലക്ഷങ്ങളുടെ ഏക ജിഹ്വയായി അസോസിയേഷനുവേണ്ടി വാടപ്പുറം ബാവയുടെ ഉടമസ്ഥതയിൽ തന്നെ "*തൊഴിലാളി*" എന്ന വാരിക 1925-ൽ ആരംഭിച്ചു.

4. കയർത്തൊഴിലാളികളോടൊപ്പം ആലപ്പുഴയിലെ ഇതര തൊഴിലാളി വിഭാഗങ്ങളിലും സംഘടനയെ വ്യാപിപ്പിച്ചു.

5. തിരുവിതാംകൂറിന്റെ നാനാഭാഗങ്ങളിലും കൂടാറുള്ള സാമുദായികവും രാഷ്ട്രീയവുമായ എല്ലാ സമ്മേളനങ്ങളോടുമൊന്നിച്ച് ഓരോ തൊഴിലാളി കോൺഫറൻസ് കൂടി നടത്തണമെന്ന ഒരു തീരുമാനം 1926-ൽ കൂടിയ ഒരു മാനേജിംഗ് കമ്മിററി യോഗം സ്വീകരിച്ച് സംഘടനകൾക്ക് അയച്ചുകൊടുക്കുകയും ചെയ്തു. പക്ഷെ, എസ്. എൻ. ഡി. പി. യോഗമൊഴിച്ച് മററു സംഘടനകൾ അതു് ചെവിക്കൊണ്ടില്ല. 1926-ൽ കൊല്ലത്തുവച്ചു കൂടിയ എസ്. എൻ. ഡി. പി. വാർഷിക സമ്മേളനം വേതസമയം നിയന്ത്രിക്കുന്നതിനും തൊഴിലാളികളുടെയിടയിലുണ്ടാകുന്ന അപകടനിവാരണത്തിനുമായി ഒരു ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിലേക്ക് ഗവൺമെൻറിനോട് അപേക്ഷിക്കുന്ന ഒരു പ്രമേയം ഇദംപ്രഥമമായി പാസാക്കി.

എന്നാൽ തൊഴിലാളിക്ഷേമത്തെ ലാക്കാക്കിയുള്ള വ്യവസ്ഥാപിതവും സമാധാനപരവുമായ പ്രവർത്തനംമൂലം നേരത്തെ വിവരിച്ച കഷ്ടപ്പാടുകൾക്ക് ഒരു പരിഹാരം കണ്ടു പിടിക്കാനോ അൽപ്പം കൂടി മെച്ചപ്പെട്ട ജീവിതം നേടിയെടുക്കാനോ ഈ സംഘടനയെ സഹായിക്കുന്ന ഒരു നയമല്ല തൊഴിലുടമകളും ഗവണ്മെൻറും സ്വീകരിച്ചതു്. തിരുവാതാംകൂർ ലേബർ അസോസിയേഷൻ പണിമുടക്കു സമരത്തിന്റെ മാർഗത്തിൽ ചെന്നെത്തിയതു് എങ്ങനെയാണെന്നു് ഒരു തൊഴിലാളി സ്വാനുഭവത്തിൽ കൂടി വിവരിച്ചുതരുന്നുണ്ടു്.

## കൊമ്മാടി മാധവന്റെ ഹൃദയസ്പൃക്കായ വിവരണം—സായ്പിന്റെ മർക്കടമുഷ്ടി!

വില്യംഗുഡേക്കർ കമ്പനിയുടെ ഒരു ബ്രാഞ്ച് കൊമ്മാടിയിൽ പ്രവർത്തിച്ചിരുന്നു. അവിടെ ചുറുതടുക്കിനു് നാലുകാശു കൂലി കുറച്ചു. അതിനെതിരായി അവിടത്തെ തൊഴിലാളികളും മൂപ്പൻമാരും ഒന്നിച്ചു് പണിമുടക്കി. പണിമുടക്കി ഒരാഴ്ചയായിട്ടും അന്നത്തെ ഏഡൻസായ്പ് ശ്രദ്ധിച്ചില്ല. അപ്പോഴാണു് തൊഴിലാളികൾ വാടപ്പുറം ബാവമൂപ്പനെ അന്വേഷിക്കുന്നതു്.... ഈ വിവരം അറിഞ്ഞയുടനെ മൂപ്പൻ സായ്പിനു് കത്തെഴുതി. രണ്ടു കത്തെഴുതിയിട്ടും സായ്പ് മറുപടി അയച്ചില്ല. മൂപ്പൻ മൂന്നാമതും ഒരു കത്തു് എഴുതി. അപ്പോഴാണു് ഈ വാടപ്പുറം ബാവാ മൂപ്പൻ

ആരാണെന്നു് സായ്പ് തിരക്കുന്നതു്. "നീ ആരാണെന്നു് എനിക്കറിയാൻ പാടില്ല." എന്നാണു് വാടപ്പുറത്തിനു് സായ്പ് ആദ്യം എഴുതിക്കൊടുത്ത മറുപടി. ഈ സായ്പിന്റെ ധിക്കാരത്തോടെയുള്ള മറുപടിക്കു ശേഷം ഈ ബ്രാഞ്ചിലെ തൊഴിലാളികളും മൂപ്പൻമാരും ഒരു പടിക്കൂടി കടന്നു പരസ്യമായ ഒരു പ്രകടനം റോഡിൽ നടത്തി. പ്രകടനം കിടങ്ങാം പറമ്പുവരെ ചെന്നു് ഒരു യോഗവും നടത്തുകയുണ്ടായി. ബ്രാഞ്ചിലെ പണിമുടക്കത്തോടു് ബന്ധപ്പെട്ടു് ഹെഡാഫീസിലെ തൊഴിലാളികളും പണിമുടക്കാൻ ആലോചിച്ചു.

തൊഴിലാളികളുടെ ഉറച്ച നിലപാടുമൂലം പണിമുടക്കം ഒഴിവാക്കുവാൻ കഴിഞ്ഞു. വെട്ടിക്കുറച്ച കൂലി പുനഃസ്ഥാപിക്കുവാനും സായ്പ് നിർബ്ബന്ധിതനായി. അങ്ങനെ ആലപ്പുഴ തൊഴിലാളികൾ പണിമുടക്കത്തിന്റെ മാർഗ്ഗം അവരുടെ മിതവാദപരമായ സംഘടനാ പ്രവർത്തനത്തിനിടയിൽ സ്വമേധയാ സ്വീകരിക്കേണ്ടിവന്നു. അവരെ അതിലേക്കു് തള്ളിവിട്ട സാഹചര്യം മുൻപറഞ്ഞതിൽനിന്നു് വ്യക്തവുമാണല്ലോ. അക്കാലത്തെ തിരുവിതാംകൂർ നിയമസഭയിലും ആലപ്പുഴപണിമുടക്കത്തിന്റെ മാറ്റൊലി മുഴങ്ങിക്കേട്ടു. (1929 ഏപ്രിൽ 26-ാം തീയതി തൊഴിലുടമയുടെ പ്രതിനിധിയായ കെ. സി. കരുണാകരൻ ചെയ്ത പ്രസംഗം നോക്കുക.)

## പിക്കറ്റിംഗ് ആരംഭിക്കുന്നു

പണിമുടക്കുകളെ പൊളിക്കുവാൻ ആസ്പിൻവാൾ കമ്പനി കരിങ്കാലികളെ വരുത്തിയപ്പോൾ അവിടത്തെ തൊഴിലാളികൾ പിക്കറ്റിംഗ് പരിപാടി സ്വീകരിച്ചതായി അതിൽ രേഖപ്പെടുത്തിയിട്ടുണ്ടു്.

ആലപ്പുഴയിൽ മാത്രമല്ല, ഉത്തര കേരളത്തിലും 1930 ആകുമ്പോഴേക്കു് തൊഴിലാളികൾ മിതവാദപരമായ തൊഴിലാളി സംഘടനകളുടെ "നിവേദനമാർഗ്ഗം" അപര്യാപ്തമാണെന്നു കണ്ടു് പണിമുടക്കത്തിന്റെ മാർഗ്ഗം സ്വീകരിച്ചു തുടങ്ങി. 1928-ൽ നടന്ന ദക്ഷിണേന്ത്യൻ റെയിൽവേ തൊഴിലാളി പണിമുടക്കത്തെ തുടർന്നു മലബാറിലെ കോൺഗ്രസ് പ്രസ്ഥാനം തന്നെ തൊഴിലാളി സമരങ്ങളെക്കുറിച്ചു് കൂടുതൽ ശ്രദ്ധ പതിപ്പിച്ചു തുടങ്ങിയതായി കാണുന്നു. 1929 ഏപ്രിൽ 5-ാം തീയതി കൂടിയ കേരളാ പ്രവിശ്യാ കോൺഗ്രസ് കമ്മററി തൊഴിലാളി പ്രസ്ഥാനം സമാരംഭിക്കുവാൻ കോൺഗ്രസ് പ്രവർത്തകർ വേണ്ടതു ചെയ്യണമെന്നു തീരുമാനിച്ചു* കണ്ണൂർ കോമൺവെൽത്തു് ഫാക്ടറിയിലെ ആയിരത്തോളം തൊഴിലാളികൾ 1932-ൽ പണിമുടക്കി പത്തൊൻപതു ദിവസം പുറത്തു

---

* പ്രൊ: കെ. പി. കെ. മേനോൻ ഇംഗ്ലീഷിലെഴുതിയ കേരള സ്വാതന്ത്ര്യസമര ചരിത്രം. പേജ് 434.

നിന്നതിനുശേഷം വീണ്ടും പണിക്കു് ചെന്നുവത്രെ.* മലബാർ സ്പിന്നിംഗ് ആൻഡ് വീവിംഗ കമ്പനിയിലും അക്കാലത്തു് തൊഴിലാളികൾ പണിമുടക്കിയിരുന്നു.**

1931-നു ശേഷം പഴയ കൊച്ചി പ്രദേശത്തും തൊഴിലാളികൾ വിപ്ലവകരമായ പണിമുടക്കു് മാർഗങ്ങളിൽ വിശ്വസിക്കുന്ന സംഘടനകളിൽ ചേർന്നു തുടങ്ങിയെന്നു് രേഖകളുണ്ടു്. പി. ഗംഗാധരൻ, ചടയംമുറി, എ. ജി. വേലായുധൻ എന്നിവർ സംഘടിപ്പിച്ച കൊച്ചിൻ ലേബർ യൂണിയൻ ഇത്തരത്തിലുള്ള ഒരു സംഘടനയാണു്. ഈ സംഘടന സോഷ്യലിസം പ്രചരിപ്പിച്ചിരുന്നു എന്നു് പി. എസ്. നമ്പൂതിരി വെളിപ്പെടുത്തുന്നു. എന്നാൽ അതിനു മുമ്പും ആ കാലഘട്ടത്തിൽ തന്നെയും നിലനിന്നിരുന്ന കൊച്ചിയിലെ ഓച്ചംതുരുത്തു തൊഴിലാളി സംഘം ഏതാണ്ടു് മിതവാദപരമായ നിലയാണു് സ്വീകരിച്ചിരുന്നതു്. ആഴ്ചക്കുറികളും മററും നടത്തി ചില്ലറ സാമ്പത്തിക സഹായങ്ങൾ തൊഴിലാളികൾക്കു് ചെയ്തു കൊടുക്കുകയായിരുന്നു ഈ സംഘടനയുടെ പരിപാടി. ഏതായാലും അതിവേഗത്തിൽ ഈ കൊച്ചി പ്രദേശങ്ങളിലെ തൊഴിലാളികളുടെയും തൊഴിലാളി പ്രസ്ഥാനത്തിൻെറയും രൂപവും ഭാവവും മാറി. അതിനു് തുടക്കം കുറിച്ചതു് പള്ളുരുത്തിയിൽ തോപ്പുംപടിക്കടുത്തുള്ള ഒരു ടിൻ ഫാക്ടറിയിൽ ഉണ്ടായിരുന്ന അറുപത്തിനാലു തൊഴിലാളികളുടെ സ്വമേധയാ ഉള്ള ഒരു പണിമുടക്കമായിരുന്നു. അവരെ നയിക്കാൻ കെൽപുള്ള ഒരു നേതൃത്വമില്ലാതിരുന്നതുകൊണ്ടു് സോഷ്യലിസ്ററു ചിന്താഗതിക്കാരായ ചടയംമുറി, പി. എസ്. നമ്പൂതിരി, പി. ഗംഗാധരൻ തുടങ്ങിയവരെ തൊഴിലാളികൾ സമീപിച്ചു. അങ്ങനെയാണു് കൊച്ചിയിലെ കോൺഗ്രസ്സ് സോഷ്യലിസ്ററു പാർട്ടിക്കാർ നയിച്ച ആദ്യത്തെ സുപ്രധാനമായ പണിമുടക്കം നടക്കുന്നതു്.

## കോൺഗ്രസ് സോഷ്യലിസ്ററു പാർട്ടി- കൂടുതൽ വിവരങ്ങൾ

ഈ പണിമുടക്കിലെ പ്രസിദ്ധമായ സംഭവങ്ങൾ വിവരിക്കുന്നതിനു മുമ്പു് തൊഴിലാളി രംഗത്തു് കോൺഗ്രസ് സോഷ്യലിസ്ററുപാർട്ടി പ്രവർത്തിച്ചു തുടങ്ങിയതിനെപ്പററിയും ആ പാർട്ടിയുടെ ആവിർഭാവത്തെപ്പററിത്തന്നെയും ചില വസ്തുതകൾ വിശദീകരിക്കേണ്ടിയിരിക്കുന്നു.

---

* എൻ. സി. ശേഖർ- തി. ക. ഫാ. വ. യൂ. വക കനകജൂബിലി സുവനീറിൽ എഴുതിയ ഒരു ലേഖനത്തിൽ നിന്നു്

** കെ. പി. കെ. മേനോൻ—കേരള സ്വാതന്ത്ര്യസമര ചരിത്രത്തിൽ

1922–ൽ ആലപ്പുഴയിൽ തിരുവിതാംകൂർ ലേബർ അസോസിയേഷൻ രൂപംകൊണ്ടപ്പോഠം കേരളത്തിൽ നിലവിലിരുന്ന രാഷ്ട്രീയവും സാമൂഹ്യവും, എന്തിനു് സാമ്പത്തികവുമായ പശ്ചാത്തലം സംഭവബഹുലമായ ഒരു ദശകത്തിനിടയിൽ ആകെ മാറിപ്പോയി. കേരളത്തിനകത്തും പുറത്തുമുള്ള സംഭവവികാസങ്ങളാണു് ഈ വ്യത്യാസം വരുത്തിത്തീർത്തതു്.

സാമ്പത്തിക രംഗത്തിലുണ്ടായ മാററം തന്നെ നോക്കാം. 1929 മുതൽ 1933 വരെ പാശ്ചാത്യരാഷ്ട്രങ്ങളിൽ അതായതു് അമേരിക്ക, ബ്രിട്ടൻ, ഫ്രാൻസ്, ജർമനി തുടങ്ങിയ രാജ്യങ്ങളിൽ വമ്പിച്ച ഒരു സാമ്പത്തിക കുഴപ്പമുണ്ടായി. മുതലാളിത്ത സമ്പദ്ഘടനയുടെ നെട്ടംതൂണുകളായ ഈ രാജ്യങ്ങളിൽ ഫാക്ടറികഠം അടച്ചുപൂട്ടി. ലക്ഷക്കണക്കിനു ആളുകഠക്കു് പണിയില്ലാതായി. വ്യാവസായിക വിഭവങ്ങഠം വാങ്ങാൻ ആളില്ലാതായി. തുടർന്നു കാർഷിക വിഭവങ്ങളും വിററഴിയാതായി. സാമ്പത്തികക്കുഴപ്പത്തിന്റെ ഭാരം മുതലാളിമാർ തൊഴിലാളി വർഗത്തിന്റെ തലയിൽ അടിച്ചേല്പിച്ചതിനെതിരായി വമ്പിച്ച പണിമുടക്കു സമരങ്ങളും മററു പ്രക്ഷോഭണ പരിപാടികളും ലോകത്തെമ്പാടുമുള്ള തൊഴിലാളികഠം സംഘടിപ്പിച്ചുകൊണ്ടിരുന്നു. ഗ്രേററു് ബ്രിട്ടൻ, അമേരിക്ക, ഫ്രാൻസ്, ജർമനി തുടങ്ങിയ എല്ലാ രാജ്യങ്ങളിലും സമരത്തിന്റെ വേലിയേററം ഉണ്ടായിക്കൊണ്ടിരുന്നു. ഇന്ത്യയിലും ബോംബെ, അഹമ്മദ്ബാദ്, കോൺപൂർ, കൽക്കത്ത തുടങ്ങിയ വ്യാവസായിക കേന്ദ്രങ്ങളിലും അന്നുവരെ നാടു് കണ്ടിട്ടില്ലാത്തവണ്ണമുള്ള പണിമുടക്കു സമരങ്ങഠം വളർന്നുവന്നു. എന്നാൽ ഈ സാമ്പത്തികക്കുഴപ്പം അണുപോലും ബാധിക്കാതെ തൊഴിലാളി വർഗത്തിന്റെ ഒന്നാമത്തെ രാഷ്ട്രശിശുവായ സോവിയററു് യൂണിയൻ മർദ്ദിത ജനവിഭാഗങ്ങഠംക്കു് ആവേശം നൽകിക്കൊണ്ടു് ഉയന്നുനിന്നു. ഇന്ത്യൻ തൊഴിലാളിവർഗം മുൻപറഞ്ഞ സമരങ്ങളിൽക്കൂടി ദേശീയ സ്വാതന്ത്ര്യസമരത്തിന്റെ മുന്നണിയിൽത്തന്നെ സ്ഥാനം പിടിച്ചിരുന്ന ഘട്ടത്തിലാണു്, 1928–ൽ ഝാരിയയിൽവച്ചു് ദേശീയ സ്വാതന്ത്ര്യ സമരത്തിലെ പുരോഗമന വിഭാഗത്തിന്റെ നേതാവായ പണ്ഡിററു് ജവഹരിലാൽ നെഹ്റുവിന്റെ അദ്ധ്യക്ഷതയിൽ എ. ഐ. ററി. യു. സി. യുടെ സമ്മേളനം കൂടിയതു്. ഇന്ത്യക്കു പരിപൂർണ സ്വാതന്ത്ര്യവും സോഷ്യലിസ്റ്റു് വ്യവസ്ഥയും വേണമെന്നു് ആവശ്യപ്പെടുന്ന പ്രമേയങ്ങഠം പാസാക്കി. അക്കാലത്തു് നെഹ്റുവിന്റെ പിതാവായ മോട്ടിലാൽ നെഹ്റു ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനുള്ള പുത്രികാ രാജ്യപദവികൊണ്ടും ഇന്ത്യാക്കാർ തൃപ്തരാകണമെന്നു് വാദിച്ചുകൊണ്ടിരിക്കുകയായിരുന്നു. അതിനെതിരായി വാദിക്കാൻ എ. ഐ. ററി. യു. സി പ്രസിഡൻറു് ജവഹരിലാൽ നെഹ്റു സെക്രട്ടറി എൻ. എം. ജോഷി; ജോയിൻറു് സെക്രട്ടറി എസ്. എ. ഡാംഗേ തുടങ്ങിയവരാ എ ഐ ററി. യു. സീ

നിയോഗിച്ചു. ചുരുക്കത്തിൽ 1929–ൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് തന്നെ എ. ഐ. ററി. യു. സി. യിൽ കൂടി ഇന്ത്യൻ തൊഴിലാളി വർഗം ഉന്നയിച്ച പരിപൂർണ സ്വാതന്ത്ര്യ പ്രമേയം അംഗീകരിക്കുവാൻ നിർബ്ബന്ധിതമായി. അതു് പുരോഗമനവാദികളായ ഇന്ത്യൻ തൊഴിലാളി വർഗത്തിൻെറ വിജയമായിരുന്നു. തുടർന്നു ലോകസാമ്പത്തികക്കുഴപ്പത്തിൻെറ ഭാരം ഇന്ത്യൻ തൊഴിലാളി വർഗത്തിൻേറ മേൽ അടിച്ചേൽപ്പിക്കുന്നതിനെതിരായ വൻപിച്ച പണിമുടക്കുകൾ ഇൻഡ്യ ആസകലം വ്യാപിച്ചു. ഇതിനെതിരായി 1929–ൽകൂടിയ ഇൻഡ്യൻ ലെജിസ്ലേററീവ് അസംബ്ളിയിൽ വൈസ്രോയി ഇർവിൻ പ്രഭു ഒരു പ്രസ്താവന ചെയ്തു. ചുരുക്കത്തിൽ തൊഴിലാളി വർഗത്തെ തകർക്കുന്നതിനായി ഇൻഡ്യയിലെ പുരോഗമന പ്രസ്ഥാനങ്ങളുടെ നേതാക്കന്മാരായ 32 പേരെ പെട്ടെന്നു് അറസ്റ്റ് ചെയ്യുകയും മീററ് ഗൂഢാലോചനക്കേസ്സ് എന്ന പേരിൽ കുപ്രസിദ്ധമായ ഒരു വിചാരണ ആരംഭിക്കുകയും ചെയ്തു* ഈ പശ്ചാത്തലത്തിലാണു് കേരളത്തിലും തൊഴിലാളി വർഗം മിതവാദപരമായ നിവേദന മാർഗങ്ങൾ വിട്ടു് പണിമുടക്കത്തിൻെറ പാതയിലേക്ക് പോയതെന്നോർക്കണം. സാമ്പത്തികക്കുഴപ്പം കേരളത്തേയും വളരെ ബാധിച്ചു. ഇവിടെ കൃഷി ചെയ്തുവന്ന നാണ്യവിളകൾക്കു് കമ്പോളമില്ലാതായി. നാണ്യവിള കൃഷി ചെയ്ത പ്രദേശങ്ങളിലാണു് ഏററവും വലിയ സാമ്പത്തികക്കുഴപ്പമുണ്ടായതു്. അന്നത്തെ സാമ്പത്തിക തകർച്ചയെക്കുറിച്ചു് തിരുവിതാംകൂർ നിയമസഭയിലുണ്ടായ ചർച്ചകളുടെ അടിസ്ഥാനത്തിൽ ഒരു സാമ്പത്തിക മാന്ദ്യാന്വേഷണക്കമ്മററിയെ നിയമിക്കാമെന്നു് തിരുവിതാംകൂർ ദിവാൻ സമ്മതിച്ചു.

## സാമ്പത്തികക്കുഴപ്പം കേരളത്തിലെ കർഷകരെ പാപ്പരാക്കി

കൊച്ചിയിലെ കൃഷിക്കാരുടെ സ്ഥിതി വിവരിച്ചു കൊണ്ടു് കൊച്ചിൻ സ്റ്റേററ് കർഷകക്കമ്മിററിയുടെ ലഘുലേഖ അക്കാലത്തെ സാമ്പത്തികക്കുഴപ്പത്തിൻെറ കെടുതികൾ വർണ്ണിക്കുന്ന കൂട്ടത്തിൽ ഇങ്ങനെ പറയുന്നു. "നൂറു കണക്കിനു് കൃഷിക്കാർ പൊളിഞ്ഞു പാപ്പരായി. അവർ വെറും പാട്ട കുടിയാൻമാരായി. വെറും പാട്ടകുടിയാൻമാരാകട്ടേ വെറും കുടികിടപ്പുകാരും. കാർഷികത്തൊഴിലാളികളും മററുമായി"** കാരണം

---

* തൊഴിലാളി പ്രസ്ഥാനത്തിൻെറ ആദ്യഘട്ടങ്ങൾ—പി. എസ്സ്. നമ്പൂതിരി–തൃശ്ശൂർ ചുമട്ടുതൊഴിലാളി യൂണിയൻ സുവിനീർ; തി. ക. ഫാ, വ. യൂണിയൻ. കനകജൂബിലി സുവിനീർ. എൻ. സി. ശേഖറിൻെറ ലേഖനം–എന്നിവ നോക്കുക.

** അവലംബം: കേരളത്തിലെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം ആദ്യനാളുകളിലൂടെ. എൻ. ഈ. ബലറാം.

നാളികേരത്തിൻെറ വില നാലിലൊന്നായി കുറഞ്ഞു. അതുപോലെ തന്നെ നെല്ലിൻെറ വില മൂന്നിലൊന്നിൽ കൂടുതൽ കുറഞ്ഞു, കുരുമുളകിൻെറ വില അഞ്ചിലൊന്നായി. ചുരുക്കത്തിൽ കേരള സാമ്പത്തിക ചരിത്രത്തിൽ അത്രത്തോളം ഇരുളടഞ്ഞ ഒരു കാലഘട്ടം വിദേശ ഭരണത്തിൻെറ കീഴിൽ ഉണ്ടായിട്ടില്ല. ഈ തകർച്ചയുടെ പാഴ്ക്കുണ്ടിൽ നിന്നും കരകയറുന്നതിന് ഉള്ള മാർഗം കേരളത്തിലെ പല ബുദ്ധി ജീവികളും ആലോചിച്ചു. അവരിൽപ്പലരും ഇൻഡ്യയിലെങ്ങും അക്കാലത്ത് പ്രത്യക്ഷപ്പെട്ടു തുടങ്ങിയ തൊഴിലാളി വർഗ വിപ്ളവ വീക്ഷണത്തിലും സോഷ്യലിസ്ററ് ചിന്താഗതിയിലും ഒരു പോലെ വിശ്വസിക്കാൻ തുടങ്ങി; ആലപ്പുഴയിലെ തിരുവിതാംകൂർ ലേബർ അസോസിയേഷൻ പോലുള്ള തൊഴിലാളി സംഘടനകളിലെ അനുഭവജ്ഞാനത്തിൽ കൂടി വളർന്നുവന്ന തൊഴിലാളി പ്രവർത്തകരും ഇക്കൂട്ടത്തിൽ പെടുന്നു. പ്രധാനമായും കോൺഗ്രസ്സ് പാർട്ടിയിലെ തീവ്രവാദികളായ ഇടതുപക്ഷ ചിന്താഗതിക്കാരായിരുന്ന മുൻപറഞ്ഞ ചിന്താഗതിയിൽ ആകൃഷ്ടരായിത്തീർന്നതു്. ഇവരെല്ലാവരും കൂടിയാണ് കേരളത്തിൽ കോൺഗ്രസ് സോഷ്യലിസ്റ്റ് പ്രസ്ഥാനം ആരംഭിച്ചതു്.

ഈ കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പ്രസ്ഥാനം വളരുന്നതോടൊപ്പം 1931–33 കാലഘട്ടങ്ങളിൽ കൊച്ചിയിലെ പാവപ്പെട്ട കൃഷിക്കാർ, വിശേഷിച്ചും കൊടുങ്ങല്ലൂരിലും പരിസരങ്ങളിലുമുള്ളവർ–തങ്ങളുടെ ആവശ്യങ്ങൾ സാധിച്ചെടുക്കാൻ സമരത്തിൻെറ മാർഗം സ്വീകരിച്ചു. കെ. എം. ഇബ്രാഹിം എന്നൊരു സമർത്ഥനായ നേതാവ് അവർക്ക് വേണ്ടത്ര ആവേശകരമായ മാർഗദർശനം നൽകി. സി. അച്യുതമേനോൻ ഒരു അനുസ്മരണത്തിൽ കെ. എം. ഇബ്രാഹിമിനെപ്പററിയും ഈ സമരത്തെപ്പററിയും വിവരിക്കുന്നുണ്ട്.

കൊച്ചിയുടെ രാഷ്ട്രീയരംഗത്തു് ഒരു കൊടുങ്കാററായിട്ടാണ് അദ്ദേഹം ആഞ്ഞടിച്ചതെന്നാണ് സി. അച്ചുതമേനോൻ അനുസ്മരിക്കുന്നതു്. കർഷകതൊഴിലാളിപ്രസ്ഥാനം എന്ന പേരിൽ ഒരു പ്രസ്ഥാനം അദ്ദേഹം കെട്ടിപ്പടുത്തു. കൊടുങ്ങല്ലൂർ താലൂക്കിലും വൈപ്പിൻെറ വടക്കൻ ഭാഗങ്ങളിലും മുകുന്ദപുരം താലൂക്കിൻെറ തെക്കുപടിഞ്ഞാറൻ വില്ലേജുകളിലും മാത്രമേ ആ പ്രസ്ഥാനം ശക്തിയായി വ്യാപിച്ചുള്ളുവെങ്കിലും അതിൻെറ ഉള്ളടക്കത്തിലും രീതിയിലും അതൊരു പുതിയ പ്രസ്ഥാനമായിരുന്നു; കേരളം അതുവരെ കണ്ടിട്ടില്ലാത്ത ഒന്നായിരുന്നു.*

## ജവഹരിലാൽ നെഹ്റുവിൻെറ ഉത്തേജനം

കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടിയിലെ അണികളിലേക്കു

---

* സി. അച്യുതമേനോൻ, സ്മരണയുടെ ഏടുകൾ എന്ന ഗ്രന്ഥത്തിൽ

ചന്ന കാൺഗ്രസ്സ് പ്രവർത്തകരേയും കെ. എം. ഇബ്രാഹിമിനെപ്പോലുള്ള വരെയും ആവേശം കൊള്ളിച്ചതു് സോവിയററുയൂണിയനെക്കുറിച്ചുള്ള വാർത്തകറം മാത്രമായിരുന്നില്ല. ജവഹരിലാൽ നെഹ്റുവിൻെറ ഹൃദയം തുറന്ന സോവിയററ് അനുകൂല പ്രസ്താവനകളും അവർക്കു് ഉത്തേജനം നൽകി. ഉദാഹരണത്തിനു് 1935-ൽ പ്രസിദ്ധീകൃതമായ നെഹ്റുവിൻെറ ആത്മകഥയിലെ ഒരു ഭാഗം അവർക്കു് മാർഗദർശനം നൽകിയെന്നു പറയാം. "........മഹാനായ ലെനിനെ പിന്തുടർന്നു് റഷ്യ ഭാവിയിലേക്കു് ഉററുനോക്കുകയും എന്തായിത്തീരണമെന്നതിനെക്കുറിച്ചു് ആലോചിക്കുകയും ചെയ്തു. അതേ അവസരത്തിൽ മററു രാജ്യങ്ങളാവട്ടെ ഭൂതകാലത്തിൻെറ മൃതഹസ്തങ്ങളിൽ മയങ്ങിക്കിടക്കുകയും കഴിഞ്ഞ കാലത്തിൻെറ പ്രയോജന ശൂന്യമായ അവശിഷ്ടങ്ങളെ സംരക്ഷിക്കുന്നതിൽ സ്വന്തം കഴിവുകളെ പാഴ്‌വിനിയോഗം നടത്തുകയും ചെയ്യുന്നു. മുമ്പ് പിന്നണിയിൽ കിടന്നിരുന്ന മധ്യേഷ്യൻ പ്രദേശങ്ങറംക്കു് സോവിയററ് ഭരണത്തിൻ കീഴിലുണ്ടായ വമ്പിച്ച പുരോഗതിയെപ്പററിയുള്ള റിപ്പോർട്ടുകറം എന്നിൽ പ്രത്യേകിച്ചും മതിപ്പുളവാക്കി. മൊത്തത്തിൽ പറഞ്ഞാൽ ഞാൻ റഷ്യയെ പൂർണമായും അനുകൂലിക്കുന്നു. സോവിയററുകാരുടെ സാന്നിദ്ധ്യവും മാതൃകയും ഇരുണ്ടതും നിരാശാജനകവുമായ ഈ ലോകത്തിൽ പ്രകാശോജ്ജ്വലവും ഹൃദയഹാരിയുമായ ഒരു ദൃശ്യമാണു്...."

ജയിലറകളുടെ ഇരുട്ടിൽ കിടന്നുകൊണ്ടാണു് കേരളത്തിലെ തീവ്രവാദികളായ കാൺഗ്രസ്സ് പ്രവർത്തകർ സോവ്യയററുയൂണിയൻെറ പ്രകാശോജ്ജ്വലവും ഹൃദയഹാരിയുമായ ദൃശ്യം കണ്ടതു്. പി. കൃഷ്ണപിള്ളയും ഇ. എം. എസ്സും, എ. കെ. ജിയും, കെ. പി. ഗോപാലനും, കേരളീയനും, ചടയംമുറിയും കെ. ദാമോദരനും മററു ധീര സേനാനികളും ഇതിൽ പെടുന്നു. വർഗസമരങ്ങളുടെ തീച്ചൂളയിൽ നിന്നുകൊണ്ടു് സോവിയററുയൂണിയനെ ദർശിച്ചവരായ ആർ. സുഗതനെപ്പോലുള്ള ആലപ്പുഴയിലെയും മററു വ്യവസായ കേന്ദ്രങ്ങളിലേയും തൊഴിലാളി പ്രവർത്തകരേയും പ്രത്യേകം സ്മരിക്കേണ്ടതുണ്ടു്.

## പള്ളുരുത്തിയിലെ പ്രസിദ്ധമായ ടിൻ ഫാക്ടറിപണിമുടക്കം

ഈ കോൺഗ്രസ്സ് സോഷ്യലിസ്ററു പ്രവർത്തകർ കേരളത്തിലെ അദ്ധ്വാനിക്കുന്ന തൊഴിലാളികറംക്കിടയിലും പാവപ്പെട്ട കൃഷിക്കാർക്കിടയിലും പട്ടിണിപ്പാവങ്ങറംക്കിടയിലും ബഹുജനസംഘടനകറം സൃഷ്ടിച്ചു. അവരുടെ പ്രശ്നങ്ങറം പഠിച്ചു് അവരുടെ ആവശ്യങ്ങറംക്കായി മേലും മെയ്യും മറന്നു സമരങ്ങറം നടത്തി. നേരത്തെ പറഞ്ഞുവന്ന പള്ളുരുത്തിയിലെ ടിൻ ഫാക്ടറി പണിമുടക്കം അത്തരത്തിലുള്ളതായിരുന്നു.

ഈ തൊഴിലാളികളുടെ അടിയന്തിരാവശ്യങ്ങരം രൂപീകരിക്കുന്നതു് പണിമുടക്കിനു് ശേഷമായിരുന്നു. പ്രസ്തുത ആവശ്യങ്ങരം ക്രോഡീകരിച്ചു കൊണ്ടു് പണിമുടക്കിയ ദിവസം തന്നെ മാനേജ്മെൻറിനു് എഴുതിക്കൊടുത്തു. ഒരു സ്ട്രൈക്കു് കമ്മിററി രൂപീകരിക്കുകയും കൺവീനറായി പി. എസ്. നമ്പൂതിരിയെ തിരഞ്ഞെടുക്കുകയും ചെയ്തു. ചടയംമുറി, ഗംഗാധരൻ, കേശവദേവ്, ചെറിയാൻമാഞ്ഞൂരാൻ മുതലായവരും കമ്മിററിയിൽ ഉണ്ടായിരുന്നു. പണിമുടക്കിയദിവസം വൈകുന്നേരം അരിവാളും ചുററികയും ഉള്ള ചുകപ്പുകൊടി എടുത്തുകൊണ്ടു് സംഘടിതമായ ഒരു ഘോഷയാത്ര മട്ടാഞ്ചേരിയിലും ബ്രിട്ടിഷു് കൊച്ചിയിലും എല്ലാം സഞ്ചരിച്ചു. അന്നു് അതു് പുത്തരിയായിരുന്നു. ആവേശപൂർവ്വം ജനങ്ങരം അതുമായി സഹകരിക്കുവാൻ മുന്നോട്ടുവന്നു.

ഇതോടുകൂടി ബ്രിട്ടീഷുകാരും ഇന്ത്യാക്കാരുമായ മുതലാളിമാർ "കമ്യൂണിസത്തിൻെറ ആപത്തിനെപ്പററി എറണാകുളത്തുള്ള ദിവാൻ ഷൺമുഖം ചെട്ടിയെ അറിയിച്ചു. അദ്ദേഹത്തിൻെറ നിർദ്ദേശമനുസരിച്ചു് നാലഞ്ചു ദിവസം കഴിഞ്ഞപ്പോരം തൊഴിലാളികളുടെ അടിയന്തിരാവശ്യങ്ങളെപ്പററി കൂടിയാലോചിക്കുവാൻ മാനേജ്മെൻറു് സ്ട്രൈക്കു് കമ്മിററി കൺവീനർക്കു് നോട്ടീസയച്ചു. നിശ്ചിത സമയത്തു് കൺവീനർ ഒററക്കു വരണമെന്നു് പ്രത്യേകം എഴുതിയിരുന്നു. കത്തു് യൂണിയനാഫീസിൽ കൊണ്ടുവരുന്ന സമയത്തു് പി. എസ്സ്. നമ്പൂതിരി ഉണ്ടായിരുന്നില്ല. അദ്ദേഹത്തിൻെറ അഭാവത്തിൽ മററാരെങ്കിലും വന്നാൽപോരാ എന്നു് മാനേജ്മെൻറിനു് നിർബ്ബന്ധമുണ്ടായിരുന്നു. മാനേജ്മെൻറു് കൂടിയാലോചനക്കു് ക്ഷണിച്ചതനുസരിച്ചു് വിവരം അറിയുവാൻ തൊഴിലാളികരം കമ്പനിപരിസരത്തു് കൂടിയിരുന്നു.

## മാനേജ്മെൻറിൻെറ കൊലച്ചതിയും കേട്ടുകേഴ്‌വിയില്ലാത്ത മർദ്ദനവും

പി. എസ്സ്. നമ്പൂതിരി ചെല്ലുമ്പോരം മാനേജരും ക്ലാർക്കും മാത്രമേ അകത്തുണ്ടായിരുന്നുള്ളു. ചെന്ന ഉടനെ അദ്ദേഹത്തെ കസാലയിൽ ക്ഷണിച്ചിരുത്തി. കമ്പനിക്കു് നഷ്ടമാണെന്നും അതുകൊണ്ടു് ഒററ പൈസയും കൂട്ടിക്കൊടുക്കാൻ നിർവ്വാഹമില്ലെന്നും മാനേജർ വ്യക്തമാക്കി. തൊഴിലാളികളാണെങ്കിൽ ബർമ്മാഷെല്ലിലും മററും ഇതേ ജോലിക്കു് നൽകുന്ന കൂലിയുടെ ഏകദേശത്തോതെങ്കിലും കിട്ടണമെന്ന നിർബന്ധമുള്ളവരായിരുന്നു. കൂലിവർദ്ധനവു് അനുവദിക്കാൻ തയ്യാറില്ലെങ്കിൽ പണിമുടക്കു് തുടർന്നു നടത്തുമെന്നു് പി. എസ്. നമ്പൂതിരി പറഞ്ഞു. ഇനിയുള്ള ഭാഗം പി. എസ്. നമ്പൂതിരി തന്നെ വിവരിക്കട്ടെ. "ഞാൻ മടങ്ങാൻ ഒരുങ്ങി. മാനേജർക്കു് അവരുടെ നഷ്ടം എന്നെ ബോദ്ധ്യപ്പെട്ട

ത്തണം. അതിന്ന് അക്കൗണ്ട് പുസ്തകവും മററും കൊണ്ടു വന്നു കാണിക്കു വാനായി ഭാവം....സംഭാഷണം അവസാനിപ്പിക്കാൻ ഒരുക്കമില്ലായി രുന്നു. കാരണം മുൻകൂട്ടി നിശ്ചയിച്ചതനുസരിച്ച് ഞാൻ കമ്പനിയിൽ പ്രവേശിച്ച ഉടനെ പോലീസിന്ന് ഫോൺ ചെയ്തിരുന്നു. ഒരു മണി ക്കൂറിനുള്ളിൽ ഒരു ശങ്കരൻ കുട്ടിമേനോൻ എന്ന ഉദ്യോഗസ്ഥന്റെ നേതൃ ത്വത്തിൽ ഒരു വലിയ പോലീസ് സൈന്യം കമ്പനി പടിക്കൽ എത്തി. ആദ്യമായി ഗേററിൽ കൂടിയിരുന്ന തൊഴിലാളികളെ മുഴുവൻ അടിച്ചോ ടിച്ചു. പോലീസ് പാർട്ടി ഞങ്ങൾ ഇരുന്ന മുറിയിൽ പ്രവേശിച്ചതോടെ "ആരടാ ഈ പട്ടികൾക്ക് ഒക്കെ കസാല ഇട്ടുകൊടുക്കുന്നതെ"ന്ന് അ ലറിക്കൊണ്ട് എന്റെ നെഞ്ചത്ത് ഒരു ചവിട്ട്! ഞാൻ കസാലയോടു കൂടി മറിഞ്ഞു വീണു. പിന്നെ തുരുതുരെയുള്ള അടി! അരമണിക്കൂറിനു ള്ളിൽ എന്റെ ദേഹത്തിന്റെ പല ഭാഗങ്ങളിൽ നിന്നും രക്തം ഒഴുകി ത്തുടങ്ങി. വലിച്ചിഴച്ച് കമ്പനിയുടെ പുറത്ത് ഇട്ടുകൊണ്ട് "എല്ലാം ശരിപ്പെടുത്തിക്കഴിഞ്ഞു"വെന്ന് ഗർജ്ജിച്ചു. പോലീസ് സ്ഥലം വിട്ടു. പോലീസ്‌പോയ ഉടനെ റോഡിൽ കിടന്നിരുന്ന എന്നെ ഒരു റിക്ഷയിൽ കയററിആസ്പത്രിയിൽ കൊണ്ടുപോയി. പരുക്കുകൾ എല്ലാം രേഖപ്പെടു ത്തി, മുറിവെല്ലാം ഡ്രസ്സ് ചെയ്ത് പറഞ്ഞയച്ചു."*

## കൊച്ചി സർക്കാരിന്റെ വിചിത്രമായ നീതിനിർവഹണം

പി. എസ്. നമ്പൂതിരിയുടെ നേർക്കുണ്ടായ ഈ കിരാതമായ മർദ്ദ നം കൊച്ചി സംസ്ഥാനത്തെ ജനാവലിയുടെയാകെ പ്രതിഷേധത്തിന്ന് കാരണമായി തൃശ്ശൂരിൽ അക്കാലത്ത് ഇലക്ട്രിസിററി പ്രശ്നത്തി ന്മേൽ ഒരു പ്രക്ഷോഭണം നടന്നുവരികയായിരുന്നു. അതിന്റെ നേതാക്ക ളിലൊരാളായിരുന്ന സി. ആർ. ഇയ്യുണ്ണിയാണ് തൃശ്ശൂരിലെ പ്രതി ഷേധത്തിന്ന് നേതൃത്വം നൽകിയത്. തൊഴിലാളിപ്രവർത്തകർ അഖി ലേന്ത്യ നേതാക്കന്മാർക്ക് ഈ മർദ്ദനത്തിന്റെ വിവരങ്ങൾ കമ്പിയടിച്ചു. കൊച്ചിനിയമസഭയിൽ ഇതേക്കുറിച്ച് പരാമർശമുണ്ടായി. പക്ഷെ പി. എസ്. നമ്പൂതിരിയെയും സി. ആർ ഇയ്യുണ്ണിയേയും അറസ്റ്റ് ചെയ്യുവാൻ പോകുന്നുവെന്നാണ് ദിവാൻ ഷൺമുഖം ചെട്ടി പറഞ്ഞത്. കാരണം പി. എസ്സ്. നമ്പൂതിരി തന്നെ പോലീസു മർദ്ദിച്ചു എന്ന കള്ളക്കഥ കെട്ടിച്ചമച്ചു എന്ന കുററം ചെയ്തുവത്രെ. അതേററു പറഞ്ഞു എന്ന കുററമാണ് ഇയ്യുണ്ണി ചെയ്തത്. അതനുസരിച്ച് ചെട്ടി പ്രവർത്തി ക്കുകയും രണ്ടുപേരും ജയിലിൽ കഴിയേണ്ടിവരികയും ചെയ്തു. ഏതായാ ലും ചെട്ടിയുടെയും അദ്ദേഹത്തിന്റെ രാജാവിന്റെയും നീതിബോധം വി

---

* തി. ക. ഫാ. വ. യൂണിയൻ കനകജൂബിലി സുവനീറിലെ പി. എസ്. നമ്പൂതിരിയുടെ ലേഖനത്തിൽ നിന്ന് – പേജ്–148.

ചിത്രം തന്നെ! തുടർന്നു് പി. എസ്. നമ്പൂതിരിയെ ശിക്ഷിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ നേർക്കുള്ള ഈ മൃഗീയമായ പെരുമാററം ട്രേഡ് യൂണിയൻ പ്രവർത്തനത്തിനുള്ള ഒരു വെല്ലുവിളിയായിട്ടാണു് പലരും സ്വീകരിച്ചതു്. അസംഘടിതരായിരുന്ന എല്ലാ വിഭാഗങ്ങളും തങ്ങൾക്കു് സ്വന്തമായി ട്രേഡ്യൂണിയൻ രൂപീകരിക്കണമെന്നു് ആവശ്യപ്പെട്ടു തുടങ്ങി.

## തൃശൂരിലെ ലേബർ ബ്രദർഹുഡ്ഡിന്റെ പ്രവർത്തനം

1935–മുതലെ ലേബർ ബ്രദർഹുഡ് എന്ന ഒരു സംഘടന തൃശ്ശൂർ കേന്ദ്രമാക്കി പ്രവർത്തിച്ചുവരികയായിരുന്നു. ആ സംഘടന തൊഴിലാളികൾക്കിടയിൽ സോഷ്യലിസ്റ്റ് സിദ്ധാന്തം പ്രചരിപ്പിക്കുകയുണ്ടായി. കെ. കെ. വാര്യർ ആയിരുന്നു ഈ പ്രസ്ഥാനത്തിന്റെ സൂത്രധാരൻ. എം. എ കാക്കു, പി. എം. തോമസ്സ്, കടവി വറീതു്, ടി. വി. ആൻഡ്രൂസ്, കെ. പി. പോൾ, ടി. ഒ. വർക്കി, ഫ്റാൻസിസ്സ്, പനക്കലെൽ വറീതു, എം. പി. ഭട്ടതിരിപ്പാട്, കെ. എം. ജോസഫ്, പ്രഫ: എം. പി. പോൾ തുടങ്ങിയവർ ഈ സംഘടനയിൽ ഉൾപ്പെട്ടിരുന്നു. എന്നാൽ ഈ സംഘടന ഒരു ട്രേഡ്യൂണിയനായിരുന്നില്ല. തൊഴിലിന്റെ അടിസ്ഥാനത്തിൽ തൊഴിലാളികൾ പ്രത്യേകയൂണിയനുകളായി സംഘടിക്കണമെന്നു് ഈ സംഘടനയുടെ പ്രവർത്തകർ തീരുമാനിച്ചു. അതനുസരിച്ചാണു് തൃശ്ശൂരിൽ പീടികത്തൊഴിലാളിയൂണിയൻ തുടങ്ങി പല യൂണിയനുകൾ ഉടലെടുത്തതു്. കാൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടി മലബാറിൽ രൂപം കൊണ്ടതോടുകൂടി ബ്രദർഹുഡിലെ പ്രധാനപ്രവർത്തകരായ ഇരുപതിലധികംപേർ ആ രാഷ്ട്രീയ സംഘടനയിൽ ചേർന്നു. *

അക്കാലത്തു് ബ്രദർഹുഡിന്റെ നേതൃത്വത്തിൽ ഉണ്ടായ ട്രേഡ്യൂണിയനുകളുടെ പേരുവിവരം താഴെ ചേർക്കുന്നു.

(1) റിക്ഷാതൊഴിലാളിയൂണിയൻ
(2) മോട്ടോർ തൊഴിലാളിയൂണിയൻ
(3) ജനറൽ വർക്കേഴ്സ് യൂണിയൻ
(4) എഞ്ചിനിയറിംഗ് വർക്കേഴ്സ് യൂണിയൻ
(5) പ്രസ് വർക്കേഴ്സ് യൂണിയൻ
(6) ഷാപ്പ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെൻറ് വർക്കേഴ്സ് യൂണിയൻ എന്നിവയാണു്.

---

* ടി. വി. കെ. എഴുതിയ "സഖാവ്" എന്ന ഗ്രന്ഥത്തിൽ നിന്നു്

## തൊഴിലാളി സംഘടനാ പ്രവർത്തനം വ്യാപിക്കുന്നു–കൊച്ചിത്തുറമുഖത്തിലെ നില

കാൺഗ്രസ് സോഷ്യലിസ്ററു പാർട്ടി പ്രവർത്തകരുടെ ഉൽസാഹഭരിതമായ തൊഴിലാളി പ്രവർത്തനത്തിൻെറ ഫലമായി കൊച്ചീത്തുറമുഖത്തിൽ തൊഴിലാളി പ്രവർത്തനം പുനരാരംഭിച്ചു. ബത്തത്തൊഴിലാളികൾക്കിടയിലുള്ള പ്രവർത്തനം ഏററവും ദുർഘടമായിരുന്നുവെന്ന് ടി. എം. അബു അനുസ്മരിക്കുന്നു. സ്ലീവ്ഡോറിൻെറ സേഛാധിപത്യം ദുസ്സഹമായിരുന്നുവത്രെ. യൂണിയനിൽ ചേർന്നാൽ പോലീസു മർദ്ദനമുണ്ടാകുമെന്ന ഭീതിയും ഉണ്ടായിരുന്നു. അതു കൊണ്ട് രഹസ്യമായ പ്രചാരവേലയായിരുന്നു ട്രേഡു യൂണിയൻ പ്രവർത്തകർ സ്വീകരിച്ചത്.* ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്തതു്. പി. എസ്. നമ്പൂതിരിയും ചടയം മുറിയും പി. ഗംഗാധരനുമായിരുന്നു.

അക്കാലത്തു് ആലാത്തു പിരി തൊഴിലാളികൾക്കിടയിലും ചാലക്കുടിയിലെ ബീഡിത്തൊഴിലാളികൾക്കിടയിലും ആവേശകരമായ തൊഴിലാളി സമരങ്ങൾ നടക്കുകയുണ്ടായി. മുൻപറഞ്ഞ സ്ഥലങ്ങളിലെ സമരങ്ങളിൽ കാൺഗ്രസ് സോഷ്യലിസ്ററുകാരുടെ ധീരോദാത്തമായ പ്രവർത്തനങ്ങൾ ഉണ്ടായിരുന്നു.

## ഏ. ജി. വേലായുധൻെറ മാതൃകാപരമായ പ്രവർത്തനം

ഇന്ത്യൻ ട്രേഡു യൂണിയൻ ആക്റിൻെറ (1926–ലെ) മാതൃകയിൽ കൊച്ചി പ്രദേശത്തും അക്കാലത്തെ കൊച്ചി നിയമസഭ ഒരു തൊഴിൽ നിയമം പാസ്സാക്കി. അതനുസരിച്ചു് രജിസ്റ്റർ ചെയ്യുന്ന സംഘടനതങ്ങളുടെതായിരിക്കണമെന്ന വാശി കാൺഗ്രസ് സോഷ്യലിസ്ററു പ്രവർത്തകർക്കുണ്ടായി. ചടയം മുറി പ്രസിഡണ്ടും പി. എസ്. നമ്പൂതിരി സെക്രട്ടറിയും ഏ. ജി. വേലായുധൻ ഖജാൻജിയും (അതോ ജായിൻറ് സെക്രട്ടറിയോ) ആയ ഒരു ''സ്റ്റെൻസിലിംഗ് വർക്കേഴ്സു യൂണിയൻ'' രൂപീകരിക്കപ്പെട്ടു. ഏ. ജി. വേലായുധൻ ആ ഫാക്ടറിയിലുള്ള ഒരു സാധാരണ തൊഴിലാളിയായിരുന്നു.** ഈ സഖാവു് അക്കാലത്തെ തൊഴിലാളി പ്രവർത്തകരുടെ ഒരുജ്വല മാതൃകയായിരുന്നു. 18 വയസ്സുള്ളപ്പോൾ

---

* കൊച്ചിൻ പോർട്ട് കാർഗോ ലേബർ യൂണിയൻ റിപ്പോർട്ട് 1955–പേജ് 8–10.

** കേരള സ്റ്റേററ് ചെത്തുതൊഴിലാളി ഫെഡറേഷൻ രജതജൂബിലി സുവനീർ. 1977–പേജ് 81–83.

എളങ്കുന്നപ്പുഴ വില്ലേജിലെ ഒരു പ്രമുഖ കോൺഗ്രസ്സുകാരനായി രാഷ്ട്രീയത്തിൽ പ്രവേശിച്ച എ. ജി അഴീക്കൽ—തൈക്കൽ മാലിപ്പുറം തൊഴിലാളി സംഘം സ്ഥാപിച്ച ഒരു തൊഴിലാളി പ്രവർത്തകനുമായി. തുറമുഖത്തൊഴിലാളികളുടെയിടയിലും ഈ പ്രവർത്തകർ സ്തുത്യർഹമായ സേവനം നടത്തി. എത്രയോ തൊഴിലാളി പ്രവർത്തകരുമായി ഒത്തു ചേർന്നു് പ്രവർത്തിച്ചു് അവരുടെ ത്യാഗ നിർഭരമായ ജീവിതചര്യകളെ വാഴ്ത്തിയിട്ടുള്ള സി. അച്ചുതമേനോൻ എ. ജിയ്ക്കു് നൽകുന്ന പ്രശംസ അനുപമമായതിനാൽ ഇവിടെ ഉദ്ധരിക്കുവാൻ മുതിരുകയാണു്.

"സ: വേലായുധൻെറ ജീവിതം ഒരിക്കലും വററാത്ത ആവേശത്തിൻെറ ഉറവിടമാണെനിക്കു്. ത്യാഗത്തിൻെറ സുരഭിലതയെപ്പററി നാം കേൾക്കാറുണ്ടു്. ക്ലേശങ്ങളുടെ നടുവിൽ പുഞ്ചിരി അണിഞ്ഞു കൊണ്ടു് ജീവിതയാത്ര നിർവഹിക്കുന്നവരെപ്പററി നാം വായിച്ചിട്ടുണ്ടു്. വാസ്തവം പറഞ്ഞാൽ സ: വേലായുധനുമായി അടുത്തു പരിചയപ്പെടുന്നതുവരെ ഇതെല്ലാം അതിശയോക്തിയും കവി സങ്കൽപവും മാത്രമായിട്ടേ എനിക്കു് തോന്നിയിട്ടുള്ളൂ. സ: വേലായുധനെ ഏററവും അടുത്തു പരിചയപ്പെടാൻ കഴിഞ്ഞിരുന്നില്ലെങ്കിൽ ഇന്നും ആ ധാരണയിൽ തന്നെ ഞാൻ നിൽക്കുമായിരുന്നു...* ആ പ്രവർത്തകൻെറ പ്രവർത്തനം അവസാനിച്ചതു്, 1948—ലെ പാലിയം സത്യഗ്രഹസമരത്തിലായിരുന്നു. കൊടിയ മർദ്ദനമേററു് ആ സഖാവു് രക്തസാക്ഷിത്വം വരിച്ചു. അതിനു മുമ്പു് അദ്ദേഹം നടത്തിയ തൊഴിലാളി പ്രവർത്തനങ്ങൾ പിന്നീടു് വിവരിക്കാം.

കൊച്ചി പ്രദേശത്തെ തൊഴിലാളി പ്രവർത്തനങ്ങൾ നടക്കുന്ന കാലത്തു തന്നെ ഉത്തര കേരളത്തിൽ കോൺഗ്രസ്സു് സോഷ്യലിസ്ററുകാരുടെ നേതൃത്വത്തിൽ ആവേശകരവും ചിട്ടയേറിയതുമായ ട്രേഡു യൂണിയൻ പ്രവർത്തനങ്ങൾ നടക്കുന്നുണ്ടായിരുന്നു. കൊച്ചി പ്രദേശത്തെ തൊഴിലാളി പ്രവർത്തകർക്കാകെ നേതൃത്വം കൊടുത്തു കൊണ്ടിരുന്ന പി. കൃഷ്ണപിള്ള തുടങ്ങിയ കോൺഗ്രസ്സു് സോഷ്യലിസ്ററു പ്രവർത്തകർ അവിടെയാണു് പ്രവർത്തനകേന്ദ്രം ഉറപ്പിച്ചിരുന്നതു്. ആ പ്രവർത്തനങ്ങൾ വിവരിച്ച ശേഷം വീണ്ടും മധ്യകേരളത്തിലേക്കും പിന്നീടു് ആലപ്പുഴ തൊട്ടുള്ള ദക്ഷിണ കേരളത്തിലെ പ്രവർത്തനങ്ങളിലേക്കും മടങ്ങാം.

കോഴിക്കോട്ടു ലേബർ യൂണിയൻ എന്ന ഒരു സംഘടനയാണു് ആദ്യമായി കാൺഗ്രസ്സു് സോഷ്യലിസ്ററു പാർട്ടി സംഘടിപ്പിച്ചതെന്നു് കാണുന്നു**. തിരുവണ്ണൂർ കോട്ടൺ മിൽ തൊഴിലാളികളുടെ സംഘടന

---

* സി. അച്ചുതമേനോൻ—സ്മരണയുടെ ഏടുകൾ

** എ. കെ. ജി. ആത്മകഥയിൽ അങ്ങനെയാണു് പറയുന്നതു്. മഞ്ജുനാഥറാവുവും ഒരഭിമുഖ സംഭാഷണ മധ്യേ ഇങ്ങനെ തന്നെയാണു് പ്രസ്താവിച്ചതു്.

യിൽ അണിനിരത്തുവാൻ പ്രവർത്തകർ അതിയായി ഉൽസാഹിച്ചു. അക്കാലത്തു് തൊഴിലാളികളെ വളരെയധികം ബാധിച്ച ഒരു പ്രശ്നമുണ്ടാ യിരുന്നു. 1935-ൽ ആഴ്ചയിൽ അറുപതു മണിക്കൂർ ജോലിചെയ്യണമെ ന്നുള്ള പഴയ തൊഴിൽ നിയമം ഭേദഗതി ചെയ്യപ്പെട്ടു. ആഴ്ചയിൽ 54 മണിക്കൂർ സമയമാക്കി കുറയ്ക്കുകയാണുണ്ടായതു്. ഈ ഭേദഗതികൊണ്ടുദ്ദേ ശിച്ചിരുന്നതു് തൊഴിലാളികൾക്കു് കൂടുതൽ സൗകര്യങ്ങൾ ലഭ്യമാകണ മെന്നായിരുന്നു.

## മലബാറിലെ മുതലാളി വർഗത്തിൻെറ ഗൂഢാലോചന-നിയമത്തെ തോൽപ്പിക്കാൻ ശ്രമം

രാവിലെ 7 മണി മുതൽ വൈകുന്നേരം 6 മണിവരെ വ്യവസായശാ ലകളിൽ നിന്നു് യന്ത്രച്ചൂടും പൊടിയും ഉഷ്ണവും സഹിച്ചു് അത്യദ്ധ്വാനം ചെയ്യുന്ന തൊഴിലാളി വർഗത്തിനു് അവരുടെ വീടുകളിൽ നിന്നും രാവി ലെ കമ്പിനികളിലെത്തുന്നതിനും വൈകുന്നേരം വീടുകളിൽ തിരിച്ചെ ത്തുന്നതിനും വളരെ ബുദ്ധിമുട്ടു സഹിക്കേണ്ടിവന്നിരുന്നു. തന്മൂലം അവ രുടെ ആരോഗ്യം നശിക്കുകയും മററു പല അവശതകൾ അനുഭവിക്കുകയും ചെയ്യേണ്ടിവന്നു. അധ്വാന സമയം 60 മണിക്കൂറിൽ നിന്നു് 54 ആക്കിയ ഉടനെ കിട്ടിയ 6 മണിക്കൂർ സമയവും അത്രയും സമയത്തേക്കുള്ള കൂലിയും തൊഴിലാളികൾക്കു് അനുഭവിക്കുവാൻ വിട്ടുകൊടുക്കുന്നതിനു പകരം അത്യാഗ്രഹമേറിയ-സഹജീവി സ്നേഹം തീരെ നശിച്ച-മുതലാളി വർ ഗം ഈ പരിഷ്ക്കാരത്തെ തങ്ങളുടെ സൗകര്യങ്ങൾക്കു വേണ്ടി ഉപയോ ഗപ്പെടുത്തുവാനാണു് തയ്യാറായതു്. ഇതിനെ ചെറുക്കാതിരിക്കാൻ തൊ ഴിലാളികൾക്കു് തീരെ സാധിച്ചില്ല. അതിനു് തൊഴിലാളികൾ സന്ന ദ്ധരായി........60 മണിക്കൂർ ആഴ്ചയെ 54 മണിക്കൂർ ആക്കിയതു് മുതലാ ളിമാർ തങ്ങളുടെ സൗകര്യത്തിനു വേണ്ടി ദിവസത്തിൽ 10 മണിക്കൂർ പ്രകാരം ആഴ്ചയിൽ 5½ ദിവസം പ്രവൃത്തി നടപ്പിലാക്കാൻ ശ്രമം തുടങ്ങി. കുറയ്ക്കപ്പെട്ട 6 മണിക്കൂറിൻെറ കൂലിയും നഷ്ടപ്പെടുത്തി. തൊഴിലാളികൾ പ്രസ്തുത അക്രമത്തെ ചെറുക്കുവാൻ തീരുമാനിക്കുക തന്നെ ചെയ്തു! അതേ, കേരളത്തൊഴിലാളി വർഗത്തിൻെറ ഐതിഹാസികമായ പ്രത്യാക്രമണം ആരംഭിച്ചു!

പ്രക്ഷോഭണത്തിൻെറ പ്രാരംഭമായി തൊഴിലാളികളുടെ ആവശ്യ പ്രകാരം കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടിയുടെ പരിശ്രമഫലമായി കല്ലായിൽ വച്ചു ഒരു പൊതുയോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ തിരുവണ്ണൂർ കോട്ടൺ മിൽ എന്നറിയപ്പെടുന്ന മലബാർ സ്പിന്നിങ്ങ് ആൻറ് വീവിംഗ് കമ്പനിയിലെ പ്രവൃത്തിക്കാരിൽ ഒരാളായ മനാരി അപ്പു തൊഴിലാളികളുടെ അവശതയെപ്പററി ഒരു പ്രസംഗം ചെയ്യുകയു

ണ്ടായി. ഈ അവസരത്തിൽ കല്ലായിലുള്ള ഈർച്ചക്കമ്പനികളിലും കോട്ടൺ മില്ലിലും ഫറോക്ക് ഓട്ടുകമ്പനികളിലുമെല്ലാം ദിവസം 10 മണിക്കൂർ പ്രകാരം 5½ ദിവസം ആഴ്ച നടപ്പിലാക്കാനുള്ള ശ്രമം നടക്കുകയായിരുന്നു. പ്രസ്തുത യോഗം നടന്ന പിറേറ ദിവസം യാതൊരു കാരണവും കാണിക്കാതെ മനാരി അപ്പുവിനെ കമ്പനിക്കു പുറത്താക്കി.

മനാരിയെ പുറത്താക്കിയതിനെ കുറിച്ച് തൊഴിലാളികൾ ആലോചിച്ചു. അവർക്ക് ഒരു സംഘടനയില്ല. എങ്ങനെ മുതലാളിവർഗത്തിൻെറ ആക്രമണത്തെ ചെറുക്കണമെന്നും അവർക്ക് നിശ്ചയമില്ലായിരുന്നു. തൊഴിലാളി, ഹിന്ദുവായാലും ശരി, കൃസ്ത്യാനിയായാലും ശരി, അവർ സ്വാഭാവികമായി ഒരൊററ വർഗമാണെന്ന ബോധത്തോടുകൂടി ഫാക്ടറിയിൽനിന്നും അവർ പണി നിർത്തി പുറത്തിറങ്ങി. അങ്ങനെയാണ് കോട്ടൺമില്ലിൽ അപ്പുവിനെ പിരിച്ചുവിട്ടതിനെത്തുടർന്നു് 1935 ഫെബ്രുവരി 9—ാംതീയതി ഒരു ശക്തിമത്തായ പണിമുടക്കം ആരംഭിച്ചതു്. ഈ സമരത്തെ സംഘടിപ്പിച്ചു വിജയകരമാക്കാൻ സോഷ്യലിസ്റ്റ് പ്രവർത്തകൻമാർ തൊഴിലാളികൾക്ക് തുണയായി സ്ഥലത്തെത്തി. പണിമുടക്കം മിന്നൽപ്പിണർ കണക്കെ സംഭവിച്ചതാണെങ്കിലും തൊഴിലാളികൾ തങ്ങളുടെ ആവശ്യങ്ങൾക്കു വേണ്ടി സമരം തുടരാൻ തീരുമാനിച്ചു.

## ചരിത്ര പ്രധാനമായ തിരുവണ്ണൂർ കോട്ടൺമിൽ പണിമുടക്കം— മുതലാളി മുട്ടുകുത്തി

പിരിച്ചുവിട്ട അപ്പുവിനെ തിരിച്ചെടുക്കുക, പണിമുടക്കിയവരെയെല്ലാം തിരിച്ചെടുക്കുക, ദിവസം 9 മണിക്കൂർ സമയം നടപ്പിലാക്കുക, കുറച്ച 6 മണിക്കൂറിനുള്ള കൂലി പുനസ്ഥാപിക്കുക, വെട്ടിക്കുറച്ച ബത്ത പുനസ്ഥാപിക്കുക തുടങ്ങിയവയായിരുന്നു ആവശ്യങ്ങൾ. 15 ദിവസത്തെ ധീരമായ സമരത്തിനുശേഷം പണിമുടക്കം വിജയപര്യവസായിയായി. ഒരു ആവശ്യവും അനുവദിക്കുന്നതല്ലെന്ന് ശുണ്ഠി പിടിച്ച മാനേജ്മെൻറ് തൊഴിലാളികളുടെ സംഘടിതമായ സമരത്തിൻെറ മുമ്പിൽ മുട്ടുകുത്തി. പ്രസ്തുത പണിമുടക്കം മറെറല്ലാ മർദ്ദിത വിഭാഗത്തിനു, ഒരാശ നൽകി. കോട്ടൺമിൽ തൊഴിലാളികൾക്ക് മനാരി അപ്പുവിനെ തിരിച്ചുകിട്ടി. 9 മണിക്കൂർ ദിവസം അനുവദിക്കപ്പെട്ടു. 6¼ ശതമാനം കൂലി വർദ്ധനവുണ്ടായി. പണിമുടക്കിയവരെയെല്ലാം തിരിച്ചെടുത്തു.* എന്നാൽ തൊഴിലാളികളുടെ ഉണർവും സോഷ്യലിസ്റ്റ് പ്രവർത്തകരുടെ സംഘടനാപരമായ മുന്നേററവും ഏതു തരത്തിലെങ്കിലും തകർക്കണമെന്ന് ഗവണ്മെൻറും

---

* അവലംബം: എൻ. സി. ശേഖർ, 1939 മേയ്മാസം— പ്രഭാതം വിശേഷാൽപ്രതി.

തൊഴിലുടമകളും തീരുമാനിച്ചു. പണിമുടക്കങ്ങളെ മർദ്ദിച്ചൊതുക്കുവാൻ തന്നെ അവർ തീരുമാനിച്ചു.

## ഫറോക്കു് പണിമുടക്കവും കെ. പി. ഗോപാലൻെറ പ്രസിദ്ധമായ സത്യാഗ്രഹവും

1935-ലെ കോട്ടൺമിൽ തൊഴിലാളികളുടെ ഒന്നാമത്തെ പണിമുടക്കത്തെ തുടർന്നു് ആ ഫെബ്രുവരിയിൽ ഫറോക്കു് ഓട്ടുക്കമ്പനി തൊഴിലാളികൾ ഒരു പണിമുടക്കം നടത്തി. ഈ പണിമുടക്കു് ചരിത്രപ്രധാനമായ ഒന്നാണു്. പ്രധാനമായി കൂലി വെട്ടിക്കുറയ്ക്കലിനെയും 5½ ദിവസം ആഴ്ച സമ്പ്രദായത്തേയും എതിർത്തുകൊണ്ടായിരുന്നു ആ പണിമുടക്കുണ്ടായതു്. ഒരു കമ്പനി ഒഴികെ ബാക്കിയുള്ള അഞ്ചു ഓട്ടുകമ്പനിയിലും 5½ ദിവസം ആഴ്ച നടപ്പിൽ വരുത്തിയിരുന്നു. ഒരു കമ്പനിയിലെ തൊഴിലാളികളുടെ ജയാപജയങ്ങൾ എല്ലാ കമ്പനികളെയും ബാധിക്കുമെന്നു് വർഗബോധമുള്ള മുതലാളിമാർക്കു് അറിയാമായിരുന്നു. ഈ വർഗബോധത്തോടുകൂടിയാണു് ഫറോക്കു് ഓട്ടുകമ്പനി പണിമുടക്കത്തെ തകർക്കാൻ എല്ലാ മുതലാളിമാരും ഗവൺമെൻറിൻെറ സഹകരണത്തോടുകൂടി തയ്യാറായതു്. മുതലാളിമാരുടെ ഈ പടയൊരുക്കം ഒരു പൊതു പണിമുടക്കത്തിൻെറ കാഹളമൂതിച്ചു. എന്നാൽ അവിടത്തെ തൊഴിലാളി വിഭാഗം വേണ്ടപോലെ വർഗാടിസ്ഥാനത്തിൽ സംഘടിതരായിരുന്നില്ല. മുതലാളിമാരുടെ അക്രമങ്ങളെ എതിർക്കുവാനും തൊഴിലാളികളുടെ ഇടയിൽ ഉണർവ്വ് ഉണ്ടാക്കുവാനും വേണ്ടി സഖാവ് കെ. പി. ഗോപാലൻ നിരാഹാരവ്രതം അനുഷ്ഠിച്ചു. അന്തരീക്ഷം പ്രക്ഷുബ്ധമായി. തൊഴിലാളികളുടെ അടിയന്തിരവും ന്യായവുമായ ആവശ്യങ്ങൾ അനുവദിച്ചില്ലെന്നു് മാത്രമല്ല, പൊതുയോഗങ്ങളിലും ഘോഷയാത്രകളിലും കുഴപ്പങ്ങളും കലാപങ്ങളും ഉണ്ടാക്കാൻ തെമ്മാടികളെ ഏർപ്പെടുത്തുക കൂടി ചെയ്തു. ഇതെല്ലാം സമാധാനപാലകരെന്നറിയപ്പെടുന്ന പോലീസിൻെറ മൂക്കിൻെറ കീഴിൽ നിന്നുകൊണ്ടാണു് നടത്തിയിരുന്നതു്.

## തൊഴിലാളിവർഗ്ഗത്തിനു് ലഭിച്ച ഗുണപാഠം

പ്രസ്തുത പണിമുടക്കം സർവ്വരുടെ ശ്രദ്ധയേയും ആകർഷിച്ചിരുന്നു. സംഘടിതരും അസംഘടിതരുമായിരുന്ന തൊഴിലാളികളുടേയും അവരോടു് ഏററവും പററിനിൽക്കുന്ന മററു മർദ്ദിത വിഭാഗത്തിൻേറയും ഒരു വലിയ ഇളക്കം ഉണ്ടാക്കിത്തീർത്തു. മർദ്ദിതജനവിഭാഗം എത്ര വൻപിച്ച ഭൂരിപക്ഷമായാലും തങ്ങളുടെ അവകാശങ്ങൾ കാശുമററി ചോദിക്കുമ്പോൾ കഠിനമായ എതിരും മർദ്ദനവും സഹിക്കേണ്ടി വരുമെന്നു് അവർക്കു്

അന്നു് വ്യക്തമായി ബോധ്യപ്പെട്ടു. സംഘടിതബലം ഒഴിച്ചുകൂടാൻ പാടില്ലാത്തതാണെന്നവർ മനസ്സിലാക്കി.

ഈ സമരത്തെത്തുടർന്നു് കല്ലായി ഈർച്ചക്കമ്പനിത്തൊഴിലാളികളും കൂലികുറവിനേയും ആഴ്ചയിൽ 5½ ദിവസം പ്രവൃത്തി നടപ്പിൽ വരുത്തുന്നതിനേയും എതിർത്തുകൊണ്ടു് മാനേജുമെൻറുകൾക്കു് നോട്ടീസ് കൊടുത്തു. പണിമുടക്കു് സമരത്തിനു് ഇടമനവദിക്കാതെ അവരുടെ ആവശ്യങ്ങൾ മുതലാളിമാർ അനുവദിച്ചു കൊടുക്കാൻ നിർബ്ബന്ധിതരായി.

## തൊഴിലാളികൾ ആവശ്യങ്ങൾക്കായി മുന്നേറുന്നു

1935 നവംബർ 11-ാം തീയതി വീണ്ടും കോട്ടൺമിൽ തൊഴിലാളികൾ പണിമുടക്കാൻ നിർബ്ബന്ധിതരായി. യൂണിയനെ അംഗീകരിക്കുക; കരാർ സമ്പ്രദായം നിർത്തൽ ചെയ്യുക; ബത്തയില്ലാത്തവർക്കു് ബത്തയനുവദിക്കുകയും അതു് പഴയപടി 2½ ക. യാക്കുകയും ചെയ്യുക; മൂന്നും നാലും രൂപ ശമ്പളക്കാർക്കു് യഥാക്രമം നാലും അഞ്ചും രൂപ ആക്കിക്കൊടുക്കുക; ദേഹദണ്ഡനം ഏൽപ്പിക്കാതിരിക്കുക; കൂലി കൂടാതെ യന്ത്രംവൃത്തിയാക്കിക്കാതിരിക്കുക; തുടങ്ങിയ ആവശ്യങ്ങൾക്കു്വേണ്ടിയായിരുന്നു ആ പണിമുടക്കു്. അതു് രണ്ടുമാസക്കാലം നീണ്ടുനിൽക്കുകയുണ്ടായി. തെമ്മാടിത്തവും പോലീസിടപെടലും ഉണ്ടായി, ഫറോക്ക് പണിമുടക്കത്തിൽ നിന്നും കിട്ടിയ പാഠം കൊണ്ടു് തെമ്മാടിത്തത്തേയും കരിങ്കാലൻമാരേയും തടുക്കാൻ ഏറെക്കുറെസാധിച്ചു. പൊതുയോഗങ്ങളും ഘോഷയാത്രകളും നിരോധിക്കപ്പെട്ടു. സഖാക്കൾ എൻ. സി. ശേഖർ, പി കൃഷ്ണപിള്ള, ഏ. കെ. ഗോപാലൻ എന്നിവർക്കു് നിരോധനാജ്ഞകൾ നൽകി. അഭിപ്രായസ്വാതന്ത്ര്യത്തെ അടിച്ചമർത്തി. കമ്പനി മാനേജ്മെൻറും ഗവണ്മെൻറും തെമ്മാടികളും ഇവിടെയും ഐക്യ അണി സ്ഥാപിച്ചു തൊഴിലാളിവർഗത്തിൻെറ താൽപ്പര്യത്തെ അടിച്ചമർത്താൻ മുന്നോട്ടുവന്നു. എന്നിട്ടും തൊഴിലാളികൾ പിൻവാങ്ങിയില്ല.

1936 ജനുവരി 16-ാം തീയതിയാണു് ഈ പണിമുടക്കം അവസാനിച്ചതു്. ബത്തയിൽ നിന്നും പിടിച്ചെടുത്തിരുന്ന ആറണ ഒരണയാക്കി കുറക്കുകയും മൂന്നും നാലും ഉറുപ്പികക്കാർക്കു് നാലും അഞ്ചും ഉറുപ്പിക വീതം യഥാക്രമം കൂലി കൂട്ടിക്കൊടുക്കുകയും ചെയ്തു. എങ്കിലും 30-ൽപ്പരം ഒന്നാംതരം വർഗബോധം തികഞ്ഞ തൊഴിലാളികളെ പണിയിൽ നിന്നും പിരിച്ചുവിടുകയാണുണ്ടായതു്. യൂണിയനെ തകർത്തുകളയാനുള്ള മാനേജ്മെൻറിൻേറയും ഗവണ്മെൻറിൻേറയും പരിശ്രമങ്ങളെ തൊഴിലാളികൾ വിജയപൂർവം തടുത്തുനിന്നു. *

---

* അവലംബം: എൻ. സി. ശേഖർ, പ്രഭാതം – 1939 മേയ്.

തിരുവണ്ണൂർ കോട്ടൺമില്ലിലും ഫറൂക്ക് ചെറുവണ്ണൂർ പ്രദേശങ്ങളിലെ ഓട്ടുകമ്പനികളിലും തുടരെത്തുടരെയുണ്ടായ പണിമുടക്കങ്ങളാണ് മലബാറിൽ ആധുനിക ട്രേഡ്‌യൂണിയൻ പ്രസ്ഥാനത്തിന് അടിക്കല്ലിട്ടതെന്ന് പി. നാരായണൻ നായർ ചൂണ്ടിക്കാണിക്കുന്നു. പണിമുടക്ക് കാലത്തു് മാത്രമല്ല, പണിമുടക്കുകൾ ഇല്ലാത്ത കാലത്തും ട്രേഡ്‌യൂണിയൻ പ്രവർത്തകർ തൊഴിലാളികൾക്കിടയിൽ അനുസ്യൂതമായി പ്രവർത്തിച്ചുവന്നു. കോഴിക്കോട്ട് കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടി പ്രവർത്തനം ആരംഭിച്ചതോടുകൂടി ഒരു തൊഴിലാളി യൂണിയനാപ്പീസും തുറന്നു പ്രവർത്തിക്കാൻ തുടങ്ങി. അതു് ഇടതുപക്ഷക്കാരായ പൊതു പ്രവർത്തകർക്കു് കൂടിച്ചേരുന്നതിനുള്ള ഒരു കേന്ദ്രമായിത്തീർന്നു. യൂണിയനാപ്പീസിൽ തൊഴിലാളികൾക്കുവേണ്ടി ഒരു നിശാപാഠശാലയും അന്ന് നടത്തിയിരുന്നു. പി. കൃഷ്ണപിള്ളയ്ക്കു പുറമേ പി. കെ. ബാലൻ, എച്ച്. മഞ്ജുനാഥറാവു, പി. കെ. രാമുണ്ണിനായർ, നാഗ്ജി പുരുഷോത്തം കമ്പനിയിലെ സാരാഭായി പട്ടേൽ തുടങ്ങിയവരുടെ ഉത്സാഹത്തിലും നിയന്ത്രണത്തിലുമാണ് ആ പാഠശാല നടത്തിക്കൊണ്ടിരുന്നതു്. ട്രേഡ്‌യൂണിയൻ പ്രവർത്തകർ അവശ്യം അറിഞ്ഞിരിക്കേണ്ട പ്രാഥമിക കാര്യങ്ങൾക്കു് പുറമേ സോഷ്യലിസത്തിൻെറ അടിസ്ഥാനതത്വങ്ങൾ സാമ്രാജ്യത്വ വിരുദ്ധ സമരത്തിൻെറ പ്രാധാന്യം തുടങ്ങിയ വിഷയങ്ങളെക്കുറിച്ചും തൊഴിലാളികൾക്കു് പറഞ്ഞുകൊടുത്തിരുന്നു. 1938-ൽ ഈ നിശാപാഠശാല ഒരു തൊഴിലാളി വിദ്യാലയമായി ഉയർത്തുന്നതിനുള്ള ചില പരിശ്രമങ്ങളും നടക്കുകയുണ്ടായി. *

## ഹിന്ദു-മുസ്‌ലീം ഐക്യം—കൊളമ്പിയാ വർക്ക്സ് സമരത്തിൻെറ നേട്ടം

അക്കാലത്തു് കൊളംബിയാവർക്സിലെ തൊഴിലാളികൾ നടത്തിയ സമരം പന്ത്രണ്ടാംദിവസം രാജിയിൽ അവസാനിച്ചു. ആ സമരം തൊഴിലാളിവർഗത്തിൻെറ കണ്ണു തുറപ്പിച്ച സമരമായിരുന്നു. തൊഴിലാളി ഹിന്ദുവായാലും മുസ്ലീമായാലും ഒരേ വർഗത്തിൽപ്പെട്ടവരാണെന്നും അതുപോലെ തന്നെ മുതലാളി ഹിന്ദുവായാലും മുസ്‌ലീമായാലും അവരൊന്നാണെന്നും മനസ്സിലാക്കാൻ ഈ സമരം സഹായിച്ചു. സമുദായ വാദികളായ സ്ഥാപിത താൽപ്പര്യക്കാർ പറയുന്നപോലെ ഹിന്ദുക്കൾ ഹിന്ദുക്കളാൽ ഏതു പരിതസ്ഥിതിയിലും ഒന്നാണെന്നും മുസ്‌ലീമിങ്ങളും അങ്ങിനെതന്നെയാണെന്നുമുള്ള ഏററവും തകരാറുപിടിച്ച വാദം പൊളിച്ചുകാണിക്കാനും ഈ സമരത്തിലെ അനുഭവങ്ങൾ ഉപകരിച്ചു. അതിനുശേഷം നടന്ന പുതിയറ ഫാക്ടറിയിലെ പണിമുടക്കത്തെ അടിച്ചമർത്തുക

* 'അരനൂററാണ്ടിലൂടെ'—പി. നാരായണൻ നായർ

യാണ് ചെയ്തത്. പണിമുടക്കത്തെ പൊളിക്കുന്നതിനും യൂണിയനെ തകർക്കുന്നതിനും മാനേജ്മെൻറിന് ഗവൺമെൻറ് ഒററുനിന്നതുപോലെ തന്നെ ചില രാഷ്ട്രീയ പ്രവർത്തകരും സഹായിച്ചിരുന്നു. പോലീസിൻെറ സഹായത്തോടുകൂടി കരിങ്കാലൻമാരെ ഫാക്ടറികളിൽ കടത്തി 22-ൽ പ്പരം തൊഴിലാളികളെ അറസ്റ്റ്ചെയ്ത് ലോക്കപ്പിലടച്ചു. തൊഴിലാളി പ്രവർത്തകനായ പി. കൃഷ്ണപിള്ളയെ ശിക്ഷിച്ച് ഒരു മാസം തടവിൽ വച്ചു. എതിരാളികളുടെ അക്രമത്തേയും എതിർ പ്രചാരത്തേയും ചെറുത്തു നിൽക്കാൻ തൊഴിലാളികൾ പണിപ്പെട്ടുവെങ്കിലും ഉൾനാടുകളിലുള്ള ജനങ്ങളുടെ പിന്തുണ നേടുവാൻ കഴിയാത്തതിനാൽ അത് പരാജയപ്പെട്ടു പോയി.

## തലശ്ശേരിയിലുംകണ്ണൂരിലും പാപ്പിനിശ്ശേരിയിലും പ്രസ്ഥാനം വ്യാപിക്കുന്നു

ആ വർഷത്തിൽത്തന്നെ തലശ്ശേരിയിലെ നെയ്ത്തു തൊഴിലാളികൾ കൂലി വെട്ടിക്കുറയ്ക്കലിനേയും സസ്പെൻഷൻ; ഫയിൻ മുതലായ അന്യായങ്ങളേയും ചെറുത്തുകൊണ്ട് ഒരു പണിമുടക്കം നടത്തി. എല്ലാം വിഭാഗം തൊഴിലാളികളുടേയും യൂണിയനുകൾ ഈ കാലഘട്ടത്തിൽ ഉണ്ടായിത്തുടങ്ങി. ബീഡി തൊഴിലാളികൾ; നെയ്ത്തു തൊഴിലാളികൾ; പ്രസ്സ് തൊഴിലാളികൾ; തുറമുഖത്തൊഴിലാളികൾ; എല്ലാവരും സംഘടിതരായി. പല സമരങ്ങളും നടത്തി പല നേട്ടങ്ങളുമുണ്ടാക്കി എന്ന് പി. നാരായണൻ നായർ വിവരിക്കുന്നു*. പാപ്പിനിശ്ശേരി ആറോൺ മില്ലിലും കണ്ണൂരിലും പരിസരങ്ങളിലുമുള്ള നെയ്ത്തു കമ്പനികളിലും വെസ്റ്റ് കോസ്റ്റ് ഇലക്ട്രിക് സപ്ലൈ കോർപ്പറേഷനിലും മലബാറിൻെറ നാനാ ഭാഗങ്ങളിലായി ബീഡിക്കമ്പനികളിലും അന്ന് പല പണിമുടക്കങ്ങളും നടക്കുകയുണ്ടായിട്ടുണ്ട്. 1937 ആദ്യം കണ്ണൂർ ആനന്ദമന്ദിരം ഹാളിൽച്ചേർന്ന കണ്ണൂർ ലേബർ യൂണിയൻെറ പ്രഥമ വാർഷികത്തിൽ പി. നാരായണൻ നായരായിരുന്നു അദ്ധ്യക്ഷൻ. കെ. പി. ഗോപാലൻ, വില്യം സ്റ്റെലക്സ്, സി. കെ. ഉണ്ണി, കെ. പി. കമാരൻ, കെ. വാസുദേവ്, കാന്തലോട്ട കുഞ്ഞമ്പു, മുതൽ പേർ ആയിരുന്നു അവിടത്തെ പ്രധാന പ്രവർത്തകർ.

## പി. കൃഷ്ണപിള്ളയുടെ സംഘടനാ വൈഭവം

അക്കാലത്തെ തൊഴിലാളി പ്രവർത്തകർക്കെല്ലാം ആവേശം നൽകിയത് പി. കൃഷ്ണപിള്ളയുടെ സംഘടനാ വൈഭവമായിരുന്നു. ഇ. എം. എസ്സും, ബലറാമും, എ. കെ. ജി. യും, പി. നാരായണൻ നായരും, കെ.

---

* 'അരനൂററാണ്ടിലൂടെ' എന്ന പി. നാരായണൻ നായരുടെ ഗ്രന്ഥത്തിൽ നിന്ന്.

പി. ഗോപാലനും ടി. രാമനുണ്ണിയും മഞ്ചുനാഥ റാവുവും പി. കെ. ബാല കൃഷ്ണനും മററും അക്കാലങ്ങളിലെ ട്രേഡ് യൂണിയൻ പ്രവർത്തനങ്ങളെപ്പററി പരാമർശിക്കുമ്പോഴെല്ലാം ഈ വസ്തുത വ്യക്തമാക്കുന്നുണ്ട്. അദ്ധ്വാനിക്കു ന്ന ജനങ്ങാംക്കും അവരുടെ സംഘടനകാംക്കും ശാസ്ത്രീയവും നൂതനവു മായ ലക്ഷ്യവും മാർഗവും ആവിഷ്ക്കരിക്കാൻ കഴിഞ്ഞതാണ് കൃഷ്ണപിള്ള യുടെ വലിയ നേട്ടമെന്ന് ബലറാം പറയുന്നു. പി. നാരായണൻ നായർ പറയുന്നതു് പി. കൃഷ്ണപിള്ളയുടെ രാഷ്ട്രീയ നേതൃത്വവും സംഘടനാ വൈ ഭവവുമാണ് സോഷ്യലിസ്റ്റ് പാർട്ടിയുടേയും ട്രേഡ് യൂണിയൻ പ്രസ്ഥാന ത്തിൻേറയും കർഷക പ്രസ്ഥാനത്തിൻേറയും പിന്നിലുണ്ടായിരുന്നതു് എ ന്നാണ്.

ഏ. കെ. ജി. കൃഷ്ണപിള്ളയെപ്പററി പറയുന്നതു് സഖാവിൻെറ കൂടെ പ്രവർത്തിച്ചാൽ അഭൂതപൂർവ്വമായ ആത്മവിശ്വാസം ഉണ്ടാകുമെന്നാണ്. ഉദ്ദേശിച്ച കാര്യത്തിനിറങ്ങുക, ശ്രമിക്കുക വേണ്ടതെല്ലാം സാധിക്കും, ഇതാ യിരുന്നു സഖാവിൻെറ വിശ്വാസ പ്രമാണമെന്നാണ് ഏ. കെ. ജി യുടെ അഭിപ്രായം.

കണ്ണൂർ ജയിലിലെ സത്യഗ്രഹത്തടവുകാരുടെയിടയിൽ ബംഗാ ളിൽ നിന്നും വന്ന വിപ്ലവകാരികളുടെ ആഭിമുഖ്യത്തിൽ രൂപീകരിക്ക പ്പെട്ട തീവ്രവാദി ഗ്രൂപ്പിൻെറ അംഗീകൃത നേതാവായിട്ടാണ് പി. കൃഷ്ണപിള്ള സോഷ്യലിസ്റ്റ് പ്രസ്ഥാനത്തിലേക്ക് കടന്നു വരുന്നതു്. ഓരോരുത്തരുടേയും കഴിവുകാം നോക്കി അതതു ആളുകാം ചെയ്യേണ്ട ജോ ലി എന്തെന്ന് അവർക്കു് ഉപദേശവും നിർദ്ദേശവും നൽകുന്ന കാര്യത്തിൽ കൃഷ്ണപിള്ള വിജയിച്ചുവെന്ന് ഇ. എം. എസ്സ് ചൂണ്ടിക്കാണിക്കുന്നു. ട്രേഡ് യൂണിയൻ രംഗത്തു് നവോന്മേഷം ഉണ്ടാക്കുന്നതിനുവേണ്ടി ഈ അന്യാദൃശമായ കഴിവ് വളരെയധികം ഉപകരിച്ചു. അദ്ദേഹത്തോടൊപ്പം തുല്യപ്രാഭവത്തോടുകൂടി രംഗത്തു വന്ന സോഷ്യലിസ്റ്റ് പ്രവർത്തകർ പഴയ മലബാറിൻെറ തലസ്ഥാനമായിരുന്ന കോഴിക്കോട്ടെ തൊഴിലാളികളെ സുശിക്ഷിതരാക്കി. അതോടൊപ്പം കേരളത്തിലെ വിവിധ ഭാഗങ്ങളിൽ ചിന്നിച്ചിതറി കിടന്നിരുന്ന തൊഴിലാളി സംഘടനകളെ ഏകീകരിപ്പി ക്കുവാനും അതിനെ അഖിലേന്ത്യാ തൊഴിലാളി പ്രസ്ഥാനവുമായി ബ ന്ധിപ്പിക്കുവാനും പി. കൃഷ്ണപിള്ളയും സഹപ്രവർത്തകരും തീരുമാ നിച്ചു.

## ഒന്നാം അഖില കേരള തൊഴിലാളി സമ്മേളനം

ഈ തീരുമാനത്തിൻെറ അടിസ്ഥാനത്തിലാണ് 1935– മേയ്മാസ ത്തിൽ കോഴിക്കോട്ട് വച്ചു് ഒന്നാം അഖിലകേരള തൊഴിലാളി സമ്മേളനം

നടന്നതു്. കേരളത്തിലെ ട്രേഡ്യൂണിയൻ പ്രസ്ഥാന ചരിത്രത്തിൽ അവിസ്മരണീയമായ സംഭവമായി ഇതിനെ തൊഴിലാളിവർഗം ആച രിക്കേണ്ടതാണ്. എം. ഏ. കാക്ക, പി. എസ്. നമ്പൂതിരി, പുതുപ്പള്ളി രാഘവൻ, ഇ. എം. എസ്, കെ. സി. ഗോവിന്ദൻ, പി. നാരായണൻനായർ എന്നിവർ എഴുതിയിട്ടുള്ള ഗ്രന്ഥങ്ങളിൽ നിന്നും ലേഖനങ്ങളിൽ നിന്നും അവരിൽ ചിലരുമായി നടത്തിയ അഭിമുഖ സംഭാഷണങ്ങളിൽനിന്നും താഴെ പറയുന്ന വിവരങ്ങൾ ആ സമ്മേളനത്തെപ്പററി ശേഖരിക്കുവാൻ കഴിഞ്ഞിട്ടുണ്ടു്. കോൺഗ്രസിൻെറ ആഭിമുഖ്യത്തിൽ നടന്ന സംസ്ഥാന രാഷ്ട്രീയ സമ്മേളനത്തിൻെറ കൂടെയാണ് ഈ അഖിലകേരള തൊഴിലാളി സമ്മേളനം നടന്നതു്. ഇതിൽ പങ്കെടുത്തിരുന്ന പ്രതിനിധികളിൽ ബഹുഭൂരിപക്ഷവും മലബാർ പ്രദേശത്തു നിന്നു് വന്നവരായിരുന്നു. അതോടൊപ്പം ഇതരകേന്ദ്രങ്ങളിൽ നിന്നും പ്രധാനപ്പെട്ട തൊഴിലാളി പ്രവർത്തകർ സംബന്ധിച്ചിരുന്നു. പി. കൃഷ്ണപിള്ളയായിരുന്നു സമ്മേളനത്തിൻെറ പ്രധാന സൂത്രധാരൻ. അദ്ദേഹത്തിൻെറ സഹപ്രവർത്തകരായ കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടി പ്രവർത്തകർക്കു പുറമേ 'രാഷ്ട്രീയത്തിനതീത'മായ ട്രേഡ്യൂണിയൻ പ്രസ്ഥാനം എന്ന കാഴ്ചപ്പാടോടെ ട്രേഡ്യൂണിയൻ പ്രവർത്തനം നടത്തിയിരുന്ന ചില നേതാക്കൻമാരും പ്രതിനിധികളായി വന്നിരുന്നു. എന്നാൽ ബഹുഭൂരിപക്ഷം പ്രതിനിധികൾ ഈ സമീപനത്തിനെതിരായിരുന്നു എന്നു് ഇ. എം. എസ്. പറയുന്നു*. അവർ സോഷ്യലിസ്റ്റ് സമുദായസ്ഥാപനം എന്ന ലക്ഷ്യമായിരുന്നു സ്വീകരിച്ചിരുന്നതു്.

ബോംബെയിലെ ഒരു പ്രസിദ്ധ ട്രേഡ് യൂണിയൻ പ്രവർത്തകയായ മണിബൻകാരയായിരുന്നു ഈ സമ്മേളനത്തിൻെറ അദ്ധ്യക്ഷ. എൻ. സി. ശേഖർ, കെ. കെ. വാര്യർ, പി. എസ്. നമ്പൂതിരി, കെ. പി. ഗോപാലൻ, പി. കെ. ബാലൻ, ഏ. കെ. ജി, ആർ. സുഗതൻ തുടങ്ങിയവർ ഈ സമ്മേളനത്തിൽ സജീവമായി പങ്കു കൊണ്ടു. ജോലി സമയം, ജോലിസ്ഥിരത എന്നിവയെപ്പററിയുള്ള പ്രമേയങ്ങൾ ഈ സമ്മേളനത്തിൽ പാസ്സാക്കുകയുണ്ടായി. തൊഴിൽ നിയമ നിർമ്മാണം നടത്തണമെന്നു് ഈ സമ്മേളനം ഗവണ്മെൻറിനോട് ആവശ്യപ്പെട്ടു. കോൺഗ്രസിൽ തൊഴിലാളികൾക്കു കൂടി അംഗത്വം നൽകണമെന്നും ട്രേഡ്യൂണിയൻ അംഗങ്ങൾക്കെല്ലാം കോൺഗ്രസ് മെംബർഷിപ്പ് കിട്ടണമെന്നും യോഗം ആവശ്യപ്പെട്ടു. രാഷ്ട്രീയസ്വാതന്ത്ര്യ സമരത്തിൽ തൊഴിലാളികൾ മുൻകൈ എടുക്കണമെന്നും പൂർണ സ്വാതന്ത്ര്യമായിരിക്കണം സ്വാതന്ത്ര്യസമര ലക്ഷ്യമെന്നും സമ്മേളനം പ്രഖ്യാപിച്ചു.

---

* അവലംബം: 'ആത്മകഥ'—ഇ. എം. എസ്.

## മധ്യ കേരളത്തിലെ തൊഴിലാളി പ്രവർത്തനങ്ങൾ

ഒന്നാം കേരള തൊഴിലാളി സമ്മേളനത്തിൻെറ ആവേശമുൾക്കൊണ്ടു് മധ്യകേരളത്തിലെ ട്രേഡ്യൂണിയൻ പ്രസ്ഥാനം മററിടങ്ങളെപ്പോലെ സജീവമായി. ആമ്പല്ലൂർ, ചാലക്കുടി എന്നീ പുതിയ പ്രദേശങ്ങളിലേക്കു് ട്രേഡ്യൂണിയൻ പ്രസ്ഥാനം വ്യാപിച്ചുതുടങ്ങി. ചാലക്കുടി ബീഡിത്തൊഴിലാളികളുടെ സംഘടന വളരെ സുശക്തമായിത്തീൻ. കുണ്ടംകുളത്തി എന്ന ഒരു കോൺട്രാക്ടരുടെ കീഴിൽ ജോലി ചെയ്തിരുന്ന മുകുന്ദപുരം താലൂക്കിലെ ഇരുന്നൂറോളം ബീഡിത്തൊഴിലാളികൾ നടത്തിയ സമരം ബീഡിത്തൊഴിലാളിയൂണിയനെ ശക്തിപ്പെടുത്തി. കൊച്ചിൻ പോട്ടറീസിലെയും ചാലക്കുടി സാമില്ലിലേയും തൊഴിലാളികളും ഇതു കണ്ടു് ട്രേഡ്യൂണിയനുകൾ കെട്ടിപ്പടുത്തു.

പിൽക്കാലത്തു് ഐതിഹാസികമായ സമരങ്ങൾ നടത്തിയിട്ടുള്ള ആമ്പല്ലൂർ ടെക്സ്റ്റൈൽസിലെ തൊഴിലാളികളും ഇക്കാലത്താണു് സംഘടിതരായിത്തീർന്നതു്. അളഗപ്പ ചെട്ടിയാർ സ്ഥാപിച്ചതാണു് ഈ മില്ലു്. അന്നത്തെ കൊച്ചി ദിവാൻ ആർ. കെ. ഷൺമുഖൻ ചെട്ടിയുടെ സുഹൃത്തായിരുന്നു ഈ മില്ലുടമ.

## തമിഴ്–മലയാളി തൊഴിലാളി വഴക്കുണ്ടാക്കാനുള്ള ശ്രമങ്ങൾ

ആദ്യം തന്നെ ഈ മില്ലുടമ തമിഴ്–മലയാളി വഴക്കു് തൊഴിലാളികൾക്കിടയിൽ വളർത്തുവാൻ ശ്രമിച്ചിരുന്നു. ഈ മില്ല് പ്രവർത്തനമാരംഭിച്ചു്; ഒരു മാസം തികയുന്നതിനു് മുൻപായി തൊഴിലാളികൾ കൂലി കൂട്ടലിനും തുല്യകൂലി നിരക്കിനും (തമിഴർക്കു് കൂടുതൽ എന്ന നില മാററുകയെന്നതു്) വേണ്ടി പണിമുടക്കി. ആദ്യത്തെ പണിമുടക്കു് വിജയിച്ചു. അതോടൊപ്പം തമിഴ്–മലയാളി വഴക്കു് തൊഴിലാളികൾക്കിടയിൽ മൂർഛിച്ചു: അതോടൊപ്പം തന്നെ ഈഴവരായ തൊഴിലാളികളെ സവർണ്ണരായ നേതാക്കന്മാർ വഴിതെററിക്കുന്നുവെന്നു് ഒരു പ്രചരണവും ആരംഭിച്ചു. അതുകൊണ്ടു് ഈഴവക്കു് ഒരു യൂണിയൻ വേണമെന്ന വാദവും തുടങ്ങി. അതിൻെറ പിന്നിൽ പ്രവർത്തിച്ചിരുന്നതു് ചെട്ടിയാരുടെ ഹസ്തങ്ങളായിരുന്നു. പക്ഷെ, വർഗബോധമുള്ള തൊഴിലാളികൾ കുലുങ്ങിയില്ല.*

തൃശ്ശൂർ സീതാറാം മില്ലിലും തൊഴിലാളി പ്രവർത്തനം അക്കാലത്താരംഭിച്ചിരുന്നു. ഇതേ കാലഘട്ടത്തിൽ തൃശ്ശൂർ പീടികത്തൊഴിലാളികൾ

---

* പി. എസ്. നമ്പൂതിരിയുമായുള്ള ഒരഭിമുഖ സംഭാഷണത്തിൽനിന്നു്

കൂടുതൽ സംഘടിതരായിരുന്നുവെന്നു് സി. അച്യുതമേനോൻ അനുസ്മരിക്കുന്നു.* കോൺഗ്രസ് സോഷ്യലിസ്റ്റ് എന്ന് ഇംഗ്ലീഷു വാരിക ഏജൻസി എടുത്തിരുന്നയാളുമായി അച്യുതമേനോനു് പരിചയമുണ്ടായിരുന്നു. ആ ഏജൻറിൻെറ സ്ഥലത്തുവച്ചാണു് കെ. കെ. വാരിയരുമായി പരിചയം ഉണ്ടായതു്. അങ്ങനെയാണു് ട്രേഡ്യൂണിയൻ രംഗത്തേക്കു പ്രവേശിച്ചതും പിൽക്കാലത്തു് ഷാപ്പ് എംപ്ലോയീസ് യൂണിയനുമായാണു് കൂടുതൽ അടുത്തു പരിചയിച്ചതും പ്രവർത്തിച്ചതുമെന്നു് അച്യുതമേനോൻ വെളിപ്പെടുത്തുകയുണ്ടായി.

## തൃശൂരിലെ രണ്ടാം അഖില കേരള തൊഴിലാളി സമ്മേളനം

1935–1937 കാലഘട്ടങ്ങളിൽ മധ്യകേരളത്തിലും കേരളത്തിലുടനീളവും മുളയെടുത്തുവന്ന പുരോഗതിയെ ഒന്നുകൂടി മുമ്പോട്ടു കൊണ്ടുപോയതാണു് 1937 ഏപ്രിൽ 25–നു തൃശ്ശൂർവച്ചു നടന്ന രണ്ടാം അഖിലകേരളത്തൊഴിലാളി സമ്മേളനം. ഇതിനെക്കുറിച്ചു് എൻ. ഇ. ബലറാമും പ്രഫസർ കരുണാകരമേനോനും എം. എ. കാക്കവും അച്യുതമേനോനും അവരുടെ പുസ്തകങ്ങളിൽ കൂടിയും അഭിമുഖസംഭാഷണങ്ങളിൽ കൂടിയും ലേഖനങ്ങളിൽ കൂടിയും ചുരുങ്ങിയ വിവരണങ്ങൾ നൽകിയിട്ടുണ്ടു്.** അതിനുപുറമെ കേരള കൗമുദിയുടെ 1937 പഴയ ലക്കങ്ങളിൽ കേരളത്തിനു് വെളിയിൽ നിന്നും ഈ സമ്മേളനത്തിൽ പങ്കെടുത്ത സോനിബാട്ലി വാലയുടെയും സൗമ്യേന്ദ്രനാഥ ടാഗൂറിൻെറയും പ്രസംഗങ്ങളുടെ സംഗ്രഹം പ്രസിദ്ധീകരിച്ചിട്ടുള്ളതിൽ നിന്നും ചില വിവരങ്ങൾ കിട്ടിയിട്ടുണ്ടു്. അവയെല്ലാം ക്രോഡീകരിച്ചുകൊണ്ടു് ഒരു റിപ്പോർട്ടു് താഴെ ചേർക്കുന്നു.

സോനിബാട്ലിവാലാ എന്ന ഇന്ത്യൻ ട്രേഡുയൂണിയൻ കോൺഗ്രസ്സു്നേതാവായിരുന്നു സമ്മേളനത്തിൻെറ അദ്ധ്യക്ഷൻ. പ്രതിനിധി സമ്മേളനംതൃശ്ശൂരിലെ പഴയ രാമവർമ്മ തിയേററിലായിരുന്നു. പൊതു

---

* സി. അച്യുതമേനോനുമായുള്ള ഒരഭിമുഖസംഭാഷണത്തിൽ നിന്നു്.

** (ഏ) എൻ. ഇ. ബലറാം—കേരളത്തിലെ കമ്യൂണിസ്റ്റു പ്രസ്ഥാനത്തിൻെറ ചരിത്രം.

(ബി) കേരളത്തിലെ സ്വാതന്ത്ര്യസമര ചരിത്രം—(ഇംഗ്ലീഷു പുസ്തകം) പ്രഫസർ കരുണാകരമേനോൻ.

(സി) എം. എ. കാക്കവുമായുള്ള അഭിമുഖസംഭാഷണം.

(സീ) അച്യുതമേനോനുമായുള്ള അഭിമുഖസംഭാഷണം.

(ഇ) കെ. ദാമോദരൻ സ്മാരകഗ്രന്ഥം— (അച്യുതമേനോൻെറ ലേഖനം)

സമ്മേളനം തേക്കിൻ കാട്ട മൈതാനത്തുവച്ചു നടന്നു. കൊല്ലം മുതൽ കണ്ണൂർ വരെയുള്ള തൊഴിലാളി കേന്ദ്രങ്ങളിൽ നിന്നു് പ്രതിനിധികൾ യോഗത്തിൽപങ്കെടുത്തു.

## i സംഘടനാപരമായ തീരുമാനങ്ങൾ

(a) കേരളത്തിലെ തൊഴിലാളി യൂണിയനുകളോട്ട് എ. ഐ. ടി യു. സിയിൽ ചേരുന്നതിനു് ആവശ്യപ്പെട്ടു.

(b) എ. ഐ. ടി. യു. സിയുടെ ഒരു ഘടകം കേരളത്തിൽ രൂപീകരിക്കുന്നതിനു് വേണ്ട പ്രവർത്തനങ്ങൾക്കായി പി. കൃഷ്ണപിള്ളയെ ചുമതലപ്പെടുത്തി.

(c) ആയിരം അംഗങ്ങൾ എങ്കിലുമുള്ളതും ഒരു കൊല്ലത്തെയെങ്കിലും പ്രവർത്തനപാരമ്പര്യമുള്ളതുമായ പ്രാദേശിക യൂണിയനുകൾക്കു് ഇതിനായി വിളിച്ചുകൂട്ടുന്ന സമ്മേളനത്തിൽ പങ്കെടുക്കാൻ ഓരോ പ്രതിനിധിയെ വീതം അയയ്ക്കാവുന്നതാണെന്നു് തീരുമാനിച്ചു.

(d) അഖിലകേരള തൊഴിലാളി പ്രവർത്തനത്തെ സംയോജിപ്പിക്കുന്നതിനായി തൃശ്ശൂർ സമ്മേളനം അഖിലകേരള തൊഴിലാളി കമ്മിററി എന്നറിയപ്പെടുന്ന ഒരു കമ്മിററിയെ നിയമിച്ചു. പി. കൃഷ്ണപിള്ളയെ സെക്രട്ടറിയായി നിയമിച്ചു.

(e) എസ്റ്റേററ് തൊഴിലാളികളുടെ സ്ഥിതിയെപ്പററി അന്വേഷിച്ച് റിപ്പോർട്ടു് ചെയ്യാൻ ഒരു കമ്മിററിയെ നിയമിച്ചു.

## ii രാഷ്ട്രീയ തീരുമാനങ്ങൾ.

(1) തൊഴിലില്ലായ്മയുടേയും പട്ടിണിയുടേയും പ്രശ്നങ്ങൾ സഫലമായി കൈകാര്യം ചെയ്ത സോവിയററു ഗവണ്മെൻറിനെ അഭിനന്ദിക്കുന്നതായ പ്രമേയം സമ്മേളനം പാസ്സാക്കി.

(2) സാമ്രാജ്യവാദികൾ കുത്തിപ്പൊക്കുന്ന ഒരു യുദ്ധത്തിലും ഇന്ത്യ പങ്കെടുക്കരുതെന്നും യുദ്ധാവസരം സ്വാതന്ത്ര്യ സമ്പാദനത്തിനായി ഉപയോഗപ്പെടുത്തണമെന്നും വ്യക്തമാക്കുന്നതായിരുന്നു മറെറാരു പ്രമേയം.

(3) പൂർണ്ണ സ്വാതന്ത്ര്യലബ്ധി; സിവിൽ സ്വാതന്ത്ര്യം; ഉത്തരവാദഭരണം എന്നിവയെപ്പററിയുള്ള പ്രമേയങ്ങൾ പാസ്സാക്കി.

## മററു പ്രമേയങ്ങൾ

തൊഴിലാളി വർഗ ഐക്യം; ജോലിസ്ഥിരത, പ്രവൃത്തിസമയം, കൂലി വർദ്ധനവു് തുടങ്ങിയ മുഖ്യപ്രശ്നങ്ങളെക്കുറിച്ചും പ്രമേയങ്ങൾ അംഗീകരിച്ചു.

പ്രതിനിധി സമ്മേളനത്തിനു് ശേഷം ഒരു പൊതു പ്രകടനവും ഉണ്ടായിരുന്നു. തേക്കിൻ കാട്ടു് മൈതാനത്തു് വെച്ചാണു് പൊതു സമ്മേളനം നടന്നതു്. ഈ യോഗത്തിൽ സോനി ബാട്‌ലിവാല ചെയ്ത ഉജ്ജ്വല പ്രസംഗം കെ. ദാമോദരൻ അതിശക്തിയോടും ഓജസ്സോടും കൂടി തർജ്ജമ ചെയ്തുവെന്നു് സി. അച്യുതമേനോൻ പ്രത്യേകം അനുസ്മരിക്കുന്നു. ബാട്‌ലി വാലയുടെ പ്രസംഗം അക്കാലത്തെ തൊഴിലാളി പ്രവർത്തകർക്കു് നല്ലൊരു പഠന ക്ലാസ്സും തൊഴിലാളികൾക്കു് ആത്മവിശ്വാസം പകരുന്ന ആഹ്വാനവുമായിരുന്നു. പ്രസംഗത്തിലെ ഏററവും പ്രധാനപ്പെട്ട ചില ഭാഗങ്ങൾ ഉദ്ധരിക്കുന്നു.

## ബാട്‌ലിവാലയുടെ പ്രസംഗഭാഗങ്ങൾ

"1936 ലും 37 ലുമായി ഇന്ത്യയിലെ തൊഴിലാളികളുടേയും കൃഷിക്കാരുടേയു. ഇടത്തരക്കാരുടേയും ഇടയിലുണ്ടായിട്ടുള്ള ഉണർവ്വു് അത്ഭുതകരമാണു്........ഈ ഘട്ടത്തിൽ തൊഴിലാളികൾ പിന്നണിയിൽ നിൽക്കുവാൻ പാടില്ല........തൊഴിലാളികൾ കുടിക്കുവാൻ കഞ്ഞിയും ഉടുക്കുവാൻ മുണ്ടും, കിടക്കുവാൻ പുരയിടവും ആവശ്യപ്പെട്ടാൽ അവരെ കമ്മ്യൂണിസ്റ്റുകാരെന്നും, ബോൾഷെവിക്കുകാരെന്നും അപകടക്കാരെന്നും പറഞ്ഞു് അടിച്ചമർത്തുകയായി........അവർ ആവശ്യപ്പെടുന്നതു് തൊഴിലാണു്; തൊഴിലിനു് കൂലിയും! ഇത്രയും പറഞ്ഞാൽ അവരുടെ പുറത്തു് കമ്മ്യൂണിസ്റ്റെന്നും ബോൾഷെവിസ്റ്റെന്നും സമുദായത്തെ തകിടം മറിക്കുന്നവരെന്നും ലേബൽ ഒട്ടിക്കുകയായി. ഇതിനു് കാരണമെന്തു്? ഞാൻ പറയാം. തൊഴിലാളികൾ ഉണരുന്നതും അവർക്കു് സ്വന്തം അവകാശങ്ങളെക്കുറിച്ചും അവ സമ്പാദിക്കുവാനുള്ള ശക്തിയെക്കുറിച്ചും ബോധമുണ്ടാകുന്നതും അധികാരശക്തിക്കും അവരുടെ വാലിൻമേൽ തൂങ്ങിക്കിടക്കുന്ന നിക്ഷിപ്ത താല്പര്യക്കാർക്കും വലിയ ഭയമാണു്........ഒരിക്കൽ തൊഴിലാളികൾ ഉണർന്നു കഴിഞ്ഞാൽ അത്ര ശക്ഷമായ ഒരു ശക്തിയില്ലെന്നും ചരിത്രത്തിൽ നിന്നു് അവർ പഠിച്ചിട്ടുണ്ടായിരിക്കും. വേലക്കാർ ഉത്തേജനത്തിനും ഉദാഹരണത്തിനുമായി റഷ്യയിലേക്കാണു് നോക്കുന്നതെന്നും അവർക്കറിയാം.....

റഷ്യയിൽ ഇന്നു് ചൂഷകന്മാരില്ല. അവിടത്തെ ഭരണം വേലക്കാരുടെ ഭരണമാകുന്നു. ഇന്നത്തെ ഇന്ത്യയെപ്പോലെ സാറിൻെറ കാലത്തെ റഷ്യയും വ്യവസായീകരണത്തിനായി മുറവിളികൂട്ടുകയായിരുന്നു. ചക്രവർത്തി അതു സമ്മതിച്ചില്ല. ഒരിക്കൽ പ്രബലനായിരുന്ന ആ സാർ ചക്രവർത്തി; ലോകത്തിലെ സ്വേച്ഛാപ്രഭുക്കളിൽ അഗ്രഗണ്യനായിരുന്ന ആ സാർ ചക്രവർത്തി; ജീർണ്ണിച്ച ഒരു ഭിത്തിപോലെ തകർന്നു വീണതിനുശേഷം റഷ്യയിലെ വേലക്കാർ, രണ്ടുപ്രാവശ്യം ആവർത്തിക്കപ്പെട്ടതായ പഞ്ചവത്സരപദ്ധതി മൂലം റഷ്യയെ ലോകത്തിലെ വ്യവസായ

രാജ്യങ്ങളിൽ അദ്വിതീയമാക്കിത്തീർത്തു. അങ്ങനെയൊരു ഭരണത്തിൻെറ കീഴിൽ ഈ മുതലാളിമാരും ഈ ജൻമിമാരും തങ്ങളുടെ സുഖസമൃദ്ധമായ കസേരകളിലിരുന്ന് യഥേഷ്ടം കല്പനകഠം പാസാക്കുന്നതിനുപകരം തൊഴിൽ ശാലകളിൽ പോയി പണിയെടുക്കേണ്ടിവരും.

കേരളത്തിലെ ചിന്നിച്ചിതറിക്കിടക്കുന്ന തൊഴിലാളികഠം അവരുടെ തൊഴിൽ അനുസരിച്ച് സംഘടിക്കുകയും യൂണിയനുകഠം രൂപീകരിക്കുകയും വേണം. ഇന്ത്യ സ്വാതന്ത്ര്യയാകണമെങ്കിൽ തൊഴിലാളികഠം സംഘടിച്ച് മുന്നണിയിലേക്ക് വരണം. വെള്ളക്കാരുടെ സ്വേച്ഛാ പ്രഭുത്വത്തിന് പകരം കറുത്തവരും സ്വേച്ഛാപ്രഭുത്വം സ്ഥാപിക്കുകയല്ല നമ്മുടെ ഉദ്ദേശമെന്നും ഈ അവസരത്തിൽ ഓർക്കേണ്ടതുണ്ട്........ഇന്ത്യയിലെ ഓരോ തൊഴിലാളിയും യോജിച്ച നിൽക്കണം. അങ്ങനെ വന്നാൽ ഇന്നത്തെ ചൂഷകന്മാർ തന്നെ അവരുടെ ചൂഷണം നിർത്തും. ആ ശക്തിയോടും ആ ദൃഢനിശ്ചയത്തോടും ഞാൻ അഭ്യർത്ഥിക്കുന്നു; ഒരിക്കലും അടിമകളാകാതിരിക്കുക". *

മറെറാരു തൊഴിലാളി നേതാവായ സൗമ്യേന്ദ്രനാഥടാഗ്ഗറും യോഗത്തിൽ പ്രസംഗിച്ചു.

തൃശ്ശൂരിലെ ഈ സമ്മേളനവും കോഴിക്കോട്ടെ ഒന്നാം സമ്മേളനവും തമ്മിൽ ഒരു വ്യത്യാസം ഉണ്ടായിരുന്നു. കോഴിക്കോട്ട നടന്ന സമ്മേളനം കോൺഗ്രസിൻെറ രാഷ്ട്രീയ സമ്മേളനത്തിൻെറ ഭാഗമായാണ് നടത്തിയതെങ്കിൽ 1937–ൽ കൂടിയ 2–ാം അഖില കേരള തൊഴിലാളി സമ്മേളനം സ്വാതന്ത്ര്യമായ ഒരു സ്വഭാവത്തോടുകൂടിയാണ് സംഘടിപ്പിക്കപ്പെട്ടത്. അതിനാൽ കേരളത്തിലെ തൊഴിലാളി വർഗത്തിൻെറ സ്വാതന്ത്ര്യവും ഏകീകൃതവുമായ ഉറച്ച സ്വരം കേരളം ആദ്യമായി ശ്രവിച്ചത് തൃശ്ശൂർ സമ്മേളനത്തിൽ നിന്നായിരുന്നുവെന്ന് പറയാം.

കോൺഗ്രസ്–സോഷ്യലിസ്റ്റ് പാർട്ടിയിൽ പെട്ട ആളല്ലെങ്കിലും, 1936–ൽ സാമുദായിക പ്രവർത്തനത്തിൽ നിന്ന് ട്രേഡ് യൂണിയൻ രംഗത്തേക്ക് കടന്നുവന്ന തൊഴിലാളിനേതാവാണ് പി. കെ. ഡീവർ. റഷ്യൻ വിപ്ലവത്തിനു മുൻപുള്ള റഷ്യൻ തൊഴിലാളികളുടെ നിലയെപ്പററിയും വിപ്ലവാനന്തരം അവിടെ സംഭവിച്ച മാററങ്ങളെപ്പററിയും അദ്ദേഹം ചിന്തിച്ചു. കൊച്ചി നിയമസഭയിൽ അംഗമായിരുന്ന ആദ്യത്തെ നോമിനേററഡ് തൊഴിലാളി മെമ്പറായ വി. കെ. കുട്ടിസാഹിബുമായി കൂടിയാലോചിച്ച് തൊഴിലാളികളുടെ യാതനകഠം നിയമസഭാ തലത്തിലൂടെ ബഹുജനദൃഷ്ടിയിൽ കൊണ്ടുവരുവാൻ പരിപാടി ആവിഷ്ക്കരിച്ചതാണ് ഇക്കാലത്ത് ഡീവർ ചെയ്ത ഒരു മഹാസേവനം. ജോലിസമയം

---

* 1937 മേയ് 9–ാം തീയതിയിൽ പ്രസിദ്ധീകരിച്ച കേരളകൗമുദിയിൽ വന്ന റിപ്പോർട്ടിൽ നിന്നു്—

എട്ടുമണിക്കൂറാക്കി ക്ലിപ്തപ്പെടുത്തുവാൻ കുട്ടിസാഹിബ്ബ് നിയമസഭയെക്കൊണ്ട് തീരുമാനം എടുപ്പിച്ചു. *

## ആലപ്പുഴയിലെ തൊഴിലാളി മുന്നേററം

ലോക സാമ്പത്തിക കുഴപ്പം കേരളത്തെ പൊതുവിൽ ബാധിച്ചു എന്നു മാത്രമല്ല കയർ ഉൽപന്നങ്ങളുടെ വിലയെയും ബാധിച്ചതോടെ തൊഴിലാളികൾ അതേ കുറിച്ച് ചിന്തിച്ചുതുടങ്ങി സാമ്പത്തികക്കുഴപ്പം തീണ്ടാത്ത ഒരു പുതിയ വ്യവസ്ഥിതി—സോഷ്യലിസ്റ്റ് സാമൂഹ്യക്രമം—ലോകത്തിലുണ്ടായി വരുന്നതിനെ കുറിച്ച് "തൊഴിലാളി" വാരിക ലേഖനങ്ങൾ എഴുതിത്തുടങ്ങിയിരുന്നു. **

ഇന്ത്യയിലെ രാഷ്ട്രീയ സംഭവവികാസങ്ങളിലും ലേബർ അസോസിയേഷൻവഴി തൊഴിലാളികൾ ശ്രദ്ധിച്ചുകൊണ്ടിരുന്നു. 1930–ൽ പുറപ്പെട്ട സിവിൽ നിയമലംഘന ജാഥയ്ക്ക് സ്വീകരണം നൽകിയതു്; 1931–ൽ കാൺഗ്രസ്സിൻെറ കറാച്ചി പ്രമേയത്തിനു് അസോസിയേഷൻ പിന്തുണ നൽകിയതു്; ജവഹരിലാലിനു് 1931–ൽ തന്നെ ആലപ്പുഴവച്ചു സ്വീകരണം നൽകിയതു് ഇവയെല്ലാം അതിനുള്ള ഉദാഹരണങ്ങളത്രെ. 1932–മുതൽ തിരുവിതാംകൂറിൽ വളർന്നുവന്ന സംയുക്ത രാഷ്ട്രീയ പാർട്ടിയുടെ*** നിവർത്തന പ്രസ്ഥാനത്തിൽ ലേബർ അസോസിയേഷൻെറ നേതാക്കളായ പി. കെ. വേലായുധനും ആർ. സുഗതനും മററും സജീവമായ പങ്ക് വഹിച്ചിരുന്നു.**** ഈ പ്രസ്ഥാനത്തെ മലബാറിൽ അന്നു് പ്രവർത്തനം ആരംഭിച്ചിരുന്ന കാൺഗ്രസ് സോഷ്യലിസ്റ്റു പാർട്ടിയും അതിൻെറ മുഖപത്രമായ പ്രഭാതം വാരികയും പിന്താങ്ങിയിരുന്നു.***** നിവർത്തനത്തിൻെറ നേതാവായ സി. കേശവൻ ആലപ്പുഴ വച്ച് അറസ്റ്റ് ചെയ്യപ്പെട്ടപ്പോൾ ആലപ്പുഴ തൊഴിലാളികൾ ഒന്നടങ്കം പണിമുടക്കിയതും ആർ. സുഗതൻ അതിനു നേതൃത്വം കൊടുത്തതും ആലപ്പുഴയിലെ തൊഴിലാളി

---

* ധർമ്മകാഹളം ഡീവർ സപ്തതിയിൽ കെ. പി. കരുണാകരൻെറ ലേഖനത്തിൽ നിന്നു്.

** കേരളത്തിലെ കമ്മ്യൂണിസ്റ്റു പ്രസ്ഥാന ചരിത്രം എൻ. ഇ. ബലറാം.

*** തി: ക: ഫാ: വ. യൂണിയൻ കനകജൂബിലി സുവനീറിൽ കെ. സി ഗോവിന്ദൻെറ ലേഖനവും പ്രൊഫസർ പി. എസ്. വേലായുധൻ എഡിററുചെയ്ത കേരള ചരിത്രത്തിൽ കെ. സി. ഗോവിന്ദൻ എഴുതിയ ലേഖനവും നോക്കുക.

**** പുതുപള്ളി രാഘവൻ 'ആർ. സുഗതൻെറ ജീവചരിത്രം' നോക്കുക

***** ഇ. എം. എസ്സ്. "ആത്മകഥ"യിൽ — ജനയുഗം വാരിക 1977 മേയ് 1.

വർഗത്തിന്റെ രാഷ്ട്രീയബോധത്തെ വളർത്തി. ഈ കാലഘട്ടത്തിലാണ് "മുന്നോട്ടുള്ള കാൽവയ്പ്പ് എന്നു" കെ. കെ. കുഞ്ഞൻ വിശേഷിപ്പിക്കുന്ന ജാഥാ പ്രക്ഷോഭണം ലേബർ അസോസിയേഷൻ ആരംഭിക്കുന്നത്. "തൊഴിലാളി" വാരികയിൽക്കൂടി തൊഴിലാളി ജീവിതം മെച്ചപ്പെടുത്തുന്നതിനുള്ള നിയമനിർമ്മാണം; നിയമസഭാ പ്രാതിനിധ്യം; പ്രായപൂർത്തി വോട്ടവകാശം, ഉത്തരവാദഭരണം എന്നിവ നേടിയെടുക്കുന്നതിന് അസോസിയേഷൻ ശബ്ദമുയർത്തിയിരുന്നു. നിവേദനങ്ങൾക്കും പ്രമേയങ്ങൾക്കും ഒന്നും യാതൊരു ഫലവും ഉളവാക്കാൻ കഴിയാതിരുന്നതുകൊണ്ട് ഒരു കാൽനട ജാഥയായി 50 തൊഴിലാളികൾ തിരുവനന്തപുരത്തു പോകുവാൻ തീരുമാനിച്ചു. ഈ തീരുമാനമെടുത്തത് 1935 ഏപ്രിലിലായിരുന്നു. ഈ ജാഥ മഹാരാജാവിനെ നേരിട്ടു കണ്ടു സങ്കടമുണർത്തുവാനാണ് ഉദ്ദേശിച്ചത്. കെ. കെ. ജോസഫായിരുന്നു ജാഥാ പ്രചാരണക്കമ്മിററിയുടെ സെക്രട്ടറി. പ്രധാനപ്പെട്ട പത്രങ്ങളുടെ പിന്തുണയും ജാഥാ പരിപാടിക്ക് ലഭിച്ചു. പക്ഷെ, ജാഥയെ ഗവണ്മെൻറ് നിരോധിച്ച് പ്രധാന പ്രവർത്തകരെ അറസ്റ്റ് ചെയ്യുകയും ചെയ്തു. അറസ്റ്റിൽ പ്രതിഷേധിച്ചുകൊണ്ട് തിരുവനന്തപുരത്തു കൂടിയ യോഗം തൊഴിലാളി പ്രസ്ഥാനത്തിനുള്ള വിപുലമായ ബഹുജന പിന്തുണയെ വിളിച്ചറിയിച്ചു. ചങ്ങനാശ്ശേരി പരമേശ്വരൻപിള്ള; കോട്ടൂർ കുഞ്ഞുകൃഷ്ണപിള്ള; വി. അച്യുതമേനോൻ തുടങ്ങിയ പുരോഗമതികളായ പൊതു പ്രവർത്തകരുടെ പിന്തുണ തൊഴിലാളി പ്രസ്ഥാനത്തിന് ലഭ്യമായി. ജാഥാനിരോധനത്തിനെ പ്രതിഷേധിച്ചുകൊണ്ട് ആലപ്പുഴ നടന്ന പൊതു പണിമുടക്ക് പോലെ പ്രധാനമായ ഒരു സംഭവമായി ഇതിനെ കണക്കാക്കാം.

## ജാഥാപ്രക്ഷോഭണവും തൊഴിലാളി പ്രസ്ഥാനത്തിന്റെ വഴിത്തിരിവും

അസോസിയേഷനെ ഒരു വിപ്ലവ ട്രേഡ്യൂണിയനാക്കിത്തീർക്കുവാൻ പി. കൃഷ്ണപിള്ള കുറേ നാളുകളായി നടത്തി വന്ന ശ്രമമാണ് ജാഥാപ്രക്ഷോഭണത്തിന്റെ പ്രേരക ശക്തികളിലൊന്ന്*. മലബാറിലെ കോൺഗ്രസ്സ് പ്രവർത്തനത്തിലും തൊഴിലാളി പ്രവർത്തനത്തിലും തൊഴിലാളി സംഘടനകളിലും കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടിക്ക് (സി. എസ്. പി.) മുൻകൈ ലഭിച്ചുകൊണ്ടിരുന്ന കാലമായിരുന്നു അത്. സഖാക്കൾ പി. കൃഷ്ണപിള്ള തുടങ്ങിയവർ ആലപ്പുഴയിലെ തൊഴിലാളികളുമായും ബന്ധം പുലർത്തിവന്നു. തൊഴിലാളികളുടെയിടയിൽ വർഗബോധവും ശാസ്ത്രീയ സോഷ്യലിസത്തെക്കുറിച്ചുള്ള അറിവും പകരുവാൻ കൃഷ്ണപിള്ളയും മററും ലേബർ അസോസിയേഷനിലെ സജീവ പ്രവർ

* തി: ക. ഫാ: വ: യൂണിയൻ കനകജൂബിലി സുവനീർ പേജ് 40.

ത്തകരായിരുന്ന പി. കെ. പത്മനാഭൻ, പത്രോസ്, കൊല്ലം ജോസഫ്, സൈമൺ ആശാൻ, അന്തപ്പൻമൂപ്പൻ (പി. വി. ആൻഡ്രൂസ്) കെ. കെ. കുഞ്ഞൻ മുതലായവരുമായി ബന്ധപ്പെട്ട ചർച്ചകളും ക്ലാസ്സുകളും നടത്തി വന്നു. മുതലാളികളുടെ സന്മനസ്സിനും ഗവൺമെൻറിൻെറ ഔദാര്യത്തിനും വേണ്ടി കാത്തിരുന്ന തൊഴിലാളികൾക്ക് ചുട്ട പ്രഹരമാണ് മേൽപ്പറഞ്ഞ ജാഥാനിരോധം മൂലം ലഭിച്ചതെന്നും, ഇത് തൊഴിലാളികളെ കണ്ണു തുറപ്പിച്ചു നവീനമായ ചില ആശയഗതിളുടെ പ്രേരണ അതോടെ ദൃഢമൂലമായി എന്നും തിരുവിതാകൂർ കയർഫാക്ടറി വർക്കേഴ്സ് യൂണിയൻെറ എട്ടാമത് വാർഷിക യോഗറിപ്പോർട്ടിൽ ഔദ്യോഗികമായി പ്രസ്താവിച്ചിരിക്കുന്നു. ജാഥനിരോധിച്ചുവെങ്കിലും ഹബീബുള്ള, ഗവണ്മെൻറ് 1935 ജൂലൈ മാസത്തിൽ ഫാക്ടറീസ് ബിൽ, ട്രേഡ്യൂണിയൻ ബിൽ, ട്രേഡ് ഡിസ്പ്യൂട്ട്സ് ബിൽ, വർക്ക് മെൻസ് കാമ്പൻസേഷൻബിൽ എന്നീ നാലു ബില്ലുകൾ അസംബ്ലിയിൽ അവതരിപ്പിച്ചു. അതേ സമയം ബിൽ ചർച്ചക്കു വരുമ്പോൾ മുതലാളി പ്രതിനിധി ആയി എം.എൻ. ജനാർദ്ദനൻ പിള്ളയും തൊഴിലാളി പ്രതിനിധിയായി പി. എസ്. മുഹമ്മദിനെയും നിയമസഭാംഗങ്ങളായി നോമിനേററ് ചെയ്തു. പി. എസ്. മുഹമ്മദിൻെറ നോമിനേഷൻ തൊഴിലാളി ഭാഗത്തെ തൃപ്തിപ്പെടുത്തിയില്ല. ബിൽ അവതരണത്തെപ്പോലും തൊഴിലുടമകൾ അസ തൃപ്തിയോടെയാണ് സ്വീകരിച്ചതത്രേ. അവർ തൊഴിലാളികളുടെ കൂലി വെട്ടിക്കുറച്ചു കൊണ്ടുള്ള നടപടികൾ എല്ലാ ഫാക്ടറികളിലും സ്വീകരിച്ചു. നിലവിലുള്ള കൂലി കുറയ്ക്കാൻ പാടില്ല എന്ന രീതിയിൽ ഒരു വകുപ്പ് പുതിയ നിയമങ്ങളിലുണ്ടാകുമോ എന്നായിരുന്നു അവരുടെ ഉൽക്കണ്ഠ.

ഏതായാലും ഒരു കൊല്ലത്തിനുശേഷം ബില്ലിൻെറ വകുപ്പുകളോരോന്നും അസംബ്ളി ചർച്ച ചെയ്തു തുടങ്ങി. പി. എൻ. കൃഷ്ണപിള്ളയെ സ്റ്റേററ് കൗൺസിലിലേയ്ക്കും സി. ഓ. പൊന്നമ്മയെ അസംബ്ലിയിലേക്കു തൊഴിലാളി പ്രതിനിധികളായി തൽസമയം നോമിനേററ് ചെയ്തതു് ലേബർ അസോസിയേഷനു് ഏതാണ്ട് തൃപ്തി നൽകി. പി. എൻ. കൃഷ്ണപിള്ള അസോസിയേഷനുമായി ബന്ധപ്പെട്ട് പ്രവർത്തനം നടത്തി വന്ന പ്രഗത്ഭനായ നേതാവാണ്.

## ചേർത്തലയിലും പ്രസ്ഥാനം വ്യാപിക്കുന്നു

ആദ്യമായി ആലപ്പുഴയിൽ കയർഫാക്ടറി ആരംഭിച്ചതു് 1859–ലാണെങ്കിലും ചേർത്തലയിൽ കയർഫാക്ടറി തുടങ്ങിയതു് 1918–ലാണെന്നു് രേഖപ്പെടുത്തിയിരിക്കുന്നു.* എന്നാൽ തന്നെ 1935 വരെ അവിട

* തി: ക: ഫാ: വ: യൂണിയൻ കനകജൂബിലി സുവനീർ–1972 സി. കെ. ഭാസ്കരൻെറ ലേഖനം.

ത്തെ തൊഴിലാളികൾക്കിടയിൽ സംഘടനാബോധം ഉണ്ടായില്ലത്രേ. ഈ സന്ദർഭത്തിലാണ് ആർ. സുഗതൻ ചേർത്തലയിൽ വരികയും തൊഴിലാളികളെ ഒററയ്ക്കും ഗ്രൂപ്പായും കണ്ടു സംഘടനയുടെ സന്ദേശം പ്രചരിപ്പിക്കുകയും ചെയ്തതു്. തുടർന്നു് 11–12–1935–ൽ ഒരാലോചനായോഗം കൂടുകയും 10–2–1936–ൽ കൂടിയ വിപുലമായ യോഗത്തിൽ വച്ചു് തിരുവിതാംകൂർ ലേബർ അസോസിയേഷന്റെ രണ്ടാം ശാഖ ഉദ്ഘാടനം ചെയ്യുകയും ചെയ്തു. അങ്ങനെയാണ് ഇന്ത്യയൊട്ടുക്കു് പ്രഖ്യാതമായ വയലാർ സമരം നടത്തിയ ചേർത്തലയിലെ തൊഴിലാളി വർഗം സംഘടനയുടെ പാതയിലേക്കു് തിരിഞ്ഞതു് . 1937–ൽ പട്ടണക്കാട്ട് ദാസ് ആൻഡ് കമ്പനിയിലെ കൂലി വെട്ടിക്കുറയ്ക്കലിനു് എതിരായി നടത്തിയ പണിമുടക്കമാണു് ചേർത്തലയിലെ ആദ്യത്തെ സമരമെന്നു് അറിയപ്പെടുന്നു.*

## അസോസിയേഷന്റെ സുപ്രധാനമായ പന്ത്രണ്ടാം വാർഷികം

1937 മേയ് 22–ാം തീയതി ആലപ്പുഴ വാണീവിലാസം ഹാളിൽ നടന്ന അസോസിയേഷന്റെ പന്ത്രണ്ടാം വാർഷികം യഥാർത്ഥത്തിൽ ഒരു വഴിത്തിരിവായിരുന്നു. വി. വി. ഗിരിയാണ് ആ സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചതു്. ഇന്ത്യയുടെ രാഷ്ട്രപതിയായിത്തീർന്ന അദ്ദേഹം അന്നു് റെയിൽവേ തൊഴിലാളി ഫെഡറേഷന്റെ പ്രസിഡന്റായിരുന്നു. ഈ വർഷിക സമ്മേളനത്തിലാണ് ആദ്യമായി ചെങ്കൊടി ആലപ്പുഴ തൊഴിലാളി, വർഗം സ്വീകരിച്ചതു്.

"അന്നു് ഉയർത്തിയ ആ ചെങ്കൊടിയിൽ അരിവാളും ചുററികയും അടയാളം വരച്ചുണ്ടാക്കുകയാണു് ചെയ്തതു്. ആ പാവനമായ പതാകയുടെ നിർമ്മാതാവു് സഖാവു് സൈമൺ ആശാൻ ആയിരുന്നു. അതു് ഉയർത്തിയതാകട്ടെ, ശ്രീ. വി. കെ. വേലായുധനും"** ഈ സമ്മേളനത്തിൽ വച്ചാണ് ആർ. സുഗതനെ കെ. സി. ഗോവിന്ദനു പകരം അസോസിയേഷന്റെ ജനറൽ സെക്രട്ടറിയായി തെരഞ്ഞെടുത്തതു്. ആർ. സുഗതന്റെ നിരന്തരവും അക്ഷീണവും ത്യാഗനിർഭരവുമായ പ്രവർത്തനം അസ്സോസിയേഷന്റെ മുന്നോട്ടുള്ള പ്രയാണത്തിനു് അത്യാവശ്യമായിത്തീർന്നിരുന്നു. പ്രസ്തുത യോഗത്തിൽ തൊഴിലാളി പ്രസ്ഥാനവും ജാതീയവും മതപരവുമായ പ്രസ്ഥാനങ്ങളും തമ്മിലുള്ള ബന്ധത്തെപ്പററി ചില ചൂടുപിടിച്ച ചർച്ചകൾ ഉണ്ടായിരുന്നു. ആർ. സുഗതൻ ഏററവും പ്രഗത്ഭമായ

---

* മുൻപറഞ്ഞ ലേഖനത്തിൽ നിന്നു തന്നെ.

** ആർ. സുഗതന്റെ ജീവചരിത്രം–പുതുപ്പള്ളി രാഘവൻ–ജനയുഗം 1977 മേയ് 22

രീതിയിലാണ് ആ പ്രശ്നം കൈകാര്യം ചെയ്തതു്. വിവിധ സമുദായങ്ങളിലേയും മത സംഘടനകളിലേയും ആളുകളെ ഉൾക്കൊള്ളുന്ന തൊഴിലാളി സംഘടനകളുടെ സാമ്പത്തിക താൽപ്പര്യം ഒന്നായതു കൊണ്ടു് തൊഴിലാളി സംഘത്തിൽ മതസമുദായ താൽപ്പര്യങ്ങൾക്കു് പ്രസക്തി ഉണ്ടാകരുതെന്നു് ഈ യോഗം തീരുമാനിക്കുന്നു എന്ന ആർ. സുഗതൻെറ പ്രമേയം യോഗം അംഗീകരിക്കുകയും ചെയ്തു *

വി.വി. ഗിരിയുടെ ആഗമനം തിരുവിതാംകൂർ ഗവൺമെൻറു് ശ്രദ്ധാപൂർവം വീക്ഷിച്ചു, അദ്ദേഹം തിരുവിതാംകൂറിൽ വന്നു ചേർന്ന ദിവസത്തിൻെറ തലേ ദിവസമാണു് ലേബർ അസോസിയേഷൻ പ്രവർത്തകനായ പി. എൻ. കൃഷ്ണപിള്ളയെ അസോസിയേഷൻെറ ആഗ്രഹ പ്രകാരം ശ്രീ ചിത്രാ സ്റ്റേററു കൗൺസിലേക്കു് തൊഴിലാളി പ്രതിനിധിയായി നാമിനേററു ചെയ്തതെന്നു് പി. എൻ. കൃഷ്ണപിള്ള അനുസ്മരിക്കുന്നു. **

## കോൺഗ്രസ്സ് സോഷ്യലിസ്ററു പാർട്ടിയുടെ പഠന കേന്ദ്രങ്ങൾ

പി. കൃഷ്ണപിള്ള, കെ. കെ. വാര്യർ, കെ. ദാമോദരൻ എന്നീ കോൺഗ്രസ്സ് സോഷ്യലിസ്ററു നേതാക്കന്മാർ ചിട്ടയോടുകൂടി കയർ തൊഴിലാളി പ്രസ്ഥാനത്തിലെ ചുറുചുറുക്കുള്ള തൊഴിലാളി യുവാക്കളെ രാഷ്ട്രീയവും സാമ്പത്തികവും സാമൂഹ്യവുമായ വിഷയങ്ങൾ പഠിപ്പിക്കുകയുണ്ടായി. കെ. എൻ. ദാസിൻെറ നേതൃത്വത്തിൽ ഒരു സി. എസ്. പി. ഗ്രൂപ്പും ആലപ്പുഴയിലുണ്ടായി. അതിൻെറ ഫലമായി പുതുപ്പള്ളിരാഘവൻെറ ഭാഷയിൽ പറഞ്ഞാൽ കേരളത്തിൽ പുതിയൊരു സമർത്ഥമായ രാഷ്ട്രീയ നേതൃത്വം തന്നെ തൊഴിലാളി വർഗത്തിൽ നിന്നു് സംജാതമാകുവാൻ കഴിഞ്ഞു.

നൂതനമായ ഈ നേതൃത്വം തൊഴിലാളികളുടെ ആവശ്യങ്ങൾ സമർത്ഥമായി കൈകാര്യം ചെയ്ത രീതി അടുത്ത അധ്യായത്തിൽ വിവരിക്കാം. പന്ത്രണ്ടാം വാർഷികത്തിനു ശേഷം തൊഴിലാളികളുടെ അവശതകളെ വിവരിച്ചു കൊണ്ടും അതിനു പരിഹാരമുണ്ടാക്കണമെന്നു ആവശ്യപ്പെട്ടു കൊണ്ടുമുള്ള ഒരു മെമ്മൊറാണ്ടം 1937 ആഗസ്റ്റിൽ ഗവണ്മെൻറിനു നൽകി. നിലവിലിരിക്കുന്ന കൂലി കൂടക്കുടെ കുറവു വരുത്തുന്ന സമ്പ്രദായം നിർത്തലാക്കണമെന്നും മററുമുള്ള ആവശ്യങ്ങളാണു് ഇതിൽ ഉന്നയിച്ചിരുന്നതു്.

---

* കേരളകൗമുദി 1937 മേയ് 30—ലെ റിപ്പോർട്ടു് പുതുപ്പള്ളി രാഘവൻ (ജനയുഗം വാരികയിൽ ഉദ്ധരിച്ചിട്ടുള്ളതു്.)

** 3 പി. എൻ. കൃഷ്ണപിള്ളയുമായുള്ള ഒരഭിമുഖ സംഭാഷണത്തിൽ നിന്നു്.

ഇക്കാര്യത്തിൽ ഗവൺമെൻറ് അവലംബിച്ച മൗനമാണ് 1938—ലെ പണിമുടക്കത്തിന് കാരണമായത്.

## കൊല്ലം പ്രദേശത്തെ തൊഴിലാളി പ്രസ്ഥാനം ശക്തിപ്പെടുന്നു

കേരളത്തിലെ ആദ്യകാല തൊഴിൽ സമരങ്ങളുടെ കാര്യം പറയുമ്പോൾ എൻ. സി. ശേഖറും എൻ. ഈ. ബലറാമും ഏ. ഡി. കാട്ടൺ നടത്തിയ സമരങ്ങളെപ്പററി അനുസ്മരിക്കുന്നുണ്ട്. കെ. ജി. ശങ്കർ തുടങ്ങിയവരുടെ നേതൃത്വത്തിൽ കയിലോൺ ലേബർ യൂണിയൻ നടത്തിയ പ്രവർത്തനങ്ങൾ 1938—ൽ സ്റ്റേററ് കോൺഗ്രസ്സിൻെറ ആവിർഭാവത്തോടെ പുതിയൊരു പന്ഥാവിലേക്ക് നീങ്ങിത്തുടങ്ങി. ആദ്യമായി നിവർത്തന പ്രസ്ഥാനത്തിലും പിന്നീട് സ്റ്റേററ് കോൺഗ്രസ് പ്രവർത്തനങ്ങളിലും ഊർജ്ജസ്വലമായി പ്രവർത്തിച്ച അലക്സാണ്ടർ എന്നൊരു സാമൂഹ്യ പ്രവർത്തകനാണ് ഈ പുതിയ പന്ഥാവ് തുറന്നുവച്ചത്.

തൊഴിലാളിരംഗത്ത് കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ച ഇദ്ദേഹം ആലപ്പുഴയിലെ തിരുവിതാംകൂർ ലേബർ അസോസിയേഷൻ യോഗങ്ങളിലും പങ്കെടുത്തിരുന്നു. 1937—ൽ ആലപ്പുഴയിൽ കൂടിയ അസോസിയേഷൻെറ 12-ാം വാർഷികത്തിൽ തൊഴിലാളി വർഗത്തിൻെറ സ്വതന്ത്രമായ പാത ചൂണ്ടിക്കാണിച്ചുകൊണ്ടുള്ള ഒരു പ്രമേയം ഇദ്ദേഹം അവതരിപ്പിച്ചു. സോഷ്യലിസ്റ്റ് ആശയഗതികൾ തൻെറ സുഹൃത്തുക്കളെടെയിടയിൽ പ്രചരിപ്പിക്കാൻ ഇദ്ദേഹം അക്ഷീണമായി പരിശ്രമിച്ചുവെന്ന് എം. എൻ. ഗോവിന്ദൻ നായരും എം. കെ. കുമാരനും അനുസ്മരിക്കുന്നുണ്ട്.

## തൊഴിലാളി പ്രസ്ഥാനത്തെപ്പററിയുള്ള ലേഖനങ്ങളും പുസ്തകങ്ങളും വാരികകളും

1922 മുതൽ 37 വരെയുള്ള കാലഘട്ടത്തിൽ ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിൻെറ വളർച്ചയ്ക്കുതകുന്ന ലേഖനങ്ങളും പുസ്തകങ്ങളും പത്രങ്ങളും ധാരാളമായി പ്രത്യക്ഷപ്പെട്ടു തുടങ്ങി. തൊഴിലാളി പ്രസ്ഥാനത്തിന് സഹായകമായ സാഹിത്യ നിർമ്മാണവും, അക്കാലത്ത് നടന്നിരുന്നു. കേശവദേവിനെപ്പോലുള്ള സാഹിത്യകാരന്മാർ തൊഴിലാളി പ്രവർത്തകരുമായിരുന്നു. കേശവദേവ് തൊട്ട് തൂത്തുക്കുടി ബിഷപ്പ് റോച്ചിനെപ്പോലെയുള്ള വൈദികർ വരെ തൊഴിലാളികളുടെ ജീവിതരീതി മെച്ചപ്പെടുത്തുവാൻ വേണ്ടി ഉൽബോധനം നടത്തി. മുൻപറഞ്ഞ ബിഷപ്പിൻെറ ഒരു ലേഖനഭാഗമിതാ.

"മുതലാളിയും തൊഴിലാളിയും തമ്മിലുള്ള ബന്ധം ഒരു പ്രകാരവും തൃപ്തിയായിരിക്കുന്നില്ല. മുതലാളിയുടെ ഹൃദയശൂന്യമായ പെരുമാററം

തൊഴിലാളിയിൽ വെറുപ്പുണ്ടാക്കുന്നു. തൊഴിലാളി വിയർക്കുകയും മുതലാളി സുഖിക്കുകയും ചെയ്യുന്നു ....*''

കേശവദേവ് എഴുതിയ ഒരു ലേഖനത്തിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു.

"തിരുവിതാംകൂർ ഗവൺമെൻറ് പ്രസിദ്ധീകരിച്ചിട്ടുള്ള ഒരു കണക്കിൽ അവിടെ ദിവസത്തിൽ 8 മണിക്കൂർ മുതൽ 12 മണിക്കൂർ വരെ തൊഴിലാളികളെക്കൊണ്ട് പണിയെടുപ്പിക്കുന്നുണ്ടെന്ന് കാണുന്നു. അതായത് തിരുവിതാംകൂറിൽ ആഴ്ചയിൽ 72 മണിക്കൂർ വരെയാണ് വേല സമയം. അതിലും കൂടുതൽ ഉണ്ടെന്നാണ് ഈ ലേഖകൻെറ അറിവ്. കൊച്ചിയിലെ ഫാക്ടറികളിൽ ആഴ്ചയിൽ 108 മണിക്കൂർ വരെ ഒരു തൊഴിലാളിയെക്കൊണ്ട് പണിയെടുപ്പിക്കുന്നതായി കാണാം. ഇത്രയധികം സമയം തൊഴിലാളികളെക്കൊണ്ട് പണിയെടുപ്പിക്കുന്നത് തൊഴിലാളികൾക്ക് മാത്രമല്ല, രാജ്യത്തിന് പൊതുവേ ദോഷകരമാകുന്നു. ... ഇങ്ങനെ തൊഴിലാളികൾ അത്യദ്ധ്വാനം ചെയ്യുകയും അവർക്ക് വിശ്രമിക്കുവാനും വിനോദിക്കുവാനും സമയം കിട്ടാതിരിക്കുകയും അതിനാൽ അവരും അവരുടെ സന്താനങ്ങളും രോഗികളും അല്പായുസ്സുകളും ആയിത്തീരുന്നു. ആരോഗ്യമില്ലാത്തവരും അല്പായുസ്സുകളുമായ തൊഴിലാളിപരമ്പരകളെക്കൊണ്ട് നടത്തപ്പെടുന്ന വ്യവസായങ്ങൾക്ക് എങ്ങനെ അഭിവൃദ്ധിയുണ്ടാകും?''**

കേശവദേവിൻെറ 'റെഡ് വോളണ്ടിയർ'; തകഴിയുടെ 'അനാഥമന്ദിരങ്ങൾ,' ബഷീറിൻെറ 'ഇൻക്വിലാബ് സിന്ദാബാദ്', പൊററക്കാടിൻെറ 'അച്ഛനെകണ്ടപ്പോൾ'; കെ. ദാമോദരൻെറ 'പാട്ടബാക്കി', 'രക്തപാനം' കെടാമംഗലം പപ്പുക്കുട്ടിയുടെ കവിതകൾ, സുഗതൻ സാറിൻെറ പദ്യകൃതികൾ തുടങ്ങിയവ തൊഴിലാളി പ്രസ്ഥാനത്തെ ശക്തിപ്പെടുത്തിയിട്ടുണ്ട്. 1937–ൽ ആരംഭിച്ച ജീവൽ സാഹിത്യപ്രസ്ഥാനം അന്നുവരെയുള്ള പുരോഗമനസാഹിത്യകാരന്മാരുടെ ഒരു പ്രചോദനകേന്ദ്രമായി പരിശോഭിച്ചു. അതു് തൊഴിലാളി പ്രസ്ഥാനത്തിന് വളരെ പ്രയോജകീഭവിക്കുകയും ചെയ്തു. ഈ. എം. എസ്. ഷൊർണ്ണൂരിൽ നിന്നും 1935 ആദ്യം പ്രസിദ്ധീകരിച്ച പ്രഭാതം വാരികയും അതിന് മുൻപുതന്നെ 1925 മുതൽ ആലപ്പുഴ ലേബർ അസോസിയേഷൻ പ്രസിദ്ധീകരിച്ച തൊഴിലാളി വാരികയും കെ. അയ്യപ്പൻ ഇടക്കാലത്ത് പ്രസിദ്ധീകരിച്ച 'വേലക്കാരൻ' എന്ന പ്രസിദ്ധീകരണവും ഏ. ബാലകൃഷ്ണപിള്ളയുടെ കേസരിപ്പത്രവും മററും തൊഴിലാളി വീക്ഷണം പ്രചരിപ്പിക്കുന്നതിന് അത്യന്തം സഹായകമായിരുന്നു.

---

*കേരളകൗമുദി വാരിക 1937 ജനവരി 31–നോക്കുക.

** 1937 ജൂൺ13–ാംതീയതിയിലെ കേരളകൗമുദി വാരിക നോക്കുക.

## നിയമസഭാസാമാജികൻമാരുടെ നിസ്തുലസേവനം

കൊച്ചിസംസ്ഥാനത്തിലും തിരുവിതാംകൂർ സംസ്ഥാനത്തിലും ബ്രിട്ടീഷ് ഇൻഡ്യയെപ്പോലെയെങ്കിലുമുള്ള തൊഴിൽ നിയമങ്ങരം നടപ്പിലാക്കണമെന്നു് വാദിച്ചിട്ടുള്ള ജനപ്രതിനിധികളെ ഇത്തരുണത്തിൽ ഓർമ്മിക്കേണ്ടതുണ്ടു്. പി. കെ. കുട്ടിസാഹിബ്ബ്, കെ. എം. ഇബ്രാഹിം എന്നിവർ കൊച്ചിയിലും തിരുവിതാംകൂറിൽ പി. എൻ. കൃഷ്ണപിള്ളയും എം. എസ്സ്. അനിരുദ്ധനും കെ കെ. കുരുവിളയും ചങ്ങനാശ്ശേരി പരമേശ്വരൻ പിള്ളയും ടി. കെ. കിട്ടനും ഒരതിർത്തിവരെ കോട്ടൂർ കുഞ്ഞുകൃഷ്ണപിള്ളയും പി. എസ്. മുഹമ്മദും 1937–വരെയുള്ള കാലഘട്ടങ്ങളിൽ കൊച്ചി നിയമസഭയിലും ശ്രീമൂലം അസംബ്ലിയിലും ശ്രീ ചിത്രാ സ്റ്റേററ് കൗൺസിലിലും നിയമസഭയ്ക്കു് പുറത്തു നടക്കുന്ന തൊഴിലാളി പ്രക്ഷോഭത്തെ പ്രതിഫലിപ്പിക്കുവാൻ അവരവരുടെ രീതിയിൽ പ്രവർത്തിച്ചിട്ടുണ്ടു്. * ഉദാഹരണത്തിനു് 1935–ൽ പഴയ തിരുവിതാംകൂർ നിയമസഭയിൽ 4 ബില്ലുകരം തൊഴിലാളി നിയമ നിർമ്മാണത്തിനായി ഗവർമെൻറു് അവതരിപ്പിച്ചു് 1936–ൽ പാസാക്കുകയും ശ്രീചിത്രാകൗൺസിലിലേക്കു് അയച്ചുകൊടുക്കുകയും ചെയ്ത സമയത്തു് ശ്രീ. എം. എസ്. അനിരുദ്ധനും പി. എൻ. കൃഷ്ണപിള്ളയും അതിലെ തൊഴിലാളി വിരുദ്ധമായ വകുപ്പുകളെ നിശിതമായി എതിർക്കുകയുണ്ടായി. അനുഭാവപ്പണിമുടക്കം നടത്തുന്നതു് കുററകരമാക്കുന്ന വകുപ്പിനെ എം. എസ്. അനിരുദ്ധൻ നിശിതമായി എതിർത്തു. തൊഴിൽത്തർക്കങ്ങളിൽ അനുരഞ്ജനത്തിനുള്ള സംവിധാനം ഉണ്ടാക്കുന്നതിനു് ഗവൺമെൻറ് കൊണ്ടുവന്ന ബില്ലിലെ വകുപ്പുകരം പ്രായോഗികമായ ഒരു ഫലവും ഉണ്ടാക്കുകയില്ലെന്നും ശ്രീ. പി. എൻ. കൃഷ്ണപിള്ള ബ്രിട്ടീഷിൻഡ്യയിലെ അനുഭവങ്ങരം നിരത്തിവച്ചുകൊണ്ടു് സമർത്ഥിച്ചു. രജിസ്റ്റർ ചെയ്യാത്ത യൂണിയനുകരം പ്രവർത്തിക്കാൻ പാടില്ലെന്നുള്ള ട്രേഡ്‌യൂണിയൻ ബില്ലിലെ വകുപ്പ് ശരിയല്ലെന്നു് മെംബർമാർ ചൂണ്ടിക്കാണിച്ചു. കെ. കെ. കുരുവിള സിഡ്നിവെബ്ബിൻെറ വിശ്വോത്തരമായ ഗ്രന്ഥം ഉദ്ധരിച്ചുകൊണ്ടു് അനുഭാവപ്പണിമുടക്കങ്ങരം നടത്താനുള്ള തൊഴിലാളികളുടെ അവകാശത്തെ നിഹനിക്കുന്നതു് ശരിയല്ലെന്നു് അഭിപ്രായപ്പെട്ടു. ടി. കെ. കിട്ടൻ തൻെറ ലളിതമായ ശൈലിയിൽ, മലയാളഭാഷയിൽത്തന്നെ പറഞ്ഞതു് ഇപ്രകാരമാണു്.

"…. മുതലാളിയിൽ നിന്നുള്ള ഉപദ്രവം സഹിക്കാതാവുമ്പോരം പണിമുടക്ക് എന്ന ആയുധംകൊണ്ടു് മാത്രമേ അവനു് രക്ഷകിട്ടാൻ എളുപ്പ

---

* ശ്രീചിത്രാ കൗൺസിൽ പ്രൊസീഡിംഗ്സ് വാല്യം XI. ഒന്നു മുതൽ അഞ്ചുവരെ നമ്പരുകരം നോക്കുക. (കേരള ലെജിസ്ലേച്ചർ ലൈബ്രറി).

മുള്ള. അതുകൊണ്ട് നിയമമുണ്ടാക്കുമ്പോഠം അതിൽ ഒരു കൂലിക്കാരനു് പണിമുടക്കുന്നതിനുള്ള അവകാശം അത്യാവശ്യമായി ഉണ്ടായിരിക്കേണ്ട താണ്.

## 1937 - ലെ രാജാജി മന്ത്രിസഭ — തൊഴിലാളികളുടെ പ്രതീക്ഷ

1937 ജൂലൈ 14–ാം തീയതി ഉത്തരകേരളത്തിലെ അദ്ധ്വാനിക്കുന്ന ജനങ്ങളെ സംബന്ധിച്ചിടത്തോളം വളരെയേറെ ശുഭപ്രതീക്ഷകഠം വളർത്തിയ ഒരു ദിനമായിരുന്നു. അന്നാണ് അടിമത്തത്തിനെതിരായി ബ്രിട്ടീഷ് സാമ്രാജ്യത്വത്തെ വെല്ലുവിളിച്ചുകൊണ്ട് സമരം നടത്തിയ ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിൻെറ നേതാക്കൻമാർ മദിരാശിയിലെ ബ്രിട്ടീഷ് ഗവർണറുടെ കീഴിലാണെങ്കിൽപ്പോലും 1935 – ലെ ഇന്ത്യാനിയമം ഉറപ്പ് ചെയ്തിട്ടുള്ള അധികാരാവകാശങ്ങളോടു കൂടി ഒരു ജനകീയ മന്ത്രിസഭ രൂപീകരിച്ചതു്. രാജഗോപാലാചാരി ആയിരുന്നു മുഖ്യമന്ത്രി. തെരഞ്ഞെടുപ്പു കാലത്തു് കോൺഗ്രസ്സുകാർ പ്രസിദ്ധപ്പെടുത്തിയ തെരഞ്ഞെടുപ്പു വിജ്ഞാപനത്തിൽ തൊഴിലാളികഠംക്കു് മെച്ചപ്പെട്ട കൂലിയും സേവന ഭദ്രതയും ഉണ്ടാക്കിക്കൊടുക്കുമെന്നു് പ്രതിജ്ഞ ചെയ്തിരുന്നു. മലബാറിൽ നടന്ന പൊതുതെരഞ്ഞെടുപ്പിൽ അന്നത്തെ തൊഴിലാളി പ്രവർത്തകരായ കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടിക്കാർ കോൺഗ്രസ്സിൻെറ വിജയത്തിനുവേണ്ടി മററാരെയും പോലെ അക്ഷീണമായി പ്രവർത്തിച്ചിട്ടുമുണ്ടായിരുന്നു. അതുകൊണ്ടാണു് മന്ത്രിസഭ സത്യപ്രതിജ്ഞ ചെയ്ത ദിവസം തൊഴിലാളിവർഗം ആഹ്ളാദിച്ചതു്.

### അധ്യായം മൂന്ന്

# ട്രേഡ് യൂണിയൻ ഐക്യത്തിൻെറ കാലഘട്ടം

# (1937–42)

1937 ന ശേഷം പുതിയ തൊഴിൽ നിയമങ്ങൾ വഴി തിരുവിതാംകൂറിലും കൊച്ചിയിലും ട്രേഡ്യൂണിയൻ രജിസ്ട്രേഷൻ അനുവദിച്ചതും അനുരഞ്ജന സംവിധാനം ആവിഷ്ക്കരിച്ചതും തൊഴിലാളി പ്രസ്ഥാനത്തിന് കരുത്ത് കൂട്ടി. അതു പോലെ മദിരാശിയിൽ ഗവർണർ ഭരണത്തിൽ കീഴിലാണെങ്കിലും സ്വാതന്ത്ര്യസമരഭടൻമാരുടെ ഒരു മന്ത്രിസഭ അധികാരത്തിൽ വന്നതോടുകൂടി പ്രഗത്ഭനായ ഒരു ട്രേഡ്യൂണിയൻ നേതാവ് അതായത് വി. വി. ഗിരി തൊഴിൽ വകുപ്പ് മന്ത്രിയായി തീർന്നതു് മദിരാശി സംസ്ഥാനത്തിൽ ഉൾപ്പെട്ട മലബാർ പ്രദേശത്തെ ട്രേഡ്യൂണിയനുകൾക്ക് ആത്മവിശ്വാസം നൽകി. നിലവിലുള്ള നിയമങ്ങൾ ശക്തിയായി നടപ്പാക്കുന്നതിനും പുതിയ ചില നിയമങ്ങൾ പാസാക്കുന്നതിനും സജീവമായ അനുരഞ്ന നടപടികൾ ആരംഭിക്കുന്നതിനും വി. വി. ഗിരി മുൻകൈയെടുത്തു. മലബാർ പ്രദേശങ്ങളിൽ ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിൻെറ വളർച്ചയ്ക്കു ഇതു് വഴി തെളിക്കുകയും ചെയ്തു. രാജവാഴ്ചയുടെ കീഴിൽ അമർന്നിരുന്ന കൊച്ചിയിലും തിരുവിതാംകൂറിലുമുള്ള ട്രേഡ്യൂണിയൻ പ്രസ്ഥാനം സമീപ പ്രദേശമായ മദിരാശി സംസ്ഥാനത്തെ മാററങ്ങൾ മൂലം പൂർവ്വാധികം ശക്തി പ്രാപിച്ചു.

## ഉത്തര കേരളത്തിലെ അവകാശ പ്രഖ്യാപനദിനം

കോൺഗ്രസ്സ് മന്ത്രിസഭ മദ്രാസിൽ അധികാരമേററതിനു ശേഷം 1937 സെപ്തംബർ 19–ാം തീയതി കണ്ണൂർ, തലശ്ശേരി, കോഴിക്കോട്ട് തുടങ്ങിയ ഉത്തര കേരളത്തിലെ തൊഴിലാളി കേന്ദ്രങ്ങളിൽ ഒരവകാശപ്രഖ്യാപന ദിനം തൊഴിലാളി സംഘടനകൾ സംയുക്തമായി നടത്തുകയുണ്ടായി. കോഴിക്കോട്ടെ പ്രകടനത്തിൽ പതിനായിരത്തിൽപ്പരം തൊഴിലാളികൾ പങ്കെടുത്തു. ട്രേഡ്യൂണിയൻ പ്രസ്ഥാനത്തിൻെറ വളർച്ചയും പ്രസ്ഥാനം

വഴി തൊഴിലാളികൾക്കുണ്ടായ ആത്മവിശ്വാസത്തിൻെറയും വ്യക്തമായ പ്രകടനമായിരുന്നു ഈ അവകാശപ്രഖ്യാപന ദിനാചരണം. ഇതിൻെറ പിന്നിൽ മലബാറിലാകെ പ്രവർത്തിച്ച പ്രധാനപ്പെട്ട തൊഴിലാളി വിഭാഗങ്ങളുടെ പട്ടിക പരിശോധിച്ചാൽ അന്നുവരെ ഏററവും പിന്നണിയിൽ കിടന്ന മുൻസിപ്പൽ തൊഴിലാളികളെയും ചെത്തു തൊഴിലാളികളെയും കാണുവാൻ കഴിയും. കണ്ണൂരിലെ കോമൺ വെൽത്ത് മില്ലിലേയും കോഴിക്കോട്ടെ തിരുവണ്ണൂർ കോട്ടൺ മില്ലിലേയും ഫാക്ടറിയടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്കിടയിൽ മാത്രമല്ല, നിലമ്പൂർ വനത്തിലെ വന സമ്പത്തുകൾ ശേഖരിക്കുന്ന അസംഘടിതരായ തൊഴിലാളികളുടെ ഇടയിൽപ്പോലും ട്രേഡ് യൂണിയൻ സംഘടിപ്പിക്കുവാൻ തൊഴിലാളി പ്രവർത്തകർ പരിശ്രമിച്ച കാലഘട്ടമായിരുന്നു അതു്. ട്രേഡ് യൂണിയനടിസ്ഥാനത്തിൽ പുതുതായി സംഘടിച്ച കരിവള്ളൂർ–പയ്യന്നൂർ പ്രദേശങ്ങളിലെ ഖാദി നെയ്ത്തു തൊഴിലാളികളും മലബാറിലെങ്ങുമുള്ള ബീഡിത്തൊഴിലാളികളും കോഴിക്കോട്ടെ പ്രസ്സ് തൊഴിലാളികളും ഈ പ്രകടനങ്ങളുടെ പിന്നിൽ ഉണ്ടായിരുന്നു. മോട്ടോർ തൊഴിലാളികൾ സംഘടിതരായിത്തുടങ്ങിരുന്നു. ഈർച്ചക്കമ്പനിത്തൊഴിലാളികൾ കല്ലായി ഭാഗത്തു് ഈ അവകാശ പ്രഖ്യാപനത്തിനു് മുൻകൈയെടുത്തു നിന്നു. അതു പോലെ തന്നെ കോഴിക്കോട്ടെ കുടത്തൊഴിലാളികളും സോപ്പു തൊഴിലാളികളും ചൂടിത്തൊഴിലാളികളും കടൽത്തൊഴിലാളികളും പീടികത്തൊഴിലാളികളും മുൻപറഞ്ഞ പ്രകടനത്തിൻെറ ശക്തിയെ വർദ്ധിപ്പിച്ചു.

അന്നു് മലബാറിൽ പ്രവർത്തിച്ച ട്രേഡ്‌യൂണിയനുകളുടെ ഡിമാൻഡുകൾ പരിശോധിച്ചാൽ ചില സാമാന്യസ്വഭാവങ്ങൾ കാണുവാൻ കഴിയും. ട്രേഡ്‌യൂണിയനുകളുടെ അംഗീകാരം ഏററവും പ്രധാനപ്പെട്ട പ്രശ്നമായിരുന്നു. മററുള്ള പ്രശ്നങ്ങൾ താഴെ ചേർക്കുന്നു.

1 ജീവിക്കാൻ തക്ക കൂലി പ്രതിമാസം പതിനഞ്ചു രൂപ യാക്കുക.

2 പ്രവൃത്തി സമയം ആഴ്ചയിൽ നാല്പത്തിയെട്ടു മണിക്കൂറാക്കുക.

3 പീസ്‌വക്ക് സമ്പ്രദായം നിറുത്തൽ ചെയ്യുകയോ അല്ലെങ്കിൽ കൂലിത്തോതു് നിജപ്പെടുത്തുകയോ ചെയ്യുക.

4 ശമ്പളത്തോടുകൂടി 14 ദിവസത്തെ കാഷ്വൽ അവധിയും പ്രോവിഡൻറ് ഫണ്ടു് സൗകര്യങ്ങളും ഏർപ്പെടുത്തുക. അതോടൊപ്പം ഇൻഷ്വറൻസ് പദ്ധതിയും സൗജന്യ വിദ്യാഭ്യാസ സൗകര്യങ്ങളും പാർപ്പിട സൗകര്യങ്ങളും ലഭ്യമാക്കുക. സൗജന്യ വൈദ്യസഹായവും ഏർപ്പെടുത്തുക. ഇവയെല്ലാം തൊഴിലാളികൾക്കു് കിട്ടുവാൻ നിയമനിർമാണം നടത്തുക.

5 1937–ലെ തെരഞ്ഞെടുപ്പു കാലത്തു് ഇന്ത്യൻ നാഷണൽ കോൺഗ്ര

സ് ഉറപ്പു ചെയ്ത പ്രസംഗ സ്വാതന്ത്ര്യം, പത്രസ്വാതന്ത്ര്യം, സംഘടനാ സ്വാതന്ത്ര്യം എന്നിവ പരിരക്ഷിക്കുക.

## തൊഴിലാളി പ്രസ്ഥാനത്തിൻെറ മുന്നിൽ നിന്നവർ

കോഴിക്കോട്ടെ കോട്ടൺമിൽ തൊഴിലാളി യൂണിയൻെറ പ്രധാന ഭാരവാഹികൾ ശ്രീ. മഞ്ജുനാഥ റാവുവും സഖാവ് കൃഷ്ണപിള്ളയും എൻ. സി. ശേഖറുമായിരുന്നു. അതേസമയം തൊഴിലാളികൾക്കിടയിൽ നിന്ന് തന്നെ ഈ യൂണിയനെ സംബന്ധിച്ചിടത്തോളം പ്രവർത്തകർ വളർന്നു വന്നിരുന്നു. എം. അപ്പുവും എം. അപ്പുട്ടിയും അത്തരത്തിലുള്ള ഉശിരന്മാരായ പ്രവർത്തകരായി മുന്നോട്ടു വന്നു. തലശ്ശേരിയിലെ ബീഡിത്തൊഴിലാളിയൂണിയൻെറ പ്രസിഡൻെറ് എ. കെ. ഗോപാലനും പാലക്കാട്ടെ ബീഡിത്തൊഴിലാളികളുടെ പ്രധാന സംഘാടകൻ പി. ബാലചന്ദ്രമേനോനുമായിരുന്നു. പൊന്നാനി ബീഡിത്തൊഴിലാളികളുടെ മുന്നിൽ നിന്ന് പ്രവർത്തിച്ച കെ. ദാമോദരനും കോഴിക്കോട്ടെ പീടികത്തൊഴിലാളികളുടെ നേതാവായ പി. നാരായണൻ നായരും ട്രേഡ്‌യൂണിയൻ രംഗത്തെ സജീവമാക്കുവാൻ വളരെയധികം പരിശ്രമിച്ചവരാണ്. തലശ്ശേരി ബീഡിത്തൊഴിലാളികൾക്കിടയിൽ സി എച്ച്. കണാരനും പി. വി. ഗോപാലനും അക്ഷീണമായി പരിശ്രമിച്ചു. കണ്ണൂരിലെ കോമൺവെൽത്ത് ഫാക്ടറിത്തൊഴിലാളികളുടെ പ്രിയംകരനായ നേതാവായിരുന്നു കെ. പി. ഗോപാലൻ. ഇവരെപ്പോലെ തന്നെ മററു പല സഖാക്കളുടേയും ത്യാഗപൂർണ്ണമായ പരിശ്രമം മൂലം രൂപം കൊണ്ട ട്രേഡ് യൂണിയനുകൾക്ക് ഈ കാലഘട്ടത്തിൽ തൊഴിലാളികളുടെ സംഘടനാ സ്വാതന്ത്ര്യം പരിരക്ഷിക്കുന്നതിനും പരിമിതമായ തോതിലെങ്കിലും ജീവിതം മെച്ചപ്പെടുത്തുന്നതിന് വേണ്ടതായ അവകാശങ്ങൾ നേടിയെടുക്കുന്നതിനും ഉഗ്രമായ പോരാട്ടങ്ങൾ നടത്തേണ്ടി വന്നു. കൂലി വർധനവിന് വേണ്ടി കണ്ണൂരിലേയും തലശ്ശേരിയിലേയും ടെക്സ്റ്റൈൽ തൊഴിലാളികൾ നടത്തിയ പണിമുടക്കുകൾ പ്രത്യേക പ്രാധാന്യം അർഹിക്കുന്നവയാണ്. കണ്ണൂർ, തലശ്ശേരി, പാലക്കാട്, പൊന്നാനി എന്നീ പ്രദേശങ്ങളിലെ ബീഡിത്തൊഴിലാളി യൂണിയനുകൾ അവകാശ സമ്പാദനത്തിനുവേണ്ടി നടത്തേണ്ടിവന്ന സമരങ്ങളും ട്രേഡ്‌യൂണിയൻ പ്രസ്ഥാനത്തിൻെറ ത്യാഗപൂർണമായ ചരിത്രത്തിൽ അവിസ്മരണീയമായ അദ്ധ്യായം എഴുതിച്ചേർത്തു. കണ്ണൂരിലെ ഇലക്ട്രിക് കമ്പനി തൊഴിലാളി പണിമുടക്കും കോഴിക്കോട്ടെ കടക്കമ്പനിത്തൊഴിലാളിപ്പണിമുടക്കും എടുത്തു പറയേണ്ട മററു രണ്ടു സമരങ്ങളാണ്. മുൻപറഞ്ഞ എല്ലാ ട്രേഡ്‌യൂണിയൻ സമരങ്ങളിലും തൊഴിലാളികളുടെ ആവശ്യങ്ങൾ പൂർണമായോ ഭാഗികമായോ നേടിയെടുക്കാൻ കഴിഞ്ഞുവെന്ന് പറയാം. എന്നാൽ പുതിയറ ഓട്ടുകമ്പനി തൊഴിലാളിപ്പണിമുടക്കം ഇവയിൽ നിന്ന് വ്യത്യസ്തമായിരുന്നു.

പുതിയറ ഫാക്ടറിയിലെ സമരം ഗവണ്മെൻറും തൊഴിലുടമകളും കൂടി സർവശക്തിയുമുപയോഗിച്ച് അടിച്ചമർത്തുകയാണുണ്ടായത്. സഖാവ് കൃഷ്ണപിള്ളയെ അറസ്റ്റ് ചെയ്ത് കഠിനതടവിന് ശിക്ഷിച്ചത് ഈ സമരത്തിലാണ്. പുതിയറ സമരത്തിൻെറ അനുഭവം ട്രേഡ്‌യൂണിയൻ പ്രസ്ഥാനത്തെ സംഘടനാപരമായി ശക്തിപ്പെടുത്തേണ്ടതിൻെറ ആവശ്യകത ഏവർക്കും ബോധ്യമാക്കിക്കൊടുത്തു. ട്രേഡ്‌യൂണിയനുകളെ തൊഴിലുടമകളുടെ ആക്രമണത്തിൽ നിന്നും പരിരക്ഷിക്കുവാൻ ഒരു പുതിയ പരിപാടി തന്നെ ആസൂത്രണം ചെയ്യേണ്ടി വന്നു. ഈ പരിപാടിയുടെ ഏകദേശ രൂപം താഴെ ചേർക്കുന്നു.

1 ഓരോ വ്യവസായ കേന്ദ്രത്തിലും യൂണിയനുകളുടെ കേന്ദ്ര കൗൺസിലുകൾ സ്ഥാപിച്ചു.

2 ഓരോ യൂണിയൻേറയും കീഴിൽ ഫാക്ടറികമ്മിററികളും വാർഡു കമ്മിററികളും ഏർപ്പെടുത്തി.

3 സ്റ്റഡിക്ലാസ്സുകൾ, പ്രസംഗപരിശീലന ക്ലാസ്സുകൾ, ഉപന്യാസക്ലാസ്സുകൾ എന്നീ വിദ്യാഭ്യാസ സൗകര്യങ്ങൾ ഏർപ്പെടുത്തി തൊഴിലാളികളുടെ വർഗബോധവും വിജ്ഞാനനിലവാരവും ഉയർത്തുവാൻ ശ്രമിച്ചു.

4 ഓഫീസ് പ്രവർത്തനം കൃത്യനിഷ്ഠയോടും ചിട്ടയോടും നടത്തി ദൈനംദിനകാര്യങ്ങൾ കൈകാര്യം ചെയ്തു.

5 എല്ലാ കേന്ദ്രങ്ങളിലും ചുവപ്പുവോളണ്ടിയർമാരെ തയ്യാറാക്കുകയുണ്ടായി.

മലബാറിലെ ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിന് ഈ സംഘടനാപരമായ നടപടികൾ പുതിയ ശക്തി, പ്രദാനം ചെയ്തുവെന്നു മാത്രമല്ല, തൽഫലമായി പുതിയ പ്രദേശങ്ങളിലേക്കും മേഖലകളിലേക്കും പ്രസ്ഥാനം വ്യാപിക്കുകയും ചെയ്തു. ഉദാഹരണത്തിന് ഷൊർണ്ണൂരിലെ സൗത്തിൻഡ്യൻമെററൽസിൽ കൂലി കുറച്ചതിനെ തുടർന്ന് അവിടത്തെ തൊഴിലാളികൾ നടത്തിയ പണിമുടക്ക് ഇത്തരത്തിലുള്ള വളർച്ചയെ വ്യക്തമാക്കിയ ഒരു സംഭവമായിരുന്നു. വടകരയിലെ ബീഡി ചുരുട്ടു തൊഴിലാളികൾ ഐക്യത്തൊഴിലാളി യൂണിയൻെറ നേതൃത്വത്തിൽ പിരിച്ചുവിടലിനെതിരായി സമരം ചെയ്തതും ഈ രീതിയിലുള്ള ഒരു സംഭവവികാസമായിരുന്നു.

## വ്യാവസായികാടിസ്ഥാനത്തിലുള്ള തൊഴിലാളി സംഘടനകൾ രൂപം കൊള്ളുന്നു

1939 ജനുവരി 17–ാം തീയതി മലബാറിലെ തൊഴിലാളി പ്രവർത്തനം സംഘടനാപരമായി ഒരു പടികൂടി കടന്നു. ഒരു വ്യവസായത്തി

കല തൊഴിലാളി യൂണിയനുകൾ മലബാർ വ്യാപകമായി അന്ന് സംഘടിച്ചു. മററുള്ളവർക്ക് ഒരു മാതൃക നൽകുകയുണ്ടായി. തലശ്ശേരിയിൽ നടന്ന അഖില മലബാർ മോട്ടോർ തൊഴിലാളി സമ്മേളനം അങ്ങനെയുള്ള ഒരു മാതൃകാ പ്രവർത്തനമായിരുന്നു. മലബാറിലെ മോട്ടോർ തൊഴിലാളികൾ അങ്ങനെ സംഘടിക്കുന്നതിനു് ഒരു പ്രത്യേക കാരണവുമുണ്ടായി. മോട്ടോർ വ്യവസായത്തെക്കുറിച്ചുള്ള ഒരു ബിൽ അക്കാലത്തു് കേന്ദ്ര ഗവൺമെൻറു് പ്രസിദ്ധീകരിക്കുകയുണ്ടായി. അതിലെ തൊഴിലാളി വിരുദ്ധ സ്വഭാവത്തെക്കുറിച്ചു് കേന്ദ്ര അസംബ്ലി അംഗമായ എൻ. ജി. രംഗ ചൂണ്ടിക്കാണിക്കുകയും അദ്ദേഹത്തിൻെറ നേതൃത്വത്തിൽ അഖിലേന്ത്യാ മോട്ടോർ തൊഴിലാളി സംഘടന രൂപം പ്രാപിക്കുകയും ചെയ്തു. 1938 മേയ് 16–ാം തീയതിയിലെ 'പ്രഭാത'ത്തിൽ ഇതിനെപ്പററി ഒരു കുറിപ്പ് പ്രസിദ്ധീകരിച്ചിരുന്നു. അക്കാലത്തു് മലബാറിലെ വിവിധകേന്ദ്രങ്ങളിൽ രൂപമെടുത്തുവന്ന മോട്ടോർ തൊഴിലാളി യൂണിയനുകളുടെ ആഭിമുഖ്യത്തിൽ ഒരു അഖില മലബാർ സമ്മേളനം കൂടേണ്ടതാണെന്നു് 'പ്രഭാതം' ആഹ്വാനം ചെയ്തിരുന്നു. തുടർച്ചയായ പ്രചരണങ്ങൾക്കു് ശേഷമാണു് 1939 ജനുവരി 17–ാം തീയതി അഖില മലബാർ മോട്ടോർ തൊഴിലാളി യോഗം എൻ. ജി. രംഗയുടെ അദ്ധ്യക്ഷതയിൽ കൂടിയതു്. ഏ. കെ. ഗോപാലനായിരുന്നു സ്വാഗത സംഘാദ്ധ്യക്ഷൻ. തൊഴിലാളികൾ ഉന്നയിച്ച ആവശ്യങ്ങളിൽ പ്രധാനപ്പെട്ടതു് ഓവർ ടൈം വേജസ് വേണമെന്നും കൂലി നിരക്കിൽ വർഷം തോറുമുള്ള വർധനവു് വേണമെന്നും ആയിരുന്നു. 8 മണിക്കൂർ ജോലി സമയം നടപ്പിലാക്കണമെന്നും അവർ ആവശ്യപ്പെട്ടു.

മലബാറിലെ ബീഡി തൊഴിലാളികളും മോട്ടോർ തൊഴിലാളികളുടെ മാതൃക സ്വീകരിക്കുകയും 1939 ജൂലൈ 30-ാം തീയതി കണ്ണൂർവച്ച് അഖില മലബാർ ബീഡി തൊഴിലാളി സമ്മേളനം നടത്തുകയും ചെയ്തു. ബീഡിത്തൊഴിലാളി സമ്മേളനം ഉൽഘാടനം ചെയ്യുവാൻ ബോംബെ തൊഴിലാളികളുടെ നേതാവായ മിറാജ്കർ ആണു് വന്നതു്. നാല്പതിനായിരം ബീഡിത്തൊഴിലാളികൾ അംഗങ്ങളായുള്ള നാഗ്പൂർ ബീഡി വർക്കേഴ്സ് യൂണിയൻപോലെ മലബാറിലെ ബീഡിത്തൊഴിലാളികൾ സുശക്തമായ ട്രേഡ് യൂണിയനുകൾ ഉണ്ടാക്കണമെന്നു് അദ്ദേഹം ആഹ്വാനം ചെയ്തു. അക്കാലത്തു് ബീഡിത്തൊഴിലാളികൾ ഉന്നയിച്ചിരുന്ന ചില ആവശ്യങ്ങൾ തലശ്ശേരി ബീഡിത്തൊഴിലാളി യൂണിയൻെറ താഴെ പറയുന്ന ആവശ്യപ്പട്ടികയിൽ നിന്നും മനസ്സിലാക്കാൻ കഴിയും.

1 യൂണിയനെ അംഗീകരിക്കുക.

2 എട്ടുമണിക്കൂർ ജോലി സമയം.

3 ആയിരം ബീഡി തെറുക്കുന്നതിനു് 12 അണ കൂലി. (മുക്കാൽ രൂപ)

4 നോട്ടീസ് കൂടാതെ പിരിച്ചുവിടാൻ പാടില്ല.

5 ഉച്ചഭക്ഷണം കഴിക്കുന്നതിനു് അരമണിക്കൂർ സമയം അനുവദിക്കുക· തുടങ്ങിയവയായിരുന്നു.

ഈ കാലഘട്ടത്തിലെ പ്രധാനപ്പെട്ട ട്രേഡ് യൂണിയൻ സമരങ്ങളെപ്പററി ആവേശകരമായ അനുഭവങ്ങൾ പല നേതാക്കൻമാരുടെ അനുസ്മരണകൾ വഴി അറിയാൻ കഴിയുന്നുണ്ടു്. 1937–38 ൽ നടന്ന പ്രധാനപ്പെട്ട ഒരു പണിമുടക്കമായിരുന്നു പ്രീമിയർ ഹോസിയറിയിലെ പണിമുടക്കമെന്നു് ഈ. സി. ഭരതൻ അനുസ്മരിക്കുന്നു. സദാനന്ദ് എന്ന ഒരു വലിയ പ്രമാണിയായിരുന്നു തൊഴിലുടമ. പണിമുടക്കു് പ്രചരണത്തെ തകർക്കാൻ നിരോധനാജ്ഞ പാസാക്കുകയും പണിമുടക്കിയ തൊഴിലാളികളെ മർദ്ദിച്ച് സമരം പൊളിക്കുകയും ചെയ്തു. ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിനു തന്നെ ഒരു തിരിച്ചടി അനുഭവപ്പെട്ടതുപോലെ തോന്നി. പക്ഷെ, ആ സമരത്തിലെ പരാജയത്തിനു ശേഷം അധികനാൾ കഴിയുന്നതിനു് മുൻപു് തന്നെ നടന്ന അവകാശ പ്രഖ്യാപനദിനം ഈ തിരിച്ചടി വെറും താൽക്കാലികമായിരുന്നുവെന്നു് തെളിയിച്ചു. പന്തീരായിരത്തോളം തൊഴിലാളികൾ ഇതോടനുബന്ധിച്ചുള്ള റാലിയിൽ പങ്കെടുത്തിരുന്നു. ഹോസിയറി തൊഴിലാളികളുടെ പണിമുടക്കത്തെത്തുടർന്നു് കോഴിക്കോട്ട് ഇനി ചെങ്കൊടി കാണില്ല എന്നു് പലരും പ്രവചിച്ചിരുന്നു. ആ പ്രവചനങ്ങളെ തെററിച്ചുകൊണ്ടു് അത്യധികം സമരോത്സുകതയോടുകൂടി തൊഴിലാളികൾ അവരുടെ ചെങ്കൊടി പാറിച്ചുകൊണ്ടു് പ്രകടനം നടത്തി. പണിയായുധമായ ഈർച്ചവാൾ ചുമലിൽവച്ചുകൊണ്ടായിരുന്നു സാമിൽ തൊഴിലാളികൾ പ്രകടന ജാഥയിൽ പങ്കെടുത്തിരുന്നതെന്നു് മലബാറിലെ പഴക്കം ചെന്ന ട്രേഡ് യൂണിയൻ പ്രവർത്തകനായ ടി. രാമനുണ്ണി അനുസ്മരിക്കുന്നു. കെ. ദാമോദരൻ, മഞ്ജുനാഥ റാവു തുടങ്ങിയവരായിരുന്നു ഈ പ്രകടനം നയിച്ചിരുന്നതു്.

തലശ്ശേരി, കണ്ണൂർ തുടങ്ങിയ പ്രദേശങ്ങളിലെ ബീഡിത്തൊഴിലാളികളുടെ പണിമുടക്കത്തെപ്പററി എ. കെ. ജി. അനുസ്മരിക്കുന്നു. തലശ്ശേരിയിലെ ബീഡിത്തൊഴിലാളികൾ പണിമുടക്കിയപ്പോൾ പിണറായിയിലേയും എരഞ്ഞോളിയിലേയും കൃഷിക്കാർ പണിമുടക്കത്തിനെ സഹായിച്ചു. അവർ പണിമുടക്കിയ തൊഴിലാളികൾക്കു് ചക്ക, മാങ്ങ, തേങ്ങ, ഏത്തയ്ക്ക എന്നിവ ധാരാളമായി കൊണ്ടെത്തിച്ചു. എ. കെ. ജി. പ്രസംഗിച്ച ഒരു യോഗത്തിൽ ഇങ്ങനെയുള്ള ഉൽപ്പന്നങ്ങൾ വഹിച്ചുകൊണ്ടു് കൃഷിക്കാർ ജാഥയായിട്ടാണു് വന്നെത്തിയതു്. തലശ്ശേരിയിലെ യോഗങ്ങളിൽ തൊഴിലാളികളും കൃഷിക്കാരും ഒരുപോലെ പങ്കെടുത്തിരുന്നു.

# തൊഴിലാളിമാതാവിന്റെ വർഗ്ഗ ബോധം

കണ്ണൂരിൽ നടന്ന ബീഡിത്തൊഴിലാളി പണിമുടക്കവും ഏ. കെ. ജി. വിവരിക്കുന്നു. സാമുവൽ അരോണെപ്പോലുള്ള കോൺഗ്രസ്സ് നേതാക്കൻമാരുടെ എതിർപ്പും പണിമുടക്കക്കാർക്ക് നേരിടേണ്ടിവന്നു. ധീരരായ ബീഡിത്തൊഴിലാളികൾ കുലുങ്ങിയില്ല. ഇതിനിടയിലുണ്ടായ രസകരവും ആവേശകരവുമായ ഒരു സംഭവം ഏ. കെ. ജി. വിവരിക്കുന്നു. പണിമുടക്കിനിടയിൽ ഒരു ബീഡിത്തൊഴിലാളി കരിങ്കാലിയായിത്തീർന്നു; പണിക്ക് പോയി. ആ തൊഴിലാളിയുടെ അമ്മ ഏ. കെ. ജി യെ കാണണമെന്ന് ആഗ്രഹിച്ചു. അതനുസരിച്ച് ഏ. കെ. ജി അവരുടെ വീട്ടിൽ പോയപ്പോൾ ആ സ്ത്രീ പറഞ്ഞതിപ്രകാരമാണ്. "എന്റെ മകൻ അവന്റെ കൂട്ടുകാരെ വഞ്ചിച്ചു. ഞാൻ പട്ടിണികിടന്നെങ്കിലും അവന് ആഹാരം കൊടുക്കാമെന്ന് പറഞ്ഞു നോക്കിയെങ്കിലും അവൻ പണിമുടക്കിൽ നിന്ന് പിൻമാറി പണിക്ക് കയറി. എനിക്ക് എഴുതാനും വായിക്കാനുമറിഞ്ഞുകൂടാ, പക്ഷെ യൂണിയനില്ലാതെ തൊഴിലാളികൾക്ക് ഒന്നും നേടുവാൻ കഴിയുകയില്ലെന്നെനിക്കറിയാം. മുതലാളിമാരെ ഒന്നു നോക്കുക. മുൻകാലങ്ങളിലെ വൈരാഗ്യങ്ങൾ മറന്നുകൊണ്ട് അവരെല്ലാം കൂടി ഒത്തു ചേർന്നിരിക്കുന്നു. എന്നാൽ നമ്മുടെ കുട്ടികൾക്കാകട്ടെ അത്രത്തോളം ബുദ്ധിപോലുമില്ല". ഏ. കെ. ജി. ആ സ്ത്രീയുടെ വർഗ്ഗബോധവും ബുദ്ധിശക്തിയും കണ്ടപ്പോൾ അമ്പരന്നു പോയി. പണിമുടക്കം വളരെ നാൾ നീണ്ടു നിന്നെങ്കിലും അവസാനം ഒരു ഒത്തുതീർപ്പുണ്ടായി. അങ്ങനെ പണിമുടക്കം തോററില്ല.

മലബാറിലെ ട്രേഡ് യൂണിയനുകൾ സംഘടനപരമായി മദ്രാസ് പ്രവിശ്യയിലെ ഏ.ഐ.ടി.യു.സി.ഘടകമായ എം.പി.ടി.യു.സി.യുമായിബന്ധപ്പെട്ടിരുന്നു. 1939 ജൂൺ ഒന്നാം തീയതി നിയമനിർമാണദിനമായി ആഘോഷിക്കാനുള്ള എം.പി.ടി.യു. സിയുടെ ആഹ്വാനമനുസരിച്ച് വിജയകരമായ പ്രകടനങ്ങൾ നടത്തി. ഇന്ത്യൻ തൊഴിലാളി വർഗ്ഗത്തിന്റെ പൊതുവായ പ്രശ്നങ്ങൾ മലബാറിലെ ട്രേഡ്യൂണിയനുകൾ കേരളത്തിലെ ഇതരഭാഗങ്ങളിലെ തൊഴിലാളിസംഘടനകളോട് ഒത്തുചേർന്ന് അനുഭാവപ്രകടനങ്ങൾ നടത്തുകയും ചെയ്തിരുന്നു. അഖില കേരള തൊഴിലാളി കമ്മിററി കൺവീനർ പി. കൃഷ്ണപിള്ളയുടെ അഭ്യർത്ഥനയനുസരിച്ച് ബോംബെയിലെ കറുത്ത ബില്ലിൽ പ്രതിഷേധിച്ചുകൊണ്ട് 1939 ജനുവരി ഇരുപത്തിരണ്ടാം തീയതി ഒരു ദിനാചരണം കേരളത്തിൽ പലയിടങ്ങളിലും ആചരിക്കപ്പെട്ടു. തിരുവിതാംകൂർ ഭാഗങ്ങളിൽ അവിടെയുള്ള ഒരു സജീവപ്രശ്നത്തിനും ഈ ദിനാചരണത്തിൽ പ്രാമുഖ്യം നൽകപ്പെട്ടു. ചെങ്കൊടിയും ഇങ്കിലാബ് സിന്ദാബാദ് മുദ്രാവാക്യവും തിരു

വിതാംകൂർ ഗവമ്മെൻറ് നിരോധിച്ചതിൽ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുകയുണ്ടായി.

ട്രേഡ്‌യൂണിയൻ പ്രസ്ഥാനത്തിൽ തൊഴിലാളികളെ സജീവമായി അണിനിരത്തുന്നതിനു് പല മാർഗങ്ങളും പ്രവർത്തകർ നടപ്പാക്കിത്തുടങ്ങി. അതിലൊന്നാണു് പണിമുടക്കിനു മുൻപു് റെഫറണ്ടം ആലോചനപൂർവം നടത്തുക എന്നതു്. 1939 ഫെബ്രുവരി 18-ാം തീയതി കണ്ണൂർ കോമൺവെൽത്തു് ഫാക്ടറിത്തൊഴിലാളി യൂണിയൻ പണിമുടക്കിനെക്കുറിച്ചുള്ള ഒരു ഹിത പരിശോധന തൊഴിലാളികളിടയിൽ നടത്തുകയുണ്ടായി. 1939 ഫെബ്രുവരി 20-ാം തീയതിയിലെ പ്രഭാതത്തിൽ (സോഷ്യലിസ്റ്റ് മുഖപത്രം) കെ. പി. ഗോപാലൻ ഈ സംഭവത്തെ മലബാർ ട്രേഡ്‌യൂണിയൻ പ്രസ്ഥാന ചരിത്രത്തിലെ സുപ്രധാനവും അഭൂതപൂർവവും അവിസ്മരണീയവുമായ സംഭവമാണെന്നു് പറയുന്നുണ്ടു്. അസാധാരണമായ ആവേശത്തോടുകൂടിയാണു് ഈ റെഫറണ്ടത്തിൽ തൊഴിലാളികൾ പങ്കെടുത്തതു്. ട്രേഡ്‌യൂണിയൻ പ്രസ്ഥാനത്തിൻെറ അനിഷേധ്യമായ ശക്തിയും ജനാധിപത്യ സ്വഭാവവും തെളിയിച്ച ഒരു സംഭവമായിരുന്നു അതു്. അതിനുശേഷമാണു് കണ്ണൂർ കോമൺവെൽത്തു് ഫാക്ടറി തൊഴിലാളികൾ പണിമുടക്കിയതു്. അവരുടെ ആവശ്യങ്ങൾ താഴെ പറയുന്നവയായിരുന്നു.

1 യൂണിയനെ അംഗീകരിക്കുക 2 പിരിച്ചു വിട്ടവരെ തിരിച്ചെടുക്കുക 3 ഒരു മാസത്തെ ശമ്പളം ബോണസായി അനുവദിക്കുക 4 കൂലി വെട്ടിക്കുറച്ചതു് പുനഃസ്ഥാപിക്കുക. എന്നിവയായിരുന്നു.

ഈ പണിമുടക്കം 1939 മാർച്ച് 9-ാം തീയതി തീർന്നുവെങ്കിലും അന്നുണ്ടായ ഒത്തുതീർപ്പ് മാനേജ്മെൻറ് ലംഘിച്ചതിനാൽ മാർച്ച് 13-ാം തീയതി വീണ്ടും പണിമുടക്കാരംഭിച്ചു. ഒടുവിൽ മലബാർ കളക്ടർ ഇടപെടുകയും അങ്ങനെയുണ്ടായ ഒത്തുതീർപ്പിൻെറ അടിസ്ഥാനത്തിൽ 24-ാം തീയതി തൊഴിലാളികൾ പണിക്കു് ഹാജരാവുകയും ചെയ്തു.

നിലവിലുള്ള നിയമങ്ങളും ഭരണപരമായ നടപടിക്രമങ്ങളും ശ്രദ്ധിച്ചു പഠിക്കുകയും ട്രേഡ്‌യൂണിയൻ പ്രസ്ഥാനത്തിനു് സഹായകമായ നിലയിൽ അതിനെ പ്രയോജനപ്പെടുത്തുകയും ചെയ്യുന്നതിനുള്ള പരിശ്രമങ്ങൾ പി. ബാലചന്ദ്രമേനോനൊപ്പാലുള്ള ചെറുപ്പക്കാരായ അഭിഭാഷകർ പാലക്കാട്ടു് പ്രദേശത്തു് ആരംഭിച്ചതു് ഇക്കാലഘട്ടത്തിലായിരുന്നു. പാലക്കാട്ടെ ബീഡിത്തൊഴിലാളി യൂണിയൻെറ നിയമോപദേശകനെന്നനിലയിലാണു് ബാലചന്ദ്രമേനോൻ പ്രവർത്തനം തുടങ്ങുന്നതു്. തൊഴിലാളികളുടെ അവകാശങ്ങൾ കളക്ടർ തുടങ്ങിയ ഉദ്യോഗസ്ഥന്മാരുടെ മുൻപിൽ ശക്തിയുക്തം വാദിക്കുന്നതിനും ക്ഷമയോടുകൂടി വിശദാംശങ്ങൾ വ്യാഖ്യാനിക്കുവാനും അന്നു് ശ്രമങ്ങൾ നടത്തുകയുണ്ടായി എന്നു് ബാലചന്ദ്ര

മേനോൻ അനുസ്മരിക്കുന്നു. എന്നാൽ ഉശിരൻ പ്രവർത്തനങ്ങൾക്കും വിപ്ലവപരമായ ബോധത്തിനും അതുകൊണ്ട് യാതൊരു കോട്ടവും തട്ടിയിരുന്നില്ല. പല തൊഴിൽത്തർക്കങ്ങളിലും ഗവണ്മെൻറ് ഉദ്യോഗസ്ഥന്മാർ ഇടപെടുകയും ബീഡിത്തൊഴിലാളികൾ ഗണ്യമായ നേട്ടങ്ങൾ നേടിയെടുക്കുകയും ചെയ്തു. ആലത്തൂർ, പുതുനഗരം, പൊന്നാനി എന്നിവിടങ്ങളിൽ ബീഡിത്തൊഴിലാളി പ്രസ്ഥാനം സുശക്തമായി ആരംഭിക്കുന്നതിന് മുൻപറഞ്ഞ നേട്ടങ്ങൾ പ്രചോദനം നൽകുകയും ചെയ്തു. പൊന്നാനിയിലെ ബീഡിത്തൊഴിലാളിയൂണിയൻ സുശക്തമായതോടുകൂടി അവിടെ നടന്ന സമരങ്ങളെ പോലീസ് മർദ്ദിച്ചൊതുക്കുവാൻ തന്നെ തീരുമാനിച്ചു, 1937–ലെ പ്രസിദ്ധമായ പൊന്നാനി ബീഡിത്തൊഴിലാളി പണിമുടക്കത്തിന് മർദ്ദനത്തിനെ അതിജീവിച്ചുകൊണ്ട് നേതൃത്വം നൽകേണ്ടിവന്നപ്പോൾ കെ. ദാമോദരൻ ധീരമായി സമരരംഗത്ത് നിന്നതു് അവിടത്തെ പ്രവർത്തകർ ആവേശത്തോടെ സ്മരിക്കുന്നു. സമരത്തിനിടയിൽ ഒരു ദിവസം യൂണിയനാഫീസിനു മുമ്പിൽ ഒരു ബോർഡ് പ്രത്യക്ഷപ്പെട്ടു. *"തൊഴിലാളികൾക്കുവേണ്ടി ജീവൻ ബലികൊടുക്കുവാൻ തയ്യാറുള്ളവരെ ആവശ്യമുണ്ട്. തയ്യാറുള്ളവർ ആഫീസിൽ വന്ന് പേർ രജിസ്റ്റർ ചെയ്യുക."* ഇതാണ് ബോർഡിലുണ്ടായിരുന്ന ആഹ്വാനം. ഇതനുസരിച്ച് പേർ രജിസ്റ്റർ ചെയ്യാൻ ഡസൻ കണക്കിനാളുകൾ ഓഫീസിലേക്ക് വന്നുകൊണ്ടിരുന്നു. സമരം അതോടെ ഊർജ്ജിതപ്പെട്ടു. പോലീസിൻെറ മർദ്ദനം വിഫലമായി. തുടർന്ന് കെ. ദാമോദരനെ അറസ്റ്റ് ചെയ്തപ്പോൾ ജനക്കൂട്ടം മർദ്ദനത്തെ വെല്ലുവിളിച്ചു കൊണ്ട് പൊന്നാനിയിലെ സർക്കാരാഫീസുകൾ മുഴുവൻ വളഞ്ഞു. ഒടുവിൽ കെ. ദാമോദരനെ പുറത്തേക്ക് കൊണ്ടുവന്ന് ജനങ്ങളോട് ശാന്തരായിരിക്കുവാൻ ഉപദേശിപ്പിക്കുകയല്ലാതെ മറെറാരു പോംവഴിയുമില്ലെന്ന ഗതി വന്നു.

## മദ്ധ്യകേരളത്തിലും തൊഴിലാളി പ്രസ്ഥാനം ശക്തിപ്പെടുന്നു

ഉത്തര കേരളത്തിൽ ട്രേഡ്‌യൂണിയൻ പ്രവർത്തനം ശക്തിപ്പെട്ടതുപോലെ തന്നെ 1937–നു ശേഷമുള്ള ഈ ഘട്ടത്തിൽ മദ്ധ്യകേരളത്തിലെ ആമ്പല്ലൂരിലും തൃശ്ശൂരിലും കൊച്ചീപ്രദേശത്തും മുകുന്ദപുരം താലൂക്കിലും മററും ട്രേഡ്‌യൂണിയൻ പ്രവർത്തനങ്ങൾ പൂർവ്വാധികം സംഘടിതമായി പുരോഗമിച്ചു. ട്രേഡ്‌യൂണിയൻ നിയമം കൊച്ചി സംസ്ഥാനത്ത് നിലവിൽ വന്നു എങ്കിലും ട്രേഡ്‌യൂണിയൻ സ്വാതന്ത്ര്യം ഗവൺമെൻറും തൊഴിലുടമകളും തീരെ വകവച്ചു കൊടുത്തിരുന്നില്ല. പക്ഷെ തൊഴിലാളി സംഘടനാപ്രവർത്തകർ ട്രേഡ്‌യൂണിയനുകൾ ഉണ്ടാക്കുവാൻ അക്ഷീണമായി പ്രയത്നിച്ചു. ട്രേഡ്‌യൂണിയൻ നിയമം വന്ന ഉടൻ ചടയംമുറി പ്രസിഡണ്ടായി അഴീക്കൽ ഒരു സ്പൂൺസിലിംഗ് വർക്കേഴ്സ് യൂണിയൻ

കൊച്ചിയിലെ ആദ്യത്തെ ട്രേഡ് യൂണിയനായി രജിസ്റ്റർ ചെയ്തത് കഴിഞ്ഞ അധ്യായത്തിൽ പറഞ്ഞുവല്ലോ. തുടർന്ന് അളഗപ്പാ ടെക്സ്റ്റൈൽസിലെ യൂണിയനും രജിസ്റ്റർ ചെയ്തു. കൊച്ചിത്തുറമുഖത്തൊഴിലാളികളുടെ ഒരു യൂണിയൻ പനമ്പിള്ളി ഗോവിന്ദമേനോൻ പ്രസിഡണ്ടായി രൂപമെടുത്തു. എന്നാൽ താമസിയാതെ തന്നെ തൊഴിലാളികൾ പനമ്പിള്ളിയെ തൽസ്ഥാനത്തു് നിന്നു് മാറ്റുകയുണ്ടായി. ഹാർബർ തൊഴിലാളികൾ എം. ബി. കെ. മേനോനെ സെക്രട്ടറിയായി തെരഞ്ഞെടുത്തു പുതിയ അടിസ്ഥാനത്തിൽ പ്രവർത്തനം തുടങ്ങി. അതിൻെറ പ്രവർത്തക സമിതിയിലെ സജീവമായ ഒരംഗം ആയിരുന്നു പിൽക്കാലത്തു് പാലിയം സമരത്തിലെ രക്തസാക്ഷിയായിത്തീർന്ന എ. ജി. വേലായുധൻ.

തുറമുഖത്തിലെ ബത്തത്തൊഴിലാളികൾ 1938-ൽ സംഘടിതരായി മുന്നോട്ടുവന്നതും ആ തൊഴിലാളികളുടെ നേതൃത്വത്തിൽ 1938 മേയ് ഒന്നാം തീയതി മട്ടാഞ്ചേരി പട്ടണത്തെ കുലുക്കി മറിച്ച ഒരു മേയ് ദിന പ്രകടനഘോഷയാത്ര നടന്നതും ശ്രദ്ധേയമായ സംഭവങ്ങളായിരുന്നു. ബത്തത്തൊഴിലാളികൾ സംഘടനയിലേക്കു് വന്നതു് പോർട്ടിലെ മേധാവി വർഗത്തെ സംബന്ധിച്ചിടത്തോളം ഒരു പേടി സ്വപ്നമായിരുന്നു. ഈ സംഘടനയെ തകർക്കാൻ സകലവിധ സ്വാധീന ശക്തികളും ഉപയോഗിക്കുവാൻ അധികാരി വർഗം തയ്യാറായി. ചില ക്രിസ്ത്യൻ പുരോഹിതൻമാരെ ഇതിനുവേണ്ടിയുള്ള കരുക്കളാക്കുവാൻ ശ്രമിക്കുകയും സോവിയററ് യൂണിയനിൽ പാതിരിമാരെ കൊന്നു് വറുത്തു സ്പിരിട്ടിലിട്ട് വച്ചിട്ടുണ്ടെന്നു് പ്രചരിപ്പിക്കുകയും ചെയ്തു തുടങ്ങി. തൊഴിലാളി പ്രസ്ഥാനത്തിൻെറ മുന്നിൽ നിന്ന പ്രവർത്തകരെല്ലാം സോവിയററ് യൂണിയനിൽ നിന്നു് പണം പററുന്ന റഷ്യൻ ഏജൻറുകളാണെന്ന പ്രചരണവും അഴിച്ചുവിട്ടു. മതവിശ്വാസത്തിൻെറ അടിസ്ഥാനത്തിൽ വിഭാഗീയമായ രീതിയിലുള്ള കത്തോലിക്കാ തൊഴിലാളി യൂണിയനുണ്ടാക്കാനും അധികാരി വർഗത്തിൻെറ വലയിൽ വീണ ചില പാതിരിമാർ ശ്രമിക്കാതിരുന്നില്ല. കൊച്ചിയിലെ രാജവാഴ്ചയും ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിൻെറ ശക്തിയെ തകർക്കുവാൻ ശ്രമിച്ചു. യൂണിയൻ നേതാക്കൻമാരായ പി. എസ്സ്. നമ്പൂതിരിയെപ്പോലെയുള്ളവരെ അറസ്റ്റ് ചെയ്തു. പ്രതിലോമ ശക്തികളുടെ പ്രചാരവേലയും ഗവൺമെൻറിൻെറ മർദ്ദന നയവും ബത്തത്തൊഴിലാളികളുടെ യൂണിയനെ തകർത്തു കളഞ്ഞു. പി എ. സൈനുദ്ദീൻ എന്ന പഴക്കം ചെന്ന കോൺഗ്രസ്സ് പ്രവർത്തകൻെറ നേതൃത്വത്തിൽ തോണിത്തൊഴിലാളികളും ട്രേഡ് യൂണിയനടിസ്ഥാനത്തിൽ സംഘടിച്ചുവെങ്കിലും മർദ്ദന നയത്തിൻെറ മുൻപിൽ ആ യൂണിയനും മുന്നേറാൻ കഴിഞ്ഞില്ല.

## ആത്മീയ കാര്യങ്ങളെപ്പററി പറഞ്ഞാൽ മതി; വയററിൻെറ കാര്യം പറയേണ്ട.

ആലാത്തുപിരി തൊഴിലാളികൾ 1938 ഡിസംബറിൽ കൊച്ചീ പ്രദേശത്തു് ഒരു സമരം നടത്തുകയുണ്ടായി. ആ തൊഴിലാളികളിൽ ബഹുഭൂരിപക്ഷവും കത്തോലിക്കരായിരുന്നു. ഗുജറാത്തി വിഭാഗത്തിൽ പെട്ട തൊഴിലുടമയുടെ കെണിയിൽ വീണ ഒരു പുരോഹിതൻ പണിമുടക്കു് കാലത്തു് പള്ളിക്കടവു് പള്ളിയിൽ വച്ചു കുർബാന പ്രസംഗത്തിനിടയിൽ തൊഴിലാളി സമരത്തെ അപലപിച്ചുകൊണ്ടു് സംസാരിച്ചുവത്രെ. അതു കേട്ടുകൊണ്ടിരുന്ന ഒരു തൊഴിലാളി ഒരു ചുവന്ന തുണി പൊക്കിക്കാണിച്ചുകൊണ്ടു് ഇങ്ങനെ വിളിച്ചുപറഞ്ഞു. “ആത്മീയത്തിൻെറ കാര്യം കേൾക്കാനാണു് ഞങ്ങൾ വന്നതു്. അതു പറഞ്ഞാൽ മതി. ഞങ്ങളുടെ വയററിൻെറ കാര്യത്തെപ്പററി ഒന്നും പറയേണ്ട.” ഇതു കേട്ടു് ഗുജറാത്തി മുതലാളിക്കുവേണ്ടി വിടുപണി ചെയ്ത ആ വൈദികൻ നിശ്ശബ്ദനായിരുപ്പായി എന്നു് പഴക്കം ചെന്ന ട്രേഡ്യൂണിയൻ പ്രവർത്തകർ അനുസ്മരിക്കുന്നു.

ആമ്പല്ലൂരിലെ സുശക്തമായ ട്രേഡ്യൂണിയൻ പ്രസ്ഥാനം രൂപമെടുക്കുന്നതു് ഈ കാലഘട്ടത്തിലാണു്. 1938-ൽ ആമ്പല്ലൂരിലെ ടെക്സ്റ്റൈൽ മില്ലിലെ അഞ്ഞൂറോളം വരുന്ന തൊഴിലാളികൾ പണിമുടക്കാരംഭിച്ചു. അധികദിവസം കഴിയുന്നതിനു് മുൻപു് തന്നെ തൊഴിലാളികൾക്കു് കൂലി വർദ്ധിപ്പിച്ചുകൊടുക്കുവാൻ തൊഴിലുടമ തയ്യാറായി. ഈ പണിമുടക്കിൽക്കൂടിയാണു് തൊഴിലാളികൾ അവരുടെ സംഘടന രൂപീകരിച്ചതു് എന്നു് ആമ്പല്ലൂർ തൊഴിലാളികളുടെ പടനായകനായ പി. എസ്. നമ്പൂതിരി അനുസ്മരിക്കുന്നു. അതിനുശേഷം ആ സംഘടനയ്ക്കെതിരെ ആഞ്ഞടിച്ച കൊച്ചി ഗവൺമെൻറു് ജോർജ്ജ് ചടയംമുറിയേയും പി. എസ്. നമ്പൂതിരിയേയും അറസ്റ്റ്ചെയ്തു ട്രേഡ്യൂണിയൻ പ്രസ്ഥാനത്തെ തകർക്കുവാൻ ശ്രമിച്ചു.

ചെത്തുതൊഴിലാളികൾക്കിടയിലും സംഘടനയുടെ സന്ദേശം ട്രേഡ്യൂണിയൻ പ്രവർത്തകർ പ്രചരിപ്പിച്ചു തുടങ്ങിയതു് ഈ സന്ദർഭത്തിലാണു്. 1939 ഫെബ്രുവരിയിൽ മുകുന്ദപുരം താലൂക്കിലെ ചെത്തുതൊഴിലാളികൾ പണിമുടക്കുകയുണ്ടായി. കേരളത്തിലെ ഇതരകേന്ദ്രങ്ങളിലുള്ള ട്രേഡ്യൂണിയൻ പ്രസ്ഥാനവുമായി സഹകരിച്ചാണു് മദ്ധ്യകേരളത്തിലെ ട്രേഡ്യൂണിയൻ പ്രവർത്തനം നടന്നതു്. മാത്രമല്ല, അഖിലേന്ത്യാ ട്രേഡ്യൂണിയൻ നേതാക്കൻമാർ മധ്യകേരളത്തിലെ ട്രേഡ്യൂണിയൻ കേന്ദ്രങ്ങൾ സന്ദർശിച്ചുകൊണ്ടിരുന്നു. 1938—ഡിസംബറിൽ ഡോ: സുരേഷ്ചന്ദ്രബാനർജി അഖിലേന്ത്യാ ട്രേഡ്യൂണിയൻ കോൺഗ്രസ്

പ്രസിഡൻറന്ന നിലയിൽ തൃശ്ശൂരും കൊച്ചിയും സന്ദർശിച്ചു. 1939 ഏപ്രിൽ രണ്ടാംതീയതി തൃശ്ശൂരിൽവച്ച് ട്രേഡ്‌യൂണിയനുകളുടെ വിപുലമായ ഒരു കൺവെൻഷൻ നടക്കുകയുണ്ടായി. കൊച്ചിസംസ്ഥാനത്ത് മുഴുവൻ ഏററവും കുറഞ്ഞകൂലി നിശ്ചയിക്കുന്നതിനായി നിയമസഭയിൽ അവതരിപ്പിച്ച ബിൽ ഉടനടി പസ്സാക്കണമെന്ന് ഈ കൺവെൻഷൻ ആവശ്യപ്പെട്ടു. ഈ കൺവെൻഷനു് രണ്ടു മാസം മുൻപ് 1939 ഫെബ്രുവരി 19-ാം തീയതി ആലപ്പുഴ മേഖലയിലുള്ള കഞ്ഞിക്കുഴിയിൽ വച്ച് കൂടിയ മൂന്നാം അഖില കേരള സമ്മേളനത്തിൽ മധ്യകേരളത്തിലെ ട്രേഡ്‌യൂണിയനുകൾ പങ്കെടുക്കുകയും പൊതുവായുള്ള ആവശ്യങ്ങളെപ്പററി കൂട്ടായ തീരുമാനങ്ങൾ സ്വീകരിക്കുകയും ചെയ്തു.

## കേരളത്തിലെ തൊഴിലാളി പ്രസ്ഥാനത്തിലെ ആദ്യത്തെ രക്തസാക്ഷി.

അമ്പലപ്പുഴ–ചേർത്തല മേഖലയിലെ കയർ തൊഴിലാളി പ്രസ്ഥാനം വളരെയധികം ശക്തി പ്രാപിച്ച ഒരു കാലമായിരുന്നു ഇത്. തൊഴിലാളികളുടെ കൂലി തുടർച്ചയായി വെട്ടിക്കുറയ്ക്കുന്ന പതിവ് അവസാനിപ്പിക്കുന്നതിന് അസോസിയേഷൻ ശ്രമിച്ചെങ്കിലും യാതൊരു ഫലവുമുണ്ടാകാത്തതു കൊണ്ട് ഈ അനിശ്ചിതാവസ്ഥയ്ക്കു ഒരു വിരാമമിടാൻ 1938 മാർച്ചിൽ അന്തിമമായി ഒരു തീരുമാനമെടുത്തു. ആലപ്പുഴ–മുഹമ്മ–ചേർത്തല–അരൂർ മുതലായ എല്ലാ സ്ഥലങ്ങളിലും ഒരു പൊതുപണിമുടക്കം നടത്തുന്നതാണെന്നു് അസോസിയേഷൻ പ്രഖ്യാപിച്ചു. ആയിടയ്ക്കു തിരുവിതാംകൂർ ലേബർ അസോസിയേഷൻ ട്രേഡ്‌യൂണിയൻ നിയമപ്രകാരം രജിസ്റ്റർ ചെയ്യുകയും സംഘടനയുടെ പേരു് തിരുവിതാംകൂർ കയർ ഫാക്ടറി വർക്കേഴ്‌സ് യൂണിയൻ എന്നു് മാററുകയും ചെയ്തു. 1938 ഫെബ്രുവരിയിൽ കൂടിയ വിശേഷാൽ പൊതുയോഗത്തിൽ കയർ ഫാക്ടറിത്തൊഴിലാളികളുടെ ഒരു പൊതുപണിമുടക്കം നടത്തുവാൻ തീരുമാനിച്ചു. തുടർന്നു് കൊല്ലം ഡിസ്ട്രിക്ട് മജിസ്ട്രേട്ട് അമ്പലപ്പുഴ താലൂക്കിൽ മൂന്നു മാസത്തേയ്ക്കു പൊതുയോഗങ്ങളും ഘോഷയാത്രകളും നടത്തുവാൻ പാടില്ലെന്നു് നിരോധിക്കുകയുണ്ടായി. സെക്രട്ടറി ആർ. സുഗതനെയും പ്രസിഡണ്ട് സ: പി. കെ. കുഞ്ഞു്, വൈസ് പ്രസിഡണ്ട് സ: പി. എൻ. കൃഷ്ണപിള്ള, പ്രവർത്തകരായ വി. കെ. പുരുഷോത്തമൻ, സി. കെ. വേലായുധൻ, എന്നിവരെയും അറസ്റ്റ് ചെയ്തു്, അവരുടെ പേരിൽ 107-ാം വകുപ്പു പ്രകാരം കേസ്സ് ചാർജ്ജ് ചെയ്യുകയും ചെയ്തു. ഈ അറസ്ററുകളിൽ പ്രതിഷേധിച്ച് പിറേറ ദിവസം തൊഴിലാളികൾ പണിമുടക്കി അറസ്റ്റ് ചെയ്ത നേതാക്കൻമാരെ വിട്ടയക്കണമെന്നു് ആവശ്യപ്പെട്ടു കൊണ്ടു് പോലീസ്‌സ്റ്റേഷനു സമീപം തടിച്ചുകൂടി. ഈ തൊഴിലാളികളുടെ മേൽ പോലീസ് ലാത്തിച്ചാർജ്ജ് ചെയ്യുകയുണ്ടായി.

ലാത്തിച്ചാർജ്ജിൽ ഏററ അടിമൂലം ബാവ എന്ന ഒരു തൊഴിലാളി റോഡിൽ വീണുപോയി. സ: ബാവയെ ആശുപത്രിയിൽ കൊണ്ടുപോവുകയും അവിടെ വച്ചു സഖാവ് മരിക്കുകയും ചെയ്തു. തൊഴിലാളികളുടെ അവകാശങ്ങൾക്ക വേണ്ടിയുള്ള പോരാട്ടത്തിൽ കേരളത്തിൽ ആദ്യം രക്തസാക്ഷിത്വം വരിച്ച തൊഴിലാളിയാണ് സ: ബാവ. ആ സഖാവ് വില്യം ഗുഡേക്കർ കമ്പനിയിലെ ഒരു തൊഴിലാളിയായിരുന്നു. വടക്കനാര്യനാട് എന്ന സ്ഥലത്തായിരുന്നു സഖാവ് ജനിച്ചു വളർന്നതു്. 36 വയസ്സു പ്രായമുണ്ടായിരുന്ന സഖാവിനു് ഭാര്യയും രണ്ടു പെൺകുട്ടികളും ഒരാൺകുട്ടിയുമുണ്ടായിരുന്നു. മരണമടഞ്ഞ സ: ബാവയുടെ മൃതദേഹം കാണുന്നതിനും അന്തിമോപചാരമർപ്പിക്കുന്നതിനുമായി ആയിരക്കണക്കിനു തൊഴിലാളികൾ ആശുപത്രിയിൽ തിങ്ങിക്കൂടി. എങ്കിലും പോലീസ് ആരേയും തന്നെ ആശുപത്രിക്കുള്ളിൽ കടക്കുവാൻ സമ്മതിച്ചില്ല.

രക്തസാക്ഷിയായ ബാവയുടെ ഭാര്യയുടേയും കുട്ടികളുടേയും സംരക്ഷണാർത്ഥം "ബാവാഫണ്ടു" എന്ന പേരിൽ യൂണിയനിൽ നിന്നും ഒരു ഫണ്ടു ശേഖരിക്കുകയും അതവർക്കു് കൊടുക്കുകയും ചെയ്തു. ഈ സംഭവം നടന്ന കാലഘട്ടത്തിൽ തിരുവിതാംകൂറിലെ രാഷ്ട്രീയാന്തരീക്ഷവും പ്രക്ഷുബ്ധമായിവരികയായിരുന്നു. ബാവയുടെ രക്തസാക്ഷിത്വത്തിനു് ഏതാണ്ട് ഒരു മാസം മുൻപാണ് 1938 ഫെബ്രുവരി 3–ാം തീയതി തിരുവിതാംകൂർ സ്റ്റേററ് കോൺഗ്രസ്സ് രൂപീകരിക്കപ്പെട്ടതു്. മഹാരാജാവിൻെറ പരമാധികാരത്തിൻ കീഴിൽ ഉത്തരവാദ ഭരണമാണ് ആ സംഘടനയുടെ ലക്ഷ്യമെന്നു് പ്രഖ്യാപിക്കപ്പെട്ടു. തിരുവിതാംകൂർ ലേബർ അസോസിയേഷൻ ആദ്യം മുതൽക്കു് തന്നെ സ്റ്റേററു കോൺഗ്രസ്സിനു പിന്തുണ നൽകി. തൊഴിലാളികളുടെ സാമ്പത്തികാവശ്യത്തിനു വേണ്ടി പണിമുടക്കുകയല്ലാതെ മറെറാരു പോംവഴിയില്ലെന്നു് അസോസിയേൻ തീരുമാനിച്ചതും ഈ ഘട്ടത്തിലായിരുന്നു

1938 ആഗസ്റ്റ് മാസത്തിൽ സ്റ്റേററു കോൺഗ്രസ്സ് ചരിത്ര പ്രസിദ്ധമായ ഉത്തരവാദഭരണപ്രക്ഷോഭണം ആരംഭിച്ചു. അതിനുമുമ്പും പിമ്പും ആയി നിരവധി നേതാക്കന്മാരെ ഗവണ്മെൻറ് അറസ്റ്റു ചെയ്തു. അക്കൂട്ടത്തിൽ സ: സുഗതനെപ്പോലുള്ള ട്രേഡ് യൂണിയൻ നേതാക്കന്മാരും ഉൾപ്പെട്ടിരുന്നു. പ്രക്ഷോഭണത്തെ അടിച്ചമർത്താൻ ഗവണ്മെൻറു് പലയിടത്തും ജനക്കൂട്ടത്തിനുനേരെ വെടിവച്ചു. കുതിരപ്പട്ടാളത്തെയിറക്കി ജനക്കൂട്ടത്തെ പിരിച്ചുവിട്ടു. ജനരോഷം ആളിക്കത്തി. വെടിവയ്പുകൾ തുടരെ നടന്നു. ഇതിനിടയിലാണ് തിരുവിതാംകൂർ കയർ ഫാക്ടറി വർക്കേഴ്സു യൂണിയൻ ഉത്തരവാദഭരണം നേടിയെടുക്കുന്നതിനുവേണ്ടി പൊതുപണിമുടക്ക് പ്രഖ്യാപിച്ചതു്. യൂണിയൻെറ അടിയന്തിരാവശ്യങ്ങളിൽ ഒന്നാമത്തേതു്, പ്രായപൂർത്തിവോട്ടവകാശത്തോടുകൂടിയ പരിപൂർണ്ണ ഉത്തരവാദഭരണം ഉടനടി സ്ഥാപിക്കണമെന്നതായിരുന്നു. അറസ്റ്റ് ചെയ്യപ്പെട്ട

നേതാക്കളെ മോചിപ്പിക്കുകയെന്നതായിരുന്നു രണ്ടാമത്തെ ആവശ്യം.
കൂലികുറയ്ക്കൽ നിർത്തലാക്കുക; കുറഞ്ഞശമ്പളംപ്രതിമാസം മുപ്പതുരൂപ
യാക്കുക, പ്രസവകാലവേതനം ഏർപ്പെടുത്തുക മുതലായ സാമ്പത്തികാ
വശ്യങ്ങൾ മുൻപറഞ്ഞ രാഷ്ട്രീയാവശ്യങ്ങളുടെ കൂടെ ഉന്നയിക്കുകയാ
ണുണ്ടായത്. 1938 ഒക്ടോബർ മാസത്തിൽ പൊതുപണിമുടക്കം ആരംഭി
ച്ചപ്പോൾ മുതൽ അതു പരിപൂർണ്ണവിജയമായിരുന്നു. അരൂർ മുതൽ വണ്ടാ
നം വരെയുള്ള കയർഫാക്ടറിത്തൊഴിലാളികൾ പണിമുടക്കിൽ പങ്കെ
ടുത്തു. പണിമുടക്ക് അടിച്ചമർത്തുന്നതിന് ഗവണ്മെൻറ് എല്ലാമർദ്ദനമുറ
കളും സ്വീകരിച്ചു. രണ്ടിടത്ത് വെടിവച്ചു. അതിൽ രണ്ടുപേർ മരിക്കു
കയും പതിനൊന്ന് പേർക്ക് മുറിവേൽക്കുകയും ചെയ്തു. 256
പേരെ അറസ്റ്റ് ചെയ്തു. അതിഭീകരമായ രീതിയിൽ മർദ്ദിക്കുകയുണ്ടായി
എന്നാൽ അതിനിടയിലും പരിപൂർണമായ പണിമുടക്ക് തുടരുകയുണ്ടായി.
എന്നുതന്നെയല്ല തിരുവനന്തപുരത്തുവച്ച് 1938 ഒക്ടോബറിൽ നടന്ന
ഐതിഹാസികമായ സ്റ്റേറ്റു കാൺഗ്രസ്സ് മഹാപ്രകടനത്തിൻെറ മുൻനിര
യിൽ തികച്ചും പട്ടാളച്ചിട്ടയോടെ അമ്പലപ്പുഴ–ചേർത്തല തൊഴിലാളി
പ്രതിനിധികളായ ഇരുപത്തിഅഞ്ചുപേർ മാർച്ച് ചെയ്യുകയും ചെയ്തു.

ഈ പ്രകടനത്തെ തുടർന്ന് സ്റ്റേറ്റ് കാൺഗ്രസ്സ് നേതാക്കന്മാരെ ഗവ
ണ്മെൻറ് വിട്ടയച്ചു. എന്നാൽ അമ്പലപ്പുഴ–ചേർത്തലയിലെ പണിമുടക്കി
നെ അടിച്ചമർത്തുന്ന നയം ഗവണ്മെൻറ് തുടരുകയാണുണ്ടായത്. ഉത്തരവാ
ദഭരണപ്രക്ഷോഭണത്തിൻെറ ഭാഗമായി നടന്നുവന്ന ഈ രാഷ്ട്രീയപണിമുട
ക്കിനെ സഹായിക്കുവാൻ സ്റ്റേറ്റുകാൺഗ്രസ്സിലെ സമുന്നതനേതാക്കന്മാരാ
യ പട്ടവും മററും തയ്യാറായില്ല. എന്നാൽ എ. കെ. ഗോപാലനും കെ.
ദാമോദരനും മററും വിമോചിതരായ ഉടനെ ആലപ്പുഴയിലെത്തി സമരത്തെ
സഹായിച്ചു.അതിനുശേഷം ആണ് പണിമുടക്ക് സമരം അവസാനിച്ചത്.
കയർ ഫാക്ടറിത്തൊഴിലാളികളുടെ അവശതകളെപ്പററി അന്വേഷിക്കുന്ന
തിന് ഒരു കമ്മിററിയെ നിയോഗിക്കുന്നതാണെന്ന് ഗവണ്മെൻറു സമ്മതി
ച്ചു.കയർ ഫാക്ടറിത്തൊഴിലാളികൾക്ക് ആറേകാൽ ശതമാനം കൂലി കൂട്ടത
ലും അനുവദിക്കുകയുണ്ടായി. പണിമുടക്ക് കമ്മിഷൻ എന്ന പേരിൽ ഈ
സംഖ്യ മററാനുകൂല്യങ്ങളും കൂടി ചേർത്ത് ഇന്നും തൊഴിലാളികൾക്ക് കിട്ടി
ക്കൊണ്ടിരിക്കുന്നു. ഗവണ്മെൻറ് നിയമിച്ച കമ്മിററി കയർ വ്യവസായം
മെച്ചപ്പെടുത്തുന്നതിനുവേണ്ട നിർദ്ദേശങ്ങൾ പിൽക്കാലത്ത് സമർപ്പിക്കു
കയുണ്ടായി. മൂപ്പുകാശ്, ധർമ്മാവ്, കോൺട്രാക്ടർക്ക് കൂലി കൂടാതെ
ചെയ്യുന്ന ജോലി; തുടങ്ങിയ ചൂഷണങ്ങൾ നിർത്തലാക്കണമെന്ന് ജോർജ്
കമ്മിററി നിർദ്ദേശിച്ചു. കൂലി കൂട്ടലിനെപ്പററി ഏകകണ്ഠമായ ഒരു
തീരുമാനമുണ്ടായില്ല. പ്രസവകാല വേതനത്തിനുവേണ്ടി പ്രത്യേക നി
യമ നിർമ്മാണം നടത്തണമെന്ന് കമ്മിററി ശിപാർശ ചെയ്തു. ഉല്പാദനം
സംബന്ധിച്ച പണികൾ കോൺട്രാക്ട് കൊടുക്കരുതെന്ന് കമ്മിററി അഭി

പ്രായപ്പെടുകയും ചെയ്തു. ഈ ശിപാർശകൾ ഗവണ്മെൻറ് അംഗീകരിച്ചു. ജോർജ് കമ്മിററിയിൽ യൂണിയൻ ആവശ്യപ്പെട്ടിരുന്ന കൂലിക്കൂട്ടതലിനെ അടിസ്ഥാനമാക്കിയാണ്, 1945 മേയ് മാസത്തിൽ അടിസ്ഥാനക്കൂലിയിൽ 25 ശതമാനം വർധനവ് നേടുവാൻ കഴിഞ്ഞതു്.

## കേരളത്തിലെ തൊഴിലാളികളാകെ സഹായിച്ച സമരം

പണിമുടക്കം പൊളിക്കുന്നതിനായി ഗവണ്മെൻറ് എല്ലാ കഴിവുകളും വിനിയോഗിച്ചു ശ്രമിച്ചുവെങ്കിലും അതിനെ ചെറുത്തു നിൽക്കുവാൻ യൂണിയനു് കഴിഞ്ഞതു് പ്രധാനമായും രണ്ടു കാരണങ്ങൾ കൊണ്ടാണ്. (1) കേരളത്തിലെ എല്ലാ ഭാഗങ്ങളിലുമുള്ള യൂണിയനുകളും അവയുടെ സമരധീരരായ നേതാക്കൻമാരും നൽകിയ നിർലോഭമായ സഹായമായിരുന്നു ഒരു കാരണം. കേരളത്തിൻെറ വിപ്ലവശക്തിയുടെ ഏററവും അമൂല്യമായ സമ്പത്തു് മുഴുവനും ഈ സമരത്തിൻെറ വിജയത്തിനായി സമർപ്പിക്കപ്പെട്ടു. പി. കൃഷ്ണപിള്ളയുടെ നേതൃത്വത്തിലുള്ള അന്നത്തെ കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടി നേതാക്കളായ എ. കെ. ജി യും, കെ. കെ. വാര്യ[redacted]രാദരനും മററും ഈ സമരത്തിൽ വഹിച്ച പങ്ക് അതിമഹത്തായിരുന്നു. സ്റ്റേററ് കോൺഗ്രസ്സിലെ യൂത്തു ലീഗ് വിഭാഗത്തെ നയിച്ചിരുന്ന പുന്നൂസും ശ്രീകണ്ഠൻ നായരും എം. എൻ. ഗോവിന്ദൻ നായരും കെ. സി. ജോർജ്ജും മററും ശ്രേഷ്ഠമായ സേവനം നടത്തിയവരാണ്. (2) ആലപ്പുഴ പണിമുടക്കത്തിൻെറ മുൻപന്തിയിൽ നിന്ന ചുവപ്പു വാളണ്ടിയർ സംഘടനയുടെ വീരോചിതമായ പ്രവർത്തനങ്ങളായിരുന്നു പണിമുടക്കത്തിൻെറ വിജയത്തിനുള്ള വേറൊരു കാരണം. സഖാവ് കൃഷ്ണപിള്ള പറയുന്നതു് ആലപ്പുഴ പണിമുടക്കത്തിൻെറ വിജയം ചുവപ്പു വാളണ്ടിയർമാരുടെ ആത്മബലിയിൽ നിന്നാണ് ഉണ്ടായതെന്നാണ്. മൂന്നൂറ് പേരടങ്ങിയ ഈ സംഘടനയുടെ നേതാക്കൻമാരായ ക്യാപ്ടൻ ഗോവിന്ദൻ, അബ്ദുൽ അസീസ്, പാട്ടത്തിൽ പത്മനാഭൻ എന്നിവർ എക്കാലത്തും സ്മരിക്കേണ്ട ധീരയോദ്ധാക്കളാണ്. ഈ പണിമുടക്കത്തെത്തുടർന്നാണ് യൂണിയനെ ഗവണ്മെൻറും മുതലാളിമാരും അംഗീകരിച്ചതു്. ദേശീയ സ്വാതന്ത്ര്യസമരത്തിനു വേണ്ടിയുള്ള തൊഴിലാളി വർഗത്തിൻെറ അതിപ്രധാനമായ കാൽവയ്പ് എന്ന നിലയിൽ ഈ പണിമുടക്കത്തിനു് കേരള ചരിത്രത്തിൽ തന്നെ സ്ഥാനമുണ്ട്. മാത്രമല്ല, മററു തൊഴിലാളി വിഭാഗങ്ങൾക്കു് ഉറച്ച വർഗസംഘടനകൾ ഉണ്ടാക്കുവാനുള്ള പ്രചോദനം ഉണ്ടാവുകയും ചെയ്തു.

കേരളത്തിൻെറ മുന്നണിയിൽ അമ്പലപ്പുഴ — ചേർത്തല കയർത്തൊഴിലാളികൾ നിലയുറപ്പിച്ച ഈ സമരത്തെ തുടർന്നു് മൂന്നാം അഖില കേരള തൊഴിലാളി സമ്മേളനം ആ തൊഴിലാളികൾക്കു് നൽകിയ ഒരംഗീ

കർമമെന്നോണം ചേർത്തല താലൂക്കിലെ മുഹമ്മയ്ക്കടുത്തുള്ള കഞ്ഞിക്കുഴിയിൽവച്ച് നടത്തുവാൻ തീരുമാനിച്ചു. വനസ്വർഗമൈതാനത്തുവച്ച് 1939 ഫെബ്രുവരി പത്തൊൻപതാം തീയതി നടന്ന ഈ സമ്മേളനം വിജയിപ്പിക്കുന്നതിനു് കയർത്തൊഴിലാളികൾ പരമാവധി പരിശ്രമിച്ചു.

എന്നാൽ ഈ സമ്മേളനം ചേരുന്നതിനു് തിരുവിതാംകൂർ ഗവണ്മെൻറ് പല തടസങ്ങളും സൃഷ്ടിച്ചിരുന്നു. അക്കൊല്ലത്തെ എ. ഐ. ററി. യു. സി. അദ്ധ്യക്ഷൻ സുരേന്ദ്ര ബാനർജിയെയാണു് കഞ്ഞിക്കുഴി സമ്മേളനാദ്ധ്യക്ഷനായി നിശ്ചയിച്ചിരുന്നതു്. എന്നാൽ അദ്ദേഹം തിരുവിതാംകൂറിൽ പ്രവേശിക്കുന്നതിനെ ഗവണ്മെൻറ് നിരോധിച്ചു. നിരോധനം ലംഘിച്ച് സംഘർഷം വർദ്ധിപ്പിക്കുവാനല്ല ഭാരവാഹികൾ തീരുമാനിച്ചതു്. ഏതു വിധത്തിലും മൂന്നാം അഖില കേരള തൊഴിലാളി സമ്മേളനം കാര്യക്ഷമമായി നടത്തണമെന്നാണു് ഭാരവാഹികൾ തീരുമാനിച്ചതു്. അതുകൊണ്ടു് സമ്മേളനത്തിൻെറ ഉൽഘാടനം നിർവഹിക്കുന്നതിനു് കോൺഗ്രസ്സ് നേതാവായ ഈ. മൊയ്തു മൗലവിയേയും ആദ്ധ്യക്ഷം വഹിക്കുന്നതിനു് സി. എസ്. പി. നേതാവായ പി. നാരായണൻ നായരേയും ക്ഷണിക്കുകയാണുണ്ടായതു്, സ്വീകരണ സംഘാധ്യക്ഷൻ സുപ്രസിദ്ധ തൊഴിലാളി നേതാവായിരുന്ന പി. എൻ. കൃഷ്ണപിള്ളയായിരുന്നു. ഈ സമ്മേളനത്തിൽ ടെക്സ്റ്റൈൽസ്, ഓട്ട്, കയർ, കശുവണ്ടി, പ്രസ്സ് എന്നീ വ്യവസായങ്ങളിലെ ട്രേഡ് യൂണിയൻ പ്രതിനിധികൾ സംബന്ധിച്ചിരുന്നു. മുൻസിപ്പൽ തൊഴിലാളികളുടേയും പീടികത്തൊഴിലാളികളുടേയും യൂണിയനുകളും പ്രതിനിധികളെ അയച്ചിരുന്നു. കേരളത്തിലെ തൊഴിലാളികളുടെ പൊതുവായ ആവശ്യങ്ങളെ സംബന്ധിച്ചും ഇതര പ്രവിശ്യകളിലെ പ്രശ്നങ്ങളെ സംബന്ധിച്ചും ദേശീയവും അന്തർദേശീയവുമായ രാഷ്ട്രീയ പ്രശ്നങ്ങളെക്കുറിച്ചും പ്രമേയങ്ങൾ പാസാക്കപ്പെട്ടു. പ്രധാന തീരുമാനങ്ങൾ താഴെ ചേർക്കുന്നു

1 ജോലി സമയം ആഴ്ചയിൽ 40 മണിക്കൂർ ആയി ചുരുക്കണം.

2 യൂണിയനുകൾക്ക് അംഗീകാരം നൽകണം.

3 മിനിമം ശമ്പളം 30 രൂപയാക്കി നിജപ്പെടുത്തണം.

4 ഞായറാഴ്ച നിർബ്ബന്ധിത ഒഴിവ് ദിവസമായി പ്രഖ്യാപിക്കണം.

5 ശമ്പളത്തോടെ മൂന്നു മാസത്തെ പ്രസവകാലാവധി അനുവദിക്കണം.

6 സംഘടനാസ്വാതന്ത്ര്യം, പ്രചരണസ്വാതന്ത്ര്യം പ്രസംഗസ്വാതന്ത്ര്യം എന്നിവ അംഗീകരിക്കണം.

7 ബോംബെയിൽ കോൺഗ്രസ്സ് ഗവണ്മെൻറ് നടപ്പാക്കിയ വ്യവസായബന്ധനിയമത്തിൽ പ്രതിഷേധം രേഖപ്പെടുത്തി.

8 കൊച്ചിയിലും തിരുവിതാംകൂറിലും നടന്നുവന്നിരുന്ന ഉത്തരവാദഭരണ പ്രക്ഷോഭണങ്ങൾക്ക് പിന്തുണ പ്രഖ്യാപിച്ചു.

9 സ്വാതന്ത്ര്യ സമരം നടത്തുന്ന സ്പെയിനിലെ ജനതയ്ക്കു അഭിവാദനങ്ങൾ നൽകി.

10 സോവിയററ് യൂണിയൻെറ സമാധാനപരിശ്രമങ്ങളെ പ്രശംസിച്ചു.

11 സുഭാഷ് ചന്ദ്രബോസ് അംഗീകരിച്ച രാഷ്ട്രീയ നിലപാടിനു് (അതായതു് 1935 – ൽ ബ്രിട്ടീഷ് ഗവൺമെൻറു് കൊണ്ടുവന്ന ഇന്ത്യൻ ഫെഡറൽ നിയമത്തിനെതിരായ നിലപാട്) പിന്തുണ.

കേരള സംസ്ഥാന ട്രേഡ് യൂണിയൻ കൗൺസിൽ രൂപീകരിക്കുന്നതിനു് ഈ സമ്മേളനം തീരുമാനിച്ചു. അങ്ങനെയൊരു കൗൺസിൽ രൂപീകരിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾക്കായി സ: എൻ. സി. ശേഖർ കൺവീനറായി ഒരു സംഘടനാ കമ്മിററിയെ തെരഞ്ഞെടുത്തു. ആർ. സുഗതൻ, പി. കൃഷ്ണപിള്ള, കെ. കെ. വാര്യർ: പി. എൻ. കൃഷ്ണപിള്ള; പി. ഗംഗാധരൻ; ഏ. കെ. ഗോപാലൻ എന്നിവരായിരുന്നു കമ്മിററിയിലെ മററംഗങ്ങൾ. അന്നു് സഖാവു് സുഗതൻ തിരുവിതാംകൂർ കയർ ഫാക്ടറി വർക്കേഴ്സ് യൂണിയൻെറ ജനറൽ സെക്രട്ടറിയും ശ്രീ. പി എൻ. കൃഷ്ണപിള്ള പ്രസിഡൻറും ആയിരുന്നു. സമ്മേളനത്തിനു് ഗാംഭീര്യം നൽകത്തക്കതരത്തിൽ ചുവപ്പുവാളണ്ടിയർമാരുടെ നല്ലൊരു സന്നാഹമുണ്ടായിരുന്നു. പൊതുസമ്മേളനത്തിനു് മുൻപായി അയ്യായിരം പേർ പങ്കെടുത്ത ഗംഭീരമായൊരു റാലി നടന്നു. പിൽക്കാലത്തു് അമ്പലപ്പുഴ–ചേർത്തല തൊഴിലാളികളുടെ അനിഷേധ്യ നേതാവായി ഉയർന്നുവന്ന ടി. വി. തോമസ് പ്രസ്ഥാനവുമായി ബന്ധപ്പെടുന്നതു് ഈ സമ്മേളന കാലഘട്ടത്തിലാണു്. കന്നിട്ട ആൻഡ് ഓയിൽ മിൽ യൂണിയൻെറ പ്രസിഡൻറായിട്ടാണു് അദ്ദേഹം രംഗത്തു് വരുന്നതു്. അതോടൊപ്പം തിരുവിതാംകൂർ കയർ ഫാക്ടറി വർക്കേഴ്സ് യൂണിയൻെറ കൺസിലിയേഷൻ ഓഫീസറായി പ്രവർത്തിക്കുകയും ചെയ്തിരുന്നു. 1940 ലാണു് ടി. വി. തിരുവിതാംകൂർ കയർ ഫാക്ടറി വർക്കേഴ്സ് യൂണിയൻെറ പ്രസിഡൻറായിത്തീരുന്നതു്. ജീവിതാവസാനം വരെ ട്രേഡ് യൂണിയനുമായുള്ള സജീവമായ ബന്ധം തുടരുകയും ചെയ്തു.

അമ്പലപ്പുഴ–ചേർത്തല പ്രദേശത്തെ ഇതര തൊഴിലാളി വിഭാഗങ്ങളും ഈ കാലഘട്ടത്തിൽ ട്രേഡുയൂണിയനടിസ്ഥാനത്തിൽ സംഘടിക്കുന്നുണ്ടായിരുന്നു. ആലപ്പുഴ മുനിസിപ്പാലിററിയിലെ തോട്ടിത്തൊഴിലാളികൾ 1937–ൽ സംഘടിച്ചു. റിക്ഷാത്തൊഴിലാളികളും ട്രേഡുയൂണിയൻ രൂപീകരിച്ചു. ആർ. സുഗതൻ ''തൊഴിലാളി''പത്രത്തിൻെറ 1937–ലെ വിശേഷാൽ പ്രതിയിൽ പ്രസിദ്ധീകരിച്ച ''തോട്ടി'' എന്ന ലേഖനം തോട്ടിത്തൊഴിലാളികളെ സംഘടിപ്പിക്കുന്നതിനു് വളരെ സഹായക

മായി. ആലപ്പുഴയിലെ ഓയിൽ മിൽ തൊഴിലാളികൾക്കിടയിലും 1937-ൽ തന്നെ സംഘടനാ ബോധം ഉണ്ടായിത്തുടങ്ങി. തിരിവ് വിഭാഗം തൊഴിലാളികൾ കൂലിക്കൂടുതലിനു വേണ്ടി അക്കാലത്ത് ഒരു പണിമുടക്കം നടത്തുകയുണ്ടായി. അതു മൂലം കൂലി 16 ചക്രത്തിൽ നിന്നും 20 ചക്രമായി ഉയർത്തുവാൻ സാധിച്ചു. ഇതോടുകൂടി ഓയൽ മിൽ-കന്നിട്ട മലഞ്ചരക്ക് വിഭാഗം തൊഴിലാളികളുടെയിടയിലും സംഘടനാ പ്രവർത്തനം ആരംഭിച്ചു. ട്രേഡുയൂണിയൻ പ്രവർത്തകരുമായി സംസാരിക്കുന്നതു പോലും അക്കാലത്ത് കുററകരമായിരുന്നു! അതിൻെറ പേരിൽ ഓയിൽ മിൽ തൊഴിലാളികളെ സസ്പെൻറു ചെയ്തിരുന്നു. 1938-ൽ തിരുവിതാംകൂർ കയർ ഫക്ടറി വർക്കേഴ്സു യൂണിയൻ നടത്തിയ ഐതിഹാസികമായ പണിമുടക്കത്തിൽ ഒരു ഭാഗം ഓയിൽ മിൽത്തൊഴിലാളികളും പങ്കെടുത്തിരുന്നു. 1939-ൽ ജോലി സമയം എട്ടുമണിക്കൂറാക്കി കിട്ടുന്നതിനും മററും ആയി ഓയൽ മിൽ തൊഴിലാളികൾ ഒന്നടങ്കം പണിമുടക്കി. ഇതിൻെറ ഫലമായി എട്ടു മണിക്കൂർ വേല നടപ്പാക്കിക്കിട്ടുന്നതിനും കൂലി വർദ്ധനവ് നേടിയെടുക്കുന്നതിനും അവരുടെ യൂണിയനു് കഴിഞ്ഞു.

തിരുവിതാംകൂർ ഭാഗത്തെ നാവികത്തൊഴിലാളികളും ഈ കാലഘട്ടത്തിൽ ആലപ്പുഴയിലെ കയർത്തൊഴിലാളികളോട് സഹകരിച്ച് പ്രവർത്തിച്ചിരുന്നു. 1938-ലെ പണിമുടക്ക കാലത്തു നാവികത്തൊഴിലാളികളും ഒരു പൊതു പണിമുടക്ക് പ്രഖ്യാപിച്ചിരുന്നു. ഈ പണിമുടക്ക് വിജയകരമായാണ് അവസാനിച്ചതു്. ഗവൺമെൻറ് ബാർജ് സർവീസ് നിർത്തുകയും മുനിസിപ്പൽ ടോൾ അവസാനിപ്പിക്കുകയും ചെയ്തതു് നാവികത്തൊഴിലാളികളുടെ വമ്പിച്ച വിജയമായിരുന്നു. ഒത്തുതീർപ്പനുസരിച്ചുണ്ടായ മാറു തീരുമാനങ്ങൾ താഴെ പറയുന്നവയാണ്. (1) ചൗക്കകളിൽ പ്രതിനിധി ഓഫീസുകൾ സ്ഥാപിക്കാൻ അനുവാദം നൽകി. (2) വള്ളം മൂപ്പൻമാരേയും ദല്ലാളൻമാരേയും മാററിയിട്ട് തൽസ്ഥാനങ്ങളിൽ തൊഴിലാളി പ്രതിനിധികളെ നിയമിച്ചു. പട്ടണങ്ങളിലെ തൊഴിലാളി കേന്ദ്രങ്ങളിലെല്ലാം സബ് ഓഫീസുകൾ സ്ഥാപിക്കപ്പെട്ടു. ചവറയിലെ മിനറൽസ് കമ്പനികളിൽ കയററിറക്കിനു് ആവശ്യമുള്ള വള്ളങ്ങൾ സംഘത്തിൻെറ മേൽനോട്ടത്തിൽ നൽകാമെന്നു് സമ്മതിച്ചു.

ചേർത്തല താലൂക്കിലുള്ള മുഹമ്മ കയർ ഫാക്ടറി വർക്കേഴ്സ് യൂണിയൻ 1938-ലാണ് പ്രവർത്തനം ആരംഭിച്ചതു്. കെ. ദാമോദരനാണ് ഈ യൂണിയൻെറ ഉൽഘാടനകർമ്മം നിർവ്വഹിച്ചതു്. അമ്പലപ്പുഴ-ചേർത്തല കയർ തൊഴിലാളികൾ നടത്തിയ 1938-ലെ പണിമുടക്കിൽ മുഹമ്മ യൂണിയൻ സജീവമായ ഒരു പങ്ക് വഹിച്ചു. അന്നു് ഈ യൂണിയൻെറ പ്രസിഡൻറ് സി. കെ. കരുണാകരപ്പണിക്കരായിരുന്നു. സമരത്തിനു ശേഷം ഒരു ഫാക്ററിയുടമസ്ഥൻ ഒത്തുതീർപ്പവ്യവസ്ഥകൾ പാലിച്ചില്ല ചാരങ്കാട്ട് കമ്പനി ഉടമയായിരുന്നു ഇങ്ങനെ ചെയ്തതു്. ഈ ഉടമ

ശ്ശേതിരായി യൂണിയൻ പിക്കററിംഗ് നടത്തുകയും തുടർന്ന് ഒത്തുതീർപ്പു വ്യവസ്ഥകരം അംഗീകരിപ്പിക്കുകയും ചെയ്തു. 1938–ലെ പണിമുടക്കിനു ശേഷം എല്ലാ കയർഫാക്ടറികളിലും യൂണിയൻ പ്രവർത്തനം സജീവമായിത്തീർന്നു. വയലാർ സമരത്തിൻെറ ധീരസേനാനിയായ സി. കെ. കുമാരപണിക്കർ ട്രേഡ്യൂണിയൻ പ്രവർത്തനം ആരംഭിക്കുന്നതു് ഇക്കാലത്താണ്.

കൊല്ലത്തും ട്രേഡ് യൂണിയൻ നിയമമനുസരിച്ച് കശുവണ്ടിലോൺ ഫാക്ടറിവർക്കേഴ്സ് യൂണിയൻ രജിസ്റ്റർ ചെയ്യപ്പെട്ടു. കെ. സി. ഗോവിന്ദനും പി. എൻ. കൃഷ്ണപിള്ളയും ഈ യൂണിയൻെറ ആദ്യകാല പ്രവർത്തകരായിരുന്നു. ഈ യൂണിയനെ സജീവമാക്കുവാൻ സ്റ്റേററ് കോൺഗ്രസ്സ് പ്രവർത്തകനായ അലക്സാണ്ടർ (അലക്സ് സാർ)ആരംഭിച്ച പരിശ്രമങ്ങരം ഫലപ്രദമായി മുന്നോട്ടുനീങ്ങി. ഈ സമയത്തുതന്നെ കശുവണ്ടി തൊഴിലാളികളെ സംഘടിപ്പിക്കുന്നതിനു് അദ്ദേഹം പരിശ്രമിക്കുന്നുണ്ടായിരുന്നു. രണ്ടാംലോകമഹായുദ്ധം ആരംഭിച്ചതിനു ശേഷമാണ് ഈ പരിശ്രമങ്ങരം വിജയിച്ചതു്. അതിനെപ്പററിയുള്ള കൂടുതൽ വിവരങ്ങരം പിന്നീടു് പറയാം.

കോട്ടയത്തും കുട്ടനാട്ടും ട്രേഡ്യൂണിയൻ പ്രവർത്തനങ്ങരം ആരംഭിച്ചതു് ഈ ഘട്ടത്തിലാണ്. ബീഡിത്തൊഴിലാളി യൂണിയനായിരുന്നു കോട്ടയത്തെ ആദ്യത്തെ തൊഴിലാളിസംഘടന. അതിൻെറ ആദ്യപ്രവർത്തകർ കോട്ടയം ഭാസിയും സി. എസ്. ഗോപാലപിള്ളയുമായിരുന്നു. 1938–ലെ കയർ ഫാക്ടറിതൊഴിലാളിപണിമുടക്കു് കാലത്തു അന്നത്തെ സമരസമിതി പ്രസിഡണ്ടായ വി. കെ. പുരുഷോത്തമനും പ്രവർത്തകനായ പി. കെ. പത്മനാഭനും എസ്. കെ. ദാസിൻെറ (കുട്ടനാട്ടുള്ള) വീട്ടിൽ കുറച്ചു ദിവസം താമസിക്കുവാനിടയായി. അപ്പോഴാണ് കർഷകത്തൊഴിലാളികളെ സംഘടിപ്പിക്കണമെന്ന ഒരാലോചനയുണ്ടാകുന്നതു്. എന്നാൽ പിന്നെയും ഒന്നു രണ്ടു വർഷം കഴിഞ്ഞതിനുശേഷമാണ് 1939 ഡിസംബറിൽ ഒരു കർഷകത്തൊഴിലാളി സംഘടനാകമ്മിററിരൂപം കൊള്ളുന്നതു്. ഇങ്ങനെ തിരുവിതാംകൂറിൻെറ പല ഭാഗങ്ങളിലും തൊഴിലാളി പ്രവർത്തനം വ്യാപിച്ചപ്പോഴാണ് മുൻപറഞ്ഞ മൂന്നാം അഖില കേരള തൊഴിലാളിസമ്മേളനം ചേർത്തലയിൽ വച്ച് നടന്നതു്. അതിനുശേഷം തിരുവിതാംകൂറിലെ ട്രേഡ് യൂണിയനുകളെ ഏകീകരിക്കുന്നതിനായി 1939 ജൂൺ 18–ാം തീയതി ആലപ്പുഴ കയർ ഫാക്ടറി യൂണിയനാഫീസിൽ വച്ചു അഖില തിരുവിതാംകൂർ ട്രേഡ് യൂണിയൻ സമ്മേളനം നടക്കുകയുണ്ടായി. സമ്മേളനത്തിൽ പി. എൻ. കൃഷ്ണപിള്ള അദ്ധ്യക്ഷം വഹിച്ചു. കൊല്ലം ഫാക്ടറിവർക്കേഴ്സ് യൂണിയൻ, ചവറ മിനറൽ വർക്കേഴ്സ് യൂണിയൻ, പുനലൂർ തൊഴിലാളിയൂണിയൻ, സ്റ്റീംമോട്ടോർ ബോട്ട് അസോസിയേഷൻ; മുഹമ്മ കയർ ഫാക്ടറി വർക്കേഴ്സ്യൂണിയൻ;

അശ്രർ കയർ ഫാക്ടറി വർക്കേഴ്സ് യൂണിയൻ എന്നീ സംഘടനകളെ പ്രതിനിധീകരിച്ച് 39 പേർ സമ്മേളനത്തിൽ പങ്കെടുത്തു.

ഈ സമ്മേളനമാണ് ആദ്യമായി അഖില തിരുവിതാംകൂർ തൊഴിലാളി സംഘടനാക്കമ്മിററി എന്ന പേരിൽ ഒരു കേന്ദ്ര നേതൃത്വത്തെ തിരഞ്ഞെടുത്തത്. ഫാക്ടറി ആക്ട് ഫലപ്രദമായി നടപ്പിൽ വരുത്തുക, യൂണിയൻ അംഗീകരിക്കുക, പണിമുടക്ക് സ്വാതന്ത്ര്യവും പ്രചരണ സ്വാതന്ത്ര്യവും അനുവദിക്കുക തുടങ്ങിയ പ്രമേയങ്ങൾ സമ്മേളനം അംഗീകരിച്ചു. അന്ന് തിരുവിതാംകൂറിൽ ചെങ്കൊടിയും ഇൻക്വിലാബ് സിന്ദാബാദ് മുദ്രാവാക്യങ്ങളും നിരോധിച്ച കാലമായിരുന്നു. തിരുവിതാംകൂറിൽ ട്രേഡ് യൂണിയൻ പ്രസ്ഥാനം സുശക്തമാക്കുന്നതിന് ഈ കമ്മററി ഉത്സാഹഭരിതരായി പ്രവർത്തിച്ചു. 1939 ജൂലൈ 23-ാം തീയതി ഈ കമ്മിററി ഒരു പ്രതിഷേധദിനം ആചരിക്കുകയുണ്ടായി. തിരുവിതാംകൂറിൽ ചെങ്കൊടിയും ഇൻക്വിലാബ് സിന്ദാബദ് മുദ്രാവാക്യവും നിരോധിച്ചതിനെ പ്രതിഷേധിച്ചാണ് ഈ ദിനം ആചരിച്ചത്.

## രണ്ടാം ലോക മഹായുദ്ധം ആരംഭിക്കുന്നു

1939 സെപ്ററംബർ ഒന്നാം തീയതി രണ്ടാം ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ടതോടെ നിത്യോപയോഗ സാധനങ്ങളുടെ വില കുതിച്ചു കയറിത്തുടങ്ങി. അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങൾ വല്ലാതെ വിഷമിച്ചു. ഈ കാലഘട്ടത്തിലുണ്ടായ പ്രധാനപ്പെട്ട രാഷ്ട്രീയ സംഭവ വികാസം മദ്രാസിലേയും മററുള്ള പ്രവിശ്യകളിലേയും കോൺഗ്രസ്സ് മന്ത്രിസഭകൾ രാജി സമർപ്പിച്ചതായിരുന്നു. ഇൻഡ്യയിലെ ജനങ്ങളോട് അനുവാദം ചോദിക്കാതെ ബ്രിട്ടീഷുകാർ ഏകപക്ഷീയമായി ഇൻഡ്യയെ ലോക മഹായുദ്ധത്തിൽ ഉൾപ്പെടുത്തിയതിനെ പ്രതിഷേധിച്ചായിരുന്നു, കോൺഗ്രസ്സ് മന്ത്രിസഭകൾ രാജിവച്ചത്. പരിമിതമായ രീതിയിലെങ്കിലുമുള്ള ജനകീയ സ്വഭാവം തന്നെ നഷ്ടപ്പെട്ട മദ്രാസ് ഗവർണർ ഭരണത്തിന്റെ കീഴിൽ നിത്യോപയോഗ സാധനങ്ങളുടെ വിതരണവും അതിനു വേണ്ടി ഏർപ്പെടുത്തിയ നിയന്ത്രണങ്ങളും ഫലത്തിൽ കൊള്ളലാഭക്കാരെയാണ് സഹായിച്ചത്. യുദ്ധം അടിച്ചേൽപ്പിച്ച വറുതികളും ജീവിത വൈഷമ്യങ്ങൾക്കും എതിരായി ജനങ്ങളെ അണിനിരത്താൻ വേണ്ടി കർഷക സംഘങ്ങളുടെയും ട്രേഡ്‌യൂണിയനുകളുടെയും ഒരു യോജിച്ച പ്രക്ഷോഭം മലബാറിലാകെ ആരംഭിച്ചു. 1940 ജനുവരി 26—ാംതീയതി മലബാറിലെ ട്രേഡ് യൂണിയനുകൾ സാമ്രാജ്യത്വ യുദ്ധത്തിനെതിരായി ഒരു പൊതു പണിമുടക്ക് നടത്തി. ബോംബെയിൽ നടന്ന വിഖ്യാതമായ യുദ്ധവിരുദ്ധ പണിമുടക്കം സ്മരണീയമാണ്. മലബാറിൽ യുദ്ധത്തിനെതിരായ ബഹുജന സമരം പിന്നെയും ശക്തിപ്പെട്ടു. ജനജീവിതം വഷളാകാതിരിക്കുന്നതിനും

ദുരിതത്തിന് അറുതി വരുത്തുന്നതിനും കർഷക സംഘടനകളുടെയും തൊഴിലാളി സംഘടനകളുടെയും ഒരു സംയുക്തക്കമ്മിററി രൂപീകരിക്കപ്പെട്ടു. അതിൻെറ സെക്രട്ടറി കെ. പി. ആർ. ഗോപാലനായിരുന്നു. 1940 മാർച്ച് മുതൽ ആരംഭിച്ച ഈ സംയുക്ത കർഷക തൊഴിലാളി പ്രക്ഷോഭം പ്രധാനമായും നാലു മുദ്രാവാക്യങ്ങളായിരുന്നു ഉയർത്തിയതു്.

(1) ജീവിത സൂചികയനുസരിച്ച് ക്ഷാമബത്ത. (2) ഭക്ഷ്യസാധനങ്ങൾ സാധാരണ ജനങ്ങൾക്ക് ലഭ്യമാക്കാനുള്ള മര്യാദ വിലഷാപ്പുകൾ (2) നിർബ്ബന്ധ യുദ്ധപ്പിരിവ് നടത്തുന്ന ഉദ്യോഗസ്ഥൻമാരെ ശിക്ഷിക്കുക. (4) കാർഷികോൽപ്പന്നങ്ങൾക്ക് മര്യാദവില ഉറപ്പു ചെയ്യുക.

ഈ ആവശ്യങ്ങളുടെ പിന്നിൽ ബഹുജനങ്ങളെ അണിനിരത്തുന്നതിനായി വിപുലമായ ഒപ്പു ശേഖരണവും പ്രകടന ജാഥകളും പൊതുയോഗങ്ങളും മലബാറിലാകെ നടത്തി. ആയിടയ്ക്കാണ് പാപ്പിനിശ്ശേരി ആറോൺമില്ലിലെ തൊഴിലാളികൾ പണിമുടക്കിയതു്. 1940 ജൂലായ് ആയപ്പോഴേയ്ക്കും പ്രക്ഷോഭം വളരെ ശക്തിയാർജിച്ചു. അതിൻെറ പാരമ്യമായിരുന്നു 1940 സെപ്ററംബർ 15–ാംതീയതി നടന്ന മർദ്ദന പ്രതിഷേധ ദിനം. പൗരസ്വാതന്ത്ര്യ മർദ്ദനങ്ങൾക്കും ഇന്ത്യൻ സ്വാതന്ത്ര്യത്തെ നിഷേധിച്ചുകൊണ്ടു് ബ്രിട്ടീഷ് കോമൺസഭയിൽ സ്റ്റേററ് സെക്രട്ടറി ചെയ്ത പ്രസ്താവനയ്ക്കും എതിരായ ജനരോഷം പ്രകടമാക്കാൻ കെ.പി.സി.സി. ആഹ്വാനം ചെയ്ത പ്രതിഷേധദിനാചരണത്തിൽ സഹകരിക്കണമെന്നു് കർഷക സംഘവും ട്രേഡ്‌യൂണിയനുകളും തീരുമാനിച്ചു. നിർദ്ദിഷ്ട പ്രകടനങ്ങൾ നാടാകെ നിരോധിച്ചുകൊണ്ടാണ് വൈദേശിക ഗവൺമെൻറ് അതിനു് മറുപടിനൽകിയതു്. യുദ്ധത്തിനെതിരായും യുദ്ധംമൂലം ജനങ്ങളനുഭവിക്കുന്ന ദുരിതങ്ങൾക്കെതിരായും മിണ്ടിപ്പോകരുതു് എന്നതായിരുന്നു സർക്കാരിൻെറ സുഗ്രീവാജ്ഞ; പക്ഷെ, ജനങ്ങൾ വകവച്ചില്ല. നിരോധനങ്ങൾ കാററിൽപ്പറത്തിക്കൊണ്ടു് മൊറാഴ, തലശ്ശേരി, കൂത്തുപറമ്പ്, മട്ടന്നൂർ, കോഴിക്കോട്ട്, വടകര, ഒററപ്പാലം എന്നിവിടങ്ങളിൽ പ്രകടനങ്ങൾ നടന്നു. സാമ്രാജ്യ വിരുദ്ധ മുദ്രാവാക്യങ്ങൾ മുഴക്കിക്കൊണ്ടുള്ള ഘോഷയാത്രകൾ പിരിച്ചുവിടുവാൻ പോലീസിടപെട്ടു. ജനങ്ങളും പോലീസും ഏററുമുട്ടി. തലശ്ശേരി കടപ്പുറത്തു നടന്ന പ്രകടനത്തിനു നേരെ പോലീസ് വെടിവെച്ചു. അബുവും ചാത്തുക്കുട്ടിയും രക്തസാക്ഷികളായി. സാമ്രാജ്യത്വവിരുദ്ധ സമരത്തിൽ ഹിന്ദുവും മുസ്ലീമും ഒന്നിച്ചു ചിന്തിയ ഹൃദയരക്തത്തിൽ സ്വാതന്ത്ര്യ സമരത്തിലെ അവിസ്മരണീയമായ ഒരേടു കൂടി എഴുതിച്ചേർക്കപ്പെട്ടു.

1940–സെപ്ററംബർ 15–ാം തീയതിയിലെ മർദ്ദന പ്രതിഷേധ പ്രകടനങ്ങളിലും പോലീസുമായുള്ള സംഘട്ടനങ്ങളിലും മാത്രമല്ല; അതിനു മുന്നോടിയായി മലബാറിനെ പിടിച്ചു കുലുക്കിയ യുദ്ധവിരുദ്ധ പ്രക്ഷോഭങ്ങളിലും അധ്വാനിക്കുന്നവൻെറ നേതൃത്വവും വർഗബോധവുമാണു് പ്രകട

മായിക്കണ്ടതു്. മട്ടന്നൂരിൽ മുക്കാൽ മണിക്കൂർ നേരം നാട്ടുകാർ പോലീസുമായി ഏററുമുട്ടി. മൂലപ്പൊക്കേട്ടനെന്നു വിളിക്കുന്ന കർഷക കാരണവരായ മൂലപ്പൊക്കനായിരുന്നു മട്ടന്നൂർ സംഭവത്തിലെ ധീരനായകൻ. പൊക്കേട്ടനു വെടിയേററു. സമരത്തിൻെറ മുൻപന്തിനേതാക്കൻമാരിൽ വി. അനന്തനും പി. കെ. മാധവനും അതുല്യമായ ധീരത പ്രകടിപ്പിച്ചു.

*1940 സെപ്ററംബർ 15*കേരള ചരിത്രത്തിലെ വഴിത്തിരിവു് കുറിച്ചഒരുദിവസമാണു്. ആ ദിവസത്തിൽ നടന്ന സംഭവങ്ങളുടെ മാറെറാലി പിന്നെയും എത്രയോനാാം മുഴങ്ങിക്കേട്ടു. മൊറാഴയിൽ മർദ്ദനം അഴിച്ചുവിട്ട സബ്ബിൻസ്പെക്ടർ കുട്ടികൃഷ്ണമേനോൻ ജനകീയ പ്രതിഷേധത്തിനിടയിൽ കൊല്ലപ്പെട്ടു. അതിൻെറ പേരിൽ പ്രക്ഷോഭ നേതാവായ കെ. പി. ആർ. ഗോപാലൻെറയും മററു ംപേരിൽ കേസെടുത്തു. ഹൈക്കോടതി കെ. പി. ആറിനെ തൂക്കിക്കൊല്ലുവാൻ വിധിച്ചു. നാടാകെ പ്രതിഷേധ കൊടുങ്കാററുയർന്നു. ഒരു ഘട്ടത്തിൽ മഹാത്മാഗാന്ധി തന്നെ കെ. പി. ആറിൻെറ ജീവൻ രക്ഷിക്കുവാൻ ബ്രിട്ടീഷ് ഗവൺമെൻറിനു കത്തെഴുതി. ഒടുവിൽ വധശിക്ഷ ഇളവുചെയ്തു.

## കമ്മ്യൂണിസ്ററ്പാർട്ടി രൂപമെടുക്കുന്നു

ഉത്തര കേരളത്തിലെ ഈ ബഹുജനമുന്നേററത്തിനിടയിൽ കേരള ചരിത്രത്തിലെ പ്രധാനപ്പെട്ട ഒരു സംഭവവികാസമുണ്ടായി. കേരളത്തിലെ പൊതുജീവിതത്തിൽ സജീവവും നിർണായകവുമായ പങ്കു വഹിച്ചുകൊണ്ടിരിക്കുന്ന കമ്മ്യൂണിസ്റ്റ്പാർട്ടി ഈ കാലഘട്ടത്തിലാണു് ഉടലെടുക്കുന്നതു്. കമ്മ്യൂണിസ്റ്റ്പാർട്ടി കേരളത്തിൽ സംഘടിപ്പിച്ചതു് കേരളത്തിലെ കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടിയിലെ മുഴവൻ സമയ പ്രവർത്തകരായി പ്രവർത്തിച്ച നേതാക്കാം തന്നെ ആയിരുന്നു. ഇതിനു മുമ്പുതന്നെ ഇന്ത്യൻ കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ ഒരു യൂണിററ് കേരളത്തിലെ കോൺഗ്രസ്സ് സോഷ്യലിസ്റ്റ്പാർട്ടിയിൽ പ്രവർത്തിച്ചിരുന്നു.

1939–ൽ യുദ്ധം തുടങ്ങുകയും C. S. P. നേതൃത്വം ഗാന്ധിസത്തിലേക്കു് ലയിക്കുകയും ചെയ്തപ്പോാം കേരളാ പാർട്ടി ഘടകം മുഴവൻ കമ്മ്യൂണിസ്ററുകാരുടെ ഭാഗം ചേർന്നു. സോഷ്യലിസത്തോടും വിപ്ലവത്തോടുമുള്ള കടമ നിറവേററാൻ പര്യാപ്തമായ ഏക മാർഗം അതാണെന്നു് അവർ തീരുമാനിച്ചു.

ഇന്നത്തെ തലശ്ശേരി താലൂക്കിലെ പിണറായി ഗ്രാമത്തിൽ 1939 ഡിസംബർ മാസത്തിൽ ചേർന്ന കോൺഗ്രസ്സ് സോഷ്യലിസ്റ്റ്പാർട്ടി നേതാക്കൻമാരുടെ സമ്മേളനത്തിൽ വച്ചാണു് കേരളത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടി സ്ഥാപിതമായതു്. ഒരു പാർട്ടിയാകെ മറെറാരു പാർട്ടിയായി രൂപാന്തരപ്പെട്ട അത്ഭുതകരമായ സംഭവം! പക്ഷെ, എത്രയും സ്വാഭാവി

കമായ ഒന്നെന്ന നിലയ്ക്കാണ് ആ സമ്മേളനം സമാപിച്ചതു്. അതിനുള്ള കാരണം ചർച്ചകൾ വഴി അതിന് മുൻപുതന്നെ പാർട്ടിയാകെ രാഷ്ട്രീയമായും പ്രായോഗികമായും അത്തരമൊരു മാററത്തിന് സജ്ജമായിരുന്നുവെന്നതാണ്. ഒരു നീണ്ട പ്രക്രിയയുടെ അവസാനത്തെ കണ്ണിയായിരുന്നു പ്രസ്തുത സമ്മേളനം എന്ന് ബലറാം അനുസ്മരിക്കുന്നു. (കേരളത്തിലെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം — പേജ് 151)

പുതിയ പാർട്ടിയുടെ രൂപീകരണം കേരളത്തിലെ പൊതുജനങ്ങൾ അറിഞ്ഞതു് 1940 ജനുവരി 26-ാം തീയതിയാണ്. അന്നു് കാലത്തു് ഉത്തരകേരളത്തിലെങ്ങും ജനങ്ങൾ ഉറക്കമുണർന്നപ്പോൾ കണ്ടതു് സർവ്വത്ര ചുവരെഴുത്തായിരുന്നു. ജനുവരി 26. ആ കാലഘട്ടത്തിലെ ആവേശകരമായ സ്മരണകളുണർത്തുന്ന ഒരു ദിനമായിരുന്നു. ഈ ദിവസമാണ് ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സ് ഇന്ത്യയ്ക്കു പൂർണസ്വാതന്ത്ര്യം ആവശ്യമാണെന്ന പ്രമേയം പാസാക്കിയതിൻെറ അനുസ്മരണം. 1930 മുതൽ ഈ ദിവസം പൂർണസ്വാതന്ത്ര്യം നേടുന്നതിനുള്ള ദൃഢപ്രതിജ്ഞയെടുക്കുന്ന ദിവസമായി ഇന്ത്യൻജനത ആചരിച്ചുവന്നു. ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയെ ജനസമക്ഷം അവതരിപ്പിക്കാൻ തെരഞ്ഞെടുത്ത ദിവസം ദേശീയ വിമോചനത്തിനുവേണ്ടി ചിന്തിയ ദേശാഭിമാനികളുടെയെല്ലാം ചുടുരക്തം കൊണ്ടു് പരമപവിത്രമായ ഒരു ദിവസമായിരുന്നു എന്നത് ശ്രദ്ധേയമാണ്.

## കൊച്ചിയിലെ യുദ്ധകാല പ്രവർത്തനങ്ങൾ

രണ്ടാംലോകമഹായുദ്ധം പൊട്ടിപുറപ്പെട്ടപ്പോൾ ആമ്പല്ലൂർ, എറണാകുളം, ചാലക്കുടി എന്നീ സ്ഥലങ്ങളിൽ വിലനിയന്ത്രണ സമ്മേളനങ്ങൾ ട്രേഡ്‌യൂണിയനുകളുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കയുണ്ടായി. വിലക്കയററത്തിനെതിരായി പണിമുടക്കങ്ങളും നടക്കുകയുണ്ടായി. ഈ പ്രസ്ഥാനത്തെ അമർത്തുവാനായി ഗവൺമെണ്ടു തൊഴിലാളി നേതാക്കൻമാരെ—കെ. കെ വാര്യർ, പി. നാരായണൻ നായർ, പി. എസ്. നമ്പൂതിരി, പി. ഗംഗാധരൻ, സി. അച്യുതമേനോൻ—തുടങ്ങിയവരെ അറസ്റ്റ് ചെയ്തു തടങ്കലിലാക്കി.

രണ്ടാംലോക മഹായുദ്ധകാലത്തു് കൊച്ചി ഗവൺമെൻറ് അഴിച്ചുവിട്ട തൊഴിലാളി മർദ്ദനങ്ങളെ നേരിട്ടുകൊണ്ടുതന്നെ കെട്ടിപ്പടുത്തതാണ് അന്തിക്കാട്ടെ ചെത്തുതൊഴിലാളികൾക്കിടയിലെ ട്രേഡ്‌യൂണിയൻ. നിരവധി രാത്രികളിലെ ക്ഷമയോടുകൂടിയ ക്ലേശം നിറഞ്ഞ പ്രവർത്തനങ്ങളിലൂടെ വിജയിച്ച അത്ഭുതകരമായ ഒരു സംഘടനാ പ്രവർത്തനമായിരുന്നു അതെന്നു് സി. അച്യുതമേനോൻ വിവരിക്കുന്നു. സ: ചടയംമുറിയായിരുന്നു ഈ അത്ഭുതകരമായ പ്രവർത്തനത്തിൻെറ മുഖ്യശിൽപി. ചടയംമുറിയെ സഹായിക്കാനെത്തിയതു് പരേതനായ

ടി. ഡി. ഗോപിമാസ്റ്ററായിരുന്നു. കൊച്ചുത്ത് രാമൻകുട്ടി, തട്ള കൊച്ചു, ടി. ആർ. രാമൻകുട്ടി, പാരീസ് രാമുണ്ണി, എൻ. സി. ശങ്കരൻ, കെ. ജി. കേളൻ മുതലായ നിരവധി ചെത്തു തൊഴിലാളികളെ ഒന്നാംതരം സംഘാടകന്മാരാക്കിത്തീർത്തതു് പടയംമുറിയാണു്. ഇപ്രകാരമുള്ള നിരന്തരമായ പ്രവർത്തനം നടത്തിയശേഷമാണു് യൂണിയൻ ഔപചാരികമായി ഉൽഘാടനം ചെയ്തതു്.

അന്നു് അന്തിക്കാട്ടെ ചെത്തു തൊഴിലാളികളുടെ സ്ഥിതി വളരെ ശോചനീയമായിരുന്നു. ഷാപ്പുടമകളുടെ അടിമകളായി അവർ വേല ചെയ്തിരുന്നു. കഠിനമായ അധ്വാനം കൊണ്ടേ എന്തെങ്കിലും ഉപജീവനത്തിനു് വക കിട്ടുമായിരുന്നുള്ളു. കള്ളു് ചരിച്ചു കളയുക, കൂലിയിൽ പലതരം വെട്ടിപ്പിടുത്തങ്ങൾ നടത്തുക മുതലായവ അന്നു് സർവ്വസാധാരണമായിരുന്നു. ഇതിനെയൊന്നും ചോദ്യം ചെയ്യാൻ ഒരു തൊഴിലാളിയും ഒരുമ്പെട്ടിരുന്നില്ല. യൂണിയന്റെ സ്ഥാപനത്തോടുകൂടി സ്ഥിതിഗതികളാകെ മാറി. യൂണിയൻ ഉൽഘാടനം കഴിഞ്ഞു ഒരു മാസത്തിനു ശേഷം ആദ്യത്തെ പണിമുടക്കു് നടത്തുകയുണ്ടായി. എക്സൈസ് പോലീസുകാർ കരിങ്കാലികൾക്കു് അകമ്പടി സേവിച്ചുകൊണ്ടു വന്നപ്പോൾ പണിമുടക്കിയ തൊഴിലാളികൾ പോലീസിനെ കടന്നാക്രമിച്ചു, കരിങ്കാലികളെ തുരത്തി വിട്ടു. രണ്ടു ദിവസം കൊണ്ടു് പണിമുടക്കു് വിജയകരമായ ഒത്തുതീർപ്പിൽ അവസാനിച്ചു.

ഈ കാലഘട്ടത്തിൽ കൊച്ചി സംസ്ഥാനത്തു് രൂപീകൃതമായ പ്രജാമണ്ഡലം പ്രവർത്തകരിൽ ഒരു വിഭാഗം ഇതരവിഭാഗങ്ങളിലെ തൊഴിലാളികളെ സംഘടിപ്പിക്കുവാൻ മുന്നോട്ടുവന്നു. ബീഡിത്തൊഴിലാളികളെ സംഘടിപ്പിക്കുന്നതിനു് ഇ. ഗോപാലകൃഷ്ണമേനോനെപ്പോലുള്ള പ്രജാമണ്ഡലം പ്രവർത്തകർ വളരെയധികം ഉത്സാഹിച്ചു.

## തിരുവിതാംകൂറിലെ നില

യുദ്ധകാലത്തു് സാധനവില നിയന്ത്രിക്കുന്നതിനും നിയന്ത്രിത വിലയ്ക്കു സാധനങ്ങൾ ലഭിക്കുന്നതിനും അമ്പലപ്പുഴ–ചേർത്തല പ്രദേശങ്ങളിൽ തിരുവിതാംകൂർ കയർ ഫാക്ടറി വർക്കേഴ്സ് യൂണിയൻ പ്രക്ഷോഭണം ആരംഭിക്കുകയുണ്ടായി. തൊഴിലില്ലായ്മ പരിഹരിക്കുന്നതിനു് യൂണിയൻ ക്രിയാത്മകമായ നിർദ്ദേശങ്ങൾ ഗവണ്മെൻറിന്റെ മുൻപാകെ സമർപ്പിച്ചു. പ്രക്ഷോഭണം വിജയിപ്പിക്കാൻ വമ്പിച്ച പ്രകടനങ്ങളും സമരങ്ങളും സംഘടിപ്പിച്ചു. പ്രക്ഷോഭണം വിജയിച്ചു. ഗവണ്മെൻറു തൊഴിലില്ലായ്മ പരിഹരിക്കാൻ മരാമത്തു് പണികൾ ഏർപ്പെടുത്തി. അതോടൊപ്പം കയർ ഉൽപ്പന്നങ്ങൾക്കു് "വാർസപ്ലൈ" ഓർഡറുകൾ ലഭ്യമാക്കുന്നതിനു് ഗവണ്മെൻറു് മുൻകൈ എടുത്തു. അരി ഡിപ്പോകളും സ്ഥാപിക്കപ്പെട്ടു.

അക്കാലത്താണ് (1940–41 ൽ) സെലീററാ സമരം എന്നറിയപ്പെടുന്ന സുപ്രസിദ്ധമായ സമരം തിരുവിതാംകൂർ കയർ ഫാക്ടറി വർക്കേഴ്സ് യൂണിയൻ വിജയകരമായി നടത്തിയത്. മുൻപറഞ്ഞ "വാർസപ്ലൈ" ഓർഡറുകൾ അനുസരിച്ച് സെലീററാ എന്നറിയപ്പെടുന്ന കയർബാഗ് നിർമ്മാണം വൻതോതിൽ ആരംഭിച്ചു. എന്നാൽ യുദ്ധകാല ദുരിതത്തേയും തൊഴിലില്ലായ്മയേയും ചൂഷണം ചെയ്തുകൊണ്ട് ഏററവും കുറഞ്ഞ ഒരു കൂലി നിരക്ക് ഏർപ്പെടുത്തുവാൻ തൊഴിലുടമകൾ പരിശ്രമിച്ചു. സെലീററായ്ക്കു 11 മുതൽ 16 ചക്രം വരെ കൂലിയാണ് അവർ നൽകിയത്. ഇതിന് ന്യായമായ ഒരു കൂലി, യൂണിയനുമായി ആലോചിച്ച് നിശ്ചയിക്കണമെന്ന് യൂണിയൻ മുതലാളിമാരോടും ഗവണ്മെൻറിനോടും ആവശ്യപ്പെടുകയും അപ്പോൾ നിശ്ചയിച്ചിരിക്കുന്ന കൂലി അഡ്വാൻസായി സ്വീകരിച്ചുകൊണ്ട് പണി ചെയ്യുവാൻ തൊഴിലാളികൾക്ക് യൂണിയനിൽ നിന്നും നിർദ്ദേശം നൽകുകയും ചെയ്തു. അന്തിമ തീരുമാനം ഉണ്ടാകുവാനുള്ള പ്രക്ഷോഭം ശക്തിപ്പെട്ട ഒരവസരത്തിൽ ആ സമരം പരാജയപ്പെടുത്തുവാൻ വേണ്ടി മുതലാളിമാർ കൂലി റേററ് എഴുതിയ ബോർഡുകൾ ജോലിസ്ഥലത്ത് പതിക്കുകയും തൊഴിലാളികളിൽ നിന്നും അതു് സമ്മതിച്ചിരിക്കുന്നതായി ഒപ്പിടുവിച്ചു വാങ്ങിക്കുവാൻ ശ്രമിക്കുകയും ചെയ്തു. ഈ ശ്രമങ്ങൾ വിജയിച്ചില്ലെന്നു മാത്രമല്ല, യൂണിയൻ ഉന്നയിച്ച കൂലി നിരക്ക് പൂർവ്വകാലപ്രാബല്യത്തോടെ ലഭിക്കണമെന്ന് ഖണ്ഡിതമായി നേതാക്കൾ ആവശ്യപ്പെടുകയും ചെയ്തു. എന്നാൽ മുതലാളിമാർ അതു് സമ്മതിച്ചില്ല. തൊഴിലുടമകളുടെ നേതാവായി അക്കാലത്ത് കാര്യങ്ങൾ കൈകാര്യം ചെയ്തു വന്നതു് ആസ്പിൻവോൾ കമ്പനി മേധാവിയായ മിസ്റ്റർ സ്മിത്തായിരുന്നു. മേൽപ്പറഞ്ഞ ആവശ്യത്തെപ്പററി സംസാരിക്കുവാൻ തന്നെ സ്മിത്ത്. തയ്യാറായില്ല. ട്രേഡ് യൂണിയൻ പ്രസിഡണ്ട് ടി. വി. ഇതേപ്പററി സംസാരിക്കാൻ ചെന്നപ്പോൾ സ്മിത്ത് സംഭാഷണം നടത്താൻ സാധ്യമല്ല എന്ന മർക്കടമുഷ്ടിയാണ് കൈക്കൊണ്ടതു്. തങ്ങളുടെ ആവശ്യം നേടിക്കിട്ടുന്നതിനായി തൊഴിലാളികൾ പണിമുടക്കുവാൻ തീരുമാനിച്ചു. പണിമുടക്കുന്നതിന് മുൻപുതന്നെ തൊഴിലുടമകൾ ലാക്കൌട്ട് പ്രഖ്യാപിച്ചു. ഒടുവിൽ സമരപരിപാടി എത്രയും ഗുരുതരമായ ഒരു ഘട്ടത്തിലെത്തിയ ശേഷം മാത്രമാണ് ഒരു തീരുമാനത്തിന് വഴങ്ങാൻ തൊഴിലുടമകൾ തയ്യാറായതു്. ഈ സമരത്തോടനുബന്ധിച്ച് ടി. വി. നടത്തിയ കത്തിടപാടുകൾ ഇന്നാട്ടിലെ അനുരഞ്ജന നടപടികളുടെ വികാസത്തിൻെറ ചരിത്രത്തിൽ പുതിയ ഒരദ്ധ്യായം എഴുതിച്ചേർത്തു എന്നു തന്നെ പറയാം. ഒടുവിൽ സെലീററായ്ക്കു 21 ചക്രമായും (ഇരുപത്തെട്ടര ചക്രമാണ് ഒരു രൂപ) പോൾബാഗിന് പത്തര ചക്രമായും പൂർവകാലപ്രാബല്യത്തോടെ നൽകുന്നതിന് തീരുമാനിച്ചു. ഇന്നു് പൂർവ്വകാല പ്രാബല്യമെന്ന തത്വം സർവസാധാരണമായിത്തീർന്നിട്ടുണ്ടെങ്കിലും 1941–ൽ ഈ സെലീററാ സമരത്തിലാണ് ആദ്യമായി ഇന്ത്യയിൽ

ഏതെങ്കിലും ഒരു ട്രേഡ് യൂണിയനു് ഇങ്ങനെയൊരു തത്വം തൊഴിലുടമയെക്കൊണ്ടു് അംഗീകരിപ്പിക്കുവാൻ കഴിഞ്ഞതു്. അതനുസരിച്ചു് തൊഴിലാളികൾക്കു് വൻപിച്ച ഒരു നേട്ടമാണു് കുടിശ്ശിക കൂലിയിനത്തിലും പുതിയ ഒരു അവകാശ സമ്പാദനം എന്ന ഇനത്തിലും നേടുവാൻ കഴിഞ്ഞതു്.

ഈ തീരുമാനത്തെ തുടന്നുകൊണ്ടാണു് ഇൻഡസ്ട്രിയൽ റിലേഷൻസ് ബോർഡു് രൂപീകൃതമാകുന്നതു്. ഈ ബോർഡിന്റെ രൂപീകരണം മൂലം കയർ വ്യവസായത്തിൽ കൂട്ടായ വിലപേശൽ കാര്യക്ഷമമായി നടത്തുവാൻ ഒരു അന്തരീക്ഷം സൃഷ്ടിക്കുവാൻ കഴിഞ്ഞു. ഇന്ത്യയിൽ മറ്റൊരിടത്തും തന്നെ ഇങ്ങനെയുള്ള ഒരു ബോർഡു് സൃഷ്ടിക്കുവാൻ അന്നുവരെ കഴിഞ്ഞിരുന്നില്ല. 1940– ലാണു് ഗവണ്മെന്റിന്റെ മുൻകൈ അനുസരിച്ചു് തൊഴിലുടമകളും തിരുവിതാംകൂർ കയർ ഫാക്ടറി വർക്കേഴ്സ് യൂണിയൻ പ്രതിനിധികളും ഇതു് സംബന്ധിച്ചുള്ള ചർച്ചകൾ നടത്തിയതു്. തൊഴിലാളി യൂണിയനെപ്പോലെ തൊഴിലുടമകൾക്കും ഒരു പ്രാതിനിധ്യമുള്ള സംഘടന ഇതേത്തുടർന്നുണ്ടായി. അതാണു് തിരുവിതാംകൂർ കയർ മാറ്റ്സ് ആൻഡ് മാറ്റിംഗ് മാനുഫാക്ച്ചറേഴ്സ് അസോസിയേഷൻ. അതിനുശേഷമാണു് തൊഴിലുടമകളുടെ സംഘടനയുടെ പ്രതിനിധികളും ട്രേഡ് യൂണിയൻ പ്രതിനിധികളും അടങ്ങിയ ഒരു സംയുക്ത കൂടിയാലോചനാ സമിതി – (വ്യവസായ ബന്ധസമിതി) ഉടലെടുത്തതു്. മുൻപൊരിക്കലും ഉണ്ടാകാത്ത രീതിയിലുള്ള നല്ല വ്യവസായ ബന്ധങ്ങൾ ചില സന്ദർഭങ്ങളിൽ സൃഷ്ടിക്കുവാൻ ഇതു വഴി കഴിഞ്ഞിട്ടുണ്ടു്. പക്ഷെ ഗവണ്മെന്റിന്റേയും ചില തൊഴിലുടമകളുടെയും നയം മാറ്റംമൂലം ചില സന്ദർഭങ്ങളിൽ ഈ ബോർഡു് നാമാവശേഷമായിത്തീരാനുള്ള സാധ്യതകൾ പോലും ഉണ്ടായിട്ടുള്ളതായി തിരു: കയർ ഫാക്ടറി വർക്കേഴ്സ് യൂണിയൻ സെക്രട്ടറി കെ. കെ. കുഞ്ഞൻ അനുസ്മരിക്കുന്നു.

തിരുവിതാംകൂർ പ്രദേശത്തെ പല വ്യവസായ കേന്ദ്രങ്ങളിലും ട്രേഡ് യൂണിയൻ പ്രസ്ഥാനം ശക്തി പ്രാപിക്കുന്നതു് ഈ കാലഘട്ടത്തിലാണു്. ആദ്യമായി പുനലൂർ പ്രദേശത്തെ സ്ഥിതി വിവരിക്കാം. 1941– ലാണു് പുനലൂർ പേപ്പർ മില്ലിലെ ഒരു വിഭാഗം തൊഴിലാളികൾ മുൻകൈയെടുത്തു് പുനലൂർ പേപ്പർ മിൽ വർക്കേഴ്സ് യൂണിയൻ എന്ന പേരിൽ ഒരു തൊഴിലാളി സംഘടന സ്ഥാപിച്ചതു്. സഖാക്കൾ ബി. ജോനാസ്, ഈപ്പൻ, മാമ്മച്ചൻ, കൊച്ചുകുഞ്ഞു്, വൈ. പത്രോസ് ഏബ്രഹാം തുടങ്ങിയ തൊഴിലാളികളായിരുന്നു, ഇതിന്റെ പ്രധാനികൾ. അവരുടെ പരിശ്രമഫലമായി പരേതനായ വൈശ്യനഴികം നാരായണപിള്ള (കൊല്ലം) പ്രസിഡൻറും മലയാളരാജ്യം പത്രാധിപരായിരുന്ന കെ. ഗോപാലപിള്ള വൈസ് പ്രസിഡൻറും പി. ഏ. ഏബ്രഹാം സെക്രട്ടറിയുമായാണു്

യൂണിയൻ പ്രവർത്തനം ആരംഭിച്ചതു്. യൂണിയൻ ഉണ്ടായെങ്കിലും ഭൂരിപക്ഷം തൊഴിലാളികളും അറച്ചു മാറിനിൽക്കുകയായിരുന്നു.

പേപ്പർ മിൽ മാനേജ്മെൻറിനു് വെറുപ്പ് തോന്നരുതെന്ന കരുതലോടെയാണു് നേതൃത്വം പ്രവർത്തിച്ചു തുടങ്ങിയതെങ്കിലും തൊഴിലുടമ അധികം താമസിയാതെ യൂണിയൻ സെക്രട്ടറിയെ ജോലിയിൽ നിന്നും പിരിച്ചു വിട്ടു. അതിനെ ചോദ്യം ചെയ്യുവാൻ തൊഴിലാളികൾ ധൈര്യപ്പെട്ടില്ല. അവർക്കു് നേതൃത്വം നൽകുവാൻ നേതാക്കൻമാർ മുന്നോട്ടു വന്നതുമില്ല. അങ്ങനെ പി. ഏ. ഏബ്രഹാം ഒരു മുഴുവൻ സമയ പ്രവർത്തകനായി മാറിയെങ്കിലും സംഘടനയ്ക്കേററ ആദ്യത്തെ പ്രഹരമായിരുന്നു ആ പിരിച്ചുവിടൽ. പ്രവർത്തനം ഊർജിതമാക്കാനുള്ള ആലോചനകൾ ധ്രുതഗതിയിൽ നടത്തി. ഒടുവിൽ തൊഴിലാളികൾ കണ്ടെത്തിയതു് അന്നത്തെ ഗാന്ധിയൻ സോഷ്യലിസ്റ്റായ എസ്. പൊലിക്കാർപ്പിനെയാണു്. കൊല്ലത്തു് കശുവണ്ടിത്തൊഴിലാളികളെ സംഘടിപ്പിക്കുന്നതിൽ വ്യാപൃതനായിരുന്നു പൊലിക്കാർപ്പ്. അദ്ദേഹത്തെ ക്ഷണിച്ചു വരുത്തി യൂണിയൻെറ സെക്രട്ടറിയാക്കി. പൊലിക്കാർപ്പിൻെറ ഊർജ്ജസ്വലമായ പ്രവർത്തനവും ഉജ്ജ്വലമായ പ്രസംഗങ്ങളും തൊഴിലാളികളിൽ ധൈര്യവും വിശ്വാസവും ഉണ്ടാക്കി. ഭൂരിപക്ഷം തൊഴിലാളികളും യൂണിയൻെറ കൊടിക്കീഴിൽ അണിനിരന്നു. സംഘടന ശക്തമാകുംതോറും മാനേജ്മെൻറിൻെറ പ്രതികാര നടപടികളുടെ ആക്കവും വർധിച്ചു.

സ: ചെമ്പകക്കുട്ടി അന്നത്തെ ഒരു സ്ത്രീത്തൊഴിലാളിയായിരുന്നു. അമ്മ കല്യാണിയമ്മയും അച്ഛൻ കേശവൻ നായരും മില്ലിലെ ജോലിക്കാരായിരുന്നു. ഒരിക്കൽ പേപ്പർ ബെയിലുകൾ മറിഞ്ഞു വീണു ചെമ്പകക്കുട്ടി അതിനിടയിലായി. ബോധരഹിതയായി കിടന്ന ചെമ്പകക്കുട്ടിയെ തൊഴിലാളികൾ വലിച്ചു പുറത്തിട്ടു. ആവശ്യമായ പ്രാഥമിക ശുശ്രൂഷ നൽകാൻ പോലും മാനേജ്മെൻറ് കൂട്ടാക്കിയില്ല. ഇതിൽ പ്രതിഷേധിച്ചു തൊഴിലാളികൾ ഒരു മിന്നൽപ്പണിമുടക്കു് നടത്തി. ആ സമരത്തിൽ കൂടിയാണു് സഖാവു് സ്പെൻസർ പുനലൂരിലെ തൊഴിലാളി പ്രസ്ഥാനത്തിൽ വരുന്നതു്. അക്കാലത്തു് സമരത്തിൻെറ മുന്നണിയിൽ നിന്ന രണ്ടു സ്ത്രീത്തൊഴിലാളികളായിരുന്നു മറിയച്ചേട്ടത്തിയും പാത്തുമ്മ താത്തായും. അവരുടെ ത്യാഗപൂർണമായ പ്രവർത്തനം അത്യന്തം ആവേശകരമായിരുന്നു. സമരം നയിക്കുന്ന പ്രവർത്തകരെ കൂടിയാലോചനയ്ക്കെന്ന ഭാവേന പുനലൂർ ടി. ബി. യിൽ വിളിച്ചു വരുത്തി പോലീസ് അറസ്റ്റു് ചെയ്തു. സമരം തുടങ്ങിയതു് 1941 മാർച്ച് 29–ാം തീയതിയായിരുന്നു. അങ്ങനെ ആ ദിവസം പുനലൂർ തൊഴിലാളി പ്രസ്ഥാനത്തിൽ ഒരു പുതിയ അദ്ധ്യായം കുറിച്ചു. തൊഴിലാളികളുടെ ആവേശകരമായ പ്രവർത്തനമുണ്ടായിട്ടും സമരം വിജയിക്കുന്ന ലക്ഷണം കണ്ടില്ല. അക്കാ

ലത്തു തന്നെ തൊഴിലാളി പ്രസ്ഥാനത്തിൻെറ തലസ്ഥാനമായിത്തീർന്നിരുന്ന ആലപ്പുഴയിലെ തൊഴിലാളി നേതൃത്വം പുനലൂർ തൊഴിലാളികളുടെ പണിമുടക്ക് വിജയത്തിലെത്തിക്കുന്നതിനായി രണ്ടു പ്രവർത്തകരെ അയച്ചു. അതിൽ ഒരാൾ സ: മാധവൻ ആയിരുന്നു. തലശ്ശേരി കേസ്സിൽ പ്രതി ആയിരുന്ന സ: മാധവൻ ഒളിവിലായിരുന്നു. ജോൺ എന്ന പേരിലാണ് പുനലൂരിൽ കഴിഞ്ഞത്. ഈ കാലഘട്ടത്തിലായിരുന്നു അഖില തിരുവിതാംകൂർ എസ്റ്റേററ് വർക്കേഴ്സ് യൂണിയൻ പുനലൂർ കേന്ദ്രമാക്കി പ്രവർത്തനമാരംഭിച്ചത്. ടി. വി. തോമസ്സായിരുന്നു അതിൻെറ പ്രസിഡൻറ്. അതിനു വേണ്ടി പുനലൂർ സന്ദർശിച്ചിരുന്ന ടി. വി. പേപ്പർ മിൽ യൂണിയൻ പ്രവർത്തനങ്ങൾക്ക് ഉപദേശങ്ങൾ നൽകുകയും വേണ്ട സഹായങ്ങൾ ചെയ്യുകയും ചെയ്തു.

പുറത്തു നിന്നിരുന്ന തൊഴിലാളികളെ ജോലിയിൽ പ്രവേശിപ്പിക്കുന്നതിനും ലോക്കപ്പിൽ കഴിഞ്ഞിരുന്ന നേതാക്കൻമാരെ പുറത്തു കൊണ്ടുവരുന്നതിനും ടി. വി. വഹിച്ച പങ്ക് സ്തുത്യർഹമാണ്. ടി. വി. യുടെ പരിശ്രമഫലമായി പേപ്പർ മിൽ തൊഴിലാളികളുടെ പ്രശ്നം ഇതര തൊഴിലാളി സംഘടനകൾ ഏറെറടുക്കാൻ തുടങ്ങി. അഖില തിരുവിതാംകൂർ ട്രേഡ്യൂണിയൻ കൗൺസിൽ ടി. വി. കൺവീനറായും പി. എൻ. കൃഷ്ണപിള്ള, കെ. എ. മുഹമ്മദ്, സ: കണ്ണന്തോടത്ത് ജനാർദ്ദനൻ നായർ, സ: പി. ഓ. സ്പെൻസർ, എന്നിവർ അംഗങ്ങളായുള്ള ഒരു ആക്ഷൻ കൗൺസിലിനെ പേപ്പർ മിൽ തൊഴിലാളി സമരം കൈകാര്യം ചെയ്യുന്നതിന് ഏൽപ്പിച്ചു: അവരുടെ നിരന്തരമായ പരിശ്രമഫലമായി തൊഴിലാളികളെ തിരിച്ചെടുപ്പിച്ചു. പുനലൂർ പേപ്പർ മിൽ വർക്കേഴ്സ് യൂണിയൻെറ വളർച്ചയ്ക്കു ആലപ്പുഴ തൊഴിലാളി പ്രവർത്തകർ നൽകിയ സഹായം ട്രേഡ്യൂണിയൻ പ്രസ്ഥാന ചരിത്രത്തിലെ ഒരു പുതിയ കാലഘട്ടത്തിൻെറ പ്രതീകമായിരുന്നു. ആദ്യകാലത്തു് രാഷ്ട്രീയ പ്രബുദ്ധരായ ഇടത്തരം വർഗങ്ങളിൽ നിന്നു് വളർന്നു് വന്ന ബുദ്ധിജീവികളാണു് കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടിയുടെ പേരിലും ജീവകാരുണ്യപരമായ സാമൂഹ്യ പരിഷ്ക്കരണത്തിൻെറ പേരിലും ട്രേഡ്യൂണിയനുകൾ സംഘടിപ്പിച്ചു തുടങ്ങിയതു്. എന്നാൽ 1941-ൽ പുനലൂരിലെ ട്രേഡ് യൂണിയൻ പ്രസ്ഥാനം വളർന്നു വന്ന സാഹചര്യങ്ങൾ പുതിയ തരത്തിലുള്ള ഒരു ചുവടുപാടുണ്ടായി എന്നതിനു് തെളിവാണു്. കേരളത്തിലെ ഏററവും പ്രമുഖമായ ഒരു ട്രേഡ്യൂണിയൻ തന്നെ, അതായതു് തിരുവിതാംകൂർ കയർ ഫാക്ടറിവർക്കേഴ്സ് യൂണിയൻ തന്നെ, അതിൽ കൂടി വളർന്നു വന്ന സാധാരണ തൊഴിലാളികളായ അതിസമർത്ഥരായ സംഘാടകരെ മറെറാരു സ്ഥലത്തെ ട്രേഡ്യൂണിയനെ സുസംഘടിതവും സുശിക്ഷിതവും ആക്കിത്തീർക്കുവാൻ നിയോഗിച്ച കാഴ്ചയാണു് ഇവിടെ ദൃശ്യമായതു്.

ആലപ്പുഴയിലുള്ള തൊഴിലാളി പ്രവർത്തകർ സഹിക്കേണ്ടിവന്ന ക്ലേശങ്ങൾ മറക്കുവാനോ മറസ്സുവാനോ കഴിയുന്നതല്ല. സഖാക്കൾ പി. ജി. പത്മനാഭൻ, കെ. വി. പത്രോസ്, വി. എൽ. തോമസ്സ്, സൈമൺ ആശാൻ, വി. കെ. കരുണാകരൻ തുടങ്ങിയ തൊഴിലാളി നേതാക്കൻമാരുടെ അവിശ്രമപരിശ്രമം കൊണ്ടു് കെട്ടിപ്പടുത്ത ഒരു പ്രസ്ഥാനമാണ് പുനലൂർ പേപ്പർ മിൽ വർക്കേഴ്സ് യൂണിയൻ. യൂണിയന്റെ പ്രസിഡൻറുപദം ഏറെറടുത്തുകൊണ്ടു് സ്ഥിരമായി പുനലൂർ താമസിച്ചു പ്രവർത്തിച്ചിരുന്നയാളാണ് വി. എൽ. തോമസ്സ്. സി. ഓ. മാത്യുവും ഈ യൂണിയന്റെ പ്രസിഡൻറായി ത്യാഗപൂർണമായ സേവനം അനുഷ്ഠിച്ചിട്ടുണ്ടു്. സൈമൺ ആശാൻ ഒരു ഘട്ടത്തിൽ സ്ഥിരമായി പുനലൂർ യൂണിയൻ ഓഫീസിൽ താമസിച്ചിരുന്നു. 1943 മുതൽ 46 വരെ വി. കെ. കരുണാകരനായിരുന്നു യൂണിയന്റെ സെക്രട്ടറി. കുറേക്കാലം എം. കെ. കുമാരനും യൂണിയന്റെ പ്രസിഡണ്ടായിരുന്നു.

ആലുവാ പ്രദേശത്തു് ട്രേഡ്യൂണിയനുകൾ ഉടലെടുക്കുന്നതും ഈ കാലഘട്ടത്തിൽ തന്നെയാണ്. ശ്രീചിത്രാ മില്ലായിരുന്നു ഇവിടെ ആദ്യമുണ്ടായ ഒരു പ്രധാനവ്യവസായസ്ഥാപനം. അതിനു് മുൻപു തന്നെ ഏതാനും ഓട്ടുകമ്പനികൾ ആലുവായിൽ പ്രവർത്തിച്ചിരുന്നു. 1940– ൽ ആലുവാ ഫാക്ടറി ലേബർ യൂണിയൻ എന്നൊരു ട്രേഡ് യൂണിയൻ സ്ഥാപിക്കപ്പെട്ടു. അതിനു് വേണ്ട നിർദ്ദേശങ്ങൾ നൽകിയതു് തിരുവിതാംകൂർ കയർ ഫാക്ടറി തൊഴിലാളി യൂണിയനായിരുന്നു. 1942 ആയപ്പോഴേയ്ക്കും ആലുവായിൽ കുറെ വ്യവസായശാലകൾ സ്ഥാപിതമായി. ആലപ്പുഴയിൽ നിന്നും വന്ന എൻ. കെ. മാധവനും വിദ്യാർത്ഥിരംഗത്തു് നിന്നു വന്ന കെ. സി. മാത്യുവും ഒത്തു ചേർന്നു അലൂമിനിയം ഫാക്ടറിയിലും ഓട്ടുകമ്പനികളിലും ഗ്ലാസ്സ് ഫാക്ടറികളിലും തീപ്പെട്ടിക്കമ്പനിയിലും യൂണിയനുകൾ രൂപീകരിച്ചു. ബീഡിത്തൊഴിലാളികളുടേയും റബ്ബർത്തൊഴിലാളികളുടേയും മുൻസിപ്പൽ തൊഴിലാളികളുടേയും യൂണിയനുകൾ നിലവിൽ വന്നു. 1940 മുതൽ 42 വരെയുള്ള കാലഘട്ടത്തിൽ ട്രേഡ് യൂണിയൻ പ്രവർത്തനത്തെ നശിപ്പിക്കുവാൻ പോലീസ് മൃഗീയമായ മർദ്ദനം അഴിച്ചു വിട്ടു എന്നു് ജെ. ടി. കായനാട്ടു് അനുസ്മരിക്കുന്നു. 116–ൽ അതായതു് 1941–ൽ ആലപ്പുഴ നിന്നു് രാഘവൻ എന്നൊരു തൊഴിലാളി പ്രവർത്തകനെ ആലുവായിലെ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്താനായി നിയോഗിച്ചിരുന്നു. പോലീസ് അദ്ദേഹത്തെ തെരഞ്ഞുപിടിച്ചു അതികഠിനമായി മർദ്ദിച്ചു്, ആലപ്പുഴയിലേക്കു് തിരിച്ചയച്ചു. ആലപ്പുഴ ചെന്നതിനുശേഷം ഈ തൊഴിലാളി പ്രവർത്തകൻ മൃതിയടഞ്ഞു.

തോട്ടം തൊഴിലാളികൾക്കിടയിലും ട്രേഡ്യൂണിയനുകൾ രൂപീകരിക്കുന്നതിനായി ആർ. സുഗതനും സഹപ്രവർത്തകരും പൊൻകുന്നത്തും

റാന്നിയിലും തോട്ടം തൊഴിലാളികളുടെ യോഗങ്ങൾ സംഘടിപ്പിച്ചു. അതിനു് ശേഷമാണു് പുനലൂർ കേന്ദ്രീകരിച്ചു് ആൾ ട്രാവൻകൂർ എസ്റ്റേറ്റ് വർക്കേഴ്സ് യൂണിയൻ രൂപീകരിച്ചതു്. ഇതിന്റെ പ്രസിഡന്റ് സ ഖാവ് ടി. വി. തോമസ്സായിരുന്നു; സെക്രട്ടറി ആചാരിയും; എന്നാൽ ഇതിന്റെ പ്രവർത്തനം ആദ്യകാലത്തു് വിചാരിച്ചതുപോലെ മുന്നോട്ടു പോയില്ല. അപ്പോഴാണു് 1942 അവസാനത്തോടുകൂടി പി. ഏ. സോള മൻ ജനറൽ സെക്രട്ടറിയായി യൂണിയൻ പ്രവർത്തകസമിതി പുനസം ഘടിപ്പിച്ചതു്. അതിനുശേഷമുള്ള പ്രവർത്തനങ്ങൾ അടുത്ത അദ്ധ്യായ ത്തിൽ വിവരിക്കാം. ഈ സമയത്തു തന്നെ കോട്ടയത്തേയും ട്രേഡ് യൂണിയൻ പ്രസ്ഥാനം ശക്തിപ്പെടുന്നുണ്ടായിരുന്നു. ബീഡിത്തൊഴിലാളി യൂണിയൻ കൂലി വർദ്ധിപ്പിച്ചു കിട്ടുന്നതിനുവേണ്ടി വിജയകരമായി പ്രവർ ത്തിച്ചു. കോട്ടയത്തു് അക്കാലത്തു് ബീഡിതെറുപ്പുകാർക്കു് നിലവിലുണ്ടാ യിരുന്ന കൂലി നിരക്കിനേക്കാൾ 75 ശതമാനം കൂടെ കൂലി കൂടുതൽ വേണ മെന്നായിരുന്നു ആവശ്യം. അതു് ഉടനടി സാധിക്കുമെന്നു് പ്രവർത്തകർ പ്രതീക്ഷിച്ചിരുന്നില്ല. എന്നാൽ ബീഡിത്തൊഴിലാളി യൂണിയന്റെ ആദ്യ ഡിമാന്റ് പെട്ടെന്നു് നേടിയെടുത്തു. ചുരുക്കം ചിലർ മുറുമുറുപ്പും എതിർപ്പും പ്രകടിപ്പിച്ചെങ്കിലും കാര്യമായ പ്രതിബന്ധം നേരിടാതെ കൂലി കൂടുതൽ നടപ്പിലായി. പിന്നീടു് യൂണിയനിൽ അംഗമാകാൻ ബീഡിത്തൊഴിലാളി ശങ്കിച്ചു നിന്നില്ല. താമസിയാതെ കോട്ടയത്തെ റിക്ഷാത്തൊഴിലാളികളും പ്രസ്സ് തൊഴിലാളികളും സംഘടിതരായി. കോട്ടയം ഭാസിയായിരുന്നു അവരുടെ യൂണിയൻ പ്രസിഡന്റ്. പിന്നീ ടു് ബാർബർത്തൊഴിലാളികളുടെ യൂണിയനാണുണ്ടായതു്. കുട്ടനാടൻ പ്ര ദേശങ്ങളിൽ കർഷകത്തൊഴിലാളിയൂണിയൻ കെട്ടിപ്പടുക്കാനുള്ള ശ്രമങ്ങൾ തുടങ്ങിയപ്പോൾ കോട്ടയത്തിന്റെ പരിസര പ്രദേശങ്ങളിൽ കർഷക ത്തൊഴിലാളി പ്രസ്ഥാനം നിലവിൽ വന്നു. അതിനു് ശേഷമാണു് കോട്ടയത്തു് ചെത്തു തൊഴിലാളി യൂണിയൻ ഉണ്ടായതു്.

കുട്ടനാട്ടെ കർഷകത്തൊഴിലാളി പ്രസ്ഥാനം തൊഴിലാളികളുടെയിട യിൽ വേരൂന്നിയതു് രണ്ടാം ലോകമഹായുദ്ധകാലത്തായിരുന്നു. യുദ്ധ ത്തിനു് മുൻപു് ഭൂവുടമകൾ നെല്ലായിട്ടാണു് തൊഴിലാളികൾക്കു് കൂലി കൊടുത്തിരുന്നതു്. എന്നാൽ യുദ്ധകാലത്തു് നെല്ലിനു് വില വർദ്ധിച്ച പ്പോൾ കൊയ്ത്തൊഴിച്ചുള്ള എല്ലാ വേലയ്ക്കും കൂലി പണമായിട്ടു കൊടു ത്തു തുടങ്ങി. സാധാരണ ഗതിയിൽ ഒരു പറ നെല്ലു കൊണ്ടു് മൂന്നു് സ്ത്രീ ത്തൊഴിലാളികൾക്കാണു് കൂലി കൊടുക്കുന്നതു്. പുരുഷന്മാർക്കാണെങ്കിൽ രണ്ടുപേർക്കും. പണമാക്കിയപ്പോൾ ഒരു പറ നെല്ലിന്റെ വിലകൊണ്ടു് പത്തു സ്ത്രീത്തൊഴിലാളികൾക്കു് കൂലി കൊടുക്കുവാൻ ഭൂവുടമകൾക്കു് കഴി ഞ്ഞു. പുരുഷന്മാർക്കാണെങ്കിൽ 7 പേർക്കും. യൂണിയന്റെ പ്രാരംഭകാ ലത്തു് ഒരു സ്ത്രീത്തൊഴിലാളിയുടെ കൂലി ഇന്നത്തെ നാണയത്തിന്റെ

രൂപത്തിലാണെങ്കിൽ 10 പൈസയും പുരുഷന് 18 പൈസയുമായിരുന്നു. ജീവിതസാധനങ്ങൾക്കാകട്ടെ വാണം പോലെ വില കുതിച്ചുയർന്നുകൊണ്ടേയിരുന്നു. ഭക്ഷണ സാധനങ്ങൾ തീവില കൊടുത്താലും കിട്ടാത്ത അവസ്ഥ. ഈ ചുററുപാടുകൾ എല്ലാം കൂടിയാണ് കർഷകത്തൊഴിലാളികളുടെ സമരം ചെയ്യുന്ന ഒരു സംഘടന കുട്ടനാട്ടിൽ ഉടലെടുക്കാൻ ഇടയാക്കിയത്.

കൊല്ലത്തെ ട്രേഡ്‌യൂണിയൻ പ്രസ്ഥാനം ശക്തിപ്രാപിച്ചതു് ഈ കാലഘട്ടത്തിലായിരുന്നു. 1939—ലെ ഓണക്കാലത്താണ് രണ്ടാം ലോകമഹായുദ്ധത്തിൻെറ കാർമേഘങ്ങൾ ഉരുണ്ടുകൂടിയതും അതിനു ശേഷം യുദ്ധം പൊട്ടിപ്പുറപ്പെട്ടതും. ഓണം കഴിഞ്ഞു കൊല്ലത്തെ കശുവണ്ടി വ്യവസായപ്രമുഖനായ തങ്ങൾ കുഞ്ഞു മുസലിയാർ നൂറോളം തൊഴിലാളികളെ പിരിച്ചു വിട്ടു. കയിലോൺ ഫാക്ടറി വർക്കേഴ്സ് യൂണിയൻ ഈ പ്രശ്നത്തിൽ ഇടപെട്ടു. അന്നു് യൂണിയൻ പ്രസിഡൻറ് പി. എൻ. കൃഷ്ണപിള്ളയും സെക്രട്ടറി കെ. സി. ഗോവിന്ദനും ആയിരുന്നു. തീരെ ചെറുപ്പമായ ടി. കെ. ദിവാകരൻ ഓഫീസ് ക്ലാർക്കുമായിരുന്നു. ഈ പിരിച്ചുവിടലിനെ നേരിടാനുള്ള സമരത്തിൻെറ അടവുകൾ രൂപീകരിച്ചതു് അലക്സാണ്ടർ ആയിരുന്നു. അന്നത്തെ ഐ. ജി. ആയിരുന്ന കരീം തൊഴിലാളി നേതാക്കളെ ഭീഷണിപ്പെടുത്തുവാൻ കൊല്ലത്തു വന്നു ക്യാമ്പു ചെയ്തു. എസ്. പൊലിക്കാർപ്പ് തുടങ്ങിയ പ്രവർത്തകർ ഈ ഭീഷണികളെ വകവയ്ക്കാതെ പ്രവർത്തിച്ചതിനാൽ അവരെ പോലീസ് മർദ്ദിച്ചു. അക്കാലത്തു് നടന്ന ഘോഷയാത്രകൾ പല തൊഴിലാളി പ്രവർത്തകരും ഇന്നു് അനുസ്മരിക്കുന്നുണ്ട്. ഉളിയക്കോവിൽ നിന്നാണ് തൊഴിലാളികൾ ജാഥയായി വന്നതു്. കോട്ടൺമിൽ തൊഴിലാളികളും ഇതിനു വേണ്ടി ജാഥകൾ നടത്തിയിരുന്നു. അന്നു് അവർ ആവേശകരങ്ങളായ സമരഗാനങ്ങൾ ആലപിച്ചിരുന്നു. അതിലെ ചില വരികൾ പലരുടേയും ഓർമ്മയിൽ തങ്ങിനിൽക്കുന്നുണ്ട്.

"അക്രമ വ്യാഘ്രങ്ങളൊക്കെ വക്രബുദ്ധിയായ്യ് നീങ്ങുമ്പോൾ
വിക്രമശാലികൾ നിങ്ങളുറങ്ങിടുന്നോ"—എന്നും
"നാളെയാണാത്തൊഴിലാളി നായകൻ
കൂലി ചോദിക്കാനെത്തുന്നവാസരം
നാളെയാണാത്തൊഴിലാളി നായകൻ
വാളുമായിട്ടണയും മഹോത്സവം"—എന്നും അവർ ആലപിച്ചിരുന്നു.

തൻെറ നടക്കല്ല് തോണ്ടിയാലും ആരെയും തിരിച്ചെടുക്കുകയില്ലെന്നു് മുസലിയാർ അന്നു് ശപഥം ചെയ്തു. പക്ഷെ, ഒടുവിൽ 40 പേരെ തിരി

ച്ചെടുത്തുകൊണ്ട് ഒത്തുതീർപ്പിനു് മുസലിയാർക്കു് വഴങ്ങേണ്ടിവന്നു. കയ്യുവണ്ടിത്തൊഴിലാളി രംഗത്തെ ആദ്യത്തെ സമരമാണിതു്.

സമരത്തിൻെറ ഈ പര്യവസാനം ഉപയോഗിച്ചു മുസലിയാരുടെ നേതൃത്വത്തിൽ ഒരു യൂണിയൻ (അഖില തിരുവിതാംകൂർ കയ്യുവണ്ടിത്തൊഴിലാളി യൂണിയൻ) സംഘടിപ്പിച്ചു. തൊഴിലാളികളെ മുഴവൻ അതിൽ ചേർത്തു. അന്നത്തെ മാസവരി രണ്ടു ചക്രമാണു്. അതു മുഴവൻ മുസലിയാർ സ്വന്തം മടിശീലയിൽ നിന്നു് മൊത്തമായടച്ചു. യൂണിയൻ പ്രവർത്തനം സജീവമായി.

അന്നു് കെ. പി. നാണു, എസ്. പൊലിക്കാർപ്പു് തുടങ്ങിയവർ കസ്ബാ ലോക്കപ്പിലായിരുന്നു. സമരാനുകൂലികളായ തൊഴിലാളികരം പോലും മുസലിയാരുടെ തൊഴിലാളി യൂണിയനിൽ അംഗമാക്കപ്പെട്ടു.

ഈ അവസരത്തിലാണു് ഈ യൂണിയൻെറ ഔദ്യോഗിക ഭാരവാഹികളെ അംഗീകരിക്കാൻ കിളികൊല്ലൂർ കല്ലുംതാഴത്തു തേവർ ക്ഷേത്ര മൈതാനത്തു് യൂണിയൻെറ ഒരു പൊതു സമ്മേളനം മുസലിയാരുടെ അനുകൂലികരം സംഘടിപ്പിച്ചതു്.

ഈ യോഗത്തെ നേരിടുന്നതിൽ അലക്സാണ്ടർ പ്രകടിപ്പിച്ച ബുദ്ധി സാമർത്ഥ്യം അപാരമാണു്. ഈ സംഭവവികാസങ്ങളെല്ലാം കാണിച്ചു് അലക്സ് ഒരു കത്തു ലോക്കപ്പിൽ കിടക്കുന്ന സഖാക്കരംക്കെത്തിച്ചു. ചില നിർദ്ദേശങ്ങരം ഉരംക്കൊള്ളുന്നതായിരുന്നു ആ കത്തു്. അതിനു് മറുപടിയും കിട്ടി. അതിൻെറ ഉള്ളടക്കം എന്തായിരുന്നുവെന്നും മററും യോഗം നടന്നപ്പോഴാണു് വ്യക്തമായതു്.

നിർദ്ദിഷ്ട പരിപാടിയനുസരിച്ചു് തേവർ ക്ഷേത്ര മൈതാനത്തു് തൊഴിലാളികളുടെ യോഗം കൂടി. ധാരാളം തൊഴിലാളികരം യോഗത്തിൽ തിങ്ങിക്കൂടി; ആവേശവും സംഘർഷവും മുററിനിന്ന ഒരു സമ്മേളനമായിരുന്നു അതു്. യൂണിയൻ നേതാക്കളുടെ തെരഞ്ഞെടുപ്പിൽ പേരു് നിർദ്ദേശിച്ചപ്പോരം പുളിമാന ചെല്ലപ്പൻപിള്ളയെ പ്രസിഡൻറായും എസ്. പൊലിക്കാർപ്പിനെ സെക്രട്ടറിയായും ബഹുഭൂരിപക്ഷത്തോടെ യോഗം തെരഞ്ഞെടുത്തു.

അങ്ങനെ മുസലിയാരുണ്ടാക്കിയ കയ്യുവണ്ടിത്തൊഴിലാളികളുടെ ആദ്യത്തെ സംഘടന ഒന്നടങ്കം തൊഴിലാളികരം അണിനിരന്നു് അവരുടെതാക്കി. അക്കാലത്തു് മലബാറിൽ നിന്നു് സഖാക്കരം രാഘവൻ, വില്യം സെലക്ട് തുടങ്ങിയവരും തുടർന്നു് ആലപ്പുഴനിന്നു് പി. ഏ. സോളമൻ, വി. കെ. പുരുഷോത്തമൻ, വി. എൽ. തോമസ് തുടങ്ങിയവരും കൂടെക്കൂടെ കൊല്ലം സന്ദർശിക്കുകയും അലക്സുമായി ചർച്ചകരം നടത്തുകയും ക്ളാസുകരം എടുക്കുകയും ചെയ്യുന്നുണ്ടായിരുന്നു.

അലക്സിന് തങ്ങൾ കുഞ്ഞുമുസലിയാരുടെ ഫാക്ടറിയിൽ ഒരു ഗ്ലൂമ സൂപ്പർണ്ണിയുണ്ടായിരുന്നു. അലക്സിന് ജോലിയിലുള്ള അസാമാന്യമായ സാമർത്ഥ്യത്തിൽ മുസലിയാർ തികച്ചും സന്തുഷ്ടനായിരുന്നു. തന്മൂലം അക്കാലത്തു തന്നെ അലക്സിന് തൊണ്ണൂറോ നൂറോ രൂപ ശമ്പളം കിട്ടിയിരുന്നു. ജോലിക്കാര്യങ്ങളിൽ വളരെ കൃത്യനിഷ്ഠയും ജാഗ്രതയും അലക്സ് പ്രദർശിപ്പിച്ചിരുന്നു. എന്നാൽ കുറേക്കാലം കഴിഞ്ഞപ്പോൾ മുസലിയാർക്ക് മറെറാരു കാര്യം ബോധ്യമായി. പകൽ തൻെറ ജോലികളെല്ലാം ഭംഗിയായി നിർവഹിക്കുന്ന അലക്സ് രാത്രിയിൽ തൻെറ താല്പര്യത്തിന്നെതിരായ പ്രവർത്തനത്തിലാണെന്ന് മുസലിയാർ അറിഞ്ഞു. യൂണിയൻ പ്രവർത്തനം നിർത്തിയില്ലെങ്കിൽ ജോലി രാജി വയ്ക്കണമെന്ന് മുസലിയാർ നിർബ്ബന്ധിച്ചു. ഫലമോ? രണ്ടു ദിവസം കഴിഞ്ഞ് അലക്സ് തൻെറ ജോലി രാജിവച്ച് മുഴുവൻ സമയ പ്രവർത്തകനായി മാറി!

തുടർച്ചയായ പ്രവർത്തനവും പട്ടിണിയിൽ കഴിഞ്ഞുകൂടിയ കുടുംബത്തിൻെറ പ്രശ്നങ്ങളും ആ പ്രവർത്തകൻെറ ആരോഗ്യത്തെ കവർന്നെടുത്തു. കായിലോൺ ഫാക്ടറി വർക്കേഴ്സ് യൂണിയൻ സെക്രട്ടറിയായും കശുവണ്ടിത്തൊഴിലാളി പ്രസ്ഥാനത്തിൻെറ പ്രധാന സൂത്രധാരനുമായിരുന്ന അലക്സ് അന്തരിച്ചതിനു ശേഷവും അദ്ദേഹം കെട്ടിപ്പടുത്ത തൊഴിലാളി പ്രസ്ഥാനം അഭിമാനകരമായ ഒരു ചരിത്രം സൃഷ്ടിച്ചുകൊണ്ട് മുന്നോട്ടു തന്നെ പോയി.

കായിലോൺ ഫാക്ടറി വർക്കേഴ്സ് യൂണിയൻെറ പ്രവർത്തനത്തിൽ വളരെയധികം പ്രവർത്തിച്ച ദേഹമാണ് കണ്ണന്തോടത്തു ജനാർദ്ദനൻ നായരെന്ന് ശ്രീകണ്ഠൻ നായർ അനുസ്മരിക്കുന്നു. ജനാർദ്ദനൻ നായർ അക്കാലത്ത് നിയമസഭാ സാമാജികനായിരുന്നു. റാഡിക്കൽ പ്രസ്ഥാനത്തിൽ കൂടി കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ എത്തിച്ചേരുകയും പാർട്ടിയുടെ കൊല്ലം പ്രദേശത്തെ പ്രവർത്തനത്തിന് നിയോഗിക്കപ്പെട്ട പ്രവർത്തകനുമായ എം. എൻ. ഗോവിന്ദൻനായരും കണ്ണന്തോട്ടത്ത് ജനാർദ്ദനൻ നായരും ശ്രീകണ്ഠൻനായരും കൊല്ലത്തെ തൊഴിലാളി പ്രസ്ഥാനത്തെ സജീവമാക്കി. അന്നത്തെ പ്രധാനപ്പെട്ട തൊഴിലാളി പ്രവർത്തകരായ ജനാർദ്ദനൻ നായരെയും കെ. ചെല്ലപ്പനെയും ടി. കെ. ദിവാകരനേയും പററി ചില കാര്യങ്ങൾ പറഞ്ഞുകൊള്ളട്ടെ.

സർക്കാരുദ്യോഗം രാജിവച്ചുകൊണ്ടും ധനികനും വലിയൊരു ഉദ്യോഗസ്ഥനുമായ പിതാവിൻെറ സുഗ്രീവാജ്ഞയെ എതിർത്തുകൊണ്ടും രാഷ്ട്രീയ രംഗത്തും തൊഴിലാളി രംഗത്തും പ്രവർത്തിച്ചു തുടങ്ങിയ ഒരാളായിരുന്നു ജനാർദ്ദനൻ നായർ. അതു കാരണം പിതാവ് ഇദ്ദേഹത്തിന് "ചില്ലിക്കാശു" പോലും കൊടുക്കുകയില്ലെന്ന് പ്രഖ്യാപിച്ചു.

സെക്രട്ടറി ചെല്ലപ്പൻ മററൊരു തരത്തിലുള്ളയാളായിരുന്നു. നാലാം ക്ലാസിലെ പഠിത്തം പൂർത്തിയാക്കാൻ കഴിയാതെ എച്ച് ആൻറ് സി സോ മില്ലിൽ കടന്നുകൂടി. പതിമൂന്നു വർഷത്തെ തപസ്യയ്ക്കുശേഷം ഒരു നല്ല പ്രക്ഷോഭകനായി തൊഴിലാളി പ്രസ്ഥാനത്തിൽ പ്രവർത്തിച്ചു വരികയായിരുന്നു, ചെല്ലപ്പൻ.

ആഫീസ്സ ക്ലാർക്കായിരുന്നു ടി. കെ. ദിവാകരൻ. തീ വയ്പുകേസിൽ ജയിൽ ജീവിതം കഴിഞ്ഞു കൊല്ലത്തുവന്നു കടലാസിൽ മാത്രം അഞ്ചു് രൂപാ ശമ്പളം പററിക്കൊണ്ടു് ക്ലാർക്കായി പണിയെടുക്കുകയായിരുന്നു, സ്കൂൾ ഫൈനൽ പാസായ ടി. കെ. ദിവാകരൻ. ഖജാൻജിയായ രാമകൃഷ്ണനും തൊഴിലാളി പ്രസ്ഥാനത്തിനുവേണ്ടി അഹോരാത്രം പണിയെടുത്തു. ഒടുവിൽ ട്രാവൻകൂർ ടൈൽ ഫാക്ടറി വർക്കേഴ്സ് യൂണിയൻ സെക്രട്ടറിയായി തീർന്നയാളാണു്. കൊല്ലത്തെ ട്രേഡ് യൂണിയൻ നേതാവായിത്തീർന്ന ശ്രീകണ്ഠൻ നായരുടെ സഹപ്രവർത്തകർ ഇവരൊക്കെയായിരുന്നു എന്നു് അദ്ദേഹം അഭിമാനപൂർവം അനുസ്മരിക്കുന്നു.

1942 ജനുവരി പതിനൊന്നാം തീയതി നടന്ന മൂന്നാം വാർഷികയോഗത്തിൽ വച്ചാണു് ശ്രീകണ്ഠൻ നായർ കയിലോൺ ഫാക്ടറി വർക്കേഴ്സ് യൂണിയൻ പ്രസിഡൻറായി തീർന്നതു് അന്നു് നടന്ന യോഗത്തിൽ ആദ്ധ്യക്ഷം വഹിക്കാൻ ക്ഷണിച്ചിരുന്നതു് മധുരയിലെ ഒരു തൊഴിലാളി നേതാവായിരുന്ന ശ്രീമതി കെ. പി. ജാനകിയെയാണു്. പക്ഷെ, അവർക്കെതിരായി സർ സി. പി. നിരോധനാജ്ഞ പുറപ്പെടുവിച്ചു. അക്കാലത്തു കുണ്ടറ സിറാമിക്സിലെ തൊഴിൽക്കുഴപ്പങ്ങളിലും ഇടപെട്ട കാര്യങ്ങൾ ശ്രീകണ്ഠൻ നായർ അനുസ്മരിക്കുന്നു. എച്ച് ആൻഡ് സി, ഹ്യൂഡേക്കർ കമ്പനി, ഈച്ചം വീട്ടിൽ മുഹമ്മദ് കുഞ്ഞിൻെറ കശുവണ്ടി ഫാക്ടറി എന്നിവിടങ്ങളിലും ട്രേഡ്യൂണിയൻ പ്രവർത്തനം ഉഷാറായി നീണ്ടി. ഏ. ഡി. കാട്ടൻ മില്ലിലും യൂണിയൻ പ്രവർത്തനം ആരംഭിച്ചു. 1942 ഏപ്രിലിൽ ഏ. ഡി. കാട്ടൺ മില്ലിലെ സമരത്തിൻെറ പേരിൽ ശ്രീകണ്ഠൻ നായരേയും ചെല്ലപ്പനെയും പോലീസ് അറസ്റ്റു് ചെയ്തു. അക്കാലത്തു് തൊഴിൽ സമരങ്ങളെ സഹായിച്ചു വന്ന അഡ്വക്കേററ് എം. ജി. കോശിയുടെ ശ്രമത്തിൽ ഇവർക്കു് ജാമ്യത്തിലിറങ്ങുവാൻ കഴിഞ്ഞു. ഈ തൊഴിൽ സമരത്തിൽ പതിമൂന്നു തൊഴിലാളികളെ തൊഴിലുടമ പിരിച്ചു വിട്ടു. അക്കാലത്തു തന്നെ തിരുവിതാംകൂർ മിനറൽ വർക്കേഴ്സ് യൂണിയൻെറ പ്രവർത്തനവും ആരംഭിച്ചിരുന്നു.

അഖില തിരുവിതാംകൂർ ട്രേഡ്യൂണിയൻ കോൺഗ്രസ് രൂപമെടുക്കുന്നതു് ഈ ഘട്ടത്തിലാണു്. ടി. വി. ആയിരുന്നു പ്രസിഡൻറ്. വൈസ് പ്രസിഡൻറുമാരിലൊരാൾ ശ്രീകണ്ഠൻ നായരായിരുന്നു. മററുള്ളവർ പി. എൻ. കൃഷ്ണപിള്ളയും ജെ. ടി. കായനാട്ടുമായിരുന്നു. ആർ. സുഗതനായിരുന്നു സെക്രട്ടറി.

അഖില കേരളാടിസ്ഥാനത്തിലുള്ള പ്രവർത്തനത്തിലും കൊല്ലത്തെ ട്രേഡ്യൂണിയൻ പ്രവർത്തകർ സജീവമായി പങ്കെടുത്തിരുന്നു. 1942 ജൂൺ ഒന്നാം തീയതി ആലപ്പുഴ വച്ചു നടന്ന അഖില തിരുവിതാംകൂർ ട്രേഡ് യൂണിയൻ കൗൺസിൽ യോഗം അഖില കേരള ട്രേഡ്യൂണിയൻ കൗൺസിലിന്റെ വാർഷിക സമ്മേളനം 1942 ആഗസ്റ്റിൽ കോഴിക്കോട്ടുവച്ചു നടത്തുവാൻ തീരുമാനിച്ചിരുന്നു. ആ സമ്മേളനത്തിൽ പാസ്സാക്കുന്നതിന് ഏ.കെ. ററി. യു. സി. യുടെ നിബന്ധനകൾ എഴുതിയുണ്ടാക്കുന്നതിന് ടി. വി. യെയാണ് നിയോഗിച്ചതു്. എല്ലാ തൊഴിലാളി സംഘടനകളിൽ നിന്നും ഏ. കെ. ററി. യു. സി. യുടെ സഹായാർത്ഥം ഒരു അംഗത്തിനു് ഒരണ എന്ന നിരക്കിൽ വരി പിരിക്കുവാനും തീരുമാനിച്ചുവത്രേ.

അക്കാലത്തു് രണ്ടാം ലോക മഹായുദ്ധം മൂലമുണ്ടായ കെടുതികൾ തൊഴിലാളികളെ വല്ലാതെ വിഷമിപ്പിച്ചു. കൂലിക്കൂടുതലും അരിറേഷനും വാർഷിക ബോണസ്സും ക്ഷാമബത്തയും കിട്ടുന്നതിനുള്ള ഒരു പൊതുപണിമുടക്കിനു് കൊല്ലത്തെ തൊഴിലാളികൾ മുൻ കൈയെടുത്തു എന്നു് ശ്രീകണ്ഠൻ നായർ അനുസ്മരിക്കുന്നു. യുദ്ധകാല ലാഭം നിലനിറുത്തുന്നതിനു് ഉൽസുകരായ നാടൻ മുതലാളിമാരെല്ലാം കൊല്ലം ഫാക്ടറി വർക്കേഴ്സ് യൂണിയന്റെ അവകാശവാദങ്ങൾ തത്വികമായി അംഗീകരിച്ചു. പക്ഷെ സർക്കാരും എച്ച്. ആൻഡ് സിലെ വെള്ളക്കാരായ തൊഴിലുടമകളും ഒത്തുതീർപ്പിനു് തയ്യാറല്ലെങ്കിൽ തങ്ങൾ നിസ്സഹായരാണെന്നു് നാടൻ മുതലാളികൾ വാദിച്ചുവെന്നു് ശ്രീകണ്ഠൻ നായർ അനുസ്മരിക്കുന്നു. ഈ പണിമുടക്കിനെപ്പററിയുള്ള വിവരങ്ങൾ അടുത്ത അദ്ധ്യായത്തിൽ വിവരിക്കാം.

എം. എൻ. ഗോവിന്ദൻ നായർ ഈ കാലഘട്ടത്തിൽ കൊല്ലത്തെ ട്രേഡ്യൂണിയൻ രംഗത്തു് സജീവമായ പ്രവർത്തനം ആരംഭിച്ചുവെന്നു മുൻപു പറഞ്ഞുവല്ലോ. 1942 ഏപ്രിൽ മാസത്തിൽ ശ്രീകണ്ഠൻ നായരെ അറസ്റ്റ് ചെയ്തപ്പോൾ എം. എൻ. ഗോവിന്ദൻ നായരെ കയിലോൺ ഫാക്ടറി വർക്കേഴ്സ് യൂണിയന്റെ ആക്ടിംഗ് പ്രസിഡണ്ടായി തെരഞ്ഞെടുത്തു. കശുവണ്ടിത്തൊഴിലാളികൾക്കിടയിലും എം. എൻ. ശ്രദ്ധ പതിപ്പിച്ചു തുടങ്ങി.

തിരുവനന്തപുരം ജില്ലയിലും രണ്ടാം ലോകമഹായുദ്ധകാലത്തു് കയർ തൊഴിലാളികൾക്കിടയിൽ ട്രേഡ് യൂണിയൻ പ്രവർത്തനം ആരംഭിച്ചു. തിരുവനന്തപുരം ഡിസ്ട്രിക്ട് ഗസററിയറിൽ ഇതിനെപ്പററിയൊരു പരാമർശമുണ്ടു്. 1940_ൽ ചിറയിൻകീഴ് താലൂക്കിൽ, തിരുവനന്തപുരം ജില്ലയിൽ ആദ്യമായി കയർത്തൊഴിലാളികൾക്കിടയിൽ ഒരു ട്രേഡ് യൂണിയൻ രജിസ്റ്റർ ചെയ്തു എന്നാണതിൽ പറഞ്ഞിരിക്കുന്നതു്.

# ട്രേഡ്‌യൂണിയനുകളും സാംസ്കാരിക രംഗവും

അമ്പലപ്പുഴ—ചേർത്തല പ്രദേശങ്ങളിലെ തൊഴിലാളി നേതൃത്വം സാംസ്കാരിക രംഗത്തിലും ശ്രദ്ധ പതിപ്പിച്ചിരുന്നു. പട്ടിണികൊണ്ട് നരകിക്കുന്ന ഒരു കുടുംബത്തെ മലയാള നാടകരംഗത്ത് ആദ്യമായി അവതരിപ്പിച്ചതു് ആലപ്പുഴ തൊഴിലാളി സാംസ്കാരിക കേന്ദ്രമായിരുന്നുവെന്ന് അതിന്റെ പ്രവർത്തകർ അഭിമാനപൂർവം അവകാശപ്പെടുന്നു. കല കലക്കുവേണ്ടിയല്ലെന്നും ജനങ്ങൾക്ക് വേണ്ടിയാണ് കല നിലനിൽക്കേണ്ടതെന്നും ഈ സാംസ്കാരികകേന്ദ്രം അതിന്റെ പ്രവർത്തനത്തിൽക്കൂടി തെളിയിച്ചു കൊടുത്തു. ആ കാലത്ത് പൊതുയോഗങ്ങൾ തുടങ്ങുന്നതിന് മുൻപ് വിപ്ലവഗാനം പാടുക എന്ന രീതി കയർ ഫാക്ടറി തൊഴിലാളികളുടെ യോഗത്തിലാണ് ആരംഭിച്ചതു്....നാടകം, കഥാപ്രസംഗം, ഓട്ടൻതുള്ളൽ, നൃത്തം തുടങ്ങിയ കലാരൂപങ്ങൾ ആ കേന്ദ്രത്തിന്റെ ചുമതലയിൽ അഭ്യസിപ്പിച്ചിരുന്നു. സ: രാമൻകുട്ടിയാശാനെ കൂടാതെ കലാമണ്ഡലം കുഞ്ചുവാര്യർ തുടങ്ങിയവർ ഇതിലെ അംഗങ്ങൾക്ക് പരിശീലനം നൽകിവന്നു.

രണ്ടാം ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ടതോടുകൂടി തൊഴിലില്ലായ്മയും ദാരിദ്ര്യവും സാമാന്യ ജനങ്ങളെ, പ്രത്യേകിച്ചും തൊഴിലാളി കുടുംബങ്ങളെ മുഴുപ്പട്ടിണിയിലാക്കി. പൂഴ്ത്തിവയ്പും കരിഞ്ചന്തയും ഈ സ്ഥിതിയെ രൂക്ഷമാക്കിത്തീർത്തു. ഇതിനെതിരായി തിരുവിതാംകൂർ കയർ ഫാക്ടറി വർക്കേഴ്സ് യൂണിയൻ ശക്തിമത്തായി പ്രക്ഷോഭണങ്ങൾ ആരംഭിച്ചു. ഈ പ്രക്ഷോഭണവും വിവിധ കലാരൂപങ്ങളിലൂടെ വളർത്തുവാൻ സാംസ്കാരിക കേന്ദ്രം പ്രവർത്തിച്ചിട്ടുണ്ട്. ഭക്ഷണക്ഷാമത്തെ ചിത്രീകരിക്കുന്ന

''ഉരിയരിപോലും കിട്ടാനില്ല

പൊന്നു കൊടുത്താലും''—എന്ന പാട്ട് അക്കാലത്ത് വളരെയേറെ പ്രചരിച്ചിരുന്നു. അതുപോലെ പൂഴ്ത്തിവയ്പുകാരനെ മാനസാന്തരപ്പെടുത്തുന്നതിന് സുഗതൻ സാർ പൂഴ്ത്തിവയ്പുകാരന്റെ വീട്ടിൽ ചെല്ലുന്നതും സാറിനെ കണ്ടുകൊണ്ട് പൂഴ്ത്തിവയ്പുകാരൻ ''സുഗതൻസാറിങ്ങെന്തിനു വന്നു, ഇരിക്കാൻ പായ കൊടുക്കടി പെണ്ണേ,'' എന്ന ഓട്ടൻതുള്ളൽ പാട്ടും ജനങ്ങളെ ആകർഷിച്ചിരുന്നു. ഈ അവസരത്തിലാണ് ''ദേശസേവകൻ'' എന്ന നാടകം കേന്ദ്രം അവതരിപ്പിച്ചതു്. സ. രാമൻകുട്ടിയാശാനാണ് ഇതിന്റെ രചയിതാവും ട്യൂട്ടറും. നാട്ടിലെ പട്ടിണിയും തൊഴിലില്ലായ്മയും പരിഹരിക്കുന്നതിനും ഇന്ത്യക്കു സ്വാതന്ത്ര്യം ലഭിക്കുന്നതിനും ഹിന്ദുമുസ്ലീം മൈത്രിയും കമ്മ്യൂണിസ്റ്റ് പാർട്ടി ഉൾപ്പെടെയുള്ള രാഷ്ട്രീയ കക്ഷികളുടെ ഐക്യവും ആവശ്യമാണെന്നായിരുന്നു ഈ നാടകത്തിന്റെ ഉള്ളടക്കം.

ട്രേഡ് യൂണിയനംഗങ്ങളുടെ ഇടയിൽ സാക്ഷരതയും സാമൂഹ്യ വിജ്ഞാനവും പ്രചരിപ്പിക്കുന്നതിന് തൊഴിലാളി പ്രവർത്തകർ ശ്രദ്ധിച്ചിരുന്നു. കേരളത്തിലെ പല ട്രേഡ്‌യൂണിയനുകളും നിശാപാഠശാലകളും വായനശാലകളും ബാലജനസംഘങ്ങളും നടത്തിവന്നിരുന്നു. അമ്പലപ്പുഴ–ചേർത്തല പ്രദേശങ്ങളിൽ തൊഴിലാളികളുടെ പ്രസംഗപരിശീലന ക്ലാസ്സുകൾ തന്നെ കൃത്യമായി നടന്നിരുന്നു. സോഷ്യലിസത്തെപ്പററി വളരെ ചിട്ടയോടെ പഠിപ്പിക്കുന്ന സ്കൂളുകൾ പല കേന്ദ്രങ്ങളിലും സംഘടിപ്പിച്ചിരുന്നു ആലപ്പുഴ പ്രദേശത്തു് 1941–ൽ സി. ഉണ്ണിരാജാ 7 ദിവസം കൊണ്ടു് 70 മണിക്കൂർ സമയം നടത്തിയ ഒരു സ്കൂളായിരുന്നു ഇതിൽ ആദ്യത്തേതെന്നു് കെ. കെ. കുഞ്ഞൻ അനുസ്മരിക്കുന്നു. കോൺഗ്രസ്സ് സോഷ്യലിസ്റ്റ്പാർട്ടി നടത്തിവന്ന "പ്രഭാതം" പത്രം തൊഴിലാളികളുടെ സാംസ്കാരിക പുരോഗതിക്കു വളരെ സഹായകമായിരുന്നു. തിരുവിതാംകൂർ കയർ ഫാക്ടറി വർക്കേഴ്സ് യൂണിയൻ നടത്തിവന്ന "തൊഴിലാളി"പ്പത്രവും ഈ രംഗത്തു് നടത്തിയ സേവനം സ്മരണീയമാണു്. 1942 മുതൽ കോഴിക്കോട്ടുനിന്നാരംഭിച്ച ദേശാഭിമാനി വാരിക ഈ പ്രവർത്തനങ്ങൾ കുറേക്കൂടി സംഘടിതമായി നടത്തുകയുണ്ടായി.

## അദ്ധ്യായം നാല്

# ട്രേഡ് യൂണിയൻ പ്രസ്ഥാനം സ്വാതന്ത്ര്യ സമരത്തിന്റെ മുന്നണിയിൽ

1942 ആഗസ്റ്റ് മുതൽ 1947 ആഗസ്റ്റ്‌വരെയുള്ള അഞ്ചുവർഷം ഇന്ത്യയെ സംബന്ധിച്ചിടത്തോളം സ്വാതന്ത്ര്യസമരത്തിന്റെ ആവേശകരമായ അന്ത്യഘട്ടമായിരുന്നു. ഈ കാലഘട്ടത്തിൽ കേരളത്തിലെ തൊഴിലാളി വർഗത്തെ ട്രേഡ് യൂണിയൻ പ്രസ്ഥാനം സ്വാതന്ത്ര്യസമരത്തിന്റെ മുൻനിരയിൽ അണിനിരത്തി. സ്വാതന്ത്ര്യസമര ലക്ഷ്യമായ പൂർണസ്വാതന്ത്ര്യപ്രാപ്തിയെ സ്വന്തം സാമ്പത്തികാവശ്യങ്ങൾക്കുപരിയായി കാണണമെന്ന് തൊഴിലാളി വർഗത്തോട് കേരളത്തിലെ ട്രേഡ് യൂണിയൻ നേതാക്കൾ ഉത്ബോധിപ്പിച്ചു. ഈ വസ്തുത 1946-ൽ നടന്ന ഐതിഹാസികമായ തൊഴിലാളി സമരങ്ങൾ പഠിക്കുന്ന ഏവർക്കും ബോധ്യമാകും. സ്വാതന്ത്ര്യസമരത്തിന്റെ നേതൃത്വം തന്നെ ഏറെറടുത്ത കേരളത്തിലെ ട്രേഡുയൂണിയനുകൾക്ക് അന്നുവരെ ഉണ്ടായിട്ടില്ലാത്ത തരത്തിലുള്ള മർദ്ദനവും കഷ്ടനഷ്ടങ്ങളും സഹിക്കേണ്ടിവന്നു. പക്ഷെ പൈശാചികമായ ഈ മർദ്ദനങ്ങളെ അതിജീവിച്ചുകൊണ്ട് കേരളത്തിലെ ട്രേഡുയൂണിയൻ പ്രസ്ഥാനം സ്വന്തം നാട്ടിന്റെ സ്വാതന്ത്ര്യപ്രാപ്തിക്കായി വിജയകരമായി പോരാടുകയും പ്രസ്ഥാനത്തിന്റെ നിർണായകമായ നേതൃത്വം അനിഷേധ്യമായി തെളിയിക്കുകയും ചെയ്തു.

## ക്വിററിന്ത്യാ സമരം

1942 ആഗസ്റ്റ് മാസത്തിൽ മഹാത്മജി കോടിക്കണക്കിന് ഇന്ത്യാക്കാരുടെ പേരിൽ ബ്രിട്ടീഷുകാരോട് ഉഗ്രമായ ഒരാജ്ഞ പുറപ്പെടുവിച്ചു. ക്വിററ് ഇന്ത്യാ! എന്ന്, അതിശക്തമായ ഈ കൽപന ബ്രിട്ടീഷുകാരെക്കൊണ്ടു അനുസരിപ്പിക്കുവാൻ ഇന്ത്യൻ ജനത സ്വയം സന്നദ്ധരായി മുന്നോട്ടുവന്ന സംഭവമാണ് ക്വിററിന്ത്യാ സമരം. മഹാത്മജി ക്വിററിന്ത്യാ മുദ്രാവാക്യം ഉന്നയിക്കുന്നതിനുള്ള സാഹചര്യം വ്യക്തമാക്കാം. രണ്ടാം

ലോക മഹായുദ്ധത്തിൽ സോവിയററു യൂണിയനും ചീനയും ഉൾപ്പെടെ സഖ്യകക്ഷികൾ പരാജയപ്പെട്ടരുതെന്നു് കാൺഗ്രസ്സ് ആഗ്രഹിച്ചിരുന്നു. പക്ഷെ ദേശീയ ഭദ്രതയ്ക്കുവേണ്ടി ഒരു ഇടക്കാല ദേശീയ ഗവൺമെൻറു് രൂപീകരിക്കുവാൻ ബ്രിട്ടീഷു ഗവൺമെൻറു് തയ്യാറായില്ല.

1942—മാർച്ചിൽ നടന്ന ചരിത്ര പ്രസിദ്ധമായ ക്രിപ്സ് സംഭാഷണങ്ങൾക്കിടയിൽ കോൺഗ്രസ് നേതാക്കൻമാർ ഒരിടക്കാല ദേശീയ ഗവൺമെൻറ് രൂപീകരിക്കുന്ന പക്ഷം യുദ്ധയത്നങ്ങളെ കലവറയില്ലാതെ പിന്താങ്ങാമെന്നു് വ്യക്തമാക്കുകയുണ്ടായി. എന്നാൽ ബ്രിട്ടീഷ് മന്ത്രിസഭയുടെ നിർദ്ദേശാനുസരണം ക്രിപ്സ് കോൺഗ്രസിൻെറ സഹായവാഗ്ദാനം നിരസിക്കുകയാണു് ചെയ്തതു്. അടിമത്തത്തിൽക്കിടക്കുന്ന ഒരു ജനതയ്ക്കു യുദ്ധയത്നങ്ങളിൽ ആവേശത്തോടുകൂടിയും ഫലപ്രദമായും പങ്കെടുക്കുവാൻ കഴിയുകയില്ല എന്ന ലളിതമായ യാഥാർഥ്യം മനസിലാക്കുവാൻ ബ്രിട്ടീഷ് സാമ്രാജ്യവാദികൾ അവരുടെ വിപൽഘട്ടത്തിൽ പോലും തയ്യാറായില്ല. "ചക്ഷുശ്രവണഗളസ്ഥമാം ദർദുരം ഭക്ഷണത്തിനു ഇര തേടുന്നു" എന്നു് എഴുത്തച്ഛൻ പാടിയതുപോലെ ആയിരുന്നു ബർമ്മയിൽ നിന്നു് ജപ്പു് പട്ടാളത്തിൻെറ മുമ്പിൽ തോറേറാടിയ ബ്രിട്ടീഷുകാരുടെ നില. വിദേശ ഭരണത്തിൻ കീഴിൽ വീർപ്പുമുട്ടിക്കഴിഞ്ഞ ഇന്ത്യൻ ജനത ബ്രിട്ടീഷുകാരുടെ ഈ ദുരാഗ്രഹംപിടിച്ച നയത്തെ എതിർക്കുവാൻ തയ്യാറായി. അപ്പോഴാണു് മഹാത്മജി ബ്രിട്ടീഷുകാരോടു് ആജ്ഞാപിച്ചതു് 'ക്വിററിന്ത്യാ' എന്നു്!

പ്രസിദ്ധമായ ക്വിററിന്ത്യാ പ്രമേയത്തിലൂടെയാണു് ഈ ആജ്ഞ പുറത്തു വന്നതു്. 1942 ആഗസ്റ്റ് ഏഴും എട്ടും തീയതികളിൽ ബോംബയിൽ വച്ചും, പിന്നീടു് "ക്വിററിന്ത്യാ പ്രമേയം" എന്നറിയപ്പെടുന്ന പ്രമേയത്തെക്കുറിച്ചു സർവേന്ത്യാ കോൺഗ്രസ് കമ്മിററി പരസ്യമായി പര്യാലോചിക്കുകയും വാദപ്രതിവാദം നടത്തുകയും ചെയ്തു. ആ പ്രമേയം ദീർഘവും വ്യാപകവുമായ ഒന്നാണു്; ഉടനടി ഇന്ത്യൻ സ്വാതന്ത്ര്യത്തെ വകവച്ചു തരികയും ഇന്ത്യയിലെ ബ്രിട്ടീഷു ഭരണം അവസാനിപ്പിക്കുകയും ചെയ്യുന്നതിനുള്ള യുക്തിയുക്തമായ ഒരു ന്യായവാദം ആയിരുന്നതു്. സ്വാതന്ത്ര്യം നൽകുന്നതു് *"ഇന്ത്യയുടെ നൻമയ്ക്കും സഖ്യരാഷ്ട്രങ്ങളുടെ ലക്ഷ്യപ്രാപ്തിക്കും രണ്ടിന്നും ആവശ്യമാകുന്നു. ആ ഭരണം തുടർന്നു പോകുന്നത്, ഇന്ത്യയെ അധഃപതിപ്പിക്കുകയും ക്ഷീണിപ്പിക്കുകയും ചെയ്യുന്നു. അങ്ങനെ അവളെ സ്വന്തം രക്ഷ സാധിക്കുവാനും ലോക സ്വാതന്ത്ര്യത്തിനുള്ള യത്നത്തിൽ പങ്കു ചേരുവാനും അസമർഥയാക്കി തീർക്കുന്നു."* തുടർന്നു പ്രമേയം ഒരു താൽക്കാലിക ഗവൺമെൻറിൻെറ രൂപവൽക്കരണത്തെ കുറിച്ചു് നിർദ്ദേശിച്ചു. അതൊരു കൂട്ടു ഗവൺമെൻറായിരിക്കും. ജനങ്ങളിലെ എല്ലാ പ്രധാന വിഭാഗങ്ങളുടെയും പ്രാതിനിധ്യം

വഹിക്കും. അതിൻെറ "മുഖ്യകർത്തവ്യം സ്വാധീനമായ എല്ലാം സായുധ ശക്തികളെയും അഹിംസാത്മകശക്തികളെയും കൊണ്ടും, സഖ്യ ശക്തികളോടു കൂടിച്ചേർന്നും ഇന്ത്യയെ രക്ഷിക്കുകയും ആക്രമണത്തെ ചെറുക്കുകയുമായിരിക്കണം. ഈ ഗവണ്മെൻറ് ഒരു ജനപ്രതിനിധി സഭയുള്ള ഒരു പദ്ധതി തയ്യാറാക്കും; ആ സഭയാകട്ടെ ഇന്ത്യക്കുവേണ്ടി, എല്ലാം ജനവിഭാഗങ്ങൾക്കും സ്വീകാര്യമായ ഒരു ഭരണഘടന തയ്യാറാക്കും. ഭരണഘടന ഫെഡറൽ രൂപത്തിലുള്ള ഒന്നായിരിക്കും. സംയോജക ഘടകങ്ങൾക്കായിരിക്കും ഏററവും വലിയ അളവിൽ സ്വയം ഭരണം. അവശിഷ്ടാധികാരങ്ങളും ആ ഘടകങ്ങളിൽ നിക്ഷിപ്തമാവും." ജനങ്ങളുടെ സംയുക്തമായ ഇച്ഛയുടെയും ശക്തിയുടെയും പിൻബലത്തോടു കൂടി കയ്യേററത്തെ ചെറുക്കാൻ സ്വാതന്ത്ര്യം ഇന്ത്യയെ സമർത്ഥമാക്കും." അതേ സമയം സഖ്യരാഷ്ട്രങ്ങളിൽ "ചീനയുടെയും റഷ്യയുടെയും, രാജ്യരക്ഷയെ ഒരു വിധത്തിലും അലട്ടാതിരിക്കാനും (അവയുടെ സ്വാതന്ത്ര്യം വിലപ്പെട്ടതാണ്; പരിരക്ഷിക്കപ്പെടേണ്ടതാണ്) രാജ്യരക്ഷ സാധിക്കുവാൻ സഖ്യരാഷ്ട്രങ്ങൾക്കുള്ള പ്രാപ്തിയെ അപകടപ്പെടുത്താതിരിക്കാനും ഉൽക്കണ്ഠിതരാണ്" തങ്ങൾ എന്നും കമ്മററി പ്രസ്താവിച്ചു. എന്നാൽ ഈ ഘട്ടത്തിൽ നിഷ്ക്രിയത്വവും വിദേശഭരണാധികാരത്തോടുള്ള കീഴ്വണക്കവും ഇന്ത്യയെ അധഃപതിപ്പിക്കുന്നുവെന്നും ആത്മരക്ഷ സാധിക്കാനും കയ്യേററത്തെ ചെറുക്കാനുമുള്ള ഇന്ത്യയുടെ കഴിവ് കുറയ്ക്കുന്നുവെന്നും പ്രമേയം ചൂണ്ടിക്കാണിച്ചു. അതുകൊണ്ട് ലോകസ്വാതന്ത്ര്യത്തിൻെറ താല്പര്യത്തെ മുൻനിർത്തിക്കൊണ്ടു തന്നെ അഖിലേന്ത്യാ കോൺഗ്രസ് കമ്മററി പ്രഖ്യാപിച്ചതു് സാമ്രാജ്യത്വപരവും അധികാരപ്രമത്തവുമായ ഒരു ഗവണ്മെൻറിനെതിരായി സ്വന്തം ഇച്ഛ പുലർത്താനുള്ള യത്നത്തിൽ നിന്നു് മാതൃഭൂമിയെ കമ്മററി പുറകോട്ടു പിടിച്ചു നിർത്തുന്നതു് അനീതിയായിരിക്കുമെന്നാണ്. അതിനാൽ സ്വാതന്ത്ര്യത്തിനും സ്വാശ്രയത്വത്തിനും ഇന്ത്യക്കുള്ള അനിഷേധ്യമായ അവകാശത്തെ പാലിക്കുന്നതിനും വേണ്ടി ഗാന്ധിജിയുടെ അനിവാര്യമായ നേതൃത്വത്തിൽ അഹിംസാപരമായ മാർഗങ്ങളിലൂടെ ഒരു ബഹുജനസമരം തുടങ്ങുന്നതിനു് അനുവാദം നൽകുവാൻ കമ്മററി തീരുമാനിച്ചു.

എന്നാൽ ഈ അനുവാദം ബലത്തിൽ വരിക ഗാന്ധിജി സമരം തുടങ്ങണമെന്നു് സ്വയം തീരുമാനിക്കുമ്പോൾ മാത്രമാണെന്നും പ്രമേയത്തിൽ പറഞ്ഞിരുന്നു. പ്രമേയം പാസായതിനു ശേഷം ഗാന്ധിജിയും അന്നത്തെ കോൺഗ്രസ് അദ്ധ്യക്ഷൻ മൗലാനാ ആസാദും ഈ സമരം തുടങ്ങുന്നതിനു് മുൻപു തന്നെ ഫാസിസ്റ്റ് ശക്തികൾക്കെതിരായ സമരത്തിൽ പങ്കെടുക്കുന്നതിനു് ഇന്ത്യയുടെ സ്വാതന്ത്ര്യം വകവച്ചുതരുന്നതിനുള്ള മാന്യമായ ഒരു ഒത്തുതീർപ്പിനു വേണ്ടി വൈസ്രോയിയെ സമീപിക്കുന്നതാണെന്നു് വ്യക്തമാക്കിയിരുന്നു. എന്നാൽ ബ്രിട്ടീഷു ഗവണ്മെൻറു് യാതൊരുവിധ കൂടിയാലോചനകൾക്കും ഗാന്ധിജിക്കു അവസരം നൽകിയില്ല.

പ്രമേയം പാസ്സാക്കി ഏതാനും മണിക്കൂറുകൾ കഴിയുന്നതിന് മുൻപു തന്നെ ബ്രിട്ടീഷ് ഭരണകൂടം നേതാക്കൻമാരെ അറസ്റ്റ് ചെയ്യുകയും ദേശീയ പ്രസ്ഥാനത്തെ അടിച്ചമർത്തുവാൻ പട്ടാളത്തെ തെരുവിലിറക്കുകയും ചെയ്തു. ജനങ്ങൾ ഗവൺമെൻറിൻെറ മർദ്ദനനയത്തെ വെല്ലുവിളിച്ചു. പ്രധാന നഗരങ്ങളിൽ ജനതയും പട്ടാളവും തമ്മിൽ അത്യുഗ്രമായ സംഘട്ടനങ്ങൾ നടന്നു. സത്താറാ തുടങ്ങിയ ചില പ്രദേശങ്ങളിൽ ജനങ്ങൾ സമാന്തര സർക്കാരുകൾ രൂപീകരിച്ചു. പൈശാചികമായ രീതിയിലുള്ള മർദ്ദനമാണ് ബ്രിട്ടീഷ് പട്ടാള മേധാവികൾ അഴിച്ചു വിട്ടത്. നഗരങ്ങളിൽ അവർ ചോരപ്പുഴയൊഴുക്കി. ഗ്രാമങ്ങൾ തീവച്ചു നശിപ്പിച്ചു. അഷ്ടി-ചിമൂർ തുടങ്ങിയ സ്ഥലങ്ങളിൽ മനുഷ്യ സംസ്കാരത്തെ ലജ്ജിപ്പിക്കുന്ന രീതിയിൽ ഭാരത വനിതകളെ മാനഹാനിവരുത്തി. തങ്ങൾ പിടിച്ചടക്കിയ രാജ്യങ്ങളിൽ ഫാസിസ്ററുകാർ അഴിച്ചുവിട്ട മർദ്ദക ഭരണത്തെപ്പോലും ലജ്ജിപ്പിക്കുന്ന രീതിയിൽ ഇന്ത്യയുടെ പല ഭാഗങ്ങളിലും വിശേഷിച്ചും യു. പി. യിൽ ബ്രിട്ടീഷുകാർ പെരുമാറി. അജയ്യമായ ആവേശത്തോടും ഐതിഹാസികമായ സഹനശക്തിയോടും കൂടി ഇന്ത്യൻ ജനത ഈ മർദ്ദനങ്ങളെ നേരിട്ടു. 'ക്വിററിന്ത്യാ' പ്രക്ഷോഭണത്തെ താൽക്കാലികമായി അടിച്ചമർത്തുവാൻ ബ്രിട്ടീഷുകാരുടെ യന്ത്രത്തോക്കുകൾക്ക് കഴിഞ്ഞെങ്കിലും വിദേശികളുടെ വിജയം ക്ഷണികമായിരുന്നുവെന്ന് 1945-ലും 46-ലും നടന്ന ബ്രിട്ടീഷ് വിരുദ്ധ പ്രക്ഷോഭണങ്ങൾ തെളിയിച്ചുകൊടുത്തു.

ബ്രിട്ടീഷ് ഗവൺമെൻറിൻെറ മർദ്ദനനയം തുടങ്ങിയപ്പോൾ തന്നെ ഏ. ഐ. ടി. യു. സി അതിനെ ശക്തിയായി എതിർത്തു. അത്യന്തം ഗുരുതരമായ ആ ഘട്ടത്തിൽ തങ്ങളുടെ നയം എന്തായിരിക്കണമെന്ന് തീരുമാനിക്കുവാൻ വേണ്ടി ഏ. ഐ. ടി. യു. സി കൗൺസിൽ യോഗം കൂടി. വിവിധ തരത്തിലുള്ള രാഷ്ട്രീയ ചിന്താഗതിക്കാർ ഏ. ഐ. ടി. യു. സി യിൽ ഒന്നിച്ചു പ്രവർത്തിച്ചു വന്ന ആ കാലഘട്ടത്തിൽ നയരൂപീകരണ ചർച്ച തീവ്രവും അതേ സമയം സ്വതന്ത്രവുമായിരുന്നു. ബ്രിട്ടീഷ് ഗവൺമെൻറിൻെറ മർദ്ദനത്തെ പ്രതിഷേധിക്കുന്നതോടൊപ്പം അന്നത്തെ ലോക തൊഴിലാളി പ്രസ്ഥാനത്തിൻെറ മുൻപിലുണ്ടായിരുന്ന പ്രശ്നങ്ങളെപ്പററിയും ഏ. ഐ. ടി. യു. സിക്കു കണക്കിലെടുക്കേണ്ടതുണ്ടായിരുന്നു. ഇന്ത്യയിലെ അനിഷേധ്യമായ തൊഴിലാളി സംഘടന എന്ന നിലയിൽ ഏ. ഐ. ടി. യു. സി ലോകതൊഴിലാളി പ്രസ്ഥാനത്തിൻെറ ഭാഗമായിരുന്നു. എന്നതാണ് പ്രധാന കാരണം. യൂറോപ്പ് മുഴുവൻ കീഴടക്കിയ ഹിററ്ലറും മുസ്സോളിനിയും ആ രാജ്യങ്ങളിലെ തൊഴിലാളി പ്രസ്ഥാനത്തെ നിഷ്ഠുരമായി അടിച്ചമർത്തുകയായിരുന്നു; ഇററലിയിലേയും ഫ്രാൻസിലേയും തൊഴിലാളി സഖാക്കൾ ഗറില്ലാ യുദ്ധതന്ത്രം ഉപയോഗിച്ച് ഫാസിസ്റ്റുകളെ ചെറുത്തുനിൽക്കുകയും ഐതിഹാസികമായ ധീരതയോടെ ദേശീയ

സ്വാതന്ത്ര്യത്തിനു വേണ്ടി സമരം ചെയ്യുകയുമായിരുന്നു; തൊഴിലാളി ഭരണകൂടം ആദ്യമായി സ്ഥാപിച്ച സോവിയററ് റഷ്യയിലെ ജനങ്ങളെ ഫാസിസ്റ്റുകരം കൊന്നൊടുക്കുകയായിരുന്നു; ഹിററ്ലറുമായും സഖ്യത്തിലേർപ്പെട്ട ജപ്പാൻ ചീനയിലെ ജനങ്ങളെ പൈശാചികമായ സമര തന്ത്രങ്ങരം ഉപയോഗിച്ച് കീഴടക്കുക ആയിരുന്നു. ഈ ഘട്ടത്തിൽ ഹിററ്ലറുടെ ജർമനിക്കും മുസ്സോളിനിയുടെ ഇററലിക്കും അവരുടെ സഖ്യകക്ഷിയായ ജപ്പാനും ഏതെങ്കിലും തരത്തിൽ ശക്തി കൂട്ടുന്ന ഒരു നയത്തെപ്പററി ലോകത്തിലെ തൊഴിലാളി പ്രസ്ഥാനത്തിനും ജനാധിപത്യ ശക്തികരംക്കും എങ്ങനെ ചിന്തിക്കാൻ കഴിയും എന്ന ഉൽക്കണ്ഠ ഏ. ഐ. ടി. യു. സി പ്രവർത്തകർക്കുണ്ടായി. അതുകൊണ്ട് ഫാസിസ്റ്റ് ശക്തികരംക്കെതിരായി സഖ്യരാഷ്ട്രങ്ങരം ജയിക്കേണ്ടതു് ലോക തൊഴിലാളി പ്രസ്ഥാനത്തിന്റേയും സ്വാതന്ത്ര്യപ്രേമികളുടേയും ആവശ്യമാണെന്ന് ഏ ഐ. ടി യു സി കരുതി. അത്തരത്തിലുള്ള ഒരു നയമാണ് വേണ്ടതെന്നും ഏ. ഐ. ടി. യു. സിയിലെ ബഹുഭൂരിപക്ഷം പ്രവർത്തകർ ആഗ്രഹിച്ചു. ദേശീയ നേതാക്കന്മാരെ മോചിപ്പിക്കണമെന്നും ദേശീയ ഗവണ്മെൻറ് രൂപീകരിക്കണമെന്നും മർദ്ദനനയം അവസാനിപ്പിക്കണമെന്നും ഏ. ഐ. ടി യു സി ആഹ്വാനം ചെയ്തു. അതിനുവേണ്ടി 1942 സെപ്റ്റംബർ 25–ാം തീയതി മർദ്ദന വിരുദ്ധദിനമായി ആചരിക്കാൻ തീരുമാനിച്ചു. എന്നാൽ യുദ്ധയത്നത്തിനു് വിഘാതം വരുത്തുന്ന രീതിയിൽ പ്രവർത്തിക്കാൻ പാടില്ലെന്നു് ഏ. ഐ. ടി. യു. സി തീരുമാനിച്ചു. ഫാസിസത്തിനെതിരായ യുദ്ധത്തിന്റെ ആവശ്യങ്ങരംക്ക് വേണ്ടിയും ജനങ്ങളുടെ നിത്യോപയോഗത്തിനു വേണ്ടിയും സാധനങ്ങരം വർധിച്ച തോതിൽ ഉല്പാദിപ്പിക്കുവാൻ ഏ. ഐ. ററി. യു. സി തൊഴിലാളികളെ ആഹ്വാനം ചെയ്തു. ഫലപ്രദമായ റേഷനിംഗ് നടപ്പിലാക്കുന്നതിനും കരിഞ്ചന്തയും പൂഴ്ത്തിവയ്പും തടയുന്നതിനും കുറഞ്ഞ വിലയ്ക്കു സാധനങ്ങരം ലഭ്യമാകുന്നതിനും ജനകീയ കമ്മിററികരം രൂപീകരിക്കുന്നതിനും ഏ ഐ. ററി. യു സി മാതൃകാപരമായ പ്രവർത്തനങ്ങരം നടത്തി. ഒരു ദേശീയ ഗവണ്മെൻറ് രൂപീകരിച്ചു ദേശീയ രക്ഷ ഭദ്രമാക്കണമെന്നുള്ള കേന്ദ്രമുദ്രാവാക്യം ഏ. ഐ. ററി. യു. സി പ്രവർത്തകർ വിട്ടുവീഴ്ചയില്ലാതെ പ്രചരിപ്പിച്ചുവന്നു. എന്നാൽ ഇന്ത്യയിലെ തൊഴിലാളികളെ മുഴവൻ തങ്ങളുടെ നയം ശരിയാണെന്നു ബോദ്ധ്യപ്പെടുത്തിക്കൊടുക്കുവാൻ ഏ. ഐ. ടി. യു. സിക്കു കഴിഞ്ഞില്ല, അഹമ്മദാബാദിലും ജംഷഡ്പൂരിലും ഉള്ള തൊഴിലാളികരം അനേകം ആഴ്ചകരം നീണ്ടുനിന്ന രാഷ്ട്രീയ പണിമുടക്കുകരം നടത്തുകയുണ്ടായി. കേരളത്തിലേയും സംഘടിത തൊഴിലാളികളിൽ ഒരു വിഭാഗം ഏ. ഐ. ടി. യു. സിയുടെ നയത്തെ അംഗീകരിച്ചില്ല. ചില സ്ഥലങ്ങളിൽ ഏ. ഐ. ടി. യു. സിക്കെതിരായി ദേശീയ തൊഴിലാളി യൂണിയനുകരം രൂപീകരിക്കപ്പെട്ടു. ശ്രീകണ്ഠൻ നായരുടെ നേതൃത്വത്തിലുള്ള കൊല്ലത്തെ ചില യൂണിയനുകരം ഏ. ഐ. ടി. യു. സിയുടെ നയത്തെ പൂർണമായി

പിന്താങ്ങിയിരുന്നില്ല. അതേ സമയം ഇന്ത്യയിലെ ഗണ്യമായ ഒരു വിഭാഗം തൊഴിലാളികൾ എ. ഐ. ടി. യു സി യുടെ ആഹ്വാനമനുസരിച്ച് യുദ്ധയത്നങ്ങൾക്ക് അനുകൂലമായും അതേ സമയം ബ്രിട്ടീഷുഗവണ്മെൻറിൻെറ മർദ്ദനനയത്തെ വിമർശിച്ചു കൊണ്ടുമുള്ള നിലപാടാണ് സ്വീകരിച്ചതു്. ഉദാഹരണത്തിനു് കേരളത്തിൽ തിരുവിതാംകൂർ കയർ ഫാക്ടറി വർക്കേഴ്സ് യൂണിയൻ ഈ രീതിയിലുള്ള നയമാണു് നടപ്പാക്കിയതു്. ക്വിററിന്ത്യാ സമരത്തിൻെറ പേരിൽ അറസ്റ്റ് ചെയ്യപ്പെട്ട മഹാത്മജി തടങ്കലിൽ കഴിയവെ 1943—ൽ ഒരു നിരാഹാര സമരം നടത്തുകയുണ്ടായി. യൂണിയൻ പ്രസിഡൻറ് ടി. വി. തോമസും സെക്രട്ടറി ആർ. സുഗതനും നിരാഹാര സമരത്തെ അനുകൂലിച്ചുകൊണ്ട് ഗാന്ധിജിയെ മോചിപ്പിക്കണമെന്നാവശ്യപ്പെട്ടു കൊണ്ടും പ്രസ്താവനപുറപ്പെടുവിച്ചു. യൂണിയൻ അതിനുവേണ്ടി പ്രചാരവേല നടത്തി.

മാത്രമല്ല ആ കാലഘട്ടത്തിൽ തിരുവിതാംകൂറിൽ ഉത്തരവാദ ഭരണ പ്രക്ഷോഭണം കെട്ടടങ്ങാതെ സൂക്ഷിച്ചതു് വിപ്ലവ ട്രേഡ് യൂണിയനുകളാണെന്നതു് ഒരു ചരിത്ര സത്യമാണ്. ജനസാമാന്യത്തിനിടയിൽ നിരാശയും നിഷ്ക്രിയത്വവും ഉണ്ടാകത്തക്ക നിലയിലാണു് പ്രധാനപ്പെട്ട ചില സ്റ്റേററ് കോൺഗ്രസ്സ് നേതാക്കൾ പ്രവർത്തിച്ചിരുന്നതെന്നു് സി നാരായണ പിള്ള രേഖപ്പെടുത്തിയിട്ടുണ്ട്. (തിരുവിതാംകൂർ സ്വാതന്ത്ര്യ സമര ചരിത്രം – പേജ് 998.) അതേ സമയം ട്രേഡ് യൂണിയനുകളുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചിരുന്ന സ്റ്റേററ് കാൺഗ്രസ്സ് പ്രവർത്തകരായ പി. ടി. പുന്നൂസ്, പുതുപ്പള്ളി രാഘവൻ, ജീവാനന്ദം, പേട്ട കരുണാകരൻ തുടങ്ങിയവരെ ഗവണ്മെൻറ് അറസ്റ്റ് ചെയ്യുകയും ചെയ്തു. ഇതേ കാലഘട്ടത്തിൽ തന്നെ അമ്പലപ്പുഴ – ചേർത്തല പ്രദേശത്തെയെന്നു മാത്രമല്ല, തിരുവിതാംകൂറിലെ പ്രധാന വ്യവസായ കേന്ദ്രങ്ങളിലുള്ള തൊഴിലാളി പ്രസ്ഥാനം കരിഞ്ചന്തക്കെതിരായി ഫലപ്രദമായ പ്രചാരവേലയും പ്രക്ഷോഭവും നടത്തുകയുണ്ടായി. ഭക്ഷണക്ഷാമത്തെ ചിത്രീകരിക്കുന്ന കലാപ്രകടനങ്ങൾ ഈ പ്രക്ഷോഭണത്തിനു് എന്തെന്നില്ലാത്ത ആകർഷണശക്തി ഉണ്ടാക്കിക്കൊടുത്തു. 'ഉരിയരി പോലും കിട്ടാനില്ലാ പൊന്നു കൊടുത്താലും' എന്ന യൂണിയൻ പ്രവർത്തകരുടെ ഗാനം അദ്ധ്വാനിക്കുന്ന ജനതയെ മുഴുവൻ കരിഞ്ചന്തയ്ക്കെതിരായി അണിനിരത്തിയെന്നു് അക്ഷരാർത്ഥത്തിൽ തന്നെ പറയാം. ജനങ്ങളുടെ പ്രശ്നങ്ങളെ അവഗണിച്ച അന്നത്തെ തിരുവിതാംകൂർ രാജവാഴ്ചയ്ക്കും ദിവാൻ ഭരണത്തിനും എതിരായ ഫലപ്രദമായ രാഷ്ട്രീയ പ്രചാരവേല കൂടി ആയിരുന്നു അതു്.

## ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിൻെറ പുതിയ കേന്ദ്രങ്ങൾ

1942—ൽ ആലുവായിലെ പ്രധാനപ്പെട്ട വ്യവസായ സ്ഥാപനങ്ങ

ളിൽ രൂപീകൃതമായ ട്രേഡ് യൂണിയനുകൾ അഖില തിരുവിതാംകൂർ ട്രേഡ് യൂണിയൻ കോൺഗ്രസ്സിൻെറ സഹായത്തോടുകൂടി ഫലപ്രദമായ പ്രവർത്തനങ്ങൾ നടത്തി വന്നു. ടി. വി. തോമസ്സിൻെറ സഹായത്തോടുകൂടി ആലുവായിൽ ഒരു ഇൻഡസ്ട്രിയൽ റിലേഷൻസ് കമ്മിററി രൂപീകരിച്ചതു് ശ്രദ്ധേയമായ ഒരു സംഭവമാണ്. അക്കാലത്തു് ആലപ്പുഴ കേന്ദ്രമാക്കി കയർ വ്യവസായത്തിൽ രൂപീകരിച്ചിരുന്ന ഇൻഡസ്ട്രിയൽ റിലേഷൻസ് കമ്മിററി ഉപയോഗപ്രദമായ പല പ്രവർത്തനങ്ങളും നടത്തി തൊഴിൽ തർക്കങ്ങൾക്കു് പരിഹാരം കണ്ടെത്തിയിരുന്നു. അങ്ങനെയുള്ള അനുകൂലസാഹചര്യങ്ങളിൽ ടി. വി. തോമസ്സ് ആലപ്പുഴയിലെ വ്യവസായബന്ധക്കമ്മിററിയിലെ തൊഴിലുടമകളായ തിരുവിതാംകൂർ ചേംബർ ഓഫ് കോമേഴ്സിൻെറ ചെയർമാൻ മി. സ്മിത്ത്, സെക്രട്ടറി മി. കെ. സി. കരുണാകരൻ എന്നിവരുടെ സഹകരണത്തോടുകൂടി ആലുവ മേഖലയിലും വ്യവസായബന്ധക്കമ്മിററി രൂപീകരിക്കുവാൻ ശ്രമിക്കുകയും അതിൽ വിജയിക്കുകയും ചെയ്തു. ശ്രീ ചിത്രാമില്ലിലും അലൂമിനിയം കമ്പനിയിലും പല തൊഴിൽത്തർക്കങ്ങളിൽ അക്കാലത്ത് ഈ വ്യവസായ ബന്ധക്കമ്മിററി സജീവമായി ഇടപെടുകയുണ്ടായി. ചില പ്രശ്നങ്ങൾ ആർബിട്രേഷൻ വഴി പരിഹരിക്കുവാനും വ്യവസായബന്ധക്കമ്മിററി തീരുമാനിച്ചു. 1944–ലാണ് ആലുവാ പ്രദേശത്തു് ആദ്യമായി ഒരു പണിമുടക്കുണ്ടാകുന്നതു്. സ്റ്റാൻഡേർഡ് കമ്പനിയിലായിരുന്നു ആ പണിമുടക്കം നടന്നതു്. അതിൻെറ ഫലമായി യൂണിയൻ നേതാക്കളായ കായനാട്ടിനേയും മാധവനേയും മാത്യുവിനേയും അറസ്റ്റ്ചെയ്തു. ഈ കാലഘട്ടത്തിൽ ട്രേഡ് യൂണിയനുകൾ വളർത്തിയെടുക്കുന്നതിനു് വളരെയധികം പ്രവർത്തിച്ചവരാണ് മാധവനും മത്ത്യൂവും ബാലാനന്ദനുമൊക്കെയെന്നു് അനുസ്മരിക്കേണ്ടതുണ്ട്. അവരെ അതിനു് വളരെയധികം സഹായിച്ചതു് പി.ററി. പുന്നൂസും കെ. വി. പത്രോസും ആർ. സുഗതനും ഏ. കെ. തമ്പിയും ആയിരുന്നു. 1945–ആയപ്പോൾ ആലുവായിലെ ട്രേഡ്യൂണിയൻ പ്രസ്ഥാനം വളരെ സുശക്തമായിത്തീർന്നു

തിരുവിതാംകൂർ മേഖലയിലെ തോട്ടം തൊഴിലാളികളും സംഘടിതരായിത്തുടങ്ങിയതു് 1943–ഓടുകൂടിയാണ് ആറ് ട്രാവൻകൂർ എസ്റ്റേററ് വർക്കേഴ്സ് യൂണിയൻ കുലശേഖരം മുതൽവണ്ടിപ്പെരിയാർവരെ പതിനൊന്നു് ശാഖകൾ സ്ഥാപിച്ചു. സോളമൻ, പി. രാമലിംഗം, സി. ഓ. മാത്യൂ, പി. ഓ. സ്പെൻസർ തുടങ്ങിയവർ ഈ പ്രവർത്തനങ്ങളുടെ മുന്നണിയിൽ നിന്നു. തോട്ടം തൊഴിലാളികളുടെ ആദ്യത്തെ സംഘടനയാണിതെന്നു പറയാം. ഈ യൂണിയൻെറ നേതൃത്വത്തിൽ സംഘടന കെട്ടിപ്പടുക്കുവാൻ ആദ്യകാലത്തു് മറെറാരു വ്യവസായത്തിലും നേരിടേണ്ടി വന്നിട്ടില്ലാത്തത്ര ബുദ്ധിമുട്ടുകൾ ഉണ്ടായിരുന്നു. തൊഴിലാളികൾ തമ്മിലുള്ള വിവാഹം

നടക്കണമെങ്കിൽപ്പോലും തോട്ടം ഉദ്യോഗസ്ഥൻമാരുടെ മുൻകൂട്ടിയുള്ള അനുവാദം വേണ്ടിയിരുന്നു. ഇതു കണ്ട് തൊഴിലാളികളുടെ ജീവിതത്തെ വരിഞ്ഞു കെട്ടിയിരുന്ന തൊഴിലുടമകളുടെ ആധിപത്യത്തിനെതിരായി പല എസ്റ്റേററുകളിലും സമരങ്ങൾ നടന്നു. പുനലൂരായിരുന്നു എസ്റ്റേററ് തൊഴിലാളി പ്രവർത്തനത്തിൻെറ കേന്ദ്രം. യൂണിയൻെറ നിരന്തരമായ പ്രക്ഷോഭണഫലമായി വരുമാനത്തിൽ ഒരു വർദ്ധനവ് നേടിയെടുക്കുവാൻ കഴിഞ്ഞു. തിരുവിതാംകൂറിൽ അന്നുണ്ടായിരുന്ന കൂലി എട്ടണയും അതിനു താഴെയുമായിരുന്നു. അതു വർദ്ധിപ്പിക്കുവാനാണ് ട്രേഡ്‌യൂണിയൻ പ്രവർത്തിച്ചതു്. പഞ്ഞക്കാശ് എന്നയിനത്തിൽ നാലണ നേടിയെടുക്കുവാൻ ട്രേഡ്‌യൂണിയന് കഴിഞ്ഞു. തിരുവിതാംകൂർ പ്രദേശത്തെ തോട്ടം തൊഴിലാളികൾ ആദ്യമായി നേടിയെടുത്ത വിജയമായിരുന്നു ഇതു്. 1946 ഒക്ടോബർ ആകുമ്പോഴേയ്ക്കു് എസ്റ്റേററ് വർക്കേഴ്സ് യൂണിയൻ അവഗണിക്കാൻ പാടില്ലാത്ത ഒരു ശക്തിയായി തീർന്നു. അക്കാലത്ത് ഗവൺമെൻറ് വിളിച്ചു കൂട്ടിയ (ബോണസ്സ് സംബന്ധിച്ച) ത്രികക്ഷി സമ്മേളനത്തിൽ ഈ യൂണിയനും ഏ. ററി. ററി. യു. സിയുടെ നിർദ്ദേശമനുസരിച്ച് പങ്കെടുക്കുകയുണ്ടായി.

കൊല്ലം പ്രദേശത്തു് ട്രേഡ്‌യൂണിയൻ പ്രവർത്തനം സുശക്തമായി തീർന്നതു് ഇക്കാലഘട്ടത്തിലാണ്. 1942-ലെ ആഗസ്റ്റ് മാസത്തിൽ ക്വയിലോൺ ഫാക്ടറി വർക്കേഴ്സ് യൂണിയൻ എച്ച് ആൻഡ് സി സ്ഥാപനത്തിലെ ടൈൽസ്, എഞ്ചിനീയറിംഗ്, സാമിൽ എന്നീ വ്യവസായ മേഖലകളിലെ തൊഴിലാളികളുടെ പണിമുടക്കം ആരംഭിച്ചു. വാർഷിക ബോണസും ക്ഷാമബത്തയും കൂലിക്കൂടുതലിനും വേണ്ടിയായിരുന്നു ഈ സമരം. സമരത്തിൻെറ ഫലമായി ബോണസ് പണമായി അനുവദിച്ചു കൊടുത്തില്ലെങ്കിലും ഒമ്പതിടങ്ങഴി അരി തന്നാണ്ടത്തെ വാർഷിക സംഭാവനയായി കൊടുക്കാമെന്ന തീരുമാനമുണ്ടായി. ക്ഷാമബത്തയുടെ കാര്യത്തിൽ ദിവസമൊന്നിനു് അരയണ വച്ചു കൊടുക്കാമെന്നും എച്ച് ആൻഡ് സി കമ്പനി സമ്മതിച്ചു. 1942-43 കാലഘട്ടങ്ങളിൽ നടന്ന പ്രക്ഷോഭണങ്ങളുടേയും പണിമുടക്കുകളുടേയും ഫലമായി പല വ്യവസായ സ്ഥാപനങ്ങളിലേയും തൊഴിലാളികൾക്ക് വാർ അലവൻസ് ലഭിച്ചു തുടങ്ങി. കെ. ചെല്ലപ്പനായിരുന്നു അക്കാലത്തെ യൂണിയൻ സെക്രട്ടറി. വൈസ് പ്രസിഡൻറ് എം. കെ. കുമാരനും. എച്ച്. ആൻറ് സി, ഏ. ഡി. കോട്ടൺ മിൽ, തോമസ് സ്റ്റീഫൻ ആൻഡ് കമ്പനി എന്നിവ അക്കൂട്ടത്തിൽ പെടും. കോട്ടൺ മില്ലിലെ വാർ അലവൻസ് ആറു ചക്രവും തോമസ് സ്റ്റീഫൻ കമ്പിനിയിലെ വാർ അലവൻസ് അഞ്ചു് ചക്രവും ആയിരുന്നു. അതേ സമയം ആലപ്പുഴ ആസ്പിൻ വാൾ കമ്പനിയിലെ തൊഴിലാളികൾക്ക് രൂപയ്ക്കു രണ്ടണ വച്ച് വാർ അലവൻസ് നൽകിയിരുന്നു. എച്ച് ആൻഡ് സി വാർ അലവൻസ് കാര്യ

ത്തിൽ എതിർത്തതിനാൽ അവിടെ തൊഴിലാളികൾ പണിമുടക്കി. ഈ സമരത്തിന് ആലപ്പുഴ പ്രദേശത്തെ തൊഴിലാളി സംഘടനകൾ പിന്തുണ വാഗ്ദാനം ചെയ്യുവെന്നു മാത്രമല്ല എ.ടി. ടി. യു. സിയുടെ പ്രസിഡൻറ് എന്ന നിലയിൽ ടി.വി. കൊല്ലത്തെ സമരരംഗത്തു വരികയും കൊല്ലത്തെ യൂണിയനോട് സംസാരിക്കാൻ തയ്യാറാകാതിരുന്ന മാനേജ്മെൻറിനോട് സംസാരിച്ച് സമരം ഒത്തുതീർപ്പിലാക്കുകയും ചെയ്തു. 1943 മാർച്ച് 28-ാം തീയതിയാണ് സമരം തീർന്നത്.

കൊല്ലത്ത് അന്നും ഇന്നും ഏററവും കൂടുതൽ തൊഴിലാളികൾ പണിയെടുക്കുന്നത് കശുവണ്ടി ഫാക്ടറികളിലാണ്. 1942 മുതൽ ആ രംഗത്ത് ഉറച്ചുനിന്ന് സംഘടനയുണ്ടാക്കാൻ ശ്രമിച്ച വ്യക്തികൾ എം. എൻ. ഗോവിന്ദൻ നായർ, പൊലിക്കാർപ്പ്, കെ. പി. നാണു തുടങ്ങിയവരായിരുന്നു. അഖില തിരുവിതാംകൂർ കശുവണ്ടിത്തൊഴിലാളി യൂണിയനായിരുന്നു ആ രംഗത്ത് പ്രവർത്തിച്ചത്. കശുവണ്ടി വ്യവസായത്തിലാദ്യമായി ബോണസ്സിനു വേണ്ടിയുള്ള പണിമുടക്ക് നടന്നത് 1943-ലാണ്, പതിനൊന്നു ദിവസം നീണ്ടുനിന്ന ആ സമരത്തിൻെറ ഒത്തുതീർപ്പ് സംഭാഷണത്തിൽ അന്നത്തെ പോലീസ് ഐ. ജി ആയിരുന്ന കരിം ഇടപെട്ടു. തങ്ങൾകുഞ്ഞു മുസലിയാരായിരുന്നു പ്രധാന തൊഴിലുടമ. ദുർവ്വഹമായ ജോലികളിലേർപ്പെട്ടിരുന്ന തൊഴിലാളികൾക്ക് കിട്ടി വന്ന കൂലി എത്രയോ പരിഹാസ്യമായിട്ടുള്ളതായിരുന്നു 118 ആദ്യം (1943) നിലവിലിരുന്ന കൂലി വ്യവസ്ഥ താഴെ ചേർക്കുന്നു.

1. വറുപ്പ്-ഒരു ചാക്കിന് 3½ ചക്രം 2. ഷെല്ലിംഗ്-ഒരു പൗണ്ടിന് 6 കാശ് 3. ബോർമ്മ ദിവസക്കൂലി 11 ചക്രം 4. പീലിംഗ്-ഒരു പൗണ്ടിന് 8 കാശ് 5. ഗ്രാസ്സിംഗ് ദിവസക്കൂലി 5 ചക്രം മുതൽ 7 ചക്രം വരെ 6. പെട്ടി കെട്ട് മാറു മെക്കാനിക്ക്- 8 ചക്രം മുതൽ 12 ചക്രം വരെ 7. പാട്ടമിഷ്യൻ-കൂടിയത് 14 ചക്രം (പതിനാറു കാശ്-ഒരു ചക്രം-ഇരുപത്തിഎട്ടര ചക്രം = ഒരു രൂപാ)

വിശദീകരണം ആവശ്യമല്ലാത്ത ഒരു പട്ടികയാണിത്. ഇടങ്ങഴി അരിക്ക് രണ്ടേമുക്കാൽ ചക്രം വിലയുണ്ടായിരുന്ന കാലത്തു പോലും ഒരു കുടുംബം പുലർത്താനെന്നല്ല, ഒരു വ്യക്തിയുടെ ചെലവു തന്നെ നിറവേററാൻ മതിയാകാത്ത കൂലി നിരക്കുകൾ നിലനിറുത്തി ആയിരക്കണക്കിന് തൊഴിലാളികളെ, വിശേഷിച്ച് സ്ത്രീകളെക്കൊണ്ട് കഠിനാദ്ധ്വാനം ചെയ്യിച്ച് അവരുടെ ചോര വെള്ളമാക്കിയാണ് കശുവണ്ടി രാജാക്കന്മാർ വ്യവസായം നടത്തിപ്പോന്നത്. അന്ന് യുദ്ധം മൂലം ഉണ്ടായ സാധന വില വർദ്ധനവ് കശുവണ്ടിത്തൊഴിലാളികളെ വളരെയധികം വിഷമിപ്പിച്ചു.

യൂണിയനെ നേരിട്ടിരുന്ന പ്രധാന പ്രശ്നങ്ങൾ മുകളിൽ പറഞ്ഞ വേല വ്യവസ്ഥകളും പണപിരിവ് ചൂഷണങ്ങളും കൂലിക്കുറവുമായിരുന്നു.

ഇഖണ്ഡു പരിഹാരം കാണുന്നതിനുവേണ്ടിയും കശുവണ്ടി വ്യവസായം ഫാക്ടറി ആക്ടിന്റെ പരിധിയിൽ ഉൾപ്പെടുത്തുന്നതിനുമായി യൂണിയൻ ഊർജിതമായ പരിപാടികൾ സ്വീകരിച്ചു. ഇതിനു മുൻ കൈ എടുത്തത് അയത്തിൽ ക്യൂ. സി. ഈ. സി ഫാക്ടറിത്തൊഴിലാളികളായിരുന്നു. റൗഡികളുടെ എതിർപ്പിനേയും മുതലാളിമാരുടെ മർദ്ദനങ്ങളേയും അതിജീവിച്ചുകൊണ്ട് തൊഴിലാളികളെയാകെ അണിനിരത്തി പ്രസ്തുത പ്രശ്നങ്ങളെ അവർ നേരിടുവാൻ തുടങ്ങി. 1943 സെപ്റ്റംബറിൽ അയത്തിൽ വച്ച് യൂണിയന്റെ മൂന്നാം വാർഷികം ആഘോഷിച്ചു. വാർഷികത്തിനുശേഷം യൂണിയന്റെ ശ്രദ്ധ പതിഞ്ഞത് കൂലി വർധിപ്പിക്കുന്നതിനു വേണ്ടിയായിരുന്നു. ലഘുലേഖകൾ പ്രചരിപ്പിക്കുവാനും യോഗങ്ങൾ പ്രകടനങ്ങൾ, ഘോഷയാത്രകൾ എന്നിവ തുരുതുരെ സംഘടിപ്പിക്കുവാനും തുടങ്ങി. ജീവിത വൈഷമ്യങ്ങൾ കൊടുമ്പിരിക്കൊണ്ട ഈ അവസരത്തിൽ തൊഴിലാളികൾ ഏതു നിമിഷത്തിലും സമരപരിപാടികൾ സ്വീകരിക്കുമെന്ന് ഗവൺമെന്റിനും മുതലാളിമാർക്കും ബോദ്ധ്യമായി. തൊഴിലാളികൾക്കനുകൂലമായി ബഹുജനാഭിപ്രായം പൊന്തിവന്നു. ഈ സാഹചര്യത്തിൽ തൊഴിലാളികളുടെ കൂലി ഗണ്യമായി വർദ്ധിപ്പിക്കുവാൻ മുതലാളിമാർ നിർബ്ബന്ധിതരായി. താഴെ പറയുന്ന കൂലി നിരക്കുകൾ തൊഴിലാളികൾക്ക് അംഗീകരിച്ചു കിട്ടി.

1. വറുപ്പ്—1 ചാക്കിന് എട്ട് അണ തല്ല്— ഒരു പൗണ്ടിന് രണ്ടരചക്രം ബോമം—ദിവസക്കൂലി—ഒരുരൂപാ മൂന്നരചക്രം പീലിംഗ്—ഒരു പൗണ്ടിന് രണ്ടുചക്രം. പാസ്സിംഗ് ഇരുപത്തിയൊന്നു ചക്രം. പെട്ടി കെട്ട്മററു മൈക്കാട്—ഒരു രൂപാ മൂന്നരചക്രം.

1943 അവസാനത്തിലാണ് ടി. കെ ദിവാകരൻ കയിലോൺ ഫാക്ടറി വർക്കേഴ്സ് യൂണിയൻ എന്ന സംഘടനയിലൂടെ ട്രേഡ് യൂണിയൻ രംഗത്ത് പ്രധാന പ്രവർത്തനങ്ങൾ ആരംഭിച്ചത്. 1944-ൽ ടി. കെ. ദിവാകരനെ അറസ്റ്റ് ചെയ്തപ്പോൾ കൊല്ലത്ത് വൻതോതിലുള്ള പ്രതിഷേധ പ്രകടനങ്ങൾ നടന്നു.

ഈ കാലഘട്ടത്തിൽ പഴയ കൊച്ചി സംസ്ഥാനത്തിൽ നടന്ന പ്രധാനപ്രവർത്തനങ്ങൾ പരിശോധിക്കാം. അന്തിക്കാട്ടെ ചെത്തു തൊഴിലാളി യൂണിയന്റെ ആവേശകരമായ പ്രവർത്തനങ്ങൾ ശ്രദ്ധേയമായിരുന്നു. 1942-ൽ നടന്ന പണിമുടക്കിനുശേഷം ഈ യൂണിയൻ (ഏനാമ്മാവ് പെരിങ്ങോട്ടുകര ചെത്തുതൊഴിലാളി യൂണിയൻ) ഒരജയ്യശക്തിയായി വളർന്നുവന്നു. ആ പ്രദേശത്തെ അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങൾ സംഘടനയുടെ നേതൃത്വത്തിൽ അണിനിരന്നുതുടങ്ങി.. അതിനെ നേരിടാൻ അതിരൂക്ഷമായ മർദ്ദനപരിപാടികളാണ് ഗവണ്മെൻറ് നടപ്പാക്കിയത്. ആദ്യത്തെ പണിമുടക്കത്തെ തുടർന്നുള്ള കേസ്സിൽ നേതാക്കൻമാ

രെല്ലാം ശിക്ഷിക്കപ്പെട്ടു. പ്രസ്തുത കേസ്സിൽ ഉൾപ്പെടാതെ പുറത്തുണ്ടായിരുന്ന പ്രവർത്തകരെ ഒന്നടങ്കം ഒരു ഗൂഢാലോചനക്കേസ്സിൽകുടുക്കി ജയിലിലടച്ചു. അതിനുശേഷമാണ് ട്രേഡ് യൂണിയൻ പ്രവർത്തനം തടയാൻ തുടങ്ങിയതു്. യൂണിയൻ ഓഫീസിന്റെ പ്രവർത്തനം ബലം പ്രയോഗിച്ചു തടയലായിരുന്നു ഗവൺമെന്റിന്റെ ആക്രമണപരിപാടി. കാലത്തു് ഓഫീസ് തുറന്നാൽ ഒരു സംഘം പോലീസ് വന്നു് ഓഫീസിലിരിക്കുന്ന സഖാക്കളെ പിടിച്ചുകൊണ്ടുപോകും. ലോക്കപ്പിലിട്ട് ഭയങ്കരമായി മർദ്ദിച്ചതിനുശേഷം മേലിൽ ഓഫീസ് തുറക്കാൻ പാടില്ലെന്ന താക്കീതു നൽകി വൈകുന്നേരം വിട്ടയയ്ക്കും. എന്തു വില കൊടുത്തും ഈ അക്രമണത്തെ നേരിടാൻ തന്നെ തൊഴിലാളി പ്രവർത്തകർ തീരുമാനിച്ചു. ദിവസംതോറും അഞ്ചു വാളണ്ടിയർ വീതം ഓഫീസ് തുറന്നിരിക്കാൻ ഊഴമിട്ടു നിയോഗിക്കപ്പെട്ടു. ഓരോ ദിവസവും പോലീസ് പ്രവർത്തകരെ കൊണ്ടുപോയി മർദ്ദിച്ചുകൊണ്ടിരുന്നു. നാല്പതു ദിവസം ഈ മർദ്ദനപരിപാടി തുടർന്നു. എന്നിട്ടും ഓഫീസ് അടച്ചുപൂട്ടാൻ കഴിയാതെ വന്നപ്പോഠം യൂണിയനേയും കമ്മ്യൂണിസ്റ്റ് പാർട്ടിയേയും കർഷകസംഘം, ബാലസംഘം തുടങ്ങി അന്തിക്കാട്ടെ സംഘടനകളെ ഒന്നാകെയും ഗവൺമെന്റ് നിരോധിച്ചു. അന്തിക്കാട്ട് പ്രദേശത്തു് ഒരു സമാന്തര സർക്കാർ രൂപീകരിച്ചുവെന്ന ആരോപണമുന്നയിച്ചു് 1944–ൽ ചടയംമുറിയേയും യൂണിയന്റെ മുന്നണി പ്രവർത്തകരേയും പോലീസ് കസ്റ്റഡിയിലെടുത്തു. ഭീകര മർദ്ദനത്തിന്റെ ഫലമായി ചടയംമുറിയുടെ നാലു വാരിയെല്ലുകഠം തകർന്നുപോയി.

കൊച്ചീത്തുറമുഖത്തിലും ട്രേഡ് യൂണിയൻ പ്രവർത്തനം തൊഴിലാളികഠംക്കിടയിൽ വ്യാപിച്ചുവന്നു. 1942–ലെ ക്വിറ്റിന്ത്യാസമരത്തെത്തുടർന്നു് കൊച്ചീഗവൺമെന്റ് രാജ്യവ്യാപകമായി പൊതുയോഗങ്ങളും ഘോഷയാത്രകളും നിരോധിച്ചിരുന്നു. അതുകൊണ്ട് ട്രേഡ് യൂണിയൻ പ്രവർത്തനം അസാദ്ധ്യമായിരുന്നുവെങ്കിലും അവിടത്തെ തോണിത്തൊഴിലാളികഠം കൂലിവർദ്ധനവ് നേടിയെടുത്തു. ബത്തത്തൊഴിലാളികളും കൂലി കൂടുതൽ നേടാൻ ശ്രമിക്കുകയും അവർ അതിൽ വിജയിക്കുകയും ചെയ്തു. എന്നാൽ ഒരു ഉറച്ച സംഘടനയില്ലാത്തതുകൊണ്ട് സാധനവിലയുടെ വർദ്ധനവ് അനുസരിച്ച് കൂലിവർദ്ധനവ് നേടിയെടുക്കാൻ തൊഴിലാളികഠംക്ക് കഴിയാതെപോയി. അപ്പോഴാണ് നല്ലൊരു ട്രേഡ് യൂണിയൻ വേണമെന്ന് ഈ തൊഴിലാളി വിഭാഗം ആശിച്ചതു്. ഇൻഡ്യയൊട്ടുക്ക് നടന്ന യുദ്ധാനന്തരതൊഴിലാളി മുന്നേററത്തിന്റെ ഭാഗമായി 1945 ഡിസംബറിൽ അവർ ഒരു ഉറച്ച സംഘടന രൂപീകരിച്ചു. അതാണ് കൊച്ചിൻ പോർട്ട്കാർഗോ ലേബർ യൂണിയൻ. 1946 മേയ് 12–ാം തീയതിയാണ് യൂണിയന്റെ ജനറൽ ബോഡി കൂടിയതു്. ചടയംമുറി ജനറൽ ബോഡിയിലും പി. കെ. ഡീവർ പൊതു

യോഗത്തിലും അദ്ധ്യക്ഷത വഹിച്ചു. ഈ യോഗത്തിൽ വച്ച് ആദ്യമായി തൊഴിലാളികളുടെ ഒരു അടിയന്തിരാവകാശപ്പട്ടിക അംഗീകരിക്കപ്പെട്ടു. സ്ഥാപിത താല്പര്യക്കാരുടെ എതിർപ്പുകളെ നേരിട്ടുകൊണ്ട് പ്രവർത്തിച്ചുവന്ന ഈ ട്രേഡ് യൂണിയൻ ജനസാമാന്യത്തിന്റെ പൊതുപ്രശ്നങ്ങളിലും ശ്രദ്ധ ചെലുത്തിയിരുന്നു. തൃശ്ശൂർ മേഖലയിലും അക്കാലത്ത് ട്രേഡ്‌യൂണിയൻ പ്രവർത്തനം നടന്നിരുന്നു. തൃശ്ശൂർ വച്ച് അഖില കേരളാടിസ്ഥാനത്തിൽ 119-ൽ ഒരു ട്രേഡ്‌യൂണിയൻ സമ്മേളനം നടന്നതായി സുഗതൻ ഷഷ്ട്യബ്ദപൂർത്തി സുവനീറിൽ പ്രസ്താവിക്കുന്നുണ്ട്. 1946-ൽ എസ്റ്റേററ് തൊഴിലാളികൾക്കിടയിലും അക്കാലത്ത് വെള്ളാനിക്കരയിൽ തട്ടിൽ എസ്റ്റേററ് യൂണിയൻ എന്നൊരു സംഘടന രൂപീകരിച്ചിരുന്നു. തൃശ്ശൂർ ജില്ലയിലെ പുതുക്കാട്, മണലി, കരുവന്നൂർ, ഒല്ലൂർ എന്നീ പ്രദേശങ്ങളിൽ ഇന്നുള്ള ഓട്ടുകമ്പനി തൊഴിലാളികൾക്കിടയിൽ ട്രേഡ്‌യൂണിയൻ പ്രവർത്തനമാരംഭിക്കുന്നതു് ഈ കാലഘട്ടത്തിലാണ്. 1938-ൽ ആമ്പല്ലൂരിൽ പ്രവർത്തനം ആരംഭിച്ച നൂൽക്കമ്പനിയിലെ തൊഴിലാളികൾ ട്രേഡ്‌യൂണിയൻ രൂപീകരിച്ചു തുടങ്ങിയതു കണ്ടുനിന്ന ഓട്ടുകമ്പനി തൊഴിലാളികൾ 1941-42 കാലഘട്ടത്തിൽ ട്രേഡ്‌യൂണിയനടിസ്ഥാനത്തിൽ സംഘടിക്കുകയുണ്ടായി.

പി. എസ്. നമ്പൂതിരിയുടെ നേതൃത്വത്തിൽ പ്രവർത്തിച്ചിരുന്ന ആമ്പല്ലൂർ ടെക്സ്റ്റൈൽസിലെ ട്രേഡ്‌യൂണിയൻ 1946-ൽ ഒരു പണിമുടക്ക് നടത്തിയതായി പി. എസ്. നമ്പൂതിരി അനുസ്മരിക്കുന്നു. ഈ പണിമുടക്കിൽ തൊഴിലാളികൾ ഉന്നയിച്ചിരുന്ന എല്ലാ ആവശ്യങ്ങളും അനുവദിക്കാൻ മാനേജ്മെൻറ് നിർബന്ധിതമായി. ജോർജ്ജ് ചടയംമുറി ഈ സമരത്തിന് ഒളിവിലിരുന്നുകൊണ്ട് സമർത്ഥമായ നേതൃത്വം നൽകി. (അവലംബം പി. എസ്. നമ്പൂതിരി—ലേഖനം. കേരളസ്റ്റേററ് ചെത്തുതൊഴിലാളി ഫെഡറേഷൻ — സുവനീർ 1977) പഴയ കൊച്ചീസംസ്ഥാനത്തെ ട്രേഡ്‌യൂണിയൻ പ്രസ്ഥാനം യുദ്ധകാലത്തെ വിഷമം പിടിച്ച ജീവിത പരിത:സ്ഥിതികളിൽ ജനങ്ങളെ സഹായിക്കുവാനായി കരിഞ്ചന്തയും പൂഴ്ത്തിവയ്പും തിരഞ്ഞുപിടിക്കുവാൻ മുന്നോട്ടുവന്നു. ഉദാഹരണത്തിന് മട്ടാഞ്ചേരി ഫോർട്ട് കൊച്ചി പ്രദേശത്ത് ഇതിനുവേണ്ടി ഒരു വോളണ്ടിയർ സേന തന്നെ ട്രേഡ്‌യൂണിയൻ നേതാവായ ചടയംമുറിയുടെ നേതൃത്വത്തിൽ രൂപീകരിച്ചു.

അരി, പഞ്ചസാര മുതലായവ പല കേന്ദ്രങ്ങളിൽ നിന്നും കണ്ടെടുക്കാൻ തൊഴിലാളി വാളണ്ടിയർമാർ മുന്നിട്ടു നിന്നു പ്രവർത്തിച്ചു. അന്നത്തെ പ്രവർത്തനരീതി വിവരിക്കാം. സാധനങ്ങൾ നേരിട്ടു വാളണ്ടിയർമാർ എടുക്കുകയില്ല. വളഞ്ഞുവയ്ക്കുകയേയുള്ളു. എന്നിട്ട് പോലീസിൽ വിവരം അറിയിക്കും. ധാരാളം ഔട്ട്പോസ്റ്റുകൾ അന്നുണ്ടായിരുന്നു. ബാഡ്ജ് ധരിച്ച വാളണ്ടിയർമാർ വിവരം അറിയിച്ചാൽ പോ

ലീസ് ഉടൻ സ്ഥലത്തെത്തും. പൂഴ്ത്തിവച്ച സാധനങ്ങൾ അങ്ങനെ പുറത്തെടുത്തു വന്നു. കൃത്യമായ അളവും തൂക്കവും വിലയും തിട്ടപ്പെടുത്തി സ്ഥലത്തുവച്ചു തന്നെ വാളണ്ടിയർമാരുടെ സാന്നിദ്ധ്യത്തിൽ അതു് വിതരണം നടത്തും. തുണിത്തരങ്ങളുടെ സാമ്പിൾ കഷണങ്ങൾ വലിയ ബോർഡുകളിൽ ഒട്ടിച്ചു് അവയുടെ നിയന്ത്രിത വില ഓരോ കഷണത്തിൻെറ അടിയിലും എഴുതി കവലകളിൽ സ്ഥാപിച്ചു് ബഹുജനങ്ങളെ ഉൽബുദ്ധരാക്കുകയും പെരുന്നാളിനും മററു വിശേഷ ദിവസങ്ങളിലും അരി, തുണി, പഞ്ചസാര തുടങ്ങിയ സാധനങ്ങളുടെ വിതരണം വാളണ്ടിയർമാരുടെ നിയന്ത്രണത്തിലാക്കുകയും ചെയ്യുന്ന ഈ പ്രവർത്തനങ്ങളുടെയാകെ ബുദ്ധികേന്ദ്രം പടയംമുറിയായിരുന്നു. (അവലംബം കൊച്ചിൻ പോർട്ട് കാർഗോ ലേബർ യൂണിയൻ മുപ്പതാം വാർഷിക സുവനീർ—1970—പേജ് 78)

ഈ കാലഘട്ടത്തിൽ കുന്നംകുളത്തും ട്രേഡ്‌യൂണിയനുകൾ നിലവിൽ വന്നു. കുന്നംകുളം പ്രദേശത്തു് അക്കാലത്തു് കമ്പിയാണി നിർമാണവും വ്യാപകമായ ഒരു വ്യവസായമായിരുന്നു. യുദ്ധത്തിൻെറ ഫലമായി കമ്പിയാണി പുറമേ വരാതായി. ഉദ്ദേശം രണ്ടായിരത്തോളം തൊഴിലാളികൾക്കു് ആ വ്യവസായത്തിൽ ജോലിയുണ്ടായിരുന്നു. കുന്നംകുളം ആണിത്തൊഴിലാളി യൂണിയൻ 1942-ൽ രൂപീകരിക്കപ്പെട്ടു. അതിനു ശേഷം അവിടെ ബീഡിത്തൊഴിലാളിയൂണിയനും സംഘടിക്കപ്പെട്ടു. ഇ. ഗോപാലകൃഷ്ണമേനോനാണു് അവിടത്തെ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചിരുന്നതു്. അക്കാലത്തു് അവിടെ ബീഡിത്തൊഴിലാളികളുടെ ഒരു പണിമുടക്കുമുണ്ടായി. തൃശ്ശൂരിൽ, ഈ കാലഘട്ടത്തിൽ പീടികത്തൊഴിലാളികളുടെയിടയിൽ എം. എ. കാക്കുവിൻെറ നേതൃത്വത്തിലും ആർ. എം. മനയ്ക്കലാത്തിൻെറ നേതൃത്വത്തിലും ട്രേഡ്‌യൂണിയനുകൾ പ്രവർത്തിച്ചിരുന്നു. പഴയ കൊച്ചീ നിയമസഭ ഈ തൊഴിലാളികളുടെ പ്രക്ഷോഭണഫലമായി ഷോപ്പ്സ് ആൻറ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെൻറ് ആക്ട് പാസാക്കി. പുതിയ നിയമം വന്നതോടെ ആഴ്ചയിൽ ഒരു ദിവസം ശമ്പളത്തോടുകൂടിയ അവധി നൽകണമെന്നു് വ്യവസ്ഥയുണ്ടായി. എന്നാൽ ഇതു് നടപ്പാക്കിക്കിട്ടുവാൻ ഒരു പണിമുടക്കു് വേണ്ടിവന്നു. അവസാനം ശമ്പളത്തോടുകൂടിയ അവധി ആഴ്ചയിൽ ഒരു ദിവസം ലഭിച്ചു.

യുദ്ധകാലത്തു് ഉത്തര കേരളത്തിലെ ട്രേഡ്‌യൂണിയനുകൾ തൊഴിൽപരമായ അവരുടെ അവകാശങ്ങൾ നേടിയെടുക്കുന്നതോടൊപ്പം നിത്യോപയോഗ സാധനങ്ങൾ സംബന്ധിച്ച ഫലപ്രദമായ പ്രക്ഷോഭണങ്ങൾ നടത്തുകയുണ്ടായി. നിത്യോപയോഗ സാധനങ്ങൾ പൂഴ്ത്തിവയ്ക്കുന്ന കത്തകകൾക്കും കച്ചവടക്കാർക്കും എതിരായി ട്രേഡ്‌യൂണിയനുകൾ പ്രവർത്തിച്ചു. ജനങ്ങളുടെ ദൈനംദിന ജീവിതത്തിനാവശ്യമുള്ള സാധനങ്ങളെല്ലാം റേഷൻ കടകൾ മുഖേന ലഭ്യമാക്കുന്ന സമരം തൊഴിലാളികൾ ജാഗ്രതയോ

ടെ നടത്തുകയുണ്ടായി. പ്രസ്തുത സ്ഥാപനത്തിലൂടെ കർഷക—ഇടത്തരം ജനവിഭാഗങ്ങളുമായി ഐക്യം സ്ഥാപിക്കുന്നതിനും ബഹുജന പ്രസ്ഥാനം ഉയർത്തിക്കൊണ്ടു വരുന്നതിനും തൊഴിലാളിവർഗത്തിനു കഴിഞ്ഞു. അങ്ങനെ ഉത്തരകേരളത്തിലെ ജനങ്ങളുടെ നേതൃത്വത്തിലേക്ക് തൊഴിലാളിവർഗം ഉയർന്നുവന്നു.

1942–45 കാലത്തു് ദേശീയ നേതൃത്വത്തിനെതിരായി ബ്രിട്ടീഷ് ഗവണ്മെൻറ് എടുത്ത മർദ്ദന നടപടികൾക്ക് എതിരായുള്ള പ്രക്ഷോഭം നയിച്ചതു് ഉത്തരകേരളത്തിലെ ട്രേഡ്‌യൂണിയനുകളായിരുന്നു. 1942 സെപ്ററം: 25–ാം തീയതി മർദ്ദന വിരുദ്ധദിനമായി ആചരിക്കാൻ ആഹ്വാനം ചെയ്ത ഏ. ഐ. ടി. യു. സി. യുടെ നേതൃത്വത്തെ ഉത്തര കേരളത്തിലെ തൊഴിലാളിവർഗം സർവ്വാത്മനാ മാനിച്ചു.

മലബാർ ഉൾപ്പെടെ മദ്രാസ് പ്രവിശ്യയിലാകെ കൈത്തറിത്തൊഴിലാളികളുടെ ഒരു സംഘടന അക്കാലത്തു് മദ്രാസ് പ്രൊവിൻഷ്യൽ ട്രേഡ്‌യൂണിയൻ കോൺഗ്രസ് കമ്മിററി മുൻകൈയെടുത്തു രൂപീകരിക്കുകയുണ്ടായി. ബീഡി വ്യവസായം സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിച്ചു തൊഴിലാളികൾക്ക് വേല നൽകുന്ന ഒരു പദ്ധതി നടപ്പിലാക്കുവാൻ ട്രേഡ്‌യൂണിയൻ കോൺഗ്രസ് പരിശ്രമിച്ചു. മലബാറിലെ തിരുവണ്ണൂർ കോട്ടൺമിൽ, ഫറൂക്ക് കോഴിക്കോട് കോമൺവെൽത്ത് കോട്ടൺമിൽ, കയ്യാത്തു് ദാമോദരൻെറ കണ്ണൂർ സ്പിന്നിംഗ്മിൽ, സാമുവേൽ അറോണിൻെറ സ്പിന്നിംഗ്മിൽ, ഇവിടെയെല്ലാമുള്ള തൊഴിലാളികളുടെ പ്രശ്നവും ഏ. ഐ. ടി. യു. സി. കൈകാര്യം ചെയ്തു. ഇതിൽ ചില വിജയങ്ങളുമുണ്ടായി. പരമ്പരാഗത വ്യവസായങ്ങളെപ്പററി നാരായണസ്വാമി നായിഡു റിപ്പോർട്ട് എന്നു് പ്രസിദ്ധമായ റിപ്പോർട്ട് മദ്രാസ് ഗവണ്മെൻറ് അംഗീകരിക്കുകയും തൊഴിലാളികൾക്ക് കുറഞ്ഞതു് ഒരു രൂപയെങ്കിലും പ്രതിദിനം കൂലിയായി കിട്ടുവാൻ ഏർപ്പാടുണ്ടാവുകയും ചെയ്തു. അതിനു ശേഷം റീഗേക്കമ്മിററി എന്നു് അറിയപ്പെടുന്ന അഖിലേന്ത്യാ തൊഴിലന്വേഷണക്കമ്മിററി ഇന്ത്യാഗവണ്മെൻറ് ഏർപ്പെടുത്തിയപ്പോൾ അതിനു് തെളിവു് നൽകുവാൻ മലബാറിലെ ട്രേഡ്‌യൂണിയൻ പ്രവർത്തകർ എം. പി. ടി. യു. സി. യുടെ നേതൃത്വമനുസരിച്ചു് പ്രവർത്തിച്ചു. ടെക്സ്റ്റൈൽ തൊഴിലാളികളെ സംബന്ധിച്ചിടത്തോളം വെങ്കിട്ടരാമയ്യർ ടെക്സ്റ്റൈൽ അവാർഡും റാഷണലൈസേഷനെപ്പററിയുള്ള ഉദ്ദണ്ഡരാമൻ കമ്മിററി റിപ്പോർട്ടിലെ ശുപാർശകളും വഴി ചില നേട്ടങ്ങൾ ഉണ്ടാക്കുവാൻ ട്രേഡ്‌യൂണിയനുകൾക്ക് കഴിഞ്ഞു. ജീവിതച്ചെലവിൻെറ സൂചികയുമായി ബന്ധപ്പെട്ട ക്ഷാമബത്ത നേടിയെടുക്കുന്നതിനു് മധുര മോട്ടോർ തൊഴിലാളിയൂണിയനു് കഴിഞ്ഞു. പാലക്കാട്ടും കണ്ണൂരും മുൻസിപ്പൽ തൊഴിലാളി യൂണിയനുകൾ ട്രേഡ്‌യൂണിയനടിസ്ഥാനത്തിൽ പ്രവർത്തിച്ചു തുടങ്ങുകയും പ്രവിശ്യാടിസ്ഥാനത്തിലുള്ള പ്ര

ക്ഷോഭണങ്ങളിൽ പങ്കെടുക്കുകയും ചെയ്തു. വയനാട്ടിലും പാലക്കാട്ട് പ്രദേശത്തെ മററു പലയിടങ്ങളിലും തോട്ടം തൊഴിലാളികളും ട്രേഡ്‌യൂണിയനടിസ്ഥാനത്തിൽ സംഘടിച്ചു തുടങ്ങി. 1943 മുതൽ 1946 വരെയുള്ള കാലഘട്ടത്തിൽ എം. പി. ററി. യു. സി. യുടെ പ്രവർത്തനഫലമായി മദിരാശി, ആന്ധ്ര, കേരളം, മൈസൂർ, പോണ്ടിച്ചേരി എന്നിവിടങ്ങളിലുള്ള എല്ലാ വിഭാഗങ്ങളിലെ തൊഴിലാളികളെയും എല്ലാവിധ രാഷ്ട്രീയാഭിപ്രായക്കാരായ ട്രേഡ്‌യൂണിയൻ നേതാക്കൻമാരെയും സംഘടനയ്ക്കുള്ളിൽ കൊണ്ടുവരാൻ കഴിഞ്ഞുവെന്ന് ബാലചന്ദ്രമേനോൻ അനുസ്മരിക്കുന്നു.

ട്രേഡ്‌യൂണിയൻ പ്രവർത്തനം പുതിയ മേഖലകളിലേക്ക് വ്യാപിച്ചു തുടങ്ങി എന്നതു് ശ്രദ്ധേയമായ മറെറാരു വസ്തുതയാണ്. തിരുവണ്ണൂർ കോട്ടൺ മില്ലിലെ തൊഴിലാളികളും യൂണിയൻ പ്രവർത്തകരുമായ മാനായിക്കോടന്റെയും മററും പരിശ്രമഫലമായി 1942 മാർച്ച് മാസത്തിൽ കോഴിക്കോട്ടെ ഏതാനും കള്ളഷാപ്പുകളിലെ ചെത്തു തൊഴിലാളികൾ ഒന്നിച്ചു കൂടി. "കോഴിക്കോട് ചെത്തുതൊഴിലാളി യൂണിയൻ" എന്ന പേരിൽ ഒരു സംഘടന രൂപീകരിച്ചു.

പ്രാരംഭത്തിൽത്തന്നെ കോഴിക്കോട് മുൻസിപ്പാലിററിയിലെ പതിനഞ്ചോളം വരുന്ന കള്ളഷാപ്പുകളിലെ ഇരുനൂററിൽപ്പരം ചെത്തു തൊഴിലാളികൾ യൂണിയനിൽ അംഗങ്ങളായി. സംഘടനാപരമായി നാലു ഡിവിഷൻ കമ്മററികൾ രൂപീകരിക്കുകയും ആഫീസുകൾ തുറന്ന് പ്രവർത്തനമാരംഭിക്കുകയും ചെയ്തു. യൂണിയൻ രൂപീകരിക്കുന്നതിനു് മുൻപ് ചെത്തു തൊഴിലാളികളുടെ കൂലി (ദിവസത്തിൽ പത്തു് തെങ്ങുകൾ ചെത്തിയാൽ) 8 അണ– 9 അണ ആയിരുന്നു. കോൺട്രാക്ടരുടെ ശകാരവും മർദ്ദനവും പലപ്പോഴും തൊഴിലാളികൾക്ക് സഹിക്കേണ്ടതായും വന്നിരുന്നു. ചെത്തു തൊഴിലാളികളുടെയിടയിൽ രണ്ടു വിധത്തിലുള്ള വേതന സമ്പ്രദായമായിരുന്നു അക്കാലത്തുണ്ടായിരുന്നതു്. (1) ഷാപ്പിലേക്ക് ശമ്പളത്തിനു് ചെത്തുന്ന തൊഴിലാളികൾ. (2) "ജമ"ക്കാർ—ജമയ്ക്കു ചെത്തുന്നവർ സ്വന്തം വൃക്ഷങ്ങൾ എടുത്തു ചെത്തി കള്ളഷാപ്പിലേക്ക് അളന്നു കൊടുക്കുന്നതിനുള്ള കൂലി വാങ്ങുന്നവരാണ്. 100 കുററി (ഒരു കുററിഏകദേശം ഒന്നര ലിററർ) കള്ളിനു് 15 ക. ആയിരുന്നു അന്നു് തൊഴിലാളികൾക്ക് കിട്ടിയിരുന്നതു്. യൂണിയന്റെ പരിശ്രമഫലമായി നിലവിലുള്ള കൂലിയിലും സേവനവ്യവസ്ഥകളിലും മാററം വന്നു. ശമ്പളക്കാരായ തൊഴിലാളികൾക്ക് പത്തു തെങ്ങിനു് മാസത്തിൽ ഇരുപത്തിരണ്ടു രൂപാ ശമ്പളവും ക്ഷാമബത്തയായി മാസത്തിൽ രണ്ടു രൂപയും ലഭിച്ചു. ജമക്കാർക്ക് കള്ളുവില 100 കുററിക്കു 18 ക. യാക്കി ഉയർത്തി. പിന്നീട് കൊല്ലം തോറും ശമ്പളവർധനവുണ്ടായി. മററു സേവനവ്യവസ്ഥകളും അംഗീകരിപ്പിക്കുവാൻ യൂണിയനു് കഴിഞ്ഞിരുന്നു. ഈ കാലഘട്ടത്തിലാണ് കമ്മ്യൂണിസ്റ്റ് പാർട്ടി ജനറൽ സെക്രട്ടറി സ: പി. സി. ജോഷി കോഴിക്കോട്ടുവന്നതു്.

അന്ന് ചെത്തുതൊഴിലാളികൾ പണിയായുധങ്ങൾ അരയിൽ കെട്ടി സ: ജോഷിക്ക് ആവേശകരമായ സ്വീകരണം നൽകുകയുണ്ടായി. പിന്നണിയിൽ കിടക്കുന്ന ചെത്തുതൊഴിലാളികളെ സാമൂഹികമായും സാമ്പത്തികമായും സാംസ്കാരികമായും ഉയർത്താൻ യൂണിയന് കഴിഞ്ഞു. ചെത്തു തൊഴിലാളികൾക്ക് അഭിനന്ദനാർഹമായ നേട്ടങ്ങളുണ്ടാക്കി പ്രവർത്തിക്കുന്നതിനിടയിലാണ് കോൺഗ്രസ് ഗവണ്മെൻറിൻെറ മദ്യനിരോധനം വരുന്നത്. അന്ന് മദിരാശി സംസ്ഥാനത്തിൻെറ ഭാഗമായ മലബാറിൽ 1947 ഒക്ടോബർ ഒന്നു മുതൽ മദ്യനിരോധനം നടപ്പിലാക്കി. മദ്രാസ് അസംബ്ലിയിൽ മലബാറിൽ നിന്നുള്ള എം.എൽ.എ. മാർ കക്ഷിഭേദമെന്യേ തൊഴിൽ നഷ്ടപ്പെട്ട ചെത്തു തൊഴിലാളികളുടെ പ്രശ്നം ഉന്നയിച്ചതിൻെറ അടിസ്ഥാനത്തിൽ മലബാറിൽ പരിമിതമായ തോതിൽ ചക്കരെച്ചു ചെത്തുന്നതിന് സഹകരണ സംഘങ്ങൾ രൂപീകരിക്കാൻ അനുമതി നൽകുകയുണ്ടായി. ഇതിനേത്തുടർന്ന് ചുരുക്കം ചില ചെത്തുതൊഴിലാളികൾക്ക് ചക്കരെ ചെത്തു മൂലം പ്രയോജനം ലഭിക്കുകയുണ്ടായി. പക്ഷേ, മദ്യനിരോധനത്തിൻെറ ഫലമായി കള്ളവാററും വ്യാജമദ്യ വിൽപ്പനയും കുടിൽ വ്യവസായമായി മാറുകയാണുണ്ടായത്. മദ്യനിരോധനത്തിൻെറ ഫലമായി ചെത്തു തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെട്ടു. ഗവണ്മെൻറിന് റവന്യൂ നഷ്ടവുമുണ്ടായി. മദ്യവർജനം പരാജയപ്പെട്ടു എന്ന യാഥാർത്ഥ്യം മനസ്സിലാക്കി. 1967-ൽ ഐക്യമുന്നണി ഗവണ്മെൻറ് നിരോധനം പിൻവലിച്ചതോടെ മലബാർ പ്രദേശത്ത് ചെത്തു തൊഴിലാളികൾക്ക് വീണ്ടും ജോലിയും കൂലിയും ലഭിച്ചു തുടങ്ങി.

## രണ്ടാം ലോകമഹായുദ്ധത്തിനു ശേഷം

യുദ്ധ കാലത്ത് യുദ്ധ യത്നങ്ങൾക്ക് വിഘാതമുണ്ടാകാതിരിക്കാൻ വേണ്ടി വ്യവസായ സമാധാനം നിലനിറുത്തുന്നതിന് A I T U C ട്രേഡ് യൂണിയനുകൾ ശ്രദ്ധിച്ചിരുന്നുവെന്ന് മുൻപ് പ്രസ്താവിച്ചുവല്ലോ. എന്നാൽ യുദ്ധാവസാനത്തോടുകൂടി ഈ നിലയിൽ മാററമുണ്ടായി. യുദ്ധത്തിൻെറ അന്ത്യഘട്ടങ്ങളിൽത്തന്നെ ക്ഷാമബത്തയ്ക്കും ബോണസ്സിനും വേണ്ടിയുള്ള നിരന്തരമായ പ്രക്ഷോഭണങ്ങൾ മലബാറിലാകെ ആരംഭിച്ചു. 1945-ൽ വടകരയിൽ നടന്ന ബീഡിചുരുട്ടു തൊഴിലാളി സമരം ഇതിന് ഒരു ഉദാഹരണമാണ്. ഈ സമരത്തിൻെറ ഒരു പ്രത്യേകത സംഘടിതരായ കൃഷിക്കാർ ബീഡിചുരുട്ടു തൊഴിലാളികളുടെ അവകാശ സമ്പാദനത്തിനു വേണ്ടി അനൽപ്പമായ സഹായം ചെയ്തു എന്നുള്ളതാണ്. യുദ്ധം അവസാനിക്കുന്നതിനു മുൻപു തന്നെ ഫറൂക്ക്, ചെറുവണ്ണൂർ പ്രദേശങ്ങളിൽ ഓട്ടു തൊഴിലാളികളുടെ പണിമുടക്ക് സമരങ്ങൾക്ക് അവിടത്തെ ട്രേഡ് യൂണിയനുകൾ നേതൃത്വം നൽകി.

1945 ആകുമ്പോഴേയ്ക്കും ഇൻഡ്യയിലെ സ്ഥിതിയാകെ മാറി. ബഹുജന സമരങ്ങൾ നാടാകെ വളർന്നു വന്നു. 1945-ൽ മാത്രം ഏതാണ്ട് എട്ടു ലക്ഷം തൊഴിലാളികൾ പണിമുടക്ക് സമരങ്ങളിൽ ഏർപ്പെട്ടിരുന്നു. ഇവ കേവലം സാമ്പത്തികാവശ്യങ്ങൾക്ക വേണ്ടി മാത്രമായിരുന്നില്ല. ഇന്തോനേഷ്യയിലെ സ്വാതന്ത്ര്യ സമരം അടിച്ചമർത്താനായി ആയുധങ്ങൾ കയററിക്കൊണ്ടു പോകാൻ അധികാരികൾ തീരുമാനിച്ച അവസരത്തിൽ ബോംബെയിലെ തൊഴിലാളികൾ എതിർത്തു. ഐ. എൻ. ഏ തടവുക്കാരുടെ ശിക്ഷയ്ക്കെതിരായി കൽക്കത്താ തൊഴിലാളികൾ നടത്തിയ സമരം ഗംഭീരവിജയമായിരുന്നു. ഈ സമരത്തിൽ വിദ്യാർത്ഥികളും ചേരുകയുണ്ടായി. കർഷകസമരങ്ങളും ഇടയ്ക്കിടെ പൊട്ടിപ്പുറപ്പെടുകയുണ്ടായി. ബംഗാളിലെ 'തേഭാഗ' സമരം വീണ്ടും ആരംഭിച്ചതു് ഈയവസരത്തിലാണ്. കേരളത്തിലും യു. പി. യിലും ബീഹാറിലും ബോംബെയിലും ധാരാളം കർഷകസമരങ്ങൾ ഉണ്ടായി സമരത്തിൻെറ അലകൾ മററു വിഭാഗങ്ങളിലേക്കും വ്യാപിച്ചുതുടങ്ങി. വിമാനസേനയിലും നാവികസേനയിലും കലാപം പൊട്ടിപ്പുറപ്പെട്ടതു് 1946 ജനുവരി ഫെബ്രുവരി മാസങ്ങളിലാണ്. ബോംബയിൽ 1500 വൈമാനികർ പണിമുടക്കി രണ്ടായിരം നാവികരും താമസംവിനാപണിമുടക്കി. "വിപ്ലവം ജയിക്കട്ടെ, സാമ്രാജ്യത്വം നശിക്കട്ടെ" എന്ന മുദ്രാവാക്യം ഉയർത്തിക്കൊണ്ടാണ് സൈനിക കലാപങ്ങളുണ്ടായതു്. ഈ കലാപം വിശാഖപട്ടണം, കറാച്ചി, ദെൽഹി എന്നിവിടങ്ങളിലെല്ലാം വ്യാപിച്ചു. 1946 ഫെബ്രുവരി 15-ാം തീയതി ബോംബെ പട്ടണമാകെ ഹർത്താലാചരിച്ചു. രണ്ടുലക്ഷം തൊലാളികളാണ് അന്നു് പണിമുടക്കിയതു്. രാജ്യമാകെ ഈ കലാപകാരികളുടെ കൂടെയായിരുന്നു. യുദ്ധാനന്തരഘട്ടത്തിലുണ്ടായ സമരങ്ങളിലും കലാപങ്ങളിലുമൊക്കെ ട്രേഡ്യൂണിയനുകൾ മുൻപന്തിയിൽ നിന്നു് പ്രവർത്തിക്കുകയുണ്ടായി.

യുദ്ധാവസാനത്തിനും സ്വാതന്ത്ര്യലബ്ധിക്കും ഇടയ്ക്കുള്ള കാലഘട്ടത്തിൽ ഉത്തരകേരളത്തെ പിടിച്ചു കുലുക്കുന്ന പല സമരങ്ങൾക്കും ട്രേഡ്യൂണിയനുകൾ നേതൃത്വം നൽകി. ദക്ഷിണേന്ത്യൻ റെയിൽവേ തൊഴിലാളി പണിമുടക്കം അഖിലേൻഡ്യാടിസ്ഥാനത്തിൽ നടന്ന കമ്പിത്തപാൽ ജീവനക്കാരുടെപണിമുടക്കം മലബാർ, തെക്കൻകർണ്ണാടകജില്ലകളിൽ നടന്ന ബീഡി ചുരുട്ടു തൊഴിലാളികളുടെ പണിമുടക്കം പ്രാദേശികാടിസ്ഥാനത്തിൽനടന്ന പാപ്പിനിശ്ശേരിയിലെ അറോൺമിൽ പണിമുടക്കവും ശ്രദ്ധേയങ്ങളായ ട്രേഡ്യൂണിയൻ പ്രവർത്തങ്ങളായിരുന്നു. അറോൺമിൽ തൊഴിലാളി യൂണിയൻ പ്രസിഡണ്ടു് സി. കണ്ണനായിരുന്നു. ജനറൽ സെക്രട്ടറി കാന്തലോട്ടുകുഞ്ഞമ്പുവും. പണിമുടക്കിൻെറ പ്രധാന സംഘാടകനായി പി. കൃഷ്ണപിള്ളയും ഉണ്ടായിരുന്നു. ഗുണ്ടകളെ ഉപയോഗിച്ച് തൊഴിലുടമ വൻപിച്ച മർദ്ദനം അഴിച്ചുവിട്ടു. എന്തിനു് പി. കൃഷ്ണപിള്ളയെത്തന്നെ തല്ലി

പരുക്കേൽപ്പിച്ചു. അതിനാൽ അദ്ദേഹം കുറെ ദിവസം ആശുപത്രിയിൽ കഴിച്ചു കൂട്ടേണ്ടിവന്നു. കൃഷിക്കാർ എല്ലാവിധ സഹായങ്ങളും ചെയ്തു പണിമുടക്കിയ തൊഴിലാളികളെ സഹായിച്ചു. പാപ്പിനിശ്ശേരിയിൽ നിന്നു് കോഴിക്കോട് കലക്ടറേററിലേക്കു് സംഘടിപ്പിച്ച കാൽനടജാഥ ആവേശകരമായ ഒരു സംഭവമായിരുന്നു.

ഇക്കാലത്തു് മലബാറിലാകെ നടന്ന ബീഡിചുരുട്ടു തൊഴിലാളി പണിമുടക്കവും സുദീർഘമായ ഒരു സമരമായിരുന്നു. പണിമുടക്കം എങ്ങനെയെങ്കിലും പൊളിക്കുക—ഇതായിരുന്നു പോലീസിന്റേയും തൊഴിലുടമകളുടെയും പദ്ധതി. പണിമുടക്കിയ തൊഴിലാളികളെ പോലീസ് അറസ്റ്റു് ചെയ്തു മർദ്ദിച്ചു. സി. എച്ച്. കണാരന്റെ നേതൃത്വത്തിൽ പ്രവർ പ്രവർത്തിച്ചു വന്ന തലശ്ശേരി ബീഡിത്തൊഴിലാളി യൂണിയനും കണ്ണൂർ പ്രദേശങ്ങളിലെ യൂണിയനുകളും സമരത്തിനു് ആവേശകരമായ നേതൃത്വം നൽകി. ഒടുവിൽ രണ്ടു മാസത്തെ സമരത്തിനുശേഷം ആ സമരം വിജയകരമായി പര്യവസാനിച്ചു. മലബാർ പ്രദേശം ഉൾക്കൊണ്ടിരുന്ന അന്നത്തെ മദിരാശി പ്രവിശ്യയിൽ ടെക്സ്റ്റൈൽ തൊഴിലാളികൾ ഉജ്വലമായ പോരാട്ടങ്ങൾ നടത്തുകയുണ്ടായി. മുതലാളിമാർ ഏർപ്പെടുത്തിയ ഏകപക്ഷീയമായ റാഷനലൈസേഷൻ പദ്ധതികൾക്കെതിരായി കോയമ്പത്തൂർ ടെക്സ്റ്റൈൽ തൊഴിലാളികൾ വീരോചിതമായി സമരം ചെയ്തു. പോലീസ് വെടിവയ്പ്പു നടത്തി നാലു തൊഴിലാളികളെ കൊന്നുവെങ്കിലും തൊഴിലാളി സമരം വിജയിക്കുകയും റാഷനലൈസേഷൻ പദ്ധതിയിൽ സാരമായ മാററങ്ങൾ വരുത്തുവാൻ കഴിയുകയും ചെയ്തു. ഇതു് ഉത്തരകേരളത്തിലെ ടെക്സ്റ്റൈൽ തൊഴിലാളികളുടെ ശക്തി വർധിപ്പിച്ചു. ഇക്കാലത്തു് (1946-ൽ) തന്നെയാണു് കേരളത്തിലെ റെയിൽവെ തൊഴിലാളികൾ കൂടി ഉൾപ്പെട്ട ദക്ഷിണേന്ത്യൻ റെയിൽവെ പണിമുടക്കം സഖാക്കൾ കല്യാണസുന്ദരത്തിന്റെയും അനന്തൻ നമ്പ്യാരുടെയും നേതൃത്വത്തിൽ നടന്നതു്. ശമ്പള വർധനവു് ക്ഷാമബത്ത തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടു് നടത്തിയ ഈ പണിമുടക്കത്തെ അമർത്തുവൻ വെടിവയ്പുകളും ലാത്തിച്ചാർജ്ജുകളും പലയിടങ്ങളിലും നടന്നു. പണിമുടക്കു് പിൻവലിക്കേണ്ടിവന്നുവെങ്കിലും തൊഴിലാളികൾ ഉന്നയിച്ച അവകാശവാദങ്ങൾ ഗവണ്മെൻറിനു് പടിപടിയായി അംഗീകരിക്കേണ്ടി വന്നു.

ഉത്തര കേരളത്തിൽ തോട്ടം തൊഴിലാളികൾ ആദ്യമായി പണിമുടക്കിയതു് 1946 ജൂലൈ മാസത്തിലാണു്. മാനന്തവാടിയിലെ തലപ്പുഴയിലാണു് കൂലി വർധനവിനു വേണ്ടിയുള്ള ഈ പണിമുടക്കം നടന്നതു്. അന്നു് പുരുഷന്മാർക്കു് ഏഴണയും സ്ത്രീകൾക്കു് അഞ്ചണയുമായിരുന്നു ദിവസക്കൂലി. അതു് ഒന്നേകാൽ രൂപയും ഒരു രൂപയുമായി യഥാക്രമം വർധി

പ്പിച്ചു കിട്ടുന്നതിനാണ് പണിമുടക്കം നടന്നത്. പിന്നോക്കം നിൽക്കുന്ന തൊഴിലാളി വിഭാഗങ്ങൾ ട്രേഡ് യൂണിയനടിസ്ഥാനത്തിൽ സംഘടിച്ചു തുടങ്ങിയതും ഈ കാലഘട്ടത്തിലായിരുന്നു. ഉദാഹരണത്തിന് തീപ്പെട്ടി ഫാക്ടറികളിലെ തൊഴിലാളികളും രംഗത്തിറങ്ങിയത് 1946–ൽ ആയിരുന്നു. ഒലവക്കോട് തീപ്പെട്ടി തൊഴിലാളി യൂണിയൻ അവകാശങ്ങൾക്ക് വേണ്ടി സമരം ചെയ്യുകയും പിക്കററിംഗ് നടത്തുകയും ചെയ്യുകയുണ്ടായി. തലശ്ശേരിയിൽ ചുമട്ടുതൊഴിലാളികൾ സംഘടിതരായി. കണ്ണൂരിൽ ലതർ വർക്കേഴ്സ് യൂണിയനും സജീവമായി പ്രവർത്തിച്ചു തുടങ്ങി. മുൻസിപ്പൽ തൊഴിലാളികൾ ശ്രദ്ധേയമായ വിജയങ്ങൾ നേടിയെടുത്തത് ഈ കാലഘട്ടത്തിലാണ്. മുൻസിപ്പൽ തൊഴിലാളികൾ നടത്തിയ പണിമുടക്കിൽ രണ്ടു സ്ത്രീത്തൊഴിലാളികൾ അതായത് ചീരുതയും മാണിയും കാണിച്ച ആവേശവും സംഘടനാപരമായ കഴിവും അക്കാലത്തെ തൊഴിലാളി പ്രസ്ഥാനത്തെ ആകെ കോൾമയിർക്കൊള്ളിച്ച വസ്തുതയാണ്.

കോഴിക്കോട്ട് 1946 സെപ്റ്റംബർ മാസം നടന്ന മുൻസിപ്പൽ തൊഴിലാളി പ്രക്ഷോഭണം വളരെ ശക്തിമത്തായിരുന്നു. തലശ്ശേരിയിലും മുൻസിപ്പൽ തൊഴിലാളികൾ പണിമുടക്കി ഇടക്കാലാശ്വാസം നേടുകയുണ്ടായി. മദ്രാസ് പ്രവിശ്യയിലാകമാനം 1946–ൽ നടന്ന മുൻസിപ്പൽ തൊഴിലാളി പണിമുടക്കങ്ങളുടെ ഫലമായി അവരുടെ അവകാശങ്ങൾ പരിശോധിച്ച് വേണ്ടത് ചെയ്യാനായി മദിരാശി ഗവൺമെൻറ് ഒരു കൺസിലിയേററെ നിയമിക്കുകയുണ്ടായി. ഫാക്ടറി നിയമം 1945–ൽ ഭേദഗതി ചെയ്യപ്പെട്ടതോടുകൂടി ശമ്പളത്തോടുകൂടിയ അവധി നൽകണമെന്ന വ്യവസ്ഥവന്നു. കാഷ്വൽലീവും സിക്കുലീവും ആവശ്യപ്പെട്ടപ്പോൾ കാഷ്വൽ ലീവാക്കി അത് മാററുവാൻ മാനേജ്മെൻറ് ശ്രമിച്ചു. നിർബ്ബന്ധിത തൊഴിലില്ലായ്മ ലീവിലേക്കും ഈ ലീവ് തട്ടിക്കഴിക്കുവാൻ മാനേജ്മെൻറ് ശ്രമിച്ചു. ശമ്പളത്തോടുകൂടിയ അവധി കൊടുക്കേണ്ട ബാദ്ധ്യതയിൽ നിന്ന് തങ്ങളുടെ ഫാക്ടറികളെ ഒഴിവാക്കി കിട്ടുന്നതിന് മാനേജ്മെൻറുകൾ വേണ്ട ശ്രമങ്ങൾ നടത്തി. പന്ത്രണ്ടു ഫാക്ടറികളും പതിനായിരം തൊഴിലാളികളുമുള്ള കോമൺ വെൽത്ത് ട്രസ്റ്റ് ഇതിന് മുൻകൈയെടുത്തു. എം. പി. ടി. യു. സി. യും കേരളാ റീജിയണൽ ട്രേഡ്യൂണിയൻ കോൺഗ്രസ്സും ഇതിനെതിരായി വിജയകരമായ സമരങ്ങൾ നടത്തി. മലബാറിലെ കൈത്തറിനെയ്ത്തു തൊഴിലാളി യൂണിയൻ തൊഴിലില്ലായ്മയ്ക്കെതിരായി ഇക്കാലത്താണ് സമരരംഗത്തിറങ്ങിയത്. പി. കെ ബാലകൃഷ്ണനായിരുന്നു കോഴിക്കോട്ടെ കൈത്തറി നെയ്ത്തു തൊഴിലാളി യൂണിയൻ പ്രസിഡൻറ്. മലബാറിലാകെ അന്ന് അറുപത്തയ്യായിരം കൈത്തറിനെയ്ത്തു തൊഴിലാളികളുണ്ടായിരുന്നു. ടെക്സ്റ്റൈൽമിൽ തൊഴിലാളികളും തങ്ങളുടെ

തൊഴിലുടമകളുടെ പ്രവർത്തനങ്ങൾക്കെതിരായി ശബ്ദമുയർത്തി. കണ്ണൂരിലെ നെയ്ത്തുതൊഴിലാളികൾ അക്കാലത്ത് കൂലിവർദ്ധനവ് നേടിയെടുത്തു.

അക്കാലത്തെ മലബാറിലെ ട്രേഡ്‌യൂണിയൻ പ്രസ്ഥാനത്തിന്റെ ശ്രദ്ധേയമായ രണ്ട് പ്രത്യേകതകൾ കല്ലാട്ട് കൃഷ്ണൻ അനുസ്മരിക്കുന്നുണ്ട് (1) ഓരോ വ്യവസായകേന്ദ്രങ്ങളിലും ഉള്ള യൂണിയനുകളുടെ കേന്ദ്രീകൃത പ്രവർത്തന ശൈലിയായിരുന്നു. കോഴിക്കോട്, കണ്ണൂർ തുടങ്ങിയ പ്രദേശങ്ങളിൽ ടൗൺ ടി. യു. കൗൺസിലുകൾ വിവിധ ട്രേഡ്‌യൂണിയനുകൾക്ക് പൊതുവായ നേതൃത്വം നൽകുന്നുണ്ടായിരുന്നു. രണ്ടാമത്തെ പ്രത്യേകത റെയിൽവേ തൊഴിലാളി യൂണിയന്റെ ഇതര തൊഴിലാളി വിഭാഗങ്ങളോടുള്ള മാതൃകാപരമായ സഹകരണമായിരുന്നു. ഷൊർണ്ണൂർ, കാസർകോട് എന്നീ പ്രദേശങ്ങളിൽ ഇതരതൊഴിലാളി വിഭാഗങ്ങളിൽ ട്രേഡ്‌യൂണിയൻ രജിസ്റ്റർ ചെയ്യുന്നതിനും പ്രവർത്തനം നടത്തുന്നതിനും റെയിൽവേ തൊഴിലാളി യൂണിയനുകൾ മാതൃകാപരമായി സഹായം നൽകുകയുണ്ടായി.

എ. ഐ. ടി. യു. സി യൂണിയനുകളോടൊപ്പം മലബാർ പ്രദേശത്ത് വിഭിന്നമായ മറ്റൊരു ട്രേഡ് യൂണിയൻ സമൂഹവും ഇക്കാലത്ത് നിലവിൽ വന്നു തുടങ്ങി. ദേശീയ തൊഴിലാളി യൂണിയനുകൾ എന്നും അതിൽ പിന്നീട് ലേബർ കോൺഗ്രസ്സ് എന്നും ഈ യൂണിയനുകൾ അറിയപ്പെട്ടുതുടങ്ങി. 1942-ൽ തന്നെ ഉത്തര കേരളത്തിൽ പലയിടങ്ങളിലും ദേശീയ തൊഴിലാളി യൂണിയനുകൾ സംഘടിപ്പിച്ചു. ഈ യൂണിയനുകളെല്ലാം തന്നെ എ. ഐ. ററി. യു. സിയിൽ നിന്നു വിട്ടുനിന്നു. കെ. പി. കുട്ടികൃഷ്ണൻ നായർ, ഐ. പി കൃഷ്ണൻ തുടങ്ങിയവർ ഈ വിഭാഗത്തിലെ പ്രധാന പ്രവർത്തകരായി ഉയർന്നുവന്നു. പല രംഗങ്ങളിലും എ. ഐ. ററി. യു. സി യൂണിയനുകളും ദേശീയ തൊഴിലാളി യൂണിയനുകളും തമ്മിൽ മത്സരങ്ങളുമുണ്ടായി. ദേശീയ തൊഴിലാളി യൂണിയനുകളും ലേബർ കോൺഗ്രസ്സ് യൂണിയനുകളുമാണ് പിൽക്കാലത്ത് ഐ. എൻ. ടി. യു. സി യിൽ ലയിപ്പിച്ചുകൊണ്ട് കേരളത്തിലെ ഐ. എൻ. ടി. യു. സി പ്രസ്ഥാനത്തിന് രൂപം നൽകിയത്.

## മദ്ധ്യകേരളത്തിലെ ട്രേഡ് യൂണിയൻ പ്രവർത്തനം

അന്തിക്കാട്ടെ ചെത്തുതൊഴിലാളി യൂണിയന്റെ ഊർജസ്വലമായ പ്രവർത്തനങ്ങളായിരുന്നു ഏററവും ശ്രദ്ധേയമായിട്ടുള്ളത്. രണ്ടാം ലോക മഹായുദ്ധകാലത്ത് ഈ യൂണിയനെ നിരോധിച്ചിരുന്നുവല്ലോ. ഏററവും കിരാതമായ ഈ പൗരസ്വാതന്ത്ര്യധ്വംസനത്തിനെതിരായി രാജ്യവ്യാപകമായി അലയടിച്ചുയർന്ന പ്രക്ഷോഭണത്തെത്തുടർന്ന്

1946–ൽ ഗവണ്മെൻറ് നിരോധനം പിൻവലിക്കേണ്ടി വന്നു. ആറു മാസം കഴിഞ്ഞപ്പോഗം വീണ്ടും പോലീസ് മർദ്ദനം ആരംഭിച്ചു. അക്കാലത്തു നടന്ന പിരിച്ചുവിടലിനെതിരായി തൊഴിലാളികഠം പണിമുടക്കിയപ്പോഴാണു് മർദ്ദനപരിപാടികഠം ആസൂത്രണം ചെയ്തതു്. അതോടുകൂടി തൊഴിലുടമകഠം ലോക്കൌട്ടും പ്രഖ്യാപിച്ചു. പണി തുടങ്ങണമെങ്കിൽ യൂണിയൻ പിരിച്ചുവിടണമെന്നാണു് അക്കാലത്തു് കൊച്ചി ഗവണ്മെൻറിൻെറ ചീഫ് സെക്രട്ടറി പുറപ്പെടുവിച്ച വിചിത്രമായ കൽപന

മൂന്നു മാസക്കാലം പണിമുടക്കും ലാക്കൌട്ടും തുടർന്നു. തൊഴിലാളികളുടെ ധീരമായ ചെറുത്തുനിൽപ്പിൻെറ മുൻപിൽ ഗവണ്മെൻറിൻെറ തന്ത്രം ഫലിക്കുന്നില്ലെന്നു് കണ്ടപ്പോഗം ഷാപ്പുകഠം തുറന്നു് മററു താലൂക്കുകളിൽ നിന്നു് കള്ളു്കൊണ്ടു വന്നു് വിൽക്കാനും കരിങ്കാലികളെ ഇറക്കുമതി ചെയ്യാനും തുടങ്ങി. അതിനെ ബലം പ്രയോഗിച്ചു് തടയാൻ തൊഴിലാളികഠം നിർബ്ബന്ധിതരായി. കരിങ്കാലികഠം ചെത്തിയിരുന്ന തെങ്ങുകളുടെ മുഴവൻ കുലകളും ഒററ രാത്രികൊണ്ടു് വെട്ടി നശിപ്പിച്ചു. സമരം പൊളിക്കാനുള്ള ഭരണാധികാരികളുടെ എല്ലാ തന്ത്രവും പരാജയപ്പെട്ടതോടെ ഒരു തുറന്ന യുദ്ധത്തിനാണു് ഗവണ്മെൻറ് ഒരുമ്പെട്ടതു്. അന്തിക്കാട്ടു് പ്രദേശത്തെ 12 വില്ലേജുകളിലും 144–ാം വകുപ്പനുസരിച്ചുള്ള നിരോധനവും കർഫ്യൂനിയമവും നടപ്പാക്കി. വില്ലേജ്തോറും പട്ടാളക്യാമ്പുകഠം സ്ഥാപിച്ചുകൊണ്ടു് നാട്ടനീളെ മർദ്ദനമഴിച്ചുവിട്ടു. ചെത്തുതൊഴിലാളികളെ വേട്ടയാടിപ്പിടിച്ചു് ലോക്കപ്പിലിട്ടു തല്ലിച്ചതച്ചു. വീടുകഠം കയറി സ്ത്രീകളെ മർദ്ദിച്ചു. ബലാൽസംഗങ്ങഠം പോലും നടത്തി. മൂന്നു മാസക്കാലം നീണ്ടുനിന്ന ആ കർഫ്യൂ ഭരണത്തിൽ പോലീസ് നടത്തിയ നരവേട്ട വിവരിക്കാൻ പ്രയാസമാണു്. എന്നാൽ അതുകൊണ്ടൊന്നും തൊഴിലാളികളുടെ സമരപതാക താഴെ വെപ്പിക്കാൻ അവർക്കു് കഴിഞ്ഞില്ല. തീക്കട്ടയുടെ ചുവട്ടിൽ ഉറുമ്പരിച്ചെന്നു പറഞ്ഞതുപോലെ കർഫ്യൂഭരണത്തിൻെറ നടുവിലും ചെത്തുതൊഴിലാളികഠം കള്ളുഷാപ്പുകഠം പിക്കററ് ചെയ്തുകൊണ്ടു് ചെങ്കൊടി ഉയർത്തിപ്പിടിച്ചു. ഗവൺമെൻറിൻെറ ആവനാഴിയിലെ എല്ലാ മർദ്ദന ആയുധങ്ങളും അവസാനിച്ചപ്പോഗം വീണ്ടും യൂണിയൻ നിയമവിരുദ്ധമായി പ്രഖ്യാപിക്കപ്പെട്ടു. ഈ നിരോധനം അഞ്ചുവർഷക്കാലം നീണ്ടു നിൽക്കുകയും ചെയ്തു.

1947 ഫെബ്രുവരിയിൽ അന്തിക്കാട്ടു് നടന്ന സമരത്തിൽ പോലീസ് കർഫ്യൂ നിയമം ഏർപ്പെടുത്തിയപ്പോഗം അതിൻെറ രണ്ടാമത്തെ ആഴ്ചയിൽ സായുധപോലീസ് ഒരു ചെത്തുതൊഴിലാളിയുടെ വീട്ടിൽ ആണുങ്ങളില്ലാത്ത നേരത്തു് കയറിച്ചെന്നു് അയാളുടെ രണ്ടു സഹോദരിമാരെ ബലാൽസംഗം ചെയ്തുവെന്നുള്ള വാർത്ത സമരം നയിച്ചുകൊണ്ടിരുന്നവരിൽ ഒരാളായ K. P. പ്രഭാകരൻ തൃശ്ശൂരെ എക്സ്പ്രസ്സ്, പ്രജാമിത്രം എന്നീ പത്രങ്ങഠംക്കു് അയച്ചുകൊടുത്തു. ആ പ്രസ്താവന പ്രസിദ്ധീ

കരിച്ചതിന്ന് ഗവൺമെൻറു രണ്ടു പത്രങ്ങളും നിരോധിച്ചു. പക്ഷേ തൽക്കാലത്തേക്കെങ്കിലും പോലീസ് മർദ്ദനത്തിന്ന് ഒരു വിരാമമുണ്ടായി.

## കൊച്ചിയിലെ ഉത്തരവാദ ഭരണ പ്രക്ഷോഭവും തൊഴിലാളികളും

കൊച്ചീ രാജ്യത്തെ ജനസാമാന്യത്തിൻെറ ചിരകാലാഭിലാഷമായ ഉത്തരവാദ ഭരണ പ്രക്ഷോഭണത്തിന്ന് ഒരു പ്രകടിത രൂപം കൊടുക്കാനായി 1946 ജൂലൈ 29-ാം തീയതി ഉത്തരവാദ ഭരണദിനമായി കൊണ്ടാടുവാൻ കൊച്ചിയിലെ പ്രധാനപ്പെട്ട രാഷ്ട്രീയ കക്ഷികൾ (കൊച്ചീ രാജ്യ പ്രജാമണ്ഡലം, കമ്മ്യൂണിസ്റ്റ്പാർട്ടി എന്നിവ) ആഹ്വാനം നൽകി. ഇതിൽ മുൻകൈ എടുത്തു ഈ ദിനാചരണം വിജയിപ്പിക്കാനായി കൊച്ചിയിലെ ട്രേഡ് യൂണിയനുകളുടെ കേന്ദ്ര സംഘടനയായ എ. ഐ. ടി. യു. സി തൊഴിലാളികളോട് അഭ്യർത്ഥിച്ചിരുന്നു. തുറമുഖ പ്രദേശത്ത് ഇക്കാര്യത്തിൽ സജീവമായി പ്രവർത്തിച്ചതു് കൊച്ചിൻ ഹാർബർ വർക്കേഴ്സ് യൂണിയനും പോർട്ട്കാർഗോ ലേബർ യൂണിയനും ആലാത്തു പിരി തൊഴിലാളി യൂണിയനുമായിരുന്നു. അന്നു് ഹാർബറിൽ ഒൻപതു് കപ്പലുകൾ കിടപ്പുണ്ടായിരുന്നതിൽ ഒരെണ്ണത്തിലും ഒരു ഈച്ചപോലും അനങ്ങിയില്ല. ഒരൊററ തോണിപോലും അന്നു് കടലിലേക്കിറങ്ങിയില്ല. എന്തിന്ന് മച്ചുപാ തൊഴിലാളികൾ പോലും അന്നു് പണിമുടക്കി. ഉത്തരവാദഭരണദിനം കൊണ്ടാടി. അത്രയ്ക്കു പരിപൂർണമായിരുന്നു അന്നത്തെ രാഷ്ട്രീയ പണിമുടക്കം.

കൊച്ചീത്തുറമുഖത്തിൽ അക്കാലത്തു് കൊച്ചിൻ ഹാർബർ വർക്കേഴ്സ് യൂണിയൻ എന്ന സംഘടന പ്രവർത്തിക്കുന്നുണ്ടായിരുന്നു. ആദ്യകാലത്തു് പനമ്പിള്ളി ഗോവിന്ദമേനോനായിരുന്നു അതിൻെറ പ്രസിഡൻറു്. അതിനുശേഷം എം. ബി. കെ. മേനോനെ പ്രസിഡൻറായി തെരഞ്ഞെടുത്തു. അദ്ദേഹത്തിൻെറ സഹപ്രവർത്തകരായി അക്കാലത്തു് പ്രവർത്തിച്ചതു് എം. എൻ. താച്ചോ, എ. ജി. വേലായുധൻ തുടങ്ങിയവരായിരുന്നു. യുദ്ധകാലത്തു് ഹാർബറിൽ തൊഴിലാളികൾക്കു് ജോലിസ്ഥിരത പ്രായേണ ഒരു പ്രശ്നമല്ലായിരുന്നു. എങ്കിലും ജീവിക്കാൻ മതിയായ കൂലിയോ മററു തൊഴിൽ സാഹചര്യങ്ങളോ ലഭിച്ചിരുന്നില്ല. യുദ്ധം അവസാനിച്ചതിനുശേഷം ഒരു കൊല്ലത്തിനകം 16,000 തൊഴിലാളികളെ കൊച്ചിൻ ഹാർബറിൽ നിന്നു് പിരിച്ചുവിട്ടു. ഈ പിരിച്ചുവിടലിൻെറ ഫലമായി പണിയുള്ള തൊഴിലാളികളുടെ കുടുംബങ്ങളിൽത്തന്നെ മുൻപു് വേല ചെയ്തു ജീവിതമാർഗം സമ്പാദിച്ചിരുന്ന മററു അംഗങ്ങൾക്കു് പണിയില്ലാതാവുകയും അവർ പണിയുള്ള തൊഴിലാളികളുടെ വരുമാനത്തെ ആശ്രയിച്ചു ജീവിക്കേണ്ടി വരികയും ചെയ്തു. ഈ ദുഃസ്ഥിതിക്കു് പരിഹാര

മുണ്ടാക്കാനായി യൂണിയൻ വഴിയും അന്നത്തെ ട്രേഡ് യൂണിയൻ സംഘടനയായ അഖില കൊച്ചി ട്രേഡ് യൂണിയൻ കൗൺസിൽ വഴിയും നടത്തിയ ശ്രമങ്ങൾ പരാജയപ്പെട്ടു. സ്വാതന്ത്ര്യ പ്രാപ്തിയ്ക്കുശേഷമാണ് ഈ യൂണിയനു് വീണ്ടും പ്രവർത്തന സ്വാതന്ത്ര്യം ലഭിച്ചതു്.

ഈ കാലഘട്ടത്തിൽ എറണാകുളം പ്രദേശത്തു് നടന്ന ഏറ്റവും പ്രധാനപ്പെട്ട ട്രേഡ് യൂണിയൻ പ്രവർത്തനം പള്ളുരുത്തിയിൽ വച്ചു കൂടിയ ഒന്നാമത്തെ അഖില കൊച്ചി ട്രേഡ് യൂണിയൻ സമ്മേളനമാണ്. അന്നത്തെ സ്ഥിതിഗതികൾ ഇങ്ങനെ സംഗ്രഹിക്കാം. രണ്ടാം ലോകമഹായുദ്ധം 1945-ആഗസ്റ്റിലാണ് തീർന്നതു്. നവംബറിലെ സ്ഥിതി ഏതാണ്ടു് ഇപ്രകാരമായിരുന്നു.

പിരിച്ചയക്കപ്പെട്ടവർ: ഹാർബറിൽ നിന്നും 16,000
ബ്രണ്ടൻ കമ്പനിയിൽ നിന്നും 1500,
തൃപ്പൂണിത്തുറ കരിങ്കൽപ്പണിയിൽ
നിന്നു് 2000,
മധുരക്കമ്പനിയിൽ നിന്നു് 750,

എറണാകുളത്തെ എണ്ണക്കമ്പനികളിൽ നിന്നു് 200, ചാലക്കുടി ഹെർബർട്ട് സാമിൽസ്, സ്റ്റാൻഡേർഡ് ഫർണീച്ചർ കമ്പനികളിൽ നിന്നുമായി അറുന്നൂറിലധികം പേർ. ഇവരെക്കൂടാതെ ചില്ലറ വ്യവസായങ്ങളിൽ നിന്നും (ഉദാ: ഇരിങ്ങാലക്കുടയിലെ ഇരുന്നൂറിയൻപതു് മിലിട്ടറി തുന്നൽപ്പണിക്കാർ etc. മററു പലരേയും പിരിച്ചയച്ചിട്ടുണ്ടു്. ആസ്സാം റോഡ് പണി മുതലായവയ്ക്കു പോയിരുന്ന തൊഴിലാളികളും മടങ്ങിയെത്താൻ തുടങ്ങി. നവംബർ അവസാനമായപ്പോഴേയ്ക്കും ഇവരുടെ എണ്ണം മുപ്പത്തിനാലായിരം കവിഞ്ഞു. മടങ്ങിവന്ന പട്ടാളക്കാരുടെയും ഐ. എൻ. ഏ. ക്കാരുടെയും കണക്കുകൾ ഇതിൽ പെട്ടിട്ടില്ല. ഇവരെല്ലാം തൊഴിലന്വേഷിച്ചു അലഞ്ഞു തിരിയാൻ തുടങ്ങി. യുദ്ധത്തിനു് മുൻപുള്ള കാലങ്ങളിൽ തൊഴിലാളികൾക്കു് കിട്ടിയിരുന്ന കൂലി [illegible]രുടെ ജീവിതത്തിനു് ഒട്ടും തന്നെ മതിയായിരുന്നില്ല. യുദ്ധകാല[illegible] ഇതേ കൂലി തന്നെ തുടർന്നു, എന്നു മാത്രമല്ല, സാധനവില നാന്നൂറു[illegible]മാനം കണ്ടു വർധിച്ചിട്ടും നൂററിമുപ്പതു ശതമാനത്തിലധികം ക്ഷാമബ[illegible] ഒരു സ്ഥലത്തും അനുവദിച്ചിരുന്നില്ല. മുൻപ് ഒരു കുടുംബത്തിൽ നിന്നും ഓരാൾ മാത്രം പണിയെടുത്തിരുന്നതിനു പകരം, മൂന്നും നാലും പേർക്കു് പണി കിട്ടാവുന്ന സാഹചര്യം ഉണ്ടാവുകയും അങ്ങനെ ഒരു കുടുംബത്തിൽ തന്നെ പ്രായമെത്തിയവരും കുട്ടികളുമെല്ലാം സമ്പാദ്യക്കാരാവുകയും ചെയ്തതുകൊണ്ടു മാത്രമാണ് ഇത്രയും തുച്ഛമായ കൂലിക്കു് പണിയെടുത്തു ജീവിക്കാൻ തൊഴിലാളികൾക്കു് ഈ യുദ്ധകാലത്തു് കഴിവുണ്ടായതു്. (അവലംബം: ഒന്നാമത്തെ അഖില കൊച്ചി ട്രേഡ് യൂണിയൻ സമ്മേളന

റിപ്പോർട്ട്— 1946 ജനുവരി 13- പേജ് 2, 3) ഈ അവസരമുപയോഗിച്ച് മുതലാളിമാർ തൊഴിലാളികളുടെ കൂലി കുറയ്ക്കാൻ തുടങ്ങി. കൊച്ചി ഗവണ്മെൻറിൻെറ സപ്ലൈ വകുപ്പ് തന്നെ അതിനും നേതൃത്വം കൊടുത്തു. തൃശ്ശൂരുള്ള സെൻട്രൽ ഡിപ്പോവിലെ തൊഴിലാളികളുടെ കൂലി പന്ത്രണ്ടര ശതമാനം കണ്ട വെട്ടിക്കുറച്ചു. (പേജ് 4, സമ്മേളന റിപ്പോർട്ട്) തൊഴിലാളികൾ ഇതിനെ പ്രതിഷേധിച്ചു. തൊഴിലാളി രംഗം പ്രക്ഷുബ്ധമായി. പി. കെ. ഡീവറുടെ അദ്ധ്യക്ഷതയിൽ 1945 ഒക്ടോബർ 15-ാം തീയതി കൂടിയ പ്രതിഷേധയോഗവും ഒക്ടോബർ 31-ാം തീയതി എ. ഐ. ടി. യു. സി ദിനത്തിൽ പി. കെ. നാരായണൻെറ (S. R. ലേബർ യൂണിയൻ) അദ്ധ്യക്ഷതയിൽ കൂടിയ പൊതുയോഗവും ഈ ഉണർവ്വിനെ വിളിച്ചറിയിച്ചു. അന്നത്തെ കൊച്ചി ഗവൺമെൻറ് പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു പകരം ഒക്ടോബർ 23-ാം തീയതി പണിമുടക്ക്-ലോക്കൗട്ട് നിരോധന വിളംബരം പുറപ്പെടുവിച്ചു.

അന്ന് കേരളത്തിൽ തൊഴിലാളി വർഗത്തിൻെറ കേന്ദ്രസംഘടനയായി, (എ. ഐ. ടി. യു. സിയുടെ ശാഖയായി) പ്രവർത്തിച്ചു വന്നത് കേരളാ റീജിയണൽ ട്രേഡ് യൂണിയൻ കൗൺസിൽ ആയിരുന്നു. എൻ. സി. ശേഖറായിരുന്നു സെക്രട്ടറി. അതിൻെറ കീഴിൽ മലബാറിലും കൊച്ചി സംസ്ഥാനത്തും തിരുവിതാംകൂറിലും ഓരോ ട്രേഡ്യൂണിയൻ കൗൺസിൽ രൂപീകരിക്കുകയും ചെയ്യാൻ തീരുമാനിച്ചു. കൊച്ചിയിൽ അത്തരമുള്ള കൗൺസിൽ രൂപീകരിക്കാൻ 1945 ഡിസംബർ ഒൻപതാം തീയതിയാണ് തീരുമാനിച്ചത്. ഇതിൻെറ പ്രസിഡൻറ് പി. കെ. ഡീവർ M. L. C യും സെക്രട്ടറി ജോർജ്ജ് ചടയംമുറിയുമായിരുന്നു. മററു ഭാരവാഹികൾ M ഗോപാലപിള്ള, സി. ഒ. പോൾ, ചൊവ്വര പരമേശ്വരൻ, എബ്രഹാം പുല്ലൻ, പി. ഗംഗാധരൻ, പി. എസ്സ്. നമ്പൂതിരി, സി. എൽ. വർക്കി എന്നിവരായിരുന്നു. അതിൻെറ ആഭിമുഖ്യത്തിലാണ് ജനുവരി 13-ാം തീയതി ഒരു പൊതുസമ്മേളനം ചേർന്നത്. എന്നാൽ ഇതിൻെറ പ്രവർത്തനങ്ങളിൽ സഹകരിക്കാതെ മറെറാരു തൊഴിലാളി സംഘടന പ്രവർത്തിക്കുന്നുണ്ടായിരുന്നു. ആർ. എം. മനയ്ക്കലത്തിൻെറ നേതൃത്വത്തിൽ കേരളാ ലേബർ കോൺഗ്രസ് അക്കാലത്തു തന്നെ ചില സ്ഥലങ്ങളിൽ പ്രവർത്തിച്ചു തുടങ്ങിയിരുന്നു. വെള്ളാനിക്കരത്തോട്ടിൽ എസ്റ്റേററ് യൂണിയൻ, സീതാറാം മിൽ ലേബർ കോൺഗ്രസ്, മിനറൽ വർക്കേഴ്സ് യൂണിയൻ തുടങ്ങിയ ചില ട്രേഡ്യൂണിയനുകൾ 1944-ൽ തന്നെ ഈ വിഭാഗക്കാർ സ്ഥാപിച്ചിരുന്നു. ശ്രീ. ചൊവ്വര പരമേശ്വരനും എബ്രഹാം പുല്ലനും ഈ വിഭാഗത്തിൽ പിൽക്കാലത്തു് ചേരുകയും ചെയ്തു. എന്നിരുന്നാലും, പള്ളുരുത്തി സമ്മേളനത്തിൽ 32 യൂണിയനുകളിൽ നിന്നായി 58 പ്രതിനിധികൾ പങ്കെടുത്തിരുന്നു. അക്കാലത്തു് കെ. ആർ. ടി. യു. സി പ്രസിഡൻറായിരുന്ന ആർ. സുഗ

തന്നും സെക്രട്ടറി. എൻ. സി. ശേഖറും യോഗത്തിൽ പങ്കെടുത്തിരുന്നു. തൊഴിലില്ലായ്മ, വ്യവസായീകരണം എന്നിവയെപ്പററി രണ്ടു പ്രമേയങ്ങൾ യോഗം പാസ്സാക്കുകയുണ്ടായി. അടിയന്തിരാവശ്യങ്ങളായി താഴെ പറയുന്ന ആവശ്യങ്ങൾ ഉന്നയിച്ചു.

1. യൂണിയനുകളെ അംഗീകരിക്കുക.
2. കുറഞ്ഞ കൂലി മാസത്തിൽ കുറഞ്ഞതു് നാൽപ്പതു രൂപയാക്കി നിജപ്പെടുത്തുക.
3. വേല സമയം ആഴ്ചയിൽ നാൽപ്പതു് മണിക്കൂറാക്കി കുറയ്ക്കുന്നതിനുള്ള പ്രാരംഭമായി ആഴ്ചയിൽ നാൽപ്പത്തെട്ടു മണിക്കൂറാക്കി നിജപ്പെടുത്തുക.
4. തൊഴിലാളികൾക്കു് കൊല്ലത്തിൽ മൂന്നു മാസത്തെ ശമ്പളം ബോണസ്സായി അനുവദിക്കുക.
5. തൊഴിലാളികൾക്കു് അദാർക്കർ റിപ്പോർട്ടനുസരിച്ചു് ഹെൽത്ത് ഇൻഷ്വറൻസ് പദ്ധതികൾ നടപ്പിലാക്കുക.
6. തൊഴിലില്ലായ്മ ഇൻഷ്വറൻസ് പദ്ധതികൾ നടപ്പാക്കുക.
7. തൊഴിലില്ലായ്മ ഇൻഷ്വറൻസും വയസ്സുകാല പെൻഷനും അനുവദിക്കുക.
8. പത്തു പേരിലധികം പണിയെടുക്കുന്ന എല്ലാ വ്യവസായ ശാലകളേയും ഫാക്ടറി ആക്ടിൽ പെടുത്തുക.
9. ശമ്പളത്തോടുകൂടി കൊല്ലത്തിൽ പതിന്നാലു ദിവസം അവകാശാവധിയും ശമ്പളത്തോടുകൂടി പത്തിൽ കുറയാത്ത വിശേഷ ദിവസ അവധിയും അനുവദിക്കുക.
10. രാത്രിയും പകലും പണിയെടുപ്പിക്കുന്ന വ്യവസായശാലകളിൽ പകൽ ഷിഫ്ടിന്നു എട്ടു മണിക്കൂറും വൈകുന്നേരം ഷിഫ്ടിന്നു് ഏഴു മണിക്കൂറും രാത്രി ഷിഫ്ടിന്നു് ആറു മണിക്കൂറുമാക്കി നിജപ്പെടുത്തുക.
11. റിലേ സമ്പ്രദായത്തിലുള്ള സ്പ്രെഡ് ഓവർ നിറുത്തൽ ചെയ്യുക.
12. ഓരോ ഷിഫ്ടിലും ഓരോ മണിക്കൂർ വിശ്രമവേള അനുവദിക്കുക.
13. സ്ത്രീ പുരുഷ ഭേദം കൂടാതെ സമമായ പ്രവൃത്തിക്കു് സമമായ കൂലി അനുവദിക്കുക.
14. സ്ത്രീകൾക്കു് പ്രസവ കാലത്തു് മൂന്നു മാസത്തെ ശമ്പളത്തോടു കൂടിയുള്ള അവധി നിർബ്ബന്ധമാക്കുക.
15. പതിനാറു വയസ്സിനു താഴെയുള്ള കുട്ടികളെ പണിയെടുപ്പിക്കുന്നതു് നിയമ വിരുദ്ധമാക്കുക.

16. തൊഴിലാളികൾക്ക് ആരോഗ്യകരമായ പാർപ്പിടങ്ങൾ ഉണ്ടാക്കി കൊടുക്കുക;

17. തൊഴിലാളികളെ പിരിച്ചു വിടുന്നതും കൂലി കുറയ്ക്കുന്നതും കുററകരമാക്കിക്കൊണ്ടുള്ള നിയമം ഒരു വിളംബരം മൂലം നടപ്പിൽ വരുത്തുക.

ക്ഷാമബത്ത 1945 ജനുവരി മുതലുള്ള മുൻബാക്കി സഹിതം കൊടുക്കണമെന്നും കൊല്ലത്തിൽ മൂന്നു മാസത്തെ ശമ്പളം ബോണസ്സായി അനുവദിക്കണമെന്നും സമ്മേളനം പാസ്സാക്കിയ പ്രമേയങ്ങളിൽ പ്രത്യേകമായി ആവശ്യപ്പെട്ടിരുന്നു. പരുത്തി മിൽ തൊഴിലാളികളെപ്പററിയുള്ള പ്രമേയത്തിൽ ആമ്പല്ലൂർ മില്ലിലും സീതാറാം മില്ലിലും ഉള്ള കൂലി നിരക്കുകൾ ഇതര സംസ്ഥാനങ്ങളിലെ കൂലി നിരക്കിനേക്കാൾ വളരെ കുറവാണെന്നു ചൂണ്ടിക്കാണിച്ചിരുന്നു. ടാററാ മിൽ തൊഴിലാളികൾ, തൃപ്പൂണിത്തുറ കൈത്തറി നെയ്ത്തു തൊഴിലാളികൾ, സ്റ്റാൻഡേർഡ് ഫർണ്ണീച്ചറിലെ പിരിച്ചു വിടൽ, പി. ഡബ്ലിയു. ഡി. ലെ തൊഴിലാളികൾ ചെത്തു തൊഴിലാളികളുടെ അടിയന്തിരാവശ്യങ്ങൾ എന്നിവയെപ്പററിയും പ്രമേയങ്ങൾ പാസ്സാക്കിയിട്ടുണ്ടായിരുന്നു. ബീഡിത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം അവരെയും നിലവിലുള്ള തൊഴിൽ നിയമങ്ങളുടെ പരിധിയിൽ കൊണ്ടുവരണമെന്ന് ആവശ്യപ്പെട്ടിരുന്നു. 1945 നവംബർ പതിനാറാം തീയതി മുതൽ മലബാർ പ്രദേശത്തെ വടകരയിലെ ബീഡിചുരുട്ടു തൊഴിലാളികളെ ലാക്കൗട്ട് ചെയ്തതു് തെററാണെന്നും ലാക്കൗട്ട് പിൻവലിക്കണമെന്നും സമ്മേളനം ആവശ്യപ്പെട്ടു. അവിടത്തെ തൊഴിലാളികൾ ബോണസ്സ് തുടങ്ങിയ ആവശ്യങ്ങൾക്കുവേണ്ടി പ്രക്ഷോഭണം നടത്തിവരികയായിരുന്നു. സൗത്തിൻഡ്യൻ റെയിൽവേ തൊഴിലാളികളുടെ ആവശ്യങ്ങൾ അനുവദിച്ചുകൊടുക്കണമെന്നും ലേബർ ഡിപ്പാർട്ടുമെൻറ് നല്ലതുപോലെ സംഘടിപ്പിക്കണമെന്നും സമ്മേളനം ആവശ്യപ്പെട്ടു. ഏ. ഐ. ടി. യു. സി ജനറൽ സെക്രട്ടറി എൻ. എം. ജോഷിയെ കേന്ദ്രനിയമ സഭയിലെ തൊഴിലാളി പ്രതിനിധി ആയി ഇന്ത്യാ ഗവണ്മെൻറ് നോമിനേററ് ചെയ്യാത്തതിൽ സമ്മേളനം ശക്തിയായി പ്രതിഷേധം പ്രകടിപ്പിച്ചു. പ്രായപൂർത്തി വോട്ടവകാശം നടപ്പാക്കണമെന്ന് സമ്മേളനം ആവശ്യപ്പെട്ടു. അന്തിക്കാട്ട് ചെത്തുതൊഴിലാളി സംഘത്തെ നിരോധിച്ചതിനെ യോഗം പ്രതിഷേധിച്ചു. അക്കാലത്തു് കൊച്ചിയിലും തിരുവിതാംകൂറിലും നിലനിന്ന പൗരസ്വാതന്ത്ര്യ മർദ്ദനത്തിൽ യോഗം പ്രതിഷേധം രേഖപ്പെടുത്തി.

ആമ്പല്ലൂർ മേഖലയിലും അക്കാലത്തു് സജീവമായ ട്രേഡ് യൂണിയൻ പ്രവർത്തനം നടന്നിരുന്നു. പി. എസ്. നമ്പൂതിരിയുടെ നേതൃത്വത്തിൽ പ്രവർത്തിച്ചിരുന്ന ആമ്പല്ലൂർ ടെക്സ്റ്റൈൽസ് ട്രേഡ് യൂണിയൻ 1946–ൽ ഒരു പണിമുടക്ക് നടത്തിയതായി പി. എസ്. നമ്പൂതിരി അനുസ്മരിക്കുന്നു. ഈ പണിമുടക്കിൽ തൊഴിലാളികൾ ഉന്ന

യിച്ചിരുന്ന എല്ലാ ആവശ്യങ്ങളും നേടിയെടുക്കാൻ കഴിഞ്ഞു. ലേബർ കോൺഗ്രസിന്റെ നേതൃത്വത്തിൽ വെള്ളാനിക്കര തട്ടിൽ എസ്റ്റേറ്റ് യൂണിയൻ എന്ന ഒരു സംഘടന അക്കാലത്തു് പ്രവർത്തിച്ചിരുന്നു. 1946ൽ ഈ യൂണിയൻ തോട്ടങ്ങളെ വ്യവസായ സംരംഭങ്ങൾ എന്ന നിർവചനത്തിൽ ഉൾപ്പെടുത്തേണ്ടതാണെന്നു് ആവശ്യപ്പെട്ടു. ഇതിന്റെ പേരിൽ മുപ്പത്തിയാറു ദിവസം നീണ്ടുനിന്ന ഒരു പണിമുടക്കം നടന്നു. പനമ്പിള്ളി ഗോവിന്ദമേനോനായിരുന്നു അന്നത്തെ കൊച്ചിയിൽ നിലവിലിരുന്ന ജനകീയ മന്ത്രിസഭയിലെ തൊഴിൽ വകുപ്പ് കൈകാര്യം ചെയ്തിരുന്നതു്. തോട്ടങ്ങൾ വ്യവസായങ്ങളാണെന്നു് കാണിച്ചുകൊണ്ടു് ഒരു ഓർഡിനൻസ് കൊച്ചി ഗവണ്മെന്റു് പാസാക്കി. പക്ഷെ 1947—ൽ ഇന്ത്യയൊട്ടാകെ നിലവിൽവന്ന തൊഴിൽ തർക്കം നിയമത്തിൽ തോട്ടങ്ങളെ വ്യവസായങ്ങളെന്ന നിലയിൽ കണക്കാക്കിയിരുന്നില്ല. അതുകൊണ്ടു് എസ്റ്റേറ്റ് യൂണിയൻ ലേബർ അപ്പലേററ് ട്രൈബ്യൂണൽ മുൻപാകെ ഒരു അപ്പീൽ ബോധിപ്പിച്ചു. അങ്ങനെ ഇന്ത്യയിലാദ്യമായി തോട്ടങ്ങൾ വ്യവസായങ്ങളുടെ പരിധിയിൽ ഉൾപ്പെടുമെന്ന ഒരു തീരുമാനം ആ ട്രൈബ്യൂണൽ പുറപ്പെടുവിച്ചു. എ. ഐ. ടി. യു. സി യുടെ നേതൃത്വത്തിൽ ഓട്ടു കമ്പനിത്തൊഴിലാളികളും പുതുക്കാട് കരുവന്നൂർ പ്രദേശങ്ങളിൽ ഈ കാലഘട്ടങ്ങളിൽ ട്രേഡ്‌യൂണിയനടിസ്ഥാനത്തിൽ സംഘടിച്ചു മുന്നേറുകയുണ്ടായി. ആമ്പല്ലൂർ ടെക്സ്റ്റൈൽ തൊഴിലാളികളുടെ ട്രേഡ് യൂണിയൻ പ്രവർത്തനമാണു് ഇവർക്കു് ആവേശം നൽകിയതു്. നിലവിലുള്ള തൊഴിൽ പ്രശ്നങ്ങൾ ഗവണ്മെന്റു് അഡ്ജൂഡിക്കേഷനു വിടുകയും തൊഴിലാളികളുടെ ആവശ്യങ്ങൾ അനുവദിച്ചുകൊണ്ടുള്ള അവാർഡ് പുറത്തുവരികയും ചെയ്തു എന്നാൽ ഈ അവാർഡ് നടപ്പാക്കാത്തതുകൊണ്ടു് കരുവന്നൂരിലെ തൊഴിലാളികൾക്കു് സുദീർഘമായ ഒരു പണിമുടക്കു് നടത്തേണ്ടിവന്നു. പ്രശ്നം അപ്പലേററ് ട്രൈബ്യൂണലിലേക്കു് അയച്ചു. അവസാനം തൊഴിലാളികൾക്കു് കിട്ടിയ ആനുകൂല്യം നഷ്ടപ്പെട്ടു. മണലി പ്രദേശത്തുള്ള തൊഴിലാളികളും കരുവന്നൂരിലെ തൊഴിലാളികളുടെ കൂടെ ചേർന്നു പ്രക്ഷോഭണം ശക്തിപ്പെടുത്തി. അപ്പോൾ സർക്കാർ ഇതിനുവേണ്ടി ഒരു കൺസിലിയേഷൻ ബോർഡ് രൂപീകരിച്ചുവത്രേ. തൃശ്ശൂരിലെ ചുമട്ടുതൊഴിലാളികളും സംഘടിക്കാൻ ഒരു ശ്രമം നടത്തിയിരുന്നു. 1936–38 കാലം മുതൽ ഈ പരിശ്രമം തുടങ്ങിയതാണു്. ഡെയിലി വർക്കേഴ്സ് യൂണിയൻ എന്ന പേരിൽ ഒരു സംഘടന കുറേനാൾ പ്രവർത്തിച്ചിരുന്നു. രണ്ടാം ലോകമഹായുദ്ധത്തിനുശേഷം (1945–46 കാലഘട്ടത്തിൽ) വീണ്ടും ചുമട്ടുതൊഴിലാളികളെ സംഘടിപ്പിക്കുവാൻ ഒരു ശ്രമം നടന്നു. തൃശ്ശൂരെ ഫുഡ് ഗ്രെയിൻസ് ഡിപ്പോയിൽ ഒരു സംഘടന നിലവിൽവന്നു. എങ്കിലും യൂണിയനടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്യുവാനോ ചിട്ടയായി പ്രവർത്തിക്കുവാനോ അവർക്കു് കഴി

ഞ്ഞിരുന്നില്ല. എങ്കിലും അവരുടെ ചില സംഘടിത പ്രവർത്തനങ്ങൾ വഴി ചില നേട്ടങ്ങൾ ഉണ്ടാക്കുവാൻ അവർക്ക് കഴിഞ്ഞു.

തെക്കേ ഇന്ത്യയിലെ ആദ്യത്തെ തൊഴിൽ കോടതി സ്ഥാപിച്ചതു് നാട്ടുരാജ്യമായ കൊച്ചിയിലായിരുന്നു. എറണാകുളത്തെ ബർമാഷെൽ കമ്പനിയിൽ നിന്നു് ഏതാനും ഗൂർക്കാ വാച്ചുമാൻമാരെ കമ്പനി പിരിച്ചുവിട്ടു. തൊഴിലാളികൾ പ്രക്ഷോഭത്തിനു തയ്യാറെടുത്തു. തൊഴിൽ തർക്കം നിർബന്ധിത അഡ്ജുഡിക്കേഷനു വിട്ടു. തൊഴിലാളികളുടെ കേസ് നടത്തുന്നതിന്റെ ഉത്തരവാദിത്വം ഡീവറാണ് ഏറ്റെടുത്തതു്. ഈ കാലഘട്ടത്തിൽ ഡീവർ നടത്തിവന്ന വീരകേസരി പത്രം ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിനു് വളരെ സഹായകമായിരുന്നു. കാലാകാലങ്ങളിലുള്ള തൊഴിലാളി സമരങ്ങളെപ്പററിയും ട്രേഡ് യൂണിയൻ പ്രവർത്തനങ്ങളെപ്പററിയും അടിയന്തിരാവശ്യങ്ങളെപ്പററിയും അതിൽ ലേഖനങ്ങൾ എഴുതിയിരുന്നു. 1946–ൽ പഴയ കൊച്ചിയിലെ മിക്കകേന്ദ്രങ്ങളിലും എറണാകുളം, തൃപ്പൂണിത്തുറ, കുഴുപ്പിള്ളി, ഇടവനക്കാട് എന്നീ സ്ഥലങ്ങളിലും ബീഡിത്തൊഴിലാളി യൂണിയനുകൾ ഒരു പണിമുടക്ക് നടത്തുകയുണ്ടായി. കൂലിവർധനയായിരുന്നു അടിയന്തിരാവശ്യം.

ടാററാ ഓയിൽ മിൽ വർക്കേഴ്സ് യൂണിയന്റെ പ്രസിഡൻറ് 1942 കാലത്തു് പനമ്പിള്ളി ഗോവിന്ദമേനോനായിരുന്നു. ആ യൂണിയൻ ക്വിററിന്ത്യാ പ്രക്ഷോഭണത്തിൽ പങ്കെടുക്കുകയുണ്ടായി. 1946 ഫെബ്രുവരിയിൽ മുപ്പത്തിരണ്ടു തൊഴിലാളികളുടെ പിരിച്ചുവിടലിനെതിരായി ഒരു പണിമുടക്കം നടന്നു. 1947 ജൂണിൽ മത്തായി മാഞ്ഞൂരാൻ ഈ യൂണിയന്റെ പ്രസിഡൻറായി. അക്കാലത്താണ് മില്ലിൽ നിന്നു് അറുനൂറു തൊഴിലാളികളെ പിരിച്ചുവിട്ടതു്. ഒരു ഒത്തുതീർപ്പുണ്ടാക്കുവാൻ നേതൃത്വത്തിനു് കഴിഞ്ഞുവെങ്കിലും മാനേജ്മെൻറ് അതു നടപ്പാക്കിയില്ല. ആയിടെ കൊച്ചി ഗവൺമെൻറ് പാസാക്കിയ ക്രിമിനൽ ഭേദഗതി നിയമം യൂണിയൻ പ്രവർത്തനത്തെ തടസപ്പെടുത്തുവാനായി ഉപയോഗിച്ചു.

തൃപ്പൂണിത്തുറയിൽ ഈ സമയത്തു് കെട്ടിടനിർമാണത്തൊഴിലാളികൾ ഒരു ട്രേഡ് യൂണിയൻ രൂപീകരിക്കാൻ നിശ്ചയിക്കുകയും യൂണിയൻ പ്രവർത്തിച്ചു തുടങ്ങുകയും ചെയ്തു. കെ. വി. കെ. വാര്യരായിരുന്നു അതിന്റെ പ്രസിഡൻറ്. ഞാറയ്ക്കൽ പ്രദേശത്തെ ചെത്തുതൊഴിലാളികളും സംഘടിതരായി. ആമ്പല്ലൂരെ ടെക്സ്റ്റൈൽ തൊഴിലാളികൾ നടത്തിയ പണിമുടക്ക് ബാലററ് ശ്രദ്ധേയമായ ഒരു സംഭവമായിരുന്നു. ആയിരത്തി അറുനൂററി അറുപത്തേഴ് തൊഴിലാളികളാണ് ഫാക്ടറിയിൽ ഉണ്ടായിരുന്നതു്. ആയിരത്തി മുന്നൂററിയെഴുപത്തെട്ട് തൊഴിലാളികൾ ബാലററിൽ പങ്കെടുത്തു. ഒരു തൊഴിലാളി മാത്രമാണ് പണിമുടക്കിനെതിരായി വോട്ട് ചെയ്തു്.

1946 ജൂണിൽ കൊച്ചിയിലെ വ്യവസായ സമാധാനം വളരെ ഉലഞ്ഞിരുന്നു. നേരത്തേ പറഞ്ഞ ബീഡിത്തൊഴിലാളി പണിമുടക്കം കൊച്ചിയിലെ വിവിധ കേന്ദ്രങ്ങളിൽ മുമ്പെങ്ങുമില്ലാത്ത വീറോടും വാശിയോടും നടന്നു കൊണ്ടിരുന്നു. ഒന്നരമാസം കഴിഞ്ഞിട്ടും തൊഴിലാളികൾ പിടിച്ചുനിന്നു. ഇതിനു പുറമെ ആമ്പല്ലൂരിലെയും തൃശ്ശൂരിലേയും ടെക്സ്റ്റൈൽ തൊഴിലാളികൾ അവകാശങ്ങൾ നേടിയെടുക്കാൻ പണിമുടക്ക് നടത്തുവാൻ തയ്യാറായി മുന്നോട്ടു വന്നിരുന്നു. ഈ പരിതഃസ്ഥിതികളിലാണ് അന്നത്തെ കൊച്ചീ ദിവാൻെറ കീഴിൽ പ്രവർത്തിച്ചിരുന്ന ഗ്രാമോദ്ധാരണ വകുപ്പു മന്ത്രി ബാലകൃഷ്ണമേനോൻ ഒരു ത്രികക്ഷി സമ്മേളനം വിളിച്ചു കൂട്ടിയത്. തൊഴിലാളികളുടെ അവശതയെപ്പററി അന്വേഷിക്കുവാൻ ഒരു കമ്മിററിയെ ഏർപ്പെടുത്തുമെന്ന് മന്ത്രി ഉറപ്പു പറഞ്ഞു. അങ്ങനെ നിലവിൽ വന്ന ലേബർ ഇൻവെസ്റ്റിഗേഷൻ കമ്മിററിയിൽ ഡീവറും എം. കെ. രാജായും കെ. പി. റാവുവും ഫ്രാൻസിസും ബി. വി. കെ. മേനോനും വേലുണ്ണിയും അംഗങ്ങളായി. കൊച്ചി ഗവണ്മെൻറു വീണ്ടും തൊഴിലാളി വിരുദ്ധ നടപടികൾ തുടർന്നു. തൊഴിലാളി പ്രസ്ഥാനത്തിൻെറ മുന്നണിയിൽ നിന്നു് ട്രേഡ്യൂണിയൻ നേതാവായ പി. ഗംഗാധരനേയും മററു ചിലരെയും അറസ്റ്റ് ചെയ്തു. ട്രേഡ് യൂണിയനുകൾ അതിനെതിരായി ജൂൺ 30-ാംതീയതി മർദ്ദനപ്രതിഷേധ ദിനം ആചരിച്ചു.

## വയലാർ പുന്നപ്ര സമരത്തിൻെറ പശ്ചാത്തലം

1946 ആയപ്പോഴേക്കും തിരുവിതാംകൂറിൽ ഭക്ഷ്യക്ഷാമം കൊടുമ്പിരിക്കൊണ്ടു. ആലപ്പുഴ ടൗണിൽ ഒരു ഊണിനു് ഒന്നും ഒന്നരയും ഉറുപ്പിക വിലയുണ്ടായിരുന്നു. (യുദ്ധത്തിനുമുമ്പ് ഒന്നരയണയായിരുന്നു റേറ്റ്— പതിനാറണ-ഒരു രൂപാ) ന്യായമായ വിലയ്ക്കു തുണിയും കിട്ടാതായി. ഒരൗൺസ് മണ്ണെണ്ണ പോലും കിട്ടാതായി. ബ്ളാക്ക് മാർക്കററുകാരും ഗവണ്മെൻറുദ്യോഗസ്ഥൻമാരും ജനങ്ങളുടെ മേൽ ആധിപത്യം ഉറപ്പിച്ചു. അശരണരും നിസഹായരുമായ ജനങ്ങൾ രക്ഷയ്ക്കുവേണ്ടി, തിരുവിതാംകൂർ കയർഫാക്ടറി വർക്കേഴ്സ് യൂണിയനെ ഉററുനോക്കി. 1946ൽ ജനങ്ങളുടെ നിത്യോപയോഗ സാധനങ്ങളായ അരിയും തുണിയും മണ്ണെണ്ണയും പഞ്ചസാരയും ന്യായമായി വ്യവസ്ഥ ചെയ്തു വിതരണം നടത്തുവാൻ, യൂണിയനും ചേർത്തല-മുഹമ്മയൂണിയനുകളും കൂടി ഒരു പൊതുപണിമുടക്കം നടത്തുവാൻ തീരുമാനിച്ചു. മൂന്നു ദിവസം അന്നത്തെ പണിമുടക്ക് നീണ്ടുനിന്നു. യൂണിയൻെറ പണിമുടക്കം മൂലം വലിയ ദേശീയ വിപത്തു് സംഭവിച്ചിരിക്കുന്നതായി സർ സി. പി. രാമസ്വാമി അയ്യർ നിയമസഭയിൽ ചിത്രീകരിച്ചു എങ്കിലും ഗവണ്മെൻറ് അധികൃതർ ആലപ്പുഴയിൽ ഓടിയെത്തുകയും ഭക്ഷണസാധനങ്ങൾ ന്യായമായി വിതരണം ചെയ്യുന്നു-

തിനെപ്പററി യൂണിയനുമായി തീരുമാനത്തിലെത്തുകയും ചെയ്തു. തുണി വിതരണത്തിനു് കാർഡ് സിസ്റ്റവും ഏർപ്പെടുത്തി.

ഈ തീരുമാന പ്രകാരം ഏഴായിരം ഊണിനുള്ള റേഷൻ കലവൂർ മുതൽ അമ്പലപ്പുഴ വരെയുള്ള പതിന്നാലു ഹോട്ടലുകൾക്കു് അനുവദിച്ചു. ഈ ഹോട്ടലുകളിൽ നിന്നും ടൗണിൽ അഞ്ചുണസ്സും ടൗണിനു് വെളിയിൽ എട്ടു ചക്രത്തിനും ഊണു് നൽകിയിരുന്നു. ടൗണിലുള്ള ഊണിന്റെ അയ്യായിരം ടിക്കററുകൾ പതിനൊന്നു മുതൽ പന്ത്രണ്ടരമണിവരെയുള്ള സമയങ്ങളിൽ യൂണിയനിൽനിന്നും പൊതുജനങ്ങൾക്കു് പ്രധാനതെരുവുകളിൽവച്ചു വിതരണം ചെയ്യുകയും മററുള്ളതു് സബ് ഓഫീസുകൾ വഴി വിതരണം ചെയ്യുകയും ചെയ്തിരുന്നു.

ചേർത്തല താലൂക്കിലും ഇതനുസരിച്ചുള്ള നടപടികൾ സ്വീകരിച്ചു. ഇങ്ങനെ യൂണിയന്റെ പണിമുടക്കോടുകൂടി ജനങ്ങൾക്കു് ചെറുതായൊന്നു ശ്വാസം വിടാൻ കഴിഞ്ഞു. അഖിലതിരുവിതാംകൂർ ട്രേഡു യൂണിയൻ കോൺഗ്രസ് തിരുവിതാംകൂറിലെ ദുർഭരണത്തിനും ഭക്ഷ്യക്ഷാമത്തിനും എതിരായി സെപ്റ്റംബർ 5–ാംതീയതി ഒരു പൊതുപണിമുടക്കം നടത്തുകയും ചെയ്തു.

സി. കേശവൻ ഈ കാലഘട്ടത്തെപ്പററി 1946 സെപ്റ്റംബറിൽ ഇറക്കിയ ഒരു ലഘുലേഖയിൽ പറയുന്നതു് ഇത്രയധികം വ്യഥകൾ നിറഞ്ഞതും, എന്നാൽ പ്രാധാന്യമുള്ളതുമായ ഒരു സന്ദർഭം നാടിന്റെ ചരിത്രത്തിൽ ഉണ്ടായിട്ടില്ല എന്നാണു്. എല്ലായിടത്തും പട്ടിണിയുടെയും ക്ലേശങ്ങളുടെയും കറുത്തിരുണ്ട ചിത്രങ്ങളേ കാണാനുള്ളു. എവിടെ ചെന്നാലും അവയുടെ ഫലമായി രോദനങ്ങളെ കേൾക്കാനുള്ളു. അരി കിട്ടുന്നില്ല. തുണി കിട്ടുന്നില്ല. മണ്ണെണ്ണയും പഞ്ചസാരയും ലഭിക്കുന്നില്ല. എല്ലാം സാധനങ്ങളുടെയും വില വർധിച്ചിരിക്കുന്നു, എന്നിങ്ങനെയുള്ള എത്ര പരാതികളാണു് ഓരോ ദിവസവും ജനങ്ങളെ വന്നു് തട്ടുന്നതു്. ഇതിനോടൊപ്പം തന്നെ തൊഴിലാളികൾ ഇതിനെതിരായി പണിമുടക്കുന്നതായും പത്രങ്ങളിൽ വാർത്തകൾ വന്നുകൊണ്ടിരുന്നു എന്നും സി. കേശവൻ ചൂണ്ടിക്കാട്ടി. (അവലംബം: പുതുപ്പള്ളി രാഘവൻ. ജനയുഗം വാരിക. 1977 ഒക്ടോബർ 9)

ഈ ദുഃസ്ഥിതിയെ നേരിടുവാൻ ഗവൺമെന്റു് എന്താണു് ചെയ്തതെന്നും സി. കേശവൻ വ്യക്തമാക്കുന്നുണ്ടു്. തിരുവിതാംകൂർ ഒട്ടാകെ ഘോഷയാത്ര നിരോധിച്ചു. രാജ്യത്തു ഒരു ഭാഗത്തും പണിമുടക്കു പ്രചരണയോഗങ്ങൾ നടത്തിക്കൂടാ. പല ഡിസ്ട്രിക്ടുകളിലും എല്ലാം യോഗങ്ങളും തടഞ്ഞു. പക്ഷെ, ജനങ്ങൾ കീഴടങ്ങുവാൻ തയ്യാറില്ലായിരുന്നു. ദിവാൻ ഭരണത്തെ അവർ വെല്ലുവിളിച്ചു തുടങ്ങി.

1945–46 കാലഘട്ടത്തിൽ ഇന്ത്യയിലെല്ലായിടത്തും രാഷ്ട്രീയസ്വാതന്ത്ര്യത്തിനു് വേണ്ടി അധ്വാനിക്കുന്ന ബഹുജനങ്ങൾ അണി നിരന്ന കാല

ഘട്ടമാണ്. തിരുവിതാംകൂറിൽ മാത്രമല്ല, കൊച്ചിയിലും മലബാറിലും ഇതായിരുന്നു നിലയെന്ന് നേരത്തേ വിവരിച്ചുവല്ലോ. 1945–ൽ തടങ്കലിൽ നിന്ന് പുറത്തു വന്നതിനുശേഷം ഇന്ത്യയാകെ സഞ്ചരിച്ചു കഴിഞ്ഞപ്പോഠം നെഹ്റു ഇന്ത്യൻ ജനതയുടെ ഈ പുതിയ മനോഭാവം വ്യക്തമായി മനസിലാക്കി. അദ്ദേഹം ഇങ്ങനെ അതു് രേഖപ്പെടുത്തിയിട്ടുണ്ടു്.

"....അത്ര വലിയ ആഠക്കൂട്ടങ്ങളെ, അങ്ങനെ മത്തു പിടിപ്പിച്ച ക്ഷോഭസംകലതയെ, ജനങ്ങഠംക്കു് തങ്ങളെത്തന്നെ വിമുക്തരാക്കാനുള്ള അത്തരം ആവേശകരമായ അഭിലാഷത്തെ ഞാൻ മുമ്പൊരിക്കലും കണ്ടിട്ടില്ല. ചെറുപ്പക്കാരായ സ്ത്രീപുരുഷൻമാർ, ബാലരും ബാലികമാരും എല്ലാം എന്തെങ്കിലും ചെയ്യാനുള്ള അന്തഃശ്ചോദനത്താൽ–തങ്ങളെന്തു ചെയ്യണമെന്നു് അവർക്കു് സ്പഷ്ടമല്ലെങ്കിലും– തീപിടിച്ച നിലയിലായിരുന്നു." (ഇന്ത്യയെ കണ്ടെത്തൽ–മലയാള പരിഭാഷ–പേജ് 904)

തിരുവിതാംകൂറിലെയും നില ഇതു തന്നെ ആയിരുന്നു. യഥാർത്ഥ ഭരണാധികാരം ജനങ്ങഠംക്കു് വിട്ടുകൊടുക്കാതിരിക്കാനായി ദിവാൻ സർ. സി.പി. രാജവാഴ്ചയെയും ദിവാൻ ഭരണത്തെയും സംരക്ഷിച്ചു നിർത്തുന്ന അമേരിക്കൻ മോഡൽ എന്നൊരു ഭരണപരിഷ്ക്കാരം 1946–ജനുവരിയിൽ പ്രഖ്യാപിച്ചതു് ഉൽബുദ്ധരായ ജനവിഭാഗങ്ങഠം സ്വീകരിച്ചില്ല. എന്നാൽ സ്റ്റേററ് കോൺഗ്രസ്സ് നേതാക്കൻമാരിൽ ചിലർ അതിനെ പരിശോധിച്ചു നോക്കാമെന്നു് കരുതി. പക്ഷെ സി. കേശവൻ, കമ്പളത്തു ശങ്കുപ്പിള്ള, അക്കാമ്മാ ചെറിയാൻ തുടങ്ങിയ നേതാക്കൻമാർ വിട്ടുവീഴ്ചയില്ലാതെ തന്നെ ഉത്തരവാദ ഭരണത്തിൽ കുറഞ്ഞ യാതൊന്നും സ്വീകരിക്കുകയില്ലെന്നു് വ്യക്തമാക്കി. അവരോടൊപ്പം തൊഴിലാളി സംഘടനകളും അമേരിക്കൻ മോഡൽ അറബിക്കടലിൽ എന്ന മുദ്രാവാക്യം മുഴക്കി. അതുകൊണ്ടാണു് സർ. സി. പി. രാജ്യമാകെ ഘോഷയാത്രകളും പൊതുയോഗങ്ങളും മിക്കയിടത്തും നിരോധിച്ചതു്.

തിരുവിതാംകൂറിൽ അന്നു് ട്രേഡു്യൂണിയൻ പ്രസ്ഥാനം എല്ലാ വ്യവസായകേന്ദ്രങ്ങളിലും ശക്തിപ്പെട്ടിരുന്നു. ആഠം ട്രാവൻകൂർ ട്രേഡു് യൂണിയൻ കോൺഗ്രസ് എന്ന കേന്ദ്രസംഘടനയും പ്രവർത്തിച്ചു തുടങ്ങിയിരുന്നു. കമ്യൂണിസ്റ്റുകാരുടേയും കാൺഗ്രസിലെ വാമപക്ഷമായി നിലകൊണ്ടിരുന്ന ശ്രീകണ്ഠൻനായരെപ്പോലുള്ളവരുടേയും നേതൃത്വത്തിൽ കഴിഞ്ഞിരുന്ന എല്ലാ യൂണിയനുകളും എ. ടി. ടി. യു. സിയുടെ ഘടകയൂണിയനുകളായിരുന്നു. തിരുവിതാംകൂറിലെ മുഴവൻ ട്രേഡു്യൂണിയനുകളും തൊഴിലാളികളുടെ പൊതുവായ സാമ്പത്തികാവശ്യത്തിനും ഉത്തരവാദഭരണത്തിനും വേണ്ടി പൊരുതുന്ന ജനങ്ങളുടെ ഉറച്ചകോട്ടകളായിത്തീർന്നു. ഇതിൽ ഏററവും മുന്നണിയിൽ നിന്നതു് സംഖ്യബലം കൊണ്ടും രാഷ്ട്രീയപ്രബുദ്ധതകൊണ്ടും സംഘടിതബലംകൊണ്ടും മുന്നിട്ടു

നിന്ന ആലപ്പുഴയിലെ തിരുവിതാംകൂർ കയർഫാക്ടറി വർക്കേഴ്സ് യൂണിയനായിരുന്നു. യുദ്ധകാലത്തും യുദ്ധാനന്തരകാലത്തും ഭക്ഷണക്ഷാമത്തിനും വിലക്കയററത്തിനും മററും എതിരായി ഈ യൂണിയൻ പ്രക്ഷോഭണങ്ങളും സമരങ്ങളും നടത്തി; വ്യക്തികൾ തമ്മിലുള്ള അവകാശത്തർക്കങ്ങളും വഴക്കുകളും മററും യൂണിയനാഫീസിൽ വന്ന് പറഞ്ഞു തീർക്കുക എന്നത് ഒരു സാധാരണസംഭവമായി തീർന്നുവെന്ന് പറയുമ്പോൾ ഈ യൂണിയൻെറ ബഹുജനപിന്തുണ എത്രമാത്രമായിരുന്നു എന്നൂഹിക്കാമെന്ന് കെ. സി. ജോർജ്ജ് പറയുന്നു. (പുന്നപ്ര വയലാർ —പേജ്. 21)

അഖില തിരുവിതാംകൂർ ട്രേഡ്യൂണിയൻ കൗൺസിലിൽ ഉൾക്കൊണ്ടിരുന്ന ട്രേഡ്യൂണിയനുകൾ മററു കേന്ദ്രങ്ങളിലും ഇതുപോലൊരു നേതൃത്വസ്വഭാവം നേടിക്കൊണ്ടിരുന്നു. ആലപ്പുഴയിലെതന്നെ ചില തൊഴിലാളി വിഭാഗങ്ങളുടെ കാര്യമെടുക്കാം. 1940–ൽ ആണ് ആലപ്പിപോർട്ട് വർക്കേഴ്സ് യൂണിയൻ എന്ന സംഘടന രൂപീകൃതമാകുന്നത്. ടി. വി. തോമസ്സായിരുന്നു പ്രസിഡൻറ്. വി. കെ ഭാസ്കരൻ സെക്രട്ടറിയും. ഗുണ്ടാകളുടേയും പോലീസിൻേറയും നില തെററിയ പ്രവർത്തനങ്ങളെ യൂണിയൻ നിയന്ത്രിച്ചു. 1946–ൽ ആലപ്പുഴ പോർട്ടിലെ തൊഴിലാളികളെ മൊത്തത്തിൽ ബാധിക്കുന്ന ഒരു ഷെഡ്യൂൾ അംഗീകരിപ്പിച്ചു. (തി: ക: ഫാ: വ: യൂണിയൻ സുവനീർ).

ഇതുപോലെ തന്നെ ബോട്ട്ക്രൂ അസോസിയേഷനും. പി. എൻ. കൃഷ്ണപിള്ളയും കെ. ഈ. പരമേശ്വരനും ആയിരുന്നു ഇതിൻെറ സംഘാടകർ. ബോട്ട്ക്രൂ അസോസിയേഷൻ തൊഴിലാളികളുടെ ആവശ്യങ്ങൾക്കായി സുധീരം പോരാടി. കെ. ഇ. പരമേശ്വരൻെറ നിസ്വാർത്ഥമായ പ്രവർത്തനങ്ങളെ പി. എൻ. കൃഷ്ണപിള്ള ഒരു അഭിമുഖസംഭാഷണത്തിൽ അനുസ്മരിച്ചു. 1946–ലെ വയലാർ പുന്നപ്ര സമരത്തിലെ മർദ്ദനത്തിൻെറ ഫലമായി പരമേശ്വരൻ അകാലചരമം പ്രാപിച്ചു. ആലപ്പി മുൻസിപ്പൽ വർക്കേഴ്സ് യൂണിയൻ, കന്നിട്ട തൊഴിലാളി യൂണിയൻ, ആലപ്പി പ്രസ്സ് വർക്കേഴ്സ് യൂണിയൻ തുടങ്ങിയ സംഘടനകളും സുശക്തമായ ട്രേഡ് യൂണിയനുകളായി വളർന്നു വന്നു. ചേർത്തല കയർ ഫാക്ടറി വർക്കേഴ്സ് യൂണിയനായിരുന്നു ഏററവും പ്രധാനപ്പെട്ട മറെറാരു ട്രേഡ് യൂണിയൻ. അതിൽ അയ്യായിരത്തിൽപ്പരം തൊഴിലാളികൾ അംഗങ്ങളായിരുന്നു. മുഹമ്മ കയർ ഫാക്ടറി വർക്കേഴ്സ് യൂണിയനും ശക്തിയേറിയ മറെറാരു ട്രേഡ് യൂണിയനായിരുന്നു. അക്കാലത്തു് മുഹമ്മയിൽ നടന്ന കയർ ഫാക്ടറി തൊഴിലാളി യൂണിയൻ ജനറൽ ബോഡി (1946 ജൂൺ 8, 9) യിൽ മൂവായിരം തൊഴിലാളികൾ പങ്കെടുത്തിരുന്നു. മൂവായിരം തൊഴിലാളികൾ യൂണിയനിൽ സ്ഥിരാംഗങ്ങളായിരുന്നു. ഈ സമ്മേളനത്തോടനുബന്ധിച്ചു നടന്ന ഭക്ഷ്യസമ്മേളനത്തിൽ കോൺഗ്രസ്സ് M L A എ. പി. ഉദയഭാനു അദ്ധ്യക്ഷത വഹി

ച്ച. സി. കെ. കുമാരപ്പണിക്കരായിരുന്നു യൂണിയന്റെ അദ്ധ്യക്ഷൻ. ഇരുപത്തിയഞ്ചു ശതമാനം കൂലിവർദ്ധനവ് വേണമെന്ന് യൂണിയൻ ആവശ്യപ്പെട്ടു. ക്ഷാമബത്ത ജീവിതച്ചെലവു സൂചികയുമായി ബന്ധപ്പെടുത്തണമെന്നും അവർ ആവശ്യപ്പെട്ടു. പതിനായിരം തൊഴിലാളികൾ പൊതുയോഗത്തിൽ പങ്കെടുത്തിരുന്നു. (അവലംബം: ദേശാഭിമാനി പത്രം, 1946 ജൂൺ) ചേർത്തലയിലെ കയർത്തൊഴിലാളികൾ ഇതരതൊഴിലാളി വിഭാഗങ്ങളിലും ട്രേഡ് യൂണിയൻ പ്രസ്ഥാനം വളർത്തിക്കൊണ്ടുവന്നു. ചേർത്തല താലൂക്ക് ചെത്തുതൊഴിലാളി യൂണിയൻ, ചേർത്തല താലൂക്ക് ബീഡിത്തൊഴിലാളി യൂണിയൻ, കർഷകത്തൊഴിലാളി യൂണിയൻ എന്നിവ സുസംഘടിതമായി അക്കാലത്ത് പ്രവർത്തിച്ചുകൊണ്ടിരുന്നു. ചേർത്തല കയർഫാക്ടറി വർക്കേഴ്സ് യൂണിയൻ സാംസ്കാരിക രംഗത്തും ശ്രദ്ധിച്ചിരുന്നുവെന്നതു "അഗതി മന്ദിരം എന്നൊരു നാടകം ട്രേഡ് യൂണിയൻ പ്രവർത്തകർ അക്കാലത്ത് അഭിനയിച്ചവതരിപ്പിച്ചതിൽനിന്നു വ്യക്തമാകുന്നു. ഭക്ഷ്യക്ഷാമവും തുണിക്ഷാമവും യുദ്ധാവസാനത്തോടുകൂടി ഗുരുതരമായപ്പോൾ യൂണിയൻ അരിയും തുണിയും ലഭ്യമാക്കുന്നതിനായി പ്രായോഗിക പരിപാടികൾ വഴി ശ്രമിച്ചുകൊണ്ടിരുന്നു. അതേ സമയം തൊഴിലാളി വിദ്യാഭ്യാസ കാര്യത്തിലും ട്രേഡ് യൂണിയൻ പരിശ്രമിച്ചു. എല്ലാ മേജർ കയർ ഫാക്ടറികളിലും അവരുടെ ഫാക്ടറിക്കമ്മിററിയുടെ വകയായി ഓരോ ചെറിയ ലൈബ്രറികൾ രൂപീകൃതമായി.

1946-ൽ ആലുവാ പ്രദേശത്തെ തൊഴിലാളികളും അവകാശങ്ങൾക്ക് വേണ്ടി ആത്മവിശ്വാസത്തോടുകൂടി പോരാടുവാൻ തുടങ്ങി. ആലുവാ സ്റ്റാൻഡേർഡ് കമ്പനിയിലെ തൊഴിലാളികൾ ചെറിയാൻ കട്ടക്കയത്തിന്റെയും കായനാട്ടിന്റെയും നേതൃത്വത്തിൽ ഒരു സത്യഗ്രഹം നടത്തുകയുണ്ടായി. തൊഴിലാളികൾ അരമണിക്കൂർ നേരം പണിമുടക്കുകയും ചെയ്തു. ജൂലൈ മാസത്തിൽ ആലുവായിലെ വഞ്ചിനാട് ഫാക്ടറിയിൽ ലോക്കൗട്ട് ചെയ്തപ്പോൾ തൊഴിലാളികൾ സത്യഗ്രഹം നടത്തി. ഓഗസ്റ്റ്മാസത്തിലും ഈ ലോക്കൗട്ട് തുടർന്നു. ആഗസ്റ്റ് 23-ാം തീയതി പെരുമ്പാവൂരിലെ മോട്ടോർ തൊഴിലാളി യൂണിയനും ബീഡിത്തൊഴിലാളി യൂണിയനും മററും ലോക്കൗട്ടിനെതിരായി സമരം ചെയ്യുന്ന തൊഴിലാളികൾക്ക് അനുഭാവം പ്രകടിപ്പിച്ചു കൊണ്ട് യോഗം നടത്തുകയുണ്ടായി. കോട്ടയത്ത് യുദ്ധകാലത്താണ് ട്രേഡ് യൂണിയൻ പ്രസ്ഥാനം ശക്തിപ്പെട്ടത്. റിക്ഷാത്തൊഴിലാളികളും പ്രസ്സ് തൊഴിലാളികളും അതിന്റെ മുന്നണിയിൽ നിന്നിരുന്നു. ചെത്തുതൊഴിലാളികളും ട്രേഡ് യൂണിയൻ രൂപീകരിച്ചു. ഭക്ഷ്യക്ഷാമത്തിനെതിരായി ഫലപ്രദമായ പ്രവർത്തനങ്ങൾ സി. എസ്. ഗോപാലപിള്ളയുടേയും കോട്ടയം ഭാസിയുടേയും നേതൃത്വത്തിൽ നടത്തുകയുണ്ടായി. കോട്ടയത്തും പരിസരങ്ങ

ളിലും കർഷകത്തൊഴിലാളികളും ട്രേഡ് യൂണിയനടിസ്ഥാനത്തിൽ സംഘടിച്ചു തുടങ്ങി.

തിരുവിതാംകൂറിലെങ്ങും പ്രവർത്തിച്ചിരുന്ന നാവികത്തൊഴിലാളി യൂണിയൻ 1938-ലെ ഐതിഹാസികമായ സമരത്തിനുശേഷം മർദ്ദനങ്ങളെ അതിജീവിച്ചുകൊണ്ട് സംഘടിതമായി പ്രവർത്തിച്ചുവന്നു. കണ്ണന്തോടത്തു് ജനാർദ്ദനൻ നായരെ 1940-ൽ കൂടിയ യൂണിയൻെറ രണ്ടാം വാർഷിക സമ്മേളനം പ്രസിഡൻറായി തെരഞ്ഞെടുത്തു. ഇക്കാലത്തു് പ്രസിഡൻറിനെ അറസ്റ്റ് ചെയ്തതിനെതിരായി തൊഴിലാളികൾ നാലു ദിവസം നീണ്ടു നിന്ന ഒരു പ്രതിഷേധ പണിമുടക്കം നടത്തി. 1944-ൽ കായംകുളത്തു വച്ചു കൂടിയ ആറാം വാർഷിക യോഗത്തിനുശേഷം ഇടത്തട്ടുകാരെ ഒഴിവാക്കിക്കൊണ്ട് നാവികത്തൊഴിലാളികൾ തന്നെ പണികൾ ഏറ്റെടുത്തു നടത്തുവാൻ തീരുമാനിച്ചു. അങ്ങനെയാണു് അഖില തിരുവിതാംകൂർ നാവികത്തൊഴിലാളി സഹകരണ സംഘം രജിസ്റ്റർ ചെയ്തതു്. പക്ഷെ, അതിൻെറ പ്രവർത്തനം മുന്നോട്ടുപോയില്ല. യുദ്ധകാലത്തു് വള്ളങ്ങളെ നിർബ്ബന്ധിതമായി കമാൻസിയർ ചെയ്യുന്ന ഒരു നടപടി ഗവൺമെൻറ് സ്വീകരിച്ചു. ഇതിനേത്തുടർന്നു് യൂണിയൻ നടത്തിയ ശ്രമഫലമായി ഭക്ഷ്യസാധനങ്ങൾ വള്ളങ്ങളിൽ കൊണ്ടുപോകുന്നതിനു് യൂണിയൻെറ നിയന്ത്രണം അനുവദിച്ചുകൊടുത്തു. അതനുസരിച്ചു വള്ളങ്ങൾ യൂണിയനിൽ നിന്നു് മുറപ്രകാരം എടുക്കുന്ന സമ്പ്രദായം നിലവിൽ വന്നു. അക്കാലത്തു് യൂണിയൻ ജനറൽസെക്രട്ടറിയായി പ്രവർത്തിച്ചിരുന്നതു് ഈ. വി. കേശവനായിരുന്നു. അതിനുശേഷം, 1945-ൽ നടന്ന വാർഷിക യോഗത്തിൽ വരവിള പത്മനാഭനെ ജനറൽ സെക്രട്ടറിയായി തെരഞ്ഞെടുത്തു. 1946-ൽ എ.റ്റി.റ്റി.യു.സി യുമായി ബന്ധപ്പെട്ടു ഉത്തരവാദ ഭരണ പ്രക്ഷോഭണത്തിൻെറ മുൻപന്തിയിൽ നാവികത്തൊഴിലാളികളും പ്രവർത്തിച്ചു തുടങ്ങി.

1946-ലെ ആദ്യകാലം കൊല്ലത്തെ തൊഴിലാളികളെ സംബന്ധിച്ചു് നേട്ടങ്ങളുടെ കാലമായിരുന്നു. എച്ച് ആൻഡ് സിയിലെ സമരത്തിൽ തൊഴിലാളികൾക്കു് നേട്ടങ്ങളുണ്ടാക്കുവാൻ കഴിഞ്ഞു. പ്രായപൂർത്തിയായ സാധാരണത്തൊഴിലാളിക്കു് എട്ടണ അടിസ്ഥാനക്കൂലി ലഭിച്ചു. വാർഷിക ബോണസ്സ്ചർച്ച ചെയ്തു തീരുമാനിക്കാമെന്നും ഉറപ്പു കിട്ടി. അതേസമയം ഇന്ത്യയിലെ ഇതരതൊഴിലാളി കേന്ദ്രങ്ങളെപ്പോലെ തന്നെ കൊല്ലത്തെ തൊഴിലാളിരംഗവും ചൂടുപിടിച്ചുകൊണ്ടിരുന്നു. 1946-ലെ ഉത്തരകേരളവും കൊച്ചിയും ആലപ്പുഴയും ഇതിൽ നിന്നു് വ്യത്യസ്തമായിരുന്നില്ല. എ.ഡി. കോട്ടൺമിൽ, സോപ്പുഫാക്ടറികൾ എന്നിവിടങ്ങളിലെ ട്രേഡ് യൂണിയനുകളും സമരരംഗത്തിറങ്ങി. 1946 ജൂണിൽ ഉളിയക്കോവിലും 1946 സെപ്തംബറിൽ കണ്ടറ പീയേഴ്സ്ലെസ്ലിയും ഈ രംഗത്തു് സമരങ്ങൾ നടന്നതായി കാണുന്നു.

1946-ലാണ് സാമിൽ വർക്കേഴ്സ് യൂണിയനും എൻജിനീയറിംഗ് വർക്കേഴ്സ് യൂണിയനും മുൻസിപ്പൽ തൊഴിലാളി യൂണിയനും ട്രാവൻകൂർ ടൈൽ വർക്കേഴ്സ് യൂണിയനും പ്രവർത്തനമാരംഭിച്ചത്. അതോടുകൂടി ക്വയിലോൺ ഫാക്ടറി വർക്കേഴ്സ് എന്ന മാതൃയൂണിയന് വലിയ പ്രവർത്തനരംഗമില്ലാതായിത്തീർന്നു. പക്ഷെ, അതിന്റെ ചരിത്രപരമായ ചുമതല അത് ഭംഗിയായി നിർവ്വഹിച്ചു. 1946-ൽ കൊല്ലത്ത് ഒരു ചെത്തു തൊഴിലാളി യൂണിയനുമുണ്ടായിരുന്നു. (ഗോപിനാഥൻനായർ 1977-ലെ ചെത്തു തൊഴിലാളി ഫെഡറേഷൻ സുവനീറിൽ പറയുന്നു). തിരുവനന്തപുരത്തും ട്രേഡ്യൂണിയൻ പ്രവർത്തനങ്ങൾ 1945 ഓടുകൂടി ശക്തി പ്രാപിച്ചു. ചെത്തു തൊഴിലാളിയൂണിയൻ, ഹോട്ടൽ തൊഴിലാളിയൂണിയൻ, പ്രസ്സ് തൊഴിലാളിയൂണിയൻ എന്നിവയാണ് ആദ്യമായി സ്ഥാപിക്കപ്പെട്ടത്. ഇതിന് മുൻകൈഎടുത്തത് കളത്തുങ്കൽപോത്തനും കെ. വി. സുരേന്ദ്രനാഥും ഉള്ളൂർ ഗോപിയും പേട്ട കരുണാകരനും ആയിരുന്നു. പ്രസ്സ് വർക്കേഴ്സ് യൂണിയൻ 1936 മുതലേ പ്രവർത്തിച്ചുവന്നിരുന്നു. പക്ഷെ,അത് 1946-ൽ പുന:സംഘടിപ്പിക്കുകയാണുണ്ടായത്. 1946-ലെ റെയിൽവേ പണിമുടക്കത്തിൽ തിരുവനന്തപുരം റെയിൽവേ തൊഴിലാളികളും പങ്കെടുത്തിരുന്നു. അതിനെ അനുകൂലിച്ചു കൊണ്ട് വലിയൊരു യോഗവും നടന്നു.

ഈ യോഗത്തിൽ കാമ്പിശ്ശേരി കരുണാകരനും പുന്നൂസും പ്രസംഗിക്കുകയുണ്ടായി. സെപ്തംബർ 5-ാം തീയതി തിരുവിതാംകൂറിലെ പ്രധാന വ്യവസായകേന്ദ്രങ്ങളായ ആലപ്പുഴയിലേയും കൊല്ലത്തേയും ചേർത്തലയിലേയും ആലുവയിലേയും കോട്ടയത്തേയും മററിടങ്ങളിലേയും 70,000 ത്തോളം തൊഴിലാളികൾ റെയിൽവേ പണിമുടക്കത്തിനനുഭാവമായി പണിമുടക്കി. കോട്ടയത്തെ പ്രസ്സ് തൊഴിലാളികളുടെ അനുഭാവപ്പണിമുടക്കം അത്യന്തം വിജയപ്രദമായിരുന്നു. അതുകൊണ്ട് കോട്ടയത്ത് ഒരു ദിനപ്പത്രവും പുറത്തിറങ്ങിയില്ല. അതും അക്കാലത്തെ അത്ഭുതപൂർവ്വമായ ഒരു സംഭവമായിരുന്നു. (അവലംബം: ദേശാഭിമാനി ദിനപ്പത്രം—കോഴിക്കോട് 1946 സെപ്തംബർ) ഈ കാലഘട്ടത്തിലാണ് തിരുവനന്തപുരം റബ്ബർ ഫാക്ടറിയിലും ട്രേഡ്യൂണിയനുണ്ടാകുന്നത്. റബ്ബർ ഫാക്ടറി ലേബർ യൂണിയന്റെ പ്രസിഡന്റ് ശ്രീകണ്ഠൻനായരായിരുന്നു. പിരിച്ചുവിടലിനെതിരായിട്ടാണ് അവിടെ അക്കാലത്ത് ഒരു പണിമുടക്കം നടന്നത്. ഇക്കാലത്ത് സ്റ്റേററ്ട്രാൻസ്പോർട്ട് തൊഴിലാളികളും സംഘടനയുടെ മാർഗത്തിലേക്ക് നീങ്ങി. കെ. വി. സുരേന്ദ്രനാഥാണ് ഇതിനു നേതൃത്വം നൽകിയത്. തിരുവനന്തപുരം ജില്ലയിലെ കയർത്തൊഴിലാളികളും രണ്ടാം ലോകമഹായുദ്ധകാലത്തു തന്നെ സമരരംഗത്ത് ഇറങ്ങിക്കഴിഞ്ഞിരുന്നു. 1941-ൽ ടി. കെ. മാധവൻ (വക്കം) പ്രസി

ഡൻറും കെ. ആർ. രാഘവൻ സിക്രട്ടറിയുമായി ചിറയിൻകീഴ് താലൂക്ക് കയർ വർക്കേഴ്സ് യൂണിയൻ രൂപംകൊണ്ടു എന്നാണ് വക്കം മജീദ് Ex M L A അനുസ്മരിക്കുന്നത്. യുദ്ധകാലത്തു് കയർ ഉല്പന്നങ്ങൾക്കു് വളരെയേറെ ആവശ്യമുണ്ടായിരുന്നതിനാൽ വക്കത്തും പരിസരങ്ങളിലുമായി 24 ചെറുകിട കയർ ഫാക്ടറികൾ പ്രവർത്തിച്ചിരുന്നു. ലാഭം വർദ്ധിച്ചുവന്നുവെങ്കിലും തൊഴിലുടമകൾ കൂലിനിരക്ക് വർദ്ധിപ്പിച്ചില്ല. വിജയകരമായ ആ പണിമുടക്കസമരങ്ങൾ തൊഴിലാളികൾ നടത്തുകയുണ്ടായി. 1944–ൽ നടന്ന തെരഞ്ഞെടുപ്പുകാലത്തു് കയർത്തൊഴിലാളിപ്രസ്ഥാനം കുറേക്കൂടി സജീവമായി. ശ്രീ. കൊച്ചുകൃഷ്ണൻ ശ്രീ. വാമദേവൻ എന്നിവരോടൊപ്പം വക്കം മജീദും കയർത്തൊഴിലാളികൾക്കു നേതൃത്വം നൽകുകയുണ്ടായി. യൂണിയൻെറ ആഭിമുഖ്യത്തിൽ വർഷംതോറും നടന്നിരുന്ന യോഗങ്ങളിൽ സി. കേശവൻ, സ: സുഗതൻ കെ. ചെല്ലപ്പൻ, കണ്ണന്തോടത്തു ജനാർദ്ദനൻ നായർ തുടങ്ങിയവർ പങ്കെടുത്തിരുന്നു. തൊഴിലാളികളായ നടേശൻ, ദാമോദരൻ, ലക്ഷ്മണൻ തുടങ്ങിയവർ വളരെയേറെ ത്യാഗങ്ങൾ സഹിച്ചുകൊണ്ടു് പ്രവർത്തിച്ചുവന്നു. ആലപ്പുഴ കേന്ദ്രമാക്കി പ്രവർത്തിച്ചിരുന്ന അഖില തിരുവിതാംകൂർ ട്രേഡ് യൂണിയൻ കോൺഗ്രസുമായി യൂണിയൻ സജീവമായസമ്പർക്കം പുലർത്തിയിരുന്നു. അക്കാലത്തു് ചിറയിൻകീഴ് താലൂക്കിൽ നാവികത്തൊഴിലാളി യൂണിയനും പ്രവർത്തിച്ചിരുന്നു.

1946 കാലഘട്ടത്തിൽ പുനലൂരുള്ള പേപ്പർമിൽ തൊഴിലാളി യൂണിയനും സജീവമായ പ്രവർത്തനം നടത്തിയിരുന്നു. അക്കാലത്തു് നടന്ന പണിമുടക്ക് സമയത്താണ് തിരുവനന്തപുരത്തെ നിയമസഭാ ഹാളിനകത്തു കയറിച്ചെന്നു് തൊഴിലാളി വളൻറിയർമാർ ആവേശകരമായി മുദ്രാവാക്യം മുഴക്കിയത്.

ജി. എസ്. മണിയുടെ നേതൃത്വത്തിൽ കുലശേഖരപുരത്തു് (ഇപ്പോഴത്തെ കന്യാകുമാരി ജില്ലയിൽ–അന്നതു് തിരുവിതാംകൂറിൻെറ ഭാഗമായിരുന്നു) തിരുവിതാംകൂർ എസ്റ്റേററ് വർക്കേഴ്സ് യൂണിയൻെറ ആഭിമുഖ്യത്തിൽ 1946–ൽ സുപ്രധാനമായ ഒരു പണിമുടക്ക് നടക്കുകയുണ്ടായി.

ഇങ്ങനെ പഴയ തിരുവിതാംകൂറിലെ വിവിധ കേന്ദ്രങ്ങളിലുള്ള ട്രേഡ് യൂണിയനുകൾ അവകാശങ്ങൾ നേടിയെടുക്കുന്നതിനും രാഷ്ട്രീയസ്വാതന്ത്ര്യം പിടിച്ചുപററുന്നതിനും സംഘടിതരായി രംഗത്തു് വന്നപ്പോഴാണ് തിരുവിതാംകൂർ ഗവണ്മെൻറ് തൊഴിലാളി–മുതലാളിബന്ധത്തെപ്പററി ആലോചിക്കാൻ ഒരു ത്രികക്ഷി സമ്മേളനം വിളിച്ചുകൂട്ടാൻ ഒരുങ്ങിയത്. ആ സമയം തന്നെ തിരുവിതാംകൂറിലെ രാഷ്ട്രീയ രംഗവും കലുഷമായിക്കൊണ്ടിരുന്നു. അമേരിക്കൻ മോഡൽ പരിഷ്കാരം ഏതു വിധേനയും അടി

ച്ചേൽപ്പിക്കുവാനും അതിനെതിരായി നിൽക്കുന്ന ശക്തികളെ ഏതു രീതിയിലെങ്കിലും ഭിന്നിപ്പിക്കുവാനും നശിപ്പിക്കുവാനും ദിവാൻ സർ. സി. പി. ശ്രമിച്ചുവന്നു. എന്നാൽ തിരുവിതാംകൂറിലെ സംഘടിതരായ തൊഴിലാളി വർഗം ഉത്തരവാദ പ്രക്ഷോഭണം ശക്തിപ്പെടുത്തുവാനും തങ്ങളുടെ അടിയന്തിരാവശ്യങ്ങൾ നേടിയെടുക്കുവാനും ദൃഢപ്രതിജ്ഞയെടുത്തു.

അമേരിക്കൻ മോഡൽ ഭരണപരിഷ്കാരം അംഗീകരിച്ചു കീഴടങ്ങുക അല്ലെങ്കിൽ എന്തു വിലയും കൊടുത്തു് ഇതിനെതിരായി പോരാടുക എന്ന രണ്ടു് മാർഗങ്ങളാണു് തൊഴിലാളികളുടെയും മററു പുരോഗമന വാദികളുടെയും മുന്നിൽ അവശേഷിച്ചതു്. ദിവാൻ ഭരണത്തേയും രാജവാഴ്ചയേയും അരക്കിട്ടുറപ്പിക്കുന്ന അമേരിക്കൻ മോഡലിനു പകരം സ്വതന്ത്രഭാരതത്തിൻെറ ഭാഗമെന്ന നിലയിൽ തിരുവിതാംകൂറിൽ പരിപൂർണമായ ഉത്തരവാദ ഭരണം നേടിയെടുക്കാൻ തൊഴിലാളി വർഗം തീരുമാനിച്ചു. "അമേരിക്കൻ മോഡൽ അറബിക്കടലിൽ'' എന്ന മുദ്രാവാക്യം തൊഴിലാളി വർഗമാണു് മുന്നോട്ടു വച്ചതു്. ഈ ആവശ്യത്തിൻെറ പിന്നിൽ വിപുലമായ ജനവിഭാഗങ്ങളെ അണി നിരത്തുന്നതിനായി 1946 സെപ്തംബർ 25-ാം തീയതി ചരിത്രപ്രസിദ്ധമായ ട്രേഡ്യൂണിയൻ പ്രതിനിധി സമ്മേളനം ആലപ്പുഴവച്ചു കൂടുകയുണ്ടായി. 55 യൂണിയനുകളുടെ 83 പ്രതിനിധികൾ അതിൽ പങ്കെടുത്തു. ഉത്തരവാദ ഭരണ സമ്പാദനത്തിനു വേണ്ടി തൊഴിലാളിവർഗം സമരാങ്കണത്തിലിറങ്ങുവാനുള്ള അഭൂതപൂർവമായ തീരുമാനം ആലപ്പുഴയിലെ ഈ സമ്മേളനമാണു് സ്വീകരിച്ചതു്. സമരം ആരംഭിച്ചുകൊണ്ടുള്ള പൊതുപണിമുടക്കം നടത്തേണ്ടതാണെന്നുള്ള പ്രമേയം പി. ററി. പുന്നൂസാണു് അവതരിപ്പിച്ചതു്. ശ്രീകണ്ഠൻനായർ അതിനെ പിന്താങ്ങി. ഉത്തരവാദഭരണ സമരത്തെ ശക്തമായി അനുകൂലിച്ച കോൺഗ്രസ് വിഭാഗത്തെ പ്രതിനിധീകരിച്ചുകൊണ്ടു് സി. കേശവൻ ഈ യോഗത്തിൽ സംബന്ധിച്ചിരുന്നു. ഒക്ടോബർ 13-ാം തീയതിക്കു് ശേഷം ഈ രാഷ്ട്രീയ പണിമുടക്കം ആരംഭിക്കണമെന്നു് യോഗം തീരുമാനിച്ചു.

തൊഴിലാളി വർഗത്തിൻെറ ആവേശകരമായ സമര നേതൃത്വം കണ്ടപ്പോൾ തൊഴിലാളി വർഗത്തെ 'അപ്പക്കഷണങ്ങൾ' കാണിച്ചു പാട്ടിലാക്കുവാനായി സർ. സി. പി. രാമസ്വാമിഅയ്യർ തീരുമാനിച്ചു. അങ്ങനെയാണു് ഒക്ടോബർ 7-ാംതീയതിയും 8-ാംതീയതിയും തിരുവനന്തപുരത്തു വച്ചു് ത്രികക്ഷി സമ്മേളനം വിളിച്ചു കൂട്ടിയതു്. ദിവാൻ ഭരണം അവസാനിപ്പിക്കണമെന്ന മുദ്രാവാക്യം ഉപേക്ഷിച്ചാൽ തൊഴിലാളികൾ ഉന്നയിക്കുന്ന എല്ലാ സാമ്പത്തികാവശ്യങ്ങളും ചർച്ച ചെയ്തു തീരുമാനിക്കാമെന്നാണു് സർ. സി. പി. ആ സമ്മേളനത്തിൽ സ്വീകരിച്ച നിലപാടു്. മാത്രമല്ല ഇന്ത്യയിലാദ്യമായി ബോണസ് സംബന്ധിച്ച ഒരു പുതിയ തത്വം അനുവദിക്കാൻ സർ. സി. പി. തയ്യാറായി. ടി. വി. തോമസും ശ്രീകണ്ഠൻനായരും മററു തൊഴിലാളി പ്രതിനിധികളും ബോണസിനെ

സംബന്ധിച്ച് ഉന്നയിച്ച വാദമാണ് ലാഭമില്ലെങ്കിലും മാററിവയ്ക്കേണ്ട കൂലിയാണ് ബോണസ്സെന്ന തത്വം. അത് സർ. സി. പി. അംഗീകരിച്ചു. അങ്ങനെ നാലുശതമാനം മിനിമം ബോണസ് അംഗീകരിക്കുവാൻ അദ്ദേഹം തയ്യാറായി. പക്ഷെ, ഒരു കാര്യം. "അമേരിക്കൻ മോഡൽ അറബിക്കടലിൽ" എന്ന മുദ്രാവാക്യം ഉപേക്ഷിക്കണം. തൊഴിലാളി പ്രസ്ഥാനത്തെ ദേശീയ പ്രസ്ഥാനത്തിൽനിന്നു ഭിന്നിപ്പിക്കാനാണ് സർ. സി. പി. ഈ അടവ് എടുത്തത്. എന്നാൽ പ്രബുദ്ധരും സ്വാതന്ത്ര്യ പ്രേമികളുമായ തൊഴിലാളി വർഗം ഈ അടവിനെ തോൽപിച്ചു. സ്വന്തം കൂലിയും മററു തൊഴിൽ സൗകര്യങ്ങളും മാത്രം വർധിപ്പിക്കുന്നതിലല്ല ജനാധിപത്യം സ്ഥാപിക്കുന്നതിനാണ് അവർ പ്രാധാന്യം കൽപ്പിച്ചത്. ആക്കാര്യം സർ. സി. പി. യെ അവർ വ്യക്തമായി ധരിപ്പിക്കുകയും ചെയ്തു. അങ്ങനെ ആരംഭിച്ചതാണ് ഐതിഹാസികമായ വയലാർ പുന്നപ്ര സമരം.

ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനും ഫ്യൂഡലിസത്തിനുമെതിരായി ഇന്ത്യൻ തൊഴിലാളിവർഗം ഏററവും ശക്തിമത്തായി നടത്തിയ വിപ്ലവപരമായ സ്വാതന്ത്ര്യസമരത്തിന്റെ ഏററവും ഔന്നത്യമേറിയ അദ്ധ്യായം, കേരളത്തിലെ തൊഴിലാളിവർഗം നടത്തിയ മഹത്തായ വയലാർ പുന്നപ്ര സമരമാണ്. അവരെ പ്രത്യക്ഷത്തിൽ നേരിട്ടിരുന്നത് ബ്രിട്ടീഷ്സാമ്രാജ്യത്വവും, തിരുവിതാംകൂറിലെ നാടുവാഴി ഭരണാധികാരിയും, തൊഴിലാളി വർഗത്തെ അടിമകളെന്നപോലെ കണക്കാക്കുകയും അവരുടെ ഭാര്യമാരെയും പുത്രിമാരെയും തങ്ങളുടെ മാംസദാഹത്തിന് വിധേയകളാക്കുകയും ചെയ്തിരുന്ന ഭൂപ്രഭുക്കൻമാരും ഉദ്യോഗസ്ഥ പ്രമാണിമാരുമായിരുന്നു. ജീവിതത്തിലുടനീളം പട്ടിണിയും തൊഴിലില്ലായ്മയും നേരിടേണ്ടിവന്ന തൊഴിലാളി വർഗം തങ്ങളുടെ ദുസ്ഥിതി അവസാനിപ്പിക്കുവാൻ പട്ടാളത്തെ തന്നെ നേരിട്ടെതിർക്കുവാൻ തയ്യാറായി.

വയലാർ പുന്നപ്ര സമരത്തിൽ തെളിഞ്ഞു കാണാവുന്ന സവിശേഷത അതിന്റെ സംഘടനാ കേന്ദ്രം, അതിന്റെ പിന്നിൽ വർത്തിച്ച സത്ത ട്രേഡ്യൂണിയൻ പ്രസ്ഥാനമായിരുന്നുവെന്നതാണ്. കയർ, ബീഡി, ചെത്ത്, ഈർച്ചമിൽ, മത്സ്യംപിടുത്തം, എണ്ണമില്ലുകൾ, എന്നീ രംഗങ്ങളിൽ പ്രവർത്തിച്ചിരുന്ന തൊഴിലാളികൾ ചെങ്കൊടിക്കു കീഴിൽ സ്വയം സംഘടിച്ചു കഴിഞ്ഞിരുന്നു. ആ ചെങ്കൊടിയും ഏന്തിക്കൊണ്ടു ദേശീയ സ്വാതന്ത്ര്യത്തിനായി അവർ നടത്തിയ പോരാട്ടമാണ് വയലാർ പുന്നപ്രസമരം. ആ സമരമാകട്ടെ, ബ്രിട്ടീഷ് സിംഹാസനത്തേയും നാട്ടു രാജ്യത്തേയും പിടിച്ചു കുലുക്കിയിരുന്ന അതിബൃഹത്തായ ദേശീയ മുന്നേററത്തിന്റെ അത്യുജ്വലമായ അധ്യായമായിരുന്നു. ഇന്ന് കേന്ദ്രത്തിൽ ഭരിക്കുന്ന ചില വിഭാഗക്കാർ ഈ സത്യം മനസിലാക്കാതെ അതുമിതും

പറഞ്ഞ് വയലാർ–പുന്നപ്ര സമരത്തെ സ്വാതന്ത്ര്യ സമരമല്ലെന്നു കരുതുന്നതു് വെറും രാഷ്ട്രീയ തിമിരബാധകൊണ്ടു മാത്രമാണു്.

ദിവാൻ ഭരണത്തിന്റെ ശവപ്പെട്ടിക്കു് അവസാനത്തെ ആണി അടിക്കുവാൻ വേണ്ടി എ. ടി. ടി യു. സിയുടെ ആഹ്വാനം സ്വീകരിച്ച് 1946 ഒക്ടോബർ 22–ാംതീയതി തൊഴിലാളി വർഗം രാഷ്ട്രീയ പണിമുടക്കം തുടങ്ങി. മററെല്ലാററിനോടുമൊപ്പം ഈ പണിമുടക്കിലും കയർ ഫാക്ടറിതൊഴിലാളികൾ മുൻപന്തിയിലായിരുന്നു. ദേശീയ സ്വാതന്ത്ര്യ പോരാട്ടത്തിൽ തൊഴിലാളി വർഗത്തിന്റേതായ മായാത്തമുദ്ര അങ്ങനെ പതിപ്പിക്കപ്പെട്ടു അന്നത്തെ ഓരോ നിമിഷവും ചരിത്രപ്രധാനമായ സംഭവവികാസങ്ങളെ സൃഷ്ടിച്ചുകൊണ്ടിരുന്നു.

1946 ആഗസ്റ്റ് മുതലുള്ള കാലഘട്ടത്തിന്റെ സ്വഭാവമതായിരുന്നു എന്നുകൂടി മനസിലാക്കണം. ഇന്ത്യയിലെ ഇതരഭാഗങ്ങളെപ്പോലെ കേരളത്തിലെങ്ങും ട്രേഡ് യൂണിയൻ സമരങ്ങളും മററു ബഹുജനസമരങ്ങളും കൊടുമ്പിരിക്കൊണ്ടുവന്നകാലമായിരുന്നു. മലബാറിലും കൊച്ചിയിലും തിരുവിതാംകൂറിലും അനുദിനം ശക്തി പ്രാപിച്ചുവന്ന ഈ സമരങ്ങളെ അതാതിടത്തെ ഭരണാധികാരികൾ ഓരോ ന്യായം പറഞ്ഞു അടിച്ചമർത്തുവാൻ ഒരുങ്ങി. എന്നാൽ തൊഴിലാളിവർഗവും ജനങ്ങളും തങ്ങളുടെ രക്തം നൽകിത്തന്നെ തിരിച്ചടിച്ചു. ഈ സമരങ്ങളുടെ മധ്യത്തിൽ നിന്നുകൊണ്ടു് പി. ഭാസ്കരൻ 1946 സെപ്തംബർ 9–ാം തീയതിയിലെ ദേശാഭിമാനിയിൽ എഴുതിയ കവിതയിലെ ചില വരികൾ ഉദ്ധരിച്ചുകൊള്ളട്ടെ. അതിന്റെ പശ്ചാത്തലത്തിൽ വേണം തിരുവിതാംകൂറിൽ ഒക്ടോബർ മാസം ആദ്യത്തെ രണ്ടു വാരങ്ങളിൽ നടന്ന ഐതിഹാസികമായ സംഭവങ്ങൾ കാണേണ്ടതു്. ഐക്യകേരളം എന്ന തലക്കെട്ടിൽ ഭാസ്കരൻ എഴുതിയ കവിത നാട്ടിൽ നടക്കുന്ന ബഹുജനസമരങ്ങളെ പ്രകീർത്തിച്ചു.

"* * * * *

നവം–നവരണങ്ങളിൽ — നമ്മൾ തൻ ത്യാഗങ്ങളിൽ
നാം രചിക്കുമാപ്പുതിയ കേരളം മനോഹരം.

* * * * *

സജീവ സമരഭൂമിയിൽ ജനതയൊത്തു ചേരുകിൽ
സചിവനെങ്ങ്, സാമ്രാട്ടെങ്ങ്, സൈനികരുമെങ്ങഹോ!
ചേരുവിൻ യുവാക്കളെ പോരുവിൻ സഖാക്കളെ,
ചോരയെങ്കിൽ ചോരയാലീക്കേരളം വരസ്സുവാൻ!
സമത്വ സസ്യശ്യാമളം — സമൃധിയാൽ സുകോമളം
ജനാധിപത്യ കേരളം ജയിക്കുമൈക്യ കേരളം!!

* * * * *"

1946 ഒക്ടോബർ 22–ാം തീയതി തുടങ്ങിയ പൊതുപണിമുടക്കു സമരത്തെ തുർടന്നു് 24–ാം തീയതി പണിമുടക്കു് കമ്മിററി നാലു ഘോഷയാത്രകൾ സംഘടിപ്പിച്ചു. "അമേരിക്കൻ മോഡൽ അറബിക്കടലിൽ, ദിവാൻ ഭരണം അവസാനിപ്പിക്കുക. പോലീസ് ക്യാമ്പുകൾ പിൻവലിക്കുക, പോലീസ് നരനായാട്ടു് അവസാനിപ്പിക്കുക, രാഷ്ട്രീയത്തടവുകാരെ വിട്ടയയ്ക്കുക" എന്ന മുദ്രാവാക്യങ്ങൾ ഘോഷയാത്രകളിൽ വിളിച്ചുകൊണ്ടിരുന്നു. കിഴക്കു നിന്നും പുറപ്പെട്ട ഘോഷയാത്ര മുല്ലയ്ക്കൽക്കൂടി കിടങ്ങാംപറമ്പിലെത്തി, പ്രകടനം നടത്തി പിരിഞ്ഞുപോയി. ടൗണിനു് വടക്കുനിന്നും പുറപ്പെട്ട ഘോഷയാത്ര പട്ടണം ചുററി യാതൊരേററുമുട്ടലും കൂടാതെ പര്യവസാനിച്ചു. ടൗണിനു തെക്കുനിന്നും പുറപ്പെട്ട ഘോഷയാത്രകളിൽ ഒന്നിനെ തിരുവമ്പാടിയിൽവച്ചു് റിസർവ്വ് പോലീസ് തടഞ്ഞുനിർത്തി വെടിവച്ചു. എക്സ് സർവീസ്മെൻ സ: കരുണാകരനും പുത്തൻ പറമ്പിൽ ദാമോദരനും അപ്പോൾ തന്നെ വെടികൊണ്ടു മരിച്ചു. പലർക്കും പരിക്കു് പററുകയും ചെയ്തു.

മററൊരു ഘോഷയാത്ര പുന്നപ്രയിലെ റിസർവ് പോലീസ് ക്യാമ്പിനോടു് അടുത്തു. ക്യാമ്പു് പിൻവലിക്കണമെന്നവർ ആവശ്യപ്പെട്ടു പോലീസ് വെടിവയ്പ്പു തുടങ്ങി. സുശിക്ഷിതരായ സൈനികരെപ്പോലെ തൊഴിലാളികൾ കമിഴ്ന്നുകിടന്നുകൊണ്ടു് ക്യാമ്പിലേക്കു് ഇഴഞ്ഞു കയറുകയും കഴിയുന്നത്ര ആയുധങ്ങൾ പിടിച്ചെടുക്കുകയും ചെയ്തു. തൊഴിലാളികൾ നടത്തിയ ഈ പ്രത്യാക്രമണത്തിൽ പോലീസുദ്യോഗസ്ഥന്മാരടക്കം പല റിസർവ് പോലീസുകാർ വധിക്കപ്പെട്ടു. പോർട്ട് വർക്കേഴ്സ് യൂണിയൻ സെക്രട്ടറി പത്മനാഭനോടൊപ്പം ഒട്ടേറെ സഖാക്കൾ മരണമടഞ്ഞു. വെടിയേററ ഉടനെ മരിക്കാതെ ഗുരുതരമായി പരുക്കേററു സ്ഥലം വിട്ടു പോകാൻ നിവർത്തിയില്ലാതെ വീണു പോയ കുറെ സഖാക്കളെ കുറച്ചു കഴിഞ്ഞു് പോലീസും റൗഡികളും സ്ഥലത്തു് വന്നു്, ബയണററിനു് കുത്തിക്കൊന്നു. ശേഷിച്ചവരെ ലോറിയിൽ പെറുക്കിക്കയററി തെക്കേ ചുടുകാട്ടിൽ കൂട്ടിയിട്ട ശേഷം (അതിൽ ജീവനുള്ളവരും ഉണ്ടായിരുന്നു.) ഈ മനുഷ്യ കൂമ്പാരത്തെ പെട്രോൾ ഒഴിച്ചു തീവച്ചു.

പുന്നപ്ര സമരത്തെ പിന്തുടർന്നുണ്ടായതു് പ്രതികാര നടപടികളായിരുന്നു. ഇരുപത്തിനാലു മണിക്കൂറിനുള്ളിൽ അമ്പലപ്പുഴ, ചേർത്തല താലൂക്കുകളിൽ സർ. സി. പി. പട്ടാളഭരണം പ്രഖ്യാപിച്ചു. സർ. സി. പി. തന്നെ സൈനികത്തലവനായി അവരോധിക്കപ്പെട്ടു. തുടർന്നു പലേടത്തും പട്ടാളക്കാർ വെടി വയ്പ്പു് നടത്തി. കാട്ടൂർ വെടി വയ്പിൽ സ: ജോസഫും മാരാരിക്കുളം വെടി വയ്പിൽ പാടത്തു രാമൻകുട്ടി, ആനകണ്ടത്തിൽ വെളിയിൽ കുമാരൻ തുടങ്ങിയ 6 പേരും മരിച്ചു. വലിയ യുദ്ധ സന്നാഹങ്ങളോടുകൂടിയാണു് 10–ാം തീയതി വയലാർ

മേനാശ്ശേരി, ഒളതല എന്നിവിടങ്ങളിൽ പട്ടാളം യന്ത്രത്തോക്കു കൊണ്ടു വെടിവയ്പ്പു നടത്തിയതു്. വയലാറിലെ തൊഴിലാളികളെ വെടിവയ്ക്കാനായി അനവധി പട്ടാളക്കാർ വയലാർ വളഞ്ഞു. അതിനു ശേഷമാണ് ബോട്ടുകളിൽ നിന്നു് പട്ടാളക്കാർ കരയ്ക്കിറങ്ങിയതു്. ഈ സമയത്തു വിമാനം മുകളിൽ റോന്തു ചുററിക്കൊണ്ടിരുന്നു. ജനങ്ങൾക്കു് പുറത്തേക്കു പോകുവാനുള്ള എല്ലാ മാർഗങ്ങളും തടഞ്ഞു കൊണ്ടു് നാലുവഴിയ്ക്കും നിന്നു പട്ടാളക്കാർ വെടിവച്ചു.

അതിഭീകരവും പൈശാചികവുമായ ഒരു രംഗം അവിടെ സൃഷ്ടിക്കപ്പെട്ടുവെങ്കിലും സഖാക്കൾ അപ്പോഴും കീഴടങ്ങിയില്ല. "അമേരിക്കൻ മോഡൽ അറബിക്കടലിൽ, ദിവാൻ ഭരണം അവസാനിപ്പിക്കും" എന്ന മുദ്രാവാക്യവുമായി അവർ മുന്നോട്ടാഞ്ഞു.

ഈ വെടിവയ്പിനിടയിൽ സ: ശ്രീധരൻ എഴുന്നേററു നിന്നു കൊണ്ടു് "ഞങ്ങൾക്കും നിങ്ങൾക്കും നിങ്ങളുടെ കുടുംബത്തിനും വേണ്ടിയാണു് ഞങ്ങൾ ഈ സമരം ചെയ്യുന്നതു്. ഞങ്ങളെ കൊന്നാലേ നിങ്ങൾക്കു് ജീവിക്കാൻ സാധിക്കു എങ്കിൽ നിങ്ങൾ ഞങ്ങളെ വെടി വയ്ക്കു" എന്നു പട്ടാളക്കാരോടായി പറഞ്ഞു. ആ സഖാവു് ഷർട്ടു വലിച്ചു കീറി നെഞ്ചു കാണിച്ചു. പട്ടാളക്കാർ സ്തംഭിച്ചു പോയി. ഈ രംഗത്തു് വെടിയുടെ ശബ്ദം കേൾക്കാതെയായപ്പോൾ അടുത്തുള്ള ഫാക്ടറിയിൽ പതിയിരുന്ന ഡി. എസ്സ്. പി. വൈദ്യനാഥയ്യർ, "ഫയർ, ഫയർ" എന്നലറി. പട്ടാളക്കാർ വീണ്ടും വെടി തുടങ്ങി. ഈ വെടിവെയ്പ്പ് നാലര മണിക്കൂർ സമയം നീണ്ടുനിന്നു. ഈ സ്ഥലത്തു വെടി കൊണ്ടു മരിച്ചവരും അല്ലാത്തവരുമായ നൂറു കണക്കിനു് തൊഴിലാളികളും കൃഷിക്കാരുമായ സഖാക്കളുടെ ശവശരീരങ്ങൾ കൊണ്ടു് കുളങ്ങൾ നികത്തിയ മൂന്നു മൺ കൂമ്പാരങ്ങൾ ഉയർന്നു വന്നു. വെടിയുണ്ടകൾ തുളച്ചു കയറിയ തെങ്ങുകളും സ്വാതന്ത്ര്യത്തിനു വേണ്ടി അടരാടിയ രക്തസാക്ഷികളെ കൂട്ടമായി അടക്കം ചെയ്ത "രക്തസാക്ഷിക്കുന്നുകളും" സേച്ഛാഭരണത്തെ വെല്ലുവിളിച്ചു കൊണ്ടു് ഇന്നും തലയുയർത്തി നിൽക്കുന്നതായിക്കാണാം.

യൂണിയനെ ചരിത്രത്തിലാദ്യമായി നിരോധിച്ചു. 13-ാം തീയതി എ. ററി. ററി. യു. സി. ഉൾപ്പെടെ 60-ൽപ്പരം സംഘടനകളെക്കൂടി നിരോധിച്ചു. തുലാം 11-ാം തീയതി പണിമുടക്കു് പിൻവലിക്കപ്പെട്ടു. അന്നു തന്നെ യൂണിയൻ പ്രസിഡൻറു് സ: ററി. വി. തോമസ്സ്, വൈസ് പ്രസിഡൻറു്, സ: പി. കെ. പത്മനാഭൻ തുടങ്ങിയ നൂറു കണക്കിനാളുകളെ അറസ്റ്റു് ചെയ്തു. യൂണിയൻ ഓഫീസ്, രണ്ടു നൈററ് സ്കൂൾ, വായനശാല, ഗ്രന്ഥശാലാ, കലാകേന്ദ്രം 4 സബ് ഓഫീസ്സുകൾ എന്നിവയെല്ലാം പട്ടാളം കയ്യേറി. സബ്ബ് ഓഫീസുകളിൽ ചിലതു് കത്തിച്ചു കളഞ്ഞു. യൂണിയൻ വക മാത്രം ആറായിരത്തിനു മേൽ ഉരുപ്പികയുടെ

സാധനങ്ങളും 30 കൊല്ലത്തെ റിക്കാർഡുകളും പട്ടാളവും പോലീസും റൗഡികളും കൂടി കൊള്ള ചെയ്തു.

വയലാറിൽ വീരമൃത്യു വരിച്ച സഖാക്കൾ തങ്ങൾക്കു് കൂലിയും ബോണസ്സും ഉടനടി നേടാനല്ല ഹൃദയരക്തം ചിന്തിയതു്. സ്വന്തം നാട്ടിൽ സ്വാതന്ത്ര്യവും ജനാധിപത്യവും സ്ഥാപിക്കാനാണു് അവർ പോരാടിയതു്. അതിൽ അവർ വിജയിക്കുകയും ചെയ്തു. വയലാറിലേയും പുന്നപ്രയിലേയും ത്യാഗഭൂമിയിൽ നിന്നും തൊഴിലാളി വർഗം ഒരു സ്വതന്ത്ര രാഷ്ട്രീയ ശക്തിയായി ഉയർത്തെഴുന്നേൽക്കുകയും ചെയ്തു. കേരളത്തിന്റെ പിന്നീടുള്ള രാഷ്ട്രീയ ചരിത്രം ഈ തൊഴിലാളി വർഗ രാഷ്ട്രീയ ശക്തിയും ജൻമി മുതലാളി ശക്തിയും തമ്മിലുള്ള അതിരൂക്ഷമായ മത്സരത്തിന്റെ ചരിത്രമാണു്. വയലാർ പുന്നപ്ര സമര സേനാനികളുടെ വീരസ്മരണ കേരളത്തിലെ അധ്വാനിക്കുന്ന ജനതയ്ക്കു് അജയ്യമായ ആവേശവും ആത്മവിശ്വാസവും നൽകി. പി. ഭാസ്കരൻ, വയലാർ ഗർജ്ജിക്കുന്നു എന്ന കവിതയിൽ പ്രഖ്യാപിച്ചതു പോലെ, വയലാർ ജനമർദ്ദകർക്കെതിരായി ഇടി വെട്ടുംവണ്ണം ഇങ്ങനെ ഒരു മുന്നറിയിപ്പു നൽകി.

"ഉയരും ഞാൻ, നാടാകെപ്പടരും ഞാൻ ഒരു പുത്തൻ ഉയിർ നാട്ടിന്നേകിക്കൊണ്ടുയരും വീണ്ടും". ശരിയാണു്! വയലാർ വെടിവയ്പു കഴിഞ്ഞു് ഒരു കൊല്ലം കഴിഞ്ഞില്ല. അതിനു മുമ്പു് സി. പി. പോയി. ദിവാൻ ഭരണവും രാജവാഴ്ചയും പോയി. ബ്രിട്ടീഷുകാരും പോയി. സ്വാതന്ത്ര്യവും ഉത്തരവാദഭരണവും ജനങ്ങൾ നേടിയെടുക്കുകയും ചെയ്തു.

1946 ഒക്ടോബറിൽ ജനമർദ്ദകർ അടിച്ചമർത്തി എന്നു കരുതിയ തൊഴിലാളി വർഗം പത്തു മാസത്തിനകം തന്നെ വൻപിച്ച ശക്തിയാർജിച്ചു കൊണ്ടു മുന്നോട്ടു വന്നു. ട്രേഡ്യൂണിയനുകളെ നിരോധിച്ചിരുന്നുവെങ്കിലും വെടിവയ്പിനിടയിലും അതിനു ശേഷമുള്ള കിരാതമായ മർദ്ദനത്തിനിടയിലും ട്രേഡ്യൂണിയൻ പ്രവർത്തകർ അവർ ദീർഘമായ സമരങ്ങളിലൂടെ നേടിയെടുത്ത അവകാശങ്ങളെ ഭദ്രമാക്കി സൂക്ഷിക്കുവാൻ കഠിനയത്നം നടത്തി. ഓരോ ഫാക്ടറികളിലും കൂലി കുറയ്ക്കാനും ബോണസ്സ് കൊടുക്കാതിരിക്കുവാനും 1938 നു മുമ്പുള്ള തൊഴിൽ വ്യവസ്ഥകളും പുനഃസ്ഥാപിക്കുവാനാണു് തൊഴിലുടമകൾ ശ്രമിച്ചതു്. പോലീസ് മേധാവി സ്വയം പ്രസിഡൻറായിക്കൊണ്ടുള്ള ഒരു വർക്കു് കമ്മിററി രൂപീകരിച്ചു. ബദൽ തൊഴിലാളി സംഘടനകൾ രൂപീകരിക്കുവാനും അവർ ശ്രമിച്ചു. വർക്കു് കമ്മിററികളിൽ തന്ത്രപൂർവ്വം കയർഫാക്ടറി വർക്കേഴ്സ് യൂണിയൻ പ്രവർത്തകർ തന്നെ കടന്നു കയറി. താമസിയാതെ വർക്കു് കമ്മിററികൾ അവകാശ സംരക്ഷണത്തിനുള്ള വേദികളായി മാറി. അങ്ങനെയാണു് ഒരു തൊഴിലാളി ഡെപ്യൂട്ടേഷൻ സർ സി.പി. രാമസ്വാമി അയ്യരെ സന്ദർശിച്ചതു്. ആലിശ്ശേരി രാമകൃഷ്ണൻ എന്ന തൊഴിലാളി പ്രവർ

കൻ പോലീസിന്റെ ആക്രമണ പ്രവർത്തനങ്ങളേയും കൂലി കുറയ്ക്കാനുള്ള മുതലാളിമാരുടെ ശ്രമങ്ങളേയും കുറിച്ച് ദിവാനോട് നേരിട്ടു സംസാരിച്ചു. ഇതിൽ ആശ്ചര്യപ്പെട്ട പോലീസ് ഉദ്യോഗസ്ഥൻമാർ ആ സഖാവിനെ ആലപ്പുഴ തിരിച്ചു വന്നയുടൻ തന്നെ അറസ്ററു ചെയ്യുകയും മർദ്ദനമേററ് വീരചരമമടയുകയും ചെയ്തു. അന്ത്യശ്വാസം വലിച്ചുകൊണ്ടിരുന്ന ആ സഖാവിനോട് എന്തു വേണമെന്നു ചോദിച്ചപ്പോഴാണ് ഇങ്ങനെയാണ് മറുപടി പറഞ്ഞതു്.

"എനിക്കു് വേണ്ടാത്തതൊന്നുണ്ട്; അതു് ദിവാൻ ഭരണമാണ്."

ഈ മർദ്ദനങ്ങൾക്കിടയിലും കൂലിക്കുറവിനെതിരായി എമ്പയറിലെ തൊഴിലാളികൾ പണിമുടക്ക സമരം നടത്തിയെന്നുള്ളതു് പ്രത്യേകം സ്മരിക്കേണ്ടതാണ്. മാത്രമല്ല, തൊഴിലില്ലായ്മയുടെ പരിഹാരത്തിനായി ആലപ്പുഴ–ചേർത്തല തോടുവെട്ടും അതിന്റെ ഒരു ഭാഗമായ മടയാം തോട്ടം അന്നു് വെട്ടിക്കൊണ്ടിരുന്നു. ഇതിൽ മടയാം തോടു വെട്ടുപണിയിൽ ഏർപ്പെട്ടിരുന്ന ആയിരത്തിനുമേൽ തൊഴിലാളികളെ ഒരു ദിവസം പിരിച്ചു വിട്ടിരിക്കുന്നതായി ഗവൺമെൻറധികൃതർ നോട്ടീസിട്ടു. പോലീസും പട്ടാളവും റോന്തു ചുററുന്നതിനിടയിൽ ഈ പിരിച്ചു വിടലിനെതിരായി സ: വി. കെ. ഭാസ്കരന്റെ അദ്ധ്യക്ഷതയിൽ ഒരു പ്രതിഷേധ മഹായോഗം കൂടുകയും അടുത്ത ദിവസം, ലേബർ കമ്മീഷണരാഫീസിലേക്കു് ഒരു ഘോഷയാത്ര പുറപ്പെടുകയും ചെയ്തു. ഘോഷയാത്ര ടൗണിൽ എത്തുന്നതിനു് മുൻപു് തന്നെ ലേബർ ഇൻസ്പെക്ടർ ഓടിയെത്തുകയും പിരിച്ചു വിട്ടവരെയെല്ലാം പിറേറ ദിവസം തന്നെ തിരിച്ചു എടുക്കാമെന്നു് ഉറപ്പു കൊടുക്കുകയും അവരെ തിരിച്ചെടുക്കുകയും ചെയ്തു. (അവലംബം തി: ക: ഫാ: വ: യൂ. എട്ടാമതു് വാർഷിക റിപ്പോർട്ട്.) ഇതിനിടയിൽ തൊഴിലാളി വർഗത്തെ ഭിന്നിപ്പിക്കാൻ കെ. കെ. കുഞ്ഞന്റെ ഭാഷയിൽ പറയുകയാണെങ്കിൽ വെടിയടങ്ങിയ യുദ്ധക്കളത്തിൽ ശവം തിന്നാൻ പറന്നടുക്കുന്ന കഴുകൻമാരെപ്പോലെ സർവ്വ പ്രതിലോമ ശക്തികളും അമ്പലപ്പുഴ–ചേർത്തല താലൂക്കുകളിൽ പറന്നെത്തിയെങ്കിലും എല്ലാവരും നിരാശരായി മടങ്ങുകയാണുണ്ടായതു്.

ഇക്കാലത്തു തിരുവിതാംകൂറിലേയും കേരളത്തിലേയും ഇൻഡ്യയുടെ ഇതര ഭാഗങ്ങളിലേയും സ്ഥിതിഗതികൾ അതിവേഗം മാറിക്കൊണ്ടിരിക്കുകയായിരുന്നു. 1947 ആദ്യം തന്നെ ഭരണക്കൈമാററത്തിനുള്ള കൂടിയാലോചനകൾ നടത്തുവാൻ ബ്രിട്ടീഷ് ഗവൺമെൻറ് നിർബന്ധിതമായി. അങ്ങനെ 1947 ആഗസ്റ്റ് 15-ാം തീയതി എന്നെന്നേക്കുമായി ബ്രിട്ടീഷു ഭരണം അവസാനിക്കുന്നതാണെന്നു് ഉറപ്പു തന്നു. അതേ സമയം ഈ ഉറപ്പു കിട്ടുന്നതിനു വേണ്ടി അക്കാലത്തു് ബഹുജന സമരങ്ങൾ രാജ്യമെങ്ങും പടർന്നു പിടിച്ചിരുന്നു. അക്കാലത്തു് നടന്ന എണ്ണമററ സമരങ്ങ

ളെ മർദ്ദിച്ചൊതുക്കുവാനാണ് ബ്രിട്ടീഷ് ഗവൺമെൻറും ഇൻഡ്യൻ സ്വേച്ഛാധിപതികളും കൂടി ശ്രമിച്ചത്. ഇതിൻെറ ഭാഗമായി നാട്ടുരാജ്യങ്ങളെ ഇൻഡ്യയുടെ ഇതരഭാഗങ്ങളിൽ നിന്നും വിടർത്തി നാട്ടു രാജാക്കൻമാരെക്കൊണ്ട് സ്വാതന്ത്ര്യം പ്രഖ്യാപിക്കുവാൻ ഒരു ശ്രമം നടന്നു. എന്തായിരുന്നു അതിൻെറ അർത്ഥം? ഇൻഡ്യയുടെ ഇതരഭാഗങ്ങൾ അതായത് കേരളത്തിലെ മലബാർ പ്രദേശം പോലെ ബ്രിട്ടീഷ് ഭരണത്തിൻെറ നേരിട്ട് കീഴിൽ കഴിഞ്ഞിരുന്ന ഭാഗങ്ങൾ സ്വതന്ത്രമാകുമ്പോൾ പഴയ തിരുവിതാംകൂറിലേയും കൊച്ചിയിലേയും ജനങ്ങൾ ഇൻഡ്യൻ സ്വതന്ത്ര ദേശീയ ഗവൺമെൻറിൻെറ നിയന്ത്രണത്തിൽ വരാതിരിക്കുക എന്നതായിരുന്നു നാട്ടു രാജാക്കൻമാരുടെ തന്ത്രം. അവർ തിരുവിതാംകൂർ രാജാവിൻേറയും കൊച്ചീരാജാവിൻെറയും അതുപോലുള്ള രാജാക്കൻമാരുടെയും പ്രജകളായി തുടരും. ഇതനുസരിച്ച് ഹൈദ്രബാദിലെ നൈസാമും തിരുവിതാംകൂർ മഹാരാജാവുമൊക്കെ സ്വാതന്ത്ര്യം പ്രഖ്യാപിക്കാൻ തയ്യാറായി. എന്തിന് 1947 ജനുവരി 27-ാം തീയതി തിരുവിതാംകൂർ ഇൻഡ്യയുടെ ഇതര ഭാഗങ്ങളിൽ നിന്നും വേർപെട്ടുകൊണ്ടുള്ള ഒരു സ്വതന്ത്ര പരമാധികാര രാജ്യമായി തീരാനുദ്ദേശിക്കുന്നുവെന്നുള്ള ഒരു പ്രഖ്യാപനം സർ. സി. പി. പ്രസിദ്ധപ്പെടുത്തി. അങ്ങനെ ഒരു കൊല്ലം മുൻപ് സി. പി. തന്നെ പ്രഖ്യാപിച്ച അമേരിക്കൻ മോഡൽ ഭരണ പരിഷ്ക്കാരത്തിൻെറ ജനവിരുദ്ധവും ദേശീയ വിരുദ്ധവുമായ സ്വഭാവം അന്നത് പരീക്ഷിച്ചു നോക്കാൻ തയ്യാറായ തിരുവിതാംകൂറിലെ സ്റ്റേററ് കോൺഗ്രസ്സ് നേതാക്കൻമാർക്കുപോലും ബോധ്യമായി. അതോടുകൂടി മറെറാരു സംഭവവും നടന്നു. വയലാർ-പുന്നപ്ര സമരത്തിൻെറ പ്രധാന മുദ്രാവാക്യമായ ദിവാൻ ഭരണം അറബിക്കടലിൽ എന്നത് സ്റ്റേററ് കോൺഗ്രസ്സ് നേതാക്കൻമാരും ഏററു വിളിക്കുകയും സ്വതന്ത്ര തിരുവിതാംകൂർ പദ്ധതിക്കെതിരായി സ്റ്റേററ് കോൺഗ്രസ്സ് സമരം ആരംഭിക്കുകയും ചെയ്തു. അതിനിടയിലാണ് 1947 ജൂലൈ 25-ാം തീയതി സർ. സി. പി. രാമസ്വാമി അയ്യരെ വധിക്കുവാനുള്ള ഒരു ശ്രമം നടന്നത്. വധശ്രമത്തിനിടയിൽ മുറിവേററ സർ. സി. പി. വിമാനമാർഗം സ്ഥലം വിട്ടു.

1947 ആഗസ്റ്റ് 15-ാം തീയതി ഇൻഡ്യ ചിരപ്രതീക്ഷിതമായ സ്വാതന്ത്ര്യം നേടിയെടുത്തു. എത്രയോ രക്തസാക്ഷികളുടെ നിസ്തുലമായ ത്യാഗം കൊണ്ട് പരമ പവിത്രമായിത്തീർന്ന സ്വാതന്ത്ര്യസമരം അങ്ങനെ ലക്ഷ്യപ്രാപ്തിയിലെത്തി. എങ്കിലും കേരളത്തിലെ ജനങ്ങൾക്ക് സ്വാതന്ത്ര്യത്തിൻെറ ഫലം ഒരേ തരത്തിൽ ആഗസ്റ്റ് 15-ാം തീയതി ആസ്വദിക്കാൻ കഴിഞ്ഞില്ല എന്നത് പലർക്കും നിരാശയുണ്ടാക്കിയ സംഭവമാണ്. ആഗസ്റ്റ് 15-ാം തീയതി കഴിഞ്ഞു ഒരു മാസം കൂടി കാത്തിരിക്കേണ്ടി വന്നു, തിരുവിതാംകൂറിൽ ജനങ്ങൾക്ക് ഉത്തരവാദ ഭരണം കിട്ടുന്നതിന്!

എന്തായിരുന്നാലും ചരിത്രം സൃഷ്ടിച്ച ഈ കാലഘട്ടത്തിൽ പൗരസ്വാ

തന്ത്ര്യങ്ങൾ അടിച്ചമർത്തിവയ്ക്കാൻ തിരുവിതാംകൂറിലെ രാജവാഴ്ചയ്ക്കു കഴിഞ്ഞില്ല. വയലാർ പുന്നപ്ര സമരത്തിൻെറ സേനാനികളെ ഭൂരിപക്ഷവും തടങ്കലിൽ തന്നെ വച്ചു എങ്കിലും ചില നേതാക്കൻമാരെ മോചിപ്പിക്കുവാൻ അന്നത്തെ ദിവാൻ പി. ജി. ഉണ്ണിത്താൻ ഉത്തരവിട്ടു. അവർക്ക് പതിനായിരക്കണക്കിന് ജനങ്ങൾ ആലപ്പുഴ വച്ചു സ്വീകരണം നൽകി. അതു കഴിഞ്ഞു ഏതാനും ദിവസങ്ങൾക്ക് ശേഷമാണ് വയലാർ പുന്നപ്ര സമരത്തിൻെറ ആദ്യവാർഷികം തൊഴിലാളിവർഗം കൊണ്ടാടിയതു്. തെക്ക് നിന്ന് സ: പി. ററി. പുന്നൂസും വടക്കു നിന്ന് സ: ആർ. സുഗതനും ഗംഭീരമായ രണ്ടു ഘോഷയാത്രകൾ നയിച്ചു. പുന്നപ്ര രക്തം—നമ്മുടെ രക്തം! വയലാർ രക്തം—നമ്മുടെ രക്തം! ലാക്കപ്പു മർദ്ദനം അവസാനിപ്പിക്കുക! എല്ലാ രാഷ്ട്രീയ തടവുകാരെയും വിട്ടയയ്ക്കുക! എന്നീ മുദ്രാവാക്യങ്ങൾ കൊണ്ട് നാടു മുഖരിതമായി. ഘോഷയാത്രകൾ കിടങ്ങാമ്പറമ്പു മൈതാനത്തു് എത്തിച്ചേരുകയും അമ്പതിനായിരത്തിൽപ്പരം ആളുകൾ പങ്കെടുത്ത ഒരു പൊതുയോഗം നടത്തുകയും ചെയ്തു.

വയലാർ പുന്നപ്ര സമരം എന്തിനുവേണ്ടിയാണ് തൊഴിലാളിവർഗം നടത്തിയതു്? ആ ലക്ഷ്യങ്ങൾ അനിഷേധ്യമായ രീതിയിൽ ഒരു കൊല്ലത്തിനകം നേടിയെടുക്കാൻ കഴിഞ്ഞു എന്ന് പ്രഖ്യാപിച്ച മഹാസംഭവമായിരുന്നു പ്രസ്തുത പ്രകടനം. അദ്ധ്വാനിക്കുന്ന ജനത അജയ്യമാണെന്ന് ഈ പ്രകടനം ഉൽഘോഷിച്ചു എന്നു പറഞ്ഞാൽ അതു് അക്ഷരംപ്രതി ശരിയായിരുന്നു. വയലാർ പുന്നപ്ര സമരത്തിൻെറ പരിപൂർണമായ വിജയം ഇൻഡ്യയിലെ അദ്ധ്വാനിക്കുന്ന ജനതയ്ക്കു ഒടുങ്ങാത്ത ആത്മവിശ്വാസം നൽകിക്കൊണ്ട് ഇന്നും മിന്നിത്തിളങ്ങി നിൽക്കുകയാണ്.

വിമോചിതരായ തൊഴിലാളി നേതാക്കൻമാർ രക്തസാക്ഷികളുടെ ബന്ധുക്കളുടെ റിലീഫ് പ്രവർത്തനത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചു. സമരത്തിനിടയിൽ പിരിച്ചു വിട്ട തൊഴിലാളികളെ തിരിച്ചെടുപ്പിക്കുവാനും സമരത്തിനുശേഷം നിഷേധിച്ച അവകാശങ്ങളെ പുന:സ്ഥാപിച്ചു കിട്ടുന്നതിനും ആവേശകരമായ പ്രവർത്തനം ട്രേഡ് യൂണിയനുകൾ നടത്തിത്തുടങ്ങി. അമ്പലപ്പുഴ ചേർത്തല പ്രദേശങ്ങളിൽ മാത്രമല്ല, തിരുവിതാംകൂറിലെ വിവിധ തൊഴിലാളി കേന്ദ്രങ്ങളിലും സ്വാതന്ത്ര്യപ്രാപ്തിയ്ക്കുശേഷം പ്രസ്ഥാനത്തിനു നവോന്മേഷം ഉണ്ടാവുകയും അങ്ങനെ തൊഴിലാളിവർഗം പുതിയ അവകാശങ്ങൾ നേടിയെടുക്കുന്നതിനായി രാഷ്ട്രീയ സ്വാതന്ത്ര്യം അഭിമാനപൂർവ്വം പ്രയോജനപ്പെടുത്തുകയും ചെയ്തു.

വയലാർ—പുന്നപ്ര സമരം കേരളത്തിലെ രാഷ്ട്രീയ ചരിത്രത്തിലെ ഒരു നിർണായക സംഭവമായിരുന്നുവെന്നു കൂടി ഗ്രഹിക്കേണ്ടതുണ്ട്. രാജവാഴ്ചയ്ക്കും അതിൻെറ അധീശശക്തിയായ സാമ്രാജ്യത്വത്തിനും എതിരായി ദേശീയ സ്വാതന്ത്ര്യത്തിനും ഉത്തരവാദ ഭരണത്തിനും വേണ്ടി നട

ത്തിയ ഈ പോരാട്ടത്തിന് തൊഴിലാളി വർഗത്തെ സജ്ജമാക്കിയതിലും അതിന് അടിപതറാത്ത നേതൃത്വം നൽകിയതിലും കമ്യൂണിസ്റ്റ് പാർട്ടിക്ക ന്യായമായി അഭിമാനിക്കാം. സാമ്പത്തികാവശ്യങ്ങൾക്കുമുപരി ദേശീയ സ്വാതന്ത്ര്യസമര വിജയത്തിനുവേണ്ടി പോരാടുകയാണ് തൊഴിലാളി വർഗത്തിന്റെ കടമയെന്ന് ബോധപൂർവ്വം തൊഴിലാളികളെ ധരിപ്പിച്ചതു് തിരുവിതാംകൂറിലെ കമ്യൂണിസ്റ്റ് നേതൃത്വമായിരുന്നുവെന്ന് വ്യക്തമാണ്. കാരണം തൊഴിലാളി പ്രവർത്തനവും രാഷ്ട്രീയ സ്വാതന്ത്ര്യ സമരവും തമ്മിൽ വിടവുണ്ടാക്കാനും യോജിച്ച ഒരു പ്രവർത്തന ശൈലിയെ പരാജയപ്പെടുത്തുവാനും രാജവാഴ്ചയുടേയും സാമ്രാജ്യത്വത്തിന്റേയും കിങ്കരനായ സർ. സി. പി. പതിനെട്ടടവും പയററി നോക്കിയതാണ്. തൊഴിലാളി വർഗത്തിന്റെ സാമ്പത്തികാവശ്യങ്ങൾ പലതും അനുവദിച്ചു കൊടുക്കാമെന്നും അതിനു വേണ്ടി തൊഴിലാളി വർഗം സ്വാതന്ത്ര്യ സമരത്തിൽ നിന്ന് ഒഴിഞ്ഞു നിൽക്കണമെന്നും സർ. സി. പി. തിരുവിതാംകൂറിലെ തൊഴിലാളി വർഗത്തിനോടാവശ്യപ്പെട്ടപ്പോൾ മാതൃഭൂമിയുടെ സ്വാതന്ത്ര്യവും ജനാധിപത്യ ഭരണവുമാണ് തങ്ങളുടെ പ്രധാനാവശ്യമെന്ന് പ്രഖ്യാപിച്ച അമ്പലപ്പുഴ–ചേർത്തല തൊഴിലാളി പ്രസ്ഥാനത്തിന്റെ ധീരസേനാനികൾ കമ്യൂണിസ്റ്റ് പാർട്ടി പ്രവർത്തകരായിരുന്നു. അതുപോലെ തന്നെ സ്റ്റേററ് കോൺഗ്രസ്സ് പ്രസിഡൻറായ ശ്രീ. പട്ടം താണുപിള്ളയും അദ്ദേഹത്തിന്റെ ആശയഗതിക്കാരും സർ. സി. പിയുടെ അമേരിക്കൻ മോഡൽ ഒന്ന് പരിശോധിച്ചു നോക്കാമെന്നു പറഞ്ഞ ഘട്ടത്തിൽ ഉത്തരവാദ ഭരണത്തിൽക്കുറഞ്ഞ യാതൊന്നും തന്നെ സ്വീകാര്യമല്ലെന്ന് തൊഴിലാളി വർഗം തീർത്തു പറഞ്ഞപ്പോൾ, ആ പ്രതികരണത്തിന് രാഷ്ട്രീയ നേതൃത്വം നൽകിയതു് കമ്യൂണിസ്ററുകാരായിരുന്നു. സ്റ്റേററ് കോൺഗ്രസ്സിനെ നയിച്ചിരുന്ന ത്രിമൂർത്തികളിലൊരാളായ സി. കേശവന്റെയും അദ്ദേഹത്തിന്റെ ആശയഗതിക്കാരായ കുമ്പളത്തു ശങ്കുപിള്ള, അക്കാമ്മ ചെറിയാൻ തുടങ്ങിയവരുടെയും അടിയുറച്ച നയം പട്ടം താണുപിള്ളയുടേയും മററും അമേരിക്കൻ മോഡൽ പ്രേമം തെററാണെന്നും ഉത്തരവാദ ഭരണത്തിനു വേണ്ടി തൊഴിലാളി വർഗവുമൊരുമിച്ചു പോരാടണമെന്നുമായിരുന്നു. കോൺഗ്രസ്സിലെ ഈ പുരോഗമന വിഭാഗത്തോടൊപ്പം നിന്നു കൊണ്ടു് തൊഴിലാളി വർഗം ദിവാൻ ഭരണത്തിനെതിരായി പോരാടണമെന്നും അമേരിക്കൻ മോഡൽ അറബിക്കടലിൽ എടുത്തെറിയണമെന്നും കമ്യൂണിസ്റ്റ് പാർട്ടി ട്രേഡ്‌യൂണിയനുകളെ ഉത്ബോധിപ്പിച്ചു. കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടിയിൽ വിശ്വസിച്ചിരുന്ന മററു ഇടതുപക്ഷ ട്രേഡ്‌യൂണിയൻകളുടെ നേതാക്കളായ ശ്രീകണ്ഠൻനായർ, കണ്ണന്തോടത്തു ജനാർദ്ദനൻ നായർ തുടങ്ങിയവരുമായി ഒരു യോജിച്ച മുന്നണി അഖില തിരുവിതാംകൂർ ട്രേഡ്‌യൂണിയൻ കോൺഗ്രസ്സ് വഴി കെട്ടിപ്പടുക്കാനും കമ്യൂണിസ്റ്റ് പാർട്ടി ശ്രമിച്ചിരുന്നു. അങ്ങനെ കോൺഗ്രസ്സിലെ പുരോഗമനവാദികളും സോഷ്യലിസ്റ്റ് പ്രവർത്തകരും ട്രേഡ്

യൂണിയനുകളും ഒന്നിച്ച് അണിനിരന്ന രാഷ്ട്രീയ സമരത്തിന്റെ സംയോജക ശക്തിയെന്ന നിലയിൽ കമ്യൂണിസ്റ്റ് പാർട്ടി അക്കാലത്ത് നടത്തിയ ദേശാഭിമാന പരമായ പ്രവർത്തനം അവിസ്മരണീയമാണ്. തിരുവിതാംകൂറിലെ ഉത്തരവാദഭരണ സമരത്തിന്റെ വിജയത്തിൽ കൊച്ചിയിലേയും മലബാറിലേയും ബഹുജന പിന്തുണ സംഘടിപ്പിക്കുന്നതിന് ആ പ്രദേശങ്ങളിലെ കമ്യൂണിസ്റ്റ് പാർട്ടി പ്രവർത്തകർ വഹിച്ച പങ്ക് മറക്കാവതല്ല. 1938–ൽ എ. കെ. ജിയുടെ നേതൃത്വത്തിൽ വന്ന മലബാർ ജാഥ തൊട്ട് 1946–'47 കാലഘട്ടത്തിൽ വയലാർ-പുന്നപ്ര സമര സേനാനികൾക്ക് വേണ്ടത്ര സംരക്ഷണം നൽകുന്നതുവരെയുള്ള സുദീർഘമായ സേവന ചരിത്രം മലബാറിലെയും കൊച്ചിയിലെയും കമ്യൂണിസ്റ്റ് പാർട്ടി പ്രവർത്തകർക്ക് ഉണ്ടെന്നുള്ളത് തർക്കമററ സംഗതിയാണ്. കേരളത്തിലെ ട്രേഡ്‌യൂണിയൻ പ്രസ്ഥാനത്തിന്റെ ചരിത്രത്തിൽ ഈ വസ്തുതകൾക്ക് അനിഷേധ്യമായ സ്ഥാനമുണ്ട്.

1947 ആഗസ്റ്റ് 15–ം തീയതി കേരളത്തിലെ തൊഴിലാളി പ്രസ്ഥാനത്തിന്റെ ഒരു ഘട്ടം അവസാനിച്ചുവെന്നു പറയാം. 1908–ൽ ലെനിൻ പ്രസ്താവിച്ചതു പോലെ ഇൻഡ്യൻ തൊഴിലാളി വർഗം ബോംബെയിൽ രാഷ്ട്രീയ പണിമുടക്കം ആദ്യമായി നടത്തിയത് സ്മരണീയമാണ്. ദേശീയ നേതാവായ ബാലഗംഗാധരതിലകിന്റെ അറസ്റ്റിനെ പ്രതിഷേധിച്ചായിരുന്നു ആ പണിമുടക്കം. അതിനു ശേഷം ഏതാണ്ട് 40 വർഷം ഇൻഡ്യൻ തൊഴിലാളി വർഗം ഉജ്ജ്വലമായ സമരങ്ങൾ നടത്തുകയും ഇൻഡ്യയിലെ അദ്ധ്വാനിക്കുന്ന ജനതയ്ക്കാകെ സ്വാതന്ത്ര്യത്തിന്റെ രണഭൂമിയിൽ നിണമൊഴുക്കാൻ തക്ക വീറും വാശിയും ഉണ്ടാക്കിക്കൊടുക്കുകയും ചെയ്തു. ആ നീണ്ട പോരാട്ടത്തിൽ കേരളത്തിലെ തൊഴിലാളി വർഗം കുറച്ചൊന്നുമല്ല പങ്കെടുത്തത്. ജനതയ്ക്കാകെ നേതൃത്വം നൽകിയ സ്വാതന്ത്ര്യ സമര സേനാനികളായി കേരളത്തിലെ തൊഴിലാളിപ്രവർത്തകർ ചരിത്രത്തിൽ സ്ഥാനം പിടിച്ചു കിഴഞ്ഞു. സ്വതന്ത്ര ഭാരതത്തിൽ തൊഴിലാളി വർഗത്തിന് അവരുടെ അംഗസംഖ്യയിലേറെ പ്രാബല്യവും പ്രശസ്തിയും നേടിക്കൊടുത്തത് സ്വാതന്ത്ര്യസമര കാലത്തെ കോരിത്തരിപ്പിക്കുന്ന ഈ പോരാട്ടങ്ങളാണ്. അതിന് നേതൃത്വം നൽകിയ ശക്തിയെന്ന നിലയിൽ എ. ഐ. ടി. യു. സി ഇൻഡ്യൻ സ്വാതന്ത്ര്യ സമരത്തിൽ നിർണായകമായ പങ്കാണ് വഹിച്ചത്.

ഇൻഡ്യൻ സ്വാതന്ത്ര്യ സമരത്തിന്റെ അവസാന വർഷങ്ങളിൽ ലോകത്തെതൊഴിലാളി പ്രസ്ഥാനത്തിൽ ഉണ്ടായ ഐക്യബോധം വളർത്തിയെടുക്കുന്നതിനും എ. ഐ. ടി. യു സി നല്ല ഒരു പങ്ക് വഹിച്ചു. 1945–ൽ രൂപം കൊണ്ട ലോക ട്രേഡ്‌യൂണിയൻ ഫെഡറേഷന്റെ സംസ്ഥാപനത്തിൽ ഇൻഡ്യൻ ട്രേഡ്‌യൂണിയൻ കോൺഗ്രസ്സ് പ്രവർത്തകർ സജീവമായി പങ്കെടുത്തു. ലോകത്തൊഴിലാളി പ്രസ്ഥാനത്തിന്റെ

ചരിത്രത്തിൽ ഈ ഫെഡറേഷന് വലിയ പ്രാധാന്യമുണ്ട്. രണ്ടാം ലോക മഹായുദ്ധ കാലത്തു തന്നെ ബ്രിട്ടനിലേയും അമേരിക്കയിലേയും സോവിയററിലേയും തൊഴിലാളി സംഘടനകളെ പ്രതിനിധീകരിക്കുന്ന ഒരു കമ്മിററി അന്നുണ്ടാക്കാനുള്ള ഒരു പരിശ്രമം നടത്തിയിരുന്നു. എന്നാൽ അമേരിക്കൻ ലേബർ ഫെഡറേഷൻ അതിൽ നിന്നും മാറി നിന്നതു കൊണ്ട് ഒരു ആംഗ്ളോ–സോവിയററ് ട്രേഡ്യൂണിയൻ കമ്മിററി മാത്രമാണ് 1941–ൽ രൂപീകരിക്കാൻ കഴിഞ്ഞത്. 1945 ഫെബ്രുവരിയിൽ ഈ കമ്മിററിയുടെ ആഭിമുഖ്യത്തിൽ ഒരു സാർവ്വദേശീയ സമ്മേളനം വിളിച്ചു കൂട്ടുകയുണ്ടായി. അതിന് എ. ഐ. ടി. യു. സി. സർവ്വ പിന്തുണയും നൽകി. ലോകത്തിന്റെ നാനാഭാഗത്തു നിന്നുമുള്ള ആറു കോടി തൊഴിലാളികളേയും 63 സംഘടനകളേയും പ്രതിനിധീകരിക്കുന്ന 230 പ്രതിനിധികൾ അന്ന് അവിടെ കൂടി. അമേരിക്കയിലെ ലേബർ ഫെഡറേഷൻ ഈ സമ്മേളനം ബഹിഷ്ക്കരിച്ചെങ്കിലും കോൺഗ്രസ്സ് ഓഫ് ഇൻഡസ്ട്രിയൽ ഓർഗനൈസേഷൻ (C. I. O.) എന്ന സംഘടനയുടെ പ്രതിനിധികൾ ആ സമ്മേളനത്തിൽ സംബന്ധിച്ചിരുന്നു. ആ സമ്മേളന തീരുമാനമനുസരിച്ച് സെപ്റ്റംബർ 25–ാം തീയതി പാരീസിൽ വച്ച് ഒരു അഖില ലോക തൊഴിലാളിസമ്മേളനം വിളിച്ചുകൂട്ടി. 65 രാജ്യങ്ങളിൽ നിന്നും 86 സാർവ്വദേശീയ സംഘടനകളിൽ നിന്നുമായി 185 പ്രതിനിധികൾ പങ്കുകൊണ്ടു. ആറുകോടി അറുപത്തിയേഴ് ലക്ഷം തൊഴിലാളികളുടെ പ്രാതിനിധ്യം ഈ സമ്മേളനത്തിനുണ്ടായിരുന്നു. ഈ സമ്മേളനത്തിൽ പങ്കെടുക്കാതിരുന്ന ഒരൊററ പ്രധാനപ്പെട്ട സംഘടന അമേരിക്കൻ ലേബർ ഫെഡറേഷൻ മാത്രമായിരുന്നു. എന്നാൽ അമേരിക്കയിലെ സി. ഐ. ഒ. എന്ന സംഘടനയുടെ പ്രതിനിധികളായി 20 പേർ സമ്മേളനത്തിലുണ്ടായിരുന്നു. ഈ സമ്മേളനത്തിൽ വച്ചാണ് ലോക ട്രേഡ്യൂണിയൻ ഫെഡറേഷൻ ഉടലെടുക്കുന്നത്. ഫ്രാൻസിലെ ലൂയി സെയ്ലാങ് ജനറൽ സെക്രട്ടറിയായും ബ്രിട്ടണിലെ സർ വാൾട്ടർ സിട്രിൻ ചെയർമാനായും 71 അംഗങ്ങളുള്ള ഒരു ജനറൽ കൗൺസിലിനെ അന്ന് തെരഞ്ഞെടുക്കുകയുണ്ടായി. എ. ഐ. ടി. യു. സി നേതാവായ എസ്. എ. ഡാങ്കേ ഉപാദ്ധ്യക്ഷൻമാരിലൊരാളായി തിരഞ്ഞെടുക്കപ്പെട്ടു.

ലോക തൊഴിലാളികളുടെ ഈ പുതിയ സംഘടന അതിനു മുൻപുണ്ടായിരുന്ന സാർവ്വദേശീയ തൊഴിലാളി സംഘടനകളിൽ നിന്ന് വിഭിന്നമായിരുന്നു. ഒരു വർഗരഹിതസമുദായ സൃഷ്ടിയാണ് തൊഴിലാളി വർഗത്തിന്റെ പരമമായ ലക്ഷ്യമെന്ന് പ്രഖ്യാപിച്ചിരുന്ന പ്രസ്തുത സംഘടനകളിൽ ആ ലക്ഷ്യത്തോടു യോജിക്കാത്ത ട്രേഡ്യൂണിയൻ സംഘടനകൾക്ക് പ്രവേശനം നിഷേധിച്ചിരുന്നു. ഇതിൽ നിന്നും വ്യത്യസ്തമായി വിവിധ രാഷ്ട്രീയ ചിന്താഗതിയുള്ള ട്രേഡ്യൂണിയൻ സംഘടനകൾക്കും അംഗമായി ചേരത്തക്കവണ്ണമുള്ള ഉദ്ദേശലക്ഷ്യങ്ങളായിരുന്നു ലോക ട്രേഡ്

യൂണിയൻ ഫെഡറേഷനുള്ളതു്. ഏററവും വിപുലമായ ട്രേഡ്യൂണിയൻ ഐക്യം കെട്ടിപ്പടുക്കണമെന്നുള്ളതാണു് ഫെഡറേഷൻെറ പരമമായ ലക്ഷ്യം.

ഈ സംഘടനയുടെ ഉദ്ദേശലക്ഷ്യങ്ങളെപ്പററി പ്രതിപാദിക്കുന്ന ഭരണഘടനയുടെ ഭാഗം താഴെ കൊടുക്കുന്നു.

1 വർഗ്ഗം, ദേശം, മതം, രാഷ്ട്രീയാഭിപ്രായം എന്നീ വ്യത്യാസങ്ങൾ ഇല്ലാതെ ലോകമൊട്ടുക്കു് ട്രേഡ്യൂണിയനുകൾ സംഘടിപ്പിക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുക.

2 പിന്നോക്ക രാജ്യങ്ങളിലെ തൊഴിലാളികളെ, ട്രേഡ്യൂണിയൻ സംഘടനകൾ കെട്ടിപ്പടുക്കുന്നതിനു് സഹായിക്കുക.

3 എല്ലാ ഫാസിസ്റ്റ് ഭരണകൂടങ്ങളേയും ഫാസിസത്തിൻെറ എല്ലാവിധ പ്രകടിത രൂപങ്ങളേയും അവ ഏതു പേരിൽ അറിഞ്ഞാലും ഏതു രൂപത്തിൽ പ്രവർത്തിച്ചാലും നിർമ്മാർജ്ജനം ചെയ്യുന്നതിനു വേണ്ടിയുള്ള സമരം നടത്തുക.

4 യുദ്ധങ്ങളെയും യുദ്ധത്തിനുള്ള കാരണങ്ങളെയും തടയുക, ശാശ്വത സമാധാനത്തിനുവേണ്ടി പ്രവർത്തിക്കുക.

5 ലോകത്തൊഴിലാളി വർഗത്തിൻെറ താൽപര്യങ്ങളെ എല്ലാ സാർവദേശീയ സംഘടനകളിലും പ്രതിനിധീകരിക്കുക. ഐക്യരാഷ്ട്ര സഭയുമായി ഒത്തുതീർപ്പുകളുണ്ടാക്കുക.

6 ജനാധിപത്യാവകാശങ്ങൾക്കും, പൂർണമായ തൊഴിലിനും, കൂലി, ജോലിസമയം, ജോലിവ്യവസ്ഥ എന്നിവ അഭിവൃദ്ധിപ്പെടുത്തുന്നതിനും, ആവശ്യമായ സാമൂഹ്യ സംരക്ഷണം തുടങ്ങി തൊഴിലാളി വർഗത്തിൻെറ സാമ്പത്തികവും സാമൂഹ്യവുമായ വളർച്ചയ്ക്കാവശ്യമായ മററെല്ലാ നടപടികളും എടുപ്പിക്കുന്നതിനും വേണ്ടി എല്ലാ രാജ്യങ്ങളിലുമുള്ള ട്രേഡ് യൂണിയനുകളുടെ പൊതു സമരങ്ങൾ സംഘടിപ്പിക്കുക.

7 സാർവദേശീയ തൊഴിലാളി ഐക്യ പ്രശ്നങ്ങൾ ട്രേഡ്യൂണിയനംഗങ്ങളുടെ വിദ്യാഭ്യാസം പ്ലാൻ ചെയ്യുകയും സംഘടിപ്പിക്കുകയും ചെയ്യുക.

ലോകത്തൊഴിലാളിവർഗത്തെ സംബന്ധിച്ചിടത്തോളം ഈ ഫെഡറേഷൻെറ രൂപീകരണം മഹത്തായ ഒരു നേട്ടമാണെന്നു് പറയേണ്ടതില്ലല്ലോ. എന്നാൽ ആംഗ്ലോ—അമേരിക്കൻ സാമ്രാജ്യവാദികൾക്കു് ഈ സംഭവവികാസം ഇഷ്ടപ്പെട്ടില്ല. യൂറോപ്യൻ രാജ്യങ്ങൾക്കു് സഹായം നൽകുന്ന മാർഷൽ പദ്ധതിയെ ഉപകരണമാക്കി ഈ സംഘടനയിൽ ഭിന്നിപ്പുണ്ടാക്കുവാനായിരുന്നു അവരുടെ തന്ത്രം. 1948 ഏപ്രിലിൽ കൂടിയ ഒരു യോഗത്തിൽ മാർഷൽ പദ്ധതിയെ ഫെഡറേഷൻ അംഗീകരിക്കണമെന്ന

ഒരു പ്രമേയം ചില തൊഴിലാളി നേതാക്കന്മാർ അവതരിപ്പിച്ചു. അവർക്ക് ഇതിനുവേണ്ടി പ്രേരണ നൽകിയതു് അമേരിക്കൻ കേന്ദ്രങ്ങളാണു്. കടുത്ത അഭിപ്രായ ഭിന്നതയുള്ള ഈ പ്രശ്നത്തെപ്പററി എന്തെങ്കിലും തീരുമാനം ചെയ്യുന്നതു് ഈ സംഘടനയെ തന്നെ ഉടക്കുമെന്നുള്ളതുകൊണ്ടു് ഓരോ രാജ്യത്തെയും ദേശീയ സംഘടനകളാണു് തീരുമാനിക്കേണ്ടതെന്ന പ്രമേയം ഫെഡറേഷൻ പാസ്സാക്കി. ഫെഡറേഷൻ മാർഷൽ പദ്ധതിയുടെ കാര്യത്തിൽ നിഷ്പക്ഷതാ നയം സ്വീകരിക്കണമെന്നും പ്രമേയത്തിൽ പറഞ്ഞിരുന്നു. എന്നാൽ ഈ പ്രമേയത്തിൻെറ അടിസ്ഥാനത്തിൽ ഫെഡറേഷൻെറ ഐക്യം നിലനിന്നു പോന്നതു് അമേരിക്കൻ കേന്ദ്രങ്ങൾക്കു് സഹിച്ചില്ല. ലോക ഫെഡറേഷൻെറ പ്രവർത്തനങ്ങൾ ഒരു കൊല്ലത്തേയ്ക്കു് നിർത്തിവയ്ക്കണമെന്നു് അമേരിക്കൻ പ്രതിനിധികളും അവരോടൊപ്പം നിന്ന ബ്രിട്ടീഷ് പ്രതിനിധികളും ഡച്ചു് പ്രതിനിധികളും ആവശ്യപ്പെട്ടു. എന്നാൽ ഫെഡറേഷനിലെ ഭൂരിപക്ഷം അംഗങ്ങൾ ഇതിനെ നിരാകരിച്ചു. അതോടുകൂടി ന്യൂനപക്ഷം ഫെഡറേഷനെ ബഹിഷ്കരിച്ചു. 1949 നവംബറിൽ ഈ ന്യൂനപക്ഷത്തിൻെറ നേതൃത്വത്തിൽ ലണ്ടനിൽ വച്ചു് "ഇൻറർ നാഷണൽ ഫെഡറേഷൻ ആഫ് ഫ്രീ ട്രേഡ്യൂണിയൻസ്" എന്ന പേരിൽ ഒരു സംഘടന രൂപീകരിക്കുകയുണ്ടായി. പക്ഷെ ലോകത്തൊഴിലാളി ഫെഡറേഷൻ (WFTU) ഈ വിഭാഗീയ സംഘടനയുടെ എതിർ പ്രവർത്തനങ്ങളെ നേരിട്ടുകൊണ്ടു് സ്വന്തം സംഘടനാ പ്രമാണങ്ങളിൽ അടിയുറച്ചു നിന്നു. തൊഴിലാളി വർഗത്തിൻെറ പൊതുവായ ആവശ്യങ്ങളുടെ പേരിൽ വിശാലമായ വേദിയുണ്ടാക്കുവാനും ഓരോ രാജ്യങ്ങളിലേയും ട്രേഡ്യൂണിയനുകളെ പുഷ്ടിപ്പെടുത്തുവാനും ഫെഡറേഷൻ അക്ഷീണം പരിശ്രമിച്ചു. എ.ഐ.ടി.യു.സി.യ്ക്കു് ലോക ട്രേഡ്യൂണിയൻ പ്രസ്ഥാനവുമായി ബന്ധപ്പെടുവാനും ഇന്ത്യൻ തൊഴിലാളിവർഗത്തെ ശക്തിപ്പെടുത്തുവാനും ഫെഡറേഷൻെറ പ്രവർത്തനങ്ങൾ സഹായകമായിരുന്നു.

അദ്ധ്യായം 5

# സ്വാതന്ത്ര്യത്തിന്റെ പ്രഥമ വർഷങ്ങളിലെ തൊഴിലാളി സമരങ്ങൾ

## (1947–51)

ഇന്ത്യൻ തൊഴിലാളിവർഗം സ്വാതന്ത്ര്യസമരത്തിന്റെ വിജയകരമായ സമാപ്തിയിൽ ആവേശഭരിതരായി. ജീവനക്കൂലിയും ജോലിസ്ഥിരതയും മെച്ചപ്പെട്ട സേവനവ്യവസ്ഥകളും ഉറപ്പുവരുത്തുന്ന നിയമനിർമാണം സ്വതന്ത്രദേശീയ ഗവൺമെൻറ് നടപ്പിലാക്കുമെന്ന് അവർ ന്യായമായും പ്രതീക്ഷിച്ചു. തൊഴിൽ സമരങ്ങളിൽ പുതിയ ദേശീയ ഗവൺമെൻറ് നിയമ വിരുദ്ധമായ നിലയിൽ ഇടപെടുകയില്ലെന്നും തൊഴിലാളി താല്പര്യങ്ങളെ വിട്ടുവീഴ്ചയില്ലാതെ എതിർക്കുന്ന തൊഴിലുടമകളെ നിലക്കുനിറുത്തുമെന്നും ട്രേഡ് യൂണിയനുകൾ പ്രത്യാശിച്ചു. ഈ പ്രതീക്ഷകൾക്ക് ചില അടിസ്ഥാനങ്ങളുമുണ്ടായിരുന്നു. സ്വാതന്ത്ര്യത്തിനു മുൻപു തന്നെ 1946–ൽ ജവഹരിലാൽ നെഹ്റു ഇടക്കാല ഗവൺമെൻറ് രൂപീകരിച്ചപ്പോൾ അന്നത്തെ തൊഴിൽ മന്ത്രി ജഗജീവൻറാം ആവിഷ്ക്കരിച്ചിരുന്ന ലേബർ പ്ലാനിലെ (തൊഴിലാളികൾക്കുള്ള പദ്ധതിയിലെ) ഉള്ളടക്കം തൊഴിലാളി വർഗത്തിനു് ആശ്വാസവക നൽകി. അതിൽ താഴെ പറയുന്ന കാര്യങ്ങൾ ഉൾപ്പെട്ടിരുന്നു.

1 മിനിമം വേജസ് നിയമനിർമാണം നടത്തുക.

2 ന്യായമായ കൂലി കിട്ടുവാനുള്ള കൂട്ടുടമ്പടികളുണ്ടാകുന്ന രീതിക്കു പ്രോത്സാഹനം നൽകുക.

3 തോട്ടം തൊഴിലാളികൾക്ക് ജീവനക്കൂലി ഏർപ്പെടുത്തുക.

4 ഖനികളിലെ തൊഴിലാളികളുടെ ജോലി സമയം 48 മണിക്കൂറായി കുറയ്ക്കുക.

5 പ്രവർത്തി സമയം നിയന്ത്രിക്കുന്നതിനുവേണ്ടിയുള്ള നിയമനിർമാണം ബാധിക്കാത്ത വിഭാഗങ്ങളെക്കൂടി (അതായതു് വാണിജ്യസ്ഥാപനങ്ങളിലെ ജോലിക്കാരെയും, ട്രാൻസ്പോർട്ടു തൊഴിലാളികളെ

യും തുറമുഖത്തൊഴിലാളികളെയും മുൻസിപ്പൽ തൊഴിലാളികളെയും) നിയമപരിധിയിൽ കൊണ്ടുവരിക.

6 ഫാക്ടറി നിയമത്തിലെ വകുപ്പുകൾ കുറേക്കൂടി വ്യാപകമാക്കുക – നിയമത്തിന്റെ പരിധിയിൽപ്പെടാത്ത വ്യവസായങ്ങളെക്കൂടി പരിധിയിൽ കൊണ്ടുവരിക.

7 തൊഴിലാളികൾക്ക് ഉപരിപഠന സൗകര്യങ്ങൾ നൽകുക.

8 തൊഴിലാളികൾക്ക് പാർപ്പിടങ്ങൾ നിർമ്മിച്ചു കൊടുക്കുക.

9 ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുക

10 നിലവിലുള്ള വർക്ക്മെൻസ് കാമ്പൻസേഷൻ നിയമം കൂടുതൽ സമഗ്രമാക്കുക.

11 പ്രസവാനുകൂല്യ നിയമം പരിഷ്ക്കരിക്കുന്നതിനായി ഒരു പുതിയ കേന്ദ്രനിയമം പാസാക്കുക.

ഈ പദ്ധതിയിലെ വാഗ്ദാനങ്ങൾ തൊഴിലാളിവർഗത്തിന് നവോന്മേഷമുളവാക്കി. എന്തെന്നാൽ ഇവയ്ക്കുവേണ്ടിയാണ് ട്രേഡ് യൂണിയൻ പ്രസ്ഥാനം നിരവധി സമരങ്ങൾ നടത്തിയത്. കേരളത്തിൽ സ്വാതന്ത്ര്യ പൊൻപുലരി ആഘോഷിക്കാൻ തൊഴിലാളിവർഗം പരമാവധി താല്പര്യം പ്രദർശിപ്പിച്ചു. തിരുവിതാംകൂറിലെ ദിവാൻ ഭരണത്തിന്റെ നട്ടെല്ലു ജനങ്ങൾ അതിനുമുൻപുതന്നെ തകർത്തിരുന്നു, ഉത്തരവാദഭരണ വിളംബരം പ്രഖ്യാപിക്കപ്പെട്ടതിനെത്തുടർന്നു പുതിയൊരു ജനകീയ ഗവണ്മെന്റിനുവേണ്ടിയുള്ള തെരഞ്ഞെടുപ്പ് ജനങ്ങൾ ആകാംക്ഷയോടുകൂടി ഉററു നോക്കിക്കൊണ്ടിരുന്നു. സ്റ്റേററ് കോൺഗ്രസ്സ് നേതാക്കൻമാർ തൊഴിലാളികൾക്ക് മെച്ചപ്പെട്ട സേവനവ്യവസ്ഥകൾ ഉറപ്പു നൽകുന്ന ഒരു തെരഞ്ഞെടുപ്പു പ്രകടന പത്രിക പ്രസിദ്ധീകരിക്കുകയും ചെയ്തു. സ്റ്റേററ് കോൺഗ്രസ്സിൽനിന്നും വിട്ടുമാറിനിന്ന കമ്യൂണിസ്റ്റ് പാർട്ടിയും മററ് ഇടതുപക്ഷകക്ഷികളും തൊഴിലാളിവർഗത്തിനു ഭദ്രമായ സേവനവ്യവസ്ഥകൾ നിലവിൽ വരുത്തണമെന്ന് ശക്തിയായി ആവശ്യപ്പെട്ടു. കൊച്ചിയിലെ പ്രജാമണ്ഡലവും ഇടതുപക്ഷകക്ഷികളും തൊഴിലാളികൾക്കിടയിൽ സജീവമായി പ്രവർത്തിച്ചു തുടങ്ങി. മലബാർ പ്രദേശത്ത് 1946 ൽ ഏതാണ്ടു നിരോധിക്കപ്പെട്ടിരുന്ന തൊഴിലാളി സംഘടനകൾക്ക് സ്വാതന്ത്ര്യ പ്രാപ്തിയോടുകൂടി പ്രവർത്തന സ്വാതന്ത്ര്യം വീണ്ടെടുക്കാൻ കഴിഞ്ഞു. തടങ്കലിൽ വച്ചിരുന്ന പ്രധാനപ്പെട്ട എ. ഐ. ടി. യു. സി പ്രവർത്തകരെ ഗവണ്മെൻറ് മോചിപ്പിക്കുകയും ചെയ്തു. എന്നാൽ വയലാർ – പുന്നപ്ര സമരം സംബന്ധിച്ചു സർ.സി.പി. ഗവണ്മെൻറു കെട്ടിച്ചമച്ച കേസ്സുകൾ പിൻവലിക്കാൻ സി. പിക്കു പിന്നാലെ വന്ന ഉണ്ണിത്താൻ ഗവണ്മെൻറ് തയ്യാറായില്ല. തൊഴിലാളി വർഗത്തിന്റെ പ്രധാനപ്പെട്ട പ്രവർത്തകർക്ക് അങ്ങനെ ഒളിവിലും ജയിലിലുമായി കഴിയേണ്ടിവന്നു. വയലാർ –

പുന്നപ്ര രാഷ്ട്രീയ തടവുകാരെ മോചിപ്പിക്കാനുള്ള പ്രക്ഷോഭണമാണ് സംഘടിത തൊഴിലാളിവർഗം നിരന്തരമായി നടത്തിയത്. ഇന്ത്യ സ്വാതന്ത്ര്യം പ്രാപിച്ചതിനു ഒരു മാസത്തിനകം തന്നെ കേരള സംസ്ഥാന ട്രേഡ് യൂണിയൻ കോൺഗ്രസ്സ് (കെ. പി. ററി.യു. സി) പുന്നപ്ര വയലാർ മുതലായ സ്ഥലങ്ങൾ സന്ദർശിച്ചു സ്ഥിതിഗതികൾ നേരിട്ടു പഠിക്കുവാനായി ഒരന്വേഷണസമിതിയെ നിയോഗിച്ചു. വയലാർ വെടിവെയ്പിനു ശേഷമുള്ള ആദ്യത്തെ നീതിപൂർവ്വകമായ അന്വേഷണമായിരുന്നു അവർ നടത്തിയത്. അറുനൂറിലധികം സഖാക്കൾ വെടികൊണ്ടു മരിച്ചതായി ഈ കമ്മിററി റിപ്പോർട്ടു ചെയ്തിരുന്നു. വെടിവെയ്പു നടന്നകാലത്തു ഔദ്യോഗികമായി പ്രഖ്യാപിക്കപ്പെട്ടിരുന്ന കണക്ക് 192 പേർ മരിച്ചു എന്നായിരുന്നു. കെ. പി. ററി യു. സി കേരളത്തിലെ നാനാഭാഗങ്ങളിൽ നിന്നും പിരിച്ചെടുത്ത പതിനായിരം രൂപ (അക്കാലത്ത് രൂപയുടെ മൂല്യം ഇന്നത്തേക്കാൾ എത്രയോ വലുതായിരുന്നു) വയലാർ പുന്നപ്ര കേസ്സുകൾ നടത്തുന്നതിനും റിലീഫ് പ്രവർത്തനങ്ങൾ നടത്തുന്നതിനും വേണ്ടി എത്തിച്ചു കൊടുത്തു. അമ്പലപ്പുഴ-ചേർത്തല പ്രദേശങ്ങളിലെ യൂണിയനുകൾ പൊതുവിലും തിരുവിതാംകൂർ കയർഫാക്ടറി വർക്കേഴ്സ് യൂണിയൻ പ്രത്യേകിച്ചും അൽപ്പ ദിവസങ്ങൾക്കുള്ളിൽ പൂർവാധികം ചൈതന്യത്തോടു കൂടി പ്രവർത്തനം ആരംഭിച്ചുവെന്നതു് ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിന്റെ അജയ്യതയെ തെളിയിച്ചു കൊടുത്തു. ഉടനടി പരിഹാരം കാണേണ്ട ഗുരുതരമായ പല പ്രശ്നങ്ങളും ട്രേഡ്യൂണിയൻ പ്രസ്ഥാനത്തിന് അഭിമുഖീകരിക്കേണ്ടി വന്നു.

പുന്നപ്ര–വയലാർ സമരത്തിനു ശേഷം പിരിച്ചുവിടപ്പെട്ട നൂറുകണക്കിനു തൊഴിലാളികളെ തിരിച്ചെടുപ്പിക്കുക, ജയിലിൽ കിടക്കുന്ന സഖാക്കളുടെ കേസ് നടത്തുന്നതിനും അവരെ മോചിപ്പിക്കുന്നതിനുമുള്ള പ്രക്ഷോഭം സംഘടിപ്പിക്കുക, പുന്നപ്ര സമരത്തിൽ ക്ഷതം പററിയവർക്കും മരിച്ചവരുടെ കുടുംബാംഗങ്ങൾക്കും റിലീഫ് കൊടുത്തു സഹായിക്കുക, പുന്നപ്ര സമരത്തെത്തുടർന്ന് റൗഡികളും പോലീസും ചേർന്ന് നാട്ടുകാരിൽ നിന്നും കൊള്ളയടിച്ച മുതൽ തിരിച്ചു വാങ്ങുക തുടങ്ങിയവയായിരുന്നു ഈ പ്രശ്നങ്ങൾ. ഇതോടൊപ്പം 1946–ലെ ത്രികക്ഷി സമ്മേളനത്തിൽക്കൂടി നേടിയെടുത്ത ബോണസ് അനുവദിപ്പിക്കുകയും ചെയ്യേണ്ടിയിരുന്നു. വയലാർ പുന്നപ്ര സമരത്തിനു ശേഷം അഖില തിരുവിതാംകൂർ ട്രേഡ്യൂണിയൻ കോൺഗ്രസ്സിന്റെ വർക്കിംഗ് കമ്മിററി 1948 ജനുവരി മൂന്നാം വാരത്തിൽ (1123 മകരം 9–ാം തീയതി) കൊല്ലം ടെക്സ്റ്റൈൽ വർക്കേഴ്സ് യൂണിയൻ ഓഫീസിൽവച്ച് ആദ്യത്തെ യോഗം ചേർന്നപ്പോൾ ഈ പ്രശ്നങ്ങൾ ചർച്ച ചെയ്യപ്പെട്ടു. പ്രായപൂർത്തി വോട്ടവകാശത്തോടുകൂടിയ ഉത്തരവാദ ഭരണ സ്ഥാപനത്തിന് കടകവിരുദ്ധമായി നിന്നിരുന്ന അമേരിക്കൻ മോഡലിനും ദിവാൻ ഭരണത്തിനുമെതിരായി

അഖില തിരുവിതാംകൂർ ട്രേഡ്‌യൂണിയൻ കോൺഗ്രസ്സിൻെറ ആഹ്വാനം ആദരിച്ച് ഗംഭീരമായ സമരം നയിച്ച തിരുവിതാംകൂറിലെ തൊഴിലാളി വർഗം പുതിയ പരിതഃസ്ഥിതികളിൽ തൊഴിലാളി വർഗത്തിൻെറ നയം പ്രഖ്യാപിച്ചു. 1946-ൽ അനുവദിച്ച ബോണസ് ഉടനടി കിട്ടണമെന്ന ഒരു പ്രമേയം കമ്മിററി അംഗീകരിച്ചു. ബോട്ടു തൊഴിലാളികളുടേയും അലൂമിനിയം തൊഴിലാളികളുടേയും പ്രശ്നങ്ങൾ സംബന്ധിച്ചു ഏർപ്പെടുത്തിയിരുന്ന നടപടികൾ നിർത്തിവച്ചിരുന്നതു് ഉടനടി പുനരാരംഭിക്കണമെന്നു് കമ്മിററി ഗവൺമെൻറിനോടാവശ്യപ്പെട്ടു. അന്ത്രപ്പേരുടെ സ്ഥിന്നർപുരം (കുന്നത്തൂർ താലൂക്കിലെ) തോട്ടത്തിലെ തൊഴിലാളികൾ മരണമടഞ്ഞ സംഭവത്തെപ്പററി ഉടനടി പരസ്യാന്വേഷണം നടത്തണമെന്നും ആവശ്യപ്പെട്ടു.

ഈ കാലഘട്ടത്തിലാണു് തിരുവിതാംകൂറിലെ പ്രഥമ ജനകീയ ഗവൺമെൻറ് രൂപീകരിക്കാനുള്ള തെരഞ്ഞെടുപ്പു നടന്നതു്. ട്രേഡ്‌യൂണിയൻ പ്രസ്ഥാനത്തിൻെറ ഗണ്യമായ വിഭാഗത്തെ നയിച്ചിരുന്ന കമ്മ്യൂണിസ്റ്റ് പാർട്ടിയും മററു ഇടതുപക്ഷകക്ഷികളും സ്റ്റേററ്കോൺഗ്രസിനെ എതിർക്കുവാൻ നിശ്ചയിച്ചു. ററി. വി. തോമസ്, വി. ഏ. സൈമൺ, സി. കെ. വേലായുധൻ, പി. ഏ. സോളമൻ, കെ. ആർ. ഗൗരി എന്നിവർ അമ്പലപ്പുഴ-ചേർത്തല ഭാഗത്തു നിന്നു് കോൺഗ്രസ്സിനെതിരായി മത്സരിച്ചു. ശ്രീകണ്ഠൻ നായർ തിരുവനന്തപുരത്തും ററി. കെ. ദിവാകരൻ കൊല്ലത്തും പി. ററി. പുന്നൂസ് പത്തനാപുരത്തും കോൺഗ്രസ്സിനെ എതിർത്തു. നൂററിയെട്ടു സ്ഥാനത്തേക്കു് നടന്ന തെരഞ്ഞെടുപ്പിൽ നൂററിയേഴു സ്ഥാനങ്ങളും കോൺഗ്രസ്സ് പിടിച്ചടക്കി. ആലപ്പുഴ പ്രദേശത്തും കൊല്ലം പ്രദേശത്തും ചേർത്തലയിലും വളരെ കടുത്ത മത്സരമാണു് നടന്നതു്. ചേർത്തല താലൂക്കിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയും തിരുവിതാംകൂർ കയർ ഫാക്ടറി വർക്കേഴ്സ് യൂണിയനും പിന്താങ്ങിയ ഒരു സ്വതന്ത്രൻ വിജയിക്കുകയും ചെയ്തു. ട്രേഡ് യൂണിയൻ നേതാക്കന്മാർ തെരഞ്ഞെടുപ്പിൽ പരാജയപ്പെട്ടുവെങ്കിലും കേരളത്തിലാദ്യമായി ഇടതുപക്ഷ രാഷ്ട്രീയ പ്രസ്ഥാനത്തെ വളർത്തുവാൻ തിരഞ്ഞെടുപ്പു സമരം ഉപകരിച്ചു. തെരഞ്ഞെടുപ്പിനു ശേഷം പട്ടം താണുപിള്ളയുടെ നേതൃത്വത്തിൽ പ്രഥമ ജനകീയ മന്ത്രിസഭ നിലവിൽ വന്നു. 1946-ലെ വയലാർ പുന്നപ്ര സമരത്തിൻെറ പേരിൽ ഗവൺമെൻറു ചാർജ്ജ് ചെയ്ത കേസ്സുകൾ തുടർന്നു നടന്നു. ആ കേസ്സുകളിൽ പ്രാഞ്ചി, ദാമോദരൻ, കുട്ടപ്പൻ എന്നിങ്ങനെ മൂന്നുപേരെ കോടതി തൂക്കിക്കൊല്ലാൻ വിധിച്ചു. അതിനെതിരായി തൊഴിലാളി പ്രവർത്തകർ അപ്പീൽ പോവുകയും അങ്ങനെ അവരെ കൊലമരത്തിൽ നിന്നു് രക്ഷിക്കാൻ കഴിയുകയും ചെയ്തു. എന്നാൽ അതിനിടയിൽ മൂന്നു തൊഴിലാളി പ്രവർത്തകർ അതായതു് വേലു, ഗോവിന്ദൻ വൈദ്യർ, രാമകൃഷ്ണൻ നായർ എന്നിവർ സെൻട്രൽ ജയിലിൽ വച്ചു മര

ണമടഞ്ഞു. ഒളിവിലിരുന്ന പാണ്ട്യാലശ്ശേരിൽ ശ്രീധരൻ എന്ന സഖാവ് സുഖക്കേട്ടു മൂലം മരണമടയുകയും ചെയ്തു. വയലാർ–പുന്നപ്ര കേസ്സുകളിൽ ഉൾപ്പെട്ടു ജയിലിൽ കഴിയുന്ന തൊഴിലാളി പ്രവർത്തകരെ വിട്ടയയ്ക്കണമെന്നും ഒളിവിലുള്ളവരുടെ പേരിലുള്ള വാറണ്ടുകൾ പിൻവലിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ശക്തിയായ പ്രക്ഷോഭണം ട്രേഡ് യൂണിയനുകൾ നടത്തിപ്പോന്നു. എന്നാൽ പട്ടം താണുപിള്ളയുടെ മന്ത്രിസഭ വയലാർ–പുന്നപ്ര സമര സേനാനികളെ വിട്ടയയ്ക്കുകയില്ലെന്ന് ശാഠ്യം പിടിച്ചു. കേരളത്തിലെ തൊഴിലാളി വർഗവും പുരോഗമന ജനവിഭാഗങ്ങളും ഈ പ്രശ്നത്തിന്റെ പേരിൽ രോക്ഷാകുലരായി. സ്വാതന്ത്ര്യ സമര സേനാനികളെ തടങ്കലിൽ വയ്ക്കുന്ന ജനകീയ ഗവണ്മെന്റ് ദേശീയ സ്വാതന്ത്ര്യത്തെ അർത്ഥശൂന്യമാക്കുകയാണെന്നും സാമ്രാജ്യത്വത്തിന്റെ ദാസൻമാരായിരുന്ന തിരുവിതാംകൂർ രാജാക്കന്മാരെപ്പോലെ ജനവിരുദ്ധമായ മനോഭാവമാണ് നിർല്ലജ്ജം തുടരുന്നതെന്നും തൊഴിലാളി നേതാക്കന്മാർ ജനങ്ങളോടു വെട്ടിത്തുറന്നു പറഞ്ഞു. പുത്തരിയിൽത്തന്നെ കല്ലുകടിച്ച അനുഭവമാണ് സ്വാതന്ത്ര്യപ്രേമികളായ കേരളീയർക്ക് അനുഭവപ്പെട്ടതു്.

അതേസമയം തൊഴിലാളികളുടെ ദൈനംദിനാവശ്യങ്ങൾ നേടിയെടുക്കുന്നതിൽ ട്രേഡ്‌യൂണിയൻ പ്രസ്ഥാനം അഭിമാനകരങ്ങളായ പല നേട്ടങ്ങളും കൈവരിച്ചു. വയലാർ പുന്നപ്ര സമരത്തിനു് മുൻപ് ഓരോ കമ്പനിയിലും പണി ഉണ്ടായിരുന്നവരെ മുഴുവൻ അതാതു കമ്പനികളിൽ ജോലി ഉണ്ടെങ്കിൽ തിരിച്ചെടുക്കണമെന്ന് കയർ വ്യവസായ ബന്ധക്കമ്മിററി വ്യവസ്ഥയുണ്ടാക്കി. അതനുസരിച്ചു അറുനൂറിനു മേൽ തൊഴിലാളികളെ തിരിച്ചെടുത്തു. അതൊരു വൻപിച്ച വിജയമായിരുന്നു. ഭക്ഷണക്ഷാമത്തിനെതിരായും തൊഴിലില്ലായ്മക്കെതിരായും ഫലപ്രദമായി പോരാടുന്നതിന് വേണ്ടി ആലപ്പുഴയിലെ പതിനെട്ടു ട്രേഡ് യൂണിയനുകൾ യോജിച്ചു ഒരു കർമ്മ പരിപാടി ആവിഷ്കരിച്ചു. ഇതിനുവേണ്ടിയുള്ള സജീവമായ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുമ്പോഴാണ് 1948 മാർച്ചിൽ ററി.വി. തോമസ് തുടങ്ങിയ നേതാക്കന്മാരെ താണുപിള്ള ഗവണ്മെന്റ് അറസ്റ്റ് ചെയ്തതു്. ബോണസ്സിനു വേണ്ടിയുള്ള പ്രക്ഷോഭമാണ് ഇക്കാലത്തു് വളരെയധികം ശക്തിയാർജ്ജിച്ചതു്. നേതാക്കന്മാരുടെ അറസ്റ്റും അതിനെത്തുടർന്നു നടന്ന മർദ്ദന പരിപാടികളും അമ്പലപ്പുഴ–ചേർത്തല പ്രദേശങ്ങളിൽ മാത്രമല്ല ട്രേഡ്‌യൂണിയൻ പ്രസ്ഥാനത്തിനു് നേരിടേണ്ടി വന്നതു്. കേരളത്തിലെല്ലായിടത്തും ഇൻഡ്യയൊട്ടാകെയും എ. ഐ. ടി. യു. സി. ട്രേഡ്‌യൂണിയനുകൾക്കെതിരായി ഇന്ത്യാഗവണ്മെന്റ് നിർദ്ദയമായ ഒരു നയം സ്വീകരിച്ചു. മുൻപെങ്ങും ഇത്ര രൂക്ഷമായ മർദ്ദനം ട്രേഡ്‌യൂണിയൻ പ്രസ്ഥാനത്തിനു് നേരെ അഴിച്ചുവിട്ടിരുന്നില്ല എന്ന് എ. ഐ. ടി. യു. സി. ചൂണ്ടിക്കാണിച്ചു.

1947 ആഗസ്റ്റ് 15–നു ശേഷം കേരളത്തിലെ ട്രേഡ്യൂണിയൻ രംഗത്തു് ഉണ്ടായ സംഭവ വികാസങ്ങളുടെ പൊതുവായ സ്വഭാവം ഈ ഘട്ടത്തിൽ വിവരിക്കേണ്ടിയിരിക്കുന്നു. 1947–ൽ തന്നെ തൊഴിൽത്തർക്ക നിയമത്തിൽ സമഗ്രമായ പരിഷ്ക്കാരങ്ങൾ വരുത്തിയതു് ട്രേഡ്യൂണിയൻ പ്രവർത്തനത്തിൽ സാരമായ വ്യത്യാസം വരുത്തി. ലേബർ ഡിപ്പാർട്ടുമെൻറിൻെറ ഇടപെടലും അഡ്ജൂഡിക്കേഷൻെറ ആവിർഭാവവും മൂലം ട്രേഡ്യൂണിയൻ പ്രവർത്തകർക്കു് നിയമപരമായ അറിവു് സ്വായത്തമാക്കേണ്ടി വന്നു. ട്രേഡ്യൂണിയൻ പ്രവർത്തകർ ഒരു പുതിയ പ്രവർത്തന ശൈലി സ്വീകരിക്കുകയും പുതിയ തൊഴിൽത്തർക്ക നിയമത്തിലെ വ്യവസ്ഥകൾ തൊഴിലാളികൾക്കു് അനുകൂലമായി സമരം ചെയ്യുന്നതിനു് സഹായകരമാക്കുവാൻ ശ്രമിക്കുകയും ചെയ്തു. അപ്പോൾ തൊഴിലുടമകൾ തൊഴിൽത്തർക്കങ്ങൾ നിർബന്ധിത മദ്ധ്യസ്ഥതയ്ക്കു വിടുവിക്കുവാൻ ശ്രമം തുടങ്ങി. പണിമുടക്കുവഴി തൊഴിലാളികളുടെ സംഘടിതശക്തി ചെലുത്തി ഒത്തുതീർപ്പുകൾ കൈവരുത്തുന്നതിനു് പുതിയ തൊഴിൽത്തർക്കനിയമത്തിലെ നിർബന്ധിത മദ്ധ്യസ്ഥതയെന്ന വ്യവസ്ഥ (അഡ്ജൂഡിക്കേഷൻ) വിലങ്ങുതടിയായിത്തീർന്നു. തൊഴിൽ സമരങ്ങളിൽ പോലീസിൻെറ ഇടപെടൽ സാർവ്വത്രികമായിത്തീരുകയും ചെയ്തു. മാത്രമല്ല, സ്വാതന്ത്ര്യ പ്രാപ്തിക്കു മുൻപു തന്നെ തൊഴിലാളികൾ സമരം വഴി നേടിയെടുത്ത പല ആനുകൂല്യങ്ങളും സംരക്ഷിക്കുന്നതിനും അവ മുന്നോട്ടു കൊണ്ടുപോകുന്നതിനും തിരുവിതാംകൂറിലേയും കൊച്ചിയിലേയും മലബാറിലേയും അധികൃതർ തയ്യാറായതുമില്ല. ചില ഉദാഹരണങ്ങൾ പറയാം.

(1) 1946 ആഗസ്റ്റിൽ സർ. സി. പി. രാമസ്വാമി അയ്യർ വിളിച്ചു കൂട്ടിയ ത്രികക്ഷി സമ്മേളനത്തിൽ തീരുമാനിച്ചതാണു് നാലു ശതമാനം ബോണസ്സ്, മാററിവയ്ക്കപ്പെട്ട കൂലിയെന്ന നിലയിൽ, വ്യവസായം നഷ്ടമായാലും ലാഭമായാലും തൊഴിലുടമകൾ കൊടുക്കേണ്ടതാണെന്ന വ്യവസ്ഥ. എന്നാൽ 1948–ൽ നിലവിൽ വന്ന പട്ടം താണുപിള്ള മന്ത്രിസഭ ഇതു് നടപ്പിലാക്കുവാൻ ജാഗ്രത കാണിച്ചില്ല. 1946 മുതലുള്ള കുടിശ്ശിക ബോണസ്സ് കിട്ടുന്നതിനു് തൊഴിലാളികൾക്കു് സമരം ചെയ്യേണ്ടി വന്നു.

(2) കൊച്ചിൻ ഹാർബറിൽ ആയിരം തൊഴിലാളികളെ പിരിച്ചു വിടുന്നതിനു് എതിരായി നടന്ന സമരത്തിലുണ്ടായ ഒത്തുതീർപ്പു് ഇന്ത്യാ ഗവണ്മെൻറ് തന്നെ ലംഘിച്ചു. ഹാർബർ അധികാരികൾ തൊഴിലാളികളെ പിരിച്ചു വിടുകയും ചെയ്തു.

(3) മലബാറിലെ ബീഡിചുരുട്ടു തൊഴിലാളികൾ നേടിയെടുത്ത അവാർഡ് മദിരാശിയിലെ ജനകീയ ഗവണ്മെൻറു് നടപ്പാക്കിയില്ല. ടെക്സ്റ്റൈൽ അവാർഡിൻെറ കാര്യവും ഇതുപോലെ ആയിരുന്നു. ഈ രണ്ടു അവാർഡുകളും സ്വാതന്ത്ര്യത്തിനു മുൻപുതന്നെ തൊഴിലാളികൾ സമരം കൊണ്ടു് നേടിയെടുത്തതായിരുന്നു.

(4) മലബാറിൽ തിരുവണ്ണൂർ കോട്ടൺമിൽ പൂട്ടിയിട്ടപ്പോഠ ഗവണ്മെൻറ് അതിനെപ്പററി മൗനംഭജിക്കുകയാണ് ചെയ്തതു്. കൊച്ചിയിൽ സീതാറാം മില്ലിലെ അഡ്ജൂഡിക്കേഷൻ അവാർഡും കരുവണ്ണൂർ ഓട്ടു തൊഴിലാളി തർക്കത്തിലുള്ള അവാർഡും തൊഴിലുടമകഠ നടപ്പാക്കാൻ വിസമ്മതിച്ചപ്പോഠ അതിനെതിരായി ഗവണ്മെൻറ് തക്ക നടപടികളെടുത്തില്ല.

മുൻപറഞ്ഞ ഉദാഹരണങ്ങഠ കേരളത്തിലെ തൊഴിലാളികഠക്ക് അക്കാലത്തു് നേരിടേണ്ടി വന്ന മോഹഭംഗങ്ങളിൽ ചിലതു് മാത്രമാണ്. ഏ. ഐ. ടി. യു. സി നേതൃത്വത്തിലുള്ള കെ. പി. ടി. യു. സി ഗവണ്മെൻറിൻെറ തൊഴിൽ നയത്തെ നിശിതമായി വിമർശിച്ചു. 1948 ജനുവരി 17, 18 എന്നീ തീയതികളിൽ ആമ്പല്ലൂർ വച്ച് കെ. പി. ടി. യു. സി യുടെ ആഭിമുഖ്യത്തിൽ വിപുലമായ ട്രേഡ്യൂണിയൻ സമ്മേളനം നടന്നു. കേന്ദ്രത്തിലും സംസ്ഥാനത്തിലും ഭരണപരിഷ്ക്കാരങ്ങഠ ഉണ്ടാവുകയും ജനകീയ ഭരണം നിലവിൽ വരികയും ചെയ്തിട്ടും തൊഴിലാളികളുടെ ദുസ്സഹമായ നില തുടരുന്നതിൽ സമ്മേളനം ആശങ്ക പ്രകടിപ്പിച്ചു. അന്വേഷണക്കോടതികളുടെ തീരുമാനങ്ങളും അവാർഡുകളും നടപ്പിലാക്കുന്ന കാര്യത്തിൽ ഗവണ്മെൻറ് തൊഴിലുടമകഠക്ക് കീഴടങ്ങുകയാണ് ചെയ്യുന്നതെന്ന് സമ്മേളനം പ്രഖ്യാപിച്ചു. ഈദൃശ നടപടികഠക്കെതിരായി തൊഴിലാളികളെ അണിനിരത്തുന്നതിനായി കേരളത്തിലുള്ള എല്ലാ ട്രേഡ്യൂണിയനുകളും 1948 ജനുവരി 26-ാം തീയതി പണിമുടക്കണമെന്ന് സമ്മേളനം ആഹ്വാനം ചെയ്തു.

സ്വാതന്ത്ര്യത്തിനുശേഷം തങ്ങഠക്ക് അനുകൂലമായ ഒരു തൊഴിൽ നയം ഏർപ്പെടുത്തുന്നതിന് ഇന്ത്യയിലെ വിദേശക്കമ്പനികളും കുത്തകമുതലാളിമാരും പരിശ്രമിച്ചു കൊണ്ടിരുന്നു. കേരളത്തിലെ തൊഴിലുടമകളും ഈ മാർഗം തന്നെയാണ് സ്വീകരിച്ചതു്. കേന്ദ്രത്തിലും സംസ്ഥാനങ്ങളിലും നിലവിൽ വന്ന ജനകീയ ഗവണ്മെൻറുകഠ തൊഴിലുടമകളുടെ താല്പര്യങ്ങഠ പരിരക്ഷിക്കുന്നതിന് ജാഗ്രത കാണിച്ചു. അതേസമയം തൊഴിലാളി വർഗത്തിൻെറ പോരാട്ടങ്ങഠ നിരുത്സാഹപ്പെടുത്തുവാൻ ഗവണ്മെൻറ് തയ്യാറായി. ഈ നയത്തിനെതിരായി പോരാടിയ ഏ. ഐ. ടി. യു. സി യൂണിയനുകളെ നിർവീര്യമാക്കുവാൻ നേതാക്കളേയും ഉശിരൻ പ്രവർത്തകരേയും ഗവണ്മെൻറു അറസ്റ്റ് ചെയ്തു. കേരളത്തിൽ പലയിടങ്ങളിലും ഏ. ഐ. ടി. യു. സി യൂണിയനുകളെ നിരോധിച്ചു.

1948-ൽ കൊച്ചിയിൽ നടന്ന ചില സംഭവവികാസങ്ങഠ ഈ പുതിയ തൊഴിൽ നയത്തിന് ഒന്നാംതരം തെളിവുകളാണ്. കൊച്ചിയിലെ ചെത്തുതൊഴിലാളി യൂണിയനുകഠക്കെതിരായി വൻപിച്ച തോതിലുള്ള മർദ്ദനപരിപാടികളാണ് കൊച്ചി ഗവണ്മെൻറ് സ്വാതന്ത്ര്യ

ത്തിനു ശേഷവും ആവിഷ്ക്കരിച്ചതു്. അന്തിക്കാട്ടെ ചെത്തു തൊഴിലാളികൾക്കു് പഴയ ദിവാൻ ഭരണകാലത്തെ മർദ്ദനം തുടർന്നും അനുഭവിക്കേണ്ടി വന്നു. ജോർജ്ജ് ചടയംമുറി തുടങ്ങിയ നേതാക്കൾ വീണ്ടും അറസ്റ്റ് ചെയ്യപ്പെട്ടു. പീടികത്തൊഴിലാളികളുടെ നിരന്തരമായ ട്രേഡ്യൂണിയൻ പ്രവർത്തനഫലമായി 1948–ൽ കൊച്ചി ഗവൺമെൻറ് ഷോപ്പ് ആൻഡ് കമേർഷ്യൽ എസ്റ്റാബ്ലിഷ്മെൻറ് നിയമം പാസാക്കി. അക്കാലത്തെ പീടികത്തൊഴിലാളികളുടെ പ്രവർത്തനങ്ങളുടെ മുൻപന്തിയിൽ നിന്നതു് തൃശ്ശൂരിലെ പീടികത്തൊഴിലാളി യൂണിയനായിരുന്നു. ഈ യൂണിയൻെറ നേതാക്കളെ ഗവൺമെൻറ് കമ്മ്യൂണിസ്റ്റ് പ്രവർത്തനത്തിൻെറ പേരിൽ അറസ്റ്റ് ചെയ്തു. അതിൻെറ ഫലമായി നിയമത്തിലെ വ്യവസ്ഥകൾ നടപ്പിലാക്കാതിരിക്കുവാൻ പീടിക ഉടമകൾക്കു് ഒരു സുവർണാവസരം ലഭിച്ചു. ഗവൺമെൻറ് അനങ്ങാംപാറനയമാണു് സ്വീകരിച്ചതു്. കൊച്ചിൻ ഹാർബറിലും പോർട്ട് കാർഗോ ലേബർയൂണിയൻ പ്രവർത്തകരെ ഗവൺമെൻറ് അറസ്റ്റ് ചെയ്തു.

ഏ. ഐ. ടി. യു. സി യൂണിയനുകൾക്കു് കേരളത്തിൽ ഒരിടത്തും നിയമ വിധേയമായി പ്രവർത്തിക്കാൻ കഴിയാതെ വന്നു. 1948 മേയ് 27–ാം തീയതി കേരളസംസ്ഥാനട്രേഡ്യൂണിയൻ കോൺഗ്രസ് പുറപ്പെടുവിച്ച സർക്കുലർ ഇതിനു് സാക്ഷ്യം വഹിക്കുന്നു. ഏ. ഐ. ടി. യു. സിയുമായി ബന്ധപ്പെട്ട യൂണിയനുകളുടെ നേരെ ഗവൺമെൻറ് എടുക്കുന്ന നടപടികൾ ദുസ്സഹമായിത്തീർന്നിട്ടുണ്ടെന്നു് അതിൽ പറഞ്ഞിരുന്നു. പല യൂണിയൻ ഓഫീസുകളും കയ്യേറുകയും റിക്കാർഡുകൾ നശിപ്പിക്കുകയും പ്രവർത്തകൻമാരെ ഒട്ടുമുക്കാലും അറസ്റ്റ് ചെയ്തു പല കേസുകളിലും പെടുത്തുകയുമാണു് ചെയ്തിട്ടുള്ളതെന്നു് സർക്കുലർ ചൂണ്ടിക്കാട്ടി. ട്രേഡ്യൂണിയൻ സ്വാതന്ത്ര്യം ഫലത്തിൽ നിരോധിക്കപ്പെട്ടിരിക്കുകയാണെന്നു് അതിൽ പ്രസ്താവിച്ചിരുന്നു. മർദ്ദനങ്ങളെക്കുറിച്ച് വിശദമായ റിപ്പോർട്ട് ഓരോ യൂണിയനും ഉടൻ അയച്ചുതരണമെന്നു് ആ സർക്കുലറിൽ ആവശ്യപ്പെട്ടിരുന്നു. എത്രതന്നെ കടുത്ത മർദ്ദനങ്ങൾ ഏൽക്കേണ്ടിവരുന്നെങ്കിലും ഒന്നുകൊണ്ടും പതറാതെ തൊഴിലാളികളുടെ അടിയന്തിരാവശ്യങ്ങൾ നേടുന്നതുവരെ, അവശതകൾ തീരുന്നതുവരെ, സധൈര്യം മുന്നോട്ടുപോകണമെന്നു് കെ. പി. ടി. യു. സി തൊഴിലാളികളോടു് ആഹ്വാനം ചെയ്തു.

1950 ജനുവരി 26–ാം തീയതി ഇന്ത്യ റിപ്പബ്ലിക്കായതോടെ ഇന്ത്യൻ ഭരണഘടനയിലെ മൗലികാവകാശങ്ങളെ ഉയർത്തിപ്പിടിച്ചുകൊണ്ടു് ട്രേഡ്യൂണിയൻ നേതാക്കൻമാർ ഗവൺമെൻറിൻെറ പൗരസ്വാതന്ത്ര്യമർദ്ദനനയത്തിനെതിരായി നിയമയുദ്ധം നടത്തുകയും അതിൽ ചില വിജയങ്ങൾ നേടുകയും ചെയ്തകാലഘട്ടം വരെ ഏ. ഐ. ടി. യു സി ട്രേഡ്യൂണിയനുകളും മററു് ഇടതുപക്ഷ രാഷ്ട്രീയ പാർട്ടികളുടെ നേതൃത്വത്തിലുള്ള യൂണി

യൻകളും വളരെയേറെ പ്രതിബന്ധങ്ങളെ നേരിട്ടുകൊണ്ടാണ് പ്രവർത്തനം നടത്തിയതു്. പക്ഷെ സമരധീരരായ കേരളത്തിലെ തൊഴിലാളിവർഗവും അതിൻെറ സമരസംഘടനകളായ ട്രേഡ്യൂണിയനുകളും ഈ കാലഘട്ടത്തിൽപ്പോലും മുന്നേറുകയാണു് ചെയ്തതു്. മാത്രമല്ല, പുതിയ മേഖലകളിൽ ട്രേഡ് യൂണിയൻ പ്രസ്ഥാനം വ്യാപിക്കുകയും ചെയ്തു.

ആദ്യമായി ഏ. ഐ. ടി. യു. സി യൂണിയനുകൾ മർദ്ദനങ്ങളെ അതിജീവിച്ചുകൊണ്ടു് ട്രേഡ്യൂണിയൻ പ്രവർത്തനം നടത്തിവന്നതിനെപ്പററി ചില ഉദാഹരണങ്ങൾ വിവരിക്കാം. ഫറോക്ക്—ചെറുവണ്ണൂർ മേഖലയിൽ പന്ത്രണ്ടോളം ടൈൽ ഫാക്ടറികളിൽ പ്രവർത്തിച്ചിരുന്ന ഏ.ഐ. ടി. യു. സി യൂണിയനുകളെ 1948 മദ്ധ്യത്തോടുകൂടി ഗവണ്മെൻറു് നിരോധിച്ചു. ആ പ്രദേശത്തെ പ്രധാന ട്രേഡ്യൂണിയൻ നേതാവായ അച്യുതമേനോക്കിയുൾപ്പെടെ നിരവധി പ്രവർത്തകർക്കു് ഒളിവിൽ പോകേണ്ടതായി വന്നു. ഇവരെയും പ്രധാനപ്പെട്ട കമ്മ്യൂണിസ്റ്റ് നേതാക്കൻമാരായ കെ. ദാമോദരൻ, ഇ. എം. എസ്, കെ. സി. ജോർജ് ഉൾപ്പെടെ പലരേയും ആ പ്രദേശത്തെ തൊഴിലാളികൾ പോലീസിൻെറ വേട്ടയിൽ നിന്നു് കാത്തു സൂക്ഷിച്ചു. ഇതിനിടയിൽ അച്യുതമേനോക്കിയെ പോലീസ് അറസ്റ്റ് ചെയ്യുകയും അദ്ദേഹം ലോക്കപ്പിൽ വച്ചു മൃതിയടയുകയും ചെയ്തു. നിഷ്ഠൂരമായ മർദ്ദനമാണു് അദ്ദേഹത്തിനു് സഹിക്കേണ്ടി വന്നതു്. മേനോക്കിയുടെ മരണം തൊഴിലാളികളെ ഭയപ്പെടുത്തുമെന്നാണു് അധികൃതർ കരുതിയതു്. പക്ഷേ, തൊഴിലാളികൾ ഭയവിഹ്വലരായില്ല. യൂണിയനുകൾ നിരോധിച്ചിരുന്നതിനാൽ തൊഴിലാളി പ്രവർത്തകർ തന്ത്രപൂർവം പ്രസ്ഥാനത്തെ പുനഃസംഘടിപ്പിച്ചു. കോമൺവെൽത്തു് ഫാക്ടറികളിലും പുനഃസംഘടനയുണ്ടായി. പുതിയ തൊഴിലാളി യൂണിയൻെറ പേരു് ഐക്യ തൊഴിലാളി യൂണിയൻ എന്നായിരുന്നു. എല്ലാവിഭാഗം തൊഴിലാളികളെയും സംഘടിപ്പിച്ചുകൊണ്ടു് യാതൊരു കൊടിയുമില്ലാതെ ഐക്യ തൊഴിലാളി യൂണിയൻ എന്നെഴുതിയ ബോർഡും പിടിച്ചുകൊണ്ടാണു് ഘോഷയാത്രകളും മററു പ്രകടനങ്ങളും നടത്തിയിരുന്നതു്. 1952 ആദ്യം ഏ. ഐ. ടി. യു. സി യൂണിയനുകൾ നിയമവിധേയമാവുകയും തൊഴിലാളികൾ തങ്ങളുടെ മാതൃസംഘടനകളുടെ കൊടിക്കീഴിൽ അണിനിരക്കുകയും ചെയ്തു. മലബാറിലെ ഒരു മേഖലയിൽ മാത്രം നടന്ന പ്രവർത്തനമാണിതെന്നു് കരുതരുതു്. എല്ലാ വ്യവസായ മേഖലകളിലും ഏതാണ്ടിതുപോലെയാണു് ഏ. ഐ. ടി. യു. സി യൂണിയനുകൾ പിടിച്ചു നിന്നതു്.

കേരളത്തിലെ ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിൻെറ സിരാകേന്ദ്രമായ ആലപ്പുഴയിലെ കഥ മറെറാരു ഉദാഹരണമാണു്. തിരുവിതാംകൂർ കയർ ഫാക്ടറി വർക്കേഴ്സ് യൂണിയനെ നിരോധിച്ചപ്പോഴും നൂറുകണ

ക്കിനു് പ്രവർത്തകരെ അറസ്റ്റു് ചെയ്തപ്പോഴും തൊഴിലാളികളും ശേഷിച്ച ട്രേഡു് യൂണിയൻ പ്രവർത്തകരും കൈയ്യും കെട്ടി നിസ്സഹായരായി കഴിയുകയല്ലായിരുന്നു. ആലപ്പുഴ കയർ ഫാക്ടറി തൊഴിലാളിക്കമ്മിററി എന്ന പേരിൽ ഒരു പുതിയ സംഘടനയ്ക്കു് ഇവർ രൂപം കൊടുത്തു. ഇക്കാലത്തു് തൊഴിലാളികളുടെ പല അവകാശങ്ങളും തൊഴിലുടമകൾ അംഗീകരിച്ചിരുന്നില്ല. സമര പാരമ്പര്യമുള്ള തിരുവിതാംകൂർ കയർ ഫാക്ടറി വർക്കേഴ്സ് യൂണിയന്റെ നിരോധനം തൊഴിലാളികളെ നിർവീര്യരാക്കുമെന്നാണ് തൊഴിലുടമകൾ കണക്കാക്കിയതു്. എന്നാൽ തൊഴിലാളിക്കമ്മിററി എന്ന പുതിയ സംഘടനയുടെ ഊർജ്ജസ്വലമായ പ്രവർത്തനം ഇവർക്കെല്ലാം ഒരു ചുട്ട മറുപടി ആയിരുന്നു. ലേബർ ഡിപ്പാർട്ടുമെൻറും തൊഴിലുടമകളും ഈ കമ്മിററിയെ ആദ്യം അംഗീകരിച്ചില്ല. ഒടുവിൽ ലേബർ ഡിപ്പാർട്ടുമെൻറു് അധികാരികളും അന്നത്തെ മുഖ്യമന്ത്രിയായിരുന്ന സി. കേശവൻ പോലും തൊഴിലാളിക്കമ്മിററിയോടു കാര്യങ്ങൾ ചർച്ച ചെയ്യാൻ നിർബ്ബന്ധിതരായി. തിരുവിതാംകൂറിലേയും കൊച്ചിയിലേയും പ്രധാനപ്പെട്ട തൊഴിലാളി കേന്ദ്രങ്ങളിലെല്ലാം മർദ്ദനത്തെ കൂസാതെ ട്രേഡു് യൂണിയൻ പ്രവർത്തകർ തങ്ങളുടെ അണികളെ പ്രവർത്തന നിരതമാക്കുവാൻ ശ്രമിച്ചു. പക്ഷെ, ഇതിനു് കൊടുക്കേണ്ടിവന്ന വില അതിഭീമമായിരുന്നു. മലബാറിൽ 1948–51 കാലഘട്ടത്തിൽ നിരവധി ട്രേഡു് യൂണിയൻ പ്രവർത്തകരെ എം. എസ്സ്. പി. വെടിവച്ചു കൊന്നു. പലരേയും ക്യാമ്പുകളിൽ കൊണ്ടുപോയി മർദ്ദിച്ചുകൊന്നു. തൊഴിലാളി വർഗത്തിന്റെ വീരസന്താനങ്ങളെ ഡസൻ കണക്കിനു് സേലം ജയിലിലും വെല്ലൂർ ജയിലിലും വച്ചു വെടിവെച്ചു കൊന്നതു് സ്വാതന്ത്ര്യഭാരതത്തിനു് തീരാക്കളങ്കം വരുത്തിവച്ച ദുഷ്പ്രവൃത്തി ആയിരുന്നു. ഇക്കാലത്തുതന്നെ തിരുവനന്തപുരം സെൻട്രൽ ജയിലിൽവച്ചു് മുഹമ്മ അയ്യപ്പനെ ബയണററുകൊണ്ടു കുത്തിക്കൊന്ന കഥ അന്നു് ജയിലിലെ മർദ്ദനത്തിനു് വിധേയരായ കെ. എസ്സ്. ആനന്ദനും എം. ടി. ചന്ദ്രസേനനും വിവരിച്ചിട്ടുണ്ടു്. കൊല്ലം ജില്ലയിൽ തൊഴിലാളി പ്രവർത്തനം നടത്തിവരവേ ഒളിവിൽ കഴിയേണ്ടിവന്ന കോട്ടാത്തല സുരേന്ദ്രനെ അറസ്റ്റു് ചെയ്തു ലോക്കപ്പിൽവച്ചു മർദ്ദിക്കുകയും അങ്ങനെ സുരേന്ദ്രൻ മരണമടയുകയും ചെയ്തതു് അക്കാലത്തു് ദക്ഷിണ കേരളത്തെയാകെ പിടിച്ചു കുലുക്കിയ ഒരു മർദ്ദനമായിരുന്നു. 1946–ലെ വയലാർ പുന്നപ്ര സമരകാലത്തു് തൊഴിലാളി പ്രവർത്തകർ ദേശീയ സ്വാതന്ത്ര്യത്തിനുവേണ്ടി പടപൊരുതിയതുപോലെ 1948–50 കാലത്തു് ഈ ത്യാഗമൂർത്തികളായ തൊഴിലാളി പ്രവർത്തകർ സ്വതന്ത്രഭാരതത്തിലെ പുതിയ ഭരണമേധാവികൾ അടിച്ചേൽപ്പിച്ച തൊഴിലാളി വിരുദ്ധമായ സാമ്പത്തിക നയത്തിനെതിരായി നടന്ന ധീരമായ സമരം ചെയ്തു അനശ്വരരായ രക്തസാക്ഷികളായിത്തീർന്നു.

ഈ കാലഘട്ടത്തിൽ പോലീസ് മർദ്ദനത്തിന്റെ കാര്യത്തിൽ റിക്കാർഡ് സൃഷ്ടിച്ച ഇടപ്പള്ളി സംഭവത്തിന്റെ പശ്ചാത്തലവും അതിനെ ത്തുടർന്നുണ്ടായ സംഭവവികാസങ്ങളും കെ. സി മാത്യു അനുസ്മരിക്കുന്നുണ്ട്. 1948-ൽ തിരുവിതാംകൂർ ഗവണ്മെന്റ് അഴിച്ചുവിട്ട മർദ്ദനത്തെ അതിജീവിച്ചുകൊണ്ട് ആലുവാ മേഖലയിലെ തൊഴിലാളി പ്രവർത്തകർ എഫ്. ഏ. സി. ടി. യിലും അലൂമിനിയം കമ്പനിയിലും ബീഡിത്തൊഴിലാളികൾക്കിടയിലും മററും നിരന്തരമായി പ്രവർത്തിച്ചു വന്നിരുന്നു. 1949-ൽ ആദ്യം തെക്കേ ഇന്ത്യയിലെ റെയിൽവേ തൊഴിലാളികൾ പണിമുടക്കണമെന്ന് തീരുമാനിക്കുകയുണ്ടായി. മർദ്ദനങ്ങൾ കൊണ്ട് എസ്. ഐ. ആർ ലേബർ യൂണിയൻ വളരെ യധികം പരിക്ഷീണമായിത്തീർന്നെങ്കിലും 1949 മാർച്ച് 9-ാം തീയതി എന്തു വില കൊടുത്തും പണിമുടക്കണമെന്ന തന്നെ ആ യൂണിയൻ തീരുമാനിച്ചു. ഏ. ഐ. ടി. യു. സി നേതൃത്വത്തിലുണ്ടായിരുന്ന എല്ലാ യൂണിയനുകളും അന്ന് സമര രംഗത്തിറങ്ങുവാൻ തൊഴിലാളികളെ ആഹ്വാനം ചെയ്തു. ഈ തൊഴിലാളി യൂണിയനുകളെല്ലാം തന്നെ മുൻപറഞ്ഞതുപോലെ നിയമവിരുദ്ധമായ അവസ്ഥയിലായിരുന്നു. ആലുവാ പ്രദേശത്തെ ട്രേഡ് യൂണിയൻ പ്രവർത്തകരും റെയിൽവേ പണിമുടക്കിനെ വിജയിപ്പിക്കുവാനായി ആലോചനകൾ നടത്തി. അതിനുവേണ്ടി ത്യാഗപൂർവം യത്നിച്ച എൻ. കെ. മാധവനേയും എഫ്. ഏ. സി. ററി. യിലെ തൊഴിലാളിയായ വറീതു കുട്ടിയേയും പോലീസ് ഫെബ്രുവരി 28-ാം തീയതി രാവിലെ അറസ്റ്റ് ചെയ്തു. ഇവർ രണ്ടുപേരും ഒളിവിൽ പ്രവർത്തിക്കുകയായിരുന്നു. ഈ രണ്ടു സഖാക്കളേയും ഇടപ്പള്ളി സ്റ്റേഷൻ ലോക്കപ്പിൽ കൊണ്ടുപോയി വളരെയധികം മർദ്ദിച്ചു വെന്ന വാർത്ത സഹപ്രവർത്തകരെ വളരെയധികം ക്ഷുഭിതരാക്കി. അന്നുരാത്രി ഇടപ്പള്ളിയിൽ വച്ച് വരാൻ പോകുന്ന റെയിൽവേ പണിമുടക്കിനെപ്പററി ആലോചിക്കുന്നതിന് ഒരു യോഗം ചേർന്ന വസ്തുത കെ. സി. മാത്യു അനുസ്മരിക്കുന്നു. എൻ. കെ. മാധവനേയും വറീതുകുട്ടിയേയും പോലീസ് മർദ്ദിച്ച വിവരം യോഗത്തിന്റെ ഗാഢമായ ആലോചനയ്ക്കു വിഷയമായി. അവരെ മർദ്ദനത്തിൽ നിന്നും രക്ഷപ്പെടുത്തുന്നതിനായി ഇടപ്പള്ളി പോലീസ് സ്റ്റേഷനിലേക്ക് തൊഴിലാളികൾ പോയതും ഇടപ്പള്ളി പോലീസ് സ്റ്റേഷൻ ആക്രമണക്കേസ് എന്ന പേരിൽ പോലീസ് കേസ് ചാർജ് ചെയ്തതുമെല്ലാം കെ. സി. മാത്യു അനുസ്മരിക്കുന്നുണ്ട്. ഇടപ്പള്ളി സംഭവത്തിന്റെ പേരിൽ ആലുവയിലെ മാത്രമല്ല എറണാകുളം മേഖലയിലെ മുഴുവൻ തൊഴിലാളി പ്രവർത്തകരെ പോലീസ് വേട്ടയാടിപ്പിടിച്ചു. 1949 ഏപ്രിൽ 23-ാം തീയതി കെ. സി. മാത്യുവിനെ അറസ്റ്റ് ചെയ്തതു് അക്കാലത്തെ പ്രാധാന്യപ്പെട്ട ഒരു സംഭവമായിരുന്നു. ഇടപ്പള്ളിക്കേസിൽപ്പെട്ട തൊഴിലാളി പ്രവർത്തകർ എട്ടു കൊല്ലം ലോക്കപ്പുകളിലും ജയിലിലുമായിക്കഴിഞ്ഞു. 1957-ൽ ഇ. എം. എസ്. മന്ത്രിസഭ വന്നതിനുശേഷമാണ് ഇവരെ വിമോചിപ്പിച്ചതു്.

കേരളത്തിലെ സംഘടിത തൊഴിലാളി പ്രസ്ഥാനത്തിന് 1948–50 കാലഘട്ടത്തിൽ അനുഭവിക്കേണ്ടിവന്ന മർദ്ദനം അതിരൂക്ഷമായിരുന്നെങ്കിലും ആ മർദ്ദനത്തിനു കടിഞ്ഞാണിടുന്നതിനും ജനാധിപത്യ സ്വാതന്ത്ര്യങ്ങൾ പുനഃസ്ഥാപിക്കുന്നതിനും, തൊഴിലാളി പ്രസ്ഥാനത്തിനു കഴിഞ്ഞു. പക്ഷേ, മർദ്ദനത്തേക്കാൾ കേരളത്തിലെ ട്രേഡ്‌യൂണിയൻ പ്രസ്ഥാനത്തിന് വേദനയും അത്യധികമായ ക്ഷീണവുമുണ്ടാക്കിയ ഒരു സംഭവമായിരുന്നു വിപ്ലവ ട്രേഡ്‌യൂണിയൻ പ്രസ്ഥാനത്തിൻെറ ജനയിതാവെന്നു് പ്രതിയോഗികൾ പോലും സമ്മതിച്ച സഃ പി. കൃഷ്ണപിള്ളയുടെ അകാലചരമം. ആ സംഭവം മൂലമുണ്ടായ വിടവ് തൊഴിലാളി പ്രസ്ഥാനത്തിന് പെട്ടെന്നു് നികത്താൻ കഴിഞ്ഞില്ല. 1948 മാർച്ചിൽ മദിരാശി ഗവൺമെൻറ് സഖാവു് കൃഷ്ണപിള്ളയെ വേട്ടയാടിപ്പിടിക്കുവാൻ തന്നെ തീരുമാനിച്ചിരുന്നു. അദ്ദേഹത്തിൻെറ തലയ്ക്കു അവർ വിലവച്ചു. അദ്ദേഹത്തിനെ അറസ്റ്റ് ചെയ്യാൻ സഹായകമായ വിവരങ്ങൾ നൽകുന്നവർക്കു് പാരിതോഷികം നൽകുന്നതാണെന്നു് ഗവൺമെൻറു് പ്രധാന പത്രങ്ങളിൽ പരസ്യം ചെയ്തു. എന്നിട്ടും അദ്ദേഹം സഹപ്രവർത്തകരോടൊപ്പം കേരളത്തിൻെറ നാനാഭാഗങ്ങളിൽ 1948 ആഗസ്റ്റ് മാസം 19–ാം തീയതി വരെ സുധീരമായി പ്രവർത്തിച്ചു. ട്രേഡ്‌യൂണിയൻ പ്രസ്ഥാനമുൾപ്പെടെ ബഹുജനസംഘടനകളെയെല്ലാം കർമ്മോൻമുഖമാക്കുന്നതിന് പ്രയത്നിച്ചുവരുന്നതിനിടയിൽ ചേർത്തല താലൂക്കിലെ മുഹമ്മയിലെ ഒരു തൊഴിലാളി ഭവനത്തിൽ വച്ചു പാമ്പു കടിയേററു അദ്ദേഹം നിര്യാതനായി. സഖാവിൻെറ മൃതദേഹം ആലപ്പുഴയിലെ തിരുവിതാംകൂർ കയർ ഫാക്ടറി വർക്കേഴ്സ് യൂണിയനാഫീസിൽ കൊണ്ടുവന്നപ്പോൾ പതിനായിരക്കണക്കിനു് തൊഴിലാളികളും ബഹുജനങ്ങളും അദ്ധ്വാനിക്കുന്നവരുടെ പടത്തലവനായ ആ നേതാവിനു് അന്ത്യോപചാരങ്ങൾ അർപ്പിച്ചു. പുന്നപ്ര രക്തസാക്ഷികളുടെ ശവകുടീരത്തിനടുത്താണു് മൃതദേഹത്തെ അടക്കം ചെയ്തതു്. കേരളത്തിലെ മാത്രമല്ല, ഇൻഡ്യയിലെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിൻെറ തന്നെ അഭിമാനഭാജനമായിരുന്നു പി. കൃഷ്ണപിള്ള. ഇന്നു് അദ്ദേഹത്തിൻെറ ചരമദിനം അദ്ധ്വാനിക്കുന്ന ജനത സങ്കുചിതമായ പാർട്ടി പരിഗണനകൾ കൂടാതെ ആചരിച്ചുവരുന്നു. യാതൊരു പ്രസ്ഥാനത്തിനും ആരുടേയും നേതൃത്വം അത്യന്താപേക്ഷിതമാണെന്നു് കരുതാൻ പാടില്ലെന്നു് പറഞ്ഞേക്കാം. പക്ഷേ പി. കൃഷ്ണപിള്ളയുടെ അകാലചരമവാർത്ത കേട്ടപ്പോൾ ട്രേഡ്‌യൂണിയൻ പ്രവർത്തകരടക്കം കേരളത്തിലെ അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളുടെയിടയിൽ പ്രവർത്തിക്കുന്ന വിപ്ലവകാരികളെല്ലാം അഭിപ്രായപ്പെട്ടു, "സഖാവില്ലാതെ എങ്ങനെ മുന്നോട്ടു പോകുമെന്നു്!" അങ്ങനെ എല്ലാവരും ഒരുപോലെ പറയാനുള്ള പ്രധാന കാരണം അദ്ദേഹം കേരളത്തിലെ ബഹുജനപ്രസ്ഥാനത്തിന് സംഭാവന ചെയ്ത ഒരു പുതിയ പ്രവർത്തനശൈലിയെപ്പററിയുള്ള അപാരമായ ബഹുമാനമായിരുന്നു. കൃഷ്ണപിള്ളയുടെ പ്രവർത്തനശൈലി ആരിലും ആത്മവി

ശ്വാസവും ധൈര്യവും ഒടുങ്ങാത്ത വിപ്ലവബോധവും വളർത്തിയിരുന്നു. സഖാവ് ട്രേഡ്‌യൂണിയൻ രംഗത്തു് വളരെ ആത്മാർത്ഥതയുള്ള പ്രവർത്തകരുടെ ഒരു നിരയെത്തന്നെ സൃഷ്ടിച്ചിരുന്നു. അതിൽ ഏററവും പ്രധാനപ്പെട്ടവരിൽ രണ്ടുപേർ എറണാകുളത്തു് എം. ബി. കെ. മേനോനും ഏ. ജി. വേലായുധനുമായിരുന്നു. കൃഷ്ണപിള്ളയുടെ മരണത്തിനു് മുൻപു തന്നെ 1948 മാർച്ചിൽ ഈ രണ്ടുപേരും അകാല ചരമം പ്രാപിച്ചതു്, കേരളത്തിലെ ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിനു് ഈ കാലഘട്ടത്തിലുണ്ടായ ദുരന്തങ്ങളിൽപ്പെടുന്നു. എം. ബി. കെ. മേനോൻ കേരളസംസ്ഥാന ട്രേഡ്‌യൂണിയൻ കോൺഗ്രസ്സ് ജനറൽ സെക്രട്ടറിയായിരുന്നു. കോഴിക്കോട്ടെ ട്രേഡ്‌യൂണിയൻ പ്രസ്ഥാനത്തെ പുന:സംഘടിപ്പിച്ചുകൊണ്ടിരുന്നപ്പോഴാണു് അദ്ദേഹം ന്യൂമോണിയാ പിടിപെട്ടു നിര്യാതനായതു്. ഏ. ജി. വേലായുധൻ 1948–ലെ പാലിയം സത്യഗ്രഹം നയിച്ചുകൊണ്ടു് മർദ്ദനമേററു് രക്തസാക്ഷിയായി. അദ്ദേഹത്തിൻെറ സേവനങ്ങൾ മുൻ അദ്ധ്യായങ്ങളിൽ വിവരിച്ചിട്ടുള്ളതാണു്. ഇവരെപ്പോലെ തന്നെ മററു ത്യയോ ട്രേഡ്‌യൂണിയൻ പ്രവർത്തകർ സഖാവു കൃഷ്ണപിള്ളയുടെ പ്രവർത്തന ശൈലിയെ സ്വാംശീകരിച്ചുകൊണ്ടുള്ള ത്യാഗനിർഭരമായ ജീവിതത്തിനിടയിൽ ഭരണവർഗത്തിൻെറ മർദ്ദനമേററു ഈ കാലഘട്ടത്തിൽ ജീവാർപ്പണം ചെയ്യുകയുണ്ടായി.

എന്നിട്ടും മർദ്ദനത്തെ അതിജീവിച്ചുകൊണ്ടു് നിരവധി ട്രേഡ്‌യൂണിയൻ പ്രവർത്തകർ അവരുടെ സംഘടനകളുമായി മുന്നോട്ടു നീങ്ങിക്കൊണ്ടിരുന്നു. അതിനൊരു ഉദാഹരണം ആമ്പല്ലൂരെ ടെക്‌സ്റ്റൈൽ തൊഴിലാളി യൂണിയനും അതിൻെറ ധീരനായ നേതാവു് പി. എസ്. നമ്പൂതിരിയുമാണു്. 1948 മാർച്ച്, ഏപ്രിൽ മാസത്തിൽ ഗവൺമെൻറു് കൊച്ചിയിലെ പരിമിതമായ ട്രേഡ്‌യൂണിയൻ അവകാശങ്ങൾ പോലും ഏ. ഐ. ടി. യു. സി ട്രേഡ്‌യൂണിയനുകൾക്കു് ഇല്ലാതാക്കി. ആമ്പല്ലൂർ പ്രദേശത്തു് അക്കാലത്താണു് ഐ. എൻ. ടി. യു. സി സംഘടന ഉടലെടുത്തതു്. ഏ. ഐ. ടി. യു. സി യൂണിയനെ അവഗണിച്ചുകൊണ്ടു് മില്ലുടമ ഐ. എൻ. ടി. യു. സിയുമായി കരാറുണ്ടാക്കി. അവസാനം അഞ്ചു മാസക്കാലത്തേക്കു് കമ്പനി പൂട്ടിയിട്ടു. വീണ്ടും തുറന്നു പ്രവർത്തിക്കുന്നതിനു് വേണ്ടി പത്തുലക്ഷം ഉറുപ്പിക ഗവൺമെൻറിൽ നിന്നു് കൊടുത്തു. തൊഴിലാളികളുടെ സർവ്വീസെല്ലാം വെട്ടിക്കളയുന്നതിനും ആയിരം തൊഴിലാളികളെ പിരിച്ചുവിടാനും തീരുമാനിച്ചതിൻെറ അടിസ്ഥാനത്തിൽ 1950 ഏപ്രിൽ 17–നു് വീണ്ടും കമ്പനി തുറക്കാൻ തീരുമാനിച്ചു. കമ്പനി തുറക്കുന്ന സന്ദർഭത്തിൽ പിരിച്ചുവിട്ട തൊഴിലാളികളെ ബലമായി കമ്പനിക്കകത്തു് പ്രവേശിപ്പിക്കുവാനായിരുന്നു ഏ. ഐ. ടി. യു. സി യുടെ പരിപാടി. പല സാങ്കേതിക കാരണങ്ങളാലും അതു് നടന്നില്ല. ഒരു വലിയ പോലീസ് സൈന്യം കമ്പനിപ്പടിക്കൽ തയ്യാറെടുത്തു നിന്നി

രുന്നു. തന്മൂലം പി. എസ്. നമ്പൂതിരി അതിസാഹസികമായ ഒരു പ്രവർത്തനരീതിയാണ് അന്ന് സ്വീകരിച്ചത്. ഒളിവിലിരുന്ന പി. എസ്. നമ്പൂതിരി കമ്പനിപ്പടിക്കൽ ഒരു കൊടിയുമേന്തിക്കൊണ്ട് പ്രത്യക്ഷപ്പെട്ടു ഈ നയത്തിനെതിരായി പ്രസംഗിച്ചു. പോലീസ് പി. എസ്. നമ്പൂതിരിയെ ഭീകരമായി മർദ്ദിക്കുകയും തൃശ്ശൂർ സബ്ബ് ജയിലിൽ അടയ്ക്കുകയും ചെയ്തു! ഇങ്ങനെയുള്ള വീരസാഹസിക പ്രവൃത്തികൾ പോലീസിന്റെ മർദ്ദനത്തെ എതിർക്കാനുള്ള ദൃഢനിശ്ചയത്തെ വ്യക്തമാക്കിക്കൊടുത്തു.

ട്രേഡ്‌യൂണിയൻ പ്രവർത്തകർ അക്കാലത്ത് നേരിട്ട ഭീകരമായ പോലീസ് മർദ്ദനത്തെ വിവരിച്ചുകൊണ്ട് പല എ. ഐ. ടി. യു. സി പ്രവർത്തകരും കമ്മ്യൂണിസ്റ്റ് പാർട്ടി നേതാക്കൻമാരും അനുസ്മരണകൾ എഴുതിയിട്ടുണ്ട്. അതിലൊന്നാണ് മദ്ധ്യകേരളത്തിലെ സ്ഥിതിഗതികളെപ്പററി വി. വി. രാഘവൻ വരച്ചു കാട്ടിയിട്ടുള്ള ഒരു ചിത്രം. കമ്പിവലയിട്ട പോലീസ് വാനുകൾക്ക് ഇടിവണ്ടി എന്ന് പേരു കിട്ടിയത് അന്നാണെന്ന് അദ്ദേഹം പ്രസ്താവിക്കുന്നു. ഷർട്ടിടാത്തവരേയും ചുവന്ന കുപ്പായമിട്ടവരേയും മീശവച്ചവരേയും ഇടിവണ്ടിയിൽ കയററി ചതച്ചുവിടുക അക്കാലത്ത് പോലീസിന്റെ ഒരു ഹോബിയായിരുന്നത്രേ. ഒളിവിൽ കഴിയുന്ന തൊഴിലാളിപ്രവർത്തകരെ തേടിപ്പിടിക്കാനെന്ന ഭാവത്തിൽ നാട്ടിലുടനീളം ഭീകരാന്തരീക്ഷം സൃഷ്ടിച്ചു. രാപ്പകൽ വ്യത്യാസമില്ലാതെ നിരപരാധികളുടെ വീടുകളിൽ കയററി പരിശോധനനടത്തി. വിവരിക്കാനാവാത്ത ക്രൂരതകൾ കാട്ടി. കമ്മ്യൂണിസ്റ്റുകാർക്ക് പച്ചവെള്ളം കൊടുത്താൽ എല്ലു വെള്ളമാക്കുമെന്നായിരുന്നു അന്ന് പോലീസിന്റെ മുദ്രാവാക്യം. അതു് അക്ഷരം പ്രതി അവർ നടപ്പാക്കുകയും ചെയ്തു. എത്രയെത്ര വീടുകളാണ് ആ രണ്ടു വർഷങ്ങൾക്കിടയിൽ തരിപ്പണമാക്കപ്പെട്ടതു്. എത്രയെത്ര കുടുംബങ്ങളാണ് തകർന്നു പോയതെന്ന് രാഘവൻ ഓർത്തുപോകുന്നു. ഈ ജീവിതത്തിൽ പ്രിയംകരങ്ങളായ എല്ലാമെല്ലാം നഷ്ടപ്പെടുമെന്നുറപ്പുണ്ടായിരുന്നിട്ടും ദുഷിച്ചു നാറിയ സാമൂഹ്യവ്യവസ്ഥിതി ഉടച്ചുവാർക്കാനുള്ള സമരത്തിൽ ആളുകൾ എടുത്തുചാടി. മദ്ധ്യകേരളത്തിൽ ഒളിവിൽ പ്രവർത്തിച്ചിരുന്ന കുറെ ചെറുപ്പക്കാർ പോലീസ് വലയത്തേയും അന്നത്തെ അക്രമവിരുദ്ധമുന്നണിക്കാരുടെ കുറുവടിപ്പടയേയും കബളിപ്പിച്ചുകൊണ്ട് ഫാക്ടറിപ്പടിക്കലും പട്ടണത്തിന്റെ ഹൃദയസ്ഥാനങ്ങളിലും മിന്നൽപ്പിണർപോലെ പ്രത്യക്ഷപ്പെട്ടു. കല്ലച്ചിൽ തയ്യാറാക്കിയ ലഘുലേഖകൾ വിതരണം ചെയ്തുകൊണ്ടിരുന്നു; എന്ന് രാഘവൻ അഭിമാനപൂർവ്വം അനുസ്മരിക്കുന്നു. ചുമട്ടുതൊഴിലാളികളുടേയും പീടികത്തൊഴിലാളികളുടേയും മുൻസിപ്പൽ തൊഴിലാളികളുടേയും കർഷകത്തൊഴിലാളികളുടേയും മററും മദ്ധ്യത്തിലായിരുന്നു ഒളിവിലുള്ള പ്രവർത്തകർ! അവരെ അറസ്റ്റ്ചെയ്യുവാൻ പോലീസിനു് കഴിഞ്ഞതുമി

ല്ലെന്ന് അദ്ദേഹം വിവരിക്കുന്നു. തൃശ്ശൂർ ഭാഗത്തെ അനുഭവങ്ങളാണ് അദ്ദേഹം അടുത്ത തലമുറയുടെ ഓർമ്മയ്ക്കായി കുറിച്ചിട്ടത്. കേരളത്തിലെ എ. ഐ. ടി. യു. സി യൂണിയൻ കേന്ദ്രങ്ങളിൽ എവിടെയും ഇതായിരുന്നു നിലയെന്ന് പ്രത്യേകം പറയേണ്ടതുണ്ട്.

എന്നാൽ ഈ വിവരണങ്ങളിൽ നിന്ന് ഒരു കാര്യം പ്രത്യേകമായി മനസിലാക്കേണ്ടിയിരിക്കുന്നു. കേരളത്തിലെ ട്രേഡ്‌യൂണിയൻ പ്രസ്ഥാനം ഈ കാലഘട്ടത്തിൽപ്പോലും സ്തംഭിച്ചു നിന്നില്ല. അത് പുതിയ വിഭാഗങ്ങൾക്കിടയിൽ വ്യാപിക്കുകയും ചെയ്തു. എ. ഐ. ടി. യു. സി. യൂണിയനുകൾ മാത്രമല്ല ഭരണ വർഗത്തിന്റെ നിഷ്ഠൂരമായ ആക്രമണങ്ങൾക്ക് അക്കാലത്ത് വിധേയരായത്. ഇന്ത്യ റിപ്പബ്ലിക്കാവുന്നതിനു മുൻപുള്ള, അതായത് പുതിയ ഇന്ത്യൻ ഭരണഘടന നിലവിൽ വരുന്നതിന് മുൻപുള്ള, കാലഘട്ടത്തിന് ഒരു പ്രത്യേകതയുണ്ടായിരുന്നു. സ്വാതന്ത്ര്യ ഭാരതത്തിന്റെ ലക്ഷ്യമെന്തായിരിക്കണം എന്നുള്ളതിനെക്കുറിച്ച് ഇന്ത്യയിലെ ഇടതുപക്ഷ കക്ഷികളും കോൺഗ്രസ്സ് ഭരണാധികാരികളും തമ്മിലുള്ള ഒരു കടുത്ത പോരാട്ടം തന്നെ ഇക്കാലത്തു നടന്നു. സ്വാതന്ത്ര്യസമരത്തിന്റെ പ്രതിജ്ഞകൾ നടപ്പിൽവരുത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് ഇന്ത്യയിലെ ട്രേഡ് യൂണിയനുകളുൾപ്പെടെയുള്ള വിവിധ ബഹുജന സംഘടനകളും പാർട്ടികളും ഉശിരൻ സമരമാർഗങ്ങളിലേക്കിറങ്ങി. കേരളത്തിലെ ട്രേഡ്‌യൂണിയൻ പ്രവർത്തകർ നടത്തിയ പോരാട്ടങ്ങൾ ഒത്തരത്തിലുള്ളതായിരുന്നു. കറാച്ചി കോൺഗ്രസ് പ്രമേയത്തിലും തുടർന്നുള്ള സ്വാതന്ത്ര്യ സമര ലക്ഷ്യ പ്രഖ്യാപനങ്ങളിലും അതിനു ശേഷമുണ്ടായ കോൺഗ്രസ്സ് തെരഞ്ഞെടുപ്പ് വിജ്ഞാപനങ്ങളിലും ഉറപ്പിച്ച് പറഞ്ഞിരുന്ന പുരോഗമനപരമായ തൊഴിൽ നയത്തിന് വേണ്ടിയാണ് ഇവർ സമരം ചെയ്തത്. സ്വാതന്ത്ര്യത്തിനു ശേഷം ഇന്ത്യാ ഗവണ്മെന്റ് പാർലമെന്റിൽ അവതരിപ്പിച്ചു പാസ്സാക്കിയ തൊഴിൽ നിയമങ്ങൾ സ്വാതന്ത്ര്യ സമര കാലത്തെ തൊഴിലാളികളുടെ സുദീർഘമായ പ്രക്ഷോഭണ ഫലമായിട്ടാണ് സംജാതമായതെങ്കിലും അതിന്റെ പ്രധാനപ്പെട്ട ലക്ഷ്യങ്ങൾ അഭിലഷണീയങ്ങളല്ലെന്ന് ട്രേഡ് യൂണിയൻ നേതാക്കന്മാർ ചൂണ്ടിക്കാണിച്ചു. ഉദാഹരണത്തിന് 1947–ൽ പാസാക്കിയ ഇന്ത്യൻ തൊഴിൽത്തർക്ക നിയമം വളരെയധികം വിമർശിക്കപ്പെട്ടു. പിന്നണിയിൽ നിൽക്കുന്ന തൊഴിലാളികളുടെ ഇടയിൽ വ്യവസ്ഥാപിതത്വ വ്യാമോഹങ്ങൾ പരത്തുവാൻ ഈ നിയമം ഒരു മറയായി ഉപയോഗിക്കപ്പെട്ടു എന്ന് ട്രേഡ്‌യൂണിയൻ നേതാക്കന്മാർ ചൂണ്ടിക്കാണിച്ചു. വർഗ സമരങ്ങളിൽ നിന്ന് തൊഴിലാളികളെ അകറ്റി അവരെ അന്തമില്ലാത്ത കോൺഫറൻസുകളിലേക്കും കേസ് നടത്തിപ്പിലേക്കും കമ്മിറ്റികളിലെ വായാടി സമരങ്ങളിലേക്കും തള്ളിനീക്കുവാൻ ഈ നിയമം മൂലം ഭരണവർഗങ്ങൾ കൊണ്ടുപിടിച്ചു ശ്രമിച്ചു. എന്നാൽ തൊഴിൽത്തർക്ക നിയമത്തിന്റെ മർദ്ദനപരമായ വ്യവസ്ഥകളെ കൂസാതെ പ്രസ്ഥാനം

മുന്നോട്ടു പോയി. തൊഴിലാളി പ്രസ്ഥാനത്തിന്റെ വളർച്ചയുടെ ഫലമായും ട്രേഡ്യൂണിയൻ നേതാക്കളുടെ സമർത്ഥമായ വാദപ്രതിവാദങ്ങളുടെ ഫലമായും തൊഴിൽത്തർക്ക കോടതികളും ഹൈക്കോടതികളും പല ഘട്ടങ്ങളിലും വർഗസമരത്തിന്റെ ഒരു രണ്ടാം സമരമുഖമായി തീരുകയാണുണ്ടായതു്. മിനിമം വേജസ് നിയമം തൊഴിലാളി പ്രസ്ഥാനത്തിന്റെ സമർത്ഥമായ പ്രയോഗം നിമിത്തം അസംഘടിത തൊഴിലാളികളുടെ കൂലി മെച്ചപ്പെടുത്തുവാനുള്ള ഒരായുധമായിത്തീർന്നു. എന്നാൽ ഈ മാററത്തിനിടയിൽ തൊഴിലാളികൾക്കു് തൊഴിൽ നിയമങ്ങളെ വളച്ചൊടിക്കുന്നതിനെതിരായി കോടതികൾക്കും കമ്മിററികൾക്കും അപ്പുറത്തു് ത്യാഗപൂർണ്ണമായ സമരങ്ങൾ നടത്തേണ്ടിവന്നുവെന്നവസ്തുതയും സ്മരണീയമാണു്.

സാമൂഹ്യമായും സാമ്പത്തികമായും പിന്നോക്കം നിന്നിരുന്ന മുൻസിപ്പൽ തൊഴിലാളികളുടെ പ്രധാനപ്പെട്ട ചില സമരങ്ങൾ ഈ കാലഘട്ടത്തിൽ നടന്നു. കൺസിലിയേഷൻ കോൺഫറൻസുകളിൽ മുൻസിപ്പൽ തൊഴിലാളി പ്രതിനിധികളോടൊപ്പം ഇരുന്നു സംസാരിക്കുന്നതിനു പോലും മുൻസിപ്പൽ അധികൃതർ ആദ്യകാലത്തു തയ്യാറായിരുന്നില്ല. എന്നാൽ ഇതിനെ വെല്ലുവിളിച്ചുകൊണ്ടു് തിരുവനന്തപുരത്തെ കോർപ്പറേഷൻ തൊഴിലാളികളും ആററിങ്ങലിലെ മുൻസിപ്പൽ തൊഴിലാളികളും മററും നടത്തിയ സുദീർഘമായ സമരങ്ങൾ ഇതിനുള്ള ഉദാഹരണങ്ങളാണു്. ആററിങ്ങലിലെ മുൻസിപ്പൽ തൊഴിലാളികൾ തിരുവനന്തപുരത്തെ മന്ത്രിമന്ദിരങ്ങളുടെ മുൻപിൽ 1949–ൽ സത്യാഗ്രഹ സമരം നടത്തി. സത്യാഗ്രഹികളെ അറസ്റ്റു് ചെയ്തു. അതിലെ തോട്ടിത്തൊഴിലാളി സ്ത്രീകളുൾപ്പെടെ എല്ലാവരെയും ലോക്കപ്പിലും പെരുവഴിയിലും ഇട്ടു മർദ്ദിച്ചു. തിരുവനന്തപുരത്തെ കോർപ്പറേഷൻ തൊഴിലാളികൾ സ്വാതന്ത്ര്യസമര പ്രവർത്തകനായ ജൂബ്ബാ രാമകൃഷ്ണപിള്ളയുടെ നേതൃത്വത്തിൽ തൊഴിൽ നിയമങ്ങൾ നടപ്പാക്കിക്കിട്ടുന്നതിനായി യാതനാപൂർണമായ സമരങ്ങൾ നടത്തേണ്ടി വന്നു. സ്വാതന്ത്ര്യ പ്രാപ്തിയോടുകൂടി തൊഴിലാളികളുടെ അവകാശങ്ങൾ അനുവദിക്കുകയും പരിരക്ഷിക്കുകയും ചെയ്യുന്ന ഒരു ഗവണ്മെന്റു നിലവിൽ വന്നിട്ടുണ്ടെന്നു് കരുതി പുതിയ തൊഴിലാളി വിഭാഗങ്ങൾ മുന്നോട്ടു വന്നതു് പല സമരങ്ങൾക്കും കളമൊരുക്കി. അതിലേററവും പ്രധാനപ്പെട്ടതാണു് തിരുവിതാംകൂർ സ്റ്റേററു് ട്രാൻസ്പോർട്ടു തൊഴിലാളികൾ 1949–ൽ നടത്തിയ പണിമുടക്കു സമരം. 1946–ൽ തന്നെ എ. ഐ. ടി. യു. സി. നേതാവായ കെ. വി. സുരേന്ദ്രനാഥിന്റെ നേതൃത്വത്തിൽ സ്റ്റേററു് ട്രാൻസ്പോർട്ടു തൊഴിലാളികൾ ഒരു സംഘടന രൂപീകരിക്കുകയുണ്ടായി. പക്ഷെ ദിവാൻ ഭരണം തൊഴിലാളികൾക്കു് സംഘടിക്കുവാൻ ഒരവസരം പോലും നൽകിയില്ല. 1947 ആഗസ്റ്റു് 15–ാം തീയതിയോടുകൂടി കേരളത്തിലും സ്വാതന്ത്ര്യ പൊൻപുലരി ദർശിച്ചു ട്രാൻസ്പോർട്ടു

തൊഴിലാളികൾ വീണ്ടും സംഘടിക്കുവാൻ തയ്യാറായി. 1947 ഒക്ടോബർ 6-ാം തീയതി തിരുവനന്തപുരത്തു വച്ചു ഒരു ആലോചനായോഗം നടക്കുകയും അതിൽ മുന്നൂറിൽപ്പരം തൊഴിലാളികൾ അഭൂതപൂർവ്വമായ പ്രബുദ്ധതയോടുകൂടി പങ്കെടുക്കുകയും ചെയ്തു. പക്ഷെ അന്നു് തെരഞ്ഞെടുത്ത താല്ക്കാലിക കമ്മിററിക്കു് ഒരു കാര്യം പെട്ടെന്നു് ബോദ്ധ്യമായി. തൊഴിലാളികൾക്കു് സംഘടനാ സ്വാതന്ത്ര്യം അനുവദിക്കുവാൻ സ്വതന്ത്ര ഇന്ത്യയിലെ ഭരണ കർത്താക്കളും തയ്യാറില്ലെന്ന പരമാർത്ഥമായിരുന്നു അതു്. തൊഴിലാളികൾ നിരാശരായില്ല. സ്റേററ് ട്രാൻസ്പോർട്ട് നോൺ പെൻഷനബിൾ എംപ്ലോയിസ് യൂണിയൻ എന്ന പേരിൽ ഒരു ട്രേഡ് യൂണിയൻ സംഘടന രജിസ്ററർ ചെയ്യുവാൻ തൊഴിലാളികൾ തീരുമാനിച്ചു. 1948 ഒക്ടോബർ മാസത്തിലാണു് ഇതു് നടന്നതു്. സംഘടനയുടെ പ്രസിഡൻററായി പി. എസ്സ്. നടരാജപിള്ളയെയാണു് തെരഞ്ഞെടുത്തതു്. ഈ ട്രേഡ് യൂണിയൻ രജിസ്റ്റർ ചെയ്തു കൊടുക്കുവാൻ ഗവണ്മെൻറു തയ്യാറായില്ല. 1124 മകരം 7-ാം തീയതി (1949 ജനുവരിയിൽ) തൊഴിലാളികൾ ട്രേഡ് യൂണിയൻ അംഗീകാരദിനം ആചരിച്ചു. എന്തിനു്, ഒടുവിൽ ട്രേഡ് യൂണിയൻ രജിസ്റ്റർ ചെയ്തുകൊടുക്കാൻ ഗവണ്മെൻറു നിർബന്ധിതമായി. മുത്തുക്കറുപ്പാപിള്ള പ്രസിഡൻററായും ടി. എസ്സ്. രാമസ്വാമിപ്പിള്ള സെക്രട്ടറിയായും ഒരു പുതിയ ഭരണസമിതിയെ തൊഴിലാളികൾ 1949 മേയ് മാസത്തിൽ തെരഞ്ഞെടുത്തു. പക്ഷെ, ഗവണ്മെൻറ, തൊഴിലാളികളുടെ അവകാശങ്ങൾ അനുവദിച്ചുകൊടുക്കാൻ തീരെ തയ്യാറായിരുന്നില്ല. വർക്ക്ഷോപ്പിലെ ബോഡി ബിൽഡിംഗ് സെക്ഷൻ നിറുത്തലാക്കി. നൂറുകണക്കിനു തൊഴിലാളികളെ പിരിച്ചു വിടാൻ ഗവണ്മെൻറു ഒരുങ്ങി. നോട്ടീസ് കൊടുക്കാതെയാണു് തൊഴിലാളികളെ പിരിച്ചയച്ചതു്. ഓവർടൈം കുടിശ്ശികപോലും നൽകുവാൻ ഗവണ്മെൻറ് തയ്യാറായില്ല. വ്യവസ്ഥാപിതമായ ട്രേഡ് യൂണിയൻ പ്രവർത്തനത്തിൽ വിശ്വസിച്ചിരുന്ന നേതാക്കന്മാർ മന്ത്രിമാരുടെ മുന്നിൽ നിവേദനം നടത്തി. ഏ. ഐ. ടി. യു. സി യൂണിയനുകളെ മർദ്ദിച്ചൊതുക്കുന്ന നയം സ്വീകരിച്ചു കഴിഞ്ഞിരുന്ന മന്ത്രിമാർ പി. എസ്. പി. നേതാക്കൻമാർ നയിച്ചിരുന്ന ട്രേഡ് യൂണിയനുകളോടെങ്കിലും നീതി കാണിക്കുമെന്നു് പലരും കരുതി. പക്ഷെ തൊഴിൽത്തർക്കത്തിൽ ലേബർ ഡിപ്പാർട്ട്മെൻറ് ഇടപെടുന്നതിനുപോലും ടി. കെ. നാരായണപിള്ളയുടെ മന്ത്രിസഭ എതിരായിരുന്നു. തൊഴിൽ നിയമങ്ങളിലെ വ്യവസ്ഥയും ജനകീയ മന്ത്രിസഭയുടെ പെരുമാററവും തമ്മിൽ യാതൊരു പൊരുത്തവുമുണ്ടായിരുന്നില്ല. നിയമവിരുദ്ധമായ ഈ തൊഴിൽ നയത്തിനെതിരായി 1949 സെപ്റ്റംബർ മാസത്തിൽ ട്രാൻസ്പോർട്ടു തൊഴിലാളികൾ തങ്ങളുടെ ആദ്യത്തെ പണിമുടക്കം നടത്തി. കന്യാകുമാരി മുതൽ ആലുവാവരെയുള്ള ഗതാഗതം പാടെ സ്തംഭിച്ചു. കരിങ്കാലികളെ കണ്ടുപിടി

ക്കവാനുള്ള ശ്രമങ്ങരം അമ്പേ പരാജയപ്പെട്ടപ്പോരം യൂണിയൻ പ്രവർത്തകരേയും തൊഴിലാളികളേയും അറസ്റ്റ് ചെയ്ത് മർദ്ദിക്കുവാൻ പോലീസിനെ കയറൂരി വിട്ടു. ആലുവായിലും കോട്ടയത്തുമുള്ള മുഴുവൻ പ്രവർത്തകരേയും പണിമുടക്കാരംഭിച്ച രാത്രിതന്നെ അറസ്റ്റ് ചെയ്തു. അപൂർവമായി ചില സർവീസുകരം നടത്തുന്നതിനു് ഡ്രൈവറും കണ്ടക്ടരുമായി പട്ടാളക്കാരെയും പോലീസിനെയുമാണു് നിയോഗിച്ചതു്. അത്തരം വണ്ടികരം പിക്കററു് ചെയ്ത തൊഴിലാളികളെ ഭീകരമായി മർദ്ദിച്ചൊതുക്കി.

ഈ കൊടിയ മർദ്ദനം കൊണ്ടു് നാട്ടുകാർ ക്ഷുഭിതരായി. തിരുവനന്തപുരത്തെ സഹോദര തൊഴിലാളി സംഘടനകരം മർദ്ദനത്തിൽ പ്രതിഷേധിച്ചു പണിമുടക്കം നടത്തി. പ്രകടനം നടത്തിയ 25000 തൊഴിലാളികളുള്ള ഗംഭീരമായ ഒരു ജാഥയെ പോലീസ് ആക്രമിച്ചു. പ്രകടനക്കാരും പോലീസുകാരുമായി കടുത്ത സംഘട്ടനങ്ങരം നടന്നു. തിരുവനന്തപുരത്തു പല ഭാഗങ്ങളിലും വിദ്യാർത്ഥികളും പോലീസുമായി ഏററുമുട്ടി. ഗവണ്മെൻറിനു് അവസാനം നഗരം മുഴുവൻ 144 പ്രഖ്യാപിക്കേണ്ടിവന്നു. ഈ സംഭവ വികാസങ്ങളിൽ രാജ്യമാകെ പ്രക്ഷുബ്ധമായി. നാട്ടിൻെറ നാനാഭാഗങ്ങളിലും തൊഴിലാളികളുടെ ആവശ്യങ്ങരം പിൻതാങ്ങിക്കൊണ്ടു് വൻപിച്ച യോഗങ്ങരം നടന്നു. നാഗർകോവിൽ പട്ടണം ഒരു ദിവസത്തെ ഹർത്താലാചരിച്ചു.

ഭീകരമായ മർദ്ദനം കൊണ്ടു് സമരത്തെ തല്ലിച്ചതയ്ക്കുവാൻ സർക്കാരിനു് കഴിഞ്ഞില്ല. നൂറുകണക്കിനു് തൊഴിലാളികരം ഒന്നിച്ചു ചേർന്നു കൈകോർത്തു പിടിച്ചുകൊണ്ടു് തമ്പാനൂർ ബസ്സ്റ്റാൻഡിൽ കമിഴ്ന്നു കിടന്നു പിക്കററു് ചെയ്ത രംഗം ആവേശകരമായിരുന്നു. പോലീസിൻെറ കണ്ണിൽചോരയില്ലാത്ത ലാത്തിച്ചാർജിനുപോലും ഈ പിക്കററിംഗ് പരിപാടി പരാജയപ്പെടുത്തുവാൻ കഴിഞ്ഞില്ല. തൊണ്ണൂറു ശതമാനം തൊഴിലാളികളും സമരത്തിൽ സജീവമായി പങ്കെടുക്കുകയും ഉറച്ചു നിൽക്കുകയും ചെയ്തു. ഇതിൻെറയെല്ലാം ഫലമായി സമരത്തിൻെറ 5-ാം ദിവസം ഒത്തുതീർപ്പിനു് സർക്കാരിനു വഴങ്ങേണ്ടിവന്നു. ഈ സമരത്തിനെപ്പററിയും ജനകീയ ഗവണ്മെൻറിൻെറ തൊഴിൽ നയത്തെപ്പററിയും അന്നത്തെ ഒരു കോൺഗ്രസ്സ് പ്രവർത്തകനും സ്വാതന്ത്ര്യസമരസേനാനിയുമായ ജൂബ്ബാ രാമകൃഷ്ണപിള്ള ഒരു അനുസ്മരണത്തിൽ എഴുതിയ ചില വാചകങ്ങരം ഗവണ്മെൻറിൻെറ അക്കാലത്തെ തൊഴിൽ നയത്തെപ്പററിയുള്ള ഹൃദയസ്പൃക്കായ ഒരു വിലയിരുത്തലാണു്.

"സ്വാതന്ത്ര്യം കിട്ടിയാൽ പിന്നെ തല്ലുകൊള്ളേണ്ടിവരികയില്ലെന്നും ജയിലിൽ പോകേണ്ടിവരികയില്ലെന്നും ധരിച്ചിരുന്ന എന്നെപ്പോലെയുള്ള കഥയില്ലാത്തവരെ നാടൻ ഭരണാധികാരികളുടെ പെരുമാററം ഇരുത്തിച്ചിന്തിപ്പിക്കുക തന്നെ ചെയ്തു. നമ്മോടൊപ്പം തോളോടുതോരം

ചേന്നുനിന്നു് പ്രവർത്തിച്ചവർ അധികാരത്തിൽ വന്നപ്പോഠം അവരുടെ മട്ടുമാറിക്കഴിഞ്ഞിരുന്നു. നമ്മുടെ വോട്ടാകുന്ന വടി അവരുടെ കൈയിൽ കൊടുത്തു അധികാരത്തിലേററിയിരിക്കുന്നു. കിട്ടുന്ന തല്ലുവാങ്ങാതെ തരമില്ല എന്നു് ഉറപ്പിക്കേണ്ടി വന്നു. ശ്രീ ററി. കെ. നാരായണപ്പിള്ള മുഖ്യമന്ത്രിയാണു്. ശ്രീ ജോൺ പിലിപ്പോസ് ട്രാൻസ്പോർട്ട മന്ത്രിയും, ട്രാൻസ്പോർട്ട സമരം ഉച്ചകോടിയിൽ എത്തിയിരിക്കുകയാണു്. ശ്രീ കെ. ബാലകൃഷ്ണൻെറ പഴവങ്ങാടി പ്രസംഗം ജനങ്ങളിൽ പ്രകമ്പനം കൊള്ളുന്നു. കത്തിക്കൊണ്ടിരുന്ന ബഠംബുകഠം, സ്റ്റീററുലൈററുകഠം പെട്ടെന്നു അണയുന്നു. എൻെറ മനസ്സിൽക്കൂടി സ്വാതിതിരുനാഠം അക്കാഡമിയും സർ. സി. പി യും വെട്ടേൽക്കലും ഒരു നിമിഷത്തേക്കു പാഞ്ഞുപോയി. പോലീസിൻെറ ബൂട്ട്സിൻെറയും തല്ലിൻേറയും ജനങ്ങളുടെ പരക്കം പാച്ചിലിൻേറയും ശബ്ദം ഭീകരമായ അവസ്ഥ സൃഷ്ടിച്ചു. പലവിധ പരിക്കുകളോടെ ജനങ്ങഠം ആശുപത്രിയിൽ നിറഞ്ഞു. പിറേറദിവസം പത്രം നിവർത്തപ്പോഠം കാണുന്ന വാർത്ത തിരുവനന്തപുരത്തു് 144 പ്രഖ്യാപിച്ചു.... എന്നും മററുമാണു്'" (കേരള സ്റ്റേററ് ട്രാൻസ്പോർട്ട് എംപ്ലോയീസ് യൂണിയൻെറ രജതജൂബിലി സുവനീർ പേജ്–110)

ഈ വിവരണത്തിൽ നിന്നു് പുതിയ ജനകീയ ഗവണ്മെൻറിൻെറ തൊഴിൽ നയത്തെക്കുറിച്ചു ഒരു കോൺഗ്രസ്സ് പ്രവർത്തകനു തന്നെ ഉണ്ടായ അഭിപ്രായം വ്യക്തമാകുമല്ലോ.

മുൻവിവരിച്ച ട്രാൻസ്പോർട്ട തൊഴിലാളി പണിമുടക്കിനുശേഷവും ട്രാൻസ്പോർട്ട തൊഴിലാളികളുടെ സമരങ്ങഠം അവസാനിച്ചില്ല. അക്കാലത്തു് പി. എസ്. പിയിൽ ചേർന്നു കഴിഞ്ഞിരുന്ന ശ്രീ. താണുപിള്ള 1–2–50ൽ ട്രാൻസ്പോർട്ട യൂണിയൻെറ പ്രസിഡണ്ടായി. തൊഴിലാളി പ്രശ്നങ്ങളിൽ മിതവാദിയായ അദ്ദേഹത്തിനുപോലും തൊഴിലാളികളോടുള്ള ഗവണ്മെൻറിൻെറ നയത്തിനെതിരെ പ്രത്യക്ഷസമരം തുടങ്ങുമെന്നു കാണിച്ചു നോട്ടീസു കൊടുക്കേണ്ടിവന്നു.

കൊല്ലത്തെ എ. ഡി. കോട്ടൺമില്ലിലെ തൊഴിലാളിയൂണിയനും ചവറയിലെ മിനറൽ വർക്കേഴ്സ് യൂണിയനും ശ്രീകണ്ഠൻനായർ ററി. കെ. ദിവാകരൻ, ബേബിജോൺ തുടങ്ങിയ നേതാക്കഠം നയിച്ചിരുന്ന സംഘടനകളാണു്. അവ 1949_ൽ രൂപം കൊണ്ട യുണൈറഡ് ട്രേഡുയൂണിയൻ കോൺഗ്രസിൻെറ ഘടകങ്ങളായിരുന്നു. ഈ കാലഘട്ടത്തിൽ അവ നടത്തിയ പണിമുടക്കങ്ങളാണു് പ്രസിദ്ധമായ കൊല്ലം ചവറ സമരങ്ങളെന്നറിയപ്പെടുന്നതു്. ഗവണ്മെൻറിൻെറ തൊഴിൽ നയം തൊഴിലാളി വിരുദ്ധമാണെന്നു് വ്യക്തമാക്കിയ ഒരു സംഭവവികാസമായിരുന്നതു്. 1949 മർച്ച് മാസത്തിൽ ബോണസ്സ്, ശമ്പളവർദ്ധന തുടങ്ങിയ ആനുകൂല്യങ്ങഠംക്കുവേണ്ടി ശ്രീകണ്ഠൻനായരുടെ നേതൃത്വത്തിലുള്ള കയറി

ലോൺ ടെക്സ്റ്റൈൽ വർക്കേഴ്സ് യൂണിയൻ പണിമുടക്ക നടത്തി. മില്ലുടമയായ ശ്രീധർലാൽ അമൃത്ലാൽ വഴങ്ങിയില്ല. 1946–ൽ ദിവാൻ ഭരണകാലത്തു് തൊഴിലാളിവർഗം നേടിയെടുത്ത നാലുശതമാനം മിനിമം ബോണസ്സ് പോലും സേട്ടു കൊടുത്തില്ല. സേട്ടുവിനെ നിർബ്ബന്ധിക്കുവാൻ ജനകീയമന്ത്രി സഭയ്ക്കു ആഗ്രഹവുമുണ്ടായില്ല. സമരവും പ്രക്ഷോഭണവും തുടർന്നുവരവേ 1949 മേയ് മാസം ഒടുവിൽ ഈ സമരത്തെ മർദ്ദിച്ചൊതുക്കുവാൻ തന്നെ ഗവണ്മെൻറു തീരുമാനിച്ചു. പറവൂർ ടി. കെ ആയിരുന്നു അന്നത്തെ മുഖ്യമന്ത്രി. മിൽ കോമ്പൗണ്ടിലുണ്ടായിരുന്ന ആയിരത്തോളം തൊഴിലാളികളെ പോലീസ് ലാത്തിച്ചാർജ്ജ് ചെയ്തു. വിവരമറിഞ്ഞു സ്ഥലത്തെത്തിയ ശ്രീകണ്ഠൻനായരുടെ നേതൃത്വത്തിൽ സംഘട്ടനം നടന്നു. സ്ത്രീതൊഴിലാളികൾ ഉൾപ്പെടെ നൂറുക്കണക്കിനു് പേർ അറസ്റ്റ് ചെയ്യപ്പെട്ടു. അവരുടെമേൽ പാൽ, തേങ്ങാ എന്നീ സാധനങ്ങളുടെ മോഷണത്തിനും പോലീസിനെ ആക്രമിച്ചതിനും കേസ് ചാർജ്ജ് ചെയ്തു. സെക്രട്ടറി ററി. പി. ഗോപാലൻ നേരത്തെ അറസ്റ്റ് ചെയ്യപ്പെട്ടിരുന്നു. പിറേറദിവസം 1124 ഇടവം 11നു് (1949 മേയ്) കൊല്ലം സംഭവത്തിൽ പ്രതിഷേധിക്കാൻ പൊതുപണിമുടക്കം നടന്നു. ചവറയിലെ മിനറൽസ് തൊഴിലാളികൾ സ: ബേബിജോണിൻെറ നേതൃത്വത്തിൽ കൊല്ലത്തേക്കു് ജാഥയായി തിരിച്ചു. പോലീസ് ചവറ, കോവിൽത്തോട്ടം, നീണ്ടകര എന്നിവിടങ്ങളിൽ വച്ചു് ജാഥയെ ലാത്തിച്ചാർജ്ജ് നടത്തി. സംഘട്ടനങ്ങളിൽ നൂറുകണക്കിനാളുകൾക്കു് പരുക്കുപററി. തുടർന്നു് നേതാക്കൾ അറസ്റ്റിലും ഒളിവിലുമായി. ഈ കേസുകളിൽ നിരവധി പേർ അറസ്റ്റ് ചെയ്യപ്പെട്ടു. അറസ്റ്റ് ചെയ്യപ്പെട്ടവരുടെ നേരെ പോലീസ് മനുഷ്യോചിതമല്ലാത്ത രീതിയിൽ പെരുമാറി എന്നു ട്രേഡ് യൂണിയൻ കേന്ദ്രങ്ങൾ ശക്തിയായ ആരോപണമുന്നയിച്ചു. കൊല്ലത്തേയും ചവറയിലേയും സംഘടിതതൊഴിലാളി പ്രസ്ഥാനത്തിനെതിരായി ഭരണവർഗം നടത്തിയ ഈ രൂക്ഷമായ മർദ്ദനത്തെ ട്രേഡ്യൂണിയൻ പ്രസ്ഥാനം ധീരതയോടെ നേരിട്ടു. യു. ററി. യു. സിയുടെ പ്രവർത്തകരായ ടി. പി. ഗോപാലൻ, ശങ്കരപ്പിള്ള, കരുണാകരൻ, ആർ. എസ്. ഉണ്ണി തുടങ്ങിയ പലരേയും പോലീസ് നിഷ്ഠൂരമായി മർദ്ദിക്കുകയുണ്ടായി.

ദക്ഷിണ കേരളത്തിലെ നെയ്ത്തു തൊഴിലാളികൾ നൂലിനും കൂലിക്കും വേണ്ടി സമരരംഗത്തിറങ്ങിയതു് ഈ കാലഘട്ടത്തിലാണെന്നു് കെ. എസ്. ആനന്ദൻ അനുസ്മരിക്കുന്നു. നെയ്യാററിൻകര, ചിറയിൻകീഴ്, കൊല്ലം തുടങ്ങിയ സ്ഥലങ്ങളിലെ നെയ്ത്തു തൊഴിലാളികൾ പട്ടിണി ജാഥകളും ഉഗ്രമായ മററു പ്രക്ഷോഭണമാർഗങ്ങളും സ്വീകരിച്ചതു് അക്കാലത്താണു്. യുദ്ധത്തിനു ശേഷം കൈത്തറി വ്യവസായത്തിൽ വലിയ തകർച്ചയുണ്ടായി. നെയ്ത്തുകാർക്കു് നൂലു് കിട്ടുന്ന കാര്യം വളരെ പ്രയാസ

മായിരുന്നു. ബാലരാമപുരം, ആററിങ്ങൽ, മയ്യനാട്, വെൺപാലക്കര പ്രദേശങ്ങൾ നെയ്ത്തു തൊഴിലാളിപ്രസ്ഥാനത്തിൻെറ സമരകേന്ദ്രങ്ങളായിമാറി. ഫക്കീർഖാൻ, മാടസ്വാമി, സ്റ്റുവർട്ട് തുടങ്ങിയവർ ബാലരാമപുരത്തും ആർ. പ്രകാശം, ജനാർദ്ദനൻആശാരി, കുട്ടജി തുടങ്ങിയവർ ആററിങ്ങലും കെ. എസ്. ആനന്ദൻ, പി. ഭാസ്കരൻ, കെ. പി. ഗോപാലൻ തുടങ്ങിയവർ കൊല്ലം താലൂക്കിലും നെയ്ത്തു തൊഴിലാളികളുടെ സംഘടനകൾ രൂപീകരിച്ചു. ഇവർക്കെതിരായി പോലീസ് കേസുകൾ കെട്ടിച്ചമയ്ക്കുകയും പലരും ഒളിവിൽ പോവുകയും ചെയ്തു. എന്നാൽ നെയ്ത്തു തൊഴിലാളിപ്രസ്ഥാനം പോലീസിൻെറ കടന്നാക്രമണങ്ങളെ വകവയ്ക്കാതെ ഗ്രാമപ്രദേശങ്ങളിലെ ജനാധിപത്യശക്തികൾക്കും ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിനും ഉള്ള ഒരു നെടുംകോട്ട എന്ന നിലയിൽ ശക്തിപ്രാപിച്ചു.

ദക്ഷിണ കേരളത്തിലും മദ്ധ്യകേരളത്തിലും കയർപിരിത്തൊഴിലാളികൾ സംഘടിതരായി തുടങ്ങുന്നതു് ഈ സന്ദർഭത്തിലാണു. കയർ ഫാക്ടറികളിലാണു് അതിനുമുൻപ് ട്രേഡ്യൂണിയൻ പ്രസ്ഥാനം ഒതുങ്ങി നിന്നിരുന്നതെന്നു് പറയാം. സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം എല്ലായിടങ്ങളിലുമുള്ള കയർപിരിതൊഴിലാളികൾ സംഘടനയുടെ മാർഗത്തിലേക്കു് തിരിഞ്ഞു. ഏററവും തുച്ഛമായ കൂലിയായിരുന്നു ഇവർക്കു് കിട്ടിവന്നതു്. തൊണ്ടു തല്ലുന്ന തൊഴിലാളികളുടെ ദുസ്ഥിതി വിവരിക്കാനാവില്ല. 1951–ലെ മാതൃതരകൻ കമ്മിററി റിപ്പോർട്ട് കയർപിരിത്തൊഴിലാളികളുടെ ശോചനീയമായ നില വിവരിച്ചിട്ടുണ്ടു്. ചിറയിൻകീഴ്, വക്കം, പരവൂർ, പെരിനാട്, ആദിനാട് കാർത്തികപ്പള്ളി വടക്കൻപറവൂർ തുടങ്ങിയ പ്രദേശങ്ങളിൽ വ്യാപകമായ തോതിൽ കയർപിരി തൊഴിലാളികൾ സംഘടിച്ചുതുടങ്ങി. കൂലിവർദ്ധനവായിരുന്നു പ്രധാനപ്രശ്നം. ഒരു കുടിൽ വ്യവസായമായ കയർപിരി വ്യവസായ മേഖലയിലെ തൊഴിലാളികളെ സംഘടിപ്പിക്കുന്നതിനു് അനല്പമായ ബുദ്ധിമുട്ടുകൾ ഉണ്ടായിരുന്നു. ഈ രംഗത്തു് പ്രവർത്തിച്ചിരുന്ന ചില ധനാഢ്യരായ കയർ ഉല്പാദകർ ഇടത്തരക്കാരായ കയർ ഉല്പാദകരെ കൂടി വശീകരിച്ചുകൊണ്ടു് ട്രേഡ്യൂണിയൻ പ്രസ്ഥാനത്തിനെതിരായി കഠിനമായ എതിർപ്പു സംഘടിപ്പിച്ചു. ഭരണകൂടമതിനു് കൂട്ടുനിന്നു. ചുരുക്കത്തിൽ കയർ തൊഴിലാളി പ്രസ്ഥാനത്തിനെതിരായി പോലീസ് ഒരു തുറന്ന ആക്രമണം തന്നെ നടത്തി. മുൻപറഞ്ഞ കേന്ദ്രങ്ങളിൽ നടന്ന പല പണിമുടക്കങ്ങളേയും അവർ അടിച്ചമർത്തി. പക്ഷെ, കയർപിരി തൊഴിലാളികളുടെ പ്രധാന ആവശ്യമായ കൂലി വർദ്ധനവിൻെറ നേരെ കണ്ണടയ്ക്കുവാൻ ഗവണ്മെൻറിനു് കഴിഞ്ഞില്ല. അങ്ങനെയാണു് സി. കേശവൻ മുഖ്യമന്ത്രിയായിരുന്ന മന്ത്രിസഭ മാതൃതരകൻ ചെയർമാനായി ഒരു മിനിമം വേജസ് കമ്മിററിയെ നിയമിക്കാനിടയായതു്. കയർപിരി തൊഴിലാളി രംഗത്തു് വേരോടിവന്ന ട്രേഡ്യൂണിയൻ പ്രസ്ഥാന

ത്തിൻെറ പ്രഥമ വിജയമായിരുന്നു ഈ കമ്മിററിയുടെ നിയമനം. കയർപിരി തൊഴിലാളികളുടെയിടയിൽ വളർന്നുവന്ന ഈ ട്രേഡ്യൂണിയനുകഠം കേരളത്തിലെ ട്രേഡ്യൂണിയൻ പ്രസ്ഥാനത്തിന് ഒരു ബഹുജനാടിസ്ഥാനം നൽകിയെന്നു തന്നെ പറയാം. കേരളത്തിൻെറ തീരപ്രദേശത്ത് പതിനായിരക്കണക്കിന് തൊഴിലാളികഠക്ക് ഉപജീവനമാർഗമേകിവന്ന കയർപിരി വ്യവസായത്തിലെ അസംഘടിതരായ തൊഴിലാളികഠം സംഘടിച്ചു ശക്തരാകുവാൻ തുടങ്ങിയപ്പോഴേയ്ക്കും കേരളത്തിലെ ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിൻെറ ആഴവും പരപ്പും നിർണായകമായ തോതിൽ വർദ്ധിച്ചു. ഈ സംഭവവികാസം ട്രേഡ് യൂണിയൻ പ്രസ്ഥാന ചരിത്രത്തിലെ അതിപ്രധാനമായ ഒരു വസ്തുതയാണെന്ന് പറയേണ്ടതില്ലല്ലോ. ഉദ്ദേശം അഞ്ചു ലക്ഷത്തോളം ജനങ്ങളുടെയിടയിലാണ് ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിൻെറ സ്വാധീനം പ്രത്യക്ഷമായും പരോക്ഷമായും ദൃഢമൂലമായിത്തീർന്നത്.

പരമ്പരാഗത വ്യവസായങ്ങളിലെ തൊഴിലാളികളുടെയിടയിൽ ഉണ്ടായ സംഘടനാ ബോധം ആ വ്യവസായങ്ങളുടെ പുന:സംഘടനയുടെ പ്രശ്നം അടിയന്തിരമായി ശ്രദ്ധിക്കേണ്ട ഒരു കാര്യമാണെന്ന് ഭരണവർഗത്തിന് ബോദ്ധ്യമാക്കിക്കൊടുത്തു. കൈത്തറി നെയ്ത്തു വ്യവസായവും കയർ പിരി വ്യവസായവും സഹകരണാടിസ്ഥാനത്തിൽ പുന:സംഘടിപ്പിക്കണമെന്ന് തൊഴിലാളി പ്രസ്ഥാനം ആവശ്യപ്പെട്ടു. അതിനാവശ്യമായ ചെലവ് ഭീമമാണെന്ന് ഭരണാധികാരികഠം ചൂണ്ടിക്കാണിച്ചുവെങ്കിലും ഒന്നാം പഞ്ചവൽസര പദ്ധതിക്കാലത്തു ഈ പുന:സംഘടന ആരംഭിക്കുവാനുള്ള നടപടികഠം സ്വീകരിക്കുവാൻ ഗവൺമെൻറ് നിർബ്ബന്ധിതമായി. അടുത്ത അദ്ധ്യായത്തിൽ അതിനെപ്പററി വിവരിക്കുന്നതാണ്.

ഇന്ന് കേരളത്തിലെ ഏററവും സംഘടിതമായ ഒരു വിഭാഗമാണ് ഇടത്തരം വിഭാഗത്തിൽപ്പെട്ട ഗവൺമെൻറു ജീവനക്കാർ. ഈ വിഭാഗക്കാരുടെയിടയിൽ സംഘടിക്കുവാനുള്ള ബോധം പുഷ്ടിപ്പെട്ടതു് സ്വാതന്ത്ര്യപ്രാപ്തിയ്ക്കു ശേഷമാണ്. മലബാറിലെ ഇടത്തരം വിഭാഗമായ അദ്ധ്യാപകരുടെയിടയിൽ 1934 മുതൽ സംഘടനാ ബോധം സുശക്തമായിത്തീർന്നുവെന്നതു് നേരാണ്. എന്നാൽ ഇടത്തരക്കാരായ ഗവൺമെൻറു ജീവനക്കാരുടെയിടയിൽ അവിടേയും ട്രേഡ്യൂണിയൻ രീതിയിൽ സംഘടിക്കുവാനുള്ള ബോധം അക്കാലത്തൊന്നുമുണ്ടായില്ല. 1946-ലാണ് മദിരാശി സംസ്ഥാനത്തെ എൻ. ജി. ഒ. യൂണിയൻെറ ഭാഗമായി മലബാറിൽ ഡിസ്ട്രിക്ട് എൻ. ജി. ഒ. അസ്സോസിയേഷൻ രൂപമെടുത്തതു്. 1947-ൽ ശമ്പള പരിഷ്ക്കരണത്തിനുള്ള പ്രഥമ സമരം നടക്കുകയുണ്ടായി. 14 ദിവസം നീണ്ടുനിന്ന ആ സമരം വിജയിച്ചില്ല. ആ സമരത്തിൻെറ നേതാക്കഠം രാധാകൃഷ്ണനും ഗോവിന്ദൻനായരുമായിരുന്നു. 1948-ൽ എൻ. ജി. ഒ. മാർ തങ്ങളുടെ സമരത്തെ വിലയിരുത്തുകയും മുൻപറഞ്ഞ

രണ്ടു പേരുടേയും നേതൃത്വത്തിൽ എൻ. ജി. ഒ. സംഘടനസ്ഥ ഒരു പുതിയ ബഹുജനാടിസ്ഥാനം കണ്ടെത്തുകയും ചെയ്തു. മൂന്നു കൊല്ലക്കാലം ഗവൺമെൻറിൻെറ മർദ്ദനങ്ങളെ നേരിട്ടു കൊണ്ടു ഈ സംഘടന പിടിച്ചു നിന്നു. 1951–ൽ നിലവിൽ വന്ന വർദ്ധമാനമായ പൗരാവകാശങ്ങൾ എൻ. ജി. ഒ.മാരും പ്രയോജനപ്പെടുത്തി. അക്കാലത്തു് കോഴിക്കോട്ടു് എൻ. ജി. ഒ.മാരുടെ ഒരു പ്രതിനിധി സമ്മേളനം ടൗൺഹാളിൽ വച്ചു കൂടി. ഏ. കെ. ഗോപാലനെപ്പോലുള്ള ബഹുജന നേതാക്കൾ ആ യോഗത്തിൽ പങ്കെടുത്തു. മലബാറിലെ എൻ. ജി. ഒ. പ്രസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഒരു വഴിത്തിരിവായിരുന്നു ഈ സമ്മേളനം. തിരുവിതാംകൂറിലും എൻ. ജി. ഓ മാരുടെയിടയിൽ സംഘടിക്കണമെന്ന ബോധം കണ്ടു തുടങ്ങിയതും ഈ കാലഘട്ടത്തിലായിരുന്നു.

ആലപ്പുഴയിൽ 1859–ൽ ഡേറാ എന്ന യൂറോപ്യൻ ആദ്യമായി ഒരു ഫാക്ടറി കയർ ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനായി ആരംഭിച്ചു എങ്കിലും ഇൻഡ്യയുടെ വ്യവസായ കേന്ദ്രങ്ങളായ ബോംബെയിലും മററും നവംനവങ്ങളായ വ്യവസായങ്ങൾ വളർന്നതുപോലെ കേരളത്തിൽ വ്യാവസായിക വികസനമുണ്ടായില്ല. കയർ, നെയ്ത്തു എന്നീ പരമ്പരാഗത വ്യവസായങ്ങൾക്കു പുറമേ ചില ചെറിയ ടെക്സ്റ്റൈൽമില്ലുകളും ഓട്ടു കമ്പനികളും മാത്രമാണു് കേരളത്തിനു് അഭിമാനിക്കാനുണ്ടായിരുന്ന വ്യവസായങ്ങൾ. നവീന രീതിയിലുള്ള എൻജിനീയറിംഗ് വ്യവസായങ്ങൾ, കെമിക്കൽ വ്യവസായങ്ങൾ തുടങ്ങിയവ കേരളത്തിൽ വളരെ വൈകിയാണു് നിലവിൽ വന്നതു്. സ്വാതന്ത്ര്യ പ്രാപ്തിക്കു മുൻപു് ആലുവാ മേഖലയിലാണു് എഫ്. ഏ. സി. ററി. എന്ന ആധുനിക വ്യവസായസ്ഥാപനം നിലവിൽ വരുന്നതു്. അതോടൊപ്പം അലൂമിനിയം കമ്പനിയും അവിടെ നിലവിൽ വന്നു. വിദഗ്ദ്ധരായ ഒരു തൊഴിലാളി സമൂഹം ശാസ്ത്രീയമായ മാനേജ്മെൻറ് എന്നറിയപ്പെടുന്ന വ്യവസായ ഭരണത്തിൻെറ ശിക്ഷണത്തിൽ കേരളത്തിൽ രൂപമെടുക്കുന്നതു് ആ പ്രദേശത്താണു്. സ്വാതന്ത്ര്യ പ്രാപ്തിക്കു ശേഷം ഈ വ്യവസായ സ്ഥാപനങ്ങൾ കുറച്ചു കൂടി പുഷ്ടിപ്പെട്ടു. കൊല്ലം മേഖലയിൽ സ്വാതന്ത്ര്യ പ്രാപ്തിക്കു മുൻപു തന്നെ കുണ്ടറ കളിമൺ വ്യവസായ സ്ഥാപനം നിലവിൽ വന്നു. വളരെയധികം സാങ്കേതിക തകരാറുകൾ ഈ വ്യവസായത്തിൻെറ വളർച്ചയെ ആദ്യകാലത്തു തടഞ്ഞു നിർത്തി. വൻ തോതിൽ നഷ്ടവും ഗവൺമെൻറിനു സഹിക്കേണ്ടിവന്നു. 1946–ൽ കുണ്ടറയിൽ ആരംഭിച്ച അലിൻഡ് എന്ന സ്ഥാപനം (അലൂമിനിയം ഇൻഡസ്ട്രീസ്, കുണ്ടറ) 1950–ലാണു് അതിൻെറ നിർമാണശാല പ്രവർത്തിപ്പിച്ചു തുടങ്ങിയതു്. വിദഗ്ദ്ധരായ ഒരു തൊഴിലാളി സമൂഹത്തെ വളർത്തിക്കൊണ്ടു വന്ന ഒരു സ്ഥാപനമാണു് അതു്. ആധുനികമായ സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി അലൂമിനിയത്തിലുള്ള വൈദ്യുതവാഹികൾ (കണ്ടക്ടേഴ്സ്) നിർമ്മിക്കാൻ ഇൻഡ്യ

യിലാദ്യമായി ഒരുമ്പെട്ടതു് ഈ സ്ഥാപനമായിരുന്നു. ആലുവയിലെ എഫ്. ഏ. സി. ററി യിലേയും കണ്ടറയിലേയും ആലുവായിലേയും അലൂമിനിയം കമ്പനികളിലേയും തൊഴിലാളികളുടെ വിദ്യാഭ്യാസ നിലവാരവും സാങ്കേതിക വൈദഗ്ദ്ധ്യവും താരതമ്യേന ഉയർന്നതായിരുന്നു. മററു വ്യവസായങ്ങളിലുള്ള ട്രേഡ്‌യൂണിയൻ നേതാക്കൻമാർ ഈ ഫാക്ടറികളിലെ തൊഴിലാളികളെ സംഘടിപ്പിക്കുവാൻ പരിശ്രമിച്ചു. എന്നാൽ ആലുവയിൽ മുൻപറഞ്ഞ രണ്ടു ഫാക്ടറികളിലും സ്വതന്ത്രമായ ഒരു തൊഴിലാളി പ്രസ്ഥാനം വളർത്തിക്കൊണ്ടു വരുവാൻ അവിടെയുള്ള ജീവനക്കാർ തന്നെ പരിശ്രമിച്ചു. ആദ്യത്തെ ട്രേഡ്‌യൂണിയൻ മാനേജ്മെൻറിൻെറ മുൻകൈയോടുകൂടി 1947-ൽ രൂപമെടുത്തതാണു്. 1951-വരെ ഈ യൂണിയൻ (എഫ്. ഏ. സി. ററി. എംപ്ലോയീസ് അസ്സോസിയേഷൻ) തൊഴിലുടമകളുമായി കാര്യമായ യാതൊരു കൂടിയാലോചനകളും നടത്തിയിരുന്നില്ല. 1951-ൽ മാത്രമാണു് അവർ ബോണസ്സ് ആവശ്യപ്പെട്ടതു്. അതിനു് മുൻപു തന്നെ ആലുവയിലെ മററു വ്യവസായ സ്ഥാപനങ്ങൾ ബോണസ്സ് നൽകി വന്നിരുന്നു. അലൂമിനിയം കമ്പനിയിലെ ട്രേഡ്‌യൂണിയൻ സംഘടനയുടെ നിലയും, ഏതാണ്ടിതുപോലെ ആയിരുന്നു. ഇൻഡ്യൻ അലൂമിനിയം കമ്പനി പ്രവർത്തിച്ചു തുടങ്ങുന്നതു് 1943 മാർച്ചു മുതലാണു്. അക്കാലത്തു തന്നെ ഒരു യൂണിയനും നിലവിൽ വന്നു. പക്ഷേ, 1951-വരെ മാനേജ്മെൻറ് യൂണിയനെ കാര്യമാക്കിയില്ല. 1957-വരെ ആലുവയിലെ സ്ഥിര പ്രതിഷ്ഠരായ യൂണിയൻ നേതാക്കളെ ആരെയും ഈ യൂണിയനിൽ ഇടപെടുവാൻ മാനേജ്മെൻറ് സമ്മതിച്ചില്ല. ഏതായിരുന്നാലും ആലുവയിലെ സ്വതന്ത്ര ട്രേഡ്‌യൂണിയൻ പ്രസ്ഥാനത്തിനു് വേരോടുവാൻ കഴിഞ്ഞില്ല. ആലുവാ പ്രദേശത്തെ ട്രേഡുയൂണിയൻ പ്രസ്ഥാനത്തെ കുറിച്ചു് നിഷ്കൃഷ്ടമായ പഠനം നടത്തിയ ഡാ: രാമചന്ദ്രൻ നായർ പറയുന്നതു പോലെ രാഷ്ട്രീയ പ്രബുദ്ധതയുള്ള കേരളത്തിലെ തൊഴിലാളി വർഗത്തിൻെറ ഭാഗമായ ആലുവാ പ്രദേശത്തെ തൊഴിലാളികൾ സ്വതന്ത്ര ട്രേഡുയൂണിയൻ പ്രസ്ഥാനങ്ങൾക്കു് വഴങ്ങികൊടുക്കാൻ തയ്യാറില്ലായിരുന്നു.

തോട്ടം തൊഴിലാളികൾക്കിടയിൽ ട്രേഡ്‌യൂണിയൻ പ്രസ്ഥാനം തഴച്ചു വളരാതിരിക്കുന്നതിനു് തോട്ടമുടമകളും ഗവൺമെൻറും ശ്രമിച്ചുവെങ്കിലും ആ രംഗത്തിലും സംഘടനാ ബോധം അക്കാലത്തു വർദ്ധിച്ചുവരികയാണുണ്ടായതു്. ആദ്യകാലത്തു് തിരുവിതാംകൂർ പ്രദേശത്തെ തോട്ടം തൊഴിലാളി പ്രസ്ഥാനത്തിനു് നേതൃത്വം കൊടുത്ത ആംഗ്ലാവൻകൂർ എസ്റ്റേററ് വർക്കേഴ്സ് യൂണിയൻ സ്വാതന്ത്ര്യ പ്രാപ്തിയോടുകൂടി നിയമ വിധേയമായി പ്രവർത്തിച്ചു തുടങ്ങി. പക്ഷേ 1948-ൽ തന്നെ ഇതിൻെറ നേതാക്കൻമാരെ തിരുവിതാംകൂർ ഗവൺമെൻറു് അറസ്റ്റ് ചെയ്തു. 1949-ൽ ഈ യൂണിയനെ നിരോധിക്കുകയും ചെയ്തു. ഏ. ഐ. ടി. യു. സി

യിൽ ഉൾപ്പെട്ടിരുന്ന ഈ യൂണിയനെ ഗവൺമെൻറ് നിരോധിച്ചെങ്കിലും തോട്ടം തൊഴിലാളി പ്രസ്ഥാനത്തെതടഞ്ഞു നിർത്തുവാൻ ഗവൺമെൻറിനു കഴിഞ്ഞില്ല. ഐ. എൻ. ടി. യു. സിയുടെ നേതൃത്വത്തിലും പി. എസ്സ്. പിയുടെ നേതൃത്വത്തിലും യു. ററി. യു. സിയുടെ നേതൃത്വത്തിലും യൂണിയനുകൾ നിലവിൽ വന്നു. 1948-ൽ തിരുവിതാംകൂർ കൊച്ചി പ്രദേശത്തു് 5 യൂണിയനുകളുണ്ടായിരുന്നതായി 1951 ലെ മിനിമം വേജസ് കമ്മിററി റിപ്പോർട്ടിൽ പറയുന്നു. 1951 നു മുൻപു് നടന്ന പല പണിമുടക്കങ്ങളെപററിയും റിപ്പോർട്ടിൽ പറയുന്നുണ്ടു്. ഈ സമരങ്ങളുടെ ഫലമായിട്ടാണു് ആദ്യമായി മിനിമം വേജസ് കമ്മററിയെ നിയമിക്കുവാൻ തിരു-കൊച്ചി ഗവണ്മെൻറ് നിർബ്ബന്ധിതമായതു്. മലബാർ പ്രദേശത്തും ഏ. ഐ. ററി. യു. സി യുടെ നേതൃത്വത്തിലുള്ള തോട്ടം തൊഴിലാളി പ്രവർത്തനം ട്രേഡ് യൂണിയൻ നേതാക്കൻമാരുടെ അറസ്റ്റ്മൂലം തടയപ്പെട്ടുവെങ്കിലും ഐ. എൻ. ടി യു. സി യുടെ നേതൃത്വത്തിൽ തോട്ടം തൊഴിലാളിപ്രസ്ഥാനം പല ഭാഗങ്ങളിലും നിലവിൽ വന്നു. തിരു-കൊച്ചിയിൽ മാത്രമായി ഈ മേഖലയിൽ അക്കാലത്തു് ഒരുലക്ഷത്തിനാൽപ്പതിനായിരം തൊഴിലാളികൾ പണിയെടുത്തിരുന്നു. 1951-ൽ 5 കോടി രൂപ ഇവർക്ക ശമ്പളമിനത്തിൽ നൽകിയിരുന്നു. മലബാർ ഒഴിച്ചുള്ള കേരളത്തിൻെറ കണക്കാണിതു്. ഇത്രയധികം തൊഴിലാളികൾ പണിയെടുക്കുന്ന തോട്ടം തൊഴിലാളി രംഗം ട്രേഡ്യൂണിയൻ പ്രസ്ഥാനത്തിനോടു ആഭിമുഖ്യം കാണിച്ചു തുടങ്ങിയതു് കേരളത്തിലെ സാമൂഹ്യജീവിതത്തെ സംബന്ധിച്ചിടത്തോളം ശ്രദ്ധേയമായ ഒരു സംഭവമായിരുന്നു. ശ്രീ. പി. എൻ കൃഷ്ണപിള്ള ലേബർ കമ്മീഷണർ ആയിരുന്നകാലത്തു് തോട്ടം ഉടമകളുടേയും തൊഴിലാളികളുടേയും പ്രതിനിധികളടങ്ങിയ ഒരു സമ്മേളനം തിരു-കൊച്ചി ഗവണ്മെൻറ് വിളിച്ചുകൂട്ടി. തോട്ടം തൊഴിലാളി രംഗത്തു് തൊഴിൽ നിയമങ്ങൾ നടപ്പിലാക്കുന്നതിനു് വളരെയധികം പ്രേരണനൽകിയതു് ഈ സമ്മേളനമാണു്. മലബാർ ഭാഗത്തു് ഏ. ഐ. ടി. യു. സി തുടങ്ങി വച്ച തോട്ടം തൊഴിലാളി പ്രവർത്തനം മർദ്ദനം മൂലം നിലച്ചിരുന്നു. പക്ഷെ ഐ. എൻ. ടി. യു. സി ആ രംഗത്തു് സജീവമായി പ്രവർത്തിക്കുകയും തൊഴിൽ കോടതികൾ വഴി പ്രശ്നങ്ങൾ പരിഹരിക്കുവാൻ ശ്രമിക്കുകയും ചെയ്തു.

സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം കേരളത്തിലെ ട്രേഡ്യൂണിയൻ പ്രസ്ഥാനത്തിൽ ഉണ്ടായ സംഭവവികാസങ്ങളിൽ പ്രധാനപ്പെട്ട ഒന്നു് ഇന്ത്യൻ നാഷണൽ ട്രേഡ്യൂണിയൻകോൺഗ്രസ്സിൻെറ ആവിർഭാവമായിരുന്നു. കോൺഗ്രസ്സ്പാർട്ടിയിലെ ചില പ്രമുഖ നേതാക്കൻമാർ ട്രേഡ്യൂണിയൻ പ്രസ്ഥാനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും ഇടതുപക്ഷ ട്രേഡ്യൂണിയൻ നേതാക്കൻമാരുടെ പ്രവർത്തനങ്ങളെ എതിർക്കുന്നതോടൊപ്പം തൊഴിലാളികളെ പ്രത്യേകമായി സംഘടിപ്പിക്കുവാനും തുടങ്ങി.

കെ. കരുണാകരൻ, സി. കെ. നായർ, കൊയിലാണ്ടി കുമാരൻ തുടങ്ങിയ വർ ഇതിനു് നേതൃത്വം നൽകി. ആലപ്പുഴ, തൃശ്ശൂർ, കോഴിക്കോട് കണ്ണൂർ തുടങ്ങിയ പരമ്പരാഗതമായ തൊഴിലാളി കേന്ദ്രങ്ങളിൽ ഐ. എൻ. ടി. യു. സി, ഏ. ഐ. ടി. യു. സിയെ നിശിതമായി എതിർ ത്തു. ഏ. ഐ. ടി. യു. സിക്കെതിരായി ഗവണ്മെൻറു് അഴിച്ചുവിട്ട മർദ്ദനങ്ങളോടൊപ്പമാണു് ഐ. എൻ. ടി. യു. സിയുടെ ഈ എതിർ പ്രചരണം നടന്നതു്. ഇന്നു് ഐ. എൻ. ടി. യു. സി യൂണിയനും ഏ. ഐ. ടി. യു. സി യൂണിയനും മററുയൂണിയനുകളോടൊപ്പം ഓരോ വ്യവസായ രം ഗത്തും ഡിപ്പാർട്ടുമെൻറു് അടിസ്ഥാനത്തിലും സംയുക്തസമരസമിതികൾ രൂപീകരിക്കുന്നതു് ഒരു പതിവായിത്തീർന്നിട്ടുണ്ടു്. തൊഴിലാളികളുടെ ആവശ്യങ്ങൾ നേടിയെടുക്കുന്നതിനു് മിക്ക മേഖലകളിലും ഇന്നു ഈ സം യുക്തസമരസമിതികൾ ഒരു ഫലപ്രദമായ സംഘടനാരൂപമായി തീർ ന്നിട്ടുമുണ്ടു്. എന്നാൽ ഐ. എൻ. ടി. യു. സിയുടെ ആരംഭഘട്ടമായ 1947–48 ൽ അതായിരുന്നില്ല നില. ഏ. ഐ. ടി. യു. സി മുന്നോട്ടു വയ്ക്കുന്ന ഏതു് ആവശ്യത്തേയും അവർ ആരംഭിക്കുന്ന ഏതു സമരത്തേയും ഐ. എൻ. ടി. യു. സി രാഷ്ട്രീയനയത്തിൻെറ പേരിലും വ്യവസായ സമാധാനത്തിൻെറ പേരിലും നഖശിഖാന്തം എതിർത്തിരുന്നതായി കാണാം. അന്നു് ഐ. എൻ. ടി. യു. സി പ്രവർത്തനത്തിനു് മറെറാരു സവിശേഷതയുമുണ്ടായിരുന്നു. അതു മറക്കാൻ പാടില്ല. തൊഴിലുടമകൾ ക്കെതിരായി സ്വന്തം വർഗത്തിൻെറ അവകാശങ്ങൾ ഉന്നയിക്കുന്നതിനു് ചെങ്കൊടിയുമേന്തി സമരം ചെയ്യു വിപ്ലവകാരികളായ തൊഴിലാളിക ളോടൊപ്പം കേരളത്തിൽ അന്നു് വളരെ പിന്നണിയിൽ കിടന്ന നിര വധി തൊഴിലാളികളുമുണ്ടായിരുന്നു. തോട്ടം തൊഴിലാളി മേഖല ഒട്ടു മുക്കാലും അത്തരത്തിലുള്ളതായിരുന്നു. പിന്നോക്കം നിന്ന തൊഴിലാളി വിഭാഗങ്ങൾക്കിടയിൽ ഐ. എൻ. ടി. യു. സിയുടെ പ്രവർത്തനം പുതിയതായ ഒരു സംഘടനാ ബോധമുണ്ടാക്കി. ദക്ഷിണ കേരളത്തിൽ ശ്രീ. ബി. കെ. നായരും ഉത്തര കേരളത്തിൽ ശ്രീ. കൊയിലാണ്ടി കുമാരനും എം. സി. കരുണനും ഐ. പി. കൃഷ്ണനും മററും ഇതിനു മുൻ കൈ എടുത്തു. ഐ. എൻ. ടി. യു. സിക്കു ആരംഭകാലത്തു രണ്ടു് തര ത്തിലുള്ള പ്രവർത്തനരീതികൾ ഉണ്ടായിരുന്നതായി കാണാം. ഒന്നു്. ഏ. ഐ. ടി. യു. സിയുമായിട്ടുള്ള ആശയപരമായും സംഘടനാപരമായും ഉള്ള രാഷ്ട്രീയ വൈരാഗ്യമേറിയ മൽസരം. അതു സംഘടിത തൊഴിലാ ളികൾക്കിടയിൽ അനൈക്യവും അനാരോഗ്യകരമായ ഛിദ്രവാസനയും നിലവിൽ വരുത്തിയെന്നതു് ഒരു ചരിത്ര സത്യമാണു്. രണ്ടു്. ഏ. ഐ. ടി. യു. സിക്കോ മററു ട്രേഡ്യൂണിയൻ സംഘടനകൾക്കോ സംഘടി പ്പിക്കുവാൻ കഴിയാത്ത തൊഴിലാളികളെ പുതിയതായി സംഘടിപ്പിക്കു ന്നതിനു് ഐ. എൻ. ടി. യു. സിക്കു കഴിഞ്ഞു എന്നുള്ളതു് അവരുടെ പ്രവർത്തനരീതിയുടെ പ്രധാനപ്പെട്ട ഒരു വശമാണു്. ഇടതുപക്ഷ ട്രേഡ്

യൂണിയൻകളുടെ മാർക്സിസ്റ്റ് സിദ്ധാന്തത്തിൽ വിശ്വസിക്കുവാൻ തയ്യാറില്ലാത്തവരും സിദ്ധാന്തത്തിൻെറ പ്രചാരകരെ അന്ധമായി എതിർത്തിരുന്നതുമായ തൊഴിലാളികൾക്ക ഐ. എൻ.ടി.യു. സി ആകർഷകമായ ഒരു സംഘടനയായി തോന്നുകയും ചെയ്തു. ഇന്ത്യാഗവണ്മെൻറിൻെറ സങ്കുചിതമായ കക്ഷി പരിഗണനകൾ അനുസരിച്ചാണ് ഐ. എൻ. ടി യു. സി സർദാർപട്ടേലിൻെറ ആശിർവാദത്തോടു കൂടി രൂപം കൊണ്ടതെന്ന് ഇടതുപക്ഷ ട്രേഡ്യൂണിയൻ നേതാക്കൻമാർ 1948–ൽ നിശിതമായി വിമർശിച്ചിരുന്നു. എ. ഐ. ടി. യു. സിയേയും യു. ടി. യു. സിയേയും ഇന്ത്യയിൽ പൊതുവിൽത്തന്നെ മർദ്ദിച്ചൊതുക്കുന്ന നയം ഗവൺമെൻറ് സ്വീകരിച്ചപ്പോൾ പുതിയ തൊഴിൽ നിയമങ്ങൾ വഴിയുള്ള നേട്ടങ്ങൾ ലഭിക്കുന്നതിനു് നിർബ്ബന്ധിത അഡ്ജുഡിക്കേഷൻ മൂലം സൃഷ്ടിക്കപ്പെട്ട കോടതി നടപടികൾകൊണ്ടു് തങ്ങൾക്കു് ദോഷമുണ്ടാകാതിരിക്കുന്നതിനു് തൊഴിലാളികൾക്കു് ഐ. എൻ. ടി. യു. സി ഒരു അഭയകേന്ദ്രം ആയിരുന്നു. മലബാറിൽ പലയിടത്തും ഐ എൻ.ടി.യു. സി.യൂണിയനുകൾ അക്കാലത്തു് ഏതാണ്ടു് നിയമവിരുദ്ധമാക്കപ്പെട്ടിരുന്ന എ. ഐ. ടി. യു. സി. യുടെ സ്ഥാനത്തു് വളർന്നുവന്നു. എന്നാൽ ആലപ്പുഴയിലും കൊല്ലത്തും കോഴിക്കോട്ടും മററും പരമ്പരാഗതമായ ട്രേഡ് യൂണിയനുകൾ പുതിയ സംഘടനാ രൂപങ്ങൾ സൃഷ്ടിച്ചുകൊണ്ടു് ഐ. എൻ. ടി. യു. സിയുടെ നേതൃത്വത്തിൽ തൊഴിലാളികൾ അണിനിരക്കുന്നതിനു് ഫലപ്രദമായ തടസ്സങ്ങൾ സൃഷ്ടിച്ചു. ഫറോക്ക് പ്രദേശത്തെ ഐക്യത്തൊഴിലാളി യൂണിയനും ആലപ്പുഴയിലെ തൊഴിലാളി കമ്മിററിയും കൊല്ലത്തെ കശുവണ്ടിത്തൊഴിലാളികൾക്കിടയിൽ വളർന്നുവന്ന കശുവണ്ടിത്തൊഴിലാളി കൗൺസിലും ഇത്തരത്തിലുള്ള എ. ഐ. ററി. യു. സി സംഘടനകളായിരുന്നു. സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം നിലവിൽ വന്ന തൊഴിൽ നിയമങ്ങൾ വിശേഷിച്ചും മിനിമംവേജസ് നിയമം മൂലം നടപ്പിലാക്കാൻ സാദ്ധ്യമാകുന്ന മിനിമം വേജസ് അസംഘടിത വിഭാഗങ്ങൾക്കു് നേടിക്കൊടുക്കുവാൻ എ. ഐ. ടി. യു. സിയുടെ അഭാവത്തിൽ ഐ. എൻ. ടി. യു. സി. 1948–51 കാലഘട്ടത്തിൽ മുൻകൈ എടുത്തിരുന്നു എന്നതും പ്രസ്താവ്യമാണ്. പി. എസ്. പി. ട്രേഡ് യൂണിയനുകളും ഈ രംഗത്തു് സാരമായ സംഭാവനകൾ ചെയ്തിട്ടുണ്ടു്.

1951–ലെ ആദ്യമാസങ്ങളിൽത്തന്നെ എ. ഐ. ടി. യു, സി യൂണിയനുകളും യു. ടി. യു.സി യൂണിയനുകളും വീണ്ടും കർമ്മനിരതമായി. കേരളത്തിൽ സമുന്നതരായ ഇടതുപക്ഷ തൊഴിലാളി നേതാക്കൻമാർ പുതിയ ഇന്ത്യൻ ഭരണഘടനയുടെ വകുപ്പുകൾ അനുസരിച്ചു് തങ്ങളെ തടങ്കലിൽ വച്ചിരിക്കുന്നതു് നിയമവിരുദ്ധമാണെന്നു് കാണിച്ചു കേസ്സുകൾ ഫയൽ ചെയ്തു. അങ്ങനെയുള്ള ഒരു നിയമ യുദ്ധം കുറെയൊക്കെ വിജയിക്കുകയും ചെയ്തു. എ. കെ. ജി യും ടി. വി. തോമസ്സും മററും ജയിൽ വിമോ

ചിതരായി. ഈ മോചനത്തിനു് മുമ്പു തന്നെ യു. ററി. യു. സി നേതാക്കളായ ശ്രീകണ്ഠൻനായരും മററും ജയിലുകളിൽനിന്നും പുറത്തിറങ്ങി. ആലപ്പുഴയിൽ വച്ചു് 1951 ഏപ്രിൽ മാസത്തിൽ ഇടതുപക്ഷ ട്രേഡ് യൂണിയൻ പ്രവർത്തകരുടെ ഒരു സമ്മേളനം ചേരുകയുണ്ടായി. ഏ. ഐ. ടി. യു. സി. പ്രവർത്തകർ രൂപീകരിച്ചിരുന്ന ആലപ്പുഴ കയർ ഫാക്ടറി തൊഴിലാളിക്കമ്മിററിയും കൊല്ലത്തെ യു. ററി. യു. സി നേതാക്കളായ സഖാക്കൾ ശ്രീകണ്ഠൻനായരും ടി. കെ യും ബേബിജോണും മററും നടത്തിയ കൂടിയാലോചനകളുടെ ഫലമായാണു് ഈ സമ്മേളനം വിളിച്ചു കൂട്ടിയതു്. കക്ഷിവ്യത്യാസങ്ങൾ മറന്നു് തൊഴിലാളികളും ട്രേഡ്‌യൂണിയൻ പ്രവർത്തകരും പൊതുശത്രുവായ മുതലാളിത്തത്തിനും അതിനു് സഹായം നൽകുന്ന ഗവൺമെൻറിനുമെതിരായി അണിനിരക്കണമെന്നു് ഏ.ഐ. ടി. യു. സി 1951 ആദ്യത്തിൽ ഒരു അഭ്യർത്ഥന പുറപ്പെടുവിച്ചിരുന്നു. ഇന്ത്യയുടെ എല്ലാ ഭാഗങ്ങളിലും ഈ നയം നടപ്പിലാക്കുവാൻ ഏ. ഐ. ടി. യു. സി. ശ്രമിച്ചു. ഐ. എൻ. ടി. യു. സി. കമ്മ്യൂണിസ്റ്റ് നേതൃത്വത്തിലുള്ള ഏ. ഐ. ടി. യു. സിയോടു യാതൊരു തരത്തിലുമുള്ള യോജിപ്പിനും അന്നു് തയ്യാറല്ലായിരുന്നു. യു. ടി. യു. സി നേരേമറിച്ചു ചില പൊതു പ്രശ്നങ്ങളിൽ ഏ. ഐ. ടി. യു. സിയുമൊത്തു് പ്രവർത്തിക്കുവാൻ തയ്യാറായി. ഇതിൻെറ വെളിച്ചത്തിലാണു് ആലപ്പുഴയിലെ ട്രേഡ് യൂണിയൻ സമ്മേളനം നടന്നതു്. ഈ സമ്മേളനത്തിൻെറ സമാപനത്തോടുകൂടി വൻപിച്ച ഒരു പ്രകടനവും നടത്തപ്പെട്ടു. ആലപ്പുഴ പട്ടണത്തെ കോരിത്തരിപ്പിച്ച ഒരു പ്രകടനമായിരുന്നു അതു്. സമ്മേളനത്തിൽ വച്ചു തെരഞ്ഞെടുത്ത തൊഴിലാളി ഐക്യക്കമ്മിററിക്കു 52 ട്രേഡ്‌യൂണിയൻ സംഘടനകൾ പിന്തുണ വാഗ്ദാനം ചെയ്യുകയും ചെയ്തു. ഈ സമ്മേളനത്തിനു ശേഷമാണു് 1951 മേയ് മാസത്തിൽ ടി. വി. തോമസ്സും മററും മോചിതരാകുന്നതു്. പ്രവർത്തനം സ്തംഭിച്ചു നിന്നിരുന്ന യൂണിയനുകൾ സജീവമായിത്തുടങ്ങി. നേതാക്കൾക്കു് രാജ്യം അന്നതുവരെ കണ്ടിട്ടില്ലാത്ത തരത്തിലുള്ള ആർത്തിരമ്പുന്ന ജനസമുദ്രങ്ങൾ സ്വീകരണം നൽകി. 1951-ൽ യു. ടി. യു. സിയും ഏ. ഐ. ടി. യു. സി. യും ഒരുമിച്ചു് കൊല്ലം മേഖലയിൽ അഭൂതപൂർവമായ കശുവണ്ടിത്തൊഴിലാളി സമരം നടത്തുകയുണ്ടായി. 11 ദിവസം നീണ്ടുനിന്ന ആ സമരം പരിപൂർണമായ വിജയമായിരുന്നു. പുതുതായി വളർന്നുവന്ന തൊഴിലാളി ഐക്യത്തിൻെറ ഒരു ഉത്തമദൃഷ്ടാന്തമായിരുന്നു ഇതു്. കോൺഗ്രസ് ഗവൺമെൻറു് ഈ പണിമുടക്കു് നിയമവിരുദ്ധമാണെന്നു് പ്രഖ്യാപിച്ചു. തൊഴിലാളികളുടെ ആവശ്യങ്ങൾ ഗവൺമെൻറു് അഡ്ജൂഡിക്കേഷനു വിട്ടു. കശുവണ്ടിത്തൊഴിലാളികൾക്കു് മിനിമം വേജസ് ഏർപ്പെടുത്തുവാൻ ഇദംപ്രഥമമായി ഒരു കമ്മിററിയെ നിയമിച്ചതു് ഈ സമരം സൃഷ്ടിച്ച പുതിയ അന്തരീക്ഷത്തിലായിരുന്നു. മലബാർ ഭാഗത്തും തൊഴിലാളി സമരങ്ങൾ ഈ കാലഘട്ടത്തിൽ നടക്കുകയുണ്ടായി. ഉദാഹരണത്തിനു്

1951 ഏപ്രിൽ പതിനാറാം തീയതി കോമൺവെൽത്തു് തൊഴിലാളികരം ബോണസ്സിനു വേണ്ടിയുള്ള പണിമുടക്കം ആരംഭിച്ചു. ഒലവക്കോട്ടു്, കൊടക്കൽ, ഫറോക്ക്, പുതിയറ, കണ്ണൂർ തുടങ്ങിയ ഫാക്ടറികളിലെ തൊഴിലാളികളും സ്ലാഘ്യം നടത്തിയ പണിമുടക്കം തൊഴിലാളി വർഗത്തിൻെറ പുതിയ മുന്നേററം പ്രകടമാക്കി. ഈ സമരം തൊണ്ണൂറു ദിവസം നീണ്ടുനിന്നു. 1948–50 കാലത്തെ നിഷ്ഠൂരമായ മർദ്ദനങ്ങരംകൊണ്ടു് തൊഴിലാളിവർഗത്തെ അടിച്ചമർത്താനോ തൊഴിലുടമസ്ഥ അനുകൂലമായ ദേശീയ ഗവണ്മെൻറിൻെറ നയങ്ങരം തൊഴിലാളികളുടെ മേൽ അടിച്ചേൽപ്പിക്കുവാനോ കഴിഞ്ഞില്ലെന്നു കൊല്ലത്തെ കശുവണ്ടിത്തൊഴിലാളികളുടേയും മലബാറിലെ കോമൺവെൽത്തു് തൊഴിലാളികളുടെയും സമരങ്ങരം ഭരണ വർഗങ്ങരംക്കു് തെളിയിച്ചുകൊടുത്തു. ഈ രണ്ടു സമരങ്ങരം പോലെ നിരവധി ചെറുതും വലുതുമായ പോരാട്ടങ്ങരം 1951–ൽ കേരളത്തിലുടനീളം നടന്നു.

പക്ഷേ ഈ തൊഴിലാളി മുന്നേററത്തെ കണക്കിലെടുത്തുകൊണ്ടു് ഗവണ്മെൻറു് ട്രേഡ് യൂണിയൻ പ്രസ്ഥാനം ഉന്നയിക്കുന്ന ആവശ്യങ്ങളെ അംഗീകരിച്ചുകൊടുക്കുവാൻ തയ്യാറായില്ല. ഉദാഹരണത്തിനു് 1951 ആഗസ്റ്റ് 13–ാം തീയതി തിരു–കൊച്ചി ഗവണ്മെൻറ് ടി. വി. തോമസ്സിനേയും മററും അറസ്റ്റ് ചെയ്യുകയാണുണ്ടായതു്. ഈ ഘട്ടത്തിൽ തിരു–കൊച്ചി ഇന്ത്യയുടെ ഇതര ഭാഗങ്ങളോടൊപ്പം ഇന്ത്യൻ ഭരണഘടനയനുസരിച്ചുള്ള പ്രഥമ തിരഞ്ഞെടുപ്പിനു് തയ്യാറെടുക്കുകയായിരുന്നു. തിരു–കൊച്ചിയിലും മലബാറിലും കോൺഗ്രസ്സ് ഗവണ്മെൻറിനെതിരായി തൊഴിലാളികരം മാത്രമല്ല അസഹിഷ്ണുതയും അസംതൃപ്തിയും പ്രദർശിപ്പിച്ചതു്. യുദ്ധകാലത്തേക്കാരം മോശപ്പെട്ട റേഷനിംഗ് സമ്പ്രദായമാണു് അക്കാലത്തു് നിലവിലിരുന്നതു് എന്നു് സി. നാരായണപിള്ള "പട്ടം മുതൽ പനമ്പിള്ളി വരെ" എന്ന തൻെറ ഗ്രന്ഥത്തിൽ അനുസ്മരിക്കുന്നുണ്ടു്. കേരളത്തിൻെറ ഭക്ഷ്യപ്രശ്നം പരിഹരിക്കുന്നതിനോ കേരളത്തിലെ വികസനപ്രശ്നങ്ങരം പഠിക്കുന്നതിനോ കേന്ദ്രഗവണ്മെൻറും ദേശീയ നേതാക്കൻമാരും തീരെ ശ്രദ്ധിച്ചതുമില്ല. ഇതിനുള്ള തെളിവാണു് 1951–മുതൽ നിലവിൽ വന്ന ഒന്നാം പഞ്ചവത്സരപദ്ധതിയിൽ കേരളത്തിനു നേരിടേണ്ടിവന്ന കുപ്രസിദ്ധമായ അവഗണന. 1947 ആഗസ്റ്റ് മുതൽ 51 നവംബർ വരെയുള്ള കാലഘട്ടത്തിൽ കേരളത്തിലെ ഇടത്തരക്കാരും കൃഷിക്കാരും തൊഴിലാളികളും പുതിയ ജനകീയ ഭരണ കർത്താക്കളുടെ സാമ്പത്തിക നയങ്ങളിൽ നിരാശരായിത്തീർന്നു കഴിഞ്ഞിരുന്നു. ഈ വസ്തുത ഒരു സ്ഫോടനം പോലെ ഭരണകക്ഷിക്കു് അനുഭവപ്പെടുകയും ചെയ്തു. 1951 ഡിസംബറിലും 52 ജനുവരിയിലും തിരു–കൊച്ചിയിലും മലബാറിലും നടന്ന പൊതുതെരഞ്ഞെടുപ്പിൽ കോൺഗ്രസ് കക്ഷിക്കു് കേരളത്തിൽ വമ്പിച്ച തിരിച്ചടിയാണു് കിട്ടിയതു്.

സ്വതന്ത്രഭാരതത്തിന്റെ ആവിർഭാവത്തോടുകൂടി മലയാളികളുടെ ചിരകാലസ്വപ്നമായ ഐക്യകേരളം നിലവിൽ വരുമെന്നാണ് തൊഴിലാളിവർഗവും അദ്ധ്വാനിക്കുന്ന ബഹുജനങ്ങളും കരുതിയതു്. കാരണം സ്വാതന്ത്ര്യസമരകാലത്തു കോൺഗ്രസ്സ് നേതാക്കൻമാർ ഐക്യകേരള രൂപീകരണത്തെ സംബന്ധിച്ചിടത്തോളം ചില പാവന പ്രതിജ്ഞകാം ചെയ്തിരുന്നു. മാത്രമല്ല, ഐക്യകേരളം വരുന്നതിനു മുൻപു തന്നെ കേരളത്തിലെ തൊഴിലാളി പ്രസ്ഥാനം കേരളാടിസ്ഥാനത്തിലുള്ള നേതൃത്വവും കർമ്മപരിപാടിയുമാണ് അംഗീകരിച്ചിരുന്നതു്. ഇതിന്റെ ഫലമായി അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളുടേയും സംഘടിത വിഭാഗങ്ങളുടേയും ഇടയിൽ ഐക്യകേരളബോധം യഥാർത്ഥമായി നില കൊണ്ടിരുന്നു. ഐക്യകേരളം നിലവിൽ വന്നാൽ അജയ്യമായ ഒരു ട്രേഡ് യൂണിയൻ പ്രസ്ഥാനത്തേയും കർഷകപ്രസ്ഥാനത്തേയും നേരിടേണ്ടി വരുമെന്ന് ബഹുജനസമരവിരോധികളായ ചില കോൺഗ്രസ് നേതാക്കാംക്കു് ബോദ്ധ്യമുണ്ടായിരുന്നു. അതുകൊണ്ട് അവർ ഐക്യകേരളത്തിനെതിരായ നിലപാട് സ്വീകരിച്ചു. ഏതായിരുന്നാലും തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നീ മൂന്നു ഖണ്ഡങ്ങളായി കേരളത്തെ അധികനാാം നിലനിർത്തുവാൻ അവർക്കാർക്കും കഴിഞ്ഞില്ല. സ്വാതന്ത്ര്യം കിട്ടിയിട്ട് രണ്ടുവർഷം തികയുന്നതിനു മുൻപുതന്നെ 1949 ജൂലൈ ഒന്നാം തീയതി തിരുവിതാംകൂറും കൊച്ചിയും തമ്മിൽ ലയിച്ചു. പക്ഷേ ഐക്യകേരളം സംജാതമാകുവാൻ പിന്നെയും ദീർഘമായ ഏഴ് സംവത്സരത്തോളം കാത്തിരിക്കേണ്ടിവന്നു. ഇക്കാലമത്രയും മലയാളികളുടെ ജൻമഭൂമിയുടെ ഏകീകരണത്തിനായി കേരളത്തിലെ ട്രേഡ്‌യൂണിയൻ പ്രസ്ഥാനം സന്ധിയില്ലാത്ത സമരം നടത്തിക്കൊണ്ടിരുന്നു എന്നതു് പ്രസ്താവ്യമാണ്.

## അധ്യായം 6

# പ്രസ്ഥാനത്തിൻെറ സാർവത്രിക പുരോഗതി

## (1952–56)

1951-ൻെറ ഒടുവിലും 1952-ൻെറ ആദ്യവും നടന്ന ഇന്ത്യയിലെ പൊതു തിരഞ്ഞെടുപ്പ് ഇന്ത്യൻ ജനാധിപത്യ പ്രസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഒരു വഴിത്തിരിവായിരുന്നു. ലോക്സഭയിലും സംസ്ഥാന നിയമസഭകളിൽ ചിലതിലും ട്രേഡ്യൂണിയൻ നേതാക്കന്മാർക്ക് അഭൂതപൂർവമായ പ്രാതിനിധ്യം ലഭിച്ചു. മദിരാശി സംസ്ഥാനത്തിൽ റെയിൽവേ ട്രേഡ്യൂണിയൻ നേതാവായ അനന്തൻനമ്പ്യാർ അന്നത്തെ കേന്ദ്ര റെയിൽവെ വകുപ്പ മന്ത്രിയായിരുന്ന കെ. സന്താനത്തെ തൊഴിൽ നയത്തിൻെറ പേരിൽ തന്നെ വെല്ലു വിളിച്ചുകൊണ്ട് തോൽപിച്ചു. കേരളത്തിലെ ട്രേഡ്യൂണിയൻ സമരങ്ങളുടെ മുൻപന്തിയിൽ നിന്നിരുന്ന ഏ. കെ. ഗോപാലനും പി. ററി. പുന്നൂസും എൻ. ശ്രീകണ്ഠൻനായരും എം. പി. മാരായി. തിരു–കൊച്ചി നിയമസഭാ തിരഞ്ഞെടുപ്പിൽ അക്കാലത്തു് ജയിലിൽ കിടന്നിരുന്ന ഐക്യമുന്നണി നേതാക്കളായ ടി. വി. തോമസും ആർ. സുഗതനും സി. ജി. സദാശിവനും ജയിച്ചു. യു. ററി. യു. സി നേതാക്കളായ ടി. കെ. ദിവാകരനും മററും എം. എൽ. എ. മാരായി. കശുവണ്ടിത്തൊഴിലാളി പ്രസ്ഥാനത്തിൻെറ നേതാവായ എം. എൻ. ഗോവിന്ദൻനായർ വോട്ടിൻെറ എണ്ണത്തിൽ ഏററവും വലിയ റിക്കാർഡു സൃഷ്ടിച്ചുകൊണ്ട് നിയമസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. അതുപോലെ തന്നെ വയലാർ–പുന്നപ്ര സമരത്തിൻെറ ധീരനായ നായകൻ—സി. കെ. കുമാരപ്പണിക്കർ—തിരഞ്ഞെടുപ്പു സമരത്തിൽ വിജയശ്രീലാളിതനായി നിയമസഭയിൽ പ്രവേശിച്ചു. മലബാർ ഭാഗത്തു് ട്രേഡ്യൂണിയൻ നേതാക്കളായ കെ. പി. ഗോപാലനും സി. എച്ച്. കണാരനും അദ്ധ്യാപകനേതാവായ ടി. സി. നാരായണൻനമ്പ്യാരും പ്രശസ്തമായ വിജയം കൈവരിച്ചുകൊണ്ട് മദിരാശിനിയമസഭാംഗങ്ങളായി തീർന്നു. ഐ. എൻ. ടി. യു. സി. നേതാ

വായ കെ. കരുണാകരനും തിരു-കൊച്ചി നിയമസഭയിൽ കോൺഗ്രസ്സ് സ്ഥാനാർത്ഥിയായി മൽസരിച്ച് വിജയിച്ചു. അങ്ങനെ തിരു-കൊച്ചി യിലും മലബാറിലും ട്രേഡ്യൂണിയൻ പ്രസ്ഥാനത്തിന് വമ്പിച്ച തോതിലുള്ള അംഗീകാരമാണ് ലഭിച്ചത്. എങ്കിൽ തന്നെ ഈ വിധിയെഴുത്തിനെ മാനിച്ചുകൊണ്ട് വയലാർ പുന്നപ്ര സമരത്തിന്റെ ധീരസേനാനികളും തൊഴിലാളി വർഗത്തിന്റെ അനിഷേധ്യരായ മുന്നണി ഭടന്മാരുമായിരുന്ന വയലാർ പുന്നപ്ര തടവുകാരെ വിട്ടയക്കുവാനോ കേസുകളിൽ പെട്ട് ഒളിവിൽ കഴിയുന്നവരുടെ വാറണ്ട് പിൻവലിക്കുവാനോ തിരു-കൊച്ചി ഗവണ്മെൻറ് തയ്യാറായില്ല. പക്ഷെ അവരെ മോചിപ്പിക്കാനുള്ള ബഹുജനസമരത്തിന്റെ ശക്തിയേറിയ മാറൊലി നിയമസഭയ്ക്കകത്ത് ഇദംപ്രഥമമായി മുഴങ്ങിത്തുടങ്ങി. അത് ആവേശകരമായ ഒരു സംഭവവികാസമായിരുന്നു.

ഈ പുതിയ പരിതസ്ഥിതികളിൽ ട്രേഡ് യൂണിയനുകൾക്ക് അഭൂതപൂർവമായ ഉന്മേഷമുണ്ടായി. അമ്പലപ്പുഴ-ചേർത്തല താലൂക്കുകളിൽ വ്യാപിച്ചിരുന്ന തൊഴിലില്ലായ്മക്കെതിരായി പ്രക്ഷോഭണം നടത്തുവാൻ ട്രേഡ്യൂണിയൻ നേതൃത്വം പ്രത്യേകം ശ്രദ്ധിച്ചു. കയർഫാക്ടറികൾ, ഓയിൽ മില്ലുകൾ തുടങ്ങിയവയിൽ നിന്നും തൊഴിലാളികളെ കമ്പോളമാന്ദ്യത്തിന്റെ പേരിൽ കൂട്ടത്തോടെ പിരിച്ചുവിട്ടുകൊണ്ടിരുന്ന കാലമായിരുന്നത്. "ഇനി എനിക്ക് വിശക്കുകില്ല" എന്നെഴുതിവച്ചു കൊണ്ട് ഡ്രഡേക്കർ കമ്പനിയിലെ തൊഴിലാളിയായ ജോർജ് ആത്മഹത്യചെയ്തതു് ഇക്കാലത്താണ്. തൊഴിലില്ലായ്മക്കെതിരായി പ്രക്ഷോഭണം ആരംഭിക്കുന്നതിന് ആർ. സുഗതൻ കൺവീനറായി ഒരു കമ്മിററി നിലവിൽ വന്നു. ഈ കമ്മിററിയുടെ ആഭിമുഖ്യത്തിൽ തിരുവനന്തപുരത്തേക്കു് നീങ്ങിയ പട്ടിണിജാഥയ്ക്ക് വൻപിച്ച സ്വീകരണമാണ് ലഭിച്ചതു്. പുതുതായി തിരഞ്ഞെടുക്കപ്പെട്ട ഐക്യമുന്നണി എം. എൽ. എ മാർ പട്ടിണിജാഥക്കാരുമൊത്ത് മന്ത്രിമാരുടെയടുക്കൽ നിവേദനം നടത്തി. അതനുസരിച്ച് മുഖ്യമന്ത്രി ഏ. ജെ. ജോൺ അമ്പലപ്പുഴ ചേർത്തല പ്രദേശത്ത് സന്ദർശനം നടത്തുകയുണ്ടായി. നിർഭാഗ്യമെന്നു പറയട്ടെ, രാഷ്ട്രീയമായ പരിഗണനകൾ വച്ചുകൊണ്ട്, അദ്ദേഹം ട്രേഡ്യൂണിയൻ നേതാക്കളുടെ പരിഹാര നിർദ്ദേശങ്ങൾ തള്ളിക്കളയുകയാണ് ചെയ്തതു്. എന്നാൽ ട്രേഡ്യൂണിയൻ പ്രസ്ഥാനം ഇതുകൊണ്ടൊന്നും നിരാശപ്പെട്ടില്ല. കയർ വ്യവസായ സ്തംഭനത്തെപ്പററിയും അമ്പലപ്പുഴ-ചേർത്തല പ്രദേശത്തെ വ്യാപകമായ തൊഴിലില്ലായ്മയെപ്പററിയും കേന്ദ്രഗവണ്മെൻറിനെ അറിയിക്കുവാൻ മലയാളി എം. പി. മാരെ സമീപിക്കുന്നതിന് കയർ തൊഴിലാളി നേതാക്കന്മാർ തീരുമാനിച്ചു. അതനുസരിച്ച് ഏ. കെ. ജിയും പി. ററി. പുന്നൂസും വി. പി. നായരും എൻ. ശ്രീകണ്ഠൻനായരും മററും സ്തുത്യർഹമാംവണ്ണം ഈ പ്രശ്നത്തിൽ

ഇടപെട്ടു. കേരളത്തിലെ ഈ ദുസ്ഥിതി പരിഹരിക്കുന്നതിനുവേണ്ടി ലോക്സഭ ഉണർന്നു പ്രവർത്തിക്കണമെന്നു് അവർ ആവശ്യപ്പെട്ടു. പ്രധാനമന്ത്രി നെഹ്രു തൽഫലമായി ദുരിതനിവാരണ ഫണ്ടിൽ നിന്നും പതിനായിരം രൂപാ ഉടനടി സംഭാവന ചെയ്യുകയും കയർവ്യവസായത്തിൻെറ നില പഠിക്കുവാനായി കേന്ദ്രഗവണ്മെൻറിൻെറ ഒരു പഠന സംഘത്തെ അയയ്ക്കുകയും ചെയ്തു. എ. ഐ. ടി. യു. സി നേതാക്കന്മാരും സ്ഥിതിഗതികളുടെ ഗുരുതരാവസ്ഥ മനസ്സിലാക്കി കേന്ദ്രഗവണ്മെൻറ് സത്വരമായ ദുരിതാശ്വാസ നടപടികൾ ആരംഭിക്കണമെന്നാവശ്യപ്പെട്ടു. കൽക്കട്ടയിൽ വച്ചുകൂടിയ എ. ഐ. ടി. യു. സി. സമ്മേളനത്തിൽ കയർ ഫാക്ടറി വർക്കേഴ്സ് യൂണിയൻ പ്രതിനിധിയായ പി. ജി. പത്മനാഭനും മററും നടത്തിയ പരിശ്രമങ്ങളാണു് എ. ഐ. ടി. യു. സി. യുടെ ഈ ദ്രുതപ്രവർത്തനങ്ങൾക്കു് വഴി വെച്ചതു്. തൊഴിലില്ലായ്മമൂലം പട്ടിണി അനുഭവിക്കുന്നവർക്കു് സൗജന്യറേഷൻ നൽകുന്നതിനുള്ള ചിലവിൻെറ നേർപകുതി കേന്ദ്രഗവണ്മെൻറു വഹിക്കാമെന്ന പ്രായോഗികമായ ഒരു നിർദ്ദേശം കേന്ദ്രത്തിൽ നിന്നും പുറപ്പെടുവിച്ചുവെങ്കിലും തിരു–കൊച്ചി സംസ്ഥാന ഗവണ്മെൻറു് ആ നിർദ്ദേശം സ്വീകരിക്കാതെ ഒഴിഞ്ഞുമാറുകയാണു് ചെയ്തതു്. അമ്പലപ്പുഴ ചേർത്തലയിലെ തൊഴിലില്ലാത്ത പട്ടിണിപ്പാവങ്ങൾക്കു് കേന്ദ്രഗവണ്മെൻറിൻെറ നിർദ്ദേശം അല്പമെങ്കിലും ആശ്വാസം നൽകുന്നതായിരുന്നു. സംസ്ഥാന ഗവണ്മെൻറു് ഈ നിർദ്ദേശം തള്ളിക്കളഞ്ഞപ്പോൾ കേന്ദ്രഗവണ്മെൻറു് സ്ഥിതിഗതികളുടെ ഗുരുതരാവസ്ഥ മനസ്സിലാക്കി പ്രവർത്തിക്കുവാൻ സംസ്ഥാന ഗവണ്മെൻറിനെ നിർബന്ധിച്ചില്ല. പണമില്ലെന്നു് പറഞ്ഞു് സംസ്ഥാന ഗവണ്മെൻറു് ദുരിതനിവാരണപ്രവർത്തനത്തിൽ നിന്നും ഒഴിഞ്ഞു മാറിയപ്പോൾ അതിശക്തനായ ഒരു മിത്രം കേരളത്തിലെ തൊഴിലാളിവർഗത്തിൻെറ മുന്നണിയിൽ എക്കാലവും നിന്ന അമ്പലപ്പുഴ–ചേർത്തലയിലെ ദേശാഭിമാനികളായ തൊഴിലാളികളെ സഹായിക്കാനായി വന്നെത്തി. ആ മിത്രം മററാരുമായിരുന്നില്ല. തിരു–കൊച്ചിയിലെങ്ങുമുള്ള കർഷകരും പാവപ്പെട്ട ഇടത്തരക്കാരും അടങ്ങിയ ഗ്രാമീണ ജനതയായിരുന്നു ആ വിശ്വസ്തമിത്രം. ആ ഗ്രാമീണജനത അക്കാലത്തു കാണിച്ച സൗഹൃദത്തിൻെറ യഥാർത്ഥ ചരിത്രം നമ്മുടെ നാട്ടിൻെറ ജനാധിപത്യ പ്രസ്ഥാനത്തിനും ട്രേഡ്യൂണിയൻ പ്രസ്ഥാനത്തിനും മറക്കാനാവാത്ത ചരിത്രമാണു്. തൊഴിലില്ലായ്മയിൽ നിന്നും അതിനെ തുടർന്നുണ്ടായ പട്ടിണിയിൽ നിന്നും കയർവ്യവസായത്തൊഴിലാളികളെ സംരക്ഷിക്കുവാൻ ബാധ്യസ്ഥമായ ഗവണ്മെൻറു് രാഷ്ട്രീയ പരിഗണനയുടെ പേരിലുള്ള വൈരാഗ്യം വച്ചു കൊണ്ടു് സ്വന്തം കർത്തവ്യത്തിൽ നിന്നും ഒഴിഞ്ഞു മാറുന്നതു കണ്ടു് ട്രേഡ് യൂണിയൻ നേതാക്കൾ കേരളത്തിനകത്തും പുറത്തുമുള്ള ബഹുജനസംഘടനകളോടു് ദുരിതനിവാരണാർത്ഥം റിലീഫ് എത്തിച്ചുതരണമെന്നു് അഭ്യർത്ഥിച്ചു. തിരു–കൊച്ചിയിലെ കൃഷിക്കാർ ഈ അഭ്യർത്ഥനയെ ആദ

രിച്ചുകൊണ്ടും അവരുടെ പരിമിതമായ കഴിവുകളെ സമാഹരിച്ചുകൊണ്ടും എല്ലാത്തരം കാർഷികോല്പന്നങ്ങളും ലാറിക്കണക്കിനും വള്ളക്കണക്കിനും ആലപ്പുഴ എത്തിച്ചു കൊടുത്ത സംഭവം തൊഴിലാളി—കർഷക സഖ്യത്തിൻെറ അത്യുത്തമമായ ഉദാഹരണമായിരുന്നു. കൃഷിക്കാരോടൊപ്പം ഇതര തൊഴിലാളി വിഭാഗങ്ങളും നഗരങ്ങളിലെ ഇടത്തരക്കാരും 1952—ൽ നടന്ന ഈ റിലീഫ് പ്രവർത്തനത്തിൽ സഹകരിച്ചു. ഇതിൻെറ ഫലമായി അനേകായിരം പേരെ പട്ടിണി മരണത്തിൽ നിന്നു് രക്ഷിക്കാനും കെട്ടിമേയാതെ കിടന്ന വീടുകൾ കെട്ടിക്കാനും രോഗികൾക്കു് വൈദ്യസഹായം എത്തിക്കാനും കഴിഞ്ഞു. സുശിക്ഷിതരായ 1200 വാളണ്ടിയർമാർ അമ്പലപ്പുഴ—ചേർത്തല പ്രദേശങ്ങളിൽ ഈ റിലീഫ് വിതരണത്തിൻെറ നേതൃത്വം വഹിച്ചു കൊണ്ടിരുന്നു. ഉത്തരവാദ ഭരണത്തിനു വേണ്ടി പോരാടിയ അതേ തൊഴിലാളിവർഗത്തിലെ പതിനായിരക്കണക്കിനാളുകൾ "അവശന്മാരും ആലംബഹീനന്മാരും" ആയി മരണമടയുവാൻ തിരു — കൊച്ചിയിലെ ബഹുജനങ്ങളും തിരു — കൊച്ചിക്കു് പുറത്തുള്ള തൊഴിലാളി ബന്ധുക്കളും സമ്മതിച്ചില്ല. ബഹുജനങ്ങളുടെ ഉത്തരവാദിത്വബോധവും അന്നത്തെ ജനകീയ മന്ത്രിമാരുടെ നിരുത്തരവാദിത്വവും തമ്മിലുള്ള വൈരുധ്യം തികച്ചും വെളിപ്പെടുത്തിയ ഈ റിലീഫ് പ്രസ്ഥാനം ട്രേഡ്‌യൂണിയനുകളും ബഹുജനങ്ങളും—വിശേഷിച്ച് കൃഷിക്കാരും തമ്മിലുള്ള ബന്ധം കൂടുതൽ ദൃഢമാക്കി തീർത്തു. കേരളത്തിൽ സുശക്തമായ ഒരു ജനാധിപത്യപ്രസ്ഥാനം വളർന്നുവരുന്നുണ്ടെന്നും വമ്പിച്ച സാധ്യതയുള്ള അതു ഇനിയും വളർത്തേണ്ടതുണ്ടെന്നും ഈ സംഭവം ജനാധിപത്യവാദികളെ കാണിച്ചു കൊടുക്കുകയും ചെയ്തു.

കയർ വ്യവസായത്തിൻെറ തകർച്ച പരിഹരിച്ചു് തൊഴിലാളികൾക്കു് ജോലിയും കൂലിയും നൽകുവാനുള്ള പരിശ്രമവും ഇതോടൊപ്പം നടന്നു. ചേർത്തല താലൂക്കിൽ മാത്രം 1946—ൽ പതിനയ്യായിരം കയർ ഫാക്ടറി തൊഴിലാളികൾ ഉണ്ടായിരുന്നതു് 1952—ആയപ്പോൾ ആയിരത്തി ഒരുന്നൂറായി കുറഞ്ഞിരുന്നു. ആലപ്പുഴ മേഖലയിലെ സ്ഥിതിഗതികൾ വളരെ ഗുരുതരമായിരുന്നു എന്നു പറയേണ്ടതില്ല. 1946—ൽ നഗരത്തിനു് അകത്തും തൊട്ടടുത്തുമായി 19 മേജർ ഫാക്ടറികളാണു് പ്രവർത്തിച്ചിരുന്നതു്. ചില ഫാക്ടറികളിൽ ആയിരത്തി അഞ്ഞൂറിൽ പരം തൊഴിലാളികൾ വീതം പ്രവർത്തിക്കുന്നുണ്ടായിരുന്നു. അവയിൽ പലതും ഏതാണ്ടു് നിശ്ചലമായിത്തീർന്നു. വളരെ ചുരുക്കം ചില ഫാക്ടറികൾക്കു് മാത്രമാണു് പരിമിതമായ തോതിൽ പ്രവർത്തിക്കുവാനെങ്കിലും കഴിഞ്ഞതു്. താൽക്കാലികമായ ദുരിതാശ്വാസത്തിനുവേണ്ടിയുള്ള പ്രവർത്തനത്തിനിടയിൽ കയർ വ്യവസായത്തിൻെറ തകർച്ച പരിഹരിക്കാനുള്ള അടിസ്ഥാനപരമായ ശ്രമങ്ങളും നടത്തുകയുണ്ടായി. ഇതുസംബന്ധിച്ചു് തിരു:കയർ ഫാക്ടറി വർക്കേഴ്സ് യൂണിയനെ പ്രതിനിധീകരിച്ചു

കൊണ്ടു് പി.ജി. പത്മനാഭനും ടി. കെ. വർഗീസ് വൈദ്യനും ന്യൂഡെൽഹിയിൽ ചെന്നു് ഏ. കെ. ജി. തുടങ്ങിയ എം. പി. മാരുടെ നേതൃത്വത്തിൽ നിവേദനം നടത്തുകയും കയർ വ്യവസായ പുനസ്സംഘടനയ്ക്കുപകരിക്കത്തക്ക തരത്തിൽ കയർ ബോർഡു സ്ഥാപിക്കണമെന്നു് ഇന്ത്യാഗവൺമെൻറിനോടാവശ്യപ്പെടുകയും ചെയ്തു.

വ്യവസായത്തകർച്ചയുടെയും തൊഴിലില്ലായ്മയുടെയും പ്രശ്നങ്ങൾ ട്രേഡ്‌യൂണിയൻ പ്രസ്ഥാനത്തെ അലട്ടിക്കൊണ്ടിരുന്നപ്പോൾ തൊഴിലാളി ഐക്യത്തെ ശിഥിലമാക്കുന്ന പ്രവണതയും ഗുരുതരമായിത്തീർന്നു. 1950–51–ലെ ബോണസ്സ് കയർ ഫാക്ടറി തൊഴിലാളികൾക്കു് അനുവദിച്ചുതരണമെന്നു് ഏ. ഐ. ടി. യു. സി. ആവശ്യപ്പെട്ടപ്പോൾ ഐ. എൻ. ടി. യു. സി. യൂണിയൻ അതിനെ എതിർത്തതു് ഇതിനൊരുദാഹരണമാണു്. ഏ. ഐ. ടി. യു. സിയും ഐ. എൻ. ടി. യു. സിയും തമ്മിലുള്ള അനൈക്യം 1952–ൽ നടന്ന കടപ്പുറം ഡെറാസ്മെയ്ൽ കമ്പനിയിലെ പണിമുടക്കത്തിലും ദൃശ്യമായി. ഈ അനൈക്യത്തെ മുതലെടുത്തുകൊണ്ടു് തൊഴിലുടമ- തൊഴിലാളികളെ പിരിച്ചുവിടാൻ ശ്രമിച്ചു. 1949 മേയ് മാസത്തിൽ നടപ്പിലായ ഫാക്ടറീസ് നിയമമനുസരിച്ചു് വേലസമയം ഒൻപതു മണിക്കൂറിൽ നിന്നും എട്ടു മണിക്കൂറായി കുറവു ചെയ്തപ്പോൾ ആലപ്പുഴയിലെ കയർ ഫാക്ടറികളിലെ തൊഴിലാളികൾക്കു് പീസ്‌വർക്കനുസരിച്ചുള്ള വരുമാനം കുറഞ്ഞു. അതായതു് പീസ്‌വർക്കു് ചെയ്യാൻ സമയം കുറഞ്ഞപ്പോൾ ആകെ വരുമാനവും അതിനനുസരിച്ചു് ചുരുങ്ങി. അതുകൊണ്ടു് പീസ്‌റേറ്റു് വർദ്ധിപ്പിക്കണമെന്നു് ഐ. ആർ. കമ്മിററിയിൽ ഏ. ഐ. ടി. യു. സി. ആവശ്യപ്പെട്ടു. എന്നാൽ ഐ. എൻ. ടി. യു. സി. ഇക്കാര്യത്തിൽ വിഭിന്നമായ ഒരു നിലപാടാണു് സ്വീകരിച്ചതു്. തൊഴിലുടമകൾ തൊഴിലാളി അനൈക്യത്തെചൊല്ലി പ്രശ്ന പരിഹാരത്തിനു് വഴങ്ങാതെ നിന്നു. ഏ. ഐ. ടി. യു. സി. യുടെനേതൃത്വത്തിലുള്ള സുദീർഘമായ പ്രക്ഷോഭ പരിപാടികൾക്കു് ശേഷമാണു് ഐ. ആർ. കമ്മിററി അനുകൂലമായ ഒരു തീരുമാനത്തിലെത്തിച്ചേർന്നതു്. ഈ തീരുമാനം എല്ലാ ഫാക്ടറികളിലും നടപ്പിലാക്കിക്കിട്ടുന്നതിനുവേണ്ടി 1953–ൽ നിരവധി പണിമുടക്കുകൾ നടത്തേണ്ടിവന്നു. ഇതിലേററവും പ്രധാനപ്പെട്ട സമരം ഗംഗാധരയ്യർ കമ്പനിയിൽ നടന്ന തൊഴിൽ സമരമാണു്. കയർ ഫാക്ടറി രംഗത്തു നടന്ന ആ സമരത്തിനു് തിരു–കൊച്ചി സ്റ്റേററിലാകെയുള്ള തൊഴിലാളിവർഗത്തിൻെറ മുന്നണി വിഭാഗങ്ങൾ സജീവമായി സഹായിച്ചുവെന്നുള്ളതു് വളരെയധികം പ്രാധാന്യമർഹിക്കുന്ന ഒരു സംഭവവികാസമായിരുന്നു. 1953 ജനുവരി 29–ാംനു- ഗംഗാധരയ്യർ കമ്പനിയിൽ തൊഴിലാളികൾ പണിമുടക്കിയതോടുകൂടി ആരംഭിച്ച ഈ സമരം മേയ്മാസമായിട്ടും ഒത്തുക്കിത്തീർക്കുവാൻ മാനേജ്മെൻറു സന്നദ്ധമായില്ല. സമരത്തിനിടയിൽ

ഒരൊത്തുതീർപ്പ് ഉണ്ടാക്കുവാൻ യൂണിയൻ മുൻകൈ എടുക്കുകയും 22-4-53-ൽ മാനേജ്മെൻറ് തൊഴിലാളികളുടെ ആവശ്യമംഗീകരിച്ചു കൊണ്ടു് ഒത്തുതീർപ്പിലൊപ്പുവയ്ക്കുകയും ചെയ്തതാണു്. തൊഴിലാളുകൾ അതനുസരിച്ച് പണി തുടങ്ങുകയും ചെയ്തു. പക്ഷെ മാനേജ്മെൻറ് ഒത്തുതീർപ്പനുസരിച്ച് കരിങ്കാലികളെ പിരിച്ചുവിട്ടില്ല. നേരെ മറിച്ച് പോലീസിൻെറ സഹായത്തോടുകൂടി ഒത്തുതീർപ്പു വ്യവസ്ഥകൾ ലംഘിക്കുകയും ചെയ്തു. നീതിവിരുദ്ധമായ ഈ പെരുമാററം ആലപ്പുഴയിലെ സംഘടിത തൊഴിലാളിവർഗത്തെ ചൊടിപ്പിച്ചു. മേയ് 4-ാം നു- മുതൽ ആലപ്പുഴയിലെ കയർ ഫാക്ടറികളിലാകെ തൊഴിലാളികൾ അനുഭാവപ്പണിമുടക്കം ആരംഭിച്ചു. ഐ. എൻ. ടി. യു. സി. മാനേജ്മെൻറിനു് അനുകൂലമായ നിലപാടു് സ്വീകരിച്ചുകൊണ്ടു് സമരത്തെ പരാജയപ്പെടുത്തുവാനായി ശ്രമിച്ചതു് തൊഴിലുടമയ്ക്കു് വളരെ സഹായകരമായി. എന്നിട്ടും 35 ദിവസം ആലപ്പുഴയിലെ കയർ ഫാക്ടറി തൊഴിലാളികൾ അവരുടെ അനുഭാവപ്പണിമുടക്കം തുടർന്നു. മുൻപു നടന്ന പൊതു പണിമുടക്കങ്ങളെ അപേക്ഷിച്ച് കൂടുതൽ നാൾ നീണ്ടുനിന്ന പൊതുപണിമുടക്കായിരുന്നു ഇതു്.

ഐക്യമുന്നണി എം. എൽ. എ. മാർ ഈ പണിമുടക്കിനെ വിജയിപ്പിക്കാനായി ആലപ്പുഴയിലെത്തി കമ്പനികൾ പിക്കററിംഗ് ചെയ്തതു് കേരളത്തിലെ ട്രേഡ്‌യൂണിയൻ പ്രസ്ഥാനത്തിലെ പുതിയൊരു സംഭവമായിരുന്നു. അതു ജനപ്രതിനിധികളുടെ പ്രവർത്തന ശൈലിയുടെ അന്തസ്സും അന്തസ്സത്തയും അത്ഭുതപൂർവമാംവിധം വർദ്ധിപ്പിച്ചു. പോലീസു മർദ്ദനത്തെ വെല്ലുവിളിച്ചുകൊണ്ടു് സമരത്തെ നയിച്ച തൊഴിലാളികൾക്കു് എം. എൽ. എ. മാരുടെ പിക്കററിംഗ് എന്തെന്നില്ലാത്ത ആവേശവും മനോവീര്യവും ആണു് നൽകിയതു്. വാളണ്ടിയർമാരെ പോലീസു അറസ്റ്റ് ചെയ്യുകയും മർദ്ദിക്കുകയും ചെയ്യുന്നതു് ക്രൂരമായ ഒരു വിനോദമായി പോലീസുമേധാവികൾ കരുതി. വാളണ്ടിയർമാർ കിടന്നു പിക്കററു ചെയ്തിരുന്ന സ്ഥലങ്ങളിൽ കമ്പനിയുടമകൾ തീവെള്ളം തളിച്ചിരുന്നു. ഇതിനെയെല്ലാം നേരിട്ടുകൊണ്ടു് ഐക്യമുന്നണി എം. എൽ. എ മാരിൽ പലരും സാധാരണ വാളണ്ടിയർമാരോടൊപ്പം നിലത്തു കിടന്നു പിക്കററു ചെയ്തിരുന്നു. നാടിൻെറ നാലു ഭാഗത്തുമുള്ള ട്രേഡ്‌യൂണിയനുകൾ അനുഭാവജാഥകൾ സംഘടിപ്പിച്ചു ആലപ്പുഴയിലേക്ക് മാർച്ചുചെയ്യുമെന്നു് പ്രഖ്യാപിക്കുകയുണ്ടായി എന്നതും പ്രസ്താവ്യമാണു്. സമരം വ്യാപിക്കുമെന്നുള്ളനിലവന്നപ്പോൾ ഗവണ്മെൻറു് കമ്പനിയിലെ കരിങ്കാലി പ്രശ്നം നിർബ്ബന്ധിത അഡ്ജൂഡിക്കേഷനുവിട്ടു. കൂലി കൂടുതൽ നൽകുവാൻ തൊഴിലുടമ വഴങ്ങുകയും ചെയ്തു. അങ്ങനെ 1953 ജൂൺ മാസം 7-ാം തീയതി പൊതു പണിമുടക്കം പിൻവലിച്ചു. ട്രേഡ്‌യൂണിയൻ പ്രസ്ഥാനത്തിലെ നേതാക്കന്മാർ ജനപ്രതിനിധികളായി തീർന്നതിനുശേഷം

ഉണ്ടായ പുതിയ പരിതസ്ഥിതികളിൽ തൊഴിലാളിവർഗവും വർഗശത്രുക്കളും തമ്മിൽ നടത്തിയ ഒരു ബലപരീക്ഷണമായി മററിയ ഗംഗാധരയ്യർ കമ്പനി പണിമുടക്കവും അതിലുണ്ടായ വിജയവും ട്രേഡ്യൂണിയൻ പ്രസ്ഥാനത്തിൻെറ വളർച്ചയിലെ പ്രധാനപ്പെട്ട ഒരു ഘട്ടത്തെ കുറിക്കുന്നു.

ആലപ്പുഴ പ്രദേശത്തു് അക്കാലത്തു നടന്ന സമരങ്ങൾ തൊഴിലാളി ഐക്യത്തിൻെറ അഭാവം എത്രത്തോളം ആപൽക്കരമാണെന്നു് വ്യക്തമാക്കിക്കൊടുത്തു. 1952 ജൂണിൽ കേരള പ്രോവിൻഷ്യൽ ട്രേഡ് യൂണിയൻ കോൺഗ്രസ്സ് ആലപ്പുഴ വച്ചു നടത്തിയ കൺവെൻഷൻ ഐക്യത്തിൻെറ പ്രശ്നം അതീവപ്രാധാന്യത്തോടുകൂടി ചർച്ചചെയ്തതു് ഇതിൻെറ വെളിച്ചത്തിലായിരുന്നു. ഈ കൺവെൻഷനുള്ള പ്രതിനിധികൾക്കയച്ച ക്ഷണക്കത്തിൽ ഐക്യപ്രശ്നത്തിൽ എ. ഐ. ടി. യു. സിയുടെ നയം തികച്ചും വ്യക്തമാക്കിയിരുന്നു. തൊഴിലാളികളെ നേരിടുന്ന തൊഴിലില്ലായ്മ പ്രശ്നവും കൂലികുറയ്ക്കൽ പ്രശ്നവും പിരിച്ചുവിടൽ പ്രശ്നവും എല്ലാ രാഷ്ട്രീയാഭിപ്രായക്കാരായ തൊഴിലാളികളെയും എല്ലാ ജാതിമതവിഭാഗങ്ങളിൽ പെട്ട തൊഴിലാളികളെയും ഒരുപോലെ ബാധിക്കുന്നുവെന്നു് ആ ക്ഷണക്കത്തിൽ പറഞ്ഞിരുന്നു. ഈ പ്രശ്നങ്ങളെ തൊഴിലാളിവർഗത്തിൻെറ പൊതുനന്മയെ ലാക്കാക്കി ഐകമത്യത്തോടെ ഇടചേർന്നു നിന്നുകൊണ്ടു് നേരിടേണ്ടിയിരിക്കുന്നു എന്നും പ്രസ്തുത കത്തിൽ വ്യക്തമാക്കിയിരുന്നു. ഈ വസ്തുത എല്ലാ തൊഴിലാളിവർഗവിഭാഗങ്ങളും അംഗീകരിക്കുമെന്നു് എ. ഐ. ടി. യു. സി പ്രത്യാശ പ്രകടിപ്പിക്കുകയും ചെയ്തു. കേരളത്തിലെന്നല്ല ഇന്ത്യയിലെങ്ങും എ. ഐ. ടി. യു. സി ഇക്കാലത്തു് ഐക്യത്തിനുവേണ്ടി പരമാവധി പരിശ്രമിച്ചു. ഇതേപ്പററിയുള്ള കൂടുതൽ വിവരങ്ങൾ മറെറാരിടത്തു് പ്രതിപാദിക്കുന്നതിനാൽ അതിവിടെ കൂടുതൽ വിവരിക്കുന്നില്ല.

കയർ വ്യവസായത്തിൻെറ പുനരുദ്ധാരണത്തിനായി തിരുവിതാംകൂർ കയർ ഫാക്ടറി വർക്കേഴ്സ് യൂണിയനും കേരളത്തിലെ ഇതര കയർ തൊഴിലാളി സംഘടനകളും അവിരാമമായി നടത്തിയ പ്രക്ഷോഭണം വിജയിച്ചു തുടങ്ങിയതു് മറെറാരു നല്ല സംഭവവികാസമായിരുന്നു. 1954—ൽ ഇന്ത്യൻ പാർലമെൻറു കയർ വ്യവസായത്തിൻെറ വികസനത്തിനായി കയർ ബോർഡു് രൂപീകരിക്കുവാൻ അനുമതി നൽകുന്ന കയർ ആക്ടു് പാസ്സാക്കിയതു് കയർ വ്യവസായചരിത്രത്തിലെ പ്രധാനപ്പെട്ട സംഭവവികാസമായിരുന്നു. എ. കെ. ജി, പുന്നൂസു് തുടങ്ങിയ മലയാളി എം. പി മാരും കേന്ദ്രഗവണ്മെൻറിൻെറ അടുക്കൽ കയർ വ്യവസായ പുനരുദ്ധാരണത്തെപ്പററി നിവേദനം നടത്തിയ പി. ജി. പത്മനാഭനും വർഗീസു വൈദ്യനും മററും 1952—മുതൽ ആവശ്യപ്പെട്ടതാണു് കയർ ബോർഡു് രൂപീകരണം. കയർ ബോർഡു് രൂപീകരിച്ചതിനെ ട്രേഡ് യൂണിയനുകൾ സ്വാഗതം ചെയ്തു. പക്ഷെ ബോർഡിൽ തൊഴിലാളികൾ

ക്ക് തക്കതോതിൽ പ്രാതിനിധ്യം നൽകാതിരുന്നതിൽ ട്രേഡ് യൂണിയനുകൾ പ്രതിഷേധിക്കുകയും ചെയ്തു. മാത്രമല്ല തൊഴിലാളികൾക്ക് ജീവിക്കാൻ മതിയായ വരുമാനവും തൊഴിൽ സുരക്ഷിതത്വവും ഉറപ്പു ചെയ്യുന്ന വ്യവസ്ഥകൾ നിയമത്തിൽ ഇല്ല എന്ന വസ്തുതയും ട്രേഡ്‌യൂണിയൻ നേതാക്കൾ ചൂണ്ടിക്കാണിച്ചു.

കയർ ഫാക്ടറികളിൽ മാത്രമല്ല കയർപിരി തൊഴിലാളികളുടെയിടയിലും ട്രേഡ്യൂണിയൻ പ്രസ്ഥാനം ശക്തിപ്പെട്ട കാലമായിരുന്നു അത്: പ്രൊഫ. മാത്യു തരകൻ അധ്യക്ഷനായിരുന്ന കയർ തൊഴിലാളി മിനിമം വേജസ് കമ്മിററി കയർ പിരി തൊഴിലാളികൾക്ക് ശുപാർശ ചെയ്ത മിനിമം വേജസ്സ് നടപ്പാക്കുവാനായിരുന്നു കയർ പിരി തൊഴിലാളികളുടെ ട്രേഡ്യൂണിയനുകൾ ശക്തിയായി പരിശ്രമിച്ചത്. നെയ്യാററിൻകര മുതൽ തിരു-കൊച്ചിയുടെ വടക്കെ അററം വരെയുള്ള തൊഴിലാളികൾ ബഹുജന പിന്തുണയുള്ള വലിയ പോരാട്ടങ്ങൾ ഇതിനുവേണ്ടി നടത്തി. ട്രേഡ്യൂണിയൻ പ്രവർത്തകർക്ക് പ്രവർത്തന സ്വാതന്ത്ര്യം നൽകുന്നതിനു് എതിരായിരുന്നു കയറുൽപാദകരിൽ ഭൂരിപക്ഷവും. പെരുങ്കുടിമാർ എന്നു ദക്ഷിണ കേരളത്തിൽ അറിയപ്പെട്ടിരുന്ന കയർ ഉൽപാദകരായ തൊഴിലുടമകൾ യൂണിയൻ പ്രവർത്തകർ കയർ പിരി നടക്കുന്ന പാക്കളങ്ങളിൽ പ്രവേശിക്കരുതെന്നു് ശാഠ്യം പിടിച്ചിരുന്നതായി അക്കാലത്തെ പ്രവർത്തനങ്ങൾ അനുസ്മരിച്ചു കൊണ്ടു് അഡ്വക്കേററ് വക്കം ഭരതൻ ചൂണ്ടിക്കാണിക്കുന്നു. തൊഴിലാളികളെല്ലാം തന്റെ ബന്ധുക്കളാണെന്നും അവരെ സംഘടിപ്പിക്കുവാൻ അവരുടെ ബന്ധുക്കളല്ലാത്ത യൂണിയൻ പ്രവർത്തകർക്ക് അധികാരമില്ലെന്നും ലേബർ ഡിപ്പാർട്ടുമെൻറുദ്യോഗസ്ഥന്മാരോടു പോലും തർക്കിച്ചിട്ടുള്ള തൊഴിലുടമകൾ കയർ രംഗത്തു് ധാരാളമായുണ്ടായിരുന്നു. കരുനാഗപ്പള്ളി താലൂക്കിലെ ആതിനാടും കാർത്തികപ്പള്ളി താലൂക്കിലെ മഹാദേവികാടിലും കൊല്ലം താലൂക്കിലെ പരവൂരും പെരിനാടും കയർ പിരി തൊഴിലാളികളുടെ ശക്തിയേറിയ സമരങ്ങൾ നടന്നിരുന്നു. ചിറയിൻകീഴ് താലൂക്കിലെ വക്കത്തും പരിസരങ്ങളിലും തിരുവനന്തപുരം താലൂക്കിലെ കണിയാപുരത്തും നെയ്യാററിൻകര താലൂക്കിലെ വാഴമുട്ടം, പാച്ചല്ലൂർ പ്രദേശങ്ങളിലും സുശക്തമായ ട്രേഡ്യൂണിയനുകൾ പ്രവർത്തിക്കുകയും ദീർഘമായ സമരങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്. വടക്കൻ പറവൂരിലും കയർ പിരി തൊഴിലാളികളുടെ സംഘടിത പ്രസ്ഥാനത്തിന്റെ ശക്തി കേന്ദ്രങ്ങൾ നിലവിൽവന്നു. ഇവിടെയെല്ലാം പ്രധാനപ്പെട്ട പ്രശ്നം മിനിമം വേജസ് നടപ്പാക്കുകയെന്നതായിരുന്നു എന്നു പറയേണ്ടതില്ല. എന്നാൽ ഈ കാലഘട്ടത്തിലെ അവിസ്മരണീയമായ സമരം നടന്നതു് പഴയ കൊച്ചി സംസ്ഥാനത്തിൽപെട്ട കണ്ടശ്ശാംകടവു പ്രദേശത്തിലായിരുന്നു.

1955 ജൂലൈയിൽ ആരംഭിച്ച ഈ സമരം ട്രേഡ്യൂണിയൻ പ്രസ്ഥാ

നത്തിൻെറ അതിരററ ശക്തിയും ഭരണവർഗത്തിൻെറ മർക്കടമുഷ്ടിയും ഒരു പോലെ വ്യക്തമാക്കിയ ഒരൊന്നാംതരം വർഗസമരമായിരുന്നു. ഈ സമരത്തിൻെറ പ്രത്യേകത പഠനാർഹമായതുകൊണ്ടു് കൂടുതൽ വിവരങ്ങൾ താഴെ ചേർക്കുന്നു.

ഏ. ഐ. ടി. യു. സിയുടെ നേതൃത്വത്തിൽ കണ്ടശാംകടവിലെ കയർ/പിരി തൊഴിലാളികൾ 1955 ഫെബ്രുവരിമാസത്തിൽ മിനിമം വേജസ്സ് നടപ്പാക്കണമെന്നു് ആവശ്യപ്പെട്ടു. ആ ഒരൊററ കാരണത്താൽ തൊഴിലുടമകൾ രണ്ടായിരം തൊഴിലാളികൾക്കു് വേല നിഷേധിച്ചു.

ഇതിനെ ചോദ്യം ചെയ്ത തൊഴിലാളികളെ കയ്യേററം ചെയ്യുന്നതിനാണു് തൊഴിലുടമകൾ തയ്യാററായതു്. മാത്രമല്ല, തൊഴിലാളികളിൽ അനൈക്യം ഉണ്ടാക്കുവാനായി ഐ. എൻ. ടി. യു. സി യൂണിയനുമായി തൊഴിലുടമകൾ സഖ്യമുണ്ടാക്കി 'ദേശീയ കളങ്ങൾ' എന്ന പേരിൽ ചില പുതിയ ജോലിസ്ഥലങ്ങൾ ഏർപ്പെടുത്തുകയും അവിടെ ഏ. ഐ. ററി. യു. സിക്കാരല്ലാത്ത തൊഴിലാളികൾക്കു് മാത്രം ജോലി കൊടുക്കുമെന്ന വ്യവസ്ഥയുണ്ടാക്കുകയും ചെയ്തു. ഈ ദേശീയ കളങ്ങളെ ബഹുഭൂരിപക്ഷം തൊഴിലാളികൾ പിക്കററ് ചെയ്തു. പിക്കററിംഗ് നീണ്ടുപോയെങ്കിലും തൊഴിലാളികളെ തിരിച്ചെടുക്കുന്നതിനു് തൊഴിലുടമകൾ തയ്യാറായില്ല. അതിനുപകരം പിക്കററിംഗ് അടിച്ചമർത്തുന്നതിനു് തൊഴിലുടമകൾ പോലീസിനെ വിളിച്ചുവരുത്തി. അവിടെ നടന്ന പോലീസ് മർദ്ദനം അതുവരെയുള്ള റിക്കാർഡുകളെത്തന്നെ ഭേദിച്ചു. അക്കാലത്തു് പോലീസ് മർദ്ദനം അനുഭവിച്ച ടി. എ. ഗൗരി എന്ന കയർത്തൊഴിലാളി താനും സഹപ്രവർത്തകരും അനുഭവിച്ച കിരാത മർദ്ദനത്തെപ്പററി മുഖ്യമന്ത്രി പനമ്പിള്ളിക്കു എഴുതിയ കത്തു് വലിയ കോളിളക്കം സൃഷ്ടിച്ചു. എന്നാൽ ഈ മർദ്ദനത്തിൻെറ മുന്നിലും അവിടത്തെ സ്ത്രീത്തൊഴിലാളികൾ മുട്ടുകുത്തിയില്ല. കണ്ടശ്ശാംകടവിലെ സമരരംഗം സന്ദർശിച്ച അഖിലേന്ത്യാ മഹിളാസംഘം സെക്രട്ടറി ഹജിറാബീഗം സമരരംഗത്തു നിൽക്കുന്ന കയർത്തൊഴിലാളി സ്ത്രീകളുടെ ധൈര്യം കണ്ടിട്ടു് ''നിങ്ങളെപ്പററി ഭാരതം അഭിമാനം കൊള്ളട്ടെ'' എന്നത്രെ ഉൽഘോഷിച്ചതു്.

ഗവണ്മെൻറിൻെറ മർദ്ദനനയം കണ്ടു് ധാർമ്മിക രോഷം കൊണ്ടു് ഏ. ഐ. ററി. യു. സി തിരു-കൊച്ചി സെക്രട്ടറി സ: സുഗതൻ പഴവങ്ങാടി മൈതാനത്തു് നിന്നുകൊണ്ടു് തൊഴിലാളിവർഗത്തിൻെറ സമരത്തിൽ പരാജയം ഉണ്ടാവുകയില്ലെന്നു തറപ്പിച്ചു പറഞ്ഞു. മർദ്ദനത്തെ എതിർത്തു തോൽപ്പിച്ചിട്ടു് മാത്രമേ താൻ സമരരംഗത്തുനിന്നു് ഇനി മടങ്ങുകയുള്ളൂ എന്നു് സ: സുഗതൻ പ്രഖ്യാപിച്ചതു് തൊഴിലാളി വർഗത്തിൻെറ മനോവീര്യത്തെ വർധിപ്പിച്ചു. സി. അച്യുതമേനോൻ 1955 നവംബർ 16-ാം തീയതി കൂടിയ ആ പഴവങ്ങാടി യോഗത്തിൽ ആവേശഭരിതമായ ഒരു പ്രസംഗമാണു് ചെയ്തതു്.

"തിരു-കൊച്ചിയിലെ രാഷ്ട്രീയ രംഗത്തും തൊഴിലാളി പ്രസ്ഥാനത്തിലും തലനരച്ച കാരണവരായ സ: സുഗതൻ കണ്ടശ്ശാംകടവിൽ മിനിമം വേജസ് നിയമം നടപ്പാക്കാനുള്ള സത്യഗ്രഹ സമരം നടത്തേണ്ട ഒരു സ്ഥിതിയാണ് പനമ്പിള്ളിയുടെ ഭരണത്തിൻ കീഴിൽ ഈ സംസ്ഥാനത്ത് സംജാതമായിരിക്കുന്നത്. ഇത് ജനാധിപത്യബോധമുള്ള എല്ലാവരെയും ഇരുത്തി ചിന്തിപ്പിക്കേണ്ട കാര്യമാണെന്ന് ഞാൻ വിശ്വസിക്കുന്നു...." (ട്രേഡ് യൂണിയൻ വാരിക 1955 നവംബർ 18 ലക്കം 5)

കണ്ടശ്ശാംകടവിലെത്തിയ സ: സുഗതനേയും അദ്ദേഹത്തെ അനുഗമിച്ച ഐക്യമുന്നണി എം. എൽ. എ മാരേയും പോലീസ് അറസ്റ്റ് ചെയ്തു. എങ്കിലും സംസ്ഥാന വ്യാപകമായ ജന രോഷത്തെ കണക്കിലെടുത്തുകൊണ്ട് പനമ്പിള്ളി ഗവണ്മെൻറ് തൊഴിലുടമകളെ നിയന്ത്രിക്കാൻ നിർബന്ധിതമായി. പിരിച്ചുവിട്ട എല്ലാ തൊഴിലാളികൾക്കും ജോലി നൽകണമെന്നും അവിടത്തെ കയർ വ്യവസായം സഹകരണാടിസ്ഥാനത്തിൽ പുന:സംഘടിപ്പിക്കണമെന്നും മററും പനമ്പിള്ളി നിർദ്ദേശിച്ചു. അങ്ങനെയാണ് കണ്ടശ്ശാംകടവിലെ സമരം തീർന്നത്. പനമ്പിള്ളി ഗവണ്മെൻറിൻെറ തൊഴിൽ നയം യഥാർത്ഥത്തിൽ അക്കാലത്ത് ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിന് നേരിടേണ്ടി വന്ന പ്രതിബന്ധങ്ങളുടെ പ്രകടിത രൂപമായിരുന്നു. സ്വാതന്ത്ര്യം നിലവിൽവന്നതിനു ശേഷം തിരു-കൊച്ചിയിലെന്നു മാത്രമല്ല, ഇന്ത്യയാകെ രൂപം കൊണ്ട ജനകീയ ഗവണ്മെൻറുകൾ സവിശേഷമായ ഒരു തൊഴിൽ നയം ആവിഷ്ക്കരിച്ചു വരികയായിരുന്നു. സ്വാതന്ത്ര്യ സമരകാലത്ത് തൊഴിലാളി വർഗവും ജനാധിപത്യ പ്രസ്ഥാനവും ഉന്നയിച്ച ആവശ്യങ്ങൾ കണക്കിലെടുത്തുകൊണ്ട് പുതിയ തൊഴിൽ നിയമങ്ങൾ ഇന്ത്യാ ഗവണ്മെൻറ് പാസ്സാക്കിയെങ്കിലും അതിന് പല പരിമിതികളുമുണ്ടായിരുന്നു. ആ പരിമിതികൾക്കെതിരായി പൊരുതുവാൻ എ. ഐ. ടി. യു. സി അങ്ങേയററം ശ്രമിച്ചു. ഈ പരിമിതികളിൽ ഏററവും പ്രധാനപ്പെട്ടത് തൊഴിലാളികളുടെ ട്രേഡ് യൂണിയൻ സ്വാതന്ത്ര്യത്തിൽ ഗവണ്മെൻറ് ഏർപ്പെടുത്തിയ നിയന്ത്രണങ്ങളായിരുന്നു. രണ്ടാമത്തേത് നിയമങ്ങൾ കാര്യക്ഷമമായി നടപ്പാക്കാതെയിരുന്നതാണ്. മൂന്നാമത്തേത് ഈ പരിമിതികൾക്കെതിരായി ട്രേഡ് യൂണിയനുകൾ നടത്തുന്ന സമരത്തെ മർദ്ദിച്ചൊതുക്കുവാനും തൊഴിലാളികളുടെ അണികളെ ഭിന്നിപ്പിക്കുവാനും യാതൊരു ദാക്ഷിണ്യവുമില്ലാതെ പ്രവർത്തിച്ചു വന്നതാണ്. ഈ മൂന്നു വസ്തുതകളും ഏററവും തെളിഞ്ഞുകണ്ട ഒരു സമരമാണ് കണ്ടശാംകടവു സമരം. ഈ സമരകാലത്ത് അഖിലേന്ത്യാ ട്രേഡ് യൂണിയൻ കോൺഗ്രസ്സ് ജോയിൻറ് സെക്രട്ടറിയായിരുന്ന ബാലചന്ദ്രമേനോൻ കേന്ദ്രതൊഴിൽ വകുപ്പ് മന്ത്രിക്ക് കൊടുത്ത മെമ്മോറാണ്ടത്തിൽ ഇതു് വ്യക്തമാക്കിയിരുന്നു. ട്രേഡ് യൂണിയൻ അവകാശങ്ങളുടെ നേരെ നടത്തുന്ന പരസ്യവും മൃഗീയവുമായ

ആക്രമണമാണ് പനമ്പിള്ളി ഗവണ്മെൻറിൻെറ തൊഴിൽ നയമെന്ന് അതിൽ പറഞ്ഞിരുന്നു. ഗവണ്മെൻറ് പാസാക്കിയ മിനിമം വേജസ് കൊടുക്കാതിരിക്കുന്ന തൊഴിലുടമകൾക്ക് പോലീസ് സഹായം നൽകുന്നത് നീതിയല്ലെന്നും അതിൽ ചൂണ്ടിക്കാണിച്ചിരുന്നു. തൊഴിലാളികളുടെ മേൽ മുതലാളിമാർ വച്ചുകെട്ടുന്ന യൂണിയനിൽ അംഗമായി ചേരാത്തവർക്ക് ജോലി നിഷേധിക്കുന്ന 'ക്ലോസ്ഡ് ഷോപ്പ്' വ്യവസ്ഥ അവസാനിപ്പിക്കേണ്ടതാണെന്ന് ഇന്ത്യാ ഗവണ്മെൻറ് പ്ലാനിംഗ് കമ്മീഷൻെറ തൊഴിൽ നയചർച്ചാ സമ്മേളനത്തിൽ സമ്മതിച്ചിരുന്നു എന്ന വിവരം മേനോൻ അനുസ്മരിപ്പിച്ചു. എന്നാൽ കയർക്കളങ്ങളുടെ ഉടമസ്ഥന്മാരും തിരു–കൊച്ചി ഗവണ്മെൻറും കണ്ടശാം കടവിൽ ക്ലോസ്ഡ് ഷോപ്പ് നടപ്പാക്കുകയാണെന്ന് മേനോൻ ചൂണ്ടിക്കാണിച്ചു. ഏതായാലും മേനോൻെറ മെമ്മോറാണ്ടത്തിൽ വിവരിച്ച മൗലികമായ അവകാശ ലംഘനങ്ങൾ വച്ചു പൊറുപ്പിക്കുവാൻ എ. ഐ. ടി. യു. സി യും തിരു–കൊച്ചിയിലെ തൊഴിലാളി വർഗവും തയ്യാറല്ലായിരുന്നു. തൊഴിലാളി വിരുദ്ധമായ തൊഴിൽ നയത്തെ എന്തുവില കൊടുത്തും ചെറുത്തുനിൽക്കുവാൻ തൊഴിലാളി വർഗത്തിനു കഴിഞ്ഞു എന്നുള്ളതാണ് കണ്ടശാം കടവുസമരങ്ങൾ പോലുള്ള പോരാട്ടങ്ങളുടെ പ്രത്യേകത. കയർ പിരി തൊഴിലാളികളുടെ ട്രേഡ് യൂണിയനുകൾക്ക് സംഘടിതമായ പോരാട്ടങ്ങൾ വഴി കൂലി വർധനവ് നേടിയെടുക്കാനും അധ്വാനഭാരത്തിൽ ഒരു ക്രമീകരണം വരുത്തുന്നതിനും കഴിഞ്ഞു എന്നുള്ളത് പ്രസ്താവ്യമാണ്.

ഭരണപരമായി നോക്കുമ്പോൾ മലബാർ പ്രദേശം അന്ന് മദ്രാസ് പ്രവിശ്യയുടെ കീഴിലായിരുന്നു. അവിടത്തെ കയർപിരി തൊഴിലാളികളും കയർ ഫാക്ടറിത്തൊഴിലാളികളും നടത്തിയ സമരങ്ങൾ തിരു– കൊച്ചിയിലെ സമരങ്ങളുമായി സംഘടനാപരമായി ബന്ധപ്പെട്ടിരുന്നില്ലെങ്കിലും അവിടെയും സമരങ്ങളുടെ വേലിയേററം ദൃശ്യമായിരുന്നു. പി. കെ. ഗോപാലകൃഷ്ണൻെറ (നാട്ടിക എം–എൽ–എ– മദിരാശി) അധ്യക്ഷതയിൽ 19–2–56 ൽ കോഴിക്കോട്ട് ടൗൺ ഹാളിൽ വച്ചു നടന്ന കയർ ഫാക്ടറി തൊഴിലാളി യൂണിയൻെറ ഒന്നാം വാർഷിക സമ്മേളനം മലബാർ പ്രദേശത്തെ കയർ തൊഴിലാളി പ്രവർത്തനത്തിൻെറ ഗണ്യമായ വളർച്ച പ്രകടിപ്പിച്ച ഒരു സംഭവമായിരുന്നു. ഈ വ്യവസായത്തിൽ നിലവിലിരുന്ന കോൺടാക്ട് സമ്പ്രദായം ട്രേഡുയൂണിയൻ പ്രക്ഷോഭം മൂലം ഇല്ലാതാക്കി. സ്ത്രീതൊഴിലാളികൾക്ക് പ്രസവകാല വേതനവും ശിശു സംരക്ഷണ സൗകര്യങ്ങളും ലഭിച്ചു തുടങ്ങി. കോഴിക്കോട്ടു പ്രദേശത്തെ ചകിരി തൊഴിലാളികൾ 1955–56 കാലഘട്ടത്തിൽ നടത്തിയ പൊതുപണിമുടക്കം മൂലം ഗവണ്മെൻറ് കയർ തൊഴിലാളികളുടെ പ്രശ്നത്തിൽ കൂടുതൽ ശ്രദ്ധിച്ചു തുടങ്ങി. തിരു–കൊച്ചി പ്രദേശത്തെ മിനിമം കൂലി മലബാർ പ്രദേശത്തും ലഭ്യമാക്കണമെന്ന ന്യായമായ ആവശ്യമാണ്

ട്രേഡ് യൂണിയൻ പ്രവർത്തകർ ഉന്നയിച്ചതു്. മലബാർ പ്രദേശത്തു് നൂറു തൊണ്ടുതല്ലിയാൽ അന്നു കിട്ടുന്ന കൂലി എട്ടണയായിരുന്നു. എന്നാൽ തിരു-കൊച്ചി പ്രദേശത്തെ മിനിമം കൂലി ഒരു രൂപാ രണ്ടണയായിരുന്നു. എല്ലാ രാഷ്ട്രീയ കക്ഷികളും കയർ തൊഴിലാളികളുടെ കൂലി വർധനവിനായി അണിനിരന്നു. വിപുലമായ ട്രേഡ് യൂണിയൻ ഐക്യം അങ്ങനെ കെട്ടിപ്പടുക്കുവാനും മലബാറിലെ ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിനു കഴിഞ്ഞു എന്നതു് ശ്രദ്ധേയമാണു്. കയർ വ്യവസായത്തെപ്പോലെ തന്നെ ഒരു പരമ്പരാഗത വ്യവസായമായ കൈത്തറി നെയ്ത്തു വ്യവസായത്തിലെ തൊഴിലാളികൾ വ്യവസായ പുന:സംഘടനയ്ക്കായി നടത്തിവന്ന സമരങ്ങൾ വിജയിച്ചു തുടങ്ങിയ ഒരു കാലഘട്ടമായിരുന്നു അതു്. 1953—ലാണു് അഖിലേന്ത്യാ കൈത്തറി ബോർഡു് രൂപീകരിക്കുവാൻ ഇന്ത്യാഗവണ്മെൻറു് തയാറായതു്. മിൽ തുണിയുടെ മേൽ ഒരു അഡീഷണൽ ഡ്യൂട്ടി ചുമത്തി സെസ്സു് ഫണ്ടു് പദ്ധതി നടപ്പിലാക്കുവാൻ ഗവൺമെൻറു തീരുമാനിച്ചു. നെയ്ത്തു വ്യവസായത്തിൻെറ പുനരുദ്ധാരണത്തിനും പുനസംഘടനയ്ക്കും ആവശ്യമായ ചിലവു് ഈ ഫണ്ടിൽ നിന്നും വഹിക്കുവാനും ഗവൺമെൻറു് ഏർപ്പാടുചെയ്തു. സഹകരണാടിസ്ഥാനത്തിൽ തൊഴിലാളികളെ സംഘടിപ്പിച്ചു് വ്യവസായം നടത്തുവാനായി ഗവൺമെൻറു് സത്വരമായ നടപടികൾ സ്വീകരിക്കുകയുണ്ടായി. ട്രേഡ് യൂണിയൻ പ്രസ്ഥാനം ഈ നടപടികളിൽ പരമാവധി സഹകരിക്കുകയും അവയുടെ പോരായ്മകൾ ചൂണ്ടിക്കാണിച്ചു് പരിഹരിപ്പിക്കുവാൻ സമർത്ഥമായി മുൻകൈ എടുക്കുകയും ചെയ്തു. 1956 ഫെബ്രുവരി ആയപ്പോഴേക്കും തിരു-കൊച്ചിയിലെ എൺപതിനായിരം നെയ്ത്തുകാരിൽ ഇരുപത്തി ഏഴായിരം പേർ 254 സംഘങ്ങളിലായി സഹകരണ മേഖലയിൽ ചേർന്നു. എന്നാൽ ഈ സംഘങ്ങൾക്കു് വേണ്ട പ്രവർത്തന മൂലധനം കിട്ടുന്നില്ലായിരുന്നു. മാത്രമല്ല നെയ്ത്തു തൊഴിലാളികൾക്കു് മിനിമം കൂലിയും ലഭ്യമാക്കേണ്ടതുണ്ടായിരുന്നു. ഈ രണ്ടു പ്രശ്നങ്ങളും ശരിയായി പരിഹരിക്കുവാൻ ട്രേഡ്യൂണിയൻ പ്രവർത്തകർ പ്രക്ഷോഭണം നടത്തി. തിരു-കൊച്ചി നെയ്ത്തു തൊഴിലാളി ഫെഡറേഷനായിരുന്നു പ്രക്ഷോഭണത്തിനു് നേതൃത്വം നൽകിയതു്. ഈ ഫെഡറേഷൻെറ പ്രസിഡൻറു് പി. രവീന്ദ്രനും സെക്രട്ടറി കെ. എസ്. ആനന്ദനുമായിരുന്നു. 1956 ആഗസ്റ്റ് 22, 23, 24 എന്നീ തീയതികളിൽ കൊല്ലത്തിനടുത്തു് വെൺപാലക്കരവച്ചു് നടന്ന ഫെഡറേഷൻ വാർഷിക സമ്മേളനം നെയ്ത്തു തൊഴിലാളി പ്രസ്ഥാനത്തിൻെറ അഭൂത പൂർവമായ പുരോഗതിയുടെ നിദർശനമായിരുന്നു. ആ സമ്മേളനം പ്രഖ്യാപിച്ച പ്രധാന ആവശ്യങ്ങൾ താഴെ ചേർക്കുന്നു.

1. നെയ്ത്തു വ്യവസായത്തിലെ മുഴവൻ തറികളെയും സെസ്സ് ഫണ്ടു് സ്കീമിൽ കൊണ്ടുവരിക.

2. നൂലും കൂലിയും ലഭ്യമാക്കുന്ന പദ്ധതി പൂർണമായി നടപ്പിലാക്കുക.

3. നെയ്ത്തു തൊഴിലാളികൾക്ക് മിനിമം കൂലി നിശ്ചയിച്ച് കൂലി ഏകീകരിക്കുക.

4. പ്രാഥമിക സംഘങ്ങൾക്കും കേന്ദ്ര സംഘങ്ങൾക്കും ആവശ്യമായ പ്രവർത്തന മൂലധന വായ്പകൾ നൽകുക.

5. കലണ്ടറിംഗ്, പ്രിൻറിംഗ്, ഡൈയിംഗ് തുടങ്ങിയവ യന്ത്ര സഹായത്തോടുകൂടി നടത്തി തുണിത്തരങ്ങൾ പരിഷ്കരിക്കുക.

6. മാർക്കററിംഗ് സൊസൈററികൾ സ്ഥാപിച്ചു വിൽപന കാര്യക്ഷമമാക്കുക.

7. നൂലിൻെറ വില കുറയ്ക്കുകയും നൂൽ വേണ്ടത്ര ലഭ്യമാക്കുന്നതിനു് സഹകരണാടിസ്ഥാനത്തിൽ ഒരു സ്പിന്നിംഗ് മിൽ സ്ഥാപിക്കുകയും ചെയ്യുക.

8. ഹാൻറ്ലൂം ഡിപ്പാർട്ടുമെൻറിനെ പ്രത്യേക ഡിപ്പാർട്ടുമെൻറായി നിലനിർത്തി കാര്യക്ഷമമാക്കുക.

9. തറികൾ മുഴുവൻ ഫീസില്ലാതെ രജിസ്റ്റർ ചെയ്യുക.

10. പലിശയില്ലാത്ത സെസ്സ് ഫണ്ട് ലോൺ കോ-ഓപ്പറേററീവ് ബാങ്കിൻെറ പരിധിയിൽ കൊണ്ടുവരിക.

മുൻ പറഞ്ഞ തീരുമാനങ്ങൾ പ്രാവർത്തികമാക്കുവാൻ വേണ്ടി കൈത്തറി നെയ്ത്തു തൊഴിലാളികൾ വ്യാപകവും ഫലപ്രദവുമായ ട്രേഡ് യൂണിയൻ പ്രവർത്തനം നിരന്തരമായി നടത്തിവന്നു. കയർപിരി തൊഴിലാളി യൂണിയനുകളോടൊപ്പം കൈത്തറി നെയ്ത്തു തൊഴിലാളി യൂണിയനുകളും കേരളത്തിലെ ഗ്രാമങ്ങളിലാകെ ട്രേഡ്യൂണിയൻ പ്രസ്ഥാനത്തിൻെറ ചൈതന്യം പ്രസരിപ്പിച്ചു. അതു് കേരളത്തിലെ ഇടതു പക്ഷ ജനാധിപത്യ പ്രസ്ഥാനത്തിനു് മുമ്പെങ്ങുമില്ലാത്ത ശക്തിയാണു് കൈവരുത്തിക്കൊടുത്തതു്.

ബീഡി വ്യവസായത്തിലെ തൊഴിലാളികൾ കൂലി വർദ്ധനവിനും ജോലി സ്ഥിരതയ്ക്കും വേണ്ടി സംഘടിതമായി മുന്നേറിയതു് ഈ കാലഘട്ടത്തിലെ മറെറാരു സംഭവവികാസമാണു്. ബീഡി വ്യവസായത്തിൻെറ കുഴപ്പങ്ങൾക്കു കാരണം തിരു-കൊച്ചി ഗവൺമെൻറ് ആ വ്യവസായത്തെ സംഘടിപ്പിച്ച പ്രത്യേക രീതിയാണെന്നു് ട്രേഡ്യൂണിയനുകൾ ചൂണ്ടിക്കാണിച്ചു. ബീഡി വ്യവസായം ഫാക്ടറിയടിസ്ഥാനത്തിൽ വളർന്നു വരുന്നതിനു് തടസ്സം നിൽക്കുന്ന രീതിയിലായിരുന്നു ഗവൺമെൻറിൻെറ ലൈസൻസ് സമ്പ്രദായം. എ. ബി. സി എന്നീ വി

ഭിന്ന രീതിയിലുള്ള ലൈസൻസ് സമ്പ്രദായമാണ് തിരു–കൊച്ചിയിൽ അന്ന് നിലവിലിരുന്നത്. ഏ ക്ലാസ്സുകാർക്ക് ബീഡി ഉല്പാദിപ്പിക്കുവാൻ അവകാശമില്ല. എന്നാൽ പുകയില ഉല്പന്നങ്ങൾ സ്റ്റോക്ക ചെയ്യാനും മൊത്തമായി വിൽക്കുവാനും അവകാശമുണ്ട്. ബി ക്ലാസ്സുകാർക്കും സി ക്ലാസ്സുകാർക്കും ബീഡി ഉല്പാദിപ്പിക്കാൻ അവകാശമുണ്ട്. എന്നാൽ യഥാർത്ഥത്തിലുള്ള ബീഡി ഉല്പാദനം മുഴുവൻ സി ക്ലാസ്സുകാരാണ് നടത്തിയിരുന്നത്. ഇവർക്കാണെങ്കിൽ പത്തു റാത്തൽ* പുകയില സ്റ്റോക്ക ചെയ്യുന്നതിനുള്ള അവകാശമേ ഉണ്ടായിരുന്നുള്ളു. ചില്ലറയായി ബീഡി വില്ക്കുവാനും അവർക്ക് അവകാശമുണ്ടായിരുന്നു. ബി ക്ലാസ്സുകാർക്കാണെങ്കിൽ ബീഡി ഉല്പാദിപ്പിക്കുവാൻ അവകാശമുണ്ടായിരുന്നെങ്കിൽത്തന്നെ അവർ ആയിരം റാത്തൽ പുകയിലവരെ സ്റ്റോക്ക ചെയ്യുന്നതിനുള്ള അവകാശം മാത്രമാണ് വിനിയോഗിച്ചത്. അസംസ്കൃത സാധനങ്ങൾക്ക വേണ്ടി ഏ ക്ലാസ്സുകാരേയും ബി ക്ലാസ്സുകാരേയും ആശ്രയിക്കേണ്ടി വന്ന സി ക്ലാസ്സുകാരുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ ഒന്നോ രണ്ടോ പേരെ വച്ചുകൊണ്ടുള്ള ഉൽപ്പാദന രീതി ബീഡി വ്യവസായത്തിൽ നിലവിൽ വന്നു. അതേ സമയം ഫാക്ടറിയടിസ്ഥാനത്തിൽ വ്യവസായം വളർന്നതുമില്ല. തൻമൂലം തൊഴിലാളികൾക്ക് കൂട്ടായി- സംഘടിച്ച് അവകാശങ്ങൾ നേടിയെടുക്കുവാൻ കഴിയാതെ വന്നു. എന്നിരുന്നാലും ചിലയിടങ്ങളിൽ ഇരുപതിൽ കൂടുതൽ തൊഴിലാളികൾ പണിയെടുക്കുന്ന ജോലി സ്ഥലങ്ങൾ ഉണ്ടായിരുന്നു. തൊഴിലാളി സമരങ്ങളുടെ ഫലമായി പത്തിൽ കൂടുതൽ തൊഴിലാളികളെ പണി ചെയ്യിക്കുന്ന ജോലി സ്ഥലങ്ങളിൽ ഫാക്ടറി നിയമം ബാധകമാക്കണമെന്ന് ഗവൺമെൻറ് നിർദ്ദേശിച്ചു. മൂവാററുപുഴയിലും തൃശ്ശൂരിലും തലപ്പള്ളിയിലും മുകുന്ദപുരത്തും ഇതു് സംബന്ധിച്ച് ഒട്ടേറെ സമരങ്ങൾ നടന്നു. ഈ കാലഘട്ടത്തിലാണ് ബീഡി വ്യവസായത്തിലെ തൊഴിലാളികൾക്ക ഗവൺമെൻറ് മിനിമം വേജസ് പ്രഖ്യാപിച്ചതു്. ഈ മിനിമം വേജസ് നടപ്പിലാക്കുന്നതിനും ട്രേഡ് യൂണിയനുകൾ നിരന്തരമായ സമരം നടത്തി വന്നു. 1956 ആയപ്പോഴേയ്ക്കും തിരു–കൊച്ചിയിൽ നല്ല നിലയിൽ പ്രവർത്തിക്കുന്ന നിരവധി ബീഡിത്തൊഴിലാളി യൂണിയനുകൾ വളർന്നു വന്നു. ഏ. ഐ. ടി. യു. സി. ബീഡിത്തൊഴിലാളികളുടെ ഒരു കേന്ദ്രീകൃത സംഘടന ഉണ്ടാക്കുന്നതിന് സംസ്ഥാന നിലവാരത്തിൽ ഒരു സമ്മേളനം 1956 ജൂലൈ 15-ാം തീയതി എറണാകുളത്തു് വിളിച്ചു കൂട്ടി. ആർ. സുഗതനായിരുന്നു യോഗത്തിൻെറ സംഘാടകൻ. ഇരുപത്തിയേഴ ബീഡിത്തൊഴിലാളി യൂണിയനുകൾ പങ്കെടുത്ത ആ യോഗത്തിൽ എം. എം. ലോറൻസാണ് അദ്ധ്യക്ഷത വഹിച്ചതു്. മിനിമം വേജസ് ബോർഡിൽ ബീഡി വ്യവസായത്തെ പ്രതിനിധീകരിക്കുന്ന ഒരു ട്രേഡ്‌യൂണിയൻ പ്രവർത്തകനെ ഉൾപ്പെടുത്തുക 'സി' ലൈസൻ

---

* ഒരു കിലോ = 2.205 റാത്തൽ.

സിംഗ് സമ്പ്രദായം നിറുത്തൽ ചെയ്യുക, പുകയിലയുടെയും ഇലയുടെയും ചുങ്കം കുറയ്ക്കുക തുടങ്ങിയ പ്രമേയങ്ങൾ യോഗം അംഗീകരിച്ചു.

മലബാർ ഭാഗത്തും ഈ കാലയളവിൽ ബീഡിത്തൊഴിലാളി പ്രസ്ഥാനം സജീവമായിരുന്നു. 1956 മേയ് മാസത്തിൽ പാലക്കാട്ടെ ബീഡിത്തൊഴിലാളികൾ ബോണസ്സിനു വേണ്ടി നടത്തിയ സമരം പ്രാധാന്യമർഹിക്കുന്നു. ബീഡിത്തൊഴിലാളികൾക്ക് ആദ്യമായി ബോണസ്സ് കിട്ടിയതു് ഈ സമരത്തിൽ കൂടിയായിരുന്നുവെന്നാണറിവ്.

ബീഡി വ്യവസായം അഭിവൃദ്ധിപ്പെടുത്തുന്നതിനും അതിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് ജോലി സ്ഥിരതയും മെച്ചപ്പെട്ട കൂലിനിരക്കും ആരോഗ്യകരമായ തൊഴിൽ സാഹചര്യങ്ങളും ലഭിക്കുന്നതിനും വ്യവസായത്തെ സഹകരണാടിസ്ഥാനത്തിൽ പുനസംഘടിപ്പിക്കണമെന്ന് ട്രേഡ് യൂണിയൻ പ്രസ്ഥാനം തിരു-കൊച്ചിയിലും മലബാറിലും ഒരുപോലെ ആവശ്യപ്പെട്ടു. സ്വകാര്യ ഉടമകളുടെ കീഴിൽ വ്യവസായം തകർന്നു വരികയായിരുന്നു അക്കാലത്ത്. എന്നാൽ ബീഡിതൊഴിലാളി പ്രസ്ഥാനം കൈത്തറി നെയ്ത്തു തൊഴിലാളി യൂണിയനുകളെപ്പോലെയും കയർ പിരി തൊഴിലാളി യൂണിയനുകളെപ്പോലെയും അത്രത്തോളം വ്യാപകമായിരുന്നില്ല. അതിനാൽ അവരുടെ പ്രക്ഷോഭണങ്ങൾക്ക് ഗവണ്മെൻറിൻെറ ശ്രദ്ധയെ അതിവേഗത്തിൽ ആകർഷിക്കാൻ കഴിഞ്ഞില്ല. ഈ പോരായ്മ നികത്തുന്നതിനായി പൊതുവായ ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിൻെറ സുപ്രധാന നേതാക്കന്മാർ ബീഡിത്തൊഴിലാളികളുടെ ആവശ്യങ്ങൾ ഉത്തരവാദിത്വബോധത്തോടുകൂടി കൈകാര്യം ചെയ്തു. മലബാറിൽ എ. ഐ. ടി. യു. സി നേതാക്കന്മാരായ ബാലചന്ദ്രമേനോനും സി. എച്ച്. കണാരനും സി. കണ്ണനും കല്ലാട്ടു കൃഷ്ണനും മററും ബീഡി വ്യവസായത്തിലെ സ്വകാര്യ ഉടമകൾ വ്യവസായത്തെ തകർക്കുന്ന രീതി തുറന്നു കാണിച്ചു. മലബാറിലെ ചില ഫാക്ടറികളിൽ 1948-നു മുമ്പ് നൂറും ഇരുനൂറും തൊഴിലാളികൾ ജോലി ചെയ്തിരുന്നു. എന്നാൽ ഫാക്ടറി നിയമത്തിൽ അനുവദിച്ചിരുന്ന വ്യവസ്ഥകൾ നടപ്പിലാക്കുവാൻ വൈമുഖ്യം ഉണ്ടായിരുന്ന തൊഴിലുടമകൾ ഫാക്ടറികൾ നിർത്തലാക്കി ഇലയും പുകയിലയും ചില ഇടത്തട്ടുകാർക്ക് നൽകിത്തുടങ്ങിയിരുന്നു. കശുവണ്ടി വ്യവസായ രംഗത്ത് പിൽക്കാലത്തു് പ്രത്യക്ഷപ്പെട്ട കുടിവാറ്റു സമ്പ്രദായം പോലെയുള്ള ഒരുൽപാദനരീതി ഈ ബീഡി ഫാക്ടറിയുടമകൾ സ്വീകരിച്ചു. അതനുസരിച്ച് ബീഡി നിർമ്മാണം മുഴുവൻ ഇടത്തട്ടുകാരുടെ ചുമതലയാകുകയുണ്ടായി. അവർ വിൽപനയ്ക്കാവശ്യമായ ബീഡി ഫാക്ടറിയുടമകൾക്ക് നൽകി. ഇടത്തട്ടുകാർ അവർക്കിഷ്ടമായ സ്ഥലത്തുവച്ച് ഇഷ്ടമുള്ള ആളുകളെക്കൊണ്ടു ബീഡി നിർമ്മാണം നടത്തിവന്നു. ചിലർ അവരുടെ വീട്ടിലിരുന്നു കൊണ്ടു തന്നെ പണിചെയ്ത് ബീഡി ഇടത്തട്ടുകാർക്കെത്തിച്ചുകൊടുത്തു; കൂലി നിര

ക്കിൻെറ കാര്യത്തിൽ ഏകീകൃതമായ ഒരു രീതിയും ഇല്ലായിരുന്നു. ഫാക്ടറിക്കു് പുറത്തുവച്ചു തൊഴിൽ ചെയ്യുന്നവരെ സംബന്ധിച്ചിടത്തോളം ഫാക്ടറി നിയമത്തിൻെറ ആനുകൂല്യങ്ങൾ കൊടുക്കേണ്ട സാധ്യതയും ഉടമകൾക്കില്ലാതായി. ഫാക്ടറിയടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്ന കാലത്തുപോലും ബീഡിത്തൊഴിലാളികളുടെ ആരോഗ്യം മോശപ്പെട്ട തൊഴിൽ സാഹചര്യങ്ങൾ മൂലം അപകടത്തിലായിരുന്നുഎന്നു് മദ്രാസിലെ എല്ലാ ജില്ലകളിലും (മലബാർ ഉൾപ്പെടെ) ബീഡി വ്യവസായത്തെപ്പററി സമഗ്രമായി അന്വേഷണം നടത്തിയ ഡാ: നാരായണസ്വാമിയുടെ അദ്ധ്യക്ഷതയിലുള്ള കമ്മിററി അഭിപ്രായപ്പെട്ടിരുന്നതാണു്. ബീഡിത്തൊഴിലാളികളിൽ പലരും ക്ഷയരോഗബാധിതരായി തീർന്നിരുന്നു എന്നു് യൂണിയൻ നേതാക്കൾ കമ്മിററി മുമ്പാകെ തെളിവു കൊടുത്തിരുന്നു. ഫാക്ടറിയടിസ്ഥാനത്തിലുള്ള ഉല്പാദനം മാററി ഇടത്തട്ടുകാരുടെ തന്നിഷ്ടപ്രകാരമായ തൊഴിൽ നടത്തിപ്പു വന്നതോടുകൂടി സ്ഥിതിഗതികൾ കുറെക്കൂടി വഷളായതേ ഉള്ളൂ. മലബാറിലെ ബീഡിത്തൊഴിലാളിയൂണിയൻ വ്യവസായത്തെ, സഹകരണാടിസ്ഥാനത്തിൽ പുനസംഘടിപ്പിക്കണമെന്നും അങ്ങനെ സഹകരണ സംഘങ്ങളുടെ വകയായുള്ള ഫാക്ടറികൾ സ്ഥാപിക്കണമെന്നും ആവശ്യപ്പെട്ടതു് ഈ സാഹചര്യങ്ങളിലാണു്. തിരു–കൊച്ചി പ്രദേശത്തും വ്യവസായ പുനസ്സംഘടനയ്ക്കായുള്ള പ്രക്ഷോഭണം ശക്തിപ്പെട്ടു. തിരു–കൊച്ചി ഗവണ്മെൻറു് വ്യവസായപുനസ്സംഘടനയെപ്പററി പഠിക്കുന്നതിനായി ഒരു സ്പെഷ്യൽ ആഫീസറെയും നിയമിച്ചു. മുക്കാൽ ലക്ഷം തൊഴിലാളികൾക്കുള്ള ഉപജീവനമാർഗമായിരുന്ന ബീഡി വ്യവസായത്തെ സഹകരണാടിസ്ഥാനത്തിൽ പുനസംഘടിപ്പിക്കുന്നതിനുള്ള സമരം വേഗത്തിൽ വിജയം കൈവരിച്ചില്ല. തുടർച്ചയായ തൊഴിലാളിപ്രസ്ഥാനത്തിൻെറ പ്രക്ഷോഭഫലമായിട്ടു് പിൽക്കാലത്തു് കേരള ഗവണ്മെൻറു് ഈ ആവശ്യമംഗീകരിക്കുകയും ബീഡിത്തൊഴിലാളി സഹകരണസംഘങ്ങളുണ്ടാക്കുവാനായി മുൻകൈ എടുക്കുകയും ചെയ്തുവെന്നതു് സ്മരണീയമാണു്.

കയർ, നെയ്ത്തു്, ബീഡി മുതലായ വ്യവസായങ്ങളെ അപേക്ഷിച്ചു് കാലപ്പഴക്കം കുറഞ്ഞതാണെങ്കിലും ഇന്നു കേരളത്തിലെ ഏററവും കൂടുതൽ തൊഴിലാളികൾക്കു് തൊഴിൽ നൽകുന്ന വ്യവസായങ്ങളിലൊന്നായി വളർന്നു കഴിഞ്ഞിരിക്കുന്ന കശുവണ്ടി വ്യവസായത്തിൽ ട്രേഡ്യൂണിയൻ പ്രസ്ഥാനം അംഗീകൃത ശക്തിയായി വളർന്നു പുഷ്ടിപ്പെട്ടതു് ഈ കാലഘട്ടത്തിലാണെന്നു് പറയാം. 1951–ൽ കൊല്ലം മേഖലയിൽ നടന്ന പൊതുപണിമുടക്കു് തൊഴിലാളികൾക്കു് ഗണ്യമായ നേട്ടങ്ങൾ ഉണ്ടാക്കിക്കൊടുത്തുവെന്നുമാത്രമല്ല ആദ്യമായി മിനിമം വേജസു് ഈ തൊഴിലാളികൾക്കു് ഏർപ്പെടുത്തുവാനുള്ള കമ്മിററിയെയും സൃഷ്ടിച്ചു എന്നു മുൻ അദ്ധ്യായത്തിൽ പറഞ്ഞുവല്ലോ. ഈ കമ്മിററിയുടെ റിപ്പോർട്ടനുസരിച്ചു് ഈ വ്യവസാ

യത്തിലാദ്യമായി ഏകീകൃതമായ ഒരു കൂലി നിരക്ക് പ്രഖ്യാപിക്കപ്പെട്ടു. തൊഴിലാളികളുടെ പ്രസവകാല വേതനം വർദ്ധിപ്പിച്ചു കൊണ്ടുള്ള ഒരു നിയമവും ഗവൺമെൻറ് പാസ്സാക്കി. എ. ഐ. ടി. യു. സിയുടെയും യു. ടി. യു. സിയുടെയും നേതൃത്വത്തിലുള്ള തൊഴിലാളി സംഘടനകൾ തൊഴിൽ നിയമങ്ങളും മിനിമം വേജസും നടപ്പാക്കിക്കിട്ടുന്നതിനു് ധീരോദാത്തമായ നിരവധി തൊഴിൽ സമരങ്ങൾ ഇക്കാലത്തു് നടത്തുകയുണ്ടായി. എന്നാൽ ട്രേഡ്‌യൂണിയൻ പ്രസ്ഥാനത്തെ പ്രധാനമായും അഭിമുഖീകരിച്ചതു് കശുവണ്ടി ഫാക്ടറികളുടെ പൂട്ടിയിടലും തന്മൂലമുണ്ടാകുന്ന തൊഴിലില്ലായ്മയും എങ്ങനെ ഒഴിവാക്കാമെന്നുള്ള പ്രശ്നമായിരുന്നു. ഈ വ്യവസായത്തിനാവശ്യമായ വേണ്ടത്ര തോട്ടണ്ടി ലഭിക്കാത്തതു കൊണ്ടാണു് ഫാക്ടറികൾ തുടർന്നു നടത്താൻ കഴിയാതെ വന്നതു്. വ്യവസായത്തിൻെറ ഭദ്രതയ്ക്കും തൊഴിലാളികളുടെ ജോലി സ്ഥിരതയ്ക്കും വേണ്ടിയുള്ള ക്രിയാത്മകമായ ഒരു പരിപാടി ട്രേഡുയൂണിയൻ നേതാക്കന്മാർ 1952-ൽ തന്നെ കേന്ദ്രഗവൺമെൻറിനു് സമർപ്പിക്കുകയുണ്ടായി. ഇതിൻെറ ഫലമായാണു് കശുവണ്ടി വ്യവസായ പ്രശ്നങ്ങൾ കേന്ദ്ര ഗവൺമെൻറു് ഗാഢമായി ശ്രദ്ധിച്ചു തുടങ്ങിയതു്. 1955-ൽ കൂടിയ കശുവണ്ടി തൊഴിലാളി കൗൺസിൽ (എ. ഐ. ടി. യു. സി) രണ്ടാം വാർഷിക സമ്മേളനം കശുവണ്ടി വ്യവസായത്തിലെ ട്രേഡ്‌യൂണിയൻ പ്രസ്ഥാനത്തിൻെറ ഗംഭീരമായ വളർച്ചയെ വിളിച്ചറിയിച്ചു. ജെ. ചിത്തരഞ്ജൻ, സി. എം. മൈതീൻകുഞ്ഞു, കെ. എസ്. ആനന്ദൻ, വെളിയം ഭാർഗവൻ, പി. ഭാസ്കരൻ, കെ. എസ്. ജർമ്യാസ് തുടങ്ങിയവർ അക്കാലത്തെ കശുവണ്ടിത്തൊഴിലാളി കൗൺസിലിൻെറ പ്രവർത്തനങ്ങൾക്കു് സജീവമായ നേതൃത്വം നൽകി. തൊഴിൽ നിയമങ്ങളിലെ ആനുകൂല്യങ്ങൾ കശുവണ്ടി വ്യവസായ രംഗത്തെ തൊഴിലാളികൾക്കും ലഭ്യമാകുവാനുള്ള തികച്ചും നീതിയുക്തമായ ആവശ്യങ്ങളാണു് അന്നു് ട്രേഡുയൂണിയൻ പ്രസ്ഥാനം ഉന്നയിച്ചിരുന്നതെങ്കിലും അതു് ചെവിക്കൊള്ളുവാൻ തൊഴിലുടമകൾ തയ്യാറില്ലായിരുന്നു. തൊഴിലുടമകളുടെ ഈ നിയമ വിരുദ്ധമായ നിലപാട്ടു് അവസാനിപ്പിക്കാൻ വിട്ടുവീഴ്ചയില്ലാത്ത നിലയിൽ ഗവൺമെൻറു് ഇടപെടണമെന്നും ട്രേഡുയൂണിയൻ നേതാക്കന്മാരായ എം. എൽ. എ മാർ നിയമ സഭയ്ക്കകത്തും പുറത്തും ആവശ്യപ്പെട്ടു. ഇതിനു പുറമെ മിനിമം വേജസ് നടപ്പിലാക്കുന്നതു സംബന്ധിച്ച പല പ്രശ്നങ്ങളും—വിശേഷിച്ചും പീലിംഗ്, പാസ്സ് സെക്ഷനുകളിലെ അധ്വാനഭാരം—ട്രേഡുയൂണിയനുകൾ സമർത്ഥമായി കൈകാര്യം ചെയ്തു. പല തൊഴിലാളി വിഭാഗങ്ങൾക്കും ബോണസ്സ് ശരിയായി കിട്ടിത്തുടങ്ങിയിരുന്നുവെങ്കിലും കശുവണ്ടിത്തൊഴിലാളികൾക്കു് ബോണസ്സ് ലഭിക്കുന്നതിനുവേണ്ടി ഇക്കാലഘട്ടത്തിൽ വളരെയേറെ ബുദ്ധിമുട്ടുകളെ നേരിടേണ്ടി വന്നു. ഉദാഹരണത്തിനു് കശുവണ്ടിത്തൊഴിലാളി കൗൺസിൽ

ഇതിനു വേണ്ടി നടത്തിയ അക്ഷീണയത്നങ്ങൾ കെ. എസ്. ആനന്ദൻ അനുസ്മരിക്കുന്നുണ്ട്. 1951-ൽ നടന്ന പൊതുപണിമുടക്കകാലത്ത് ബോണസ് വർദ്ധനവിനു വേണ്ടി ഉന്നയിച്ചിരുന്ന ഡിമാൻറു അഡ്ജു ഡിക്കേഷനു് വിടണമെന്ന പിടിവാശിയാണ് തൊഴിലുടമകളുടെ ഭാഗത്തുനിന്നുണ്ടായത്. അതു കൊണ്ട് സമരത്തിൽ കൂടി ബോണസ് വർദ്ധിപ്പിച്ചു കിട്ടുവാൻ കഴിഞ്ഞിരുന്നില്ല. തന്മൂലം ബോണസ്സ് വർദ്ധനവിൻെറ പ്രശ്നം കോടതിയുടെ മുമ്പിലായി. കോടതിയുടെ മുമ്പിലിരുന്ന രണ്ടു വർഷത്തെ ബോണസ്സ് വർദ്ധനയെ സംബന്ധിച്ച കേസ്സ് തീരുന്നമുറയ്ക്കു് മാത്രമേ തീരുമാനമുണ്ടാക്കുവാൻ കഴിയുമായിരുന്നുള്ളൂ. എന്നാൽ 1952 മുതലുള്ള ബോണസ്സ് വർദ്ധന പ്രശ്നം ട്രേഡ്യൂണിയനുകൾ ഉന്നയിച്ചു. അതിനു് തൊഴിലുടമകൾ മറുപടി പറഞ്ഞതിങ്ങനെയാണ്. തൊഴിൽ കോടതിയിലിരിക്കുന്ന ബോണസ് വർദ്ധന പ്രശ്നം ഉൾപ്പടെ എല്ലാ വർഷങ്ങളിലെയും ബോണസ്സ് വർദ്ധനവു് നമുക്കു് ചർച്ച ചെയ്യാമല്ലോ. എന്നാൽ എന്താണുണ്ടായത്? തൊഴിലുടമകൾ ഓണത്തിൻെറ തലേദിവസം നാലു ശതമാനം ബോണസ്സ് അഡ്വാൻസായി തരാമെന്നു് സമ്മതിക്കുക മാത്രമാണ് ചെയ്തതു്. 1955-ൽ ബോണസ്സ് സംഭാഷണങ്ങൾ 13 ദിവസം തുടർച്ചയായി നീണ്ടുനിന്നുവെങ്കിലും തൊഴിലുടമകൾ നാലു ശതമാനം അഡ്വാൻസിലൊട്ടും കൂടുതൽ നൽകുവാൻ തയ്യാറായില്ലെന്നും ആനന്ദൻ അനുസ്മരിക്കുന്നുണ്ട്. വ്യവസായം നഷ്ടത്തിലാണെന്നാണ് കശുവണ്ടി വ്യവസായികൾ ബോണസ്സ് ചർച്ചാസമ്മേളനങ്ങളിൽ തുടരെ പറഞ്ഞുവന്നതു്. അതേ സമയം ഈ നഷ്ടവാദത്തിൻെറ യാഥാർത്ഥ്യം ആനന്ദൻ വ്യക്തമാക്കിയിട്ടുമുണ്ട്. കശുവണ്ടി രംഗത്തെ നാടൻ വ്യവസായികളിൽ എല്ലാ നിലയിലും ഒന്നാം സ്ഥാനത്തു നിന്ന തങ്ങൾകുഞ്ഞുമുസലിയാർ ഈ വ്യവസായത്തിലാദ്യമായി മുടക്കിയ മുതൽ കേവലം മുന്നൂറു രൂപയായിരുന്നെന്നാണറിവെന്നും എന്നാൽ 1956-ൽ അദ്ദേഹം 26 കശുവണ്ടി ഫാക്ടറികളും ടൈൽ, ടിൻ, സാമിൽ, പ്രസ്സ്, കോളേജ് തുടങ്ങിയ വിവിധ സ്ഥാപനങ്ങളും സ്വന്തമായി നേടിയെന്നും ഈ വളർച്ചയുടെ യഥാർത്ഥമായ അടിത്തറ കശുവണ്ടി വ്യവസായത്തിൽ നിന്നുള്ള ലാഭമാണെന്നും ചൂണ്ടിക്കാണിക്കപ്പെടുന്നു. ഇതു് മുസലിയാരുടെ മാത്രം കഥയല്ല. കശുവണ്ടി വ്യവസായ രംഗത്തു പ്രവർത്തിച്ച എല്ലാ തൊഴിലുടമയുടെയും കഥയിതുതന്നെയാണ്. മലബാറിലും കൊല്ലത്തുതന്നെയും പീയേഴ്സ്‌ലസ്ലി കമ്പനിയെന്ന വിദേശസ്ഥാപനം തൊഴിൽ നിയമങ്ങളുടെ പരിപാലനത്തിലും മററും സ്വീകരിച്ചിരുന്ന നിലപാടിൽ നിന്നും വിഭിന്നമായ നിലയിലാണ് സ്വദേശികളായ തൊഴിലുടമകൾ വ്യാവസായികമായും തൊഴിൽ നയ രൂപീകരണത്തിൻെറ പേരിലും പെരുമാറിയതെന്നു് ട്രേഡ് യൂണിയൻ നേതാക്കന്മാർ പല തവണ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അനാരോഗ്യകരമായ കിടമത്സരം നടത്തികമ്പോളങ്ങൾ നഷ്ടപ്പെടുത്തുകയും മനഃപൂർവം വ്യവസായ സ്തംഭനം ഉണ്ടാ

ക്കകയും ചെയ്തുകൊണ്ട് വ്യവസായഭദ്രതയെതന്നെ അപകടത്തിലാക്ക വർ്ം ഈ തൊഴിലുടമകരംക്ക് യാതൊരു മടിയുമില്ലായിരുന്നുവെന്ന് ഉത്തരവാദപ്പെട്ട ട്രേഡ് യൂണിയൻ നേതാക്കന്മാർ അക്കാലത്തു് സംസ്ഥാന ഗവണ്മെൻറിൻെറ മുമ്പിലും കേന്ദ്രഗവണ്മെൻറിൻെറ മുമ്പിലും പരാതിപ്പെട്ടിട്ടുണ്ട്. വിദേശികരംപോലും ചെയ്യാത്ത രീതിയിൽ സ്വദേശികളായ ഉടമകരം വ്യവസായത്തെ ശിഥിലമാക്കുവാൻ ശ്രമിച്ചുവെന്ന ഗുരുതരമായ ആരോപണം തൊഴിലാളി നേതാക്കന്മാർ ഉന്നയിച്ചിരുന്നു. തൊഴിൽ നിയമങ്ങളുടെ നടത്തിപ്പിലും ഈ വ്യത്യാസം കാണാമായിരുന്നു എന്നും ട്രേഡ് യൂണിയൻ നേതാക്കന്മാർ അനുസ്മരിക്കുന്നു. അതുകൊണ്ടാണ് കശുവണ്ടി വ്യവസായം പൊതുവുടമയിൽ കൊണ്ടുവരാനുള്ള നടപടികരം സ്വീകരിക്കണമെന്ന് ട്രേഡ് യൂണിയനുകരം ആവശ്യപ്പെട്ടതു്. ഈ വ്യവസായത്തിലെ പ്രശ്നങ്ങരം പഠിക്കുവാനും വേണ്ട നടപടികരം സ്വീകരിക്കുവാനും സംസ്ഥാന നിലവാരത്തിൽ 1956—ൽ ഒരു കശുവണ്ടി ബോർഡു് രൂപീകരിച്ചതു് ഇതിൻെറ അടിസ്ഥാനത്തിലാണ്. പിൽക്കാലത്തു് ഗവണ്മെൻറ് ഈ വ്യവസായരംഗത്തു് സ്വീകരിച്ച സ്വാഗതാർഹമായ നടപടികളുടെ നാന്ദി കുറിച്ചതു് ഈ ബോർഡുരൂപീകരണമായിരുന്നു. ഇതോടൊപ്പം തന്നെ പ്രോവിഡൻറു ഫണ്ട്, ഇ. എസ്. ഐ. ആനുകൂല്യങ്ങരം കശുവണ്ടിത്തൊഴിലാളികരംക്കുകൂടി ലഭ്യമാക്കുവാനുള്ള നടപടികരം സ്വീകരിക്കുവാൻ ട്രേഡ് യൂണിയനുകരം ശക്തമായ പ്രക്ഷോഭണം നടത്തുകയും ചെയ്തുവന്നു.

1956 മേയ് മാസത്തിൽ കശുവണ്ടിത്തൊഴിലാളികരംക്കിടയിൽ വിപുലമായ തോതിലുള്ള തൊഴിലാളിഐക്യം വളർന്നുവരാൻ തുടങ്ങിയെന്നുള്ളതു് ശ്രദ്ധേയമായ ഒരു വസ്തുതയായിരുന്നു. കശുവണ്ടി തൊഴിലാളികളോടൊപ്പം ഫാക്ടറി സ്റ്റാഫ് ജീവനക്കാരും സംഘടനാബോധത്തിൻെറയും അവകാശ സമരത്തിൻെറയും പാതയിലേക്ക് നീങ്ങിത്തുടങ്ങി. സ്റ്റാഫ് ജീവനക്കാർ ഐ. എൻ. ടി. യു. സി. യുടെ കൊടിക്കീഴിലാണ് ആദ്യം സംഘടിച്ചതെങ്കിലും എ.,ഐ. ടി. യു സി. യും, യു. ടി. യു. സി. യും അവരുടെ അവകാശസമരത്തിന് പിന്തുണ നൽകി. അതുവരെ പല തട്ടിലായി കഴിഞ്ഞുവന്ന കൊല്ലം മേഖലയിലെ തൊഴിലാളി സംഘടനകരം ഈ പ്രശ്നത്തിൽ സഹകരിക്കുകയും തൊഴിലാളി ഐക്യത്തിൻെറ മഹത്തായ സാധ്യതകരം സ്വയം മനസ്സിലാക്കുകയും തൊഴിലുടമകരംക്കും അന്നത്തെ അഡ്വൈസർ ഭരണത്തിനും ബോധ്യപ്പെടുത്തിക്കൊടുക്കുവാൻ മുന്നോട്ടു വരികയും ചെയ്തു.

തോട്ടം തൊഴിലാളികളുടെ നില മെച്ചപ്പെടുത്തുവാൻ ഇന്ത്യൻ ട്രേഡ് യൂണിയൻ പ്രസ്ഥാനം നടത്തിയ അവിരാമമായ പരിശ്രമത്തിന് നിസ്തുലമായ വിജയങ്ങരം നേടുവാൻ കഴിഞ്ഞതു് 1952—57 കാലഘട്ടം മുതൽക്കായിരുന്നു. 1951-ൽ ഇന്ത്യൻ പാർലമെൻറ് തോട്ടം തൊഴിലാളികളുടെ

സേവന വ്യവസ്ഥകൾ ഭദ്രമാക്കുന്നതിനുള്ള സമഗ്രമായ ഒരു നിയമം പാസ്സാക്കിയതു് തോട്ടം തൊഴിലാളി പ്രസ്ഥാനത്തിന്റെ വമ്പിച്ച വിജയം തന്നെയായിരുന്നു എന്നു മാത്രമല്ല പുതിയതായി നിലവിൽ വന്ന പ്ലാൻേറഷൻ ആക്ടിലെ എല്ലാ ആനുകൂല്യങ്ങളും നടപ്പിലാക്കുന്നതിനുള്ള വമ്പിച്ച തൊഴിലാളി സമരങ്ങളുടെ നാന്ദികുറിയായിരുന്നെന്നു് സംഭവഗതികൾ വ്യക്തമാക്കി. കാരണം ഇന്ത്യയിലെ വിദേശ മൂലധനത്തിന്റെ പ്രധാനമായ സിരാകേന്ദ്രങ്ങളിലൊന്നായിരുന്ന തോട്ടം വ്യവസായത്തിലെ തൊഴിലുടമകൾ പ്ലാൻേറഷൻ നിയമത്തിലെ വ്യവസ്ഥകൾ നടപ്പിലാക്കുവാൻ വൈമുഖ്യം പ്രദർശിപ്പിക്കുകയാണുണ്ടായതു്. വിദേശമൂലധനത്തോടൊപ്പം നാടൻ തൊഴിലുടമകളും തൊഴിലാളികളുടെ ന്യായമായ അവകാശങ്ങൾ നിയമം മൂലം അനുവദിച്ചുകൊടുക്കേണ്ടിവന്ന പുതിയ സാഹചര്യത്തെ തകർക്കുവാൻ തന്നെ ശ്രമിച്ചുനോക്കി. കേരളത്തിലുടനീളം തോട്ടം തൊഴിലാളി രംഗത്തു് 1951-നു ശേഷം ഉണ്ടായ സുശക്തമായ തൊഴിലാളി സമരങ്ങൾ ഈ പുതിയ അന്തരീക്ഷത്തിലാണു് നടന്നതു്.

പുതിയ പ്ലാൻേറഷൻ നിയമമനുസരിച്ചു് വൈദ്യസഹായം, ആരോഗ്യകരമായ തൊഴിൽ സാഹചര്യങ്ങൾ, ശിശുപരിചരണ സൗകര്യങ്ങൾ, പാർപ്പിട സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തിക്കൊടുക്കുവാൻ തോട്ടമുടമകൾ ബാധ്യസ്ഥരായിതീർന്നു.

മുപ്പതു പേരിൽ കൂടുതൽ പണിയെടുക്കുന്ന എല്ലാ തോട്ടങ്ങൾക്കും ഈ നിയമം ബാധകമാക്കിയതു് ചെറുകിട തോട്ടങ്ങളിൽ ജോലിചെയ്തുവന്ന അസംഘടിത തൊഴിലാളികൾക്കുകൂടി വലിയൊരനുഗ്രഹമായി. ഈ നിയമത്തിലെ മററു ചില വ്യവസ്ഥകൾ താഴെ ചേർക്കുന്നു.

(1) ഒരാഴ്ചയിൽ അൻപത്തിനാലു മണിക്കൂറിൽ കൂടുതൽ തൊഴിലാളികളെക്കൊണ്ടു് പണി ചെയ്യിക്കരുതു്.

(2) ശമ്പളത്തോടുകൂടിയ അവധി നിർബന്ധിതമാക്കി.

(3) 12 വയസ്സിനു് താഴെയുള്ള കുട്ടികളെക്കൊണ്ടു് പണി ചെയ്യിക്കരുതു്.

(4) ഈ നിയമമനുസരിച്ചുണ്ടാക്കിയ ചട്ടങ്ങളനുസരിച്ചു് ട്രേഡു് യൂണിയൻ പ്രവർത്തനത്തിനായി തൊഴിലാളികളല്ലാത്ത യൂണിയൻ പ്രവർത്തകർക്കു് തോട്ടങ്ങളിൽ പ്രവേശിക്കുന്നതിനു് അനുവാദം നൽകപ്പെട്ടു.

തിരു-കൊച്ചിയിലും മലബാറിലും തോട്ടം തൊഴിലാളികൾ 1940 മുതൽക്കേ നടത്തിയ നിരവധി സമരങ്ങളിൽ ഉന്നയിക്കപ്പെട്ട ആവശ്യങ്ങളാണു് ഈ നിയമം മൂലം അനുവദിക്കപ്പെട്ടതു്. മുൻ അധ്യായങ്ങളിൽ വിവരിച്ചതുപോലെ 1925 മുതൽക്കു് കേരളത്തിലെ പ്രബുദ്ധരായ ട്രേഡു് യൂണിയൻ പ്രവർത്തകർ നിവേദനങ്ങൾ വഴി ഈ ആവശ്യങ്ങൾ ഗവൺമെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയുണ്ടായിട്ടുണ്ടു്. അതിനാൽ

പ്ലാൻേറഷൻ നിയമം കേരളത്തിലെ ട്രേഡ്‌യൂണിയൻ പ്രസ്ഥാനത്തിനാകെയുള്ള ഒരു വിജയമായിരുന്നു എന്നു പറയാം.

തിരു-കൊച്ചിയിലെ തോട്ടം തൊഴിലാളികളുടെ മിനിമം വേജസ് നിശ്ചയിക്കുന്നതിനായി നിയോഗിക്കപ്പെട്ട കമ്മിററി റിപ്പോർട്ടു സമർപ്പിച്ചതും ഈ കാലഘട്ടത്തിലാണ്. റിപ്പോർട്ടനുസരിച്ച് കൂലിവർദ്ധനവുണ്ടായി. എന്നാൽ മിനിമം വേജസ്സ് നടപ്പിലാക്കുവാനും മിക്ക തോട്ടമുടമകളും തയാറായില്ല. അതുകൊണ്ട് മിനിമം വേജസ്സ് നടപ്പാക്കുവാനും പ്ലാൻേറഷൻ നിയമത്തിലെ ആനുകൂല്യങ്ങൾ നേടിയെടുക്കുവാനും സമരങ്ങൾ ആരംഭിച്ചു. ഈ ആവശ്യങ്ങൾ ഉന്നയിച്ച പശുമല തോട്ടത്തിലെ തൊഴിലാളികളെ തിരു-കൊച്ചിയിലെ എ. ജെ. ജോൺ മന്ത്രിസഭ നിഷ്ഠൂരമായി അടിച്ചമർത്തുവാനാണ് ഒരുമ്പെട്ടതു്. പശുമല തോട്ടത്തിൽ പോലീസ് നടത്തിയ വെടിവയ്പ്പ് ഇതിനുദാഹരണമാണ്. എന്നാൽ മർദ്ദന ഭരണത്തെ വെല്ലുവിളിച്ചുകൊണ്ട് തോട്ടം തൊഴിലാളിവർഗം സമരത്തിൻെറ പാതയിൽ കൂടി മുന്നേറുകയാണുണ്ടായതു്.

ട്രേഡ്‌യൂണിയൻ പ്രവർത്തനം സുസാദ്ധ്യമാക്കിത്തീർക്കുന്നതിനു ട്രേഡ്‌യൂണിയൻ പ്രവർത്തകർക്ക് തോട്ടങ്ങളിൽ പ്രവേശിക്കുന്നതിനുള്ള സ്വാതന്ത്ര്യം നിയമപരമായി അനുവദിക്കപ്പെട്ടുവെങ്കിലും അതു് നിഷേധിച്ചുകൊണ്ട് കേരളത്തിലെ പല തോട്ടങ്ങളും ഭീകരഭരണം നിലനിർത്തി പോന്ന ഗുണ്ടാസാമ്രാജ്യങ്ങളായി തുടരാനാണ് ആഗ്രഹിച്ചതു്. ഉദാഹരണത്തിനു് മദ്ധ്യകേരളത്തിലെ കുന്നത്തുർ താലൂക്കിൽ 1955-ൽ പോലും നിലവിലിരുന്ന സാഹചര്യങ്ങൾ വിവരിക്കാം. ഈ വിവരങ്ങൾ സൗത്തിന്ത്യൻ എസ്റ്റേററ് സ്റ്റാഫ് യൂണിയൻെറ മുഖപത്രമായ പ്ലാൻേറഷൻ വർക്കർ എന്ന മാസികയിൽ നിന്നു് തിരു-കൊച്ചി ട്രേഡ്‌യൂണിയൻ കൗൺസിലിൻെറ മുഖപത്രമായ ട്രേഡ്‌യൂണിയൻ വാരിക 1955 നവംബർ പതിനൊന്നാം തീയതിയിലെ ലക്കത്തിൽ ഉദ്ധരിച്ചിട്ടുള്ളതാണ്; അതിങ്ങനെ സംഗ്രഹിക്കാം.

സ്കിന്നർപുരം എസ്‌റേററ്റു് മദ്ധ്യതിരുവിതാംകൂറിലാണ് സ്ഥിതി ചെയ്യുന്നതു്. ഏകദേശം തൊള്ളായിരത്തോളം ഏക്കർ വിസ്തീർണ്ണമുള്ള ഒരു റബ്ബർ തോട്ടമാണതു്. ഈ തോട്ടത്തിനു് നല്ല ആദായം ലഭിക്കുന്നുണ്ട്. 1952-53ൽ ഈ തോട്ടത്തിൻെറ ഉടമസ്ഥന്മാർക്കു് ഇരുപത്തിരണ്ടര ശതമാനം ലാഭവും 53-54-ൽ മുപ്പതു ശതമാനം ലാഭവും കിട്ടി. 1918 മുതൽ അന്ത്രപ്പേർ ഇതിൻെറ മാനേജിംഗ് ഡയറക്ടർ ആയിരുന്നു........ ലോകം പൊതുവേ പുരോഗമിച്ചു കൊണ്ടിരുന്നെങ്കിലും നൂററാണ്ടുകൾക്കുമുൻപുള്ള സ്ഥിതി വിശേഷങ്ങൾ ഈ തോട്ടത്തിനകത്തു് സ്തംഭിച്ചു നിന്നുപോയി. ഒരിക്കൽ ഒരു ലേബർ ഓഫീസർ നിയമങ്ങൾ നടപ്പാക്കാതിരിക്കുന്നതിനെപ്പററി അന്ത്രപ്പേർക്കു് നോട്ടീസ് അയച്ചു. അന്ത്രപ്പേർ രേഖാമൂലം മറുപടി നൽകിയില്ല. ഓഫീസറോടു ഒരു വിവരം മാത്രം പറഞ്ഞയച്ചു. ഇതൊന്നും ഇവിടെ നടപ്പില്ല എന്നായിരുന്നു

അന്ത്രപ്പേറുടെ മറുപടി. ലേബർ ഓഫീസർ യാതൊരു നടപടിയും സ്വീകരിച്ചതുമില്ല.

ആ മാസികയിലെ ലേഖനത്തിൽ വളരെ ശ്രദ്ധേയമായ ഒരു ഭാഗമുണ്ട്. മിക്ക മന്ത്രിമാരും അന്ത്രപ്പേരെ സംബന്ധിച്ചിടത്തോളം ആശ്രിതൻമാരായിരുന്നെന്നും അന്ത്രപ്പേരെ ആരെങ്കിലും എതിർത്തിട്ടുണ്ടെങ്കിൽ അവരുടെ കഥ ആ തോട്ടത്തിനുള്ളിലെ കിണററിൽ കിടന്നായിരിക്കും അവസാനിച്ചിരുന്നതെന്നുമാണ് മാസികയിൽ പറഞ്ഞിരിക്കുന്നതു്.

സ്റ്റിന്നർപുരം തോട്ടം ഒരു ഉദാഹരണത്തിനായി എടുത്തു പറഞ്ഞെന്നെയുള്ളു. കേരളത്തിൻെറ വടക്കേ അററം മുതൽ തെക്കേ അററംവരെ ഇതു പോലെ നിരവധി തോട്ടങ്ങാം അന്ന് നിലവിലുണ്ടായിരുന്നു. എന്നാൽ ഇത്തരം ഭീകരഭരണം വച്ചു പൊറുപ്പിക്കുകയില്ലെന്നു് തൊഴിലാളികാം തീരുമാനിച്ചു. പ്ലാൻേറഷൻ നിയമത്തിലെ ഓരോ വ്യവസ്ഥയും നടപ്പിലാക്കുവാൻ തോട്ടമുടമകാം നിർബ്ബന്ധിതരായി. തിരു–കൊച്ചി പ്രദേശത്തു് തോട്ടം തൊഴിലാളികാം നടത്തിയ വൻപിച്ച നിരവധി സമരങ്ങളുടെ ഫലമായി 1955 ജൂൺ രണ്ടാം തീയതി ഗവണ്മെൻറ് നിലവിലുള്ള തൊഴിൽ പ്രശ്നങ്ങാം പരിഹരിക്കുന്നതിന് ഒരു സ്പെഷ്യൽ ട്രൈബ്യൂണൽ ഏർപ്പെടുത്തിയിരിക്കുന്നതായി പ്രഖ്യാപിച്ചു.

ഇരുപത്തിമൂന്നു പ്രശ്നങ്ങളാണ് ട്രൈബ്യൂണലിൻെറ തീരുമാനത്തിനായി വിട്ടുകൊടുത്തതു്. 1951 മുതൽ 4 വർഷത്തെ ബോണസ്സ്; സർവീസ് അനുസരിച്ച് ശമ്പളത്തിൽ ഇൻക്രിമെൻറ് നൽകുന്ന പ്രശ്നം; അദ്ധ്വാനഭാരം; ഗ്രാററിവിററി; സ്ത്രീക്കും പുരുഷനും തുല്യ ശമ്പളം നൽകുന്ന പ്രശ്നം; രോഗകാലത്തെ ശമ്പളം; രാത്രികാല അലവൻസ്, തൊഴിലാളികളുടെ കുട്ടികാംക്കുള്ള ഭക്ഷണം തുടങ്ങിയ കാര്യങ്ങാം ഇതിൽ ഉാംപ്പെട്ടിരുന്നു. പക്ഷെ ഈ ട്രൈബ്യൂണൽ പ്രവർത്തിച്ചു തുടങ്ങുവാൻ ഗവണ്മെൻറ് അനുവദിച്ചില്ല. 1955 ജനുവരി 31-ാം തീയതി തോട്ടം തൊഴിലാളികാം നടത്തിയ പൊതുപണിമുടക്കിൻെറ ഫലമായുണ്ടായ ഈ സ്പെഷ്യൽ ട്രൈബ്യൂണൽ നിയമനം നിരുത്തരവാദപരമായി ഗവണ്മെൻറ് റദ്ദാക്കിയതു് കടുത്ത വഞ്ചനയായിരുന്നു. എന്നാൽ തൊഴിലാളികാം നിരാശരാകാതെ പ്രക്ഷോഭണം തുടർന്നു. 1956 ഫെബ്രുവരിയിൽ അന്നത്തെ തിരു–കൊച്ചി മുഖ്യമന്ത്രി പനമ്പിള്ളി തോട്ടം തൊഴിലാളികളുടെ പ്രശ്നം പരിഹരിക്കുവാൻ ഒരു ത്രികക്ഷി സമ്മേളനം വിളിച്ചുകൂട്ടി. തോട്ടമുടമകളുടെ ധാർഷ്ട്യത്തിന് കടിഞ്ഞാണിടുവാൻ പനമ്പിള്ളി തയ്യാറായില്ല. തൊഴിലാളികാം 51–ലേയും 52–ലേയും ബോണസ്സ് വാദം ഉപേക്ഷിക്കണമെന്നും മററു രണ്ടു വർഷങ്ങളിൽ തോട്ടമുടമകാം ബോണസ്സ് കൊടുക്കണമെന്നും കാണിച്ചുകൊണ്ടുള്ള ഒരു മദ്ധ്യസ്ഥ നിർദ്ദേശം പനമ്പിള്ളി പുറപ്പെടുവിച്ചു. എന്നാൽ ഇതു് പൂർണമായി അംഗീകരിക്കുവാൻ എ. ഐ. ററി. യു. സി തയ്യാറായില്ല. മററുള്ള തൊഴിലാളി സംഘടനകളും അസംതൃപ്

രായിരുന്നു. എ. ഐ. ടി. യു. സി യുടെ ആഭിമുഖ്യത്തിലുള്ള തോട്ടം തൊഴിലാളി യൂണിയനുകളിൽ ഏററവും പ്രബലമായിരുന്ന ഹൈറേഞ്ച് എസ്റ്റേററ് എംപ്ലോയീസ് അസോസിയേഷൻെറ നേതൃത്വത്തിൽ യു. ററി. യു. സി യുടേയും ഐ. എൻ. ററി. യു. സി യുടെയും പി. എസ്. പി യുടെയും പ്രതിനിധികൾ ഉൾപ്പെടെ എല്ലാ വിഭാഗം തോട്ടം തൊഴിലാളി പ്രവർത്തകരും ഇതു സംബന്ധിച്ച് ചർച്ച നടത്തുകയുണ്ടായി. 1956 മേയ് ഒന്നാം തീയതി ഒരു പൊതുപണിമുടക്ക് നടത്തുന്നതാണെന്ന് തോട്ടം തൊഴിലാളികൾ ഒന്നടങ്കം പ്രഖ്യാപിച്ചു. പനമ്പിള്ളിയുടെ നേതൃത്വത്തിലുള്ള കോൺഗ്രസ്സ് മന്ത്രിസഭ അക്കാലത്ത് ഒരവിശ്വാസപ്രമേയം മുഖേന പുറം തള്ളപ്പെട്ടതിനാൽ തിരു–കൊച്ചിയിൽ അഡ്വൈസർ ഭരണമാണ് നിലവിലിരുന്നത്. അഡ്വൈസർ പി. എസ്സ്. റാവു ഈ പ്രശ്നത്തിൽ ഇടപ്പെടുകയും കുടിശ്ശിക ബോണസ്സ് സംബന്ധിച്ച പ്രശ്നം തൊഴിലാളികൾക്ക് ഹിതകരമായ രീതിയിൽ തീരുമാനിക്കുകയും ചെയ്തു.

ഇങ്ങനെയുള്ള കേന്ദ്രീകൃതമായ പ്രക്ഷോഭണങ്ങളും തുടർന്നുള്ള കൂടിയാലോചനകളും ഒത്തു തീർപ്പുകളും നടക്കുന്ന സമയത്ത് ഓരോ തോട്ടങ്ങളിലും മെച്ചപ്പെട്ട സേവനവ്യവസ്ഥകൾക്കായി ശക്തിയേറിയ സമരങ്ങളും നടക്കുന്നുണ്ടായിരുന്നു. ചില ഉദാഹരണങ്ങൾ പറയാം. 1956 ജനുവരിയിൽ മധ്യതിരുവിതാംകൂറിലെ അച്ചൻകോവിൽ പ്രദേശങ്ങളിലെ തോട്ടത്തിൽ ട്രേഡ് യൂണിയൻ പ്രവർത്തന സ്വാതന്ത്ര്യത്തിനായി വീറോടു കൂടി തൊഴിലാളികൾ സമരം ചെയ്തു. ഈ പ്രകടനത്തിൽ എം. എൻ. ഗോവിന്ദൻ നായരും എൻ. രാജഗോപാലൻ നായരും പി. ഗോപാലനും സജീവമായി ഇടപ്പെട്ടു.

പ്ലാൻേറഷൻ നിയമം നടപ്പാക്കുന്നതിനുള്ള ചട്ടങ്ങൾ പാസാക്കുവാനായി ഗവണ്മെൻറ് തികഞ്ഞ അനാസ്ഥ കാണിച്ചതുനിമിത്തമാണ് നിയമപരമായ ആനുകൂല്യങ്ങൾ നേടിയെടുക്കുന്നതിന് സമരങ്ങൾ നടത്തേണ്ടി വന്നതെന്ന് ട്രേഡ് യൂണിയൻ നേതാക്കന്മാർ അനുസ്മരിക്കുന്നു. പക്ഷെ സുദീർഘവും സുപ്രധാനവുമായ എല്ലാ സമരങ്ങളെയും വിവരിക്കുക സാധ്യമല്ല. അക്കാലത്ത് പ്രസിദ്ധീകരിച്ചിരുന്ന "ട്രേഡ് യൂണിയൻ" എന്ന മുഖപത്രത്തിൽ (തിരു–കൊച്ചി ടി. യു. കൗൺസിൽ—എ. ഐ. ടി. യു. സി–നടത്തിവന്ന വാരിക) റിപ്പോർട്ടു ചെയ്തിരുന്ന ചില സമരങ്ങളെ പരാമർശിക്കുന്നത് ആ കാലഘട്ടത്തിലെ തൊഴിലാളികളുടെ അടിയന്തിര പ്രശ്നങ്ങളെന്തായിരുന്നുവെന്ന് മനസിലാക്കുവാൻ സഹായിക്കും.

പിരിച്ചു വിടലിനെതിരായും കൂലി വെട്ടിക്കുറയ്ക്കലിന് എതിരായും നടന്ന സുദീർഘമായ ഒരു സമരമായിരുന്നു ചെറുവള്ളി തോട്ടത്തിൽ നടന്ന പണിമുടക്കം. മൂന്നുമാസത്തിലധികം നീണ്ടുനിന്ന ഈ സമരം കേരളത്തിൻെറ ആകെ ശ്രദ്ധയാകർഷിച്ചു. വിദേശികളായ മലയാളം പ്ലാൻേറ

ഷൻസ് കമ്പനിയുടമയാണ് ചെറുവള്ളി തോട്ടത്തിലെ തൊഴിലുടമ. സമരം പരാജയപ്പെട്ടില്ല. തൊഴിലാളികൾ ജയിക്കുക തന്നെ ചെയ്തു. തോട്ടങ്ങളുടെ ഉടമസ്ഥാവകാശം കൈമാറുമ്പോൾ തൊഴിലാളികളുടെ അവകാശങ്ങളും ആനുകൂല്യങ്ങളും ഭദ്രമാക്കുന്നതിനുവേണ്ടി പലയിടങ്ങളിലും പണിമുടക്കങ്ങൾ നടന്നു. അതിലൊന്നാണ് ദക്ഷിണ കേരളത്തിൽ നെടുമങ്ങാട് താലൂക്കിൽ ഉള്ള പൊന്നാൻചുണ്ട് തോട്ടത്തിലെ പണിമുടക്കം. 1956–ലാണ് ഈ സമരം നടന്നത്. ആ സമരത്തിൽ തൊഴിലുടമ അഴിച്ചുവിട്ട ഗുണ്ടാ വിളയാട്ടം കുപ്രസിദ്ധമായിത്തീർന്നു. തീരെ ചെറുപ്പമായിരുന്ന വിദ്യാധരൻ രക്തസാക്ഷിയായത് ഈ സമരത്തിലാണ്. ദക്ഷിണകേരളത്തിലെ തോട്ടം തൊഴിലാളികൾ അനശ്വരനായ വിദ്യാധരന്റെ ആത്മത്യാഗത്തെ ഇപ്പോഴും അനുസ്മരിക്കുന്നുണ്ട്. പല എസ്റ്റേറ്റുകളിലും ശമ്പളത്തോടുകൂടിയ അവധി നൽകുവാൻ മാനേജ്മെന്റു തയ്യാറായില്ല. ഈ ആവശ്യം നേടുന്നതിനും പണിമുടക്കങ്ങൾ നടത്തേണ്ടിവന്നു. മലബാർ ഭാഗത്ത് വയനാട്ടും മററും നടന്നുവന്ന തോട്ടം തൊഴിലാളി സമരങ്ങളുടെ വിജയത്തിനായും തോട്ടം തൊഴിലാളി സമരങ്ങളുടെ അവകാശങ്ങൾ നേടിയെടുക്കുന്നതിനായും എ. ഐ. ടി. യു. സി. നേതൃത്വം 1955 നവംബർ 21–ാംതീയതി നടത്തിയ അവകാശ പ്രഖ്യാപനദിനം അവിസ്മരണീയമാണ്. മലബാറിലെ തോട്ടം തൊഴിലാളി പ്രസ്ഥാനത്തിന്റെ അജയ്യത പ്രഖ്യാപിച്ച ഒരു ദിനാചരണമായിരുന്നത്. മേപ്പാട് കേന്ദ്രമാക്കി പ്രവർത്തിച്ചു വന്ന എ. ഐ. ടി. യു. സി തോട്ടം തൊഴിലാളി ട്രേഡ്‌യൂണിയൻ പി. ശങ്കറുടെയും എം. പി. ദേവന്റെയും നേതൃത്വത്തിൽ സുശക്തമായ പ്രവർത്തനമാണ് നടത്തിവന്നതെന്ന് കല്ലാട്ട കൃഷ്ണൻ അനുസ്മരിക്കുന്നു. പ്ലാന്റേഷൻ നിയമം നടപ്പാക്കുന്നതിനാണ് അക്കാലത്ത് മലബാറിലെ തോട്ടങ്ങളിൽ സമരങ്ങൾ നടന്നുവന്നത്. ഐ. എൻ. ടി. യു. സി.യും മലബാറിലെ തോട്ടം തൊഴിലാളി മേഖലയിൽ നിർണായകമായ പ്രവർത്തനം അക്കാലത്ത് സംഘടിപ്പിച്ചുവന്നു. എല്ലാം വിഭാഗം തൊഴിലാളികളുടെയും തുടർച്ചയായ പ്രക്ഷോഭണങ്ങളുടെ ഫലമായി മദിരാശി ഗവണ്മെന്റ് തോട്ടം തൊഴിൽ പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കുവാനായി ഒരു സ്പെഷ്യൽ ട്രൈബ്യൂണലിനെ നിയമിച്ചത് ട്രേഡ്‌യൂണിയൻ പ്രസ്ഥാനത്തിന് നേടുവാൻ കഴിഞ്ഞ സുപ്രധാന വിജയമായിരുന്നു.

തോട്ടം തൊഴിലാളികൾ നടത്തി വന്ന സമരങ്ങളുടെ ന്യായയുക്തതയും തൊഴിലുടമകൾ അക്കാലത്ത് സ്വീകരിച്ച ഹീനമായ അടവുകളും അന്നത്തെ ഭരണകൂടം കൈക്കൊണ്ട അനാശാസ്യമായ തൊഴിലാളി വിരുദ്ധ നയവും തികച്ചും വെളിച്ചത്തു കൊണ്ടു വന്ന ഒരു സംഭവമായിരുന്നു, തിരു–കൊച്ചി പ്രദേശത്തിലെ വണ്ടിപ്പെരിയാറിനടുത്തുള്ള ചന്ദ്രവനം തോട്ടത്തിലെ തൊഴിൽ പ്രശ്നത്തിന്മേലുണ്ടായ അഡ്ജുഡിക്കേഷൻ നടപടികൾ. ആ തോട്ടത്തിൽ പിരിച്ചുവിടലിനെതിരായി

1952-ൽ വലിയൊരു സമരം നടന്നു. ഈ തർക്കം നിർബന്ധിത അഡ്ജൂഡിക്കേഷനു് വിടുവാൻ ഗവൺമെൻറ് ഉത്തരവിടുകയുണ്ടായി. 1953 നവമ്പർ 21-ാനു- കൊല്ലം ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ വിധി പ്രസ്താവിച്ചു. ആ വിധിയുടെ ചില ഭാഗങ്ങൾ ഇങ്ങനെ സംഗ്രഹിക്കാം.

ചന്ദ്രവനം തോട്ടമുടമയുടെ പരാതി പ്രകാരം ആ പ്രദേശത്തെ പോലീസ് ഇൻസ്പെക്ടർ ഒരു സംഘം പോലീസുകാരോടൊത്തു 19-8-52-ൽ രാവിലെ 1 മണിയോടുകൂടി തോട്ടത്തിൽ വരികയും കുറെ തൊഴിലാളികളുടെ പേരിൽ കേസെടുക്കുകയും നാലു തൊഴിലാളികളെ അറസ്റ്റ് ചെയ്യുകയുമുണ്ടായി. എന്നാൽ കേസിൽ ഉൾപ്പെടുത്തിയിരുന്ന തൊഴിലാളികളുടെ പേരു വിവരം മററു തൊഴിലാളികൾക്കു് അറിയുവാൻ പാടില്ലായിരുന്നു. കുറച്ചു ദിവസങ്ങൾക്കു് ശേഷം സായുധ റിസർവ്വ് പോലീസുകാരുടെ ഒരു സംഘത്തെ തോട്ടത്തിൽ താമസിപ്പിക്കുന്നതിനുവേണ്ടി തോട്ടമുടമ അപേക്ഷിക്കുകയും ഒരു സംഘം റിസർവ്വ് പോലിസ് ഏകദേശം രണ്ടാഴ്ചത്തേക്കു് തോട്ടത്തിൽ തന്നെ ക്യാമ്പു ചെയ്യുകയും ചെയ്തു.

ഈ പശ്ചാത്തലം വിവരിച്ചതിനു ശേഷം ട്രൈബ്യൂണൽ വിധിന്യായത്തിൽ പറഞ്ഞിരിക്കുന്ന വാചകങ്ങൾ അതേപടി ഉദ്ധരിച്ചു കൊള്ളട്ടെ.

"തൊഴിലാളികൾ പേടി കൊണ്ടാണു് തോട്ടത്തിൽ ഹാജരാകാതിരുന്നതെന്നും അക്കാലമത്രയും അവിടെ ഒരു പോലീസ് രാജ് നടമാടിയിരുന്നു എന്നും ഉള്ള വാദം ശരിയാണു്. ഈ പരിതസ്ഥിതിയിൽ തൊഴിലാളികൾ ജീവരക്ഷക്കായി ഓടിപ്പോയെങ്കിൽ അതു തികച്ചും സ്വാഭാവികമാണു്. ആ കാലഘട്ടത്തിൽ തൊഴിലാളികൾ തോട്ടത്തിൽ ചെല്ലാതിരുന്നതിൽ ന്യായീകരിക്കത്തക്ക കാരണങ്ങൾ ഉണ്ടെന്നു് വിശ്വസിക്കുവാൻ ഞാൻ നിർബന്ധിതനായിതീരുന്നു...." (ട്രേഡ്യൂണിയൻ ആഴ്ചപ്പതിപ്പ് 1956 ആഗസ്റ്റ് 3-ാംനു-) തോട്ടം ഉടമയുടെ ശത്രുതാമനോഭാവമാണു് പിന്നീടു നടന്ന സംഭവങ്ങൾക്കെല്ലാം കാരണമായി തീർന്നിട്ടുള്ളതെന്നു് തെളിവുകളിൽ നിന്നു് വ്യക്തമാകുന്നുണ്ടെന്നും വിധിയിൽ പറഞ്ഞിട്ടുണ്ടു്. കമ്യൂണിസ്റ്റാദർശമുള്ള ആളുകളാൽ നയിക്കപ്പെടുന്ന അസോസിയേഷനിൽ തൊഴിലാളികൾ ചേർന്നതായി തോട്ടം ഉടമസ്ഥനുള്ള അറിവാണു് സ്ഥിതിഗതികൾ വഷളാക്കിതീർത്തതെന്നും ട്രൈബ്യൂണൽ പ്രസ്താവിക്കുന്നു. തൊഴിലാളി സംഘടനകളിൽ ചേരുന്നതിനെതിരായി നടപടികൾ സ്വീകരിക്കാൻ ഒരുമ്പെടുന്ന പക്ഷം അതു് അങ്ങേയററം ക്രൂരമായ ഒരു അടിപ്പെടുത്തൽ ശ്രമം മാത്രമാണെന്നും ചന്ദ്രവനം എസ്റ്റേററിലെ തോട്ടം ഉടമ അത്തരം പ്രവർത്തനങ്ങൾക്കു് നല്ല ഒരു ഉദാഹരണമാണെന്നും ഈ കേസുകളിലെ തെളിവുകൾ വ്യക്തമാക്കുന്നുണ്ടെന്നും ട്രൈബ്യൂണൽ പറഞ്ഞിരിക്കുന്നു.

തെളിവുകളുടെ അടിസ്ഥാനത്തിൽ ട്രൈബ്യൂണൽ വിധിച്ചതു് 33 തൊഴിലാളികളെ പിരിച്ചുവിട്ടതു് ന്യായീകരിക്കത്തക്കതല്ലെന്നാണു്. അവരെ മുഴുവൻ തിരിച്ചെടുക്കണമെന്നും ഒരു നിശ്ചിത നിരക്കിൽ നഷ്ട

പരിഹാരം നൽകേണ്ടതാണെന്നും വിധിച്ചു. എന്നാൽ ഈ അവാർഡ് തൊഴിലുടമ നടപ്പാക്കിയില്ല. തുടർച്ചയായ പ്രക്ഷോഭണം നിമിത്തം ഒടുവിൽ ഗവണ്മെൻറ് തൊഴിലുടമയെ പ്രോസിക്യൂട്ട് ചെയ്തു. പക്ഷെ ഈ നടപടിതന്നെ ഗവണ്മെൻറ് പിന്നീട് പിൻവലിച്ചുവെന്നതാണ് വിചിത്രമായ ഒരു സംഭവവികാസം. ഒടുവിൽ പിരിച്ചു വിടപ്പെട്ട തൊഴിലാളികൾക്കുള്ള നഷ്ടപരിഹാരം തൊഴിലുടമയിൽ നിന്നു ഈടാക്കുവാൻ വേണ്ടി ജപ്തിനടത്തുവാൻ ഉത്തരവിട്ടു. പക്ഷെ അതിനെയും തൊഴിലുടമ കോടതി വഴി ചെറുക്കുവാൻ ശ്രമിച്ചു. അങ്ങനെ അവാർഡ് നടപ്പാക്കാതിരിക്കുവാനായി തൊഴിലുടമ പരിശ്രമിച്ചുവന്നു. ഗവണ്മെൻറാകട്ടെ നിസ്സഹായത നടിച്ചുകൊണ്ട് നിയമത്തെ വെല്ലുവിളിക്കുന്ന തൊഴിലുടമയ്ക്ക് കൂട്ടുനിൽക്കുകയാണെന്ന് ട്രേഡ്യൂണിയൻ നേതൃത്വം നിശിതമായി വിമർശിച്ചു.

ചന്ദ്രവനം എസ്റ്റേററു സമരവും തുടർന്നുള്ള അഡ്ജൂഡിക്കേഷനും അതിനുശേഷമുള്ള തൊഴിലുടമയുടെ നിയമ വിരുദ്ധമായ പെരുമാററവും ഒററപ്പെട്ട ഒരു സംഭവമായിരുന്നില്ല. തോട്ടം തൊഴിലാളിപ്രസ്ഥാനം പൊതുവിൽ അക്കാലത്തു് നേരിട്ട ദുർഘടമായ തൊഴിൽ പ്രശ്നങ്ങളെപ്പററിയുള്ള ശരിയായ ഒരുദാഹരണമായിരുന്നതു്. കേരളത്തിൻെറ വടക്കെ അററം മുതൽ തെക്കെ അററം വരെ മലയോരങ്ങളിൽ നീണ്ടു കിടക്കുന്ന തോട്ടങ്ങളിൽ നിലവിലിരുന്ന ഈ സാഹചര്യങ്ങളെ എതിർത്തുകൊണ്ടാണ് സുശക്തമായ സമരങ്ങൾ ട്രേഡ് യൂണിയൻ പ്രസ്ഥാനം നയിച്ചതു്. ചന്ദ്രവനം എസ്റ്റേററുടമയെപ്പോലുള്ള തോട്ടം മേഖലയിലെ തൊഴിലുടമകൾ ഒടുവിൽ തൊഴിലാളി പ്രസ്ഥാനത്തിൻെറ അജയ്യത മനസ്സിലാക്കുക തന്നെ ചെയ്തു.

ഇതേ ഘട്ടത്തിൽ തന്നെ തിരു-കൊച്ചിയിൽ രൂപീകൃതമായ പ്ലാൻേറഷൻ ലേബർ കമ്മിററി മുന്നോട്ടുള്ള ഒരു കാൽവയ്പായിരുന്നു. ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിനു അതു വൻപിച്ച അംഗീകാരമാണ് നൽകിയതു്. എങ്കിലും ആ കമ്മിററിയുടെ തീരുമാനങ്ങൾ അംഗീകരിക്കുന്നതിനു് ഗവണ്മെൻറു പലപ്പോഴും തയ്യാറായില്ല. ഉദാഹരണത്തിനു് 1956-ൽ കൂടിയ ഒരു കമ്മിററി യോഗത്തിൽ ഏ. ഐ. ടി. യു. സി. നേതാവും തോട്ടം തൊഴിലാളി പ്രസ്ഥാനത്തിൻെറ സുപ്രസിദ്ധ നേതാവുമായ റോസമ്മ പുന്നൂസ് തോട്ടങ്ങളിൽ ന്യായവില ഡിപ്പോകൾ തുറക്കണമെന്നു് അഭിപ്രായപ്പെട്ടു. എന്നാൽ ഗവണ്മെൻറു അതിനു് തയ്യാറായില്ല. അതുകൊണ്ടു് അതിൻെറ പേരിൽ പ്രക്ഷോഭണം നടത്തുവാൻ യൂണിയനുകൾ നിർബന്ധിതമായി തീർന്നു.

1956 നവംബർ ഒന്നാംതീയതി ഐക്യകേരളം ഉടലെടുക്കുന്നതിനു കുറച്ചുമുമ്പു തന്നെ തിരു-കൊച്ചിയിലേയും മലബാറിലേയും സമരധീരരായ തോട്ടം തൊഴിലാളികൾക്ക് ഒരു യോജിച്ച നേതൃത്വമുണ്ടായി.

ഏകീകൃതമായ ഈ നേതൃത്വം തോട്ടം മേഖലയിലെ ട്രേഡ്‌യൂണിയൻ പ്രസ്ഥാനത്തിൻെറ പിൽക്കാലത്തെ അഭൂതപൂർവമായ വളർച്ചയ്ക്ക് സഹായകമായിത്തീർന്നു.

കേരളത്തിലെ ചെത്തു തൊഴിലാളികളുടെ സംഘടനാപരമായ വളർച്ചയും സാമൂഹ്യവും രാഷ്ട്രീയവും സാമ്പത്തികവുമായ ഉന്നമനത്തിനും വളരെയധികം സഹായിച്ച തിരു–കൊച്ചി ചെത്തുതൊഴിലാളി ഫെഡറേഷൻ രൂപം കൊണ്ടതു് ഈ കാലഘട്ടത്തിലാണു്. 1952 മാർച്ച് 31–ാംനു ആലപ്പുഴ കൃഷ്ണഭവനിൽ വച്ച് ചേർന്ന വിവിധ ചെത്തുതൊഴിലാളി യൂണിയനുകളുടെ പ്രതിനിധി യോഗമാണു് ഈ ഫെഡറേഷനു് രൂപം നൽകിയതു്. തൊഴിലാളികളുടെ അടിയന്തിരാവശ്യങ്ങളുടെ ഒരു പട്ടിക യോഗം തയ്യാറാക്കുകയും ഏകീകൃതമായ ചെത്തുതൊഴിലാളി പ്രസ്ഥാനത്തിനു് നേതൃത്വം നൽകുവാൻ ജോർജ്ജ് ചടയംമുറി പ്രസിഡൻറായും സി. കെ. കേശവൻ സെക്രട്ടറിയായും ഒരു കമ്മിററിയെ തിരഞ്ഞെടുക്കുകയും ചെയ്തു. കെ. പി. പ്രഭാകരൻ, സി. കെ. വിശ്വനാഥൻ, കെ. ഏ. ബാലൻ, കെ. ബി. തങ്കപ്പൻ, കെ. ജി. ദാമോദരൻ, എൻ. ഏ. തങ്കപ്പൻ, പി. കെ. കേശവൻ, ഏ. എസ്. പുരുഷോത്തമൻ, ഈ. ഏ. കെ. അഹമ്മദ്, സി. കെ. പുരുഷോത്തമൻ, വി. വി. കൃഷ്ണൻ, ടി. കെ. രാമകൃഷ്ണൻ, കെ. സി. ഗ്രിഗറി എന്നിവർ ഈ കമ്മിററിയിൽ അംഗങ്ങളായിരുന്നു. 1952 ആഗസ്റ്റ് 25–നായിരുന്നു ആദ്യത്തെ സംസ്ഥാന സമ്മേളനം നടന്നതു്. കോട്ടയത്തു വച്ചു നടന്ന ഈ സമ്മേളനത്തിൽ പതിനെട്ടു് ഘടകയൂണിയനുകൾ സംബന്ധിച്ചിരുന്നു. അതിനുശേഷം അടിയന്തിരാവശ്യങ്ങൾ നേടിയെടുക്കാൻ ആസൂത്രിതമായ ഒരു സമരപരിപാടിക്കു് ഫെഡറേഷൻ നേതൃത്വം നൽകി. അന്തിക്കാട്, പറവൂർ, മുകുന്ദപുരം, ആലപ്പുഴ, ചേർത്തല, വൈക്കം തുടങ്ങിയ പ്രദേശങ്ങളിൽ ചെത്തു-തൊഴിലാളികൾ സുദീർഘമായ പണിമുടക്കു സമരങ്ങൾ നടത്തുകയുണ്ടായി. ഭീഷണിയും മർദ്ദനവും കൊണ്ടു് ചെത്തുതൊഴിലാളി ട്രേഡ് യൂണിയനുകളെ നേരിടാൻ സാധ്യമല്ലെന്നു് തൊഴിലുടമകൾ മനസിലാക്കി. മിക്ക സമരങ്ങളും വിജയകരമായ ഒത്തു തീർപ്പു സംഭാഷണങ്ങളിലൂടെ അവസാനിക്കുകയാണുണ്ടായതു്. അക്കാലത്തു് ചെത്തു തൊഴിലാളികൾ അവരുടെ ആവശ്യങ്ങൾക്കുവേണ്ടി മാത്രമല്ല സമരം ചെയ്തതു്. നേരെമറിച്ച് കേരളത്തിലെ മററു തൊഴിലാളി വിഭാഗങ്ങളുടെ സമരങ്ങളുടെ മുൻപന്തിയിൽ നിന്നുകൊണ്ടു് അവർ തൊഴിലാളി വർഗത്തെയാകമാനം മുന്നോട്ടുകൊണ്ടുപോകുവാൻ സഹായിച്ചു. ഉദാഹരണത്തിനു് കണ്ടശാംകടവിൽ 1954–55 കാലത്തു് കയർ തൊഴിലാളികൾ സമരം ചെയ്തപ്പോൾ അന്തിക്കാട്ടെ ചെത്തുതൊഴിലാളികൾ നൽകിയ പിന്തുണ അവിസ്മരണീയമായ ഒരനുഭവമാണു്. കണ്ടശാംകടവു് സമരത്തിനിടയിൽ പോലീസു മർദ്ദനത്തിനിരയായ സഖാക്കൾ

പോലീസ്സ്റ്റേഷനിൽ നിന്ന് ഇഴഞ്ഞിഴഞ്ഞ് പുറത്തുവരുമ്പോൾ അവരെ ആവേശപൂർവം സ്വീകരിച്ച് അനുഭാവത്തോടുകൂടി തോളുകളിലേററി സ്വന്തം വീടുകളിലേക്ക് കൊണ്ടുപോയി ശുശ്രൂഷചെയ്തുവന്ന ചെത്തുതൊഴിലാളി സഖാക്കളെ പല ട്രേഡ് യൂണിയൻ നേതാക്കളും ആദരവോടെ അനുസ്മരിക്കുന്നുണ്ട്. ഫെഡറേഷൻ രൂപീകരിച്ച് മൂന്നു വർഷത്തിനകം തിരു–കൊച്ചി ഗവൺമെൻറ് ചെത്തുതൊഴിലാളികളുടെ ആവശ്യങ്ങളെപ്പററി പഠിക്കുവാൻ ഒരു കമ്മിററിയെ നിയമിച്ചു. ടി. വി. തോമസ്, ടി. കെ. ദിവാകരൻ കെ. കരുണാകരൻ എന്നിവർ അംഗങ്ങളായിരുന്ന ഈ കമ്മിററിയുടെ അധ്യക്ഷൻ എക്സൈസ് കമ്മിഷണർ ശ്രീ. കാസിം ആയിരുന്നു. 1955 മാർച്ച് 4-ാം തീയതിയായിരുന്നു ഈ കമ്മിററിയെ നിയമിച്ചതു്. ചെത്തുതൊഴിലാളി പ്രസ്ഥാനത്തിൻെറ മഹത്തായ ഒരു നേട്ടമായിരുന്നു ഇതു്. ഏററവും പിന്നണിയിൽ അസംഘടിതരായി കിടന്നിരുന്ന ചെത്തുതൊഴിലാളികളുടെ പ്രശ്നങ്ങളെ ക്ഷമാപൂർവം പഠിക്കേണ്ടതുണ്ടെന്നും അവ പരിഹരിക്കപ്പെടേണ്ടതുണ്ടെന്നും ഭരണവർഗം മനസിലാക്കി എന്ന വസ്തുത പ്രാധാന്യമർഹിക്കുന്നു. ഏററവും പെട്ടെന്നുതന്നെ കമ്മിററി റിപ്പോർട്ടു സമർപ്പിച്ചു. പക്ഷെ ഗവൺമെൻറു് റിപ്പോർട്ടു് പ്രസിദ്ധീകരിക്കുവാൻ അല്പം അമാന്തിച്ചു. ഇതിനെതിരായി പ്രസ്ഥാനത്തിൻെറ അതിശക്തമായ പ്രതിഷേധമുയർന്നപ്പോൾ ഗവൺമെൻറ് 1955 സെപ്റ്റംബർ 30-ാം നു-റിപ്പോർട്ടിലെ ശുപാർശകൾ കണക്കിലെടുത്തുകൊണ്ടു് ഒരു ഓർഡർ പുറപ്പെടുവിച്ചു. അതനുസരിച്ച് കാര്യങ്ങൾ നടപ്പാക്കുവാൻ പല തൊഴിലുടമകളും ഒരുങ്ങിയില്ല. പക്ഷെ ചുരുങ്ങിയകാലം കൊണ്ടു് അവരുടെ മർക്കടമുഷ്ടി അവസാനിപ്പിക്കുവാൻ പ്രസ്ഥാനത്തിനു കഴിഞ്ഞു.

ഗവൺമെൻറിൻെറ ഉത്തരവു നടപ്പാക്കിക്കിട്ടുന്നതിനുപോലും ചെത്തുതൊഴിലാളികൾ സമരം ചെയ്യേണ്ടിവന്നു എന്നതാണു് നേരു്. ഈ ധാർമ്മിക സമരത്തിനിടയിലാണു് 1956 മേയ് 19, 20 എന്നീ തീയതികളിൽ തൃപ്പൂണിത്തുറ വച്ചു് തിരു–കൊച്ചി ചെത്തുതൊഴിലാളി ഫെഡറേഷൻ സമ്മേളനം നടന്നതു്. പ്രസ്ഥാനത്തിൻെറ ഗാംഭീര്യം തെളിയിക്കുന്നതായിരുന്നു ആ സമ്മേളനവും അതോടൊപ്പം പേമാരിയെ തോൽപിച്ചുകൊണ്ടു നടന്ന കൂററൻ ഘോഷയാത്രയും. തൊഴിലാളികളുടെ വരുമാനത്തിലും സേവന വ്യവസ്ഥയിലും ഉണ്ടായ ഗണ്യമായ നേട്ടങ്ങൾ യോഗം ആവേശപൂർവം വിലയിരുത്തുകയുണ്ടായി. എന്നാൽ ചെത്തുതൊഴിലാളികളുടെ നേട്ടങ്ങളെയാകെ തുരങ്കം വയ്ക്കുന്ന തരത്തിലുള്ള ഒരു ഭീഷണി അക്കാലത്തു തന്നെ ഭരണവൃത്തങ്ങളിൽ നിന്നുയർന്നുവന്നിരുന്നു. അതായതു് മദ്യ നിരോധന ഭീഷണി. ഇതിൻെറ പശ്ചാത്തലം വിവരിക്കാം. ഇന്ത്യ സ്വാതന്ത്ര്യയായപ്പോൾ ഭരണഘടനയുടെ നിർദ്ദേശക തത്വങ്ങളിലൊന്നു മദ്യനിരോധന നയമായിരുന്നു. അതനുസരിച്ച് ഓരോ സം

സ്ഥാനത്തിലും ഭാഗികമായും പൂർണമായും മദ്യനിരോധനം ഏർപ്പെടുത്തി. 1947-ൽ മദിരാശി ഗവണ്മെൻറ് മദ്യനിരോധനം നടപ്പിലാക്കിയപ്പോൾ മലബാർ പ്രദേശത്തെ ചെത്തുതൊഴിലാളികൾ തൊഴിലില്ലാത്തവരായി തീർന്നു. തിരു-കൊച്ചിയിലാകട്ടെ തിരുവനന്തപുരം ജില്ലയിലും കൊല്ലം ജില്ലയിലെ മൂന്നു താലൂക്കുകളും മദ്യനിരോധന മേഖലയായി. അതോടെ അവിടത്തെ അസംഘടിതരായിരുന്ന ചെത്തുതൊഴിലാളികൾ നിരാധാരരായി തീർന്നു. ഏതായിരുന്നാലും മററു പ്രദേശങ്ങളിൽ മദ്യനിരോധനം വ്യാപിപ്പിച്ചില്ല. 1955-ൽ ചെത്തുതൊഴിലാളി പ്രസ്ഥാനം സുസംഘടിതമായി തീർന്നപ്പോൾ മദ്യനിരോധന ഭീഷണി വീണ്ടും കേൾക്കാറായി. സംഘടിതമായ ചെത്തുതൊഴിലാളി പ്രസ്ഥാനം ഈ ഭീഷണിയെ നേരിടാൻ തന്നെ തീരുമാനിച്ചു. നിരോധന ഭീഷണിക്കെതിരായി വമ്പിച്ച പ്രക്ഷോഭണവും നിവേദന സമർപ്പണവും യൂണിയൻ നേതൃത്വം സംഘടിപ്പിച്ചു, തൽക്കാലത്തേയ്ക്ക് മദ്യനിരോധന മേഖല വ്യാപിപ്പിക്കുന്നതല്ലെന്നു് തിരു-കൊച്ചി ഗവണ്മെൻറ് ഉറപ്പുകൊടുത്തു. അപ്പോഴാണ് പി. എസ് റാവുവിൻെറ അഡൈ്വസർ ഭരണം നടപ്പിൽ വന്നതു്. ചില പ്രത്യേക പ്രദേശങ്ങളിൽ പെട്ടെന്നു് മദ്യനിരോധനം നടപ്പാക്കുമെന്നു് സൂചനകളുണ്ടായി. യൂണിയനുകൾ വീണ്ടും രംഗത്തിറങ്ങി തങ്ങളുടെ പ്രതിഷേധം അഡൈ്വസറെ അസന്നിഗ്ദ്ധമായ ഭാഷയിൽ തന്നെ അറിയിച്ചു. കൊടുങ്കാററുപോലുള്ള ഒരു പ്രക്ഷോഭണം രാജ്യമെങ്ങും വളർന്നുവരുന്നതിനു് ഫെഡറേഷൻ വടക്കൻ പറവൂർ വച്ചു് സംഘടിപ്പിച്ച സ്പെഷ്യൽ സമ്മേളനം ഉപകരിച്ചു. ഏ. ഐ. ടി. യു. സിയുടെയും യു. ടി. യു. സിയുടെയും പി. എസ്. പി യുടെയും നേതാക്കന്മാർ ചർച്ചയിൽ പങ്കെടുത്തു. 680 ചെത്തു തൊഴിലാളി പ്രതിനിധികളും മററു ജനവിഭാഗങ്ങളിൽ നിന്നുള്ള 350 സൗഹാർദ്ദ പ്രതിനിധികളും പങ്കെടുത്ത ഈ സമ്മേളനം കേരളകൗമുദി പത്രാധിപർ ശ്രീ. കെ. സുകുമാരനാണ് ഉൽഘാടനം ചെയ്തതു്. ചെത്തുതൊഴിലാളികൾക്കു് മുൻകൂട്ടി തൊഴിലും ജീവിതമാർഗവും ഏർപ്പെടുത്താതെ മദ്യനിരോധന മേഖല വ്യാപിപ്പിക്കരുതെന്നു് സമ്മേളനം ഗവണ്മെൻറിനോടാവശ്യപ്പെട്ടു. ഇരുപതയ്യായിരം തൊഴിലാളികളുടെ കുടുംബങ്ങളെ നിരാധാരരാക്കുന്ന യാതൊരു നടപടിയും ഗവണ്മെൻറു സ്വീകരിക്കരുതെന്നു് യോഗം താക്കീതു നൽകി. തൊഴിലാളികളുടെ നിവേദക സംഘത്തെ കാണുവാൻ അഡൈ്വസർ വിസമ്മതിച്ചുവെങ്കിലും ഗവർണർ അതിലിടപെടുകയും ചെത്തുതൊഴിലാളി ഫെഡറേഷൻ പ്രസിഡൻറുമായി അദ്ദേഹം സംഭാഷണം നടത്തുവാൻ തയ്യാറാവുകയും ചെയ്തു. പുതിയ മേഖലകളിൽ മദ്യനിരോധനം ഏർപ്പെടുത്തുകയോ നിലവിലുള്ള ഷാപ്പുകളുടെ എണ്ണം കുറയ്ക്കുകയോ ചെയ്യുകയില്ലെന്നു് ഗവർണർ ഉറപ്പുനൽകിയതു് ചെത്തുതൊഴിലാളികൾക്കെവർക്കും ആശ്വാസം നൽകി. വിശാലമായ ഒരു ഐ

ക്യവേദി കെട്ടിപ്പടുത്തുകൊണ്ട് ഈ പ്രശ്നത്തിൽ ട്രേഡ്‌യൂണിയൻ പ്രസ്ഥാനം ഇടപ്പെട്ടതും നിസ്തുലമായ വിജയം നേടിയതും പ്രസ്ഥാനത്തിന്റെ അജയ്യതയുടെ മാത്രം പ്രഖ്യാപനമായിരുന്നില്ല. തൊഴിലാളികളും, ബഹുജനങ്ങളും തമ്മിലുള്ള ഐക്യം സാദ്ധ്യമാണെന്നും ആവശ്യമാണെന്നും അതു തെളിയിച്ചു. ജീവിതത്തിന്റെ വിവിധ മണ്ഡലങ്ങളിൽ പ്രവർത്തിക്കുന്ന എത്രയോ വ്യക്തികളുടെ പിന്തുണയും സഹാനുഭൂതിയും നേടിയെടുക്കുവാൻ കേരളത്തിലെ ചെത്തു തൊഴിൽ രംഗത്തെ ട്രേഡ്‌യൂണിയൻ പ്രസ്ഥാനത്തിന് കഴിവുണ്ടായിരിക്കുന്നു എന്നും അതു തെളിയിച്ചു.

മെച്ചപ്പെട്ട കൂലിയും സേവനവ്യവസ്ഥകളും നേടിയെടുക്കുവാനുള്ള സമരം ചെത്തു തൊഴിലാളി പ്രസ്ഥാനം അക്ഷീണമായി തുടർന്നു. പിന്നണിയിൽ നിന്നിരുന്ന ഇതര തൊഴിലാളി വിഭാഗങ്ങളെപ്പോലെ മിനിമം വേജസ് തങ്ങൾക്കും ഉറപ്പിച്ചു കിട്ടണമെന്നും തൊഴിൽ പ്രശ്നങ്ങൾ തുടർച്ചയായി കൈകാര്യം ചെയ്യുന്നതിന് കള്ള് വ്യവസായത്തിൽ ഇൻഡസ്ട്രിയൽ റിലേഷൻസ് കമ്മിററി ഏർപ്പെടുത്തണമെന്നും ഫെഡറേഷൻ ആവശ്യപ്പെട്ടു. തുടർന്ന് മിനിമം വേജസ് ഷെഡ്യൂളിൽ ചെത്തു വ്യവസായത്തെയും ഉൾപ്പെടുത്തി. എന്നാൽ 1957 ഏപ്രിൽ അഞ്ചാം തീയതി കമ്യൂണിസ്റ്റു പാർട്ടി നേതൃത്വത്തിലുള്ള മന്ത്രിസഭ അധികാരമേറെറടുത്തതിനുശേഷമാണ് മിനിമം വേജസ് കമ്മിററിയും വ്യവസായബന്ധ കമ്മിററിയും ഉണ്ടായതു്.

മലബാർ ഭാഗത്തെ ചെത്തു തൊഴിലാളികളുടെ ചരിത്രം തിരു–കൊച്ചി വിഭാഗത്തെ തൊഴിലാളികളുടേതിൽ നിന്നു് വിഭിന്നമായിരുന്നു. 1947-ൽ മദിരാശി ഗവണ്മെൻറ് സ്വീകരിച്ച മദ്യനിരോധന നയം മൂലം മലബാർ ജില്ലയിൽ പൂർണ്ണമായ മദ്യനിരോധനം നടപ്പിൽ വന്നു. തൊഴിലാളിപ്രസ്ഥാനത്തിന്റെ മുന്നണിയിൽ തന്നെ അതുവരെ നിലയുറപ്പിച്ചിരുന്ന ആ ചെത്തു തൊഴിലാളികൾ തൊഴിൽ രഹിതരാകുകയും ദുരിതത്തിലാണ്ടുപോകുകയും ചെയ്തു. മദ്യനിരോധനത്തിന്റെ ഫലമായി ഗവണ്മെൻറിന് ഭീമമായ റവന്യൂ നഷ്ടമുണ്ടായി. പക്ഷെ മദ്യവർജനം പരാജയപ്പെട്ടു എന്നതാണ് വസ്തുത. കള്ളവാററും വ്യാജമദ്യ വിൽപനയും വ്യാപകമായ തോതിൽ നടന്നു. അതേ സമയം ചെത്തു തൊഴിലാളികൾക്ക് പകരം ജോലി നൽകാൻ വ്യവസ്ഥയുണ്ടാക്കിയതുമില്ല. നിരുത്തരവാദപരമായ ഈ പ്രവർത്തനം രാജ്യത്തെ തൊഴിലില്ലായ്മ അവസാനിപ്പിക്കുമെന്നുള്ള ഗവണ്മെൻറിന്റെ പ്രഖ്യാപനങ്ങൾ വെറും അർത്ഥശൂന്യമായ വാക്കുകളാണെന്നു് വ്യക്തമാക്കി. ഈ പ്രതിസന്ധിയിൽ മലബാറിലെ ട്രേഡ്യൂണിയൻ പ്രസ്ഥാനം നിസ്സഹായമായി നോക്കി നിന്നില്ല. ചക്കരക്കള്ളുചെത്തി ചക്കരയുണ്ടാക്കി കുടുംബം രക്ഷിക്കുവാൻ സൗകര്യപ്പെടുത്തിക്കിട്ടുന്നതിനുള്ള പ്രക്ഷോഭണസമരം ആരംഭിച്ചു. എന്നാൽ മദിരാശി ഗവ

ണ്മെൻറു ഇക്കാര്യത്തിൽ എന്തെങ്കിലും ചെയ്യുവാൻ ഒരുക്കമല്ലായിരുന്നു. ഏഴെട്ടു കൊല്ലത്തെ നിരന്തരമായ പ്രക്ഷോഭണത്തിനു ശേഷം മദിരാശി ഗവണ്മെൻറ് തെങ്ങിൻചക്കര ഉൽപ്പാദക സഹകരണ സംഘങ്ങൾ രൂപീകരിക്കുവാൻ മുൻകൈ എടുത്തു. അക്കാലത്തെ മദിരാശി നിയമ സഭയിലെ അംഗമായ പി. കെ. ഗോപാലകൃഷ്ണൻ ഇക്കാര്യത്തിൽ ഫല പ്രദമായ നിയമ സഭാ പ്രവർത്തനം നടത്തുകയുണ്ടായി എന്ന് മലബാറി ലെ ചെത്തു തൊഴിലാളി പ്രവർത്തകർ അനുസ്മരിക്കുന്നു. പക്ഷെ തൊഴി ലില്ലായ്മ ഗണ്യമായി പരിഹരിക്കുവാൻ ഈ നടപടി മൂലം സാധ്യമാ യില്ല. 1967—ൽ കേരളസർക്കാർ മദ്യ നിരോധന നയം പിൻവലിച്ച തോടുകൂടി ചെത്തുതൊഴിലാളികൾക്ക് തൊഴിലില്ലായ്മയിൽ നിന്നു മോ ചനം നേടുവാൻ കഴിഞ്ഞു.

നാട്ടിൻ പുറത്തെ പട്ടിണിപ്പാവങ്ങളുടെ സമര സംഘടനയായ കർഷ കത്തൊഴിലാളി യൂണിയനുകൾ ഇതര തൊഴിലാളി യൂണിയനുകളുടെ വർഗ സമരചൈതന്യത്താൽ പ്രബുദ്ധത നേടിക്കൊണ്ട് ഉശിരൻ സമ രങ്ങൾ നടത്തിയതും അതിരററ ത്യാഗങ്ങൾ സഹിച്ച് വിഖ്യാതമായ വിജയങ്ങൾ നേടിയതും 1952—നു ശേഷമാണ്. കർഷകത്തൊഴിലാളിക ളുടെ കൂലിനിരക്ക് നിജപ്പെടുത്തുന്നതിനായി ഒരു മിനിമം വേജസ് കമ്മിററിയെ നിയമിച്ചതു് ഈ കാലഘട്ടത്തിലാണ്. തൊഴിലാളികളുടെ അവകാശ സമ്പാദനാർത്ഥം കാർഷികരംഗത്തു പ്രധാന സമരങ്ങൾനടന്നതും ഈ സന്ദർഭത്തിൽത്തന്നെ ആയിരുന്നു. 1954—ൽ മുരിക്കൻെറ വീട്ടുപടി ക്കൽ നടന്ന സത്യഗ്രഹസമരവും മുൻകൃഷിവകുപ്പുമന്ത്രി പരേതനായ കെ. എം. കോരയുടെ വെള്ളിക്കിരാക്കം പാടത്തു പിക്കററിംഗ് സമരവും ന ടന്നു. മുരിക്കൻെറ കായലിൽ 1954—ൽ കൂലിത്തർക്കത്തിൻെറ പേരിലാ യിരുന്നു സമരമുണ്ടായതു്. ഒരു ഉന്നതതല സമ്മേളനം നിശ്ചയിച്ച കൂലി നിരക്ക് അനുസരിച്ച് സ്ത്രീ തൊഴിലാളികൾക്ക് മൂന്നിടങ്ങഴി നെല്ല് കൂ ലിയായിക്കൊടുക്കാൻ മുരിക്കൻ വിസമ്മതിച്ചു. അങ്ങനെ മുരിക്കൻെറ പാടത്തു് പണിമുടക്ക് തുടങ്ങി. രണ്ടായിരം മുതൽ മൂവായിരം വരെ തൊ ഴിലാളികളെവച്ച് പണിയെടുക്കേണ്ട സന്ദർഭമായിരുന്നു അതു്. പണി മുടക്കം പരിപൂർണമായിരുന്നു. 18 ദിവസം നീണ്ടുനിന്നു. മുരിക്കൻെറ വീടിനു മുൻവശം കാവാലത്ത് ആററിൽ വള്ളത്തിൽ ഇരുന്നുകൊണ്ടായി രുന്നു സത്യഗ്രഹം. അവസാനം സമരം വിജയിച്ചു. കേരളത്തിലെ കർ ഷക തൊഴിലാളി പ്രസ്ഥാനത്തിൻെറ ചരിത്രത്തിൽ ഒരു വഴിത്തിരിവാ യിരുന്നു അതു്.

1955—ലാണ് ശ്രീ. കെ. എം. കോരയുടെ പാടത്തു് സമരം നടന്ന തു്. രണ്ടു കൊയ്ത്തിനു് ഒരു തീർപ്പ് എന്ന ആവശ്യമുന്നയിച്ചതാണ് ഈ സമരത്തിനുണ്ടായ കാരണം. ഈ സമരത്തിൽ പോലീസ് ഇടപ്പെടു കയും അവരെ ചങ്ങനാശേരി ലോക്കപ്പിൽ കൊണ്ടുപോയി മർദ്ദിക്കുകയും

ചെയ്തു. ഈ സമരത്തെപ്പററി എസ്സ്. കെ. ദാസ് പറയുന്ന കാര്യങ്ങൾ ഇങ്ങനെ സംഗ്രഹിക്കാം. നൂറോളം സ്ത്രീകളും കുട്ടികളും വൃദ്ധകളും യുവതികളും മർദ്ദനത്തിനു വിധേയരായി. സഖാക്കൾ മറിയം, പാറു, ഭാരതി, പി. പി. ആൻറണി, ദേവസ്യാ തുടങ്ങി 70—ൽപ്പരം കർഷക തൊഴിലാളികളാണ് ലോക്കപ്പിലായതു്. ഇവരെ കൂടാതെ പറവേലി കൃഷ്ണൻകുട്ടി കാവാലം കൃഷ്ണൻകുട്ടി എന്നിവരും ആദ്യദിവസം തന്നെ കസ്റ്റഡിയിലായി. തൊഴിലാളികൾ ഭീകരമായ മർദ്ദനം ഏററു അറസ്റ്റു ചെയ്യപ്പെട്ട വിവരമറിഞ്ഞു അന്നു് യൂണിയൻ പ്രസിഡൻറായിരുന്ന വർഗീസ് വൈദ്യൻ പോലീസ് സ്റ്റേഷനിലെത്തി. അദ്ദേഹത്തെയും അറസ്റ്റ് ചെയ്തു; പൊതിരെ തല്ലി. സമരത്തിനു് ആവശ്യമായ കാര്യങ്ങൾ ചെയ്യാൻ വേണ്ടി ചങ്ങനാശ്ശേരിയിൽ ചെന്ന സ; സി. കെ. കേശവൻ, എം. കെ. മുകുന്ദൻ എ.നിവരെയും വെറുതെ വിട്ടില്ല. അവരേയും അറസ്റ്റ് ചെയ്തു. മർദ്ദിച്ചു. അതിൻെറ ഫലമായി സി. കെ. കേശവൻെറ വാരിയെല്ല് ഒടിഞ്ഞു. ഇതിനിടയിൽ കോര കൊയ്ത്തു് നടത്താനുള്ള ശ്രമമായി. പക്ഷെ, യൂണിയൻ പിക്കററിംഗ് പ്രഖ്യാപിച്ചു. അഡ്വൊക്കേററ് കല്യാണ കൃഷ്ണൻ നായരുടെ നേതൃത്വത്തിൽ പിക്കററ് ചെയ്യാൻ പാടത്തേക്ക് പോയ സഖാക്കളെ സ്ഥലത്തു് എത്തുന്നതിനു് മുൻപുതന്നെ പോലീസ് ഓടിയെത്തി പാടത്തിട്ടുതന്നെ തല്ലിച്ചതച്ചു. ചെങ്കൊടി ഉയർത്തിപിടിച്ചുകൊണ്ടു് പതറാത്തസ്വരത്തിൽ മുദ്രാവാക്യം വിളിച്ചുകൊണ്ടു് പോലീസിനേയും അമ്പരപ്പിക്കുമാറു് സഖാക്കൾ മുന്നോട്ടു നീങ്ങി. അവരേയും അറസ്റ്റ് ചെയ്തു. ആകെക്കൂടി അന്നു് രണ്ടു മൂന്നു ദിവസം ചങ്ങനാശ്ശേരി ലോക്കപ്പ് ''കാലൻെറ കൊലയറ''യായി മാറുകയാണുണ്ടായതു്. എന്തൊക്കെയായിട്ടും "തീർപ്പ്" തൊഴിലാളികൾ നേടിയെടുക്കുക തന്നെ ചെയ്തു.

ഈ സമരങ്ങൾ നടന്ന കുട്ടനാട്ടെയും പരിസരങ്ങളിലെയും കർഷകത്തൊഴിലാളികൾ ഈ സമരങ്ങളുടെയും തുടർച്ചയായ ട്രേഡ്യൂണിയൻ പ്രവർത്തനങ്ങളുടെയും ഫലമായി കേരളത്തിലെ കർഷകത്തൊഴിലാളി യൂണിയനുകളുടെ മുന്നണിവിഭാഗമായി തീർന്നു. കുട്ടനാട്ടിലേതുപോലുള്ള നിർണായകമായ സമരങ്ങൾ നടത്തുവാൻ കഴിഞ്ഞില്ലെങ്കിലും കേരളത്തിൻെറ പല ഭാഗങ്ങളിലും കർഷകത്തൊഴിലാളികൾ കൂടുതൽ അവകാശ ബോധമുള്ളവരായിത്തീർന്നു. സാമൂഹ്യമായ കടുത്ത അവശതയനുഭവിച്ച പട്ടികജാതി വിഭാഗത്തിൽ പെട്ട ഭൂരിപക്ഷം വരുന്ന കർഷകത്തൊഴിലാളികൾ അനുഭവിച്ചുവന്നിരുന്ന സാമൂഹ്യ മർദ്ദനത്തിനെതിരെ—അയിത്താചാരങ്ങളുടെ അവശിഷ്ടങ്ങൾക്കെതിരെ–കർഷകത്തൊഴിലാളി പ്രസ്ഥാനം നിർണായകമായ തോതിൽ ശബ്ദമുയർത്തി. കർഷകത്തൊഴിലാളികളുടെ സാമൂഹ്യമായ സമത്വത്തിനുവേണ്ടി ഫലപ്രദമായ പ്രവർത്തനം നടത്തുകയും ചെയ്തു.

മേച്ചിലോട്ട് വ്യവസായത്തിലെ ട്രേഡ്യൂണിയനുകൾ കൂലി വർദ്ധനവിനു വേണ്ടി നടത്തിവന്ന സമരങ്ങളിൽ ഉന്നയിച്ചിരുന്ന ആവശ്യങ്ങൾക്ക് ശാസ്ത്രീയമായ ഒരടിസ്ഥാനമുണ്ടാക്കുവാൻ ഇക്കാലത്ത് ട്രേഡ് യൂണിയൻ പ്രവർത്തകർ ക്രിയാത്മകമായ നേതൃത്വം നൽകിയെന്നുള്ളത് ശ്രദ്ധേയമാണ്. 1952-ൽ മലബാർ ടി. യു. സി യാണ് ഇതു ഫലപ്രദമായി നിർവഹിച്ചതെന്ന് ബാലചന്ദ്രമേനോൻ അനുസ്മരിക്കുന്നു. ഈ വ്യവസായത്തിലെ ഓരോ ജോലിയെപ്പററിയും അതിൻെറ സാങ്കേതിക വശത്തെ കുറിച്ചും ട്രേഡ് യൂണിയൻ പ്രവർത്തകർ നിഷ്കൃഷ്ടമായ ഒരു പഠനം നടത്തി. ഓരോ ജോലിയിലും ഉള്ള തൊഴിലാളി വിഭാഗത്തിൻെറ തൊഴിൽ വൈദഗ്ധ്യം അനുസരിച്ച് അവരെ വിവിധ കാററഗറികളിലാക്കി പ്രത്യേക കൂലിനിരക്കുകൾ നൽകണമെന്ന് കാണിച്ചുകൊണ്ടുള്ള അടിയന്തിരാവശ്യപ്പട്ടിക എ. ഐ. ടി. യു. സി (മലബാർ ടി. യു. സി) പ്രവർത്തകർ സമർപ്പിച്ചു. കെ. പി. ഗോപാലൻ, ബാലചന്ദ്രമേനോൻ, എൻ. സി. ശേഖർ, കോരുജി, ഓ. ജെ. ജോസഫ്, കല്ല്യാട്ടുകൃഷ്ണൻ തുടങ്ങിയവർ ഇതിനു വേണ്ടി മുൻകൈ എടുത്തു. ഫറോക്ക് പ്രദേശത്തെ ഓട്ടി വ്യവസായത്തൊഴിലാളി യൂണിയനുകൾ വളരെ സജീവമായി പ്രവർത്തിച്ചു വന്നിരുന്ന ഒരു കാലഘട്ടമായിരുന്നത്. കേരളത്തിലാകെ ഇരുപതിനായിരത്തിൽപരം തൊഴിലാളികൾ നൂററിഅൻപതിൽപരം ഫാക്ടറികളിലായി അക്കാലത്ത് പണിയെടുത്തുകൊണ്ടിരുന്നു. മെച്ചപ്പെട്ട സാങ്കേതിക വിദ്യയുടെയും വലിപ്പത്തിൻെറയും അടിസ്ഥാനത്തിൽ നോക്കുമ്പോൾ മലബാർ ഫാക്ടറികളായിരുന്നു വ്യവസായത്തിൻെറ മുന്നണിയിൽ നിന്നിരുന്നത്. ഇന്ത്യയിലാകെയുള്ള മേച്ചിലോട്ട് നിർമ്മാണത്തിൻെറ സ്ഥിതി വിവരക്കണക്കുകൾ വച്ചുനോക്കുമ്പോൾ കേരളത്തിൻെറ ഒരു കുത്തക വ്യവസായമായിരുന്നു മേച്ചിലോട്ട് വ്യവസായമെന്ന് പറയാൻ കഴിയുമായിരുന്നു. ഈ വ്യവസായം കൊണ്ട് വിദേശക്കമ്പനിയുടമകളടക്കം പല സ്ഥാപനങ്ങളും വ്യക്തികളും കണക്കററ ആദായം നേടിയിരുന്നു. പക്ഷെ പല തൊഴിലാളി വിഭാഗങ്ങൾക്കും ഗവൺമെൻറു മിനിമം വേജസിനുള്ള അർഹതയുണ്ടെന്ന് പ്രഖ്യാപിച്ചിട്ടും കേരളത്തിലെ ഏററവും പഴക്കം ചെന്ന വ്യവസായങ്ങളിലൊന്നായ മേച്ചിലോട്ട് വ്യവസായത്തിലെ തൊഴിലാളികൾക്കുവേണ്ടി ഒരു മിനിമംവേജസ് കമ്മിററി രൂപീകരിക്കുവാൻ തിരു—കൊച്ചി ഗവൺമെൻേറാ മലബാർ ഉൾപ്പെട്ടിരുന്ന മദിരാശി സംസ്ഥാനത്തിലെ ഗവൺമെൻേറാ തയാറായില്ല. തൊഴിലാളികൾക്ക് ഇതിൽ വളരെയധികം അസംതൃപ്തി ഉണ്ടായിരുന്നു. 1952 മുതൽ 1957 വരെയുള്ള കാലഘട്ടത്തിൽ കൂലി വർദ്ധനവിനുവേണ്ടിയും ബോണസ്സിനുവേണ്ടിയും ഓട്ട വ്യവസായത്തൊഴിലാളികൾ കോഴിക്കോട്ടും തൃശ്ശൂർ—പുതുക്കാട്ടു മേഖലയിലും ആലുവായിലും കൊല്ലം മേഖലയിലും നിരവധി സമരങ്ങൾ നടത്തി. 1952—ൽ മധ്യകേരളത്തിലുള്ള പുതുക്കാട്ടു മേഖലയിൽ നടന്ന സമരങ്ങളുടെ ഫലമായി ഒരു രൂപ കൂലി

കൂടുതൽ നേടിയെടുക്കുവാൻ കഴിഞ്ഞതായി തൊഴിലാളി നേതാവായ എം. എ. പരമൻ അനുസ്മരിക്കുന്നു. വ്യവസായത്തിൻെറ പ്രധാന കേന്ദ്രമായ കൊല്ലത്തും 1954–55 കാലഘട്ടങ്ങളിൽ ബോണസ്സിനുവേണ്ടി സുദീർഘമായ സമരങ്ങൾ നടന്നു. 1954–ൽ പഴയ മലബാർജില്ലയിൽ കോമൺവെൽത്തിൻെറ കൊടക്കൽ പ്രദേശത്തെ ഓട്ടു കമ്പനിയിൽ ഉണ്ടായ ലോക്കൗട്ടിനെ തുടർന്നു് നഷ്ടപരിഹാരത്തിനായി യൂണിയൻ ആവശ്യപ്പെടുകയും അതു് അഡ്ജൂഡിക്കേഷനുവിടുകയും ചെയ്തു. അക്കാലത്തു് ഏററവും അധികം ശ്രദ്ധ പിടിച്ചു പററിയ ഒരു തൊഴിൽ തർക്കമായിരുന്നതു്. വളരെയേറെ ജാഗ്രതയോടെ യൂണിയൻ കേസു നടത്തുകയും അരലക്ഷം രൂപ നഷ്ടപരിഹാരമായി (1956 ൽ) നൽകണമെന്ന വിധി സമ്പാദിക്കുകയും ചെയ്തു. ഓട്ടു തൊഴിലാളി പ്രസ്ഥാനത്തിൻെറ വലിയൊരു നേട്ടമായിരുന്നു ഈ സംഭവം. 1956–ൽ ബോണസ്സിനുവേണ്ടിയും മലബാർ ജില്ലയിലെ മേച്ചിലോട്ടു് വ്യവസായത്തൊഴിലാളികൾ വിജയകരമായ പണിമുടക്കുകൾ നടത്തുകയുണ്ടായി.

എന്നാൽ ഈ വ്യവസായത്തിലെ തൊഴിലാളികൾക്കു് മിനിമം വേജസ് അനുവദിപ്പിക്കുവാൻ യൂണിയനുകൾ നടത്തിയ പ്രക്ഷോഭണത്തെ അന്നത്തെ ഗവണ്മെൻറു് അവഗണിക്കുകയാണു് ചെയ്തതു്. 1957–ൽ കമ്യൂണിസ്റ്റു പാർട്ടിയുടെ നേതൃത്വത്തിലുള്ള മന്ത്രിസഭ നിലവിൽ വന്നതിനുശേഷമാണു് ഓട്ടു വ്യവസായത്തൊഴിലാളികൾക്കു് മിനിമം വേജസ്സു് ഏർപ്പെടുത്തുവാനുള്ള പ്രഥമ മിനിമംവേജസ് കമ്മിററി നിയമിക്കപ്പെട്ടതു്.

കേരളത്തിലെ ഒരു പ്രധാന തൊഴിലാളി വിഭാഗമായ സ്വകാര്യ ഉടമയിലുള്ള ബസ്സ് കമ്പനികളിലെ തൊഴിലാളികൾ രണ്ടാം ലോകമഹായുദ്ധത്തിനു മുമ്പുതന്നെ പലയിടത്തും സംഘടിതരായി തീർന്നിരുന്നു. അതിനെപ്പററി മുൻ അദ്ധ്യായങ്ങളിൽ സൂചിപ്പിച്ചിട്ടുമുണ്ടു്. സ്വാതന്ത്ര്യസമ്പാദനത്തിനുശേഷം ഈ മേഖലയിലെ തൊഴിലാളികൾ വ്യാപകമായി സംഘടിച്ചു തുടങ്ങി. 1949–ൽ തിരു–കൊച്ചി പ്രദേശത്തു് നടന്ന സ്റ്റേററു ട്രാൻസ്പോർട്ടു് തൊഴിലാളി പണിമുടക്കം സ്വകാര്യ ബസ് വ്യവസായത്തൊഴിലാളികളുടെയും പ്രത്യേക ശ്രദ്ധയ്ക്കു് വിഷയമായി എന്നു പറയേണ്ടതില്ലല്ലോ.

മദ്രാസ് സ്റ്റേററിലെ മലബാർ ജില്ലയിലെ മോട്ടോർ തൊഴിലാളികൾ ഇക്കാലത്തു് സംഘടിതമായി അവകാശങ്ങൾ ഉന്നയിച്ചെന്നു് ബാലചന്ദ്ര മേനോൻ അനുസ്മരിക്കുന്നു. തിരു–കൊച്ചിയിലെ തൃശ്ശൂരിലും കോട്ടയത്തും കായംകുളത്തും കൊല്ലത്തും ആററിങ്ങലും നെയ്യാററിൻകരയിലും മററും നിരവധി സമരങ്ങൾ അക്കാലത്തു് നടന്നു കൂലി വർധനവിനും മെച്ചപ്പെട്ട സേവന വ്യവസ്ഥകൾക്കും ബോണസിനും വേണ്ടിയാണു് ഈ സമരങ്ങൾ നടന്നതു്. മോട്ടോർ തൊഴിലാളി യൂണിയനുകളുടെ നിവേദന

ങ്ങൾ കണക്കിലെടുത്തുകൊണ്ടു ഗവണ്മെൻറ് 1954-ൽ മിനിമം വേജസ് പ്രഖ്യാപിച്ചു. പക്ഷെ, മിനിമം വേജസിനോടൊപ്പം ബാററയും ഗവണ്മെൻറ് നിശ്ചയിച്ചതു് മിനിമം വേജസ് നിയമത്തിൻെറ വ്യാപ്തിയിൽപ്പെട്ടതല്ലെന്നു് ചില തൊഴിലുടമകൾ ചൂണ്ടിക്കാണിക്കുകയും അവർ ഹൈക്കോടതിയിൽ കേസ്സ് കൊടുക്കുകയും ചെയ്തു. ഹൈക്കോടതി തൊഴിലുടമകളുടെ പരാതി ശരിവച്ചു. ഗവണ്മെൻറ് 1956-ൽ ഇതിൻെറ വെളിച്ചത്തിൽ ഒരു മിനിമം വേജസ് അഡ്വൈസറി കമ്മററിയെ നിയമിക്കുകയും ഹൈക്കോടതി തീരുമാനത്തിനു വിധേയമായി എന്തെല്ലാം ചെയ്യേണ്ടതുണ്ടെന്നു് അറിയിക്കുവാൻ കമ്മിററിയോടാവശ്യപ്പെടുകയും ചെയ്തു. തൊഴിലാളി പ്രതിനിധികളുടെ കൂട്ടത്തിൽ ററി. വി. തോമസ്സും കെ. കരുണാകരനും അംഗങ്ങളായിരുന്നു. 1957-ൽ ററി. വി. തോമസ്സ് തൊഴിൽ വകുപ്പുമന്ത്രിയായപ്പോൾ കളർകോട്ട് നാരായണനെ തൽസ്ഥാനത്തേയ്ക്ക് നിയമിച്ചു. 1957-ൽ ഈ കമ്മിററി സമർപ്പിച്ച റിപ്പോർട്ടിൽ ബാററാ കൂടി മിനിമം കൂലിയിലുൾപ്പെടുത്തി കൂലി വർദ്ധിപ്പിക്കേണ്ടതാണെന്നു് അഭിപ്രായപ്പെട്ടു. അതനുസരിച്ചു പുതിയ കൂലി നിരക്കുകൾ ശുപാർശ ചെയ്യുകയും ചെയ്തു.

പ്രൈവററ് മോട്ടോർ തൊഴിലാളികളുടെ ഏററവും വലിയ ഒരു പ്രശ്നം ജോലി സ്ഥിരതയില്ലായ്മയായിരുന്നു. പിരിച്ചു വിടൽ സാർവ്വത്രികമായിരുന്നു. സേവന ഭദ്രതയ്ക്കുവേണ്ടി മിക്ക മോട്ടോർ തൊഴിലാളി യൂണിയനുകളും കടുത്തസമരം നടത്തേണ്ടി വന്നു. കായംകുളത്തെ ആൾ ട്രാവൻകൂർ മോട്ടോർ വർക്കേഴ്സ് യൂണിയനും ആററിങ്ങലെ ചിറയിൻകീഴ് മോട്ടോർ വർക്കേഴ്സ് യൂണിയനും തിരുവനന്തപുരം ഡിസ്ട്രിക്ട് പ്രൈവററ് മോട്ടോർവർക്കേഴ്സ് യൂണിയനും മററും ഇതിനുവേണ്ടി നടത്തിയ സമരങ്ങൾക്ക് തൊഴിലുടമകളെ കുറെയൊക്കെ കടിഞ്ഞാണിടുവാൻ കഴിഞ്ഞു.

കേരളത്തിലെ പ്രസ് തൊഴിലാളികൾ ഇതര തൊഴിലാളി വിഭാഗങ്ങളെപ്പോലെ ഈ കാലഘട്ടത്തിൽ ഗണ്യമായ നേട്ടങ്ങൾ വരിച്ചു. എറണാകുളത്തും ആലപ്പുഴയിലും തിരുവനന്തപുരത്തും കോട്ടയത്തും മററും നിർണായകങ്ങളായ സമരങ്ങളാണു് നടന്നതു്. കോട്ടയത്തെ ദേശബന്ധു പ്രസ്സിലെ സമരം കേരളത്തിൻെറ മുഴുവൻ ശ്രദ്ധയേയും ആകർഷിച്ച സമരമായിരുന്നു. 1955-ലെ ഓണക്കാലത്തു് ആരംഭിച്ച സമരം ബോണസ്സ് നേടുന്നതിനുവേണ്ടിയാണു് തുടങ്ങിയതു്. ഈ അവകാശവാദം ഉന്നയിച്ചതിനു് 40 തൊഴിലാളികളെ ദേശബന്ധു പ്രസ്സിൻെറ ഉടമയായ കെ. എൻ. ശങ്കുണ്ണിപ്പിള്ള പിരിച്ചുവിട്ടു. 4 മാസം കഴിഞ്ഞിട്ടും ഈ സമരം ഒത്തുതീർപ്പിലാകാത്തതുകൊണ്ടു് കോട്ടയത്തെ ട്രേഡ്യൂണിയൻ കൗൺസിൽ നേതാക്കൻമാരായ സഖാക്കൾ സി. എസ്. ഗോപാലപിള്ള, എം. കെ. ജോർജ് തുടങ്ങിയവരുടെ നേതൃത്വത്തിൽ നൂറുകണ

ക്കിനു് സൗഹാർദ്ദ വാളണ്ടിയർമാർ കൂട്ടപ്പിക്കറ്റിംഗ് ആരംഭിച്ചു. 1956 ജനവരി 13–ാം നു- തിരു–കൊച്ചി ട്രേഡ്യൂണിയൻ കൗൺസിൽ പ്രവർത്തകസമിതി കോട്ടയത്തുവച്ചു് യോഗം കൂടുകയും സമരത്തെ പൂർവ്വാധികം ശക്തിപ്പെടുത്തുവാൻ തീരുമാനിക്കുകയും ചെയ്തു. പ്രസ് തൊഴിലാളികളുടെ മറ്റൊരു സമരത്തിനും ഇത്രയധികം പൊതുജനശ്രദ്ധ സംസ്ഥാനവ്യാപകമായി നേടിയെടുക്കുവാൻ കഴിഞ്ഞിരുന്നില്ല.

ഇതിനിടയിൽ നടന്ന ശ്രദ്ധേയമായ മറ്റൊരു സംഭവവികാസം തിരുവനന്തപുരം ഗവണ്മെൻറു് പ്രസ്സ് ജീവനക്കാർ ട്രേഡ്യൂണിയൻ അടിസ്ഥാനത്തിൽ സംഘടിച്ചു എന്നതാണു്. 1956 ലാണു് ഈ സംഭവം നടന്നതു്. ഇന്നു് ഗവൺമെൻറു് ജീവനക്കാർക്കിടയിലെ ട്രേഡുയൂണിയൻ പ്രസ്ഥാനം സർവ്വസാധാരണമായിട്ടുണ്ടെങ്കിലും അക്കാലഘട്ടത്തിൽ സ്റ്റേറ്റുട്രാൻസ്പോർട്ട് ജീവനക്കാരുടെയിടയിലുണ്ടായ ട്രേഡുയൂണിയൻ പ്രവർത്തനത്തെപ്പോലെ വളരെയധികം ശ്രദ്ധയർഹിച്ച ഒരു സംഭവമായിരുന്നു തിരുവനന്തപുരം ഗവണ്മെൻറു് പ്രസ്സ് തൊഴിലാളികളുടെ ഈ പുതിയ നീക്കം. ഗവണ്മെൻറു് പ്രസ്സ് തൊഴിലാളികളുടെ സംഘടന സ്വകാര്യ പ്രസ്സ് ജീവനക്കാരുടെ സമര സംഘടനകൾക്കു് അത്യന്തം പ്രോത്സാഹജനകമായിരുന്നു.

മിനിമം വേജസ്സ് നിയമം പ്രസ്സ് തൊഴിലാളികൾക്കും ബാധകമാക്കണമെന്നു് സ്വകാര്യ പ്രസ്സുടമകളുടെ കീഴിൽ പണിയെടുത്തുവന്ന തൊഴിലാളികൾ ശബ്ദമുയർത്തിയെന്നു് എൻ. കാർത്തികേയൻ അനുസ്മരിക്കുന്നു. സേവനവ്യവസ്ഥകൾ മെച്ചപ്പെടുത്തണമെന്നും ഇവരാവശ്യപ്പെട്ടു.

തിരുവനന്തപുരത്തെ സിററിവർക്കേഴ്സ് യൂണിയൻ അക്കാലത്തു് പ്രസ്സ് തൊഴിലാളി പ്രസ്ഥാനത്തിൻെറ മുൻനിരയിൽ പ്രവർത്തിച്ചിരുന്നു. ഏ. ഐ. ടി. യു. സി യുടെ പ്രവർത്തനം ഇതര തൊഴിലാളി വിഭാഗങ്ങളിൽ വ്യാപിപ്പിക്കുന്നതിനു് സംഘടനാപരമായ നേതൃത്വവും കാർത്തികേയനെപ്പോലുള്ള പ്രസ്സ് തൊഴിലാളി നേതാക്കന്മാർ ആരംഭകാലം തൊട്ട് നൽകുകയുണ്ടായെന്നതു് ആ കാലഘട്ടത്തിലെ പ്രസ്സ് തൊഴിലാളി പ്രസ്ഥാനത്തിൻെറ വർഗബോധത്തെ സ്പഷ്ടമാക്കുന്ന വസ്തുതയാണു്. ആലപ്പുഴയിലെയും എറണാകുളത്തെയും പ്രസ്സ് തൊഴിലാളി യൂണിയനുകളും വളരെ സജീവമായി പ്രവർത്തിച്ച സംഘടനകളുടെ ഉത്തമമായ ഉദാഹരണങ്ങളായിരുന്നു.

ഓയിൽ മിൽ വ്യവസായം കേരളത്തിലെ പരമ്പരാഗതമായ വ്യവസായങ്ങളുടെ കൂട്ടത്തിൽ പെടുന്നതാണു്. രണ്ടാം ലോകമഹായുദ്ധത്തിനു മുമ്പു് ഈ വ്യവസായം ആലപ്പുഴയിലും കൊല്ലത്തും കൊച്ചിയിലും കോഴിക്കോട്ടും മററും വളർന്നുവന്നിരുന്നു. 1940–നു ശേഷം സോപ്പു വ്യവസായം

ഇന്ത്യയിൽ പുഷ്ടിപ്പെട്ടുവന്നപ്പോൾ ഓയിൽമിൽ വ്യവസായവും വളർന്നു. ഈ തൊഴിലാളികളുടെ മുന്നണിവിഭാഗങ്ങളിൽ ഒന്നായിരുന്നു ആലപ്പുഴയിലെ ഓയിൽമിൽ തൊഴിലാളി പ്രസ്ഥാനം. ട്രാവൻകൂർ ഓയിൽ മിൽ, എൻ.സി. ജോൺ ഓയിൽമിൽ, പൊന്നച്ചൻ ജോസഫ് ഓയിൽ മിൽ തുടങ്ങിയ സ്ഥാപനങ്ങളിലെ തൊഴിലാളികൾ പിരിച്ചു വിടലിനെതിരായും കൂലിവെട്ടിക്കുറയ്ക്കുന്നതിനെതിരായും സമരങ്ങൾ നയിച്ചത് ആലപ്പുഴയിലെ കന്നിട്ട ആൻഡ് ഓയിൽ മിൽ വർക്കേഴ്സ് യൂണിയന്റെ നേതൃത്വത്തിലാണെന്നു് യൂണിയൻ വൈസ് പ്രസിഡന്റ് ഈ. വാസുദേവൻ അനുസ്മരിക്കുന്നു. 1952-ൽ തിരു-കൊച്ചി ഗവണ്മെന്റ് ഈ വ്യവസായത്തിലെ തൊഴിലാളികൾക്ക് മിനിമം വേജസ് നിശ്ചയിക്കുവാനായി ഒരു കമ്മിററിയെ ഏർപ്പെടുത്തി. എം. പി. മേനോൻ, ബി. കെ. നായർ, കെ. പങ്കജാക്ഷൻ എന്നിവരെയാണു് തൊഴിലാളി പ്രതിനിധികളായി നിയമിച്ചത്.

കേരളത്തിലെ ഓയിൽ മിൽതൊഴിലാളികളുടെ സവിശേഷമായ ശ്രദ്ധ ആകർഷിച്ചതാണ് അക്കാലത്തു് കോഴിക്കോട്ട് രാമദാസ് ഹരിദാസ് ഓയിൽ മിൽ പണിമുടക്കുസമരം. സേവന വ്യവസ്ഥകൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടി പ്രസിഡന്റ് ഈ. സി. ഭരതന്റെ നേതൃത്വത്തിൽ നടന്ന ഈ സമരത്തെ തകർക്കുവാനായി പോലീസ് മേധാവികൾ പരമാവധി ശ്രമിച്ചുവെന്നു് അന്നത്തെ പത്രറിപ്പോർട്ടുകൾ വ്യക്തമാക്കുന്നു. കരിങ്കാലികളെ കയററിയ ലാറികൾ ഫാക്ടറിക്കുള്ളിലേക്ക് കയററുവാൻ വേണ്ടി പോലീസ് ലാത്തിചാർജ് നടത്തുകയുണ്ടായി. മദിരാശി ഗവണ്മെന്റ് ഈ സമരത്തിൽ ഒത്തുതീർപ്പുണ്ടാക്കാനായി ഇടപ്പെട്ടിട്ടും തൊഴിലുടമകൾ പ്രാദേശിക പോലീസുമേധാവികളുടെ പിന്തുണയോടുകൂടി കുറെക്കാലം പിടിച്ചുനിന്നു. എന്നാൽ ഓയിൽ മിൽ തൊഴിലാളികളുടെ വർഗബോധവും പൊതുജനപിന്തുണയും മില്ലുടമയുടെ മർക്കടമുഷ്ടിയെ ദുർബലമാക്കി. മലബാറിലെ തൊഴിലാളികൾ അക്കാലത്തു് നടത്തിയ പ്രധാനപ്പെട്ട തൊഴിൽ സമരങ്ങളിൽ ഈ സമരം സവിശേഷമായ ശ്രദ്ധയർഹിക്കുന്നു. തൊഴിൽ തർക്കങ്ങളിൽ പോലീസ് ഇടപെടുന്നതുകൊണ്ടുള്ള ദോഷം ഈ സമരത്തിൽ വളരെ വ്യക്തമായിത്തീർന്നു. മദിരാശി ഗവണ്മെന്റ് മദ്രാശിയിൽ വച്ച് വിളിച്ചുകൂട്ടിയ അനുരഞ്ജനസമ്മേളനത്തിൽ പങ്കെടുക്കുവാൻ വിസമ്മതിച്ച തൊഴിലുടമസ്ഥരാണ് പോലീസ് കൂട്ടുനിന്നതും കരിങ്കാലികളെ പണിക്ക് കയററുവാൻ വേണ്ടി പണിമുടക്കിയ തൊഴിലാളികളെ ലാത്തിച്ചാർജ് ചെയ്തു പരുക്കേൽപ്പിച്ചതും. നീതി വിരുദ്ധമായ ഈ പോലീസുനയത്തിനെതിരായി മലബാർ കളക്ടർക്ക് മെമ്മോറാണ്ടം നൽകിയപ്പോൾ കളക്ടർ പറഞ്ഞതു് പോലീസ് തൊഴിൽ തർക്കത്തിൽ ഇടപെടരുതു് എന്നാണു് അദ്ദേഹത്തിന്റെ നിലപാട് എന്നത്രെ. ഗവണ്മെന്റിന്റെ പ്രഖ്യാപിതമായ

തൊഴിൽനയവും പോലീസിൻെറ യഥാർത്ഥ പ്രവൃത്തിയും തമ്മിൽ ഇത്രയധികം വൈരുധ്യം ഉണ്ടായിട്ടും ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ നേരെ നടപടിയെടുക്കുവാൻ കളക്ടർ യാതൊന്നും ചെയ്തില്ല എന്നതാണ് ഏററവും വിചിത്രമായി തോന്നിയത്. ഏതായാലും പോലീസിൻെറ കടിഞ്ഞാണില്ലാത്ത മർദ്ദനമുണ്ടായിട്ടും ഓയിൽ മിൽ തൊഴിലാളികൾ അവരുടെ സമരപരിപാടികൾ വിജയിപ്പിക്കുവാൻ അണിനിരന്നു എന്നതു് അഭിമാനകരമാണ്.

ഇന്ത്യയിലെ ആധുനിക വ്യവസായങ്ങളിൽ ചരിത്രപ്രസിദ്ധമായ സ്ഥാനമാണ് ടെക്സ്റ്റൈൽ മില്ലുകൾക്കുള്ളതു്. കാരണം നമ്മുടെ വ്യവസായവത്കരണം ആരംഭിച്ചതു് ആ വ്യവസായത്തിൽ നിന്നാണ്. അയൽ സംസ്ഥാനമായ തമിഴ്നാട്ടിലെപ്പോലെ വമ്പിച്ച തോതിൽ തുണിമില്ലുകൾ കേരളത്തിലുണ്ടായില്ല. എങ്കിലും കോഴിക്കോട്ടും കണ്ണൂരും കൊല്ലത്തും മററുമുള്ള മില്ലുകൾ പഴക്കം ചെന്നവയാണ്. സമരപാരമ്പര്യമുള്ള ഒരു ട്രേഡ്‌യൂണിയൻ പ്രസ്ഥാനമാണ് അവിടെയുള്ളതു്. 1952 നു ശേഷം കേരളത്തിലെങ്ങും പൂർവാധികം ശക്തിപ്പെട്ട ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിൽ ടെക്സ്റ്റൈൽ തൊഴിലാളി യൂണിയനുകളും ശ്രദ്ധേയമായ ഒരു പങ്കുവഹിച്ചിരുന്നു. മലബാറിലെ തിരുവണ്ണൂർ കാട്ടൺ മില്ലിൽ ബോണസ്സിനുവേണ്ടി നടന്ന സമരം പ്രസ്താവ്യമാണ്. ആലുവാ അശോകാ ടെക്സ്റ്റൈൽസിലും കൊല്ലത്തെ എ. ഡി. കാട്ടൺ മില്ലിലും ആമ്പല്ലൂർ ടെക്സ്റ്റൈൽ മില്ലിലും മററും തൊഴിലാളികൾ സേവനവ്യവസ്ഥകൾ മെച്ചപ്പെടുത്തുവാൻ സമരം നടത്തുകയുണ്ടായി. ഈ വ്യവസായത്തിൻെറ വിവിധ വശങ്ങളെപ്പററി സവിസ്തരമായ പഠനം നടത്തിയതിനു ശേഷം തയ്യാറാക്കപ്പെട്ട മദ്രാസ് ടെക്സ്റ്റൈൽ എൻക്വയറി കമ്മിററി റിപ്പോർട്ടിലെ ശുപാർശകൾ നടപ്പാക്കണമെന്നായിരുന്നു കേരളത്തിലെ പ്രധാനപ്പെട്ട ടെക്സ്റ്റൈൽ തൊഴിലാളിയൂണിയനുകൾ ആവശ്യപ്പെട്ടതു്. ഈ കാലഘട്ടത്തിൽ തന്നെ കേന്ദ്രഗവണ്മെൻറിൻെറ നിർദ്ദേശാനുസരണം തിരു–കൊച്ചി ഗവണ്മെൻറ് ടെക്സ്റ്റൈൽ തൊഴിലാളികളുടെ സേവനവ്യവസ്ഥകൾ പഠിക്കുന്നതിനായി ഒരു കമ്മിററിയെ നിയമിച്ചുവെന്നുള്ളതും ശ്രദ്ധേയമായ ഒരു സംഭവവികാസമായിരുന്നു. 1955-ൽ കേരളത്തിലെ വിവിധ ടെക്സ്റ്റൈൽ മില്ലുകളിലെ ട്രേഡുയൂണിയനുകൾ ഒരു സംയുക്ത സമ്മേളനം നടത്തുകയും പൊതുവായ അവകാശങ്ങൾക്കുവേണ്ടി പ്രക്ഷോഭണം നടത്തുവാൻ തീരുമാനിക്കുകയും ചെയ്തു. എണ്ണത്തിൽ കൂടുതലല്ലെങ്കിലും കേരളത്തിലെ ടെക്സ്റ്റൈൽ തൊഴിലാളികൾ ട്രേഡുയൂണിയൻ പ്രസ്ഥാനത്തിൻെറ മുന്നണിഭടന്മാരായിരുന്നു. തിരുവണ്ണൂർ കാട്ടൺ മിൽ തൊഴിലാളികളും ആമ്പല്ലൂർ മിൽ തൊഴിലാളികളും കൊല്ലത്തെ എ. ഡി. കാട്ടൺ മിൽ തൊഴിലാളികളും മുൻ കാലങ്ങളിലെന്ന പോലെ 1952 നുശേഷമുണ്ടായ ട്രേഡുയൂണിയൻ പ്രസ്ഥാന വികാസത്തിൽ ഗണ്യ

മായ ഒരു പങ്കുവഹിച്ചു. ഉദാഹരണത്തിന്, പിന്നോക്കം നിൽക്കുന്ന ഇതര തൊഴിലാളിവിഭാഗങ്ങളെ സംഘടിപ്പിക്കുവാൻ കൊല്ലത്തെ എ. ഡി. കാട്ടൺ മിൽ തൊഴിലാളിയൂണിയൻ പ്രവർത്തകർ ഈ കാലഘട്ടത്തിലും തുടർന്നു നടത്തിയ പ്രവർത്തനങ്ങൾ പ്രസ്താവ്യമാണ്.

കേരളത്തിലെ ഇന്നത്തെ ട്രേഡുയൂണിയൻ പ്രസ്ഥാനത്തിന്റെ ഏററവും സജീവവും നിർണായകവുമായ ഭാഗമാണ് പൊതുമേഖലസ്ഥാപനങ്ങളിലെയും ഗവണ്മെൻറ് ഡിപ്പാർട്ടുമെൻറുകളിലെയും മററിടത്തരം തൊഴിലാളി വിഭാഗങ്ങളുടെയും സംഘടനകൾ. എന്നാൽ ആദ്യകാലങ്ങളിൽ ഇവർ അസംഘടിതരായിരുന്നു എന്ന് മുൻ അദ്ധ്യായങ്ങളിൽ നിന്നു മനസ്സിലാകുമല്ലോ. ''വെള്ളക്കാളർ'' തൊഴിലാളി വിഭാഗമെന്നു് അറിയപ്പെടുന്ന ഈ വിഭാഗം സമരത്തിന്റെ പാതയിൽ വിജയപൂർവം മുന്നേറിത്തുടങ്ങിയതു് 1952 നു ശേഷം–കൃത്യമായി പറഞ്ഞാൽ 1954–ലെ ചരിത്ര പ്രസിദ്ധമായ തിരു–കൊച്ചി സ്റ്റേററു ട്രാൻസ്പോർട്ട് തൊഴിലാളി സമരത്തിനുശേഷം ആയിരുന്നു എന്നുള്ള വസ്തുത എപ്പോഴും ഓർമ്മിക്കേണ്ടതാണ്. കേരളത്തിലെ ട്രേഡു യൂണിയൻ പ്രസ്ഥാന ചരിത്രത്തിലെ ഏററവും പ്രധാനപ്പെട്ട ഒരു സംഭവമാണീ പണിമുടക്കമെന്നു് നിസ്സംശയം പറയാം. കാരണം അതിനു മുമ്പും അതിനു പിമ്പും ഉള്ള ഘട്ടങ്ങൾ തമ്മിൽ ട്രേഡു യൂണിയൻ പ്രസ്ഥാനത്തിന്റെ വളർച്ചയുടെ തോതിൽ തന്നെ പ്രകടമായ വ്യത്യാസങ്ങൾ കാണാൻ കഴിയും. അതുകൊണ്ട് ഈ സമരത്തെപ്പററി പ്രത്യേകിച്ച് വിവരിക്കുകയും അതിന്റെ പ്രധാന സ്വഭാവങ്ങളെപ്പററി പഠിക്കുകയും ചെയ്യേണ്ടതു് അത്യാവശ്യമാണ്.

ഇന്ത്യൻ തൊഴിലാളി വർഗ ചരിത്രം എന്ന പുസ്തകം എഴുതിയ സുകോമൾസെൻ അഭിപ്രായപ്പെടുന്നതു്, (അദ്ദേഹം വെള്ളക്കാളർ വിഭാഗക്കാരായ തൊഴിലാളി സംഘടനകളുടെ സുപ്രസിദ്ധ നേതാവുമാണ്) ഗവണ്മെൻറു ജീവനക്കാരുടെ ട്രേഡു യൂണിയൻ പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്ക് വ്യവസായ തൊഴിലാളികളുടെ പ്രസ്ഥാനത്തിന്റെ വളർച്ചയുമായി ചില വ്യത്യാസങ്ങളുണ്ടെന്നാണ്. ഗവണ്മെൻറു ജീവനക്കാരുടെ ട്രേഡു യൂണിയനുകൾക്ക് തുടക്കം മുതൽക്കേ കൊളോണിയൽ ഗവണ്മെൻറിന്റെ ശ്വാസം മുട്ടിക്കുന്ന എതിർപ്പുകളെ നേരിടേണ്ടിവന്നുവെന്നാണ് അദ്ദേഹം പറയുന്നതു്. ഗവണ്മെൻറു ജീവനക്കാരെ വിശാലമായ ജനസമുദായത്തിൽ നിന്നും അകററി നിർത്തുവാനും ജനവിരുദ്ധവും മർദ്ദക സ്വഭാവമുള്ളതുമായ കൊളോണിയൽ ഭരണകൂടത്തിന്റെ സന്നദ്ധസേനയായി. അവരെ സജ്ജീകരിക്കുകയും ചെയ്യുകയായിരുന്നു ഗവണ്മെൻറിന്റെ ലക്ഷ്യം. കൊളോണിയൽ ഗവണ്മെൻറിന്റെ ദാസന്മാരായ നാട്ടു രാജാക്കന്മാരും തിരുവിതാംകൂറിലും കൊച്ചിയിലും ചെയ്തു വന്നതു് ഇതു തന്നെയാണ്. ഗവണ്മെൻറു ജീവനക്കാരെ ചങ്ങലക്കിടാനും കൊളോണിയൽ ഭരണത്തിന്റെ സേവകന്മാരാക്കുവാനുമായി സാമ്രാജ്യത്വ ഗവണ്മെൻറും അവരുടെ കീഴി

ലുള്ള നാട്ടു രാജാക്കന്മാരും പല പെരുമാററച്ചട്ടങ്ങളുമുണ്ടാക്കി. 1947-ൽ ബ്രിട്ടീഷു ഭരണം അവസാനിച്ചശേഷവും ഈ ജനാധിപത്യ വിരുദ്ധ ചട്ടങ്ങ‌ാം റദ്ദു ചെയ്യപ്പെട്ടില്ല. മാത്രമല്ല അവയെ ഒന്നുകൂടി പിന്തിരിപ്പൻ സ്വഭാവമുള്ളതാക്കി തീർക്കുവാനാണ് ദേശീയ ഗവണ്മെൻറു നേതാക്കാം തീരുമാനിച്ചതു്. ഈ പശ്ചാത്തലത്തിലാണ് 1949-ൽ തിരു-കൊച്ചിയിലെ സ്റ്റേററു ട്രാൻസ്പോർട്ട് ജീവനക്കാർ സമരം ചെയ്തതു്. അവരോട് തിരു-കൊച്ചി ഗവണ്മെൻറു സ്വീകരിച്ച മനോഭാവം കഴിഞ്ഞ അദ്ധ്യായത്തിൽ വിവരിച്ചു കഴിഞ്ഞു. പിന്തിരിപ്പൻ ചട്ടങ്ങളുടെ പേരിൽ സംഘടനാ സ്വാതന്ത്ര്യം നിഷേധിക്കുവാൻ അധികൃതർ വീണ്ടും ഒരു ശ്രമം നടത്തി.

നിലവിലിരുന്ന ലാഭവീത ബോണസ്സിനു പകരം മാററിവയ്ക്കപ്പെട്ട കൂലിയെന്ന നിലയിൽ ബോണസ്സ് നൽകണമെന്നു് യൂണിയൻെറ പുതിയ പ്രസിഡൻറ് ടി. വി. തോമസ് ആവശ്യപ്പെട്ടു. (കെ.വി. സുരേന്ദ്രനാഥ് ആയിരുന്നു പുതിയ സെക്രട്ടറി) യൂണിയൻെറ ഈ അവകാശവാദത്തെ തോൽപ്പിക്കുവാനായി അന്നുവരെ പെൻഷൻ അവകാശമില്ലാതിരുന്ന ട്രാൻസ്പോർട്ട് ജീവനക്കാരെ പെൻഷനു് അവകാശമുള്ളവരാക്കിതീർക്കുവാൻ ഗവണ്മെൻറ് ഒരുങ്ങി. പെൻഷനു് അവകാശമുള്ള വിഭാഗക്കാർക്കു് ബോണസ് അനുവദിക്കുന്നതു ശരിയല്ലെന്ന വാദവും ഗവണ്മെൻറു ഉന്നയിച്ചു. മാത്രമല്ല ഇതിൻെറയെല്ലാം പ്രധാന ലക്ഷ്യമെന്താണെന്നും ഉടൻ തന്നെ വ്യക്തമായി. പെൻഷൻ അവകാശമുള്ള ജീവനക്കാർക്കു് ട്രേഡുയൂണിയൻ അവകാശവുമില്ല എന്ന നിലപാട് ഗവണ്മെൻറ് സ്വീകരിച്ചു. പട്ടംതാണുപിള്ളയായിരുന്നു അന്നത്തെ മുഖ്യമന്ത്രി. അദ്ദേഹം ഉത്തരവാദ ഭരണത്തിനു വേണ്ടി പോരാടിയ വ്യക്തിയെന്ന നിലയിൽ മാത്രമല്ല ട്രാൻസ്പോർട്ടു ജീവനക്കാരുടെ സംഘടനയുടെ മുൻ പ്രസിഡൻറ് എന്ന നിലയിലും ട്രാൻസ്പോർട്ട് ജീവനക്കാർക്കു് സംഘടനാ സ്വാതന്ത്ര്യവും ബോണസും നൽകുവാൻ ധാർമ്മികമായി കടപ്പാടുള്ള വ്യക്തിയായിരുന്നു എന്നതു് പ്രത്യേക ശ്രദ്ധയർഹിക്കുന്നു. പക്ഷെ തൻെറ പഴയ കഥയെല്ലാം മറന്നു് പട്ടംതാണുപിള്ളയുടെ മന്ത്രിസഭ ട്രാൻസ്പോർട്ട് തൊഴിലാളികളെ അടിച്ചമർത്താൻ ഇറങ്ങിപ്പുറപ്പെടുകയാണു് ചെയ്തതു്. ട്രാൻസ്പോർട്ട് തൊഴിലാളികളുടെ പ്രശ്നം ചർച്ചചെയ്യാൻ യൂണിയൻ നേതാക്കളെ കാണുവാൻ സാധ്യമല്ല എന്ന നിലപാടിൽ താണുപിള്ള സർക്കാർ മുറുകെപ്പിടിച്ചു. ഊർജ്ജസ്വലരായ യൂണിയൻ നേതൃത്വം സന്ദർഭത്തിനനുസരിച്ച് ഉയർന്നു. സംഘടനാ സ്വാതന്ത്ര്യത്തിനും ബോണസ് അവകാശത്തിനും മെച്ചപ്പെട്ട സേവന വ്യവസ്ഥകാംക്കും വേണ്ടി സമരം ചെയ്യാൻ തന്നെ ഉറച്ചു. അതനുസരിച്ച് പണിമുടക്കി ബാലററ് എടുത്തപ്പോഠം ബഹുഭൂരിപക്ഷം തൊഴിലാളികളും പണിമുടക്കിനനുകൂലമായി വോട്ടു ചെയ്യുകയും 1954 ആഗസ്റ്റ് 27-ാംതീയതി മുതൽ പണിമുടക്കാരംഭിക്കുകയും ചെയ്തു. തിരു-കൊച്ചി ടി. യു. സി. യുടെ (എ. ഐ. ടി.

യു. സി.) പ്രസിഡൻറ് എം. എൻ. ഗോവിന്ദൻനായരും സെക്രട്ടറി ആർ. സുഗതനും സംസ്ഥാനത്തെ സംഘടിത തൊഴിലാളി വർഗത്തിൻെറ സമര ശക്തി ട്രാൻസ്പോർട്ട് തൊഴിലാളികൾക്ക് വാഗ്ദാനം ചെയ്തു. സമര മാരംഭിക്കുന്നതിനു മുമ്പ് തന്നെ ഇടതുപക്ഷ ഐക്യമുന്നണി എം. എൽ. എ. മാർ സമരത്തിനനുകൂലമായി നിയമസഭക്കകത്ത് ശക്തിയായി വാദിച്ചു. ഇടതുപക്ഷ എം. എൽ. എ മാർ ട്രാൻസ്പോർട്ട് തൊഴി ലാളി ദിനാചരണം നടന്ന ഘട്ടത്തിൽ യൂണിയൻ ബാഡ്ജു ധരി ച്ചാണ് നിയമസഭയിൽ പ്രവേശിച്ചതു തന്നെ. രാജ്യത്തിലെ തൊഴി ലാളി വർഗത്തിൻെറ സിംഹഭാഗത്തിൻെറയും പ്രബുദ്ധരായ ജനസഞ്ചയ ത്തിൻെറ മുഴുവൻ പ്രതിനിധികളുടെയും പിന്തുണയോടെ ആരംഭിച്ച ഒരു സമരമായിരുന്നു അതു്. ഈ ജനകീയ പിന്തുണ കണ്ടു് ഭയന്ന ഗവൺമെൻറ് പോലീസിനു് പരമാധികാരവും നൽകിയെന്നു തന്നെ പറയാം. ആഗസ്റ്റ് 27–ാംതീയതി തന്നെ അമ്പതു സ്ഥലങ്ങളിൽ പോലീസു് ലാത്തിച്ചാർജ്ജ് നടത്തി. അഞ്ചു ദിവസം കൊണ്ടു് അയ്യായിരം തൊഴിലാളി പ്രവർത്ത കരെ പോലീസ് അറസ്റ്റ് ചെയ്തു കിരാതമായി മർദ്ദിച്ചു. ഇതിൽ എം. എൽ. എ മാർ ഉൾപ്പടെ വിവിധ യൂണിയൻ പ്രവർത്തകരുണ്ടായിരുന്നു. നടുറോഡിൽ കിടന്നു് ബസ് പിക്കററു ചെയ്ത നാട്ടിലെ പ്രബുദ്ധരായ യുവാക്കളെ പോലിസ് വയലാർ പുന്നപ്ര സമര കാലത്തു് പോലും കേട്ടിട്ടില്ലാത്ത മർദ്ദന മുറകൾ ഉപയോഗിച്ചു് ലാക്കപ്പിൽവച്ചും നടുറോ ഡിൽവച്ചും പോലീസ് വാനിൽ വച്ചും മർദ്ദിച്ചുവെന്നു് ഉത്തരവാദപ്പെട്ട പത്രങ്ങളും എം. പി. മാരും പ്രസ്താവന പുറപ്പെടുവിച്ചു. പണിമുടക്കിയ തൊഴിലാളികളെ ധാരാളമായി അറസ്റ്റ് ചെയ്തു. പലരെയും ഭീഷണിപ്പെ ടുത്തി. കരിങ്കാലികളെ പണിക്കു കയററി ബസ് ഓടിച്ചു. എന്നിട്ടും സമരത്തിനു് നേതൃത്വം നൽകിയവർ പിൻവാങ്ങിയില്ല. ബസ് പിക്ക ററിംഗു നടത്തുവാൻ പുതിയ പുതിയ വിഭാഗങ്ങൾ മുന്നോട്ടു വന്നു. അതേ സമയം മർദ്ദനം മൃഗീയമായ കിരാതരൂപങ്ങൾ കൈക്കൊണ്ടപ്പോൾ സം സ്ഥാനത്തെ ജനതയുടെ മനസാക്ഷിയെ ഞെട്ടിപ്പിച്ച ഒരു സ്ഥിതി വിശേ ഷമാണുണ്ടായതു്. ഈ വിവരങ്ങളറിഞ്ഞു് ഏ. കെ. ജി.യും പുന്നൂസും പാർലമെൻറിൽ ഇതേക്കുറിച്ചു് ഒരടിയന്തിര പ്രമേയം അവതരിപ്പിച്ചു. പക്ഷെ സ്പീക്കർ അനുമതി നിഷേധിച്ചു. അവർ ഉടൻ തന്നെ തിരുവനന്തപുരത്തെത്തി മുഖ്യമന്ത്രി താണുപിള്ളയെ കണ്ടു മർദ്ദനവിവര ങ്ങൾ അറിയിച്ചുവെങ്കിലും മുഖ്യമന്ത്രി അതേക്കുറിച്ചു് യാതൊരു അന്വേ ഷണവും നടത്താൻ ഒരുങ്ങിയില്ല. നടുറോഡിൽ നടന്ന മർദ്ദന രീതിയെ ക്കുറിച്ചു് 1954 ആഗസ്റ്റ് 29–ാംതീയതിയിലെ കേരളകൗമുദി റിപ്പോർട്ടു ചെയ്തിരുന്നതു് അക്ഷരം പ്രതി ശരിയായിരുന്നു എന്നു ട്രേഡു യൂണിയൻ പ്രവർത്തകർ അനുസ്മരിക്കുന്നു. കോട്ടയത്തു് റോഡിൽ പിക്കററു ചെയ്യുന്ന തൊഴിലാളികളെ എടുത്തു മാററുന്ന രീതി കണ്ടാൽ പോലീസുകാർക്ക് അമ്മമാരില്ലേ സഹോദരിമാരില്ലേ എന്നു മാത്രമേ തോന്നുകയുള്ളു എന്നാ

ണ്ട് കേരളകൗമുദി റിപ്പോർട്ട് ചെയ്തതു്. മർദ്ദനം മൂലം പിടയുന്ന തൊഴിലാളികളുടെ കഴുത്തിനു പിടിച്ച് വലിച്ചെടുത്തു നിലംതല്ലിപോലെ നിലത്തിട്ടു തല്ലി വലിച്ചെറിഞ്ഞു എന്നു് ആ റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്. മറെറാരു സമയത്തു് പിക്കററു ചെയ്ത തൊഴിലാളികളെ റോഡിൻെറ ഇരുവശത്തുമുണ്ടായിരുന്ന വെള്ളത്തിലേക്കു് എടുത്തെറിഞ്ഞുവെന്നും റിപ്പോർട്ടിൽ വ്യക്തമായി പറഞ്ഞിരുന്നു.

ഈ സമരത്തിൽ അറസ്റ്റ് ചെയ്തു ലോക്കപ്പിൽ കൊണ്ടു പോയവരെ മർദ്ദിച്ചരീതി സ്വാനുഭവത്തോടെ വെളിയം ഭാർഗവൻ പിൻക്കാലത്തു് വിവരിച്ചതു് ഇങ്ങനെയായിരുന്നു. ലോക്കപ്പിലെ ആ കാഴ്ച ഞാനൊരിക്കലും മറക്കുകയില്ല.... പലരും തല്ലു കൊണ്ടു തകർന്നു അങ്ങിങ്ങായി കിടക്കുന്നുണ്ടായിരുന്നു. പലരുടേയും മുറിവുകളിൽ നിന്നു് രക്തം വാർന്നൊഴുകുന്നുണ്ടായിരുന്നു. അർദ്ധരാത്രി വരെ സഖാക്കളെ ഇങ്ങനെ കൊണ്ടു വന്നു കൊണ്ടിരുന്നു. എല്ലാ ദിവസവും രാത്രി 12 മണി വരെയെങ്കിലും പോലീസിൻെറ ഇടതടവില്ലാത്ത മർദ്ദനവും നിലവിളിയും പോലീസിൻെറ അട്ടഹാസവുമായിരുന്നു.....

പിൽക്കാലത്തു് കേരളാ മന്ത്രിയായിത്തീർന്ന കെ. ടി. ജേക്കബ് തനിക്കുണ്ടായ അനുഭവങ്ങൾ ഇങ്ങനെയാണു് വിവരിച്ചതു്.... മുറിയിൽ നല്ല ഇരുട്ടായിരുന്നു. മൂന്നു നാലു പോലീസുകാർ അതിനകത്തുണ്ടായിരുന്നു. അവർ ആരെന്നറിയാൻ സാധിച്ചിരുന്നില്ല. ഇടി, തൊഴി, ചവിട്ടു് തുടങ്ങിയ മർദ്ദനങ്ങളാണു് ആരംഭിച്ചതു്. കുറച്ചു സമയത്തിനുള്ളിൽ ഞാൻ നിലത്തു വീണു പോയി.... എത്ര ഇടിച്ചു എന്നു് നിശ്ചയമില്ല. ഇടിച്ച സ്ഥാനത്തു തന്നെ വീണ്ടും ഇടിച്ചു. കല്ലു കൊണ്ടുള്ള ഇടിക്കു ശേഷം ഞാൻ തീരെ അവശനായി. ശരിയായ ബോധമില്ലാതെ.... (രജത ജൂബിലി സുവനീർ, ട്രാൻസ്പോർട്ടു് എംപ്ലോയീസ് യൂണിയൻ 1971—പേജ് 41, 42)

ഈ കിരാതമായ മർദ്ദനത്തിനെതിരായി ബഹുജന രോഷം ആളിക്കത്തി. ഒരു ട്രേഡ് യൂണിയൻ സമരത്തെ ഇങ്ങനെ ചോരയിൽ മുക്കിക്കൊല്ലാൻ സ്വതന്ത്ര ഭാരതത്തിൽ ഒരു ഭരണകൂടം ധൈര്യപ്പെടുന്നതു് കണ്ടു് ജനങ്ങൾ അമ്പരന്നു. എന്തു വില കൊടുത്തും ഈ മർദ്ദനം അവസാനിപ്പിക്കാനായി സമരം തുടങ്ങിയതിൻെറ അഞ്ചാം നാൾ അഞ്ചു ഐക്യമുന്നണി എം. എൽ. എ മാരും 5 ട്രാൻസ്പോർട്ടു തൊഴിലാളികളും നിരാഹാരസമരം ആരംഭിച്ചു. ടി. വി. തോമസ്, കോട്ടയം ഭാസി, ആർ. പ്രകാശം, എം പി. മേനോൻ, ടി, കെ. കൃഷ്ണൻ എന്നീ എം. എൽ. എമാരാണു് നിരാഹാര സമരം സെക്രട്ടറിയേററിനു മുൻപിൽ ആരംഭിച്ചതു്. സത്യാഗ്രഹികളെ മൂന്നാം ദിവസം ഗവണ്മെൻറ് അറസ്റ്റ് ചെയ്തു് സമരത്തെ പൊളിക്കുവാൻ ശ്രമിച്ചെങ്കിലും ഗവണ്മെൻറ് അതിൽ വിജയിച്ചില്ല.

ഏതാനും മണിക്കൂറുകൾക്കകം ഒത്തു തീർപ്പു സംഭാഷണം തുടങ്ങുവാൻ ഗവൺമെൻറ് നിർബ്ബന്ധിതമായി. ടി. വി. യും എം. എന്നും മന്ത്രിമാരും പൊതു ജനപ്രതിനിധികളും പങ്കെടുത്ത പ്രസ്തുത സംഭാഷണങ്ങളുടെ അടിസ്ഥാനത്തിൽ പണിമുടക്കു് പിൻവലിക്കുകയും ഗവൺമെൻറ് ട്രാൻസ്പോർട്ട് തൊഴിലാളികളുടെ പ്രശ്നങ്ങൾ പഠിച്ചു റിപ്പോർട്ടു ചെയ്യാൻ ഒരു അന്വേഷണക്കമ്മീഷനെ നിയമിക്കാമെന്നു സമ്മതിക്കുകയും ചെയ്തു. ഒത്തു തീർപ്പിനു ശേഷവും സ്റ്റേററു ട്രാൻസ്പോർട്ട് പണിമുടക്കത്തിൻെറ മാറെറാലി കെട്ടടങ്ങിയില്ല. അറസ്റ്റു് ചെയ്തിരുന്ന നൂറു കണക്കിനു് തൊഴിലാളി പ്രവർത്തകരെ ലാക്കപ്പിൽ നിന്നും വിട്ടയയ്ക്കാൻ മുഖ്യമന്ത്രി താണുപിള്ള തയാറായില്ല. അവരെ മോചിപ്പിക്കുവാൻ ഉള്ള പ്രക്ഷോഭണമാണു് തുടർന്നു നടന്നതു്. ജയിൽ വിമോചിതരായ തൊഴിലാളി പ്രവർത്തകരുടെ ആരോഗ്യം മർദ്ദനംമൂലം ആകെ തകർന്നു പോയിരുന്നു. ഇതു കൂടാതെ പിക്കറെറിംഗ് നടത്തിയ സമയത്തു് പോലീസ് അറസ്റ്റ് ചെയ്യാതെ നിലത്തിട്ടു് ചവുട്ടി ദൂരെ വലിച്ചെറിഞ്ഞ പ്രവർത്തകരുടെയും ആരോഗ്യം പാടെ ക്ഷയിച്ചിരുന്നു. സമരം അവസാനിച്ചയുടൻ പലയിടത്തും ട്രാൻസ്പോർട്ട് റിലീഫ് ക്യാമ്പുകൾ തുറന്നു. ആരോഗ്യം നഷ്ടപ്പെട്ട പ്രവർത്തർക്കു് ആവശ്യമായ വൈദ്യ സഹായം നൽകുവാൻ നാട്ടുകാർ മുൻകൈ എടുത്തു സംഘടിപ്പിച്ച ഈ ക്യാമ്പുകൾക്കു് ട്രേഡുയൂണിയൻ പ്രസ്ഥാനത്തിൻെറ ചരിത്രത്തിൽ അവിസ്മരണീയമായ ഒരു സ്ഥാനമുണ്ടു്. രണ്ടു മാസത്തോളം പ്രവർത്തിച്ച ക്യാമ്പുകൾ ഇക്കൂട്ടത്തിലുണ്ടു്. മർദ്ദനമനുഭവിച്ചവർക്കു് സാധാരണ വൈദ്യ സഹായത്തിനു പുറമെ വിദഗ്ദ്ധമായ തിരുമ്മു ചികിത്സയും നൽകുകയുണ്ടായി. ഇങ്ങനെയുള്ള ചികിത്സ കാരണം മിക്ക സഖാക്കൾക്കും വളരെയേറെ ആശ്വാസമുണ്ടായി. ചിറയിൻകീഴ് താലൂക്കിൽ വക്കം എന്ന സ്ഥലത്തുള്ള വിശ്വംഭരൻ വൈദ്യൻ തിരുമ്മു ചികിത്സ കൊണ്ടു് എത്രയോ സഖാക്കളുടെ വിലപ്പെട്ട ജീവൻ രക്ഷിച്ചു. ട്രേഡുയൂണിയൻ പ്രസ്ഥാനം കൃഷിക്കാരുടെയും കഷ്ടപ്പെടുന്ന ഇടത്തരക്കാരുടെയും സഹായത്തോടെ സംഘടിപ്പിച്ച റിലീഫ് ക്യാമ്പുകളും തിരു–കൊച്ചിയിലെ ഗവൺമെൻറിൻെറ കീഴിൽ പ്രവർത്തിച്ചു വന്ന പോലീസു ലാക്കപ്പുകളും മനുഷ്യ വർഗത്തിൻെറ രണ്ടു വിരുദ്ധ ഭാവങ്ങളെയാണു് പ്രദർശിപ്പിച്ചതു്. ഭരണ വർഗത്തിൻെറ ലാക്കപ്പുകളിൽ മനുഷ്യരെ മർദ്ദിച്ചു് ആരോഗ്യം നഷ്ടപ്പെടുത്തി മൃതപ്രായരാക്കുന്നുവെന്നു്, ട്രാൻസ്പോർട്ടു സമര കാലത്തു് ഉത്തരവാദിത്വപ്പെട്ട പത്രങ്ങളും എം. പിമാരടക്കം ജനപ്രതിനിധികളും ആരോപണ മുന്നയിച്ചപ്പോൾ കേരള ജനതയുടെ മാനസികമായ മൂല്യങ്ങൾ തകർന്നു പോയി എന്നു കരുതി അമ്പരന്നു പോയവരുണ്ടു്. പക്ഷെ റിലീഫു് ക്യാമ്പുകൾ മറെറാരു ചിത്രമാണു് പ്രദർശിപ്പിച്ചതു്. കേരളത്തിലെ സാധാരണക്കാരായ, അദ്ധ്വാനിക്കുന്നവരായ ജനങ്ങൾക്കു് മാനവികത നഷ്ടപ്പെട്ടിട്ടില്ലെന്നും അവർക്കു് സഹജാതരായ മനുഷ്യരോടു് വേണ്ടുവോളം സഹതാപം ഉണ്ടെന്നും ഈ

ക്യാമ്പുകൾ തെളിയിച്ചു കൊടുത്തു. ഈ ക്യാമ്പുകൾ അതിവേഗത്തിൽ ബഹുജനശ്രദ്ധയാകർഷിക്കുകയും ക്യാമ്പുകൾ നിലനിർത്താൻ വേണ്ടിയുള്ള പൊതുയോഗങ്ങൾ പലയിടത്തും നടത്തുകയും ചെയ്തു. ക്യാമ്പുകളിൽ നിസ്തുല സേവനമനുഷ്ഠിച്ച വിശ്വംഭരൻ വൈദ്യന് തിരു–കൊച്ചി ട്രേഡ് യൂണിയൻ കൗൺസിൽ പ്രസിഡൻറ് എം. എൻ. ഗോവിന്ദൻ നായർ നന്ദിസൂചകമായി പാരിതോഷികങ്ങൾ നൽകിയ രംഗം ആരെയും കോൾമയിർക്കൊള്ളിക്കുന്ന ഒരു കാഴ്ചയായിരുന്നു.

1954-ലെ ട്രാൻസ്പോർട്ട് തൊഴിലാളി സമരം ഇടത്തരക്കാരായ മററു ഗവൺമെൻറു ജീവനക്കാരുടെയിടയിൽ വലിയ ചലനമാണുണ്ടാക്കിയതു്. മ്യൂസിയം കണ്ടിൻജൻസി ജീവനക്കാരുടെ സംഘടനാ രൂപീകരണവും അവർ പിൽക്കാലത്തു നടത്തിയ സമരവും ഇതിനൊരുദാഹരണമാണ്. പൊതുമരാമത്തു വകുപ്പിലെ എൻ. എം. ആർ. കാരുടെ സംഘടന, ഇലക്ട്രിസിററി ജീവനക്കാരുടെ സംഘടന തുടങ്ങിയവയെല്ലാം സ്റ്റേററുട്രാൻസ്പോർട്ട് തൊഴിലാളി സമരത്തിൻെറ ആവേശമുൾക്കൊണ്ടുണ്ടായതാണെന്നു് പറഞ്ഞാൽ അതിൽ ഒരു അതിശയോക്തിയുമില്ല. എൻ. ജി. ഒ. മാരുടെയിടയിലും അദ്ധ്യാപകരുടെയിടയിലും ഈ സമരം ചലനമുണ്ടാക്കി. ട്രാൻസ്പോർട്ട് ജീവനക്കാരുടെ സമരനേതാവായ കെ. വി. സുരേന്ദ്രനാഥ് ഒരിക്കൽ അഭിപ്രായപ്പെട്ടതുപോലെ 1954 എന്ന വർഷം കേരളത്തിലെ ട്രേഡ്യൂണിയൻ പ്രസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഒരു 'വാട്ടർഷെഡാണ്'. വാട്ടർഷെഡ് എന്നു പറയുമ്പോൾ അതുകൊണ്ടർത്ഥമാക്കുന്നതു് വലിയ നദികൾക്ക് ഉത്ഭവം നൽകുന്ന പർവ്വതസ്ഥാനങ്ങളെയാണ്. ഉദാഹരണത്തിനു് ഹിമാലയപർവ്വതം ഗംഗ, ബ്രഹ്മപുത്ര, യമുന, തുടങ്ങിയ നദികൾക്കു് ഉത്ഭവം നൽകുന്ന വാട്ടർഷെഡാണെന്നു് പറയാം. അതുപോലെ 1954 മുതൽ ഉള്ള കാലഘട്ടം നിരവധി പുതിയ ട്രേഡ്യൂണിയൻ പ്രവർത്തനങ്ങൾക്കു് ജന്മം നൽകിയെന്നാണ് സുരേന്ദ്രനാഥ് അഭിപ്രായപ്പെട്ടതു്. ഈ പ്രക്രിയയ്ക്കുള്ള പ്രേരണ നൽകിയതു് 1954-ൽ നടന്ന സ്റ്റേററ്ട്രാൻസ്പോർട്ട് പണിമുടക്കമായിരുന്നുവെന്നു് നിസ്സംശയം പറയാം. ഗവൺമെൻറ് ജീവനക്കാർക്കു് സംഘടിക്കാനും സമരം ചെയ്യാനും കഴിയുമെന്നും എത്ര നിഷ്ഠൂരമായ മർദ്ദനത്തിനും അറുതി വരുത്തുവാൻ ജനശക്തിയ്ക്കു് കഴിയുമെന്നും ആ സമരം വെള്ളക്കോളർ ജീവനക്കാരെ കാണിച്ചുകൊടുത്തു. ആ വിഭാഗമാകട്ടെ 1954-നു തൊട്ട് ഇന്നുവരെയുള്ള കാലഘട്ടത്തിൽ ട്രേഡ്യൂണിയൻ പ്രസ്ഥാനത്തിൻെറ വർദ്ധമാനവും അതീവ സജീവവുമായ ഭാഗമായി തീർന്നിരിക്കുകയുമാണ്.

ട്രാൻസ്പോർട്ട് തൊഴിലാളി പണിമുടക്കം മറെറാരു തരത്തിലും പ്രാധാന്യമർഹിക്കുന്നുണ്ട്. കേരളത്തിൻെറ മലബാർ ഒഴിച്ചുള്ള ഭാഗത്തെ ട്രേഡ്യൂണിയൻ പ്രസ്ഥാനത്തെ മുഴുവൻ ഒന്നാകെ ചലിപ്പിച്ച ഒരു സമര

മായിരുന്നു അതു്. പ്രാദേശികമായ സമരമായിരുന്നില്ല അതു്, മാത്രമല്ല, കമ്യൂണിസ്റ്റുപാർട്ടിയുടെ നേതൃത്വത്തിൽ ഇടതുപക്ഷ പ്രസ്ഥാനത്തിലെ വിവിധ മണ്ഡലങ്ങളിൽ പ്രവർത്തിക്കുന്ന തൊഴിലാളികളും കൃഷിക്കാരും, മററിടത്തരക്കാരും ഈ സമരത്തിൽ അനുഭാവം പ്രകടിപ്പിച്ചു. മാത്രമല്ല സമരത്തിൽ നേരിട്ടു് പങ്കെടുത്തു. നടുറോഡിൽ വച്ചും, ലാക്കപ്പുകളിൽ വച്ചും, ഒന്നിച്ചു് മർദ്ദനമേററു. അതിനുശേഷം ഒന്നിച്ചു് റിലീഫ് ക്യാമ്പുകളിൽ പോയി ചികിത്സയ്ക്കു വിധേയരായി. അങ്ങനെ ട്രേഡ് യൂണിയൻ പ്രസ്ഥാനത്തെ കേന്ദ്രീകരിച്ചുകൊണ്ടുള്ള ഒരു വിപുലമായ ജനാധിപത്യ പ്രസ്ഥാനത്തിനു ഈ സമരം രൂപം നൽകി. കൂടാതെ ഈ സമരത്തിലെ തൊഴിലുടമ ഗവണ്മെൻറു തന്നെ ആയിരുന്നതിനാൽ ഗവണ്മെൻറും ട്രേഡ്‌യൂണിയൻ പ്രസ്ഥാനവും തമ്മിൽ നേരിട്ടുള്ള ഒരു ഏററുമുട്ടൽ കൂടിയായിരുന്നു അതു്. തൊഴിലാളികൾക്കു കൂടി നിർണ്ണായകമായ അഭിപ്രായ സ്വാതന്ത്ര്യം ഉറപ്പു നൽകുന്ന ഒരു ഇടതുപക്ഷഭരണം വേണമെന്നു് ആഗ്രഹം അദ്ധ്വാനിക്കുന്ന ജനങ്ങളിൽ പ്രബലമായിത്തീർന്നു. കാരണം മുൻ വിവരിച്ച തോതിലുള്ള പോലീസ് മർദ്ദനം സാധാരണ ജനങ്ങളുടെ മനോഭാവത്തിൽ വമ്പിച്ച വ്യത്യാസമാണു് ഉളവാക്കിയതു്. അതിനുശേഷം നടന്ന ആദ്യത്തെ പൊതുതിരഞ്ഞെടുപ്പിൽ ജനങ്ങൾ തൊഴിലാളിവർഗ പാർട്ടിയായ കമ്യൂണിസ്റ്റുപാർട്ടിക്കു് ഭരിക്കുവാൻ ഒരവസരം നൽകിയതു് സ്മരണീയമാണു്.

കേരളത്തിൽ ട്രാൻസ്പോർട്ടു് ജീവനക്കാരുടെ സമരം സുപ്രധാനമായ പ്രത്യാഘാതങ്ങൾ സൃഷ്ടിച്ച അതേവർഷത്തിൽ അഖിലേന്ത്യാ വ്യാപകമായ മറെറാരു വെള്ളക്കോളർ തൊഴിലാളിസമരം ഇന്ത്യാഗവണ്മെൻറിൻെറ തൊഴിലാളി വിരുദ്ധനയത്തെ തന്നെ പ്രതിക്കൂട്ടിലാക്കുകയുണ്ടായി. അതിൻെറ പശ്ചാത്തലം വിവരിക്കാം. ഇടത്തരക്കാരായ ജീവനക്കാരുടെ മുൻപന്തിയിൽ ആദ്യം മുതൽ നിലകൊണ്ടവരാണു് ബാങ്കു ജീവനക്കാർ. 1947 ലെ പുതിയ തൊഴിൽ തർക്ക നിയമം വന്നതിനുശേഷം ബാങ്കു് ജീവനക്കാർ അവരുടെ തൊഴിൽ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ശ്രമങ്ങൾ പല സംസ്ഥാനങ്ങളിലും നടത്തുകയുണ്ടായി. 1949 ആയപ്പോഴേക്കും ഇവരുടെ പ്രക്ഷോഭണത്തിൻെറ ശക്തി കേന്ദ്രഗവണ്മെൻറിനു് ബോധ്യപ്പെടുകയും 1949 ഏപ്രിൽ 30–ാനു- ബാങ്കുജീവനക്കാർക്കുള്ള അഖിലേന്ത്യാ ട്രൈബൂണൽ ഗവണ്മെൻറു് രൂപീകരിക്കുകയും ചെയ്തു. ഈ കാലഘട്ടത്തിൽ തന്നെ സംസ്ഥാന നിലവാരത്തിലുള്ള (ബാങ്കു ജീവനക്കാരുടെ) സംഘടനകൾ തമ്മിൽ കൂടിയാലോചിക്കുകയും അഖിലേന്ത്യാ ബാങ്കു് എംപ്ലായീസ് അസോസിയേഷൻ രൂപീകരിക്കുകയും ചെയ്തു. കേരളത്തിലെ ബാങ്കുജീവനക്കാരും ആദ്യം മുതൽക്കു് തന്നെ അഖിലേന്ത്യാ സംഘടനയുമായി ബന്ധം പുലർത്തുകയും അഖിലേന്ത്യാ പ്രക്ഷോഭണത്തിൽ അതീവശ്രദ്ധ പതിപ്പിക്കുകയും ചെയ്തിരുന്നു.

സ്വാതന്ത്ര്യം നേടിയ കാലഘട്ടത്തിൽ തന്നെ തിരുവിതാംകൂറിലെയും കൊച്ചിയിലെയും ബാങ്കജീവനക്കാർ ഒരു സംഘടനരൂപീകരിച്ചു. 1950 ലാണ് അഖിലേന്ത്യാ ട്രൈബ്യൂണലിൻെറ ചെയർമാർ കെ. സി. സെൻ തൻെറ അവാർഡ് നൽകിയതു്. പക്ഷെ ഇതു് ബാങ്കവ്യവസായം കൈയടക്കിവച്ചിരുന്ന ബാങ്കു പ്രഭുക്കന്മാർക്കിഷ്ടപ്പെട്ടില്ല. അവർ ഈ അവാർഡിനെതിരായി കേസുകൊടുക്കുകയും സുപ്രീം കോടതി ഈ അവാർഡു് റദ്ദാക്കുകയും ചെയ്തു. പക്ഷെ ബാങ്കുജീവനക്കാരുടെ പ്രക്ഷോഭണം മൂലം വീണ്ടും ഒരു ട്രൈബ്യൂണൻ നിയമിക്കപ്പെട്ടു. പക്ഷെ അതു പ്രവർത്തിക്കുകയുണ്ടായില്ല. അപ്പോഴാണ് പഞ്ചാപകേശശാസ്ത്രി ചെയർമാനായി മൂന്നാമത്തെ ട്രൈബ്യൂണൽ നിയമിതമായത്. ഇതിൻെറ വിധിക്കെതിരായി ബാങ്കുടമകളും ബാങ്കുജീവനക്കാരും ലേബർ അപ്പലേററ് ട്രൈബ്യൂണലിനെ സമീപിക്കുകയും സുപ്രസിദ്ധമായ എൽ. എ. ററി അവാർഡ് 1954 ഏപ്രിലിൽ പുറത്തു് വരികയും ചെയ്തു.

ഈ പരിതസ്ഥിതിയിൽ ഇന്ത്യാഗവണ്മെൻറു് ന്യായമായി ചെയ്യേണ്ടിയിരുന്നതു് എൽ. എ. ററി യുടെ അവാർഡ് നടപ്പാക്കുകയെന്നതായിരുന്നു. പക്ഷെ ബാങ്കുമുതലാളിമാരുടെ സമ്മർദ്ദംമൂലം ഇന്ത്യാഗവണ്മെൻറു് ഒരു ഓർഡിനൻസു വഴി ഈ അവാർഡിൽ ചില ഭേദഗതികൾ വരുത്തി. ഇന്ത്യയിലെ തൊഴിലാളിപ്രസ്ഥാനം എന്ന പുസ്തകമെഴുതിയ ജി. കെ. ശർമ്മ അഭിപ്രായപ്പെട്ടിരിക്കുന്നതു പോലെ ഒരു ട്രൈബ്യൂണലിൻെറ അവാർഡ് ഭേദഗതി വരുത്തുവാനുള്ള വിവേചനാധികാരം അന്നുവരെ കേന്ദ്രഗവണ്മെൻറ് ഉപയോഗിച്ചിരുന്നില്ല. ഇന്ത്യൻ ട്രേഡ് യൂണിയൻ പ്രസ്ഥാനം ഒരൊററ ശബ്ദത്തിൽ ഈ ഗവണ്മെൻറ് ഇടപെടലിനെ എതിർത്തു. അഡ്ജൂഡിക്കേഷൻ നടപടികളുടെ മേലുള്ള ഗവണ്മെൻറിൻെറ കടന്നാക്രമണം തൊഴിൽ നിയമങ്ങളുടെ പ്രയോജനത്തെയും പ്രശസ്തിയെയും ബാധിക്കുമെന്നു് നിഷ്പക്ഷമതികൾ ചൂണ്ടിക്കാണിച്ചു. പക്ഷെ ജവഹരിലാൽ നെഹ്റു തൻെറ ഗവണ്മെൻറിൻെറ ഈ തൊഴിലാളി വിരുദ്ധവും തൊഴിൽ നിയമങ്ങളെ നിർത്ഥകമാക്കുന്നതുമായ തൊഴിൽ നയത്തെ ന്യായീകരിക്കുകയാണുണ്ടായതു്. ഇതിൽ പ്രതിഷേധിച്ചു് നെഹ്റു മന്ത്രിസഭയിലെ തൊഴിൽ വകുപ്പുമന്ത്രി വി. വി. ഗിരി രാജിവച്ചപ്പോഴാണ് ഇന്ത്യാ ഗവണ്മെൻറിൻെറ തൊഴിൽ നയം പ്രതിച്ഛായ ഇല്ലാതായതു്. ഗവണ്മെൻറു നടപടിയെ ന്യായീകരിച്ച നെഹ്റുവിനു് ഗിരി ഉന്നയിച്ച വാദമുഖങ്ങൾ ശരിയാണെന്നു തന്നെ സമ്മതിക്കേണ്ടിവന്നു. ട്രൈബ്യൂണലുകളുടെ വിധിയെ മാനിക്കേണ്ടതാണെന്നു് നെഹ്റു പറഞ്ഞപ്പോൾ ആ പ്രസംഗം ശ്രവിച്ചുകൊണ്ടിരുന്ന ഇന്ത്യൻ ഭരണഘടനാശിൽപ്പിയായ അംബെദ്കർ പാർലമെൻറിൽ പറഞ്ഞതു് ശ്രദ്ധേയമാണു്. ട്രൈബ്യൂണലിൻെറ വിധിയെ ഭേദഗതി ചെയ്ത നെഹ്റു തന്നെ ട്രൈബ്യൂണൽ വിധിയെ മാനിക്കേണ്ടതാണെന്നു് പറയുന്നതു്

പണ്ടൊരിക്കൽ ഒരു യുവതി അവിഹിത ബന്ധത്തിലേർപ്പെട്ട് ഗർഭം ധരിച്ച് പ്രസവിച്ചപ്പോഴും പറഞ്ഞതുപോലെയാണെന്ന് അംബേദ്കർ അനുസ്മരിപ്പിച്ചു. ആ യുവതി ഇങ്ങനെയാണ് പറഞ്ഞത് "ശരിയാണ് ഈ ശിശു നിയമവിരുദ്ധമായ അവിഹിത ബന്ധത്തിലുണ്ടായതുതന്നെയെന്നു സമ്മതിക്കാം. പക്ഷെ ഒരു കാര്യമുണ്ട്, ഈ ശിശു വളരെ വളരെ ചെറുതാണ്." ഇതുപോലെയാണ് നെഹ്റു തന്റെ നടപടിയെ ന്യായീകരിക്കുന്നതെന്നും അവാർഡിനെ ഭേദഗതി ചെയ്യേണ്ട യാതൊരു കാര്യവുമില്ലെന്നും അംബേദ്കർ വ്യക്തമാക്കി. അവലംബം: ജി. എസ്. ഭാർഗവയുടെ "വി. വി. ഗിരി" എന്ന (ജീവചരിത്രത്തിൽ നിന്ന് പേജ് 110)

വി. വി. ഗിരി കേന്ദ്രതൊഴിൽ മന്ത്രിസ്ഥാനം രാജിവച്ചുകൊണ്ട് ഇന്ത്യാ ഗവൺമെന്റിന്റെ തൊഴിൽനയത്തെ എതിർത്തതു് 1954 ആഗസ്റ്റ് 30-ാംനുയായിരുന്നു. ഇന്ത്യാ ഗവൺമെന്റിന് ഗിരി ഉന്നയിച്ച വാദങ്ങളെ നിശബ്ദമാക്കുവാൻ കഴിഞ്ഞില്ല. ഏതാനും ദിവസങ്ങൾക്കകം തന്നെ ജസ്റ്റീസ് രാജാധ്യക്ഷയെ ബാങ്ക് ജീവനക്കാരുടെ പ്രശ്നങ്ങൾ പഠിക്കുവാനും അവാർഡ് ഭേദഗതിയെക്കുറിച്ച് റിപ്പോർട്ട് ചെയ്യാനും നിയോഗിക്കേണ്ടിവന്നു. (ഡെൽഹിയിൽ ഇന്ത്യാ ഗവൺമെന്റിന്റെ തൊഴിൽ നയത്തെ ബാധിക്കുന്ന ഈ സംഭവങ്ങൾ നടന്ന 1954 ആഗസ്റ്റ് 30-നും തൊട്ടടുത്ത ദിവസങ്ങളിലുമാണ് തിരു- കൊച്ചിയിലും കേരളത്തിലെ ട്രേഡ് യൂണിയൻ പ്രസ്ഥാന ചരിത്രത്തിലെ സുപ്രധാന സംഭവമായ സ്റ്റേറ്റ് ട്രാൻസ്പോർട്ട് തൊഴിലാളി സമരം നടന്നതു് എന്നതു് പ്രസ്താവ്യമാണ്.)

ജസ്റ്റീസ് രാജാധ്യക്ഷയുടെ ഏകാംഗ കമ്മിഷൻ ഇന്ത്യാ ഗവൺമെന്റു വരുത്തിയ ഭേദഗതി ആവശ്യമില്ലെന്ന് വിധി കല്പിച്ചു. ഇന്ത്യയിലെ ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിന്റെ വിജയവും ഇന്ത്യാ ഗവൺമെന്റ് തൊഴിൽ നയത്തിനെതിരെയുള്ള കുറ്റപത്രവുമായിരുന്നതു്.

എന്നാൽ ഈ ഒരംഗകമ്മിഷൻ തിരു-കൊച്ചിയെ അവാർഡിന്റെ പരിധിയിൽനിന്നും ഒഴിവാക്കുകയാണുണ്ടായതു്. പക്ഷെ തിരു-കൊച്ചിയിലെ ബാങ്കിംഗ് വ്യവസായത്തെ പ്രത്യേകമായി പരിശോധിക്കുന്നതിന് ഒരു പ്രത്യേക കമ്മിഷനെ നിയമിക്കണമെന്നും കമ്മിഷൻ ശുപാർശ ചെയ്തിരുന്നു. ഇതനുസരിച്ച് ബാങ്കിംഗ് കമ്മിഷൻ നിയമിതമാകുകയും തിരു-കൊച്ചി ബാങ്ക് എംപ്ലായീസ് യൂണിയൻ ഒരു മെമ്മോറാണ്ടം സമർപ്പിക്കുകയും ചെയ്തു. അന്ന് തിരു-കൊച്ചിയിൽ 161 ബാങ്കുകളുണ്ടായിരുന്നു. പക്ഷെ അതിൽ 144 ബാങ്കുകളിലെ ജീവനക്കാരെ ഈ ബാങ്കിന്റെ പരിധിയിൽനിന്നു മാററിയിരുന്നു. ബാക്കിയുള്ള 17 ബാങ്കുകളിൽ 16 എണ്ണത്തിന്റെയും മുപ്പതിനായിരമോ അതിൽ കുറവോ ജനസംഖ്യയുള്ള പട്ടണങ്ങളിലെ ബ്രാഞ്ചുകളിലെ ജീവനക്കാർക്ക് ഈ അവാർഡ് പ്രകാരമുള്ള ആനുകൂല്യങ്ങൾ നിഷേധിക്കപ്പെട്ടിരുന്നു എന്നതും ശ്രദ്ധേയമാണ്. ഇതു ശരിയല്ലെന്നും ചില ബാങ്കുകൾക്ക് സാമ്പത്തിക വൈഷമ്യ

മുണ്ടെങ്കിൽ അതു ബാങ്കുകഠം തമ്മിലുള്ള കിട മൽസരം കൊണ്ടാണെന്നും അതു പരിഹരിയ്ക്കത്തക്ക തരത്തിൽ നിയമനിർമ്മാണം കൊണ്ടുവരേണ്ടതുണ്ടെന്നും ഇന്നത്തെ ബാങ്കുകളിൽ ചിലതിൻെറ വൈഷമ്യങ്ങളുടെ പേരിൽ അവിടത്തെ ബാങ്കു ജീവനക്കാർക്ക് ആനുകൂല്യങ്ങഠം നിഷേധിക്കരുതെന്നും തിരു-കൊച്ചി ബാങ്ക് ജീവനക്കാർ പ്രക്ഷോഭം നടത്തി. 1954 നുശേഷം കേരളത്തിൽ പൊതുവായുണ്ടായ വെള്ളക്കാളർ ജീവനക്കാരുടെ മുന്നേററത്തിൻെറ ഒരു ഭാഗമായിരുന്നു തിരു-കൊച്ചി ബാങ്കുജീവനക്കാരുടെ ഈ പ്രക്ഷോഭണമെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. തിരു-കൊച്ചിയിൽ പട്ടം മന്ത്രിസഭയ്ക്കു് ശേഷം പനമ്പള്ളിയുടെ നേതൃത്വത്തിൽ ഉള്ള ഗവൺമെൻറു 1955-ൽ നിലവിൽ വരുന്നതിനുമുമ്പ് കേരളത്തിലെ ട്രേഡുയൂണിയൻ ചരിത്രത്തിൽ സുപ്രധാനമായ ഒരു സംഭവം നടന്നു. പട്ടം മന്ത്രിസഭയുടെ അവസാനദിവസങ്ങളിൽ കാൺഗ്രസ്സ് നേതാവായ പനമ്പള്ളി പട്ടത്തിനെതിരായി നിയമസഭയിൽ ഒരു അവിശ്വാസപ്രമേയം കൊണ്ടു വരികയുണ്ടായി. പട്ടം കമ്മ്യൂണിസ്റ്റ് പാർട്ടിയുംപ്പെടെയുള്ള ഇടതുപക്ഷ ഐക്യമുന്നണി എം. എൽ. എ മാരുടെ പിന്തുണ നേടുവാൻ ശ്രമിച്ചുവത്രെ. അപ്പോഠം അതിനുവേണ്ടി അദ്ദേഹം വയലാർ—പുന്നപ്ര കേസുകളിലെ തടവുകാരെ മുഴവൻ വിട്ടയച്ചു. കേരളത്തിലെ ട്രേഡ് യൂണിയൻ പ്രസ്ഥാനം ദേശീയസ്വാതന്ത്ര്യ സമരത്തിൽ ഉജ്ജ്വലമായ അധ്യായം രചിച്ച സമയത്തു് അതിനു നേതൃത്വം കൊടുത്ത ഈ സമര സേനാനികളുടെ മോചനം കേരളത്തിലെയെന്നല്ല ഇന്ത്യയിലാകെയുള്ള ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിൻെറ മഹത്തായ വിജയമായിരുന്നു. ഹർഷപുളകിതരായ നാട്ടുകാർ അവർക്കു് വീരോചിതമായ സ്വീകരണമാണ് നൽകിയതു്. 3295 ദിനരാത്രങ്ങഠം തടവറയിൽ കഴിച്ചതിനു ശേഷം വിമോചിതരായ ഇവർ നാട്ടിലെത്തിയ ഉടൻ വീണ്ടും ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിൻെറ മുൻനിരയിൽ നിന്നു് പടപൊരുതുവാൻ തുടങ്ങിയതു് അഭിമാനകരമായ മറെറാരു വസ്തുതയാണ്. പക്ഷെ അവരോടൊപ്പം ജയിലിൽ കഴിഞ്ഞ വയലാർ പുന്നപ്ര സമരത്തിൻെറ വീരസേനാനിയായ മുഹമ്മ അയ്യപ്പൻ സെൻട്രൽ ജയിലിൽനിന്നു് നാട്ടിൽ മടങ്ങിവന്നില്ല. ജനനം മുതൽ മരണം വരെ നാടിനുവേണ്ടി പൊരുതിയ ആ വീരഭടൻെറ—സെൻട്രൽ ജയിലിൽ പോലീസിൻെറ ബയണററു കുത്തേററ് വീരമൃത്യു അടഞ്ഞ അയ്യപ്പൻെറ—വീരചരിത്രം കേരളത്തിലെ ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിൻെറ കൈ മുതലായ ആത്മത്യാഗത്തിൻെറ ധാർമ്മിക സൗരഭ്യമുള്ള ഇതിഹാസ കഥയായി എന്നെന്നും വാഴ്ത്തപ്പെടേണ്ടതാണ്.

വെള്ളകോളർ ജീവനക്കാരോടൊപ്പം കേരളത്തിലെ തൊഴിലാളി രംഗത്തു് ശ്രദ്ധേയമായ പ്രവർത്തനം നടത്തിയ ആധുനിക വ്യവസായത്തൊഴിലാളികളുടെ മുന്നണി വിഭാഗങ്ങളിലൊന്നായിരുന്നു ആലുവാ

അലുമിനിയം കമ്പനിത്തൊഴിലാളികൾ. അവർ ഈ കാലഘട്ടത്തിൽ സംസ്ഥാനത്തെ തൊഴിൽ നയത്തിൻെറ തൊഴിലാളിവിരുദ്ധ സ്വഭാവത്തിനെതിരായി നടത്തിയ സന്ധിയില്ലാത്ത ഒരു സമരം പ്രത്യേക പഠനമർഹിക്കുന്നു. നഷ്ടമുള്ള വർഷങ്ങളിൽതന്നെ നാലുശതമാനം ബോണസ്സു നൽകിവന്ന ഇന്ത്യൻ അലുമിനിയം കമ്പനി 1955–ൽ ഭീമമായ ലാഭമുണ്ടായിട്ടും ഏഴരശതമാനം ബോണസ്സേ നൽകു എന്ന നിലപാടാണു സ്വീകരിച്ചതു്. തൊഴിലാളികൾ രണ്ടു മാസത്തെയെങ്കിലും ശമ്പളം ബോണസ്സായി കിട്ടണമെന്നാവശ്യപ്പെട്ടുകൊണ്ടു് പണിമുടക്കി. എന്നാൽ ഗവണ്മെൻറു് പെട്ടെന്നുതന്നെ അഡ്ജൂഡിക്കേഷനു് ഉത്തരവിട്ടു. ധൃതഗതിയിലുണ്ടായ ഈ നടപടി അസ്വീകാര്യമാണെന്നു കാണിച്ചുകൊണ്ടും അനുരഞ്ജന സാധ്യതകൾ ആരായുവാൻ ഉന്നതതല സമ്മേളനം വിളിച്ചുകൂട്ടണമെന്നു കാണിച്ചും യൂണിയൻ ഗവണ്മെൻറിനു് പരാതി നൽകി. അതോടൊപ്പം പണിമുടക്കം താൽക്കാലികമായി നിർത്തിവയ്ക്കുകയും ചെയ്തു. പക്ഷെ ഗവണ്മെൻറ് അനങ്ങിയില്ല. അതേ സമയം മാനേജ്മെൻറ് ഉൽപാദന ബോണസ് പദ്ധതിയെന്നൊരു പുതിയ പദ്ധതി തയ്യാറാക്കി തൊഴിലാളികളുടെ മുമ്പിൽ അവതരിപ്പിക്കുകയും ചെയ്തു. 1946—മുതൽ തിരുവിതാംകൂറിലെ തൊഴിലാളിവർഗം നേടിയെടുത്ത വാർഷിക ബോണസ് സമ്പ്രദായത്തിനു പകരമായി ഉല്പാദനബോണസ് അടിച്ചേൽപ്പിക്കുന്നതു് ശരിയല്ലെന്നു് യൂണിയൻ പ്രഖ്യാപിച്ചു. അഡ്ജൂഡിക്കേഷൻ നടപടികളും ബോണസ് സംബന്ധിച്ച വ്യതിയാനത്തിനും എതിരായി തൊഴിലാളികൾ വീണ്ടും പണിമുടക്കി. സംസ്ഥാനത്തെ മുഴുവൻ സംഘടിത തൊഴിലാളികളുടെ ശ്രദ്ധയാകർഷിച്ച സമരമായിരുന്നു ഇതു്. പണിമുടക്കം അൻപത്തിയാറുദിവസം നീണ്ടുനിന്നു. ഒടുവിൽ തൊഴിലുടമ വിട്ടുവീഴ്ചക്കൊരുങ്ങുകയും ഗവണ്മെൻറിൻെറ തെററായ തൊഴിൽ നയം പരാജയപ്പെടുകയും ചെയ്തു. രണ്ടുമാസത്തെ ശമ്പളം ബോണസ്സായി നൽകാമെന്നുള്ള കരാറിൽ ഇരുകൂട്ടരും ഒപ്പു വച്ചു. ധൃതിപിടിച്ചു് അഡ്ജൂഡിക്കേഷനു വിടുന്ന നയം അങ്ങനെ പരാജയപ്പെട്ടു. അനുരഞ്ജനത്തിൻെറ സാധ്യതകൾ അലുമിനിയം കമ്പനിയിൽ അതിനുശേഷം തെളിഞ്ഞു. ഒരു ദീർഘകാല ഉടമ്പടിയിൽ കമ്പനിയിലെ തൊഴിലാളിയൂണിയനും തൊഴിലുടമയും പിൽക്കാലത്തു് ഒപ്പുവച്ചതു് ഇതിനുള്ള ഉത്തമമായ ഉദാഹരണമാണു്.

ഭരണവർഗത്തിൻെറ തൊഴിൽ നയങ്ങളിലെ തൊഴിലാളി വിരുദ്ധമായ സ്വഭാവത്തെ വിമർശിക്കുകയും എതിർക്കുകയും ചെയ്യുക മാത്രമല്ല അക്കാലത്തു് കേരളത്തിലെ ട്രേഡ് യൂണിയൻ നേതൃത്വം ചെയ്തതെന്നു് പറയേണ്ടിയിരിക്കുന്നു. മെച്ചപ്പെട്ടതും ബദലായതുമായ ക്രിയാത്മകമായ ഒരു നയം പരിമിതമായ തോതിൽ ആണെങ്കിൽക്കൂടി നടപ്പിലാക്കുവാനും ട്രേഡുയൂണിയൻ പ്രസ്ഥാനത്തിൻെറ നേതാക്കന്മാർ തിരു–കൊച്ചി

യിലും മലബാറിലും ശ്രമിച്ചു. അതിനൊരുദാഹരണമാണ് ട്രേഡ്‌യൂണിയൻ പ്രവർത്തകർ 1953–മുതൽ ഭരണഭാരമേറെറടുത്ത ആലപ്പുഴ മുനസിപ്പൽ കൗൺസിൽ വഴിയും ആററിങ്ങൽ മുനിസിപ്പൽ കൗൺസിൽവഴിയും കാണിച്ച മാതൃക. മുനിസിപ്പൽ തൊഴിലാളികൾ അവരുടെ അവകാശങ്ങൾ നേടിയെടുക്കാൻ പരിശ്രമിച്ചുവന്ന ഒരു കാലഘട്ടമായിരുന്നു അതു്. ഈ തൊഴിലാളികൾക്ക് ചെയ്തുകൊടുക്കാവുന്ന ആനുകൂല്യങ്ങൾ സമരമൊഴിവാക്കിക്കൊണ്ടു് അനുവദിച്ചു കൊടുക്കുവാൻ തൊഴിലാളി പ്രസ്ഥാനത്തിൻെറ അനിഷേധ്യനേതാവായ ആലപ്പുഴയിലെ മുനിസിപ്പൽ ചെയർമാൻ ടി.വി.തോമസും ആലപ്പുഴയിലെ സഹപ്രവർത്തകന്മാരും ആററിങ്ങൽ മുനിസിപ്പൽ ചെയർമാനും തൊഴിലാളി പ്രവർത്തകനുമായ ആർ. പ്രകാശവും സഹപ്രവർത്തകരും മുൻകൈ എടുത്തതു് ഇതിനൊരുദാഹരണമാണു്. 1956 ൽ വീണ്ടുമുണ്ടായ നഗരസഭാ തിരഞ്ഞെടുപ്പിൽ കോട്ടയം, കൊല്ലം തുടങ്ങിയ മററു മുനിസിപ്പാലിററികളിലും ട്രേഡ്‌യൂണിയൻ പ്രവർത്തകരായ എൻ. രാഘവക്കുറുപ്പു തുടങ്ങിയവർ മുനിസിപ്പൽ ഭരണമേറെറടുത്തു. അവരും 1953 ൽ ആലപ്പുഴയിലും ആററിങ്ങലും മുനിസിപ്പൽ തൊഴിലാളി രംഗത്തു് നടപ്പാക്കിയ നയം തുടരുകയാണു് ചെയ്തതു്.

1954–ൽ മലബാറിൽ നടന്ന ഡിസ്ട്രിക്ട് ബോർഡു തിരഞ്ഞെടുപ്പിൽ ട്രേഡ്‌യൂണിയൻ പ്രവർത്തകരും കർഷകസംഘം പ്രവർത്തകരും കൂട്ടതലായി തിരഞ്ഞെടുക്കപ്പെട്ടു. ബഹുജന നേതാവായ പി. ടി. ഭാസ്ക്കരപ്പണിക്കരായിരുന്നു ബോർഡു പ്രസിഡൻറു്. പ്രതിപക്ഷാംഗങ്ങളെ കൂടി കഴിയുന്നതും സഹകരിപ്പിച്ചു കൊണ്ടു് അദ്ദേഹം ഡിസ്ട്രിക്ട് ബോർഡു് ജീവനക്കാർക്കു് കഴിവതും ആനുകൂല്യങ്ങൾ നൽകിയതു് കേരളത്തിലെ തൊഴിൽ രംഗത്തു് നല്ല കീഴ്‌വഴക്കങ്ങൾ സൃഷ്ടിച്ചു. അതിനു് മകുടം ചാർത്തുന്ന ചരിത്ര പ്രധാനമായ മറെറാരു നടപടിയും ഡിസ്ട്രിക്ട് ബോർഡു് സ്വീകരിച്ചു. ഇന്ത്യയിലാദ്യമായി മേയ് ദിനത്തിനു്—തൊഴിലാളി വർഗത്തിൻെറ അന്താരാഷ്ട്രപരമായ ഐക്യത്തിൻെറയും സമരൈക്യത്തിൻെറയും പ്രതീകമായ മേയ് ദിനം—ശമ്പളത്തോടുകൂടിയ അവധി നൽകുന്നതാണെന്നു് ബോർഡു് പ്രഖ്യാപിച്ചു. ഇതാണു് പിൽക്കാലത്തു് കേരള ഗവണ്മെൻറു് സ്വീകരിച്ചതു്. പക്ഷെ മലബാറിലെ ഡിസ്ട്രിക്ട് ബോർഡു് തുടങ്ങിയ നടപടി ഇന്നും ഇന്ത്യയിലെ കേന്ദ്രഗവണ്മെൻറു് സ്വീകരിക്കാതിരിക്കുന്നതു് അതിശയകരമായിരിക്കുന്നു.

ഈ കാലഘട്ടത്തിൽ മലബാറിലും തിരു–കൊച്ചിയിലും ഉള്ള നിരവധി തൊഴിലാളി വിഭാഗങ്ങളിൽ ട്രേഡ്‌യൂണിയൻ പ്രസ്ഥാനം സുശക്തമായ സമരങ്ങൾ നടത്തിയതു് അനുസ്മരിക്കേണ്ടിയിരിക്കുന്നു. ഉദാഹരണത്തിനു് കൊച്ചിയിലെ തുറമുഖത്തൊഴിലാളികൾ, പുനലൂർ പേപ്പർമിൽ, തിരുവനന്തപുരം റൈററാനിയം കമ്പനി, ചവറ മിനറൽ കമ്പനി,

കോട്ടയത്തെ സിമൻറ് ഫാക്ടറി, കോട്ടയത്തെ പ്ലൈവുഡ് കമ്പനി, കൊരട്ടിയിലെ ജമുനാ ത്രെഡ്മിൽ, കോഴിക്കോട്ടെ കൊളംബിയാ കുട നിർമ്മാണക്കമ്പിനി തുടങ്ങിയ നൂറുകണക്കിനു സ്ഥാപനങ്ങളിലെ തൊഴിലാളികൾ നിർണായകമായ പോരാട്ടങ്ങൾ വിജയകരമായി നടത്തുകയുണ്ടായി. ഇതിൽ കോട്ടയം സിമൻറു ഫാക്ടറിയിലെയും കൊച്ചിത്തുറമുഖത്തിലെയും സമരങ്ങൾ പിന്നീട്ട വിവരിക്കാം. വളരെയധികം പിന്നണിയിൽ കിടന്ന കരിങ്കൽ തൊഴിലാളികൾ മലബാറിലും തിരു–കൊച്ചിയിലും സംഘടിതരായിത്തീർന്നതു് തൊഴിലാളിപ്രസ്ഥാനത്തിൻെറ വ്യാപ്തി വർദ്ധിച്ചു എന്നുള്ളതിനു് ഒരു ഉദാഹരണമാണു്. പീടികത്തൊഴിലാളികളും ഹോട്ടൽത്തൊഴിലാളികളും വ്യാപകമായ തോതിൽ ഇക്കാലത്തു് സംഘടിക്കുകയുണ്ടായി. ഉദാഹരണത്തിനു് തൃശ്ശൂർ സുശക്തമായ ഷോപ്പ് എംപ്ലോയീസ് അസ്സോസിയേഷൻ രൂപീകരിച്ചതു് 1954–ലാണു്. എം. എ. കാക്കുവും മററു പ്രവർത്തകരും ആയിരുന്നു അതിനു് നേതൃത്വം നൽകിയതു്. 1955 മുതൽ തൊഴിൽ നിയമങ്ങൾ നടപ്പിലാക്കുവാനായി യൂണിയൻ പല സമരങ്ങളും നടത്തുകയുണ്ടായി. ചേംബർ ഓഫ് കോമേഴ്സ് ഷോപ്പ് എംപ്ലോയീസ് അസ്സോസിയേഷനെ അംഗീകരിക്കണമെന്നു് തൊഴിലാളികൾ ഒന്നടങ്കം ആവശ്യപ്പെട്ടു. 1956 ഡിസംബർ 2 മുതൽ 16–ാം തീയതിവരെ രണ്ടാഴ്ചക്കാലം ഷോപ്പ് ആക്ട് വാരമായി തൊഴിലാളികൾ ആചരിക്കുകയുണ്ടായി. 1951-ൽ നിയമപ്രാബല്യം കിട്ടിയ ഷോപ്പ് ആക്ട് നടപ്പിലാക്കുവാൻ തിരു–കൊച്ചി ഗവണ്മെൻറു് ശ്രദ്ധിച്ചിരുന്നില്ല. ഈ അശ്രദ്ധ അവസാനിപ്പിക്കുന്നതിനായി കേരളത്തിലെ ഒരു ലക്ഷത്തിലധികം വരുന്ന പീടികത്തൊഴിലാളികളെ അണിനിരത്തുവാൻ തൃശ്ശൂരിലെ തൊഴിലാളികൾ നേതൃത്വം നൽകിയതു് ശ്രദ്ധേയമായ ഒരു സംഭവമായിരുന്നു. ജനകീയ മന്ത്രിസഭ ഇല്ലാതിരുന്ന ആ സമയത്തു് (1956–ൽ) ഈ പ്രശ്നം സംബന്ധിച്ചു് ഗവർണർക്കു് ഒരു മെമ്മോറാണ്ടം നൽകി. 1957–ൽ പൊതുതെരഞ്ഞെടുപ്പു നടക്കുമ്പോൾ തൃശ്ശൂരിലെ ഷോപ്പ്തൊഴിലാളികളുടെ പ്രക്ഷോഭണം ശക്തിമത്തായി നടക്കുകയായിരുന്നു.

1952 മുതൽ 57–ലെ പൊതുതെരഞ്ഞെടുപ്പുവരെയുള്ള കാലഘട്ടത്തിൽ ട്രേഡ്യൂണിയൻ പ്രസ്ഥാനം അഭൂതപൂർവ്വമായ തോതിലാണു് വ്യാപിച്ചതു്. തൊഴിലാളികളുടെ ട്രേഡ്യൂണിയൻ ബോധം ശ്രദ്ധിച്ചു നോക്കിനിന്നു് ഗവണ്മെൻറു ജീവനക്കാരും ബാങ്ക് ജീവനക്കാരും അദ്ധ്യാപകരും വ്യാവസായിക സ്ഥാപനങ്ങളിലെ ഗുമസ്താവിഭാഗവും വർക്കിംഗ് ജേർണലിസ്റ്റുകളും മററും ട്രേഡ്യൂണിയൻ അടിസ്ഥാനത്തിൽ സംഘടിക്കുന്നതിനു് മുന്നോട്ടുവന്നുവെന്നതിനുപുറമെ എന്തിനു, അവരുടെ കൂട്ടത്തിൽ കലാകാരൻമാരും ട്രേഡ്യൂണിയനടിസ്ഥാനത്തിൽ സംഘടിക്കണമെന്നു് ഒ. എൻ. വി. കുറുപ്പിനെപ്പോലുള്ളവർ പരസ്യമായി ലേഖനം

എഴുതുകയും ചെയ്ത കാലഘട്ടമാണതു്. കുറുപ്പിൻെറ ലേഖനത്തിലെ ചില വരികഠം ശ്രദ്ധേയങ്ങളാണ്. എല്ലാ വിഭാഗം സാഹിത്യകാരന്മാരും കലാകാരന്മാരും ചില സംഘടനകളുടെ പന്തൽക്കീഴിൽ ചിലപ്പോഴൊക്കെ കൂടിയിരിക്കാറുണ്ട്. പക്ഷെ അതു കലാസാഹിത്യ പ്രശ്നങ്ങഠം ചർച്ചചെയ്യാനാണ്. സാഹിത്യത്തിലെ സ്തംഭനം മാത്രമാണ് അവിടെ ചർച്ച ചെയ്യപ്പെടാറുള്ളതു്. സ്വന്തം സാമ്പത്തിക ജീവിതത്തിലെ സ്തംഭനങ്ങഠം എന്തുകൊണ്ട അവർ ചർച്ചചെയ്യുന്നില്ല. ജീവിതത്തിലെ സ്തംഭനം കാണാതെയുണ്ടോ സാഹിത്യത്തിലെ സ്തംഭനചർച്ച? ഇങ്ങനെയാണ് ഓ. എൻ. വി. പ്രശ്നം അവതരിപ്പിച്ചതു്. കലാകാരന്മാരും ട്രേഡ്യൂണിയനടിസ്ഥാനത്തിൽ സംഘടിക്കുന്നതിനുള്ള സമയം വൈകിയിരിക്കുന്നുവെന്ന് 1956 മേയ് ദിനത്തിൽ പ്രസിദ്ധീകരിച്ച ട്രേഡ്യൂണിയൻ വാരികയുടെ വിശേഷാൽ പതിപ്പിൽ എഴുതിയ ഒരു ലേഖനത്തിൽ ഒ. എൻ. വി. അഭിപ്രായപ്പെട്ടു. സർവരാജ്യത്തൊഴിലാളികളെ സംഘടിക്കുക, നിങ്ങഠംക്കു് നഷ്ടപ്പെടാനുള്ളതു് കൈവിലങ്ങുകഠം മാത്രം എന്ന മാർക്സിൻെറയും എംഗൽസിൻെറയും വിഖ്യാതവും ഉത്തേജകവും ആയ ആഹ്വാനത്തെ കേരളത്തിലെ മിക്കവാറും എല്ലാ തൊഴിലാളി വിഭാഗങ്ങളും ചെവിക്കൊണ്ടതു് ഈ കാലഘട്ടത്തിലായിരുന്നു എന്നു് കാണാൻ കഴിയും. എന്നാൽ അക്കാലത്തു് തൊഴിലാളിവർഗത്തിനു് സംഘടിച്ചു മുന്നേറാനുള്ള പാത ഒട്ടും സുഗമമല്ലായിരുന്നു എന്നുള്ളതിൻെറ ഒരുദാഹരണമാണ് സ്റ്റേററുട്രാൻസ്പോർട്ട് തൊഴിലാളിസമരമെങ്കിൽ മററു് രണ്ടു് ഉദാഹരണങ്ങളാണ് കുപ്രസിദ്ധമായ മട്ടാഞ്ചേരി വെടിവയ്പു നടന്ന കൊച്ചിത്തുറമുഖ തൊഴിലാളി സമരവും ഗുണ്ടാമർദ്ദനം നടന്ന കോട്ടയത്തെ സിമൻറു തൊഴിലാളി സമരവും എന്നു പറയാൻ കഴിയും.

കൊച്ചിയിലെ തുറമുഖത്തൊഴിലാളികളുടെ നേർക്കു് തിരു—കൊച്ചി ഗവൺമെൻറ് വെടിവച്ചതു് 1953 സെപ്ററംബർ 15–നു- ആണ്. തൊഴിൽ പ്രശ്നം കൺസിലിയേഷൻ ആഫീസറോട്ട് ചർച്ച ചെയ്യാൻ പോയ പോർട്ട്കാർഗോ ലേബർ യൂണിയൻ സെക്രട്ടറി ടി. എം. അബു ആഫീസിൽ തിരിച്ചുവന്ന ഉടനെയാണ് പോലീസ് അറസ്റ്റ്ചെയ്തതു്. തുടർന്നു് കൊച്ചി തുറമുഖതൊഴിലാളി യൂണിയൻ നേതാക്കളായ എം. കെ. രാഘവനെയും (പ്രസിഡൻറ്) സെക്രട്ടറി എ. എ. കൊച്ചുണ്ണിയെയും പോലീസു അറസ്റ്റുചെയ്തു. ക്ഷുഭിതരായ ജനക്കൂട്ടം ജനനേതാക്കളെ വിട്ടയക്കണമെന്നാവശ്യപ്പെട്ടു. അപ്പോഴാണ് പോലീസു വെടിവച്ചതും സെയ്തു്, സെയ്താലി എന്നീ രണ്ടു് തൊഴിലാളികഠം മരിച്ചു വീണതും. അനേകം പേർക്കു് വെടികൊണ്ടു പരിക്കുപററി. അനേകം പ്രവർത്തകരെ ലാക്കപ്പിലിട്ടു മർദ്ദിച്ചു. മർദ്ദനമേററ് സി. എക്സ്. ആൻറണി എന്ന പ്രവർത്തകൻ മൃതിയടഞ്ഞു.

എന്താണീ വെടിവയ്പിനുള്ള കാരണം? 1951 മുതൽക്കു് അവിടെ യുണ്ടായിരുന്ന ഒരു വ്യവസ്ഥയനുസരിച്ചു് ലേബർ എക്സ്ചേഞ്ചു് രജി സ്റ്റർ ചെയ്യുന്ന ബത്തത്തൊഴിലാളികൾക്കു് സ്റ്റീവ്ഡോർമാർ ജോലി കൊടുക്കുന്ന പതിവു് വന്നു. തൊഴിലാളികളെ പണിക്കു് കൊണ്ടുപോ കുന്നതിനുള്ള ചാപ്പ യൂണിയൻ നേതൃത്വത്തിനെ ഏൽപിക്കാൻ സ്റ്റീവ് ഡോർമാർ തുടർന്നു സമ്മതിച്ചിരുന്നു. കൊച്ചിൻ പോർട്ട്കാർഗോ ലേ ബർ യൂണിയൻ നേതാക്കന്മാർ 1948-51 കാലഘട്ടത്തിൽ ജയിലിലോ ഒ ളിവിലോ ആയിരുന്നു. എല്ലാം തൊഴിലാളി വിഭാഗങ്ങളും അപ്പോൾ കൊ ച്ചിത്തുറമുഖത്തൊഴിലാളി യൂണിയനിൽ സഹകരിച്ചു് കഴിയുകയായി രുന്നു. 1952-ൽ ഏ. ഐ. ടി. യു. സി. പ്രവർത്തകരായ കാർഗോ ലേ ബർ യൂണിയൻ നേതാക്കൾ പുറത്തുവന്നപ്പോൾ അവർ ഈ ചാപ്പകൊട്ട ക്കൽ തുറമുഖത്തൊഴിലാളി യൂണിയൻ ഏററു വാങ്ങിയതു് തെററാണെന്നു് വാദിച്ചു. കൊച്ചിത്തുറമുഖത്തൊഴിലാളി യൂണിയനും പോർട്ട്കാർഗോ ലേബർ യൂണിയനും ഇതുസംബന്ധിച്ചു് ഒരഭിപ്രായൈക്യത്തിലെത്താൻ കഴിഞ്ഞില്ല. തുടർന്നു് കാർഗോ ലേബർയൂണിയൻ സ്വതന്ത്രമായ പ്രവർ ത്തനവുമാരംഭിച്ചു. തൊഴിലാളിയൂണിയനുകൾ തമ്മിൽ പലതവണയും ഐക്യസംഭാഷണങ്ങൾ നടന്നുവെങ്കിലും യോജിപ്പിൻെറ മേഖല കണ്ടെ ത്തുവാൻ കഴിഞ്ഞിരുന്നില്ല. അപ്പോഴാണു് ഐ. എൻ. ടി. യു. സി യൂണിയൻ ആവിർഭവിച്ചതു്. 1948-ൽ കൊച്ചിത്തുറമുഖത്തൊഴിലാളി യൂണിയൻ ഐ. എൻ. ടി. യു. സി യൂണിയനായിട്ടാണു് ആരംഭിച്ച തെങ്കിലും 1951 കാലഘട്ടത്തിൽ അതു ഐ. എൻ. ടി. യു. സി യുമാ യുള്ള ബന്ധം വിട്ടിരുന്നു. 1953 ജനുവരി 31-ാംനു- കേന്ദ്രഗവണ്മെൻറ് തൊഴിൽ കാര്യ ഡപ്യൂട്ടിമന്ത്രി അബീദാലി കൊച്ചിത്തുറമുഖത്തിൽ ഐ. എൻ. ടി. യു. സി യൂണിയൻ ഉൽഘാടനം ചെയ്തു. ഐ. എൻ. ടി. യു. സി യൂണിയൻ "ചാപ്പകൊട്ടക്കൽ" പിടിച്ചുപററാൻതന്നെ തീരുമാനി ച്ചു. അതുവരെ കൊച്ചിത്തുറമുഖത്തൊഴിലാളി യൂണിയൻ വഴി ചാപ്പ കൊട്ടത്തുവന്ന സ്റ്റീവ്ഡോർമാർ ഐ. എൻ. ടി. യു. സി യൂണിയനെ ചാപ്പ ഏൽപ്പിക്കുവാൻ തുടങ്ങി. കൊച്ചിത്തുറമുഖത്തൊഴിലാളി യൂണി യൻ ഐ. എൻ. ടി. യു. സി യുടെ ഈ ആക്രമണത്തെ എതിർത്തു. പോർട്ട്കാർഗോ ലേബർ യൂണിയനും കൊച്ചിത്തുറമുഖത്തൊഴിലാളി യൂ ണിയനും യോജിച്ചു് സമരം ചെയ്യണമെന്നു് തീരുമാനിച്ചു. ഇതാണു സമരത്തിൻെറ പശ്ചാത്തലം. ഈ പ്രശ്നങ്ങൾക്കു് സമാധാനപരമായ ഒരു പരിഹാരം ഉണ്ടാക്കുവാൻ കൺസിലിയേഷൻ ആഫീസർ ശ്രമിച്ചുവ രവെയാണു് പോലീസ് നേതാക്കളെ അറസ്റ്റു് ചെയ്തതും വെടിവെച്ചതും. കുറെക്കാലത്തേക്കു് കൊച്ചിത്തുറമുഖത്തിലെ യൂണിയൻ പ്രവർത്തനങ്ങൾ സ്തംഭിച്ചുനിന്നെങ്കിലും ട്രേഡുയൂണിയൻ പ്രസ്ഥാനം പിന്നീടും മുന്നേറുക യാണുണ്ടായതു്. വെടിവയ്പു കേസിലെ എല്ലാവരും കീഴ്ക്കോടതി യിൽ ശിക്ഷിക്കപ്പെട്ടെങ്കിലും അപ്പീൽ കൊടുത്തപ്പോൾ ഒരാളൊഴി

കെ എല്ലാവരെയും വെറുതെ വിടുകയാണുണ്ടായതു്. കേസിൽ ചടയം മുറി, പി. ഗംഗാധരൻ, ടി. എം. അബ്ബു തുടങ്ങിയവർ പ്രതികളായിരുന്നു. തൊഴിലാളികളുടെ ഡീകാഷ്വലൈസേഷനു വേണ്ടി കൊച്ചിത്തുറമുഖ ത്തൊഴിലാളി യൂണിയനും പോർട്ടു കാർഗോ ലേബർ യൂണിയനും കേന്ദ്ര ഗവണ്മെൻറിൻെറ മുമ്പാകെ നിരവധി നിവേദനങ്ങൾ നടത്തി. കൊച്ചി ത്തുറമുഖത്തൊഴിലാളി യൂണിയൻ നേതാക്കളായ എം. കെ. രാഘവനും ഏ. ഏ. കൊച്ചുണ്ണിയും ഏ. ഐ ടി. യു സി നേതാക്കളായ ടി. എം. അബ്ബുവും കെ. ഏ. രാജനും മററും ഈ കാലയളവിൽ ഇതിനു വേണ്ടി പരിശ്രമിച്ചിരുന്നു. മട്ടാഞ്ചേരി വെടിവയ്പ്പിലൂടെ പോലിസും ഹാർബർ ഭരണാധികാരികളും കൂടി അഴിച്ചുവിട്ട മർദ്ദനത്തിനു് ട്രേഡ്യൂണിയൻ പ്രസ്ഥാനത്തെ അടിച്ചമർത്താൻ കഴിഞ്ഞില്ല എന്നാണു് ഇതു് കാണിക്കുന്നതു്.

കോട്ടയത്തു് ട്രേഡുയൂണിയൻ പ്രസ്ഥാനത്തിനു് ഭീഷണിയായി നിന്നതു് അന്ധമായ കമ്യൂണിസ്ററു വിരോധത്തിൻെറ പേരിലുള്ള കക്ഷി രാഷ്ട്രീയമായിരുന്നു. 1951–ൽ ടി. വി. തുടങ്ങിയ തൊഴിലാളി നേതാക്കന്മാർ വിമോചിതരായപ്പോൾ അവർക്കു് കോട്ടയത്തുവച്ചു് നടന്ന സ്വീകരണയോഗം യഥാർത്ഥത്തിൽ അവിടത്തെ ട്രേഡുയൂണിയൻ പ്രസ്ഥാനത്തിൻെറ വളർച്ചയ്ക്കു് അടിത്തറയിട്ട സംഭവമായിരുന്നു എന്നു് കോട്ടയത്തെ തൊഴിലാളി പ്രസ്ഥാനത്തിൻെറ മുന്നണിയിൽ നിന്ന വാസുദേവക്കുറുപ്പ് അനുസ്മരിക്കുന്നു. കോട്ടയം സിമൻറു ഫാക്ടറി യൂണിയൻ നാമ്പെടുക്കുന്നതു് അങ്ങനെയാണു്. അതിൻെറ വളർച്ച അതിവേഗത്തിലായിരുന്നു. 51 ഡിസംബർ 12–ാംനു ഫാക്ടറിയിൽ നടന്ന സൂചനാ പണിമുടക്കത്തെ തുടർന്നു് പോലീസു നടത്തിയ ലാത്തിച്ചാർജ്ജ് ട്രേഡുയൂണിയൻ പ്രസ്ഥാനത്തെ തളർത്തിയില്ല. പ്രസ്ഥാനത്തിൻെറ മുന്നണിയിൽ നിന്ന തൊഴിലാളിയായ മാധവനെപ്പോലുള്ളവരെ ജനങ്ങൾ പഞ്ചായത്തു മെമ്പർമാരായി തിരഞ്ഞെടുക്കുകയും ചെയ്തു. പഞ്ചായത്തു മെമ്പറായ മാധവനാകട്ടെ ഇതരതൊഴിലാളി വിഭാഗങ്ങളെ കൂടി ട്രേഡുയൂണിയൻ പ്രസ്ഥാനത്തിൽ പങ്കെടുപ്പിക്കുവാൻ ശ്രമിച്ചു. 1954 ഡിസംബറിൽ നടന്ന കോട്ടയം പ്ലൈവുഡ്ഡു് തൊഴിലാളി സമരത്തിൽ സിമൻറു ഫാക്ടറിത്തൊഴിലാളികൾ വളരെയധികം സഹായിച്ചു. സമരം വിജയിപ്പിക്കാൻ നിരാഹാര സമരം നടത്തിയ കോട്ടയം ഭാസിയ്ക്കു് അഭിവാദനമർപ്പിക്കാൻ സിമൻറു ഫാക്ടറിത്തൊഴിലാളികൾ മുന്നോട്ടു വന്നു. ഇതിൻെറ മുന്നണിയിൽ നിന്നവരെ വകവരുത്തുവാൻ കോട്ടയത്തു് അക്കാലത്തു് രൂപം കൊണ്ട ശാന്തിസേനയെന്ന കമ്യൂണിസ്റ്റു് വിരുദ്ധ സംഘടന തീരുമാനിച്ചു. 1955 ജനുവരി 16–ാംനു (കോട്ടയം പ്ലൈവുഡ്ഡു് സമരത്തിനിടയിൽ) സിമൻറു ഫാക്ടറി തൊഴിലാളി യൂണിയൻ പ്രവർത്തകനായ ശ്രീധരനെ ശാന്തിസേനാ ഗുണ്ടകൾ കുത്തിമുറിവേൽപ്പിച്ചു. ശ്രീധരനെ രക്ഷിക്കാൻ ധീരനായ മാധവൻ മുന്നോട്ടു വന്നു. ശ്രീധരനെ രക്ഷി

ക്കുവാൻ കഴിഞ്ഞുവെങ്കിലും മാധവനെ ഗുണ്ടാകൾ കൊലപ്പെടു ത്തി. മാധവനെപ്പോലുള്ളവരുടെ ആത്മത്യാഗത്തിന് ധാർമ്മിക സൗര ഭ്യമുണ്ട്. കേരളത്തിലെ ട്രേഡ്‌യൂണിയൻ പ്രസ്ഥാനം വളർന്നുവന്നതു് യാതനാ പ്രതീഫലം ഒരിക്കലും പിടിച്ചു പററാൻ കഴിയാത്ത അവരെപ്പോ ലുള്ളവരുടെ രക്തസാക്ഷിത്വത്തിലാണ്. മാധവന്റെ മാതൃകാപരമായ യൂണിയൻ പ്രവർത്തനവും പഞ്ചായത്തു് പ്രവർത്തനവും ഇന്നും കോട്ടയം സിമൻറ് ഫാക്ടറി പ്രദേശത്തുള്ളവർ ആരുടെയും പ്രേരണകൂടാതെ സ്മരി ക്കുന്നുണ്ടെന്നു പറയേണ്ടതില്ലല്ലോ. ഗുണ്ടകളുടെ അക്രമപ്രവർത്തനങ്ങളെ നേരിട്ടുകൊണ്ടുതന്നെ കോട്ടയത്തെ ട്രേഡ്‌യൂണിയൻ പ്രസ്ഥാനം ഈ കാ ലഘട്ടത്തിൽ വളരെ ശക്തിപ്പെട്ടുകൊണ്ടിരുന്നു.

1952–57 കാലയളവിൽ നടന്ന സമരങ്ങളുടെയും മർദ്ദനങ്ങളുടെയും മർ ദ്ദനങ്ങളെ വകവയ്ക്കാതെയുള്ള മുന്നേററത്തിന്റെയും നിരവധി ഉദാഹരണ ങ്ങൾ പറയാൻ കഴിയും. അതേപ്പററി കൂടുതൽ വിശദമായ പഠനം തന്നെ നടത്തേണ്ടതാണെന്നും ഈ കാലഘട്ടത്തെപ്പററി അനവധി പുസ്തകങ്ങൾ ട്രേഡ്‌യൂണിയൻ പ്രസ്ഥാനത്തിന്റെ ബന്ധുക്കൾ രചിക്കണമെന്നും മാ ത്രമേ ഇപ്പോൾ പറയുന്നുള്ളു. അതോടൊപ്പം കേരളത്തിൽ അക്കാലത്തു ണ്ടായ അഭൂതപൂർവമായ തൊഴിലാളി മുന്നേററത്തിന് ആവേശകരവും സമർത്ഥവും ആയ നേതൃത്വം നൽകിയ സംഘടനാപരമായ രണ്ടുമൂന്നുകാര്യ ങ്ങളെപ്പററി എടുത്തു പറയേണ്ടിയിരിക്കുന്നു.

എ. ഐ. ടി. യു. സി യൂണിയനുകൾക്ക് കേന്ദ്രീകൃതമായ നേ തൃത്വം നൽകുവാനായി തിരു-കൊച്ചിയിലും മലബാറിലും പ്രത്യേക മായി ടി. യു. കൗൺസിലുകൾ ഇക്കാലത്തു് പ്രവർത്തിച്ചിരുന്നു. 1954 ജൂണിൽ കൊല്ലത്തുവച്ചു് തിരു-കൊച്ചി ടി. യു. കൗൺസിൽ രൂപീകരിക്കുന്നതിനായി പ്രാതിനിധ്യ സ്വഭാവമുള്ള ട്രേഡ്‌യൂണിയൻ പ്രതിനിധി യോഗവും അതിഗംഭീരമായ ഒരു സമ്മേളനവും പ്രകടനവും സംഘടിപ്പിക്കപ്പെട്ടു. എം. എൻ. ഗോവിന്ദൻനായർ പ്രസിഡന്റും ആർ. സുഗതൻ സെക്രട്ടറിയുമായുള്ള കൗൺസിലാണ് തുടർന്നുള്ള തൊഴിലാളി പ്രവർത്തനത്തിന് സമർത്ഥമായ നേതൃത്വം നൽകിയതു്. സ്റ്റേററ് ട്രാൻ സ്പോർട്ട് സമരകാലത്തു് ഈ കൗൺസിൽ പ്രതിബന്ധങ്ങളെ തരണം ചെയ്യുവാൻ ട്രാൻസ്പോർട്ട് എംപ്ലായീസ് യൂണിയനെ സഹായിച്ചി രുന്നു. കണ്ടശ്ശാംകടവു സമരകാലത്തും കയർ പിരിത്തൊഴിലാളികളുടെ സമരത്തെ നയിക്കുവാൻ ടി. യു. കൗൺസിൽ ശ്രദ്ധിച്ചു. വിശേഷിച്ചും സുഗതൻ സാർ ഭീഷ്മാചാര്യനെപ്പോലെ ദൃഢപ്രതിജ്ഞയെടുത്തു കൊ ണ്ടു് വിപ്ലവതൊഴിലാളി പ്രസ്ഥാനത്തിന്റെ പാരമ്പര്യത്തിനനുസരണ മായി പടക്കുതിരയെപ്പോലെ സമരരംഗത്തേക്കു് കുതിച്ചു ചാടിയതും ടി. യു. കൗൺസിലിന്റെ വിപദിധൈര്യത്തെയും വർഗബോധത്തെയും വി പ്ലവകരമായ സംഘടനാചാതുരിയെയും വ്യക്തമാക്കി. ഈ കൗൺസിൽ

പ്രസിദ്ധപ്പെടുത്തിയ "ട്രേഡ്‌യൂണിയൻ" വാരിക ട്രേഡ്‌യൂണിയനുകൾക്ക് ഒരു നല്ല വഴികാട്ടിയായിത്തീർന്നു.

മലബാർ ഭാഗത്തെ ട്രേഡ്‌യൂണിയനുകൾക്ക് നേതൃത്വം നൽകിയത് മലബാർ ടി. യു. സിയായിരുന്നു. കല്ലാട്ട കൃഷ്ണനായിരുന്നു സെക്രട്ടറി. അക്കാലത്ത് അവിടെ നടന്ന നിരവധി ട്രേഡ്‌യൂണിയൻ സമരങ്ങൾക്ക് ടി. യു. സി നേതൃത്വം നൽകിയെന്നു മാത്രമല്ല വ്യവസായങ്ങളെക്കുറിച്ച് സമഗ്രമായി പഠിക്കുവാനും ട്രേഡ്‌യൂണിയൻ പ്രവർത്തകർക്ക് പരിശീലനം നൽകുവാൻ മാതൃകാപരമായി പരിശ്രമിക്കുകയും ചെയ്തു. 1955 ൽ മലബാർ ടി. യു. സി. യുടെ ആഭിമുഖ്യത്തിൽ നടന്ന ടി.യു. പ്രതിനിധി യോഗവും സമ്മേളനവും ഘോഷയാത്രയും ഉത്തരകേരളത്തിലെ അധ്വാനിക്കുന്ന ജനതയുടെ മുന്നേററത്തിൻെറ അനിഷേധ്യമായ പ്രകടനമായിരുന്നു എന്നു നിസ്സംശയം പറയാം. ഈ സമ്മേളനത്തെപ്പററി ആ സമ്മേളനത്തിൽ പങ്കെടുത്ത തിരു–കൊച്ചി ടി. യു. സി പ്രസിഡൻറായ M. N. ഗോവിന്ദൻ നായർ ഹൃദയസ്പൃക്കായ ഒരു അനുസ്മരണം എഴുതിയിട്ടുണ്ട്. അതിലെ ചില ഭാഗങ്ങൾ ഇവിടെ സംഗ്രഹിക്കാം. മലബാറിൻെറ എല്ലാ കോണുകളിൽനിന്നും എല്ലാവ്യവസായങ്ങളിൽനിന്നുമുള്ള 68 യൂണിയനുകളുടെ 361 പ്രതിനിധികൾ ആ സമ്മേളനത്തിൽ പങ്കെടുത്തു. 67249 സംഘടിത തൊഴിലാളികളുടെ പ്രാതിനിധ്യം ആ സമ്മേളനത്തിനുണ്ടായിരുന്നു. ഏ. ഐ. ടി. യു. സിയുടെ സന്ദേശം എല്ലാവ്യവസായത്തിലും എല്ലാ തൊഴിലാളി വിഭാഗത്തിലും എത്തിക്കുവാൻ മലബാർ ടി. യു. സി ക്ക് കഴിഞ്ഞിരുന്നു എന്നുള്ളതിൻെറ പ്രഖ്യാപനമായിരുന്നു ഈ സമ്മേളനം. മലനാടിൻെറ മലയോരത്തുള്ള മലവർഗക്കാരിൽപ്പെട്ടവർ, കഴിഞ്ഞ 40 കൊല്ലമായി അടിമയെപ്പോലെ എസ്റ്റേററുകളിൽ പണിയെടുത്തിരുന്നവർ, അവരെയൊക്കെ പ്രതിനിധീകരിച്ചുകൊണ്ടാണ് സ. കാളൻ വന്നത്. കാളൻ 60 കാരനാണ്. "ഞങ്ങൾ മുണ്ടുടുത്തു തുടങ്ങിയിട്ട ഒരു വർഷമേ ആയുള്ളു. അതിന് ഞങ്ങളെ പഠിപ്പിച്ചത് ഞങ്ങളുടെ യൂണിയനാണ്" അഭിമാനത്തോടെ കാളൻ ഹർഷാരവങ്ങൾക്കിടയിൽ വിളിച്ചുപറഞ്ഞു. ഇന്നവർ അടിമകളല്ല ഈററപ്പുലികളുടെ ശൗര്യത്തോടുകൂടി ലാത്തി, തോക്ക്, ഗുണ്ടാ, കാരി എല്ലാററിനേയും നേരിട്ടുകൊണ്ട് അടിമത്തത്തിനെതിരായി അടരാടുകയാണവർ. കൃഷ്ണമ്മ–നിങ്ങൾ മൂക്കുപൊത്തുന്ന ഒരു മുൻസിപ്പൽ തൊഴിലാളിയാണ്. എന്തോ കുത്തിക്കുറിച്ച ഒരു തുണ്ടു കടലാസ്സുമായി അവർ മൈക്കിൻെറ അടുക്കലേക്ക് വരുന്നത് കണ്ടു. ഒന്നുരണ്ടു നിമിഷം ആ കടലാസ്സിലുള്ളത് വായിക്കുവാൻ ശ്രമിക്കുകയായിരുന്നു. ആ വേലയ്ക്കവർ അധികസമയം മിനക്കെട്ടില്ല. ആ കടലാസ്സ് താനേ അവരുടെ കൈയിൽനിന്നുപോയി. കൃഷ്ണമ്മയുടെ സ്വരം ഉയർന്നു. വാക്കുകൾ അനർഗളമായി പ്രവഹിക്കുകയാണ്. തൻെറ ജീവിതാനുഭവങ്ങളിൽനിന്ന് പറിച്ചെടുത്ത ഒരു മുൻസിപ്പൽ തൊഴിലാളിയുടെ ചിത്രം

സമ്മേളനത്തിന്റെ മുൻപിൽ അവർ വരച്ചു കാട്ടി. ആത്മവിശ്വാസം, നിശ്ചയദാർഢ്യം, സമര വീര്യം എല്ലാം ആ സിംഹിക്കുട്ടിയുടെ മുഖത്തു തുള്ളിക്കളിക്കുന്നുണ്ട്. സ: കൃഷ്ണമ്മയെ വാർത്തെടുത്ത ട്രേഡ്‌യൂണിയൻ സംഘടനയെപ്പററി എം. എൻ. അഭിമാനം കൊണ്ടു. പാലക്കാട്ടു പട്ടണത്തിലെ വൃത്തികേടുകളിൽ ആണ്ടിറങ്ങി പട്ടണത്തെ ശുചീകരിക്കുന്ന ആ കൈകാം ഒരു പക്ഷെ, നമ്മുടെ സമുദായത്തിനെയാകെ നാററുകയും നീററുകയും ചെയ്യുന്ന അഴുക്കുകാം തുത്തു വൃത്തിയാക്കുവാൻ കരുത്തുള്ളവയായിത്തീരുകില്ലെന്നാരുകണ്ടു എന്നും എം. എൻ. ആ ലേഖനത്തിൽ പ്രത്യാശ പ്രകടിപ്പിച്ചിരുന്നു. ചിരുത കോഴിക്കോട്ടെ മുൻസിപ്പൽ തൊഴിലാളികളുടെ പഴയ നേതാവാണ്. അവരും ആ സമ്മേളനത്തിലെ ഒരു പ്രതിനിധി ആയിരുന്നുവെന്നും എം. എൻ. ചൂണ്ടിക്കാണിച്ചു. സഖാക്കാം സി. കണ്ണൻ, കെ. ദാമോദരൻ, ബാലചന്ദ്രമേനോൻ, കല്ലാട്ടു കൃഷ്ണൻ തുടങ്ങിയവർ നേതൃത്വം നൽകിയ പ്രസ്തുത സമ്മേളനം സ്വീകരിച്ച പ്രമേയങ്ങാം കേരളത്തിലെ ട്രേഡ്‌യൂണിയൻ പ്രസ്ഥാനത്തിന്റെ അക്കാലത്തെ നയപരിപാടികാം വ്യക്തമാക്കുന്നുണ്ട്. രണ്ടാം പഞ്ചവൽസര പദ്ധതിയിൽ പുതിയൊരു തൊഴിൽ നയം നടപ്പിലാക്കി. പദ്ധതിയുടെ വിജയം സുനിശ്ചിതമാക്കുമെന്ന് ഇൻഡ്യാഗവൺമെൻറ് പുറപ്പെടുവിച്ചിട്ടുള്ള പ്രഖ്യാപനങ്ങളും അവരുടെ പ്രവൃത്തികളും തമ്മിൽ പൊരുത്തമില്ലെന്ന് സമ്മേളനം ചൂണ്ടിക്കാണിച്ചു. സാമ്പത്തികമായും വ്യാവസായികമായും ഏററവും പിന്നണിയിൽ കഴിഞ്ഞിരുന്ന മലബാർ ജില്ലയിൽ രണ്ടാം പഞ്ചവത്സരപദ്ധതി പ്രകാരം നടപ്പിൽ വരുത്തേണ്ടുന്ന വികസന പ്രശ്നങ്ങളെ സംബന്ധിച്ച് തൊഴിലാളികളടക്കമുള്ള ബഹുജനപ്രതിനിധികളുടെ നിർദേശങ്ങാം ഗവണ്മെൻറ് കണക്കിലെടുക്കുന്നില്ലെന്ന് സമ്മേളനം സോദാഹരണം പ്രസ്താവിച്ചു. ഐ. എൻ. ടി. യു. സി ക്ക് അനർഹമായ പ്രാതിനിധ്യം നൽകുന്നതു് സ്റ്റേററിന്റെ നിയന്ത്രണത്തിലുള്ള ഒരു തൊഴിലാളി പ്രസ്ഥാനം സ്ഥാപിക്കുന്നതിനു വേണ്ടിയാണെന്നും ആ നയം പ്രതിഷേധാർഹമാണെന്നും സമ്മേളനം പ്രഖ്യാപിച്ചു. സംഘടനയെ ശക്തിപ്പെടുത്തുന്നതോടൊപ്പം തൊഴിലാളി രംഗത്തു് പ്രവർത്തിക്കുന്ന വിവിധകേന്ദ്ര സംഘടനകളുടെ കീഴിൽ അണിനിരന്നിരിക്കുന്ന തൊഴിലാളികാം തമ്മിലുള്ള ഐക്യം കെട്ടിപ്പടുക്കണമെന്നും സമ്മേളനം ആഹ്വാനം ചെയ്തു.

തിരു—കൊച്ചി ടി. യു. സി യുടെ കൊല്ലം സമ്മേളനം പോലെയും മലബാർ ടി. യു. സി യുടെ കോഴിക്കോട്ട് — ഫറോക്ക് സമ്മേളനം പോലെയും കേരളത്തിലെ തൊഴിലാളി പ്രസ്ഥാനത്തെ സംബന്ധിച്ചുള്ളതല്ലെങ്കിലും കേരളത്തിലെ സമരധീരരായ റെയിൽവെത്തൊഴിലാളികാംക്ക് കാലോചിതമായ നേതൃത്വം നൽകിയ ഒരു സമ്മേളനമായിരുന്നു 1955 ഡിസംബർ 16, 17, 18 എന്നീ തീയതികളിൽ തൃശ്ശിനാപ്പള്ളിയിലെ പൊൻമല വെച്ച് നടന്ന സതേൺ റെയിൽവെ ലേബർ യൂണിയന്റെ

പതിനഞ്ചാമത്തു് സമ്മേളനം. 1946–ലെ റെയിൽവെ പണിമുടക്കത്തിൽ കൂടി കേരളത്തിൽ ഉൾപ്പടെ തെക്കെ ഇന്ത്യയിലാകെ ട്രേഡ് യൂണിയൻ പ്രസ്ഥാനത്തെയാകെ ചലിപ്പിച്ച ഈ യൂണിയന്റെ വാർഷിക സമ്മേളനം തെക്കെ ഇന്ത്യയിലെ തൊഴിലാളി പ്രസ്ഥാനത്തെയാകെ തട്ടിയുണർത്തിയ ഒരു സംഭവമായിരുന്നു. കേരളത്തിൽ നിന്നും നൂറു് കണക്കിനു ട്രേഡ് യൂണിയൻ പ്രവർത്തകർ ഈ സമ്മേളനത്തിൽ സന്ദർശകരായും സൗഹാർദ്ദ പ്രതിനിധികളായും പങ്കെടുത്തു. സതേൺ ലേബർ യൂണിയന്റെ അംഗീകാരം പുനഃസ്ഥാപിക്കുവാൻ സമ്മേളനം ആവശ്യപ്പെട്ടു. പുതിയ പേകമ്മീഷൻ നിയമിക്കണമെന്നും പഞ്ചവത്സര പദ്ധതിയുടെ വിജയത്തിനായി തൊഴിലാളികളുടെ പിന്തുണ നേടിയെടുക്കാൻ പററിയ ഒരു തൊഴിൽനയം ആവിഷ്കരിക്കണമെന്നും സമ്മേളനം ഇന്ത്യാ ഗവണ്മെന്റിനോടഭ്യർത്ഥിച്ചു. കേരളത്തിലെ റെയിൽവേ തൊഴിലാളികളുടെ ട്രേഡ് യൂണിയൻ ബോധത്തെ വളർത്തുന്നതിനു് വളരെയധികം സഹായിച്ച ഈ സമ്മേളനം ഒരു വലിയ വിജയമായിരുന്നു.

ഈ കാലഘട്ടത്തിൽ തൊഴിൽ നയങ്ങളെക്കുറിച്ചു വിലയിരുത്തൽ നടത്തുവാൻ ഇൻഡ്യാ ഗവണ്മെന്റു മുന്നോട്ടു വന്നു എന്നുള്ളതു് പ്രധാനപ്പെട്ട ഒരു സംഭവവികാസമായിരുന്നു. രണ്ടാം പഞ്ചവൽസര പദ്ധതിയിലെ തൊഴിൽ നയം എന്തായിരിക്കണമെന്നതിനെപ്പററി ചർച്ച ചെയ്യാൻ പ്ലാനിംഗ് കമ്മീഷൻ ഒരു ലേബർ പാനൽ നിയമിക്കുകയുണ്ടായി. അതോടുകൂടി തൊഴിൽ നയത്തെപ്പററി ഒരു സംവാദം തന്നെ ആരംഭിച്ചു. ഇതോടൊപ്പം തൊഴിൽ പ്രശ്നങ്ങൾ ഐക്യത്തോടെ കൈകാര്യം ചെയ്യുന്നതിനു് ട്രേഡ്‌യൂണിയൻ ഐക്യം നിലവിൽ വരുത്തുവാനും എ. ഐ. ടി. യു. സി. പ്രവർത്തിച്ചു. തൊഴിൽ നയത്തെക്കുറിച്ചും ട്രേഡ്‌യൂണിയൻ ഐക്യത്തെക്കുറിച്ചും അടുത്ത അദ്ധ്യായത്തിൽ പ്രതിപാദിക്കാം.

1956 ഒക്ടോബർ 13–ാം തീയതി കേരളത്തിലെ ട്രേഡ്‌യൂണിയൻ പ്രസ്ഥാനത്തെ സംബന്ധിച്ചിടത്തോളം അവിസ്മരണീയമായ ഒരു ദിനമാണു്. ഐക്യ കേരളത്തിന്റെ അരുണോദയം ദൃശ്യമായതോടുകൂടി മലബാർ ടി. യു. സി. യുടെ ജനറൽ സെക്രട്ടറി കല്ലാട്ടു് കൃഷ്ണനും തിരു–കൊച്ചി ടി. യു. സി. യുടെ ജനറൽ സെക്രട്ടറി ആർ. സുഗതനും കൂടി 29–9–56–ൽ എറണാകുളം പ്രഭാത് ബുക്ക് ഹൗസിനു മുകളിലുള്ള ടി. യു. സി ഓഫീസിൽ വച്ചു് ഒരു സംയുക്ത യോഗം കൂടുന്നതിനു് നോട്ടീസ് കൊടുത്തു. K. P. ഗോപാലൻ അദ്ധ്യക്ഷത വഹിച്ച ഈ യോഗത്തിൽ വച്ചു കേരള സംസ്ഥാന ട്രേഡ്‌യൂണിയൻ കോൺഗ്രസ്സ് രൂപീകരിച്ചു് K. P. ഗോപാലൻ പ്രസിഡൻറായും ആർ. സുഗതൻ സെക്രട്ടറിയായും കല്ലാട്ടു് കൃഷ്ണനും പി. എ. സോളമനും ജോയിൻറ് സെക്രട്ടറിമാരായും കെ. എ. രാജൻ ഖജാൻജിയായും തിരഞ്ഞെടുക്കപ്പെട്ടു.

ഇതിനു ശേഷമാണു് 1956 നവംബർ ഒന്നാം തീയതി ഐക്യകേരളം

രൂപം കൊണ്ടതു്. തിരുവിതാംകൂറിലെ നാഞ്ചിനാട്ടു ഭാഗങ്ങളും ചെങ്കോട്ട പ്രദേശങ്ങളും പുതിയ തമിഴ്നാട്ടു സംസ്ഥാനത്തിലേക്കു് ലയിച്ചു. തിരു—കൊച്ചിയിലെ ഭൂരിപക്ഷം ഭാഗങ്ങളും മലബാർ ജില്ലയും കൂടിച്ചേർന്നു് ഐക്യകേരളം നിലവിൽ വന്നു. സൗത്തു് കാനറാ ജില്ലയുമായും നീലഗിരി ജില്ലയുമായും ചില അതിർത്തി സ്ഥലങ്ങളെ സംബന്ധിച്ചിടത്തോളം പുതിയ വിഭജന രേഖകളുണ്ടായി. ഐക്യകേരള വിരോധികളായ സ്ഥാപിത താൽപ്പര്യക്കാരെ തോൽപ്പിച്ചു കൊണ്ടു് മലയാളികൾ അവരുടെ ചിരകാല സ്വപ്നമായ ഭാഷാ സംസ്ഥാനം നേടി. മുൻപു മുതൽക്കു തന്നെ വർഗ്ഗ സമരങ്ങളുടേയും സ്വാതന്ത്ര്യ സമരത്തിൻേറയും തീച്ചൂളയിൽ ഉരുകിച്ചേർന്നു കഴിഞ്ഞ കേരളത്തിലെ അദ്ധ്വാനിക്കുന്ന ബഹുജനങ്ങൾ പൂർവ്വാധികം ആവേശത്തോടുകൂടി ജനാധിപത്യമായ ഐക്യകേരളം കെട്ടിപ്പടുക്കുന്നതിനുള്ള ശ്രമം ആരംഭിച്ചു. 1956 നവംബറിൽ കേരളം പ്രസിഡൻറു ഭരണത്തിലായിരുന്നു. 1957 മാർച്ചു് മാസത്തിൽ കേരളം ഒരു പൊതു തെരഞ്ഞെടുപ്പിലൂടെ ഭാരതത്തിലെ അദ്ധ്വാനിക്കുന്ന ജനങ്ങൾക്കു് മുഴുവൻ ആവേശം പകർന്നു. തൊഴിലാളി വർഗ്ഗ പാർട്ടിയായ കമ്യൂണിസ്റ്റു് പാർട്ടിയെ അവർ സംസ്ഥാന ഭരണം ഏൽപിച്ചു കൊടുത്തു. പുതിയ ഭരണകൂടം ആദ്യമായി ചെയ്ത പ്രവൃത്തികളിലൊന്നു്, ഇടപ്പള്ളി കേസിൽ അകപ്പെട്ടു് ശിക്ഷിക്കപ്പെട്ടിരുന്ന ട്രേഡ്യൂണിയൻ പ്രവർത്തകരെ സെൻട്രൽ ജയിലിൽ നിന്നും മോചിപ്പിക്കുകയെന്നതായിരുന്നു.

## അദ്ധ്യായം 7

# ട്രേഡ്‌യൂണിയൻ പ്രസ്ഥാനത്തിലെ ചില പ്രധാന പ്രശ്നങ്ങൾ

ദേശീയ പുനർനിർമ്മാണത്തിനു് തൊഴിലാളിവർഗത്തെ അണിനിരത്തുന്നതിൽ തങ്ങളുടെ തൊഴിൽനയം പരാജയപ്പെട്ടിരിക്കുന്നുവെന്നു് ഒന്നാം പഞ്ചവത്സര പദ്ധതിക്കാലത്തു് തന്നെ (1951–56) ഇന്ത്യാ ഗവണ്മെൻറിൻെറ വക്താക്കൾക്കു് സമ്മതിക്കേണ്ടി വന്നു. ഒരുവശത്തു് തൊഴിലുടമകൾ അമിതമായ ലാഭം വാരിക്കൂട്ടുമ്പോൾ മറുവശത്തു് വിലക്കയററം മൂലം തൊഴിലാളികളുടെ യഥാർത്ഥക്കൂലി കുറഞ്ഞുപ്പോകുന്ന കാഴ്ചയാണു് കാണാൻ കഴിയുന്നതെന്നു് ട്രേഡു് യൂണിയൻ നേതാക്കന്മാർ ചൂണ്ടിക്കാണിച്ചപ്പോൾ കേന്ദ്ര ഗവണ്മെൻറിനു് മറുപടി പറയാൻ പോലും കഴിഞ്ഞില്ല. ഈ പരിതഃസ്ഥിതിയിൽ തൊഴിലാളികൾ പഞ്ചവത്സര പദ്ധതിയുടെ വിജയത്തിനായി സഹകരിക്കുന്നതെങ്ങനെയാണെന്നു് ട്രേഡു് യൂണിയൻ നേതാക്കൾ ചോദിച്ചു. അതിനാൽ തൊഴിൽ നയത്തെപ്പററി ഒരു പുനർചിന്തനം നടത്തുന്നതിനു് ഗവണ്മെൻറു തയ്യാറായി. രണ്ടാം പദ്ധതിക്കാലത്തെ തൊഴിൽ നയം തീരുമാനിക്കുവാനായി പ്ലാനിംഗ് കമ്മിഷനിൽ ഒരു ലേബർ പാനൽ സൃഷ്ടിക്കുകയും ചെയ്തു. തൊഴിലാളികളുടെ സഹകരണമില്ലാതെ രണ്ടാം പദ്ധതിക്കാലത്തു് വിഭാവനം ചെയ്ത വ്യവസായവൽകരണത്തിനു് പുരോഗതി ഉണ്ടാകുകയില്ലെന്നു് ഗവണ്മെൻറിൻെറ കീഴിൽ പ്രവർത്തിച്ചിരുന്ന സാമ്പത്തിക വിദഗ്ദ്ധന്മാർ തന്നെ പറഞ്ഞു തുടങ്ങി.

രണ്ടാം പദ്ധതിക്കാലത്തു് ആരംഭിക്കാനുദ്ദേശിച്ച വ്യവസായവത്കരണ പരിപാടികൾ മുമ്പൊരിക്കലുമുണ്ടായിട്ടില്ലാത്ത ശുഷ്കാന്തിയോടെ ഇന്ത്യാ ഗവണ്മെൻറു് കൈകാര്യം ചെയ്തുവന്നുവെങ്കിലും ഈ വ്യവസായവത്കരണത്തിനു് പ്രധാനമായി രണ്ടു് തടസങ്ങളുണ്ടായിരുന്നു. ആഭ്യന്തരമായി വിഭവ സമാഹരണം നടത്തുന്നതിനുവേണ്ടി കാർഷിക രംഗത്തു് പുരോഗതിയുണ്ടാക്കുന്നതിനു് ബുദ്ധിമുട്ടുണ്ടായി. കാർഷിക പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നതിനായി തയ്യാറാകണമെന്നു് സംസ്ഥാനങ്ങൾക്കു് കേന്ദ്ര ഗവണ്മെൻറ് നിർദ്ദേശം നൽകിയതു് ഈ പശ്ചാത്തലത്തിലാണു്. പക്ഷെ സ്ഥാപിത താല്പര്യങ്ങളുടെ പിടിയിലമർന്നിരുന്ന കേന്ദ്ര–സം

സ്ഥാന ഭരണകൂടങ്ങൾ കാർഷിക പരിഷ്കാരത്തിൽ ആത്മാർത്ഥമായ താല്പര്യം പ്രദർശിപ്പിച്ചില്ല. വ്യവസായവത്കരണത്തിനാവശ്യമായ മൂലധനം വിദേശരാജ്യങ്ങളിൽ നിന്നു് സംഭരിക്കാൻ നെഹ്റു ഗവണ്മെൻറു നടത്തിയ പരിശ്രമങ്ങൾക്കു് ബ്രിട്ടനും അമേരിക്കയും പ്രോത്സാഹനം നൽകാതിരുന്നതാണു് രണ്ടാമത്തെ തടസ്സം. അതുകൊണ്ടാണു് നെഹ്റു സോവിയററു യൂണിയൻ സന്ദർശിച്ചതു്. തുടർന്നു് ക്രൂഷ്ചേവും ബുൾഗാനിനും ഇന്ത്യയിൽ പ്രതിസന്ദർശനം നടത്തി. ഉരുക്കു് വ്യവസായത്തിനും ഘനയന്ത്ര നിർമ്മാണത്തിനും മററും സോവിയററു യൂണിയൻ സഹായം നൽകിത്തുടങ്ങിയതു് 1955–മുതൽക്കായിരുന്നു. അങ്ങനെ രണ്ടാം പദ്ധതിയെക്കുറിച്ചു് യാഥാർത്ഥ്യബോധത്തോടുകൂടി ചർച്ചചെയ്യാൻ ഇന്ത്യൻ ഗവണ്മെൻറിനു് സാധിച്ചു.

ഈ പരിതസ്ഥിതികളിലും പുരോഗമനപരമായ ഒരു തൊഴിൽ നയം ഇന്ത്യാഗവണ്മെൻറു് സ്വീകരിക്കുമെന്നാശിച്ചവരെപ്പോലും നിരാശപ്പെടുത്തുന്ന രീതിയിലാണു് 1955–56 കാലത്തു് ഇന്ത്യൻ തൊഴിൽതർക്ക നിയമഭേദഗതി പാർലമെൻററിൽ അവതരിപ്പിച്ചതു്. അതിലെ തൊഴിലാളി വിരുദ്ധമായ പുതിയ വകുപ്പുകളെ എ. കെ. ജി തുടങ്ങിയ പുരോഗമനവാദികളായ എം. പി മാർ ശക്തിപൂർവം എതിർത്തു. ട്രേഡുയൂണിയൻ സ്വാതന്ത്ര്യത്തിനാവശ്യമായ ട്രേഡുയൂണിയൻ അംഗീകാര പ്രശ്നത്തിൽ ഇന്ത്യാഗവണ്മെൻറു സ്വീകരിച്ചു പോന്ന "ഐ. എൻ. ടി. യൂ. സി സംരക്ഷണ നയം" പുനഃപരിശോധിക്കുവാൻ കേന്ദ്ര തൊഴിൽ വകുപ്പു മന്ത്രി വി. വി. ഗിരി പുറപ്പെടുവിച്ച നിർദ്ദേശം പോലും മററുള്ളവർക്കു് ഇഷ്ടപ്പെട്ടില്ല. യൂണിയൻെറ രജിസ്റററിലുള്ള അംഗസംഖ്യമാത്രം കണക്കാക്കിക്കൊണ്ടു് യൂണിയൻ അംഗീകരിക്കരുതു് എന്നു് ഗിരി ചൂണ്ടിക്കാണിച്ചിരുന്നു. തൊഴിലാളികളുടെ വോട്ടു് രേഖപ്പെടുത്തി വേണം യൂണിയൻെറ അംഗീകാര പ്രശ്നം കൈകാര്യം ചെയ്യേണ്ടതെന്നു് അദ്ദേഹം പറഞ്ഞു. പക്ഷെ ഈ നയം സ്വീകരിക്കാൻ ഗവണ്മെൻറു് തയാറായില്ല. ഗിരിയുടെ നിർദ്ദേശം സ്വീകരിക്കണമെന്നു് എ. ഐ. ററി. യൂ, സി നേതാക്കന്മരായ എം. പി. മാർ ആവശ്യപ്പെട്ടതു് ഈ പശ്ചാത്തലത്തിലാണു്. രണ്ടാം പദ്ധതിക്കാലത്തു് കൂലി വർദ്ധിപ്പിക്കണമെന്നും എ. ഐ. ററി. യൂ. സി ആവശ്യപ്പെട്ടു. എന്നാൽ കൂടുതലായ അദ്ധ്വാനം ഇല്ലാതെ കൂലി വർദ്ധിപ്പിക്കുകയില്ലയെന്നു് ഗവണ്മെൻറും തൊഴിലുടമകളും പ്രഖ്യാപിച്ചു. ലാഭത്തിൻെറ തോതു് വർദ്ധിക്കുന്നതനുസരിച്ചു് കൂലിയുടെ തോതു് കൂടേണ്ടതാണെന്നു് ഡാങ്കേ വാദിച്ചു. പക്ഷേ ഇൻഡ്യയിൽ കമ്പനികളുടെ ലാഭം ഭീമമായ തോതിൽ വർദ്ധിക്കുമ്പോൾ തൊഴിലാളികളുടെ യഥാർത്ഥ കൂലി കുറയുകയാണെന്നു് അദ്ദേഹം കണക്കുകൾ ഉദ്ധരിച്ചു് സമർത്ഥിക്കുകയുണ്ടായി. അതു കൊണ്ടു് കൂലി വർദ്ധനവു് അത്യാവശ്യമാണെന്നു് ഡാങ്കേ അസന്നിഗ്ദ്ധമായ ഭാഷയിൽ ആവശ്യപ്പെട്ടു.

രണ്ടാം പദ്ധതിയെപ്പററി ഇൻഡ്യാഗവൺമെൻറ് ചർച്ചചെയ്യുന്ന കാലഘട്ടത്തിൽ കേരളത്തിൻെറ സാമ്പത്തികനില വളരെ തകരാറിലായിരുന്നു. തിരു—കൊച്ചിക്കു ഇൻഡ്യാഗവൺമെൻറ് നൽകിയ പേരു് പ്രോബ്ലം സ്റ്റേററ് എന്നായിരുന്നു. അതായതു് പ്രശ്നസംസ്ഥാനം. എന്തായിരുന്നു ഈ സംസ്ഥാനത്തിലെ പ്രശ്നങ്ങൾ. വ്യാവസായികത്തകർച്ചയും തൊഴിലില്ലായ്മയും ജനപ്പെരുപ്പവുമാണു് ഈ പ്രശ്നങ്ങളെന്നു് ഭരണവർഗങ്ങൾതന്നെ സമ്മതിച്ചു. അതിനുള്ള ഏക പരിഹാരം ജനപ്പെരുപ്പം തടയുക എന്നായിരുന്നു അവർ നിർദ്ദേശിച്ചതു്. രണ്ടാം പദ്ധതി വഴി കേരളത്തിലെ ബഹുജനങ്ങളുടെ യഥാർത്ഥ പ്രശ്നങ്ങൾ പരിഹരിക്കാൻ ശ്രമിക്കണമെന്നു് എ. ഐ. ററി. യു. സി ആവശ്യപ്പെട്ടു. ഇവിടത്തെ പരമ്പരാഗതവ്യവസായങ്ങൾ സംരക്ഷിക്കുവാനും തൊഴിലാളി സംഘടനകൾ വ്യക്തമായ നിർദ്ദേശങ്ങൾ നൽകുകയുണ്ടായി. കേരളത്തിൽ കൂടുതൽ വ്യവസായങ്ങൾ കേന്ദ്രമേഖലയിൽ ആരംഭിക്കുവാനും അവർ ആവശ്യപ്പെട്ടു. തീരപ്രദേശ റെയിൽവേ എറണാകുളത്തിനുതൊട്ടുള്ള തെക്കൻ പ്രദേശങ്ങളിൽ ആരംഭിക്കണമെന്നു് അവർ ആവശ്യപ്പെട്ടതു് ഇക്കാലത്താണു്. അതേ സമയം മററു സംസ്ഥാന ഗവൺമെൻറുകളെപ്പോലെയെങ്കിലും സ്വന്തം സംസ്ഥാനത്തിനുവേണ്ടി വാദിക്കുവാൻ തിരു–കൊച്ചി ഗവൺമെൻറ് തയ്യാറായില്ല. മദിരാശി ഗവൺമെൻറാണെങ്കിൽ മലബാർ ജില്ലയെ അവഗണിച്ചുകൊണ്ടാണു് സംസ്ഥാനത്തെ വികസനപദ്ധതികൾ തയ്യാറാക്കിയതു്. എന്നാൽ തിരു- കൊച്ചി ഗവൺമെൻറ് എപ്പോഴും ശുഷ്ക്കാന്തിയോടെ നടത്തി വന്ന ഒരു പ്രവൃത്തിയുണ്ടായിരുന്നു. നാട്ടിൻെറ വികസനത്തിനു് തടസ്സമായിനിൽക്കുന്നതു് ട്രേഡ്യൂണിയൻ നേതാക്കൻമാരുടെ പണിമുടക്കു് ഭീഷണിയും തുടർന്നുണ്ടാകുന്ന പണിമുടക്കുജ്വരവുമാണെന്നു് പറഞ്ഞുനടക്കുന്നതായിരുന്നു ആ പ്രവൃത്തി. ഒരിക്കൽ ഈ പല്ലവി ആവർത്തിച്ചതു കേട്ടു സഹികെട്ട അന്നത്തെ കേന്ദ്രമന്ത്രി ഗുൽസാരിലാൽ നന്ദ തൻെറ കേരള സന്ദർശനത്തിനിടയിലുണ്ടായ ഒരു കോൺഫറൻസിൽ അങ്ങനെ പറയരുതെന്നു് അപ്പോൾ ഭരണം നടത്തിവന്ന അഡൈ്വസറെ താക്കീതു ചെയ്തുവത്രെ.

രണ്ടാംപഞ്ചവൽസര പദ്ധതിയിൽ ഭരണവർഗം മുന്നോട്ടുവച്ച ഒരു പരിപാടിയാണു് വ്യാവസായിക സന്ധി. ഇതിനു കൂടുതൽ പ്രചാരം നൽകിയതു് ഐ എൻ. ടി. യു. സി നേതാവായ വാസവദയായിരുന്നു. ഇതിനെ എ. ഐ. ടി. യു. സി എതിർത്തു. തൊഴിലാളികളുടെ ആവശ്യങ്ങൾ സാധിച്ചുകൊടുക്കുന്നതിനുള്ള മനോഭാവവും പ്രവർത്തനവും ഉണ്ടാകാതെ വ്യവസായസമാധാനം ഉണ്ടാവുകയില്ലെന്നു് എ. ഐ. ടി. യു. സി തീർത്തു പറഞ്ഞു. തിരു—കൊച്ചി സ്റ്റേററ് ഗവൺമെൻറിൻെറ തൊഴിൽ നയത്തിൻെറ പ്രധാന ലക്ഷ്യം തൊഴിലാളികളുടെ താൽപ്പര്യത്തെ സംരക്ഷിക്കുന്ന സംഘടനകളെ പൊളിക്കലാണെന്നു് തിരു–കൊച്ചി ടി. യു.

സി ചൂണ്ടിക്കാണിച്ചു. പെരുമ്പാവൂർ റയോൺസിലും ആലുവാ അശോക് മില്ലിലും സ്റ്റേററ് ട്രാൻസ്പോർട്ടിലും ഭൂരിപക്ഷത്തിൻെറ പ്രാതിനിധ്യമുള്ള യൂണിയനുകളെ തകർക്കുന്നതിനായി ഐ. എൻ. ടി. യു. സി യൂണിയനുകളെ പ്രോത്സാഹിപ്പിക്കുന്നതിന് ഗവണ്മെൻറ് ശ്രമിച്ചുവെന്ന് ചൂണ്ടിക്കാണിക്കപ്പെട്ടു. എ. ഐ. ടി. യു. സി ക്കെതിരായി കേന്ദ്രഗവണ്മെൻറിൻെറ തൊഴിൽ വകുപ്പു ഉപമന്ത്രി അബീദാലി അക്കാലത്തു് തിരുവനന്തപുരത്തുവന്നു പ്രസംഗിച്ചതു് തൊഴിലാളികൾ ചുവപ്പുകൊടി ഉപേക്ഷിക്കണമെന്നാണ്. എ. ഐ. ടി. യു. സി യിൽ അണിനിരന്നിരുന്ന തൊഴിലാളികളെ വളരെയേറെ ക്ഷോഭിപ്പിച്ച പ്രസംഗമായിരുന്നു അതു്. അക്കാലത്തു് കേരള കൗമുദി (1956 ജനുവരിയിൽ) ഈ പ്രസംഗത്തിനെ വിമർശിച്ചിരുന്നു. അതിലെ ചില വാചകങ്ങൾ ഉദ്ധരിച്ചു കൊള്ളട്ടെ.

"തൊഴിലാളി സംഘടനകളിൽ രാഷ്ട്രീയം കുത്തിച്ചെലുത്തുന്നതു് തെററാണെന്ന് ഐ. എൻ. ടി. യു. സി യുടെ ആഭിമുഖ്യത്തിൽ നടന്ന ഒരു യോഗത്തിൽ കേന്ദ്രമന്ത്രി അബീദാലി പ്രസംഗിച്ചിരിക്കുന്നു. മന്ത്രിയുടെ ഈ പ്രസംഗം ചെകുത്താൻ വേദമോതുന്ന പ്രതീതിയാണ് ഞങ്ങളിലുളവാക്കുന്നതു്. ഒരു തൊഴിലാളി യോഗത്തിലാണ് അദ്ദേഹം പ്രസംഗിച്ചതെങ്കിലും, തൊഴിലാളികളുടെ പ്രശ്നങ്ങളെക്കുറിച്ചു് പറയുന്നതിനു പകരം കാൺഗ്രസ്സിൻെറ രാഷ്ട്രീയം വിളമ്പുവാനാണ് അദ്ദേഹം സമയം ചിലവാക്കിയതു്...." അക്കാലത്തെ തിരു–കൊച്ചിയിലെ കാൺഗ്രസ്സ് ഗവണ്മെൻറി (പനമ്പിള്ളി ഗവണ്മെൻറ്) ൻെറ തൊഴിൽ നയത്തെ കുറിച്ചും ആ മുഖപ്രസംഗത്തിൽ പരാമർശിക്കുന്നുണ്ട്.

"....തൊഴിലാളികളുടെ അവകാശവാദങ്ങൾ എത്ര ന്യായയുക്തങ്ങളായാലും, ആ വാദങ്ങളുന്നയിക്കുന്നതു് ഇണ്ടക്കകാരൻ അല്ലെങ്കിൽ കാൺഗ്രസ്സ് ഗവണ്മെൻറ് ഗൗനിക്കുകയില്ലെന്ന് വന്നിട്ടുണ്ട്. തിരുവനന്തപുരത്തെ മ്യൂസിയം കണ്ടിജൻസി തൊഴിലാളികൾ നടത്തുന്ന സത്യഗ്രഹസമരം ഇതിനൊരുദാഹരണമാണ്. ലേബർ കമ്മിഷണരുടെ നിർദ്ദേശങ്ങളെപ്പോലും അവഗണിച്ചിട്ടാണ് കാൺഗ്രസ്സ് ഗവണ്മെൻറ് അനുഭാവശൂന്യമായ ഒരു നയം ഈ തൊഴിലാളികളുടെ നേരെ കൈക്കൊണ്ടിരിക്കുന്നതെന്ന് കേൾക്കുന്നു.... *പഞ്ചവൽസര പദ്ധതി വിജയിപ്പിക്കുന്നതിനും സോഷ്യലിസ്ററ് രാഷ്ട്രം കെട്ടിപ്പടുക്കുന്നതിനും തടസമായു*ള്ള ഈ പ്രതിലോമനയം ഗവണ്മെൻറ് ഉപേക്ഷിക്കേണ്ട കാലം വൈകിയിരിക്കുന്നു...." (അവലംബം ട്രേഡ് യൂണിയൻ വാരിക – 13–1–1956)

ഈ പരിതസ്ഥിതികളിൽ കോട്ടയത്തു വച്ചു കൂടിയ തിരു–കൊച്ചി ട്രേഡുയൂണിയൻ കൗൺസിൽ (1956 ജനുവരി 13–ാംനു) കേരളത്തിലെ സംഘടിത തൊഴിലാളി പ്രസ്ഥാനത്തിൻെറ നയം വളരെ വ്യക്തമായി

പ്രഖ്യാപിച്ചു. വ്യവസായികോൽപാദനവും തൊഴിലാളികളുടെ ഉൽപാദന ക്ഷമതയും വർദ്ധിച്ചിട്ടുണ്ടെന്ന് ഗവണ്മെൻറ് സമ്മതിച്ചിട്ടുണ്ടെങ്കിലും തൊഴിലാളികൾക്ക് അവരുടെ വരുമാനവും അവകാശങ്ങളും നഷ്ടപ്പെട്ടു കൊണ്ടിരിക്കുകയാണെന്ന് കൗൺസിൽ ചൂണ്ടിക്കാണിക്കുകയുണ്ടായി. ഈ നില അവസാനിപ്പിക്കാത്ത പക്ഷം വ്യാവസായികാഭിവൃദ്ധിയുടെ പേരിൽ സംഘടിത തൊഴിലാളി വർഗം ഗവണ്മെൻറിന് സഹകരണം നൽകുന്ന പ്രശ്നമേയില്ലെന്ന് കൗൺസിൽ വ്യക്തമാക്കി. ന്യായമായ കൂലിക്കൂട്ടലും ബോണസ്സും ട്രേഡുയൂണിയൻ അവകാശങ്ങളും നേടുന്നതിനുള്ള സമരങ്ങൾ നടത്തുവാൻ കൗൺസിൽ തൊഴിലാളികളോട് ആഹ്വാനം ചെയ്യുന്നു. വ്യവസായ വികസന പദ്ധതികൾ വിജയിക്കണമെങ്കിൽ കൂലിയും ബോണസ്സും വർദ്ധിപ്പിക്കണമെന്നും തൊഴിലാളികളുടെ ജീവിതനിലവാരം ഉയർത്തുകയെന്നതു് പദ്ധതിയുടെ ലക്ഷ്യമായി അംഗീകരിക്കണമെന്നും ഏ. ഐ..ടി. യു. സി. ശക്തിയായി അഭിപ്രായപ്പെട്ടിരുന്നു. ഇതിന്റെ വെളിച്ചത്തിൽ തിരു–കൊച്ചി സംസ്ഥാനത്തിലും ഗവണ്മെൻറ് ഇക്കാര്യത്തിൽ വ്യക്തമായ പ്രഖ്യാപനം നടത്തണമെന്നും ടി. യു. കൗൺസിൽ ആവശ്യപ്പെട്ടു.

കേരളത്തിലെ പ്രധാനപ്പെട്ട ഒരു ട്രേഡ്യൂണിയൻ നേതാവും അക്കാലത്തു് ഏ. ഐ. ടി. യു. സി. യുടെ അസിസ്റ്റൻറു സെക്രട്ടറിയുമായിരുന്ന ബാലചന്ദ്രമേനോൻ ട്രേഡ്യൂണിയൻ വാരികയിൽ അക്കാലത്തു് എഴുതിയ ഒരു ലേഖനത്തിൽ 1951–56 വരെയുള്ള ഗവണ്മെൻറിന്റെ തൊഴിൽ നയത്തെ അർത്ഥപൂർണമായി വിലയിരുത്തുകയുണ്ടായി. ഒന്നാം പദ്ധതിയുടെ ഫലം തൊഴിലാളികളെ സംബന്ധിച്ചിടത്തോളം കൂലി മരവിപ്പിക്കലും അധ്വാനഭാര വർദ്ധനവും തൊഴിലില്ലായ്മയുമായിരുന്നെന്നു മേനോൻ ചൂണ്ടിക്കാണിച്ചു. രണ്ടാം പദ്ധതി വ്യാവസായീകരണത്തിലും പുതുതായി തൊഴിൽ സൃഷ്ടി നടത്തുന്നതിലും ഊന്നുന്നതു് സ്വാഗതാർഹമാണെന്നു് അദ്ദേഹം വ്യക്തമാക്കി. പക്ഷെ ഒന്നാം പദ്ധതിയിലെ തൊഴിൽ നയമാണു് തുടരുന്നതെങ്കിൽ മുമ്പു നടന്നതുപോലെ ശക്തിയായ തൊഴിൽ സമരങ്ങൾ നടക്കുമെന്നു് മേനോൻ മുന്നറിയിപ്പു നൽകി. ഏ. ഐ. ടി. യു. സിയുടെ അഭിപ്രായം മാത്രമായിരുന്നില്ലിതു്. ഐ. എൻ. ടി. യു. സിയുടെ ഏററവും പ്രമുഖനായ ഒരു നേതാവായ ജി. രാമനുജം എഴുതിയിട്ടുള്ള ''സ്റ്റോറി ആഫ് ഇന്ത്യൻ ലേബറിൽ'' അദ്ദേഹം തന്നെ (ബാലചന്ദ്രമേനോനെപ്പോലുള്ളവർ ചൂണ്ടിക്കാണിച്ച) ഈ വസ്തുത എടുത്തു പറഞ്ഞിട്ടുണ്ടു്. ഒന്നാം പദ്ധതിയുടെ തൊഴിൽ നയത്തെയും സാമ്പത്തിക നയത്തെയും വിലയിരുത്തിക്കൊണ്ടു് രാമാനുജം ഇങ്ങനെയാണു് പ്രസ്താവിക്കുന്നതു് ''.... ഒന്നാം പദ്ധതിയുടെ നയങ്ങളിലൊന്നു്, രാജ്യത്തിന്റെ സാമൂഹ്യവും സാമ്പത്തികവുമായ അഭിവൃദ്ധിയുടെയും ദേശീയ വരുമാനത്തിലുണ്ടാകുന്ന വർദ്ധനവിന്റെയും ന്യായയുക്തമായ ഒരു പങ്കു്, (അതായതു്

അർഹവും അവകാശപ്പെട്ടതുമായ പങ്ക്) തൊഴിലാളികൾക്ക് ലഭിക്കണമെന്നുള്ളതായിരുന്നു. പക്ഷെ യഥാർത്ഥത്തിൽ നടന്നത് തൊഴിലാളികൾക്ക് അർഹമായ പങ്കോ, രാജ്യത്തിന്റെ സാമ്പത്തികാഭിവൃദ്ധിയിലുള്ള ന്യായമായ പങ്കോ ദേശീയ വരുമാന വർദ്ധനവിലുള്ള ന്യായമായ പങ്കോ കിട്ടുകയുണ്ടായില്ല എന്നതാണ്.'' (പേജ് 109–സ്റ്റോറി ആഫ് ഇന്ത്യൻ ലേബർ.) ഇതു കൊണ്ടാണ് രണ്ടാം പദ്ധതിയിലെ തൊഴിൽ നയത്തെ സംബന്ധിച്ച് ഐ. എൻ. ടി. യു. സി നേതാക്കൾ പ്ലാനിംഗ് കമ്മീഷന് ഒരു മെമ്മോറാണ്ടം നൽകിയത്. കേരളത്തിലെ തൊഴിലാളി രംഗത്ത് ഒന്നാം പഞ്ചവത്സര പദ്ധതിക്കാലത്ത് യഥാർത്ഥത്തിൽ തൊഴിലാളി വിരുദ്ധ നയമാണ് ഗവണ്മെന്റ് കൈക്കൊണ്ടതെന്ന് ഇടതുപക്ഷ ട്രേഡ്‌യൂണിയൻ കേന്ദ്രങ്ങൾ ചൂണ്ടിക്കാണിച്ചു. കണ്ടശ്ശാംകടവിലെ ചകിരിത്തൊഴിലാളി സമരത്തിൽ ഗവണ്മെന്റു സ്വീകരിച്ച തൊഴിലാളിവിരുദ്ധ നയം മുൻപെങ്ങുമില്ലാത്തവണ്ണം തൊഴിലാളികളെ ദ്രോഹിക്കുന്ന മട്ടിലായിരുന്നു. എ. ഐ. ടി. യു. സിയുടെ നേതൃത്വത്തിൽ നടന്ന ഈ സമരത്തിനോടു കാട്ടിയ മനോഭാവം തന്നെയാണ് യു. ടി. യു. സി. യുടെ നേതൃത്വത്തിലുള്ള ചവറ മിനറൽ വർക്കേഴ്സ് യൂണിയൻ നടത്തിയ സമരത്തോടും ഗവണ്മെന്റു സ്വീകരിച്ചതു്. 1954–ൽ നടന്ന ട്രാൻസ്പോർട്ട് തൊഴിലാളി സമരത്തിൽ ഗവണ്മെന്റു സ്വീകരിച്ച തൊഴിലാളി മർദ്ദന പരിപാടികൾ റെക്കാർഡു് ഭേദിച്ച മട്ടിലുള്ളതായിരുന്നു. ആലുവാ അലുമിനിയം തൊഴിലാളികളുടെ 1956–ലെ പണിമുടക്കത്തിൽ ഗവണ്മെന്റു നിർബ്ബന്ധിത അഡ്ജൂഡിക്കേഷൻ എന്ന ആയുധം ഏററവും നഗ്നമായ രീതിയിൽ തൊഴിലാളി വർഗത്തിനെതിരെ പ്രായോഗിക്കുകയാണ് ചെയ്തതു്. ഇതെല്ലാം ചില ഉദാഹരണങ്ങളാണ്. ഈ പരിതസ്ഥിതികളിൽ വ്യാവസായിക സമാധാനം വേണമെന്ന് സർക്കാർ ഉരുവിടുന്നതു് അർത്ഥശൂന്യമാണെന്ന് കേരളത്തിലെ പ്രബുദ്ധമായ ട്രേഡ് യൂണിയൻ പ്രസ്ഥാനം വളരെ ശക്തിയായി പ്രഖ്യാപിച്ചു. 1956 മാർച്ചിൽത്തന്നെ പനമ്പിള്ളി ഗവണ്മെന്റ് നിലം പതിച്ചപ്പോൾ പ്രസിഡന്റ് ഭരണം വരികയും അഡ്വൈസറായി പി. എസ്. റാവു അധികാരം ഏറെറടുക്കുകയും ചെയ്തു. റാവുവിന്റെ തൊഴിൽ നയവും വ്യത്യസ്തമായിരുന്നില്ല. പണിമുടക്കങ്ങൾ കാരണം വ്യവസായപുരോഗതി ഉണ്ടാകുന്നില്ല എന്നാണ് റാവു ആദ്യമായി പ്രഖ്യാപിച്ചതു്. ഇതിനെ തുറന്നു കാണിച്ചുകൊണ്ടു് അക്കാലത്തു് ആർ. സുഗതൻ എഴുതിയ ഒരു ലേഖനത്തിൽ സംസ്ഥാനത്തു് അക്കാലത്തിൽ നടന്ന എല്ലാ സമരങ്ങളേയും വിശകലനം ചെയ്തിരുന്നു. വ്യവസായ തൊഴിലാളികളുടെ ജീവനക്കൂലി വെട്ടിക്കുറച്ചതുകൊണ്ടും സേവനവ്യവസ്ഥകൾ മാററിയതുകൊണ്ടും ഉണ്ടായ സമരങ്ങളായിരുന്നു അവയൊക്കെ എന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. കയർ മിനിമം വേജസ് നടപ്പാക്കാത്ത മുതലാളിമാർക്കെതിരായിട്ടാണ് കയർ തൊഴിലാളികൾ സമരം ചെയ്യുന്ന

തെന്ന് സുഗതൻ അനുസ്മരിപ്പിച്ചു. കയർ ഫാക്ടറി വ്യവസായം കേന്ദ്ര ഗവൺമെൻറ് പരിരക്ഷിക്കാത്തതുകൊണ്ടാണ് കയർ വ്യവസായ പുരോഗതി ഉണ്ടാകാത്തതെന്ന് സുഗതൻ കേന്ദ്രത്തിൻെറ പ്രതിനിധിയായ പി. എസ്. റാവുവിനെ ഓർമ്മിപ്പിച്ചു. ഈ വസ്തുതകളെല്ലാം സ്വയം മറന്നുകൊണ്ടു ഗവൺമെൻറിൻെറ പാപ്പരത്തം മൂടിവയ്ക്കാനാണ് പി. എസ്. റാവു ശ്രമിക്കുന്നതെന്ന് ആർ. സുഗതൻ വെട്ടിത്തുറന്നു പറഞ്ഞു.

ഐക്യകേരളം 1956 നവംബർ ഒന്നാം തീയതി നിലവിൽ വരുന്നതിന് തൊട്ടുമുമ്പ് കേരളത്തിലെ എ. ഐ. ടി. യു. സി യൂണിയനുകൾക്ക് പൊതുവായ ഒരു നേതൃത്വത്തെ തിരഞ്ഞെടുക്കുന്നതിനായി എറണാകുളത്തുകൂടിയ പ്രതിനിധി സമ്മേളനം സ്വീകരിച്ച പ്രമേയങ്ങളിൽ ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിൻെറ പ്രശ്നങ്ങൾ വ്യക്തമാക്കിയിരുന്നു. പ്രധാനമായി പത്ത് കാര്യങ്ങളാണു കേരളാ ടി. യു. സി യുടെ പ്രഥമ സമ്മേളനം ചൂണ്ടിക്കാണിച്ചത്.

(i) 1946–ൽ തിരുവിതാംകൂറിൽ നടന്ന ത്രികക്ഷിസമ്മേളനം അംഗീകരിച്ച തരത്തിലുള്ള കയർ വ്യവസായ ബന്ധ കമ്മററി (കയർ ഐ. ആർ. കമ്മിററി)യ്ക്ക് സദൃശമായ കമ്മററികൾ എല്ലാ തൊഴിൽ മേഖലകളിലും ഏർപ്പെടുത്തണം. കയർവ്യവസായത്തിൽ ഇത്തരം കമ്മററികൾ പ്രയോജനകരമായി പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. തൊഴിലാളി മുതലാളി ബന്ധത്തിലുള്ള തർക്ക പ്രശ്നങ്ങൾ കൂടിയാലോചനകൾ വഴിയായി പരിഹരിക്കാൻ കഴിയുന്നതാണ്.

(ii) തൊഴിലാളി മുതലാളി പ്രതിനിധികൾ അടങ്ങിയ മാനേജീരിയൽ കമ്മററികൾ സ്ഥാപിക്കണം. ഉൽപാദനം, വികസനം, ലാഭം മുതലായ കാര്യങ്ങളിൽ തൊഴിലാളികളുള്ള നിയന്ത്രണവും ചുമതലയും അംഗീകരിക്കുകയെന്നാണതുകൊണ്ടുദ്ദേശിക്കുന്നത്.

(iii) ഓരോ വ്യവസായത്തിലും ഭൂരിപക്ഷം തൊഴിലാളികളെ പ്രതിനിധീകരിക്കുന്ന യൂണിയനുകളെ അംഗീകരിക്കുന്നതിനുള്ള വ്യവസ്ഥകൾ ഉണ്ടാക്കണം. ഇതിൻെറ അർത്ഥം മററു യൂണിയനുകളെ പിരിച്ചു വിടണമെന്നല്ല, മററു യൂണിയനുകൾക്ക് പ്രവർത്തനം തുടർന്നുകൊണ്ടിരിക്കുന്നതിനും വർഷത്തിലൊരിക്കൽ തങ്ങളുടെ പ്രാതിനിധ്യം ഭൂരിപക്ഷം തൊഴിലാളികളും അംഗീകരിക്കുന്നുണ്ടെന്നു സ്ഥാപിക്കുവാൻ അവസരം നൽകുന്നതിനും വ്യവസ്ഥ ചെയ്യണം.

എന്നാൽ എ. ഐ. ററി. യു. സി. യുടെ കൽക്കട്ടാ ജനറൽ കൗൺസിൽ യോഗം അവതരിപ്പിച്ചിട്ടുള്ള ററി. യു. ഐക്യത്തിനുള്ള വ്യവസ്ഥകൾ അനുസരിച്ച് ന്യൂനപക്ഷ യൂണിയനുകൾ പരസ്പര സമ്മതപ്രകാരം പിരിച്ചു വിടുന്നതിനോ, എല്ലാ യൂണിയനുകളും ഒരു യൂണിയനിൽ ലയിക്കുന്നതിനോ, പുതിയൊരു യൂണിയനായി രൂപാന്തരപ്പെടുന്നതിനോ

ശ്രമം തുടർന്നു നടത്തുന്നതാണ്. ട്രേഡ് യൂണിയൻ ഐക്യം തൊഴിലാളികളുടേയും ട്രേഡ് യൂണിയനുകളുടേയും ആഭ്യന്തര പ്രശ്നമെന്ന നിലയിൽ അവർ കൈകാര്യം ചെയ്യുമെന്നു് ചുരുക്കം.

(iv) നിലവിലുള്ള അടിസ്ഥാനക്കൂലി മര്യാദക്കൂലിയുടെ നിലവാരത്തിലേയ്ക്കു ഉയർത്തണം.

(v) ഗ്രാററിവിററി, പ്രോവിഡൻറു് ഫണ്ടു് മുതലായ വാർദ്ധക്യകാല വേതനങ്ങൾ നൽകണം.

(vi) വിവിധ തരത്തിലുള്ള ലീവു്, സാമൂഹ്യസംരക്ഷണം മുതലായവ ഉണ്ടായിരിക്കണം.

(vii) സ്റ്റേററു് ഇൻഷ്വറൻസ് എല്ലാ വ്യവസായങ്ങളിലേയ്ക്കും വ്യാപിപ്പിക്കണം. ഇപ്പോൾ തിരു–കൊച്ചിയിൽ ചില വ്യവസായങ്ങളിൽ ഇതു നടപ്പാക്കിയിട്ടുണ്ടെങ്കിലും നിയമപ്രകാരം ഇതു പരിശോധിക്കുന്നതിനുള്ള കമ്മററികൾ ഇതുവരെയും സംഘടിപ്പിക്കപ്പെട്ടിട്ടില്ല. അതുടൻ സംഘടിപ്പിക്കണം.

(viii) കൂടുതൽ വ്യവസായങ്ങളിൽ മിനിമം വേജസ് നിശ്ചയിക്കുകയും നിശ്ചയിക്കപ്പെട്ട വ്യവസായങ്ങളിൽ ഫലപ്രദമായി നടപ്പിൽ വരുത്തുകയും വേണം.

(ix) ഇടത്തരം ജീവനക്കാരുൾപ്പെടെ എല്ലാ തൊഴിലാളികളുടേയും കൂലിയുടേയും ശമ്പളത്തിൻെറയും അടിസ്ഥാനവും നിരക്കും നിർണയിക്കുന്നതിനു് ഒരു ശമ്പളനിർണയക്കമ്മീഷനെ നിയോഗിക്കണം.

(x) ഒരു ചുരുങ്ങിയ സംഖ്യ നിശ്ചിതമായി ലഭിക്കുമെന്നു് ഉറപ്പു നൽകിക്കൊണ്ടും ഉൽപാദനവും ലാഭവും തമ്മിൽ ബന്ധപ്പെടുത്തിയതുമായ ഒരു ബോണസ് സമ്പ്രദായം അംഗീകരിക്കണം.

ഈ അടിസ്ഥാനത്തിൽ വ്യവസായ സമാധാനത്തിനുവേണ്ടി കൂടിയാലോചന നടത്തുവാനും കൂട്ടായ ഉടമ്പടികൾ ഉണ്ടാക്കുവാനും ഗവൺമെൻറിനേയും വ്യവസായ ഉടമകളേയും സമ്മേളനം ആഹ്വാനം ചെയ്തിരുന്നു.

കെ. പി. ഗോപാലനാണു് സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചതു്. എ. ഐ. ററി. യു. സി. ജോയിൻറു് സെക്രട്ടറി പി. ബാലചന്ദ്രമേനോൻ സമ്മേളനത്തിൽ ആദ്യന്തം പങ്കെടുക്കുകയുണ്ടായി. 1956 ഒക്ടോബർ 13, 14 എന്നീ തീയതികളിലാണു് ഈ സമ്മേളനം എറണാകുളത്തു് വച്ചു് ചേർന്നതു്– (അവലംബം–ട്രേഡ്യൂണിയൻ വാരിക–1956 ഒക്–19ാനു-).

ഈ നിർദ്ദേശങ്ങളിൽനിന്നു് ഒരു കാര്യം വ്യക്തമാകുന്നതാണു്. കേരളത്തിലെ ട്രേഡ്യൂണിയൻ പ്രസ്ഥാനം സംഹാരപരവും നിരുത്തരവാദി

ത്വപരവും രാജ്യദ്രോഹപരവും ആയ നിലപാടല്ല അക്കാലത്തു് സ്വീകരി ച്ചിരുന്നതു്. നേരെമറിച്ച് ക്രിയാത്മകവും രാജ്യസ്നേഹപരവുമായ ഒരു സമീപനമാണ് ട്രേഡ്യൂണിയൻ പ്രസ്ഥാനം കൈക്കൊണ്ടിരുന്നതെന്നു് സ്പഷ്ടമാക്കുന്ന വസ്തുതയാണിതെന്നു് എല്ലാവരും മനസ്സിലാക്കുന്നതു് നന്നായിരിക്കും.

കേരളത്തിലെ ട്രേഡ്യൂണിയൻ പ്രസ്ഥാനത്തിനു് ദൗർബല്യങ്ങളൊന്നുമില്ലേ, അതിനു് പോരായ്മകളും കുററങ്ങളുമില്ലേ എന്നു ചോദിച്ചേക്കാം. ആരംഭകാലം തൊട്ടു് 1957 ആദ്യം വരെയുള്ള ഒരു ചരിത്രമാണു് മുൻ അധ്യായങ്ങളിൽ സംക്ഷിപ്തമായി വിവരിച്ചതു്. ഈ കാലഘട്ടത്തിൽ ട്രേഡ്യൂണിയൻ പ്രസ്ഥാനത്തിനുണ്ടായിരുന്ന പ്രധാനമായ പോരായ്മ ട്രേഡ്യൂണിയൻ ഐക്യം വേണ്ടപോലെയില്ലായിരുന്നു എന്നതാണു്. അതേവരും സമ്മതിക്കുന്ന കാര്യവുമാണു്. ഇന്ത്യയ്ക്കു് സ്വാതന്ത്ര്യ പ്രാപ്തിയാകുമ്പോരം തന്നെ ട്രേഡ്യൂണിയൻ രംഗത്തു് എ. ഐ. ടി. യു. സിയോടൊപ്പം ഐ.എൻ.ടി.യു. സിയെയും പ്രവർത്തിപ്പിക്കുവാൻ കോൺഗ്രസ്സ് നേതാക്കരം ശ്രമമാരഭിച്ചു കഴിഞ്ഞിരുന്നു. 1947 മേയ് 3–ാംനു- സർദാർ വല്ലഭായിപട്ടേലിൻെറ അധ്യക്ഷതയിൽ ന്യൂഡൽഹിയിൽ ചേർന്ന ഒരു സമ്മേളനത്തിൽ വച്ചാണു് ഈ സംഘടന രൂപം കൊള്ളുന്നതു്. നെഹ്റു, കൃപലാനി, എസ്.കെ. പാട്ടീൽ തുടങ്ങിയ കോൺഗ്രസ്സ് നേതാക്കന്മാരും നന്ദയെപ്പോലുള്ള ഗാന്ധിയൻ തൊഴിലാളി പ്രവർത്തകരും സുരേഷ് ചന്ദ്രബാനർജിയെപ്പോലുള്ള എ. ഐ. ടി. യു. സി നേതാക്കന്മാരും അതിൽ സംബന്ധിച്ചിരുന്നു. സമ്മേളനം ഉൽഘാടനം ചെയ്ത ആചാര്യ കൃപലാനി ആദ്യമായി സൂചിപ്പിച്ചതു പോലെ കോൺഗ്രസ്സുകാരായ തൊഴിലാളി നേതാക്കന്മാർ പഴയതുപോലെ എ. ഐ. ടി. യു. സിയിൽ പ്രവർത്തിച്ചാൽ മതിയെന്ന ധാരണ പലർക്കുമുണ്ടായിരുന്നു. പക്ഷെ അതു വിഫലമായ യത്നമായിരിക്കുമെന്നു് കൃപലാനി അഭിപ്രായപ്പെടുകയാണുണ്ടായതു്. എ. ഐ. ടി. യു. സിയിൽ ആദ്യം മുതൽക്കു തന്നെ ചേരാതിരുന്ന ഗാന്ധിയൻ തത്വവാദികളായ ട്രേഡുയൂണിയൻ പ്രവർത്തകരാണു് ഈ സംഘടനയുടെ രൂപീകരണത്തിനു് മുൻകൈ എടുത്തതു്. അവർക്കാകട്ടെ എ. ഐ. ടി. യു. സി തൊഴിലാളികളെ വർഗാടിസ്ഥാനത്തിൽ സംഘടിപ്പിക്കുന്നതും ആ വർഗത്തിൻെറ നേതൃത്വത്തിലുള്ള ഒരു വ്യവസ്ഥിതിക്കുവേണ്ടി പ്രവർത്തിക്കുന്നതും ആദ്യം തൊട്ടു തന്നെ ഹിതകരമല്ലായിരുന്നു. അവർ വർഗ സഹകരണത്തിൽ വിശ്വസിച്ചു. പുതിയ കോൺഗ്രസ്സ് ഗവണ്മെൻറിനു് നേരിടുന്ന ഭരണവൈഷമ്യങ്ങളുടെ പശ്ചാത്തലത്തിൽ ആണു് സർദാർ പട്ടേൽ ഈ പുതിയ സംഘടനയുടെ രൂപീകരണ പ്രശ്നത്തെ സമീപിച്ചതു്. കോൺഗ്രസ്സ് ഭരണകൂടത്തിനു് വൈഷമ്യമുണ്ടാക്കിയിരുന്ന എ. ഐ. ടി. യു. സി യുടെ പണിമുടക്കങ്ങളും പ്രക്ഷോഭണങ്ങളും അദ്ദേഹം ഇഷ്ടപ്പെട്ടില്ല. ഏതായാ

ലും 1947 ആഗസ്റ്റ് 15–ാം തീയതിയ്ക്ക് മുമ്പുതന്നെ ഇ ്യയിലെ തൊഴിലാളിവർഗം രണ്ടു ചേരികളായി നിലകൊള്ളേണ്ടിവന്നുവെന്നതാണ് യാഥാർത്ഥ്യം.

സ്വാതന്ത്ര്യ പ്രാപ്തിക്കു ശേഷം 1948–ൽ ഹിന്ദ് മസ്ദൂർ സഭയും 1949–ൽ യുണൈററഡ് ട്രേഡ് യൂണിയൻ കോൺഗ്രസ്സും രൂപീകരിക്കപ്പെട്ടു. ഏ. ഐ. ടി. യു. സി യ്ക്ക് പുറമെ മൂന്നു കേന്ദ്ര ട്രേഡ്‌യൂണിയനുകരം ഇന്ത്യയിൽ പ്രവർത്തിച്ചു തുടങ്ങി. അവയുടെ സംസ്ഥാന ഘടകങ്ങരം കേരളത്തിലും രൂപീകരിക്കപ്പെട്ടു. ഐ. എൻ. ടി. യു. സിയുടെ അന്നത്തെ കേരള ഘടകത്തിൻെറ പ്രധാന നേതാക്കന്മാർ കെ. കരുണാകരനും ബി. കെ. നായരും കെ. കുമാരനും അനന്തനും പാമ്പൻ മാധവനും മററുമായിരുന്നു. ഹിന്ദ് മസ്ദൂർ സഭയുടെ പ്രധാന നേതാക്കന്മാരായ ശിവരാമ ഭാരതിയും പി. കെ. ശങ്കരൻകുട്ടിയും പി. പി. വിൽസനും ടി. എസ്. രാമസ്വാമിയും മററും ചില തൊഴിലാളി കേന്ദ്രങ്ങളിൽ അവരുടെ നേതൃത്വത്തിലുള്ള യൂണിയനുകരം സംഘടിപ്പിച്ചു. സ്വാതന്ത്ര്യ പ്രാപ്തിക്കു മുമ്പു തന്നെ തൊഴിലാളി രംഗത്തു് ഏ. ഐ. ടി. യു. സിയിൽ നിന്നു കൊണ്ടു് പ്രവർത്തിച്ചിരുന്ന ശ്രീകണ്ഠൻ നായരും മത്തായി മാഞ്ഞൂരാനും ടി. കെ. ദിവാകരനും ടി. പി. ഗോപാലനും ബേബിജാണും ആർ. എസ്. ഉണ്ണിയും യു. ടി. യു. സിയിൽ അണിനിരന്നു പക്ഷെ പിന്നീട് മത്തായി മാഞ്ഞൂരാൻ കെ. എസ്. പി. എന്ന രാഷ്ട്രീയ പാർട്ടി രൂപീകരിച്ച് സ്വതന്ത്രമായ ഒരു ട്രേഡുയൂണിയൻ പ്രവർത്തനസരണി ആരംഭിക്കുകയാണ് ചെയ്തതു്. എം. പി. മേനോൻ അദ്ദേഹത്തിൻെറ പ്രധാനപ്പെട്ട സഹപ്രവർത്തകനായിരുന്നു. ഈ സംഘടനകരംക്ക് പുറമെ ആലുവാ മേഖലയിൽ എസ്. സി. എസ്. മേനോൻ, കെ. എൻ. ഗോപാലപിള്ള എന്നിവരുടെ നേതൃത്വത്തിൽ ട്രേഡ് യൂണിയനുകരം രൂപീകരിച്ചു പ്രവർത്തിച്ചിരുന്നു. കേരളത്തിലെ ട്രേഡ് യൂണിയൻ രംഗത്തു് പ്രവർത്തിച്ചു വന്ന ഈ ട്രേഡ് യൂണിയൻ കേന്ദ്ര സംഘടനകരം തമ്മിൽ രൂക്ഷമായ മത്സരങ്ങളും ചിലപ്പോരം സംഘട്ടനങ്ങളും ഉണ്ടായിട്ടുണ്ടു്. തൊഴിലാളി വർഗത്തിൻെറയിടയിലുള്ള വ്യക്തമായ ലക്ഷ്യ ബോധത്തിന് ഇതു മൂലം തകരാറുണ്ടായിട്ടുമുണ്ടു്. തൊഴിൽ സമരങ്ങളിൽ പലപ്പോഴും വേണ്ടത്ര വിജയങ്ങരം കൈവരിക്കാൻ ഈ അനൈക്യം തടസ്സമായി നിലനിന്നിരുന്നു. തൊഴിലുടമകളും ഭരണ വർഗവും അവരുടെ ചൂഷണം നിലനിർത്തുന്നതിന് ഈ ഭിന്നതയെ ശരിക്കും പ്രയോജനപ്പെടുത്തുകയും ചെയ്തിരുന്നു.

ഏ. ഐ. ടി. യു. സി ഇതര സംഘടനകളോടൊപ്പം ഐക്യ പ്രശ്നം ചർച്ചചെയ്യുകയും തൽഫലമായി ഈ അനൈക്യം അവസാനിപ്പിക്കുന്നതിനാവശ്യമായ സ്വയം വിമർശനപരമായ വിലയിരുത്തൽ പലപ്പോഴും നടത്തുകയുമുണ്ടായി. 1956–ൽ തോട്ടം തൊഴിലാളി രംഗത്തു് ബോണസ്സ്

പ്രശ്നത്തിൽ ഐ. എൻ. ടി. യു. സി യും, യു. ടി. യു. സി യും, എച്ച്. എം. എസ്സുമായി വിപുലമായ ഐക്യം കെട്ടിപ്പടുക്കുവാൻ എ. ഐ. ടി. യു. സി മുൻകൈഎടുത്തു. യു. ടി. യു. സി യും, എ. ഐ. ടി. യു. സി യുമായി 1951-ൽ തന്നെ തിരു-കൊച്ചി ഐക്യ തൊഴിലാളി കമ്മററി രൂപീകരിക്കുകയും ചെയ്തിരുന്നു. പക്ഷെ ഐക്യം ഭദ്രമായി നിലനിർത്തുവാൻ കഴിഞ്ഞിരുന്നില്ല. ഒരു വ്യവസായത്തിൽ ഒരു യൂണിയൻ എന്ന തത്വം നടപ്പിലാക്കുവാനായി യു. ടി. യു. സി യുമായി ഒരു ധാരണയിലെത്താൻ ടി. വി. തോമസ് പരിശ്രമിക്കുകയുണ്ടായി. അതിൻെറ ഫലമായി "ടി. വി.—ശ്രീകണ്ഠൻ ഫാർമുല" എന്ന ഒരു പദ്ധതി ആവിഷ്കരിച്ചുവെങ്കിലും അതു് പ്രയോഗത്തിൽ വന്നില്ല.

1956-ൽ അഖിലേന്ത്യാ തലത്തിൽ ഐക്യചർച്ചകൾ സജീവമായി നടന്നിരുന്നു. ഹിന്ദു മസ്ദൂർ സഭയും എ. ഐ. ടി. യു. സി യും തമ്മിൽ ഒരു ഐക്യവേദിയുണ്ടാക്കുവാൻ സാധ്യത തെളിഞ്ഞുവെങ്കിലും ഐ. എൻ. ടി. യു. സി കമ്യൂണിസ്റ്റ് വിരോധത്തിൻെറ പേരിൽ എ. ഐ. ടി. യു. സി യുമായി യാതൊരു ഐക്യ സംഭാഷണത്തിനും തയ്യാറില്ലായിരുന്നു. ഐക്യത്തിനുവേണ്ടി എ. ഐ. ടി. യു. സി അക്കാലത്തു് മുന്നോട്ടുവച്ച നിർദ്ദേശങ്ങൾ ശ്രദ്ധേയങ്ങളായിരുന്നു. അവ താഴെ ചേർക്കുന്നു.

രഹസ്യ ബാലററിൻെറ അടിസ്ഥാനത്തിൽപ്രാതിനിധ്യ സ്വഭാവമുള്ളതാണെന്നു് തീരുമാനിക്കപ്പെടുന്ന ഏതെങ്കിലും ഒരു യൂണിയനെ പൊതുവിൽ അംഗീകരിക്കുക. അല്ലെങ്കിൽ, മെമ്പർഷിപ്പിൻെറ ആനുപാതിക പ്രാതിനിധ്യ പ്രകാരം ഭിന്നയൂണിയനുകളെ സംയോജിപ്പിക്കുക. അതുമല്ലെങ്കിൽ യോജിപ്പിനു് യുക്തമെന്നു് തോന്നുന്ന വേറെ ഏതെങ്കിലും മാർഗമുപയോഗിച്ചു് ഐക്യം കെട്ടിപ്പടുക്കുക. ഇതനുസരിച്ചു് തിരു-കൊച്ചി ടി. യു. സി പ്രവർത്തിച്ചു് തുടങ്ങുകയും ഐക്യ സംഭാഷണങ്ങൾ ബന്ധപ്പെട്ട യൂണിയനുകളോടു് നടത്തണമെന്നു് കീഴ്ഘടകങ്ങൾക്ക് നിർദ്ദേശം നൽകുകയും ചെയ്തു. പക്ഷെ ഐക്യശ്രമങ്ങൾക്ക് വ്യക്തമായ രൂപം നൽകുവാനും യൂണിയൻ സംയോജന പരിപാടി മുന്നോട്ടുകൊണ്ടു പോകുവാനും ഉള്ള പ്രവർത്തനങ്ങൾ സുഗമമല്ലെന്നു് തെളിഞ്ഞു. 1957 മാർച്ചിൽ കേരളത്തിൽ നടന്ന പ്രഥമ തിരഞ്ഞെടുപ്പിൽ ഒരു യോജിച്ച നിലപാടെടുക്കാൻ ഇടതുപക്ഷ ട്രേഡ് യൂണിയനുകൾക്ക് പോലും കഴിഞ്ഞില്ല. 1951 ലെയും 1954 ലെയും തിരു-കൊച്ചി തിരഞ്ഞെടുപ്പുകളിൽ ഇടതുപക്ഷ ഐക്യ മുന്നണിക്കാണു് എ. ഐ. ടി. യു. സിയും, യു. ടി. യു. സി യും ഒന്നിച്ചു പ്രവർത്തിച്ചതു്. 1954-ലെ തിരഞ്ഞെടുപ്പിൽ എച്ച്. എം. എസ്സും. അവർ സഹകരിച്ചിരുന്നു. പക്ഷെ 1957-ലെ തിരഞ്ഞെടുപ്പിൽ അങ്ങനെയുള്ള ഒരിടതുപക്ഷ മുന്നണി രൂപം കൊണ്ടില്ല. എങ്കിൽതന്നെ തൊഴിലാളി വർഗത്തിനു് തികച്ചും പ്രോത്സാഹജനകമായ ഫലമാണു് ആ

തിരഞ്ഞെടുപ്പിൽ ഉണ്ടായതു്. ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിൻെറ മുന്നണിയിൽ 1934 മുതൽ തുടർച്ചയായി നിന്നിരുന്ന കെ. പി. ഗോപാലനും കേരളത്തിലെ തൊഴിലാളി വർഗം ദേശീയ സ്വാതന്ത്ര്യത്തിനുവേണ്ടി നടത്തിയ ഉജ്ജ്വലമായ സമരത്തിൻെറ – വയലാർ പുന്നപ്ര സമരത്തിൻെറ – പ്രതീകമായി നിലകൊണ്ട ടി. വി. തോമസ്സും അടങ്ങുന്ന കമ്യൂണിസ്റ്റ് മന്ത്രിസഭ 1957 ഏപ്രിൽ അഞ്ചാം തീയതി സത്യപ്രതിജ്ഞ ചെയ്ത് കേരളഭരണം ഏറെറടുത്തു. ഇന്ത്യയിലെ തൊഴിലാളിവർഗം ഈ പുതിയ സംഭവവികാസത്തിൽ അത്യധികം ആഹ്ലാദിക്കുകയും കേരളത്തിലെ ട്രേഡ് യൂണിയൻ പ്രസ്ഥാനത്തെ അനുമോദിക്കുകയും അഭിനന്ദിക്കുകയും ചെയ്തു. ഈ അഭിനന്ദനത്തിനും അനുമോദനത്തിനും കേരളത്തിലെ ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിനു് ശരിക്കും അർഹതയുണ്ടായിരുന്നു. കാരണം കയർ തൊഴിലാളികളും തോട്ടം തൊഴിലാളികളും സ്റ്റേററ് ട്രാൻസ്പോർട്ട് തൊഴിലാളികളും കശുവണ്ടി തൊഴിലാളികളും ചെത്തു തൊഴിലാളികളും മററു തൊഴിലാളി വിഭാഗങ്ങളും കേരളത്തിലുടനീളം നടത്തിയ നിർണായകമായ സമരങ്ങളാണ് കേരളത്തിലെ പട്ടണങ്ങളിലെയും നാട്ടിൻ പുറങ്ങളിലെയും ജാതിമത ഭേദമന്യെയുള്ള പട്ടിണിപ്പാവങ്ങൾക്ക് ഭരണവർഗത്തിൻെറ എല്ലാ പ്രലോഭനങ്ങളെയും വെല്ലുവിളികളെയും അതിജീവിച്ചുകൊണ്ട് ചെങ്കൊടിയുടെ കക്ഷിക്ക് വോട്ടുചെയ്യാൻ തക്ക കരുത്തും പ്രേരണയും വിശ്വാസവും നൽകിയതു്. തൊഴിലാളി വർഗത്തിൻെറ സാമ്പത്തിക സമരങ്ങളെ കേരളത്തിൻെറ രാഷ്ട്രീയവും സാമൂഹ്യവും ആയ പരിവർത്തന പ്രസ്ഥാനങ്ങളുമായി കൂട്ടിയിണക്കിക്കൊണ്ടുപോകുവാൻ കഴിഞ്ഞു എന്നുള്ളതാണ് കേരളത്തിലെ ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിൻെറ നേട്ടം. തിരുവിതാംകൂറിലെയും കൊച്ചിയിലെയും ഉത്തരവാദ ഭരണ പ്രക്ഷോഭണത്തിലും കേരളമാകെയുള്ള സ്വാതന്ത്ര്യ സമരത്തിലും തൊഴിലാളി പ്രസ്ഥാനം മേലും മെയ്യും മറന്നു് സമരം ചെയ്തു.

മാത്രമല്ല കേരളത്തിലെ സാമ്പത്തികാഭിവൃദ്ധിക്ക് വേണ്ടിയും കേന്ദ്ര ഗവണ്മെൻറിൻെറ അവഗണനയ്ക്കെതിരായും കേരളത്തിലെ ബഹുജനങ്ങളെ അണിനിരത്തിയതും അതിനെ കുറിച്ച് അവരെ ബോധവാന്മാരാക്കിയതും ഇവിടത്തെ ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിൻെറ മുന്നണി വിഭാഗമാണ്. തീരദേശ റെയിൽവെ, കയർ, കശുവണ്ടി, നെയ്ത്തു് തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങളുടെ പുനരുദ്ധാരണം, പുതിയ വ്യവസായങ്ങളുടെ സ്ഥാപനം തുടങ്ങിയ കാര്യങ്ങൾ സമർത്ഥമായും ആത്മാർത്ഥമായും അവതരിപ്പിച്ചതു് കേരളത്തിലെ ട്രേഡ് യൂണിയൻ പ്രസ്ഥാനമാണ്; ഈ പരിശ്രമത്തിൽ ആലപ്പുഴ – ചേർത്തല പ്രദേശത്തെ തൊഴിലാളികൾ സ്വാതന്ത്ര്യസമരകാലത്തു് അവർ പ്രദർശിപ്പിച്ച മുൻകൈ നിലനിർത്തുകയും ചെയ്തു.

സാമൂഹ്യ രംഗത്തും ട്രേഡുയൂണിയൻ പ്രസ്ഥാനം ഊർജ്ജസ്വലവും ക്രിയാത്മകവും ഉത്തേജകവുമായ പങ്ക് വഹിച്ചു. സാമൂഹ്യമായ ഉച്ചനീചത്വങ്ങൾകൊണ്ട് കേരളത്തിനുണ്ടായ അധഃപതനം എല്ലവർക്കും അറിയാമല്ലോ. ജാതിയുടെ പേരിൽ മനുഷ്യർക്ക് സഞ്ചാരസ്വാതന്ത്ര്യം വരെ നിഷേധിച്ചിരുന്ന കേരളത്തിലെ ദുഷിച്ചു നാറിയ സാമൂഹ്യവ്യവസ്ഥിതിക്കെതിരായി ഇവിടത്തെ ഉൽപതിഷ്ണുക്കൾ നടത്തിയ പ്രക്ഷോഭണവും സമരവും 1924-ൽ അഖിലേന്ത്യാടിസ്ഥാനത്തിൽ തന്നെ സന്നദ്ധ ഭടന്മാരെ ആകർഷിച്ച വൈക്കം സത്യഗ്രഹത്തിൽകൂടി ഇന്ത്യയിലെ സാമൂഹ്യ വിപ്ലവത്തിന് ഗണ്യമായ സംഭാവന നൽകിയ ആ കാലഘട്ടത്തിലാണ് കേരളത്തിലെ തൊഴിലാളി പ്രസ്ഥാനം വളർന്നുവരാൻ തുടങ്ങിയത്. സ്വാഭാവികമായി സാമൂഹ്യസമത്വത്തിനുവേണ്ടിയുള്ള-അതായത് കേരളത്തിലെ എല്ലാ ജാതിമതവിഭാഗങ്ങളിലുമുള്ള അവശജനവിഭാഗങ്ങളുടെ സമത്വത്തിനും ഐക്യത്തിനും വേണ്ടിയുള്ള ആ സമരത്തിന്റെ ദീപശിഖയുമായി ട്രേഡ്‌യൂണിയൻ പ്രസ്ഥാനത്തിന്റെ മുന്നണി വിഭാഗങ്ങൾ മുന്നോട്ടു നീങ്ങി. ജാതിയുടെയും മതത്തിന്റെയും പേരിലുള്ള ഭിന്നിപ്പിക്കൽ ശ്രമങ്ങളെ പരാജയപ്പെടുത്തിക്കൊണ്ടാണ് കേരളത്തിലെ തൊഴിലാളി പ്രസ്ഥാനം വർഗബോധത്തിന്റെ ഉരുക്കുകോട്ടകളായി തങ്ങളുടെ ട്രേഡ് യൂണിയനുകളെ പടുത്തുയർത്തിയത്. 1924 ൽ നടന്ന വൈക്കം സത്യഗ്രഹത്തിന് 1922-ൽ മാത്രം രൂപം കൊണ്ട ആലപ്പുഴയിലെ തിരുവിതാംകൂർ ലേബർ അസോസിയേഷൻ സഹായം നൽകിയെന്നുള്ളത് ഒരു ചരിത്രസത്യമാണ്. കഷ്ടിച്ച് 24 കൊല്ലം കഴിഞ്ഞപ്പോൾ 1948-ൽ നടന്ന പാലിയം സമരത്തിന് നേതൃത്വം നൽകിയത് അവിടത്തെ തൊഴിലാളി പ്രവർത്തകരായിരുന്നു. മാത്രമല്ല അച്യുതമേനോന്റെ ഭാഷയിൽ പറഞ്ഞാൽ "ത്യാഗത്തിന്റെ സുരഭിലതയുടെ" മൂർത്തിമത്ഭാവവും കൊച്ചിയിലെ തൊഴിലാളി പ്രസ്ഥാനത്തിന്റെ മുന്നണി പ്രവർത്തകനുമായിരുന്ന എ. ജി. വേലായുധനാണ് അയിത്തത്തിനെതിരായി നടന്ന പാലിയം സമരത്തിൽ അയിത്തത്തെ സംരക്ഷിച്ച കൊച്ചിയിലെ സായുധ പോലീസിന്റെ ബയണറ്റുകൾക്കെതിരായി മുന്നേറി ബയണറ്റ് കുത്തേറ്റ് രക്തസാക്ഷിയായത്. ആ മഹത്തായ ത്യാഗത്തിന്റെയും ധീരതയുടെയും മുമ്പിൽ കേരളത്തിലെ സാമൂഹ്യ വിപ്ലവകാരികൾ തല കുനിച്ചുനിന്നു.

സാംസ്കാരിക രംഗത്തും കേരളത്തിലെ തൊഴിലാളി പ്രസ്ഥാനം വിലപ്പെട്ട സംഭാവന നൽകി. ട്രേഡുയൂണിയൻ പ്രസ്ഥാനത്തിന്റെ അതുല്യനായ നേതാവും വക്താവുമായ ആർ. സുഗതൻ മനുഷ്യ സമത്വത്തിലധിഷ്ഠിതമായ തൊഴിലാളിവർഗസംസ്കാരത്തെക്കുറിച്ച് പറഞ്ഞിരുന്ന കാര്യങ്ങൾ അനുസ്മരിച്ചുകൊള്ളട്ടെ. കേവലമായ ചിന്തയെക്കാൾ മഹത്തരമാണ് അദ്ധ്വാനമെന്നും അദ്ധ്വാനം കൂടാത്ത ചിന്ത അലസമനോഭാവത്തിനും ചിന്താക്കുഴപ്പത്തിനും വഴിതെളിക്കുമെന്നും ലോകത്തെ പഠി

പ്പിക്കുകയാണ് തൊഴിലാളി വർഗസംസ്കാരത്തിന്റെ പ്രാഥമിക ലക്ഷ്യ മെന്നു് സുഗതൻ പറഞ്ഞു. കേരളത്തിലെ ട്രേഡ്യൂണിയൻ പ്രസ്ഥാന ത്തിന്റെ കീഴിൽ അണിനിരന്നുകൊണ്ടു് പ്രവർത്തിച്ച കേരളത്തിലെ അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങൾ അദ്ധ്വാനത്തിന്റെ മഹത്വവും അതിന്റെ സംസ്കാരവും നാട്ടിലെ അലസരായ ഭരണവർഗങ്ങൾക്ക് പഠിപ്പിച്ചു കൊടുത്തിട്ടുണ്ടു്. ചേറും കരിയും പുകയും വിയർപ്പും കൊണ്ടു് നാറുമെങ്കിലും കനകത്തെയും കസ്തൂരിയെയും വെല്ലുന്ന ശുദ്ധിയും മഹത്വവുമുള്ളവരാണ് തൊഴിലാളി വർഗമെന്നു് സുഗതൻ പ്രഖ്യാപിച്ചു. തൊഴിലാളി വർഗ ത്തിന്റെ ശുദ്ധിയും മഹത്വവും എണ്ണമററ സമരങ്ങളിൽ–വിശേഷിച്ചും വയലാർ പുന്നപ്രസമരത്തിൽ–സ്വാതന്ത്ര്യപ്രേമികളാകെ ബോധ്യപ്പെട്ടി ട്ടുള്ളതുമാണ്. മലയാളസാഹിത്യത്തിന്റെ വികാസത്തിലും തൊഴിലാളി പ്രസ്ഥാനം ചലനമുണ്ടാക്കി. എം. കെ. കുമാരൻ ഇതു സംബന്ധിച്ച് എഴുതിയ (1956 – ലെ ട്രേഡ്യൂണിയൻ വാരികയുടെ മെയ്ദിന പ്പതിപ്പ്) ഒരു ലേഖനത്തിൽ ഇതേക്കുറിച്ച് ചില സൂചനകൾ നൽ കിയിട്ടുണ്ടു്. (യഥാർത്ഥത്തിൽ ഇതു് ഒരു പ്രത്യേകമായ പഠനത്തിനു് പാത്രമാകേണ്ടവിഷയമാണ്) സാഹിത്യക്ഷേത്രത്തിൽ പ്രവേശനം നിഷേ ധിക്കപ്പെട്ടിരുന്ന പതിതന്മാരെ–തൊഴിലാളികളെയും കൃഷിക്കാരെയും– നമ്മുടെ പുരോഗമന സാഹിത്യകാരന്മാർ ശ്രീകോവിലിൽതന്നെ പി ടിച്ചു കയററിയെന്നു് കുമാരൻ ശരിയ്ക്കും ചൂണ്ടിക്കാണിച്ചു തരുന്നു. ഇതിനു് ആ സാഹിത്യകാരന്മാർക്കു് പ്രേരണയും ഉത്തേജനവും ആത്മധൈര്യവും നൽകിയതു് കേരളത്തിലെ ട്രേഡ്യൂണിയൻ പ്രസ്ഥാനമാണെന്നുകൂടി പറഞ്ഞുകൊള്ളട്ടെ.

കേരളത്തിലെ പുരോഗമന സാഹിത്യത്തിന്റെ ഊറ്റമായ വളർച്ച യെ പരിശോധിച്ചാൽ നായക പ്രശ്നത്തെ കേന്ദ്രീകരിച്ചു കൊണ്ടുള്ള ഒരു സമരമാണ് ദേവും തകഴിയും കൂട്ടരും നടത്തിയതെന്നു് എം. കെ. കുമാ രൻ പ്രസ്താവിക്കുന്നു. അവർക്കു മുമ്പ് ചന്തുമേനോനും സി. വി. രാമൻ പിള്ളയും കുമാരനാശാനും മാത്രമാണ് അതിപ്രധാനമായ ഈ നായക പ്രശ്ന ത്തെ സമർത്ഥമായി കൈകാര്യം ചെയ്തിട്ടുള്ളതെന്നു് അദ്ദേഹം തുടർന്നു പറ യുന്നു. ഇതു സംബന്ധിച്ച് കുമാരൻ പറയുന്ന ചില കാര്യങ്ങൾ അതീവ ശ്രദ്ധേയമാണ്. ദേവിന്റെ ഓടയിൽ നിന്നു് എന്ന നോവൽ പ്രസിദ്ധീ കരിക്കപ്പെട്ടപ്പോൾ അതു മലയാള സാഹിത്യത്തിലെ ഒരു സംഭവമായി രുന്നു. കേരളത്തിലെ സാംസ്കാരിക പുരോഗതിയ്ക്കു് അതു വഴിതെളിയി ച്ചു. ദേവിന്റെ കൃതിയിലെ നായകനായ പപ്പു എന്ന റിക്ഷാ തൊഴിലാ ളി കേരളത്തിൽ നാമ്പെടുത്തു വളർന്നു വന്ന തൊഴിലാളി വർഗ സംസ് കാരത്തിന്റെ ഉജ്വല പ്രതീകമായിരുന്നു എന്നു് എം. കെ. കുമാരൻ ചൂണ്ടി ക്കാട്ടി. അനീതിയുടെ നേരെ പപ്പുവിനുള്ള അടങ്ങാത്ത അമർഷവും പ്രതി ഷേധവും പ്രതിബന്ധങ്ങളെ പുല്ലാക്കി മുന്നേറുവാനുള്ള കരുത്തും തന്റേടവും

ആരെയാണാകർഷിക്കാത്തതു് എന്നു് കുമാരൻ പറയുന്നതു് അർത്ഥവത്താ യിരിക്കുന്നു. ആരെയും കൂസാത്ത ആ റിക്ഷാ തൊഴിലാളി തലയെടുത്തു പിടിച്ചുകൊണ്ടു് മലയാള സാഹിത്യ രംഗത്തേയ്ക്കു് നടന്നു വരുന്നതു് ഒന്നു് ഓർത്തു നോക്കണമെന്നു് അദ്ദേഹം ആവശ്യപ്പെടുകയാണു്. ദേവി ന്റെ പപ്പുവിനു് ചില പോരായ്മകൾ ഉണ്ടെന്നു് കുമാരൻ സമ്മതിക്കു ന്നു. പക്ഷെ സമൂഹത്തിന്റെ ചേതനയെ ഇളക്കിമറിക്കാൻ അവനു കഴി ഞ്ഞു. ഏതായാലും പപ്പുവിനെ തടയുവാൻ സാഹിത്യക്ഷേത്രത്തിലെ ആഢ്യന്മാർക്കു് കഴിവോ ധൈര്യമോ ഉണ്ടായില്ലെന്നു് കുമാരൻ ചൂണ്ടിക്കാ ണിക്കുന്നു. ട്രേഡ്യൂണിയൻ പ്രസ്ഥാനവുമായി അഭേദ്യമായി ബന്ധ പ്പെട്ട പുരോഗമന സാഹിത്യ പ്രസ്ഥാനത്തിന്റെ യാഗാശ്വമായിരുന്നു പപ്പു എന്നും അദ്ദേഹം തീർത്തു പറയുന്നു.

തകഴിയുടെ കോരൻ ഒരു പടി കൂടി കടന്ന തൊഴിലാളി നായകനാ ണെന്നും കുമാരൻ തുടർന്നു പറയുന്നു. മലയാള സാഹിത്യ ക്ഷേത്രത്തിലേ യ്ക്കു് കോരൻ നടന്നു വന്നതു, കുട്ടനാട്ടിലെ പുഞ്ചപ്പാടങ്ങളിൽ നിന്നാണു്. ജീവിത യഥാർത്ഥ്യങ്ങളും കയ്പേറിയ അനുഭവങ്ങളുമാണു് അവനെ സമര മാർഗത്തിലേയ്ക്കാനയിക്കുന്നതു്. കുട്ടനാട്ടിലെ മണ്ണിൽ തന്നെ ഉറച്ചുനിൽ ക്കുന്ന കോരൻ ആ മണ്ണിനോടും മണ്ണിന്റെ മക്കളോടും അഭേദ്യമായ രീതി യിൽ ബന്ധപ്പെടുന്നു. ആ ബന്ധമാണു് കോരനെ ഒരു പോരാളിയാക്കി മാററുന്നതു്. കോരനും പപ്പുവും യഥാർത്ഥത്തിൽ കേരളത്തിലെ ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിന്റെ സൃഷ്ടികളായിരുന്നു. പക്ഷെ തകഴിയും ദേവുംകൂടി ആ സൃഷ്ടികൾക്കു് മിഴിവും, ചൈതന്യവും പുതിയ ഒരർത്ഥ വും നൽകിയതുകൊണ്ടു് കോരനും പപ്പുവും ട്രേഡ് യൂണിയൻ പ്രസ്ഥാന ത്തിനു് പൂർവാധികം ശക്തിയുണ്ടാക്കി കൊടുത്തു. 1952-നു് ശേഷം തോപ്പിൽ ഭാസിയുടെ 'വിശക്കുന്ന കരിങ്കാലി' എന്ന നാടകം ഈ പാര മ്പര്യത്തെ മുന്നോട്ടുകൊണ്ടുപോയി.

ഫ്യൂഡൽ വ്യവസ്ഥിതിയും മുതലാളിത്ത വ്യവസ്ഥിതിയും സാമൂഹ്യ രംഗത്തു് പ്രതിഷ്ഠിച്ചിരുന്ന യഥാർത്ഥ ദൈവങ്ങളെയും പ്രചരിപ്പിച്ചിരുന്ന ഉച്ചനീചത്വ ചിന്താഗതികളെയും ശക്തിയായി വെല്ലു വിളിച്ചുകൊണ്ടു് മുന്നോട്ടു നീങ്ങിയ ട്രേഡ് യൂണിയൻ പ്രസ്ഥാനം 1957 ആകുമ്പോഴേക്കും പുതിയൊരു കേരളത്തിനുള്ള അടിത്തറ സൃഷ്ടിച്ചു കഴിഞ്ഞിരുന്നു. അധ്വാ നിക്കുന്ന ജനവിഭാഗങ്ങളിലാകെ സംഘടനയുടെ സന്ദേശം അതു് പ്രചരി പ്പിച്ചു. ഉത്തരകേരളത്തിൽ അതിശക്തമായ ഒരു കർഷക പ്രസ്ഥാനവും അധ്യാപക പ്രസ്ഥാനവും ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിന്റെ ഉററമിത്ര മായി നിലകൊണ്ടു. കേരളത്തിലാകെ ഇടത്തരം ഗവണ്മെന്റു് ജീവന ക്കാരടക്കം വെള്ളക്കോളർ വിഭാഗം തൊഴിലാളി വർഗത്തിന്റെ വളർച്ചയെ ഉററുനോക്കികൊണ്ടുനിന്നിരുന്നു. അവർ തൊഴിലാളി വർഗത്തിന്റെ കാൽപാടുകളെ പിന്തുടർന്നുകൊണ്ടു് സമരരംഗത്തേക്കു് കുതിച്ചുകയറി

ത്തുടങ്ങിയ ഒരു കാലഘട്ടമായിരുന്നു അത്. അതോടുകൂടി വിശാലമായ ഒരു ജനമുന്നണി കേരളത്തിൽ ഉടലെടുത്തു. പുതിയ സാമൂഹ്യമൂല്യങ്ങളുള്ള നവീന കേരള സൃഷ്ടിക്ക് വേണ്ടതായ പ്രവർത്തനം നടത്തുവാൻ ഈ മുന്നണി മുന്നോട്ടുനീങ്ങി. രാഷ്ട്രീയ രംഗത്ത് ട്രേഡ് യൂണിയൻ പ്രസ്ഥാനം മുൻപറഞ്ഞ ഈ പശ്ചാത്തലത്തിലാണ് മുന്നേറിയത്. സോഷ്യലിസ്റ്റ് ചിന്താഗതിയുള്ള സുശക്തമായ ഒരിടതുപക്ഷപ്രസ്ഥാനം കേരളത്തിൽ വളർന്നുവന്നു. ഇതിൻെറ പ്രാണവായു ട്രേഡ് യൂണിയൻ പ്രസ്ഥാനവുമായിരുന്നു. ഈ ഇടതുപക്ഷ പ്രസ്ഥാനത്തിന് 1952-ൽ നടന്ന തിരഞ്ഞെടുപ്പിൽ തിരു—കൊച്ചിയിലും മലബാർ ഉൾക്കൊള്ളുന്ന മദ്രാസ് സംസ്ഥാനത്തിലും ഗണ്യമായ വിജയങ്ങൾ നേടുവാൻ കഴിഞ്ഞു. അതുകൊണ്ട് അവിടങ്ങളിലെ നിയമസഭകളിൽ അവർ ഒരു ശക്തിയായി അംഗീകരിക്കപ്പെടുകയുണ്ടായിഎന്നു മുമ്പ് പറഞ്ഞുവല്ലോ. പാർലമെൻറിലും ഇടതുപക്ഷത്തിൻെറ ഉത്തമരായ പ്രതിനിധികൾ സ്ഥാനം പിടിച്ചു. അധ്വാനിക്കുന്ന വർഗത്തിൻെറ ദൈനംദിന സമരങ്ങളെയും അവരുടെ പ്രക്ഷോഭണങ്ങളെയും ജനപ്രതിനിധി സഭകളുടെ ശ്രദ്ധയിൽ ഈ എം. എൽ. എ മാരും എം. പി. മാരും കൊണ്ടുവരികയുണ്ടായി. കഴിഞ്ഞ അധ്യായങ്ങളിൽ ചില ദൃഷ്ടാന്തങ്ങൾ പറഞ്ഞിട്ടുള്ളതുകൊണ്ട് അതിനിയും ആവർത്തിക്കുന്നില്ല. തന്മൂലം കേരളത്തിലെയും ഇതരഭാഗങ്ങളിലെയും ട്രേഡ് യൂണിയൻ പ്രസ്ഥാനം കൂടുതൽ ശക്തിപ്പെട്ടു. അതോടൊപ്പം പ്രസ്ഥാനത്തിൻെറ നേതാക്കന്മാരായ എം. എൽ. എ മാരും എം. പി മാരും ബഹുജന പ്രസ്ഥാനത്തിൻെറയും നാട്ടിലെ പുതുചൈതന്യത്തിൻെറയും ത്യാഗധനന്മാരായ ജനനായകന്മാരായി വളർന്നു. കേരളത്തിൽ ഇതു് ഒരു പുതിയ അനുഭവമായിരുന്നു. ഒരു നല്ല ഭാവി സാധ്യമാണെന്നും സാമൂഹ്യവും സാമ്പത്തികവുമായ പരിവർത്തനം ആവശ്യമാണെന്നും അതു് നേടിയെടുക്കാനുള്ള കഴിവ് ജനങ്ങൾക്കുണ്ടെന്നും കേരളത്തിലെ ജനങ്ങൾ അക്കാലത്തു് മുമ്പെങ്ങുമില്ലാത്തവണ്ണം വിശ്വസിച്ചു. ആ വിശ്വാസത്തിൻെറ അടിത്തറ ട്രേഡു യൂണിയൻ പ്രസ്ഥാനത്തിൻെറ വളർച്ചയായിരുന്നു.

കേരളത്തിലെ ട്രേഡുയൂണിയൻ നേതൃത്വം നാട്ടിൻെറ വ്യാവസായികമായ അഭിവൃദ്ധിക്കായി സമർപ്പിച്ച നിർദ്ദേശങ്ങൾക്ക വേണ്ടി കേരളത്തിലെ ജന പ്രതിനിധികൾ നിയമസഭയിലും പാർലമെൻറിലും വാദിച്ചതു് കേന്ദ്ര ഗവണ്മെൻറിന് അവഗണിക്കാൻ കഴിഞ്ഞില്ല. കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങൾക്ക് കേന്ദ്ര ഗവണ്മെൻറ് സംരക്ഷണ നടപടികൾ സ്വീകരിച്ചു തുടങ്ങിയെന്ന് മുൻ അധ്യായങ്ങളിൽ വിവരിച്ചിട്ടുണ്ടല്ലോ. ചുരുക്കത്തിൽ ട്രേഡു യൂണിയനുകൾ നിയമസഭക്കും പാർലമെൻറിനും പുറത്തു നിന്നു കൊണ്ടും എം. എൽ. എ മാരും എം. പി. മാരും ജനപ്രതിനിധി സഭകളുടെ അകത്തു നിന്നു കൊണ്ടും കേരളത്തിലെ പ്രശ്നങ്ങൾക്ക വേണ്ടി നടത്തിയ സമരങ്ങൾ നവകേരള സൃഷ്ടിക്ക് വളരെ

യേറെ സഹായകരമായി തീർന്നു. ജനപ്രതിനിധി സഭകളെ അധ്വാനിക്കുന്ന ജനതയുടെ രണ്ടാം സമരമുഖമാക്കി മാററുവാൻ ഈ ജനപ്രതിനിധികൾക്ക് കഴിഞ്ഞിരുന്നു.

നിയമസഭകളെ മാത്രമല്ല തൊഴിൽ നിയമക്കോടതികളെയും തൊഴിലാളികളുടെ ഉന്നമനത്തിനും അഭിവൃദ്ധിക്കും വേണ്ടി പ്രയോജനപ്പെടുത്തുവാൻ ട്രേഡ്‌യൂണിയൻ പ്രസ്ഥാനം ശ്രമിച്ചു. അതേ സമയം അതിനെതിരായി ഭരണ വർഗങ്ങൾ സർവ ശക്തിയുമുപയോഗിച്ച് അണിനിരന്നു. തൊഴിൽ കോടതികളെ ട്രേഡ്‌യൂണിയൻ പ്രസ്ഥാനത്തിനെ സ്തംഭിപ്പിക്കുവാനും നിർവീര്യമാക്കുവാനും വേണ്ടി പ്രയോജനപ്പെടുത്തുവാൻ കഴിയുമെന്നാണ് തൊഴിലുടമകളും അവരുടെ ഭാഗത്ത് അണിനിരന്ന വലതുപക്ഷ ഭരണാധിപന്മാരും വിചാരിച്ചത്. ഈ ഹീനമായ ശ്രമങ്ങളെ പരാജയപ്പെടുത്തുവാൻ വേണ്ടി പി. ബാലചന്ദ്രമേനോൻ, ടി. വി. തോമസ്, ടി. കെ. ദിവാകരൻ ടി. സി. എൻ. മേനോൻ, എം. പി. മേനോൻ തുടങ്ങിയ എത്രയോ പ്രഗത്ഭന്മാരായ ട്രേഡ്‌യൂണിയൻ നേതാക്കൾ തൊഴിലാളി വർഗത്തിൻെറ കഴിവുററ വക്താക്കളായി നില കൊണ്ടു. അവർ ഈ കാലഘട്ടത്തിൽ നേടിയെടുത്ത അവാർഡുകൾ ഇന്നും ട്രേഡ്യൂണിയൻ പ്രസ്ഥാനത്തിൻെറ രക്ഷാകവചങ്ങളായും പടവാളുകളായും നിലനിൽക്കുന്നു. തൊഴിൽ നിയമങ്ങളിൽ വ്യവസ്ഥ ചെയ്യിട്ടില്ലാത്ത പുതിയ സ്ഥാപനങ്ങൾ കേരളത്തിൽ പ്രവർത്തിപ്പിക്കുവാനും ട്രേഡ്‌യൂണിയൻ പ്രസ്ഥാനത്തിനു് കഴിഞ്ഞിട്ടുണ്ട്. അതാണു ഐ. ആർ. സി. കൾ. (ഇൻഡസ്ട്രിയൽ റിലേഷൻസ് കമ്മററികൾ.) കയർ വ്യവസായ മേഖലയിൽ ഇതു വളരെ ഫലപ്രദമായി പ്രവർത്തിച്ചുവന്നിരുന്നു. ഈ കമ്മററികളുടെ പ്രവർത്തനങ്ങളെപ്പററി ആധുനികമായ ഗവേഷണ സങ്കേതങ്ങളുപയോഗിച്ച് പഠനം നടത്തിയ ഡോ: രാമചന്ദ്രൻനായർ അഭിപ്രായപ്പെടുന്നത് ഇന്ത്യയിൽ മറെറാരിടത്തും ഇതുപോലെയുള്ള സമിതികൾ ഇല്ലെന്നാണ്. വ്യവസായ ബന്ധങ്ങൾക്ക് കേരളം നൽകിയ സംഭാവനയായിട്ടാണ് അദ്ദേഹം ഈ സ്ഥാപനങ്ങളെ കാണുന്നത്. തൊഴിലാളികളുടെ ജീവിത നിലവാരത്തിനും വ്യവസായത്തിൻെറ വളർച്ചയ്ക്കും ഇതു സഹായകരമായി നിലകൊണ്ടിട്ടുണ്ട് എന്നു കാണാൻ കഴിയും. ചുരുക്കത്തിൽ, ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിൻെറ വളർച്ചയുടെ ഫലമായി കേരളത്തിലെ തൊഴിലാളിവർഗം അക്കാലത്ത് സാമൂഹ്യവും സാമ്പത്തികവും സാംസ്കാരികവും രാഷ്ട്രീയവുമായ മണ്ഡലങ്ങളിൽ സുപ്രധാനമായ സ്ഥാനം കരസ്ഥമാക്കി. അങ്ങനെ ആ കാലഘട്ടത്തിൽ കേരളത്തിലെ തൊഴിലാളി വർഗം മാർക്സ് ഒരിക്കൽ പറഞ്ഞതുപോലെ "സമൂഹത്തിൻെറ സാമൂഹ്യശിരസ്സും സാമൂഹ്യഹൃദയവുമായി" തീർന്നുവെന്നു് പറയാവുന്നതാണ്.

എന്നാൽ തൊഴിലാളി വർഗത്തിൻെറയും ട്രേഡ്‌യൂണിയൻ പ്രസ്ഥാനത്തിൻെറയും (1952-57 കാലത്തെ) അത്ഭുതപൂർവമായ വളർച്ച കണ്ട്

അതിനെ എതിർക്കാൻ അണിനിരന്ന ഭരണ വർഗങ്ങൾ ഗൗരവമായ പല ആരോപണങ്ങളും ഉന്നയിച്ചു. കേരളത്തിലെ വ്യവസായവത്കരണത്തിന് തൊഴിലാളി പ്രസ്ഥാനം തടസ്സമായി നിലകൊള്ളുന്നു എന്നായിരുന്നു പ്രസ്തുത ആരോപണം. ട്രേഡ്‌യൂണിയൻ പ്രസ്ഥാനത്തെ കുറിച്ചുള്ള ഈ ആരോപണത്തെ വസ്തുനിഷ്ഠമായി പരിശോധിക്കുന്നത് നല്ലതാണെന്നു തോന്നുന്നു. ഒരു പ്രസ്ഥാനത്തെക്കുറിച്ചും മനഃപൂർവമായി സ്തുതിഗീതങ്ങൾ പാടേണ്ട ആവശ്യമില്ലല്ലോ. ട്രേഡ്‌യൂണിയൻ പ്രസ്ഥാനം കേരളത്തിലെ വ്യവസായവത്കരണത്തെ തടഞ്ഞുനിർത്തിയിട്ടുണ്ടെന്നു പറയുമ്പോൾ പ്രസ്തുത ആരോപണത്തിന് സാധൂകരണം നൽകുന്ന തെളിവുകൾ അനിഷേധ്യമാണോ എന്ന് പരിശോധിക്കുന്നതിനുകൂടി ആരോപണമുന്നയിക്കുന്നവർ ശ്രദ്ധിക്കണമെന്നു മാത്രം! ഇതേക്കുറിച്ച് വസ്തുനിഷ്ഠവും ശാസ്ത്രീയവുമായ പഠനങ്ങൾ നടത്തേണ്ടതുണ്ട്. അങ്ങനെയുള്ള പഠനങ്ങൾ കുറവാണെന്നാണറിവ്. ഏതായാലും ഡോ: രാമചന്ദ്രൻനായർ തന്റെ പ്രസിദ്ധമായ പുസ്തകത്തിൽ ("കേരളത്തിലെ വ്യവസായബന്ധങ്ങൾ" എന്ന ഇംഗ്ലീഷ് പുസ്തകത്തിൽ) ഈ പ്രശ്നത്തിൽ ഒരുത്തരം കണ്ടുപിടിക്കുന്നതിന് സഹായകമായ വിവരങ്ങൾ നൽകുന്നുണ്ട്. അതിവിടെ രേഖപ്പെടുത്തുന്നത് ഉചിതമായിരിക്കുമെന്നു കരുതുന്നു. (1957 നു ശേഷമാണ്, കൃത്യമായി 1973 ലാണ് ഈ പുസ്തകം പ്രസിദ്ധീകരിച്ചിരിക്കുന്നത്. അതുകൊണ്ട് 1957 വരെയുള്ള ട്രേഡ്‌യൂണിയൻ പ്രസ്ഥാനത്തിന്റെ സ്വഭാവം അദ്ദേഹം കണക്കിലെടുത്തിട്ടുണ്ടെന്നു വ്യക്തമാണ്. അതിനാൽ ആ ഘട്ടംവരെയുള്ള നിലയെപ്പററി പറയുന്നതിന് അതു തികച്ചും സഹായകമായിരിക്കും)

ഡോ: രാമചന്ദ്രൻ നായർ തന്റെ ഡോക്ടറേററിനുവേണ്ടി തയ്യാറാക്കിയ പ്രബന്ധത്തെ വിപുലീകരിച്ചെഴുതിയതാണീ ഗ്രന്ഥം. അദ്ദേഹം തൊഴിലാളി പ്രസ്ഥാനത്തെ വെറുതെ ആരാധിക്കുന്ന കൂട്ടത്തിലല്ല. രാഷ്ട്രീയ പ്രസ്ഥാനങ്ങളുമായി ട്രേഡ് യൂണിയൻ പ്രസ്ഥാനം ബന്ധപ്പെട്ടിരിക്കുന്നത് അദ്ദേഹം വിമർശനബുദ്ധിയോടുകൂടിയാണ് കാണുന്നത്. ട്രേഡ്യൂണിയൻ മൽസരങ്ങളെയും ട്രേഡ്യൂണിയൻ രംഗത്തെ അനൈക്യത്തെയും അദ്ദേഹം പരിശോധിക്കുകയും അതിന്റെ അനാശാസ്യമായ വശങ്ങളെ കണ്ടുപിടിച്ച് വെളിച്ചത്തു കൊണ്ടുവരികയും ചെയ്തു. പക്ഷെ ഒരു കാര്യത്തിൽ അദ്ദേഹം ട്രേഡ്യൂണിയൻ പ്രസ്ഥാനത്തെയും തൊഴിലാളികളെയും സംരക്ഷിച്ചു കൊണ്ടാണ് അഭിപ്രായ പ്രകടനം നടത്തിയിരിക്കുന്നത്.

കേരളത്തിലെ വ്യവസായ പുരോഗതിയെ തടഞ്ഞിട്ടുള്ളത് വ്യവസായ ബന്ധങ്ങൾ—അതായത് മാനേജ്മെൻറും തൊഴിലാളികളും തമ്മിലുള്ള ബന്ധങ്ങൾ—അല്ലെന്ന് അദ്ദേഹം കരുതുന്നു. അതിനുള്ള കാരണം കേരളത്തിലെ ഭരണപരമായ അസ്ഥിരതയാണെന്നാണ് ഡോ: നായർ പ്രസ്താവിക്കുന്നത്. 1948 മുതൽ 1968 വരെയുള്ള

രണ്ടു ദശകങ്ങളിൽ കേരളത്തിൽ ഒൻപതു മന്ത്രിസഭകൾ ഭരിച്ചു എന്നു അദ്ദേഹം ചൂണ്ടിക്കാണിച്ചിരിക്കുന്നു. മന്ത്രിസഭകളെ മറിച്ചിടുന്നതു് ഇവിടത്തെ രാഷ്ട്രീയ പാർട്ടികളുടെ അക്കാലത്തെ വിനോദമായിരുന്നു എന്നദ്ദേഹം പറയുന്നു. ഇങ്ങനെയുള്ള ഭരണപരമായ അസ്ഥിരതയാണു് വ്യാവസായിക പുരോഗതിക്കു് തടസ്സമായി നില കൊണ്ടതു് എന്ന നിഗമനത്തിലാണു് അദ്ദേഹം ചെന്നെത്തുന്നതു്. (പേജ് 148–49). വീണ്ടും അദ്ദേഹം ചില കാര്യങ്ങൾ പറയുന്നുണ്ടു്. അവയും പഠനാർഹങ്ങളാണു്. അദ്ദേഹത്തിൻെറ അഭിപ്രായത്തിൽ ലോകത്തിലെ മററൊരിടത്തേയും സ്വതന്ത്രമായ ട്രേഡ് യൂണിയനുകളെപ്പോലെ തന്നെയാണു് ഇവിടത്തെ ട്രേഡ്‌യൂണിയനുകളും പെരുമാറുന്നതു്. അവരുടെ മനോഭാവത്തിൽ അസാധാരണമായി യാതൊന്നും തന്നെയില്ല. ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ചു നോക്കുമ്പോൾ കേരളത്തിലെ തൊഴിലാളികൾ കൂടുതൽ സമാധാനപ്രിയരും അക്രമാസക്തി കുറഞ്ഞവരുമാണെന്നാണു് അദ്ദേഹം പറയുന്നതു്. അതിനു് വളരെയധികം കണക്കുകളും തെളിവുകളും പുസ്തകത്തിൻെറ പലഭാഗങ്ങളിൽ ഉദ്ധരിക്കുന്നുമുണ്ടു്. അദ്ദേഹത്തിൻെറ പുസ്തകത്തിലെ മുഖവുരയിൽ പറയുന്നതുപോലെ കേരളത്തിലെ വ്യവസായബന്ധങ്ങൾ മററിടങ്ങളിലെ വ്യവസായബന്ധങ്ങളെ അപേക്ഷിച്ചു് ഭീതിജനകമാണെന്ന ധാരണ തെററാണെന്നാണു്. അതിനു വേണ്ടി അദ്ദേഹം 1951 മുതൽ 1964 വരെയുള്ള പണിമുടക്കുകളുടെ എണ്ണവും അതിൻെറ രൂക്ഷതയും മററും ശാസ്ത്രീയമായി പരിശോധിക്കുന്നുണ്ടു്. മഹാരാഷ്ട്രാ, മദ്രാസ്, മൈസൂർ, ഒറീസ, പഞ്ചാബ്, പശ്ചിമബംഗാൾ എന്നീപ്രദേശങ്ങൾ വ്യവസായവത്കരണത്തിൽ കേരളത്തെക്കാളും മുൻപന്തിയിൽ നിൽക്കുന്നുവെന്നു് പരക്കെ പറയാറുണ്ടെന്നു് ഡാ: നായർ അനുസ്മരിക്കുന്നു. ഇന്ത്യയിൽ പൊതുവെയുള്ള നിലയെക്കാളും മോശമാണു് കേരളത്തിലെ മാനേജ്മെൻറു–തൊഴിലാളി ബന്ധമെന്നു് പറയുന്നതിനെയും അദ്ദേഹം പരിശോധിക്കുന്നുണ്ടു്. ശാസ്ത്രീയമായ ചില സൂചകസംഖ്യകൾ പ്രയോജനപ്പെടുത്തിക്കൊണ്ടു് വിശദമായ ഒരു പഠനം നടത്തിയതിനുശേഷമാണു് അദ്ദേഹം തൻെറ പ്രൗഢമായ അഭിപ്രായം രേഖപ്പെടുത്തിയിരിക്കുന്നതു്. കേരളത്തിലെ തൊഴിൽബന്ധങ്ങൾ ഇന്ത്യയിലെ വ്യാവസായികമായി കൂടുതൽ മെച്ചപ്പെട്ട സഹോദര സംസ്ഥാനങ്ങളെപ്പോലെ തന്നെയാണു്. സംസ്ഥാനത്തെ താഴ്ന്ന തോതിലുള്ള വ്യവസായവത്കരണനിലവാരത്തിനുള്ള കാരണം കണ്ടുപിടിക്കാൻ മററു മേഖലകളിലാണു് ശ്രമം നടത്തേണ്ടിയിരുന്നതെന്നു് അദ്ദേഹം പറയുന്നു. ഒരു പ്രധാനപ്പെട്ട കാരണം 1951–64 കാലത്തിലെ ഭരണപരമായ അസ്ഥിരതയാണു്. സംസ്ഥാനത്തെ വിഭവങ്ങളെ കാര്യക്ഷമമായി ഉപയോഗിക്കുന്നതിനു് ഇവിടത്തെ മൂലധനമുടമകൾ താൽപര്യമെടുക്കാത്തതും അതിനുള്ള മറെറാരു കാരണമാണെന്നു് ഡാ: നായർ ഊഹിക്കുന്നു. ഏതായാലും കേരളത്തിലെ ഭരണരംഗത്തെ അസ്ഥിരത മൂലമാണു് കേരളത്തിലെ വ്യവസായവത്ക

രണം മന്ദഗതിയിലായിപ്പോയതെന്ന് വീണ്ടും ഡാ: നായർ പറയുന്നു. 1968വരെയുള്ള കാലഘട്ടത്തെപ്പററിയാണ് അദ്ദേഹം പഠനം നടത്തിയിരിക്കുന്നതെന്ന് ആവർത്തിച്ചു പറഞ്ഞുകൊള്ളട്ടെ.

അപ്പോൾ ഒരു കാര്യം വ്യക്തമാകുന്നു. ട്രേഡ്യൂണിയൻ പ്രസ്ഥാനം കേരളത്തിലെ വ്യവസായവത്കരണത്തെ തടഞ്ഞു നിർത്തിയിട്ടില്ല എന്നാണ് ഒരു ശാസ്ത്രീയ പഠനത്തിൽനിന്നു തെളിഞ്ഞിരിക്കുന്നത്. കേരളത്തിലെന്നല്ല ഇന്ത്യയിലെവിടെയും എന്തിന് വികസ്വരമായ മുതലാളിത്ത രാജ്യങ്ങളിലെല്ലാം ട്രേഡ്യൂണിയൻ പ്രസ്ഥാനത്തിനെതിരായി പറഞ്ഞു കേൾക്കുന്ന ഒരാരോപണം കേരളത്തിലെയും ചില ആളുകൾ പറയുന്നു എന്നേയുള്ളു. അവരുടെ ലക്ഷ്യം ചൂഷകർക്കെതിരായിനിൽക്കുന്ന ട്രേഡ്യൂണിയൻ പ്രസ്ഥാനത്തെ തകർക്കുകയും മററു ജനവിഭാഗങ്ങളിൽ നിന്ന് അതിനെ ഒററപ്പെടുത്തുകയും ചെയ്യണമെന്നതാണ്. അക്കാലത്തെ വ്യവസായവത്കരണത്തിന് തടസ്സം നിന്നിരുന്ന യഥാർത്ഥ വസ്തുതയെ– രാജ്യത്തിലെ ഫ്യൂഡൽ സാമ്പത്തിക ബന്ധങ്ങളെയും മുതലാളിത്തബന്ധങ്ങളെയും വിദേശ മൂലധനമേധാവിത്വത്തെയും–മറച്ചുപിടിക്കുന്നതിനാണ് ഈ ആരോപണങ്ങൾ പ്രധാനമായും ഉന്നയിക്കപ്പെട്ടത്.

ഇനി കേരളത്തിലെ ട്രേഡ്യൂണിയൻ പ്രസ്ഥാനത്തിൻെറ 1957 വരെയുള്ള ചരിത്രത്തെ കുറിച്ച് ഈ ഏഴു അധ്യായങ്ങളിലായി നടത്തിയ സംക്ഷിപ്തമായ പ്രതിപാദനം ഉപസംഹരിച്ചു കൊള്ളട്ടെ.

സ്വാതന്ത്ര്യത്തിനു ശേഷം രൂപീകൃതമായ കേന്ദ്ര ഗവണ്മെൻറു നടപ്പാക്കിയ തൊഴിൽ നയവും അതിനെ പിന്തുടർന്നു സംസ്ഥാന ഗവണ്മെൻറുകളുടെ നടപടികളും മുതലാളിത്തത്തിന് അനുയോജ്യമായ നയമാണെന്നും നെഹ്റു തുടങ്ങിയവർ തന്നെ പ്രചരിപ്പിച്ച കറാച്ചി കോൺഗ്രസ്സ് പ്രമേയത്തിന് വിരുദ്ധമാണതെന്നും പ്രബുദ്ധമായ ട്രേഡ്യൂണിയൻ പ്രസ്ഥാനം സ്വാതന്ത്ര്യാനന്തരമുള്ള ആദ്യത്തെ ദശകത്തിൽ (1947–57) തന്നെ ചൂണ്ടിക്കാട്ടി. കോൺഗ്രസ്സിൻെറ കറാച്ചി പ്രമേയത്തിൽ പ്രഖ്യാപിച്ചിരുന്ന തൊഴിൽ നയം നടപ്പിലാക്കണമെന്ന് വീറോടെ വാദിച്ചത് ഇടതുപക്ഷ ട്രേഡ്യൂണിയൻ പ്രസ്ഥാനമായിരുന്നുവെന്ന് കാണുവാൻ കഴിയും. അതിനാൽ സ്വാതന്ത്ര്യ സമര കാലത്ത് കറാച്ചി പ്രമേയത്തിൻെറ പിന്നിൽ അണിനിരന്ന കേരളത്തിലെ ദേശാഭിമാനികളുടെ നല്ലൊരു വിഭാഗമായിരുന്നു കേരളത്തിലെ ട്രേഡ്യൂണിയൻ പ്രസ്ഥാനത്തിനു നേതൃത്വം നൽകിയത്. അവരെപിന്തുടന്ന് കൊണ്ട് അണിനിരന്ന യുവതലമുറയും കറാച്ചി പ്രമേയം നടപ്പിലാക്കണമെന്നു വാദിച്ചു. പുതിയ ദേശീയ ഗവണ്മെൻറ് പത്തുകൊല്ലം കഴിഞ്ഞിട്ടും തങ്ങളാഗ്രഹിച്ച തൊഴിൽ നയം നടപ്പിലാക്കാത്തതുകൊണ്ട് മോഹഭംഗം ഉണ്ടായി ആലസ്യമാണ്ട് കഴിഞ്ഞുകൂടാൻ അവരാരും ആഗ്രഹിച്ചില്ല. ഏതു രംഗത്തെയും അനീതിക്കെതിരെ പൊരുതുവാനുള്ള പ്രതീകമായി തൊഴിലാളി വർഗത്തിൻെറ ചെങ്കൊടിയെ കണ്ടെ

ത്തിയ കാലഘട്ടത്തിലാണ് 1957 മാർച്ചിൽ കേരളത്തിലെ പൊതു തിരഞ്ഞെടുപ്പു നടന്നതു്. കർഷക രക്തസാക്ഷികളുടെ നാടായ ഉത്തരകേരളത്തിലെ കയ്യൂർ മുതൽ ദക്ഷിണ കേരളത്തിലെ നെയ്യാററിൻകര താലൂക്കിലെ സമരധീരരായ നെയ്ത്തു തൊഴിലാളികളുടെ കേന്ദ്രമായ ബാലരാമപുരം വരെയുള്ള പ്രദേശങ്ങളിലെ അധ്വാനിക്കുന്ന വർഗം പിടിച്ച ചെങ്കൊടിയുടെ കീഴിൽ കേരളത്തിലെ കഷ്ടപ്പെടുന്ന സാധാരണക്കാരായ ഇതര വിഭാഗങ്ങളും കൂടി അണിനിരന്ന കാലഘട്ടമായിരുന്നതു്. നിരവധി പ്രതീക്ഷകളോടും പ്രത്യാശകളോടും കൂടി അവർ നവകേരളത്തിനു് പുതിയൊരു നിറമുള്ള മന്ത്രിസഭയെ സൃഷ്ടിച്ചു കൊടുക്കുകയാണുണ്ടായതു്.

ആ മന്ത്രിസഭ—ഇം. എം. എസ്; അച്യുതമേനോൻ, കെ. പി. ഗോപാലൻ, കെ. സി. ജോർജ്, ടി. വി. തോമസ്സ്, കെ. ആർ. ഗൗരി, പി. കെ. ചാത്തൻ മാസ്റ്റർ, ടി. എ. മജീദ്, എ. ആർ. മേനോൻ, വി. ആർ. കൃഷ്ണയ്യർ, ജോസഫ് മുണ്ടശ്ശേരി എന്നിവർ അംഗങ്ങളായുള്ള മന്ത്രിസഭ—കേരളത്തിലെ തൊഴിലാളി വർഗം നടത്തിയ അത്യുജ്വലമായ സമരത്തിൻെറ—വയലാർ പുന്നപ്ര സമരത്തിൻെറ—ധീരരക്തസാക്ഷികളെ സ്മരിച്ചുകൊണ്ടാണ് 1957 ഏപ്രിൽ അഞ്ചാം തീയതി അധികാരമേററെടുത്തതു് എന്നതും അർത്ഥവത്തായിരുന്നു.

## അനുബന്ധം—1

# ഏ. ഐ. ടി. യു. സിയുടെ സുദീർഘമായ ചരിത്രത്തിലെ പ്രധാനപ്പെട്ട ചില വസ്തുതകൾ

## (1947 ആഗസ്റ്റ് വരെ)

ഇന്ത്യൻ തൊഴിലാളി വർഗത്തിന് ഇന്നു പല കേന്ദ്രസംഘടനകൾ ഉണ്ടെങ്കിലും ഏ. ഐ. ടി. യു. സി. (അഖിലേന്ത്യാ ട്രേഡ്യൂണിയൻ കാൺഗ്രസ്സ്) ആണ് അതിൻെറ മാതൃസംഘടനയെന്നു പറയാവുന്ന ഏററവും പഴക്കം ചെന്ന സംഘടന. അതിൻെറ സുദീർഘവും സംഭവബഹുലവുമായ ചരിത്രത്തിലെ പ്രധാനപ്പെട്ട ചില വസ്തുതകൾ—1947 വരെയുള്ളത്—താഴെ ചേർക്കുന്നു.

1850–കളിലാണ് ഇന്ത്യയിൽ വ്യവസായങ്ങൾ ആരംഭിച്ചതെന്നു പറയാം. തുണിമില്ലുകളും ചണമില്ലുകളും ആണ് ആദ്യമാരംഭിച്ച വ്യവസായഘടകങ്ങൾ. 1854 ൽ ആദ്യത്തെ ചണമിൽ കൽക്കത്തയ്ക്കടുത്ത് രിഷ്രായിൽ ഓക്ക്ലൻഡ് എന്ന യൂറോപ്യൻ സ്ഥാപിച്ചതോടെയാണ് ചണമിൽ വ്യവസായം ഇന്ത്യയിൽ തുടങ്ങുന്നത്. 1854–ൽ ആണ് ബോംബെയിലെ ആദ്യത്തെ പരുത്തി മിൽ ഒരിന്ത്യക്കാരനായ കൊവാസ്ജി നാനാഭോയ് ദാവർ സ്ഥാപിച്ചത്. അതിനുമുമ്പ് 1818–ൽ കൽക്കട്ടയിൽ ഒരു തുണിമിൽ സ്ഥാപിച്ചതായി രേഖയുണ്ടെങ്കിലും അതവിടെ പുഷ്ടിപ്പെട്ടതായി കാണുന്നില്ല. കൽക്കത്തയിലെ ആദ്യത്തെ ചണമില്ലിനും ബോംബെയിലെ ആദ്യത്തെ തുണിമില്ലിനും ഒററപ്പെട്ടു നിൽക്കേണ്ടി വന്നില്ല. ധാരാളം തുണിമില്ലുകളും ചണമില്ലുകളും അവിടങ്ങളിൽ നിലവിൽ വന്നു. ഈ മില്ലുകളോടൊപ്പം തോട്ടം വ്യവസായവും ഇന്ത്യയിൽ വളർന്നു വരുന്നുണ്ടായിരുന്നു. 1839–ൽ ആസാമിൽ ആദ്യത്തെ ചായത്തോട്ടം ബ്രിട്ടീഷുകാർ ആരംഭിച്ചു. 1853–ൽ ബ്രിട്ടീഷുമൂലധനം ഇന്ത്യയിൽ മറെറാരു പ്രധാന സ്ഥാപനവും തുടങ്ങി. അതാണ് റെയിൽവെ കമ്പനികൾ. 1853–ൽ ഇരുപതു മൈൽ തീവണ്ടിപ്പാത ആദ്യമായി ഇന്ത്യയിൽ സ്ഥാപിക്കപ്പെട്ടു. ചണമില്ലുകളും തുണിമില്ലുകളും തോട്ടങ്ങളുംറെയിൽപാത നിർമ്മാണവും പുരോഗമിച്ചപ്പോൾ ഇന്ത്യയുടെ സാമൂഹ്യഘടനയിൽ ഏററവും പുതിയൊരു ഘടകം പ്രത്യക്ഷ

പ്പെട്ടു. ഇന്ത്യയിലെ ആധുനിക തൊഴിലാളിവർഗം അങ്ങനെയാണ് സംജാതമായതു്. ആയിരത്തി എണ്ണൂററി അമ്പതുകളിൽ ആണ് വ്യവസായ തൊഴിലാളിവർഗം ഇന്ത്യയിൽ പലയിടത്തും ഉദയം ചെയ്യുന്നതെങ്കിലും അവർക്കൊരു കേന്ദ്രസംഘടനയുണ്ടാകുന്നതു് (എ. ഐ. ടി. യു. സി. ആരംഭിക്കുന്നതു്) ഏതാണ്ട് ഏഴുദശകങ്ങൾ കഴിഞ്ഞതിനുശേഷമാണ്;—അതായതു് 1920–ൽ ആണ് എ. ഐ. ടി. യു. സി യുടെ രൂപീകരണം ബോംബെയിൽ വച്ചു് നടക്കുന്നതു്. വ്യവസായവത്കരണത്തിന്റെ ആരംഭത്തിനും എ. ഐ. ടി. യു. സി യുടെ ജനനത്തിനും ഇടയ്ക്കുള്ള കാലഘട്ടം ശൂന്യതയുടെയോ സ്തംഭനത്തിന്റെയോ കാലഘട്ടമല്ലായിരുന്നു. ഇന്ത്യൻ തൊഴിലാളിവർഗത്തിന്റെ ചലനാത്മകമായ പ്രവർത്തനങ്ങൾ ഇക്കാലത്തു് നടന്നിരുന്നതായി കാണാൻ കഴിയും.

ഇന്ത്യൻ വ്യവസായികൾ അവരുടെ വ്യവസായസ്ഥാപനങ്ങൾ സ്ഥാപിച്ചതു് ബ്രിട്ടനിലെ വ്യവസായ ഉടമകളുമായുള്ള സമ്പർക്കവും തുടർന്നുള്ള മത്സരങ്ങൾ മൂലവുമാണ്. ബ്രിട്ടീഷു മൂലധനമാകട്ടെ ഇന്ത്യയിൽ വ്യവസായ സ്ഥാപനങ്ങളും തോട്ടങ്ങളും റെയിൽവെയും സ്ഥാപിക്കുന്നതു് അവരുടെ സാമ്പത്തികമായ ചൂഷണം കുറെക്കൂടി കാര്യക്ഷമമാക്കുന്നതിനു വേണ്ടിയായിരുന്നെന്നു് വസ്തുതകൾ തെളിയിക്കുന്നുണ്ട്. ഈ രണ്ടുതരത്തിലുള്ള വ്യവസായവത്കരണം മൂലം ഉണ്ടായ ഇന്ത്യൻ തൊഴിലാളിവർഗത്തിനിടയിൽ സംഘടനകൾ നിലവിൽ വരുന്നതു് ബ്രിട്ടനിലെ ട്രേഡ്‌യൂണിയൻ പ്രസ്ഥാനവുമായുള്ള സമ്പർക്കവും അതിൽ നിന്നു കിട്ടിയ പ്രചോദനവും മൂലമാണ്. ബ്രിട്ടനിൽ 1820–കളിൽ തന്നെ ട്രേഡ്‌യൂണിയൻ പ്രസ്ഥാനം ആരംഭിച്ചു തുടങ്ങി. അതിനാൽ ഇന്ത്യയിൽ വ്യവസായങ്ങൾ വളർന്നു തുടങ്ങിയ കാലത്തു് ബ്രിട്ടനിൽ കുറെയൊക്കെ പുഷ്ടി പ്രാപിച്ച ട്രേഡ്‌യൂണിയൻ പ്രസ്ഥാനമുണ്ടായിരുന്നു. ഈ പ്രസ്ഥാനത്തെക്കുറിച്ചു ഇന്ത്യയിലെ അഭ്യസ്തവിദ്യരായ ബുദ്ധിജീവികൾ അറിഞ്ഞുതുടങ്ങി. അവർ ഇന്ത്യയിലും തൊഴിലാളി സംഘടനകൾ സൃഷ്ടിക്കുവാൻ ശ്രമിച്ചു. അതോടൊപ്പം വ്യവസായ സ്ഥാപനങ്ങളിലെ അതികഠിനവും അനാരോഗ്യകരവും ആയ അധ്വാനരീതിക്കെതിരായി തൊഴിലാളികൾക്കിടയിൽ അസംതൃപ്തി ഉണ്ടായിത്തുടങ്ങിയിരുന്നു. യാതൊരു സംഘടനയുടെയും പ്രേരണയോ ആവിർഭാവം തന്നെയോ കൂടാതെ ഇന്ത്യൻ വ്യവസായത്തൊഴിലാളികൾ പലയിടങ്ങളിലും പണിമുടക്കിയതായി രേഖകളുണ്ട്. 1873–ൽ ബഡ്ജ് ബഡ്ജ് (കൽക്കട്ട) പ്രദേശത്തെ ചണമിൽ തൊഴിലാളികളും 1875–ൽ ബോംബെയിലെ തുണിമില്ലുകളിലെ തൊഴിലാളികളും നടത്തിയ പണിമുടക്കങ്ങൾ യാതൊരു സംഘടനയുടെയും പേരിൽ നടന്നതല്ല. 1877–ൽ കൂലിയെ സംബന്ധിച്ച ഒരു പ്രശ്നത്തിൽ നാഗപ്പൂർ എംപ്രസ്സ് മില്ലിലെ നെയ്ത്തു തൊഴിലാളികളുടെ വലിയൊരു പണിമുടക്ക് നടന്നുവെന്നു് രേഖകളുണ്ട്. 1884–ൽ നടന്ന

വേറൊരു സംഭവം പ്രത്യേക ശ്രദ്ധയർഹിക്കുന്നു. ആ വർഷം സെപ്റ്റംബർ 23–26 തീയതികളിൽ ബോംബെ മിൽ തൊഴിലാളി അസോസിയേഷൻ എന്ന ഒരു സംഘടനയുടെ അധ്യക്ഷനായ എൽ. എം. ലോഖണ്ടേ (N. M. Lokhande) എന്നയാൾ ബോംബെയിലെ മിൽ ജീവനക്കാരുടെ ആവശ്യങ്ങൾ കാണിച്ചുകൊണ്ട് ഒരു മെമ്മോറാണ്ടം തയാറാക്കി. അതിൽ 5500 പേർ ഒപ്പുവച്ചു. മെമ്മോറാണ്ടം ബോംബെ ഗവണ്മെൻറു നിയോഗിച്ച ഒരു കമ്മിഷനു് സമർപ്പിക്കുകയും ചെയ്തു. തൊഴിലാളികളുടേതായ ഈ സംഘടനയ്ക്കു് അംഗത്വ രജിസ്റ്ററോ, ഫണ്ടോ നിയമാവലിയോ ഒന്നുമില്ലായിരുന്നത്രെ. പക്ഷെ ലോഖണ്ടേ ഉന്നയിച്ച ആവശ്യപ്പട്ടികയ്ക്കു് തികച്ചും ചരിത്രപ്രാധാന്യമുണ്ടു്. കാരണം അന്നത്തെ ആവശ്യങ്ങളുടെ നിലവാരത്തെ കുറിച്ചു് അറിയാൻ കഴിയുന്ന രേഖയാണതു്.

1. <u>മിൽ തൊഴിലാളികൾക്കു് ഒരു ദിവസം–ഞായറാഴ്ച–പൂർണമായി അവധി നൽകണം.</u>

2. <u>ഉച്ചയ്ക്കു് അരമണിക്കൂർ വിശ്രമം വേണം.</u>

3. മിൽ തൊഴിലാളികളുടെ പണി കാലത്തു് ആറര മണിക്കേ തുടങ്ങാവൂ. സൂര്യൻ അസ്തമിക്കുമ്പോൾ പണി അവസാനിക്കണം.

4. ഓരോ മാസത്തെയും കൂലി അടുത്തമാസം 15–ാം തീയതിയ്ക്കു് മുമ്പെങ്കിലും കിട്ടണം.

5. മില്ലിൽ പണിചെയ്തുകൊണ്ടിരിക്കുന്ന തൊഴിലാളിക്കു് ഗുരുതരമായ മുറിവു പററുകയാണെങ്കിൽ അയാൾക്കു് വീണ്ടും ജോലിക്കു് വരാൻ കഴിയുന്നതുവരെ മുഴുവൻ ശമ്പളവും കൊടുക്കണം. പിന്നീടു് ഒരിക്കലും ജോലി ചെയ്യുവാൻ പററാതാവുകയാണെങ്കിൽ അയാൾക്കു് ജീവിക്കാൻ മതിയായ പെൻഷൻ നൽകണം.

1881 ൽ ആദ്യത്തെ ഫാക്ടറി നിയമം പാസ്സാക്കിയെന്നു പറയുന്നുണ്ടെങ്കിലും അതിനുശേഷവും ബോംബെയിലെ തൊഴിൽ സാഹചര്യം എത്രത്തോളം മോശമായിരുന്നെന്നു് ഇതിൽ നിന്നു് തെളിയുമല്ലോ. ഇരുപതാം നൂററാണ്ടിൻെറ ആരംഭത്തിൽ തന്നെ ഇന്ത്യയിൽ പലയിടങ്ങളിലും തൊഴിലാളികളുടെ സമരങ്ങൾ ശക്തിപ്പെട്ടുതുടങ്ങി. ഉദാഹരണത്തിനു് ബോംബെയിലെ പരുത്തി മിൽ തൊഴിലാളികൾ 1905 ഒക്ടോബറിൽ നടത്തിയ പോരാട്ടങ്ങളെപ്പററി ചില രേഖകളുണ്ടു്. തൊഴിലാളികളുടെ അസംതൃപ്തി ലഹളകളുടെ രൂപത്തിലാണു് പൊട്ടിപ്പുറപ്പെട്ടതു്. പ്രവൃത്തി സമയം കുറച്ചുകിട്ടുന്നതിനു വേണ്ടിയാണു് ലഹളകൾ ആരംഭിച്ചതു്. വളരെ ഇരുട്ടിയതിനുശേഷവും പണിതുടർന്നു നടത്തുന്ന എതെങ്കിലുമൊരു

ഫാക്ടറിയിൽ ഉള്ള തൊഴിലാളികൾ മററൊരു ഫാക്ടറിയിൽ ചെല്ലുകയും അവിടെ കല്ലെറിയുകയും തൊഴിലാളികളെ ഇറങ്ങിവരാൻ ആവശ്യപ്പെടുകയും അവിടെയുള്ള ജനാലകൾ തകർക്കുകയും ഹാജർ റെക്കാർഡുകൾ നശിപ്പിക്കുകയും മററും ചെയ്യുക പതിവായി തീർന്നു. ഈ ലഹളകളെപ്പററി അറിഞ്ഞ ബാലഗംഗാധരതിലക് എന്ന സമുന്നതദേശീയ നേതാവ് തൊഴിലാളികളുടെ പ്രശ്നങ്ങൾ മനസ്സിലാക്കുവാനും യൂണിയനുകൾ രൂപീകരിക്കുന്നതിന് തൊഴിലാളികളെ ഉപദേശിക്കുവാനും തുടങ്ങി. അസംഘടിതമായ ലഹളകൾ കൊണ്ട് പ്രയോജനമുണ്ടാവുകയില്ലെന്ന് അദ്ദേഹം ചൂണ്ടിക്കാണിച്ചു. ചിട്ടയോടുകൂടിയ യൂണിയൻ പ്രവർത്തനം നടത്തി ഗവണ്മെൻറിനെ വിവരമറിയിക്കുകയാണ് വേണ്ടതെന്ന് അദ്ദേഹം അവരെ ഉത്ബോധിപ്പിക്കുകയും ചെയ്തു. അതേസമയം ഈ ലഹളകൾ രാഷ്ട്രീയ പ്രേരിതമാണെന്നത്രെ ബ്രിട്ടീഷു അധികൃതർ പറഞ്ഞു പരത്തിയതു്. ഈ കാലഘട്ടത്തിൽത്തന്നെ റെയിൽവേയിൽ വളരെ പ്രധാനപ്പെട്ട ഒരു സംഭവവികാസമുണ്ടായി. ആദ്യകാലത്തു് റെയിൽവേ ഡ്രൈവർമാർ യൂറോപ്യൻമാരായിരുന്നു. അവർ തങ്ങളുടെ ആവശ്യങ്ങൾ നേടിയെടുക്കാനായി ബ്രിട്ടനിൽ ചെയ്യുന്നതുപോലെ ഇന്ത്യയിലും പണിമുടക്കി. ഇതു് രാഷ്ട്രീയപ്രേരിതമാണെന്ന് പറയുവാൻ കഴിയുകയില്ലല്ലൊ. പക്ഷെ, അക്കാലത്തു് ഇന്ത്യൻ തൊഴിലാളികൾ പണിമുടക്കിയാൽ അതു് രാഷ്ട്രീയ പ്രേരിതമാണെന്നാണ് പറഞ്ഞിരുന്നതു്. ബ്രിട്ടീഷ് ഡ്രൈവർമാരുടെ ഈ പണിമുടക്കു പ്രശ്നം തിലക് തൻെറ പത്രമായ കേസരിയിൽ 1907 നവംബർ 26-ാം തീയതി പണിമുടക്കും രാഷ്ട്രീയവും എന്ന ഒരു ലേഖനത്തിൽ പരാമർശിച്ചു. ഈ പണിമുടക്കിനെ തുടർന്നു് അസൻഡോൾ സ്റ്റേഷനിലേക്ക് യൂറോപ്യൻ പട്ടാളവിഭാഗങ്ങൾ നിയോഗിക്കപ്പെട്ടു. പട്ടാളവകുപ്പ് ഈസ്റ്റിന്ത്യാ റെയിൽവെയുടെ ഭരണം ഏറെറടുത്തു. ചില പ്രധാനപ്പെട്ട യൂറോപ്യൻ പട്ടാളമേധാവികളും വ്യാപാരികളും എൻജിൻ ഡ്രൈവർമാരും പ്രമുഖ റെയിൽവെ അധികൃതരുമായി സന്ധിസംഭാഷണം നടത്തി. ചില ഡ്രൈവർമാരെ പണിമുടക്കത്തിൽ നിന്നു് പിന്തിരിപ്പിച്ചു പണിമുടക്കം പൊളിക്കുവാൻ അവർ ശ്രമിച്ചു. പക്ഷെ അവർ വിജയിച്ചില്ല. വെള്ളക്കാരുടെ ഡ്രൈവർമാരുടെ പണിമുടക്കം ഉദ്യോഗസ്ഥ ദുഷ്പ്രഭുത്വത്തിൻെറ വീര്യം കുറക്കാൻ പററിയ കഷായമാണ് നൽകിയതെന്ന് തിലക് പറഞ്ഞു.

തിലകൻെറ ലേഖനത്തിൽ അക്കാലത്തു നടന്ന ചില പണിമുടക്കങ്ങളുടെ പേരു് പറയുന്നുണ്ട്. ജി. ഐ. പി. റയിൽവെയിലെ ടെലഗ്രാഫ് ജീവനക്കാരുടെയും ബോംബയിലെ പോസ്റ്റൽ ജീവനക്കാരുടെയും ജി. ഐ. പി. റയിൽവെയിലെ പരേൽ വർക്കുഷോപ്പു ജീവനക്കാരുടെയും ബോംബെയിലെ ചില തുണി മില്ലുകളിലെ തൊഴിലാളികളുടെയും ഈസ്റ്റിന്ത്യൻ റെയിൽവേ സ്റ്റേഷൻമാസ്റ്റർമാരുടെയും കൽക്കട്ടയിലെ ഗവണ്മെ

ൻറു പ്രസ്സ് തൊഴിലാളികളുടെയും മററും പണിമുടക്കുകളാണ് അതിൽ സൂചിപ്പിച്ചിരുന്നത്. എന്നാൽ ഈ പണിമുടക്കങ്ങളെല്ലാം രാഷ്ട്രീയ പ്രേരിതമായിരുന്നെന്നാണ് ഗവണ്മെൻറു മുദ്രയടിച്ചത്. പക്ഷെ വെള്ളക്കാരായ എൻജിൻ ഡ്രൈവർമാർ പണിമുടക്കിയപ്പോൾ (സാമ്പത്തിക ജീവിതത്തെ തകരാറിലാക്കുന്ന രീതിയിൽ അവർ പണിമുടക്കിയപ്പോഴും) ഗവണ്മെൻറ് ആ പണിമുടക്കത്തെകുറിച്ചു മാത്രം രാഷ്ട്രീയ പ്രേരിതമെന്നു പറഞ്ഞതേയില്ല എന്ന് കേസരി പത്രം ചൂണ്ടിക്കാട്ടി. ഗവണ്മെൻറിനെ പിന്താങ്ങുന്ന പത്രങ്ങളും ആ വെള്ളക്കാരായ ഡ്രൈവർമാരുടെ നേർക്ക് "രാഷ്ട്രീയം രാഷ്ട്രീയ"മെന്ന് പറഞ്ഞു കൊണ്ടു് കുരച്ചു ചാടിയതുമില്ല എന്നു കേസരിപ്പത്രം എടുത്തു പറഞ്ഞു. വെള്ളക്കാരുടെ പണിമുടക്കം ഒരു കാര്യം വ്യക്തമാക്കി. പണിമുടക്കങ്ങളുടെ കാരണം രാഷ്ട്രീയമല്ല. ജീവനക്കാർ അവരുടെ അത്യാവശ്യമായ സാമ്പത്തികാവശ്യങ്ങൾക്കുവേണ്ടിയാണ് പണിമുടക്കുന്നതെന്ന വാസ്തവം അനിഷേധ്യമായി ബോധ്യപ്പെടുത്താൻ ഇതു സഹായകരമായി.

തിലകനെ ബ്രിട്ടീഷു ഗവണ്മെൻറു 1908 ജൂലൈ 24 ാംനു- അറസ്റ്റ് ചെയ്തപ്പോൾ തൊഴിലാളി വർഗം പ്രതിഷേധിച്ചു. ഈ അഭൂതപൂർവമായ പ്രതിഷേധ പ്രകടനത്തിൽ ബ്രിട്ടീഷു ഭരണാധികാരികളും അവരുടെ പാർശ്വവർത്തികളും വളരെയധികം ഉൽകണ്ഠ പ്രകടിപ്പിച്ചു. അതേ സമയം ലെനിനെപ്പോലുള്ള ലോകനേതാക്കന്മാർ ഈ സംഭവ വികാസത്തിൽ ഉന്മേഷഭരിതരായി. ഇന്ത്യയിലെ തൊഴിലാളി വർഗം വർഗബോധമുള്ള ഒരു രാഷ്ട്രീയ ബഹുജന സമരം ആരംഭിക്കുവാൻ തക്ക പക്വത നേടിക്കഴിഞ്ഞിരിക്കുന്നു എന്നാണ് ലെനിൻ പ്രസ്താവിച്ചത്. മുൻപു സൂചിപ്പിച്ച കേസരിപ്പത്രം തൊഴിലാളി വർഗത്തിൻെറ പ്രബുദ്ധതയെ വാഴ്ത്തി. അതേ സമയം ടൈംസ് ആഫ് ഇന്ത്യ ഈ സംഭവ വികാസത്തെ അപലപിക്കുകയാണുണ്ടായത്. ഏതായാലും ബ്രിട്ടീഷു ഗവണ്മെൻറ് ഇതിനു ശേഷമാണ് "മോർലി—മിൻേറാ ഭരണ പരിഷ്കാരങ്ങൾ" പ്രഖ്യാപിച്ചത്. അതനുസരിച്ച് ഇന്ത്യയിൽ ലെജിസ്ലേററീവു കൗൺസിലുകൾ ഏർപ്പെടുത്തി. ഈ കൗൺസിലിലെ അംഗങ്ങൾക്ക് ഗവണ്മെൻറു പ്രതിനിധികളോട് സഭാതലത്തിൽ വച്ച് ചോദ്യങ്ങൾ ചോദിക്കുവാൻ അവകാശം നൽകി. മറെറാരു അധികാരവും ഈ കൗൺസിലുകൾക്കില്ലായിരുന്നു. തൊഴിലാളി വർഗത്തെ സംബന്ധിച്ചും ഒരു പുതിയ നടപടിയുണ്ടായി. ഒരു ഫാക്ടറി കമ്മീഷൻ നിയമിക്കപ്പെട്ടു. അതിൻെറ റിപ്പോർട്ടിനെ തുടർന്നാണ് ഫാക്ടറികളിലെ ജോലി സമയം പതിനൊന്നു മണിക്കൂറായിട്ടെങ്കിലും ക്രമീകരിച്ചത്. അതിനു മുമ്പ് വെളുപ്പാൻ രാവിലെ മുതൽ രാത്രിവരെയായിരുന്നു പണി ചെയ്യിച്ചത്.

1914-ൽ ഒന്നാം ലോക മഹായുദ്ധമാരംഭിച്ചു. യുദ്ധാവസാനമാകുമ്പോഴേക്കും ഇന്ത്യയിലെ പല കേന്ദ്രങ്ങളിലും തൊഴിലാളികൾ പണിമുട

ക്കങ്ങൾ നടത്തിയിരുന്നു. ക്ഷാമബത്തയ്ക്കു വേണ്ടിയായിരുന്നു പണിമുടക്കുകൾ അധികവും. (നമ്മുടെ കേരളത്തിൽ കൊല്ലത്ത് എച്ച് ആൻഡ് സി കമ്പനിയിൽ അക്കാലത്ത് ആദ്യമായി ഒരു പണിമുടക്കം നടന്നുവെന്ന് കേട്ടിട്ടുണ്ട്) യുദ്ധ കാലത്ത് ഇന്ത്യൻ കമ്പനികളുടെ എണ്ണവും മൂലധനവും പ്രവർത്തനവും വർദ്ധിച്ചു. അതോടൊപ്പം തൊഴിലാളി വർഗവും പെരുകി.

**1917** നവമ്പറിൽ ലോകത്തെങ്ങുമുള്ള തൊഴിലാളി വർഗത്തെ സംബന്ധിച്ചിടത്തോളം പ്രത്യാശയും ആവേശവും ഉളവാക്കിയ ഒരു മഹാസംഭവം നടന്നു. ലോകത്തിലെ ആറിലൊരു ഭാഗത്ത് റഷ്യയിൽ തൊഴിലാളി വർഗ നേതൃത്വത്തിലുള്ള ഒരു ഭരണകൂടം സ്ഥാപിക്കപ്പെട്ടു. കമ്യൂണിസ്റ്റ് പാർട്ടിയുടെയും അതിൻെറ അനിഷേധ്യ നേതാവായ ലെനിൻെറയും നേതൃത്വത്തിൽ നടന്ന ഈ വിപ്ലവം തൊഴിലാളി പ്രസ്ഥാനത്തിൻെറ ചരിത്ര പരമായ ദൗത്യം ആദ്യമായി എല്ലാ ജനവിഭാഗങ്ങൾക്കും വ്യക്തമാക്കിക്കൊടുത്തു തുടങ്ങി. അതോടെ തൊഴിലാളി പ്രസ്ഥാനത്തിൻെറ പ്രാധാന്യവും വർദ്ധിച്ചു. റഷ്യൻ വിപ്ലവത്തെ ഇന്ത്യയിലെ ദേശീയ നേതാക്കന്മാരും ശ്രദ്ധിച്ചു. അതിൽ പലരും വിപ്ലവത്തെ ആശിർവദിച്ചു. റഷ്യൻ വിപ്ലവത്തിൻെറ ആശയങ്ങൾ ശ്രദ്ധിച്ചു പഠിക്കാൻ ആഗ്രഹിച്ച യുവാക്കളുടെ സംഘങ്ങളും ഇന്ത്യയിൽ അന്ന് ആദ്യമായി കാണപ്പെട്ടു തുടങ്ങി.

യുദ്ധാവസാനത്തോടുകൂടി തിലക് ബ്രിട്ടനിൽ പോയത് ഇന്ത്യൻ തൊഴിലാളി പ്രസ്ഥാനത്തിൽ ചില പുതിയ ചലനങ്ങൾ സൃഷ്ടിക്കുവാനിടയാക്കി. ബ്രിട്ടനിൽ എത്തിയ തിലക് അവിടത്തെ തൊഴിലാളി പ്രസ്ഥാനവുമായി ബന്ധപ്പെടുകയും ആ പ്രസ്ഥാനത്തിൻെറ വിശദാംശങ്ങളെക്കുറിച്ച് പഠിക്കുകയും ചെയ്തു. നാട്ടിൽ തിരിച്ചെത്തിയ തിലകിന് ബോംബെയിലെ തൊഴിലാളികൾ 1919 നവമ്പർ 29-ാനു- ഒരു സ്വീകരണം നൽകിയപ്പോൾ അദ്ദേഹം തൊഴിലാളികളോട് ഒരഭ്യർത്ഥന നടത്തി. അത് ഇന്ത്യയിലെ തൊഴിലാളി പ്രസ്ഥാനത്തിൻെറ ഏകീകരണത്തിനും പുരോഗതിയ്ക്കും സഹായകമായി തീർന്ന ഒരു സംഭവമായിരുന്നു. ബ്രിട്ടനിലെ തൊഴിലാളിവർഗം ഇന്ത്യൻ തൊഴിലാളിവർഗത്തിന് നൽകിയ ഒരു സന്ദേശവുമായിട്ടാണ് താൻ മടങ്ങി വന്നിരിക്കുന്നതെന്ന് അദ്ദേഹം തൊഴിലാളികളോട് പറഞ്ഞു. ഇന്ത്യയിലെ തൊഴിലാളികളും തങ്ങളെപ്പോലെ ട്രേഡ്‌യൂണിയൻ അടിസ്ഥാനത്തിൽ സംഘടിക്കണമെന്നാണ് ബ്രിട്ടനിലെ തൊഴിലാളികൾ നൽകിയ സന്ദേശമെന്ന് തിലക് വെളിപ്പെടുത്തി. ഹിന്ദുമതത്തിലെ വിവിധ ജാതികൾ തമ്മിലും ഹിന്ദുക്കളും മുസ്ലീങ്ങളും തമ്മിലും ഐക്യം ഉണ്ടാകണമെന്ന് അദ്ദേഹം അഭ്യർത്ഥിച്ചു. ഇതേസമയം മറെറാരു ദേശീയ നേതാവും തൊഴിലാളിസംഘടനയിൽ താൽപര്യമുണ്ടായിരുന്ന ദേഹവുമായ ലാലാ ലജപത്റായി അമേരിക്കൻ

പര്യടനം കഴിഞ്ഞ് തിരിച്ചെത്തുകയുണ്ടായി. അദ്ദേഹത്തിനു സ്വീകരണം നൽകിയ യോഗത്തിൽ തൊഴിലാളി പ്രസ്ഥാനത്തിൽ താൽപര്യം പ്രദർശിപ്പിച്ച തുടങ്ങിയ യുവാക്കന്മാരായ നിംബ്കറും ഡാങ്കെയും പ്രസംഗിച്ചു. മുഹമ്മദലിജിന്നയാണ് യോഗത്തിൽ അദ്ധ്യക്ഷം വഹിച്ചത്. പ്രസ്തുത യോഗത്തിൽ തിലകും ആനിബസൻറും സംബന്ധിക്കുകയും യോഗത്തെ അഭിസംബോധനചെയ്യുകയും ചെയ്തു. ലജപത്റായിയും തൊഴിലാളികൾ സംഘടിക്കണമെന്ന് ആഹ്വാനം ചെയ്തു. തിലകിനും ലജപത്റായിക്കും ഇൻഡ്യൻ തൊഴിലാളി പ്രസ്ഥാനത്തിനു ഒരു കേന്ദ്രസംഘടനയുണ്ടാക്കണമെന്ന് അതിയായ ആഗ്രഹമുണ്ടായിരുന്നു. അവർ അന്താരാഷ്ട്ര തൊഴിലാളി പ്രസ്ഥാനത്തെക്കുറിച്ച് മനസ്സിലാക്കുവാനും അതുപോലൊരു പ്രസ്ഥാനം ഇന്ത്യയിൽ കൈവരുത്തുന്നതിനും വിദേശസഞ്ചാര വേളയിലും നാട്ടിൽ തിരിച്ചുവന്നപ്പോഴും സ്വാഭാവികമായി ആഗ്രഹിക്കുകയും പലരോടും ഇതിനെപ്പററി സംസാരിക്കുകയും ചെയ്തു.

ഈ ഘട്ടത്തിൽ ഇന്ത്യയിൽ പലയിടങ്ങളിലും തൊഴിലാളി പ്രസ്ഥാനം ശക്തിപൂർവം മുന്നേറുന്നുണ്ടായിരുന്നു. റെയിൽവെകളിലും മദ്രാസ്, കാൺപൂർ, നാഗ്പൂർ, ബോംബെ തുടങ്ങിയ സ്ഥലങ്ങളിലെ തുണിമില്ലുകളിലും ഹൗറായിലെയും കൽക്കത്തയിലെയും ചണമില്ലുകളിലും മററുമായി 1920–ൽ നടന്ന പ്രധാനപ്പെട്ട അമ്പതു പണിമുടക്കങ്ങളുടെ ലിസ്ററ് സുകോമൾസെൻ തൻെറ "ഇന്ത്യൻ തൊഴിലാളിവർഗ ചരിത്ര"ത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇവയിലെല്ലാം കൂടി 2, 93,131 തൊഴിലാളികൾ പണിമുടക്കിയതായും കാണുന്നു. ഇതിനിടയിലാണ് 1920–ൽ അഖിലേന്ത്യാ ട്രേഡ്യൂണിയൻ കോൺഗ്രസ് രൂപീകൃതമാകുന്നത്. അഖിലേന്ത്യാടിസ്ഥാനത്തിലുള്ള ഒരു സംഘടന രൂപീകരിക്കുവാൻ വേണ്ടി 1920 ആഗസ്റ്റിൽ തന്നെ സമ്മേളനം വിളിച്ചുകൂട്ടണമെന്നാഗ്രഹിച്ച ബാലഗംഗാധരതിലകനു ഈ സംഘടന രൂപം കൊള്ളുന്നതു കാണാൻ കഴിഞ്ഞില്ല. 1920 ആഗസ്റ്റ് 1നു അദ്ദേഹം നിര്യാതനായി. അതുകൊണ്ട് ആഗസ്റ്റ് 22നു ആരംഭിക്കാൻ വച്ചിരുന്ന സമ്മേളനം ഒടുവിൽ 1920 ഒക്ടോബർ 31 മുതൽ നവംബർ–2വരെയുള്ള തീയതികളിലാണ് നടത്തിയത്. ബോംബെയിലെ എമ്പയർ തീയേററിൽ വച്ചാണ് സമ്മേളനം നടന്നത്. ഇന്ത്യയുടെ നാനാഭാഗത്തുനിന്നുമായി 801 പ്രതിനിധികൾ സമ്മേളനത്തിൽ പങ്കെടുത്തു. 60 യൂണിയനുകൾ പൂർണമായും അഫിലിയേററ് ചെയ്യുന്നതിനു തയ്യാറായി. 42 യൂണിയനുകൾ അനുഭാവം പ്രകടിപ്പിച്ചു. ഏതാണ്ട് 5 ലക്ഷത്തോളം തൊഴിലാളികളുടെ പ്രാതിനിധ്യം സമ്മേളനത്തിനുണ്ടായിരുന്നു. യോഗത്തിൽ അദ്ധ്യക്ഷം വഹിച്ച സുപ്രസിദ്ധ ദേശീയ നേതാവായ ലാലാലജപത്റായി സമ്മേളനത്തിൻെറ അഭൂതപൂർവമായ സ്വഭാവത്തെ തികച്ചും വ്യക്തമാക്കി. ഭാരതവർഷത്തിൽ പല സംഭവങ്ങളും മഹാസമ്മേളനങ്ങളും നടന്നിട്ടുണ്ടെങ്കിലും ഇത്തരത്തിലൊരു

സംഭവം ഇന്നുവരെ നടന്നിട്ടില്ലെന്ന് റായി പ്രഖ്യാപിച്ചു. ഭാരതത്തിൻെറ സുദീർഘമായ ചരിത്രത്തിൽ ആദ്യമായാണ് അധ്വാനിക്കുന്നവരുടെ ഒരു സംഘടന രൂപീകരിക്കാനായി ഒരു ദേശീയ സമ്മേളനം നടക്കുന്നതെന്ന് അദ്ദേഹം ചൂണ്ടിക്കാണിച്ചു. സമ്മേളനത്തിന് സ്വാഗതം പറഞ്ഞ ബാരിസ്റ്റർ ബാപ്പിസ്റ്റ (Bapista) എന്ന തൊഴിലാളി നേതാവ് ഈ സമ്മേളനം ഒരു മഹാവൃക്ഷത്തിൻെറ വളരെ ചെറിയൊരു വിത്ത് പാകുകയാണെന്ന് പ്രവചനം നടത്തി. ട്രേഡ്യൂണിയനുകളുടെ ഒരിന്ത്യൻ ഫെഡറേഷൻ എന്ന മഹാവൃക്ഷം താമസിയാതെ വളർന്നു വരുമെന്നും ആദ്യഘട്ടങ്ങളിൽ തൈമരത്തെ കാത്തു സൂക്ഷിക്കേണ്ടതുണ്ടെന്നു ഓർമ്മിപ്പിച്ചു. രാഷ്ട്രീയ സ്വാതന്ത്ര്യം തൊഴിലാളികൾക്ക് ആവശ്യമാണെന്നും ഈ ട്രേഡുയൂണിയൻ കോൺഗ്രസ്സിൻെറ രൂപീകരണം തന്നെ ഒരു രാഷ്ട്രീയ സംഭവമാണെന്നും നേതാക്കന്മാർ വിശദീകരിച്ചു. പക്ഷെ അവർ ഒരു കാര്യം ആദ്യമേ തന്നെ പ്രഖ്യാപിച്ചു. മുതലാളിമാർക്കു വേണ്ടിയുള്ള സ്വാതന്ത്ര്യമല്ല അവർ വിഭാവനം ചെയ്യുന്നത്. തൊഴിലാളികളുടെതായ സ്വരാജിന്–സ്വതന്ത്രഭാരതത്തിനാണ്–അവർ ശ്രമിക്കുന്നത് എന്ന് അവർ തുറന്നു പറഞ്ഞു.

അഖിലേന്ത്യാ ട്രേഡുയൂണിയൻ കോൺഗ്രസ്സിൻെറ പ്രഥമ സമ്മേളനത്തിൽ ബോംബെയിലെ മില്ലുടമകളിലൊരു വിഭാഗം പങ്കെടുത്തിരുന്നു. മോട്ടിലാൽ നെഹ്രു, ആനിബസൻറു തുടങ്ങിയ ദേശീയ നേതാക്കന്മാർ സമ്മേളനത്തിൽ ഹാജരായിരുന്നു. ബ്രിട്ടീഷ് ട്രേഡ്യൂണിയൻ പ്രസ്ഥാനത്തിൻെറ പ്രതിനിധിയായി കേണൽ വെഡ്ജ്വുഡ്ബെൻ സംബന്ധിച്ചിരുന്നു എന്നത് ശ്രദ്ധേയമാണ്.

I L O യുടെ സമ്മേളനത്തിലേയ്ക്കുള്ള തൊഴിലാളി പ്രതിനിധിയായി ലാലാ ലജപത്റായിയെ സമ്മേളനം നിർദ്ദേശിച്ചു.

ഇന്ത്യയിലാകമാനം അടുത്ത കാലത്ത് നടന്ന തൊഴിലാളി സമരങ്ങളെ സമ്മേളനം വിലയിരുത്തി. പല സമരങ്ങളും യാതൊരു തൊഴിലാളി സംഘടനകളുടെയും നേതൃത്വത്തിലല്ല നടന്നത്. അവശതകളുടെ പേരിലുള്ള സമരത്തിനു ശേഷമാണ് യൂണിയൻ രൂപീകരിക്കണമെന്ന് പലയിടത്തും തൊഴിലാളികൾ ആഗ്രഹിച്ചത്. ഇതു ശരിയല്ലെന്നും അവശത പരിഹരിക്കുന്നതിനായി ആദ്യം ചെയ്യേണ്ടതു് സംഘടന രൂപീകരിക്കുകയെന്നതാണെന്നും നേതാക്കൾ ഈ സമ്മേളനത്തിൽ ചൂണ്ടിക്കാണിച്ചു. ജംഷഡ്പൂരിലെ തൊഴിലാളി സമരത്തിനിടയിൽ അകാരണമായി തൊഴിലാളികളെ വെടിവച്ചു കൊന്നതിനെ അവിടത്തെ ഒരു തൊഴിലാളി തന്നെ വിമർശിച്ചു പ്രസംഗിച്ച രംഗം ആവേശകരമായിരുന്നു. കാരണം വെടിവെയ്പിൽ കൈ നഷ്ടപ്പെട്ട ഒരു തൊഴിലാളി സഖാവിനെ പ്ലാററ്ഫാമിൽ കൊണ്ടു വന്ന് ചൂണ്ടിക്കാണിച്ചു കൊണ്ടാണ് ടാററാ ഉരുക്കു മില്ലിലെ ആ തൊഴിലാളി പ്രസംഗമാരംഭിച്ചത്. ബോംബെയിലെ

പണിമുടക്കിനിടയിൽ തന്നെയും തൊഴിലാളി സുഹൃത്തുക്കളെയും ഗുണ്ടകൾ തല്ലിയതിനെ ബാരിസ്റ്റർ ബാപ്പിസ്റ്റ വിശദീകരിച്ചു. തൊഴിൽ തർക്കങ്ങളിൽ പോലീസു ഇടപെട്ടതിനെ പല പ്രാസംഗികരും അപലപിച്ചു. അതേ സമയം തന്നെ ഇന്ത്യയിൽ നടക്കുന്ന പണിമുടക്കങ്ങൾ തികച്ചും സമാധാനപരമാണെന്നും തൊഴിലാളികൾ അച്ചടക്കമുള്ളവരാണെന്നും ചൂണ്ടിക്കാണിക്കപ്പെട്ടു. തൊഴിലാളി വർഗത്തിൻെറ നേതൃത്വത്തിൽ ലോകത്തിലാദ്യമായി നിലവിൽ വന്ന സോവിയററു യൂണിയനെപ്പററി സമ്മേളനത്തിൽ പരാമർശമുണ്ടായി. സോവിയററു റഷ്യ എന്ന പേരിൽ ഇംഗ്ലണ്ടിൽ പ്രസിദ്ധീകരിച്ചിരുന്ന പത്രം ഇന്ത്യയിലേക്ക് വരുന്നതു് നിരോധിച്ചതു് ശരിയല്ലെന്നു് ലാലാലജപത്റായി യോഗത്തിൽ പ്രഖ്യാപിച്ചു. അതേ സമയം സോവിയററു യൂണിയനെതിരെ ഉള്ള ധാരാളം വാർത്തകൾ പ്രസിദ്ധീകരിച്ചിരുന്ന പത്രങ്ങൾക്ക് അങ്ങനെ ചെയ്യുവാൻ സ്വാതന്ത്ര്യവുമുണ്ടായിരുന്നു. സോവിയററു ഗവൺമെൻറിൻെറ അഭിപ്രായങ്ങൾ അറിയാനുള്ള സ്വാതന്ത്ര്യത്തെ ഇന്ത്യൻ ജനതയ്ക്കു് നിഷേധിക്കുന്നതു് ശരിയല്ലെന്നു് അദ്ദേഹം പറഞ്ഞു. സമ്മേളനം പാസ്സാക്കിയ പ്രമേയങ്ങളിൽ ഇന്ത്യൻ തൊഴിലാളികളുടെ അന്നത്തെ അവശതകൾ വിവരിച്ചിരുന്നു. യൂണിയൻ രൂപീകരിക്കുന്നതിനു് പോലീസ് പ്രതിബന്ധമുണ്ടാക്കുന്ന നയം അവസാനിപ്പിക്കണമെന്നു് സമ്മേളനം പാസ്സാക്കിയ ഒരു പ്രമേയത്തിൽ ആവശ്യപ്പെട്ടു. പണിമുടക്കു് സമരത്തെ തല്ലിത്തകർക്കുവാൻ മിലിട്ടറി പോലീസിനെയും ഗുണ്ടകളെയും നിയോഗിക്കുന്ന പതിവിനെ യോഗം തുറന്നു കാണിക്കുകയും അതവസാനിപ്പിക്കുവാൻ തൊഴിലുടമകളോടും ഗവൺമെൻറിനോടും ആവശ്യപ്പെടുകയും ചെയ്തു. ഗ്രാററിവിററിയും പ്രോവിഡൻറുഫണ്ടും ഏർപ്പെടുത്തണമെന്നു് സമ്മേളനം ആവശ്യപ്പെടുകയുണ്ടായി. തൊഴിലുടമകൾ ദണ്ഡന ശിക്ഷകൾ നടത്തുന്നതു് അവസാനിപ്പിക്കേണ്ടതാണു്. ശിക്ഷാ നടപടിയായി കൂലി കൊടുക്കാതിരിക്കുന്ന പതിവിനെയും യോഗം പ്രതിഷേധിച്ചു. കാൺട്രാക്ടു് ലേബർ സമ്പ്രദായത്തെയും കാൺട്രാക്ടു് ചട്ടങ്ങൾ ലംഘിക്കുന്നതിനു് ശിക്ഷിക്കുന്ന രീതിയെയും യോഗം വിമർശിക്കുകയും ആയതുടൻ നിറുത്തലാക്കണമെന്നാവശ്യപ്പെടുകയും ചെയ്തു. തോട്ടം തൊഴിലാളികളാണു് ഈ ബുദ്ധിമുട്ടനുഭവിക്കുന്നതെന്നും യോഗത്തിൽ ചൂണ്ടിക്കാണിക്കപ്പെട്ടു.

സമ്മേളനത്തിൽ പങ്കെടുക്കുന്നതിനു് ബോംബെ ഗവർണറെയും യോഗഭാരവാഹികൾ ക്ഷണിച്ചിരുന്നു. എങ്കിലും ക്ഷണം വൈകിപ്പോയതിനാൽ അതേക്കുറിച്ച തീരുമാനമെടുക്കാൻ കഴിയാതെ വരുന്നു എന്ന കാരണം പറഞ്ഞു് ഗവർണർ യോഗത്തിൽ പങ്കെടുക്കുകയുണ്ടായില്ല. പക്ഷെ സമ്മേളന പ്രതിനിധികൾക്കു് യോഗാനന്തരം തന്നെ കണ്ടു സംസാരിക്കാനുള്ള സൗകര്യം നൽകാമെന്നു് പറഞ്ഞിരുന്നു. എ. ഐ. ടി യു. സി യുടെ നടത്തിപ്പിനായി സമ്മേളനം ഒരു സ്റ്റാൻറിംഗ് കമ്മിററിയെ

തിരഞ്ഞെടുത്തു. അതിൻെറ പ്രസിഡൻറായി ലാലാ ലജപത്റായിയെ തന്നെ തിരഞ്ഞെടുക്കുകയുണ്ടായി. വൈസ്പ്രസിഡണ്ട് ജാൺ ബാപ്പിസ്റ്റാ ആയിരിക്കണമെന്ന് തീരുമാനിച്ചു. കമ്മിററിയുടെ ജനറൽ സെക്രട്ടറിയായി ദിവാൻ ചമൻലാലിനെ തുടർന്ന് നിശ്ചയിച്ചു. സ്റ്റാൻറിംഗ് കമ്മിററിയിൽ ഏ. ഐ. ടി. യു. സി യുടെ പിൽക്കാല നേതാക്കന്മാരിൽ പ്രമുഖരായി തീർന്ന എൻ. എം. ജോഷി, വി. ചക്കരച്ചെട്ടി തുടങ്ങിയവരും എസ്. ഏ. ബ്രെൽവി, കെ. സന്താനം തുടങ്ങിയവരും ഉൾപ്പെടുന്നു. അഖിലേന്ത്യാ ട്രേഡ്യൂണിയൻ കാൺഗ്രസ്സ് തൊഴിലാളികൾക്ക് ഒരു മാനിഫസ്റ്റോ നൽകി. തൊഴിലാളി ഐക്യം സാക്ഷാത്കരിക്കണമെന്നും സംഘടനകളെ ശക്തമാക്കണമെന്നും മാനിഫസ്റ്റോ തൊഴിലാളികളോടാവശ്യപ്പെട്ടു. നിങ്ങളുടെ മോചനം സംഘടനകളുടെ ശക്തിയിലാണ് കുടികൊള്ളുന്നതെന്നും അവയെ മുറുകെ പിടിക്കണമെന്നും മാനിഫസ്റ്റോ തൊഴിലാളികളോടാവശ്യപ്പെട്ടു. ജനറൽ സെക്രട്ടറി സി. ചമൻലാലിൻെറ പേരിലാണ് ഈ മാനിഫസ്റ്റോ പുറപ്പെടുവിച്ചതു്.

ഏ. ഐ. ടി. യു. സി യുടെ രൂപീകരണത്തെപ്പററി രണ്ടു കാര്യങ്ങൾ കൂടി പറയാനുണ്ട്. ഐ. എൽ. ഒ. സംഘടനയിലേക്ക് ഒരു പ്രതിനിധിയെ തിരഞ്ഞെടുക്കുവാൻ വേണ്ടി പെട്ടെന്നു ഒരു അഖിലേന്ത്യാ സംഘടന ഉണ്ടാക്കുകയായിരുന്നു സമ്മേളന ഭാരവാഹികളുടെ ലക്ഷ്യമെന്ന് ചില ചരിത്രകാരന്മാർ പറയുന്നു. ഇതു ശരിയല്ല. 1920 വരെ ഇന്ത്യയിലുടനീളം നടന്നു വന്ന തൊഴിൽ സമരങ്ങൾക്കും ഈ സമരങ്ങൾക്ക മുമ്പും പിമ്പും അവിടവിടെ രൂപം കൊണ്ട തൊഴിലാളി സംഘടനകൾക്കും കേന്ദ്ര നേതൃത്വം നൽകുന്നതിനാണ് ഏ. ഐ. ടി. യു. സി. യുടെ സ്ഥാപന സമ്മേളനം നടന്നതു് എന്ന വസ്തുത മുൻപറഞ്ഞ എല്ലാം കാര്യങ്ങളിൽ നിന്നും വ്യക്തമാകുന്നുണ്ട്.

ഏ. ഐ. ടി. യു. സിയും ഗാന്ധിജിയും തമ്മിലുള്ള ബന്ധത്തെപ്പററിയുള്ള വസ്തുതകളാണ് മറെറാരു കാര്യം. ഏ. ഐ. ടി. യു. സിയുടെ രൂപീകരണത്തെപ്പററി തിലക് ഗാന്ധിജിയോട് സംസാരിച്ചിരുന്നുവെന്ന് ഡാങ്കെ അനുസ്മരിക്കുന്നു. പക്ഷെ അദ്ദേഹം ഈ ആശയത്തെ അനുകൂലിച്ചില്ല. ഇക്കാര്യത്തിൽ അദ്ദേഹത്തിന് ഒരു താത്വികമായ നിലപാട് ഉണ്ടായിരുന്നു. തൊഴിലാളിവർഗത്തിനും ട്രേഡ്യൂണിയനുകൾക്കും ഒരു കേന്ദ്രസംഘടനയുണ്ടാകുന്നതു് അദ്ദേഹത്തിനാഗ്രഹമുള്ള ഒരു സംഗതിയായിരുന്നില്ലെന്ന് ഡാങ്കെ അഭിപ്രായപ്പെടുന്നു. ഐ. എൻ. ടി. യു. സി യുടെ ചരിത്രം എഴുതിയ ജി. രാമാനുജം എന്ന ഐ. എൻ. ടി. യു. സി. നേതാവും ഗാന്ധിജിയും ഏ. ഐ. ടി. യു. സിയും തമ്മിലുള്ള ബന്ധത്തെപ്പററി ഇങ്ങിനെ പറയുന്നു. ഏ. ഐ. ടി. യു. സി അധികൃതരോട് മഹാത്മജി തൻെറ അഹമ്മദബാദ് പരീക്ഷണങ്ങളെ പഠിക്കുവാനും അതനുസരിച്ച് പ്രവർത്തിക്കുവാനും ആവശ്യപ്പെടുകയുണ്ടായി. രാമാനു

ജത്തിൻെറ ഈ പ്രസ്താവനയിലെ "അഹമ്മദബാദ് പരീക്ഷണങ്ങൾ" മഹാത്മജി അഹമ്മദാബാദിൽ മിൽതൊഴിലാളികളുടെയിടയിൽ നടത്തിയ പ്രവർത്തനങ്ങളെപ്പററിയുള്ളതാണ്. എ. ഐ. ടി. യു. സി 1920-ൽ സ്ഥാപിക്കുന്നതിനു മുമ്പുതന്നെ ഗാന്ധിജി 1918-ൽ അഹമ്മദബാദ് ടെക്സ്റ്റൈൽ ലേബർ അസോസിയേഷൻ സ്ഥാപിച്ചു. മജൂർ മഹാജൻ എന്നാണ് അതിൻെറ ഗുജറാത്തിപ്പേര്. തൊഴിലാളി പ്രസ്ഥാനത്തിനു് അദ്ദേഹം നൽകിയ ഉപദേശങ്ങൾ ഗാന്ധിജിതന്നെ രേഖപ്പെടുത്തിയിട്ടുണ്ട്. പണിമുടക്കുന്ന തൊഴിലാളികൾ ഒരിക്കലും അക്രമം അവലംബിക്കരുത്. ഒരിക്കലും കരിങ്കാലികളെ ദ്രോഹിക്കരുത്. ഒരിക്കലും ഭിക്ഷയെ ആശ്രയിക്കരുത്. പണിമുടക്കുകാലത്തു് മററന്തെങ്കിലും തൊഴിൽ ചെയ്തു ഉപജീവനമാർഗം നേടുക. പണിമുടക്കിയാൽ അതിൽ ഉറച്ചുനിന്നുകൊള്ളണം. തൊഴിലാളിപ്രസ്ഥാനത്തെപ്പററി മഹാത്മജിക്കുണ്ടായിരുന്ന ധാരണകൾ അദ്ദേഹത്തിൻെറ അനുയായിയായ കൃപലാനി വ്യക്തമാക്കുന്നുണ്ട്. മില്ലുടമകളെ ട്രസ്റ്റികളായി അദ്ദേഹം പരിഗണിച്ചു. ഈ മില്ലുടമകളും തൊഴിലാളികളും തമ്മിലുള്ള തർക്കപ്രശ്നങ്ങൾ ഇരുകൂട്ടർക്കും സമ്മതമായ മാധ്യസ്ഥതയിലൂടെ പരിഹരിക്കണമെന്നാണ് ഗാന്ധിജി ആഗ്രഹിച്ചതു്. അഹമ്മദബാദിൽ താൻ സ്ഥാപിച്ച സംഘടനയുടെ തത്വസംഹിതയും പ്രവർത്തനരീതിയും ഇന്ത്യയിലെ ഇതരതൊഴിലാളി സംഘടനകൾ സ്വീകരിക്കണമെന്നു് ഗാന്ധിജി ആവശ്യപ്പെട്ടു. എന്നാൽ എ. ഐ. ടി. യു. സി. യെ സഹായിച്ച കാൺഗ്രസ്സ് നേതാക്കന്മാർ തന്നെ ഗാന്ധിജിയുടെ ഈ അഭിപ്രായ ഗതികളെ സ്വീകരിക്കുകയുണ്ടായില്ല. അതുകൊണ്ടു് എ. ഐ. ടി. യു. സിയും ഗാന്ധിജിയുടെ നേതൃത്വത്തിൽ പ്രവർത്തിച്ച അഹമ്മദബാദിലെ തൊഴിലാളി സംഘടനയും തമ്മിൽ ബന്ധപ്പെട്ടതേയില്ല.

ഇനി എ. ഐ. ടി. യു. സിയുടെ വളർച്ചയെക്കുറിച്ചു് പരിശോധിക്കാം. എ. ഐ. ടി. യു. സി യുടെ രൂപീകരണത്തിനുശേഷം ഇന്ത്യയിൽ നടന്ന ഏററവും പ്രധാനപ്പെട്ട സംഭവവികാസം 1921-ലെ നിസ്സഹകരണ പ്രസ്ഥാനമായിരുന്നു. ഇന്ത്യയിലെ തൊഴിലാളിവർഗം ഈ നിസ്സഹകരണപ്രസ്ഥാനത്തിൽ ആവേശകരമായി പങ്കെടുത്തു. പ്രസ്തുത സമരത്തിൻെറ പശ്ചാത്തലത്തിലാണ് 1921 നവമ്പർ 30 മുതൽ ഡിസംബർ 2-ാം തീയതിവരെ കൽക്കരിഖനനകേന്ദ്രമായ ഝാരിയായിൽ വച്ചു് (ബീഹാറിൽ) എ. ഐ ടി. യു. സിയുടെ രണ്ടാം കാൺഗ്രസ്സ് സമ്മേളിച്ചതു്. ബാരിസ്റ്റർ ബാപ്റ്റിസ്റ്റയുടെ അധ്യക്ഷതയിലാണ് ഈ സമ്മേളനം നടന്നതു്. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തെ അനുകൂലിക്കുന്ന പ്രമേയം പാസ്സാക്കിയതു് ഈ രണ്ടാം കാൺഗ്രസ്സാണ്. ചമൻലാൽ സെക്രട്ടറിസ്ഥാനത്തു് തുടർന്നു. എ. ഐ. ടി. യു. സിയുടെ മൂന്നാം സമ്മേളനം 1923 മാർച്ച് 24 മുതൽ 26 വരെ ലാഹോറിൽവച്ചു് നടത്തപ്പെട്ടു. സി. ആർ. ദാസായിരുന്നു അധ്യ

ക്ഷൻ. സ്വരാജ്പാർട്ടി സംഘടിപ്പിച്ച് ദേശീയപ്രസ്ഥാനത്തിന് പ്രത്യേകമായ ഒരു വഴിത്തിരിവ് കാട്ടിക്കൊടുത്ത ദേഹമാണ് സി. ആർ. ദാസ്. തൊഴിലാളി പ്രസ്ഥാനത്തിന് സ്വാതന്ത്ര്യസമരത്തിലുള്ള സുപ്രധാനമായ പങ്ക് എപ്പോഴും ഊന്നിപ്പറയുന്നതിന് അദ്ദേഹം ശ്രദ്ധിച്ചിരുന്നു.

1923–ലാണ് ഇന്ത്യയിലാദ്യമായി മദ്രാസിൽ മേയ്ദിനം ആചരിക്കപ്പെട്ടത്. എ. ഐ. ടി. യു. സിയുടെ ഒരു പ്രധാനപ്രവർത്തകനായ ശിങ്കാരവേലുച്ചെട്ടിയാരുടെ നേതൃത്വത്തിലാണ് മദ്രാസ് കടപ്പുറത്തു കൂടിയ ഒരു യോഗത്തിൽ മേയ്ദിനം ആചരിക്കപ്പെട്ടത്. ഈ പാവനമായ ദിനം ഒഴിവുദിനമായി പ്രഖ്യാപിക്കണമെന്ന് ഈ യോഗം ഗവൺമെൻറിനോടാവശ്യപ്പെട്ടു. (ഇന്ത്യൻ തൊഴിലാളിവർഗചരിത്രം—സുകോമൾ സെൻ—പേജ് 329)

1924 മാർച്ച് 30, 31 എന്നീ തീയതികളിൽ കൽക്കത്തയിൽവച്ചാണ് എ. ഐ. ടി. യു. സിയുടെ നാലാം കാൺഗ്രസ്സ് കൂടിയത്. സി. ആർ. ദാസ് തന്നെയാണ് നാലാം കാൺഗ്രസ്സിലും അധ്യക്ഷം വഹിച്ചത്. മഹാനായ ലെനിൻെറ നിര്യാണത്തിൽ ഈ യോഗം അനുശോചനം രേഖപ്പെടുത്തി. തൊഴിലാളികൾക്ക് നിയമസഭകളിൽ പ്രാതിനിധ്യം വേണമെന്ന് കാണിച്ചുകൊണ്ടുള്ള പ്രമേയം യോഗം പാസ്സാക്കി. 1924 ലാണ് "കാൺപൂർ ഗൂഢാലോചനക്കേസ് " എന്നപേരിൽ കമ്മ്യൂണിസ്റ്റ് വിപ്ലവകാരികളും ട്രേഡ്യൂണിയൻ പ്രവർത്തകരുമായ എസ്. എ. ഡാങ്കെ, ഷൗക്കത് ഉസ്മാനി, ദാസ്ഗുപ്ത എന്നിവരെ അറസ്റ്റ് ചെയ്തത്. തൊഴിലാളി—കർഷക സംഘങ്ങൾ ഉണ്ടാക്കാൻ ശ്രമിച്ചുവെന്നും ഇവർക്കെതിരായ കുററപത്രത്തിൽ പറഞ്ഞിരുന്നു.

1925 ഫെബ്രുവരി 14നു- ബോംബെയിൽ വച്ച് എ.ഐ.ടി. യു സിയുടെ അഞ്ചാം സമ്മേളനം നടന്നു. ഇതിൽ ഡി. ആർ. തെങ്ഡി അധ്യക്ഷം വഹിച്ചു. എ. ഐ. ടി. യു സി അധ്യക്ഷൻ ചെയ്ത പ്രസംഗത്തിൽ തൊഴിലാളികൾക്ക് മിനിമം വേതനം നൽകണമെന്ന് ആവശ്യപ്പെട്ടിരുന്നു. പ്രായപൂർത്തിവോട്ടവകാശം വേണമെന്നും അദ്ദേഹം പ്രസ്താവിക്കുകയുണ്ടായി.

അഖിലേന്ത്യാ ട്രേഡ്യൂണിയൻ കാൺഗ്രസ്സിൻെറ ആറാം സമ്മേളനം 1926 ജനുവരി, 9, 10 എന്നീ തീയതികളിൽ മദ്രാസിൽ വച്ചാണ് നടന്നത്. വി. വി. ഗിരിയായിരുന്നു അധ്യക്ഷൻ എൻ. എം. ജോഷിയായിരുന്നു സെക്രട്ടറി. ഈ സമ്മേളനത്തെ സോവിയററു ട്രേഡ് യൂണിയനുകൾ അഭിവാദനം ചെയ്യുകയുണ്ടായി.

ഇന്ത്യൻ ട്രേഡ്യൂണിയൻ നിയമം പാസ്സാകുന്നത് ഈ സമ്മേളനത്തിനുശേഷമാണ്. 1926–ലെ ഇന്ത്യൻ ട്രേഡ്യൂണിയൻ നിയമത്തിലെ ചില വ്യവസ്ഥകൾ പ്രതിഷേധാർഹമായിരുന്നു. രജിസ്റ്റർ ചെയ്യാത്ത

ന്നും അല്ലാത്തവയെന്നും ഉള്ള ഒരു തരംതിരിവ് ഈ നിയമം വരുത്തിവച്ചു. ഇതനുസരിച്ച് പല ട്രേഡ്‌യൂണിയനുകൾക്കും രജിസ്റ്റർ ചെയ്യാതെ പ്രവർത്തിക്കേണ്ടിവന്നു. അവയുടെ പ്രവർത്തനങ്ങളെ ഗവൺമെൻറ് ഫലത്തിൽ നിയമവിരുദ്ധമാക്കുകയും ചെയ്തു. 1931–ലെ റോയൽലേബർ കമ്മിഷൻ റിപ്പോർട്ടിൽ ഇത്തരത്തിൽ ട്രേഡ്‌യൂണിയൻ പ്രവർത്തനത്തിനെതിരെ ഗവൺമെൻറ് സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ നിയമത്തിൻെറ പ്രവർത്തനത്തിനെതിരായി ട്രേഡ്‌യൂണിയനുകൾ ശബ്ദമുയർത്തി.

1927ൽ ഡൽഹിയിൽ ചേർന്ന എ. ഐ. ടി യു. സിയുടെ ഏഴാം സമ്മേളനം ഈ നിയമത്തെ നിശിതമായി വിമർശിച്ചു. ഇംഗ്ളണ്ടിലേതുപോലെ ഇന്ത്യയിലും ട്രേഡ്‌യൂണിയൻ സ്വാതന്ത്ര്യത്തിനുറപ്പു നൽകുന്ന നിയമനിർമ്മാണം ആണ് വേണ്ടതെന്ന് ട്രേഡ്‌യൂണിയൻ കാൺഗ്രസ്സ് ഗവൺമെൻറിനെ അറിയിച്ചു. പ്രസ്തുത സമ്മേളനം 1927 മാർച്ച് 12, 13 എന്നീ തീയതികളിൽ ഡെൽഹിയിലെ ഹിന്ദുകാളേജ് ഹാളിൽവച്ച് ചന്ദ്രികാപ്രസാദിൻെറ അധ്യക്ഷതയിലാണ് നടന്നത്. എൻ. എം. ജോഷിയെയാണ് ജനറൽ സെക്രട്ടറിയായി സമ്മേളനം തിരഞ്ഞെടുത്തത്. അതിനുമുമ്പുള്ള സമ്മേളനങ്ങളിൽ നിന്നും വ്യത്യസ്തമായ ഒരു സംഭവം ഈ സമ്മേളനത്തിൽ നടന്നു. ഇംഗ്ളണ്ടിലെ കമ്യൂണിസ്റ്റ് നേതാവും എം. പി യുമായിരുന്ന ഷപൂർജി ശക്ളത്ത് വാല ഈ സമ്മേളനത്തിൽ ചെയ്ത പ്രസംഗം പുതിയ പ്രവർത്തനശൈലിയുടെ നാന്ദിയെ കുറിച്ചു. അദ്ദേഹം ഇന്ത്യൻ ട്രേഡ്‌യൂണിയനിസത്തിന് വ്യക്തമായ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വേണമെന്ന് ആവശ്യപ്പെട്ടു. വിപ്ലവാത്മകമായ ട്രേഡ്‌യൂണിയൻ പ്രവർത്തനത്തിനായി മുന്നിട്ടുനിന്ന് പ്രവർത്തിച്ചവരിൽ ഒരാളായ എസ്. വി. ഘാട്ടെയെ ജോയിൻറു സെക്രട്ടറിയായി തിരഞ്ഞെടുത്തത് പുതിയ പ്രവർത്തന ശൈലിയുടെ ആവിർഭാവത്തെക്കുറിച്ചു.

1926 ലാണ് ബോംബെയിൽ ആദ്യമായി മേയ്ദിനം ആചരിക്കപ്പെട്ടത്. മേയ്ദിന പ്രകടനത്തിന് നേതൃത്വം കൊടുത്തവർ എൻ. എം. ജോഷി, എസ്. എസ്. മിറാജ്കർ, എസ്. വി. ഘാട്ടെ എന്നിവരാണ്.

എ.ഐ.ടി.യു.സിയുടെ എട്ടാമത്തെ സമ്മേളനം 1927 നവമ്പർ 26,27 എന്നീതീയതികളിൽ ഗണേശ്ശങ്കർ വിദ്യാർത്ഥിയുടെ അധ്യക്ഷതയിൽ കാൺപൂരിൽവച്ച് നടന്നു. 1927 മേയ് ഒന്നാം തീയതിയാണ് എ. ഐ. ടി. യു. സി. ഔദ്യോഗികമായി മേയ്ദിനം ആചരിച്ചു തുടങ്ങിയത്. കൽക്കട്ട, മദ്രാസ്, ബോംബെ തുടങ്ങിയ എല്ലാ കേന്ദ്രങ്ങളിലും മേയ്ദിനം ആചരിച്ചതായി എ. ഐ. ടി. യു. സിയുടെ വാർഷിക റിപ്പോർട്ടിൽ പറഞ്ഞിരുന്നു. സോവിയററു യൂണിയനു് ഒരഭിവാദനം എ. ഐ. ടി. യു സി ആദ്യമായി അയക്കുന്നത് ഈ സമ്മേളനത്തിൽ വച്ചാണ്. എസ്.

ഏ. ഡാംഗെ ഏ. ഐ. ടി. യു. സി യുടെ അസിസ്റ്റൻറു സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ടുന്നതും ഈ വർഷത്തിലാണ്.

ഒമ്പതാമത്തു് സമ്മേളനം 1928 ഡിസമ്പർ 18 മുതൽ 20ാം വരെ ഝാരിയയിൽ വച്ചു ചേർന്നു. ജവഹർലാൽ നെഹ്റുവായിരുന്നു അധ്യക്ഷൻ. ഏ. ഐ. ടി. യു സിയുടെ ലക്ഷ്യം ഇൻഡ്യയെ തൊഴിലാളിവർഗത്തിൻെറ സോഷ്യലിസ്ററ് റിപ്പബ്ളിക്കായി രൂപാന്തരപ്പെടുത്തുക എന്നതാണെന്നു് ഈ സമ്മേളനം പ്രഖ്യാപിച്ചു.

1928നും 1929നും ഇടയ്ക്കുള്ള ഒരു വർഷത്തിൽ ട്രേഡുയൂണിയൻ കാൺഗ്രസ്സിൽ മിതവാദപരമായി ചിന്തിക്കുന്ന നേതാക്കന്മാരും വിപ്ലവാത്മകമായ നേതൃത്വം വേണമെന്നാഗ്രഹിക്കുന്ന വിഭാഗവും തമ്മിൽ ഉള്ള മൽസരം തീക്ഷ്ണതരമായി കൊണ്ടിരുന്നു. രാഷ്ട്രീയ സ്വാതന്ത്ര്യം നേടിയെടുക്കുന്നതിനു് തൊഴിലാളികൾ അണിനിരക്കുന്ന കാര്യത്തിൽ അഭിപ്രായഭിന്നതയുണ്ടായി. മാർക്സിയൻ സമീപനം സ്വീകരിക്കുന്ന പ്രശ്നത്തിലും ചേരിതിരിവുണ്ടായി. വിപ്ലവ ചിന്താഗതിയുള്ളവർക്കായിരുന്നു ഭൂരിപക്ഷം. ആ ഘട്ടത്തിലാണു് ബ്രിട്ടീഷുഗവണ്മെൻറു് 1929 മാർച്ചു് 20-ാംനു-ട്രേഡ്യൂണിയൻപ്രസ്ഥാനത്തിൻെറയും കമ്മ്യൂണിസ്റ്റു പ്രസ്ഥാനത്തിൻെറയും 32 നേതാക്കന്മാരെ അറസ്റ്റുചെയ്തതു്. ഇവർക്കെതിരായ കേസാണു് മീററു് ഗൂഢാലോചന ക്കേസ് എന്നു പറയുന്നതു്. ഇതിനെക്കുറിച്ചുള്ള വിവരങ്ങൾ കഴിഞ്ഞൊരു അദ്ധ്യായത്തിൽ വിവരിച്ചിട്ടുള്ളതാണല്ലോ. തൊഴിലാളി പ്രസ്ഥാനത്തിൻെറ സമുന്നത നേതാക്കളും ധീരരായ പോരാളികളുമായ ഇവരെ അറസ്റ്റുചെയ്തതു് ഏ. ഐ. ടി. യു. സിക്കു് വലിയൊരു ആഘാതമായിരുന്നു. അങ്ങിനെയുള്ള അവസരത്തിലാണു് 1929 നവമ്പറിൽ ഏ. ഐ. ടി. യു. സിയുടെ പത്താമത്തു സമ്മേളനം നടന്നതു്. ജവഹർലാൽ നെഹ്റുവാണു് ഈ യോഗത്തിൽ അദ്ധ്യക്ഷനായിരുന്നതു്. സാമ്രാജ്യത്വവിരുദ്ധ മനസ്ഥിതി ഏററവും ഉച്ചകോടിയിൽ നിന്ന അവസരത്തിൽ രണ്ടു വിഭാഗങ്ങളും തമ്മിൽ ഈ സമ്മേളനത്തിൽ ഏററുമുട്ടി. വിപ്ലവാത്മകമായ നേതൃത്വമുള്ള ഗിർണിക്കാംഗാർ യൂണിയൻെറ പ്രാതിനിധ്യ സ്വഭാവത്തെ മിതവാദികൾ എതിർത്തു. അതു മിതവാദികൾക്കെതിരായി തീരുമാനിക്കപ്പെട്ടു. ബ്രി; ഗവ; നിയമിച്ച തൊഴിൽകാര്യ കമ്മിഷനെ ബഹിഷ്ക്കരിക്കണമെന്നും യോഗം ഭൂരിപക്ഷവോട്ടനുസരിച്ചു് തീരുമാനിച്ചു. അതും മിതവാദികൾക്കിഷ്ടപ്പെട്ടില്ല. മിതവാദികൾ വിപ്ലവാത്മക ട്രേഡ്യൂണിയൻ വിഭാഗം കൊണ്ടുവന്ന പ്രമേയങ്ങളെയെല്ലാം എതിർത്തുവെങ്കിലും അവർ പരാജയപ്പെട്ടു. തുടർന്നു് വി. വി. ഗിരി, എൻ. എം. ജോഷി, ദിവാൻ ചമൻലാൽ തുടങ്ങിയ മിതവാദിനേതാക്കൾ വാക്കൗട്ടു് നടത്തി. എങ്കിലും നെഹ്റുവിൻെറ നേതൃത്വത്തിൽ ഭൂരിപക്ഷം പ്രതിനിധികൾ യോഗം തുടർന്നു നടത്തി. പിളർപ്പു് ഖേദകര

മായിരുന്നെങ്കിലും അതിൻെറ അടിസ്ഥാനം തീവ്രമായ അഭിപ്രായഭിന്നതയായിരുന്നതിനാൽ അത്ര കുറെയൊക്കെ അനിവാര്യമായിരുന്നു.

ഈ കാൺഗ്രസിനുശേഷം ട്രേഡ്‌യൂണിയൻ പ്രസ്ഥാനത്തിൻെറ ഐക്യം പലരീതിയിൽ ശിഥിലമായിപ്പോകുകയാണുണ്ടായത്. ആദ്യം ഭിന്നിച്ചുപോയവർ ഇന്ത്യൻ ട്രേഡ്‌യൂണിയൻ ഫെഡറേഷൻ രൂപീകരിച്ചു. അതേസമയം ഭിന്നിക്കാതെ AITUC–യിൽ നിന്നവർ തമ്മിലും ഭിന്നിപ്പുണ്ടായി. സുബാഷ് ചന്ദ്രബോസാണ് 1931–ൽ കൽക്കത്തയിൽ വച്ചുകൂടിയ പതിനൊന്നാം സമ്മേളനത്തിലെ അദ്ധ്യക്ഷൻ. അദ്ദേഹവും കമ്യൂണിസ്റ്റു വിഭാഗത്തിലുള്ള ട്രേഡ്‌യൂണിയൻ വിഭാഗങ്ങളും തമ്മിൽ സ്വരച്ചേർച്ചയുണ്ടായില്ല. അങ്ങനെ കമ്യൂണിസ്റ്റുകാർ റെഡ് ട്രേഡ്‌യൂണിയൻ കാൺഗ്രസ്സ് രൂപീകരിച്ചു. ബോസിൻെറ കൂടെ എം. എൻ. റായിപക്ഷക്കാരായ ട്രേഡ്‌യൂണിയൻ വിഭാഗങ്ങളും അണിനിരന്നു. റെഡ് ട്രേഡ്‌യൂണിയൻ കാൺഗ്രസ്സിൻെറ അദ്ധ്യക്ഷനായി ഡി. ബി. കൽക്കർണിയും അവശിഷ്ട ഏ. ഐ. ടി. യു. സി യുടെ പ്രസിഡൻറായി ആർ. എസ്. റൂയിക്കറും തിരഞ്ഞെടുക്കപ്പെട്ടു.

മീററ് ഗൂഢാലോചനക്കേസിൽ ശിക്ഷിക്കപ്പെട്ടു ജയിലിലായിരുന്ന നേതാക്കരം പുറത്തുവന്നപ്പോരം അവർ റെഡ് ട്രേഡ്‌യൂണിയൻ കാൺഗ്രസ്സിൻെറ പ്രവർത്തനം ശക്തിപ്പെടുത്തുവാൻ ശ്രമിച്ചു. അതേസമയം ട്രേഡ്‌യൂണിയൻ ഐക്യത്തിനുള്ള ശ്രമവും ശക്തിപ്പെട്ടു. ഐക്യത്തിനുള്ള ശ്രമം നടക്കുന്നതിനിടയിൽ ഇന്ത്യൻ ട്രേഡ്‌യൂണിയൻ ഫെഡറേഷനിലും ചിലമാററങ്ങരം വരുന്നുണ്ടായിരുന്നു. അവരിൽ ചിലർ വീണ്ടും ഒരു സംഘടന സ്ഥാപിച്ചു. നാഷനൽ ഫെഡറേഷൻ ആഫ് ലേബർ എന്നായിരുന്നു അതിൻെറ പേര്. വീണ്ടും നാഷനൽ ഫെഡറേഷൻ ആഫ് ലേബറിൽപെട്ടവരും ഇന്ത്യൻ ട്രേഡ്‌യൂണിയൻ ഫേഡറേഷനിൽ ബാക്കിയുണ്ടായിരുന്നവരും കൂടി യോജിച്ച് നാഷനൽ ട്രേഡ്‌യൂണിയൻ ഫെഡറേഷൻ എന്ന ഒരു സംഘടന രൂപീകരിക്കുകയുണ്ടായി.

ഏ. ഐ. ടി. യു. സിയുടെ പന്ത്രണ്ടാം സമ്മേളനം 1932 സെപ്റ്റംബറിൽ മദ്രാസിൽവച്ച് ജെ. എൻ. മിത്രയുടെ അദ്ധ്യക്ഷതയിലാണ് ചേർന്നത്. ഈ സമ്മേളനത്തിൽ ട്രേഡുയൂണിയൻ ഐക്യത്തെക്കുറിച്ച് ചർച്ചകളുണ്ടായെങ്കിലും അതുകൊണ്ട് കാര്യമായ ഫലമുണ്ടായില്ല. 13–ാമത് സമ്മേളനം ജി. എൻ. കണ്ടാൽക്കറിൻെറ അദ്ധ്യക്ഷതയിൽ 1933 ഡിസംബറിൽ കാൺപൂരിൽ വച്ചു നടന്നു. ഐക്യ ശ്രമങ്ങരംക്ക് ആ സമ്മേളനത്തിലും കാര്യമായ പുരോഗതിയുണ്ടായില്ല.

1935 ജനുവരിയിൽ ഏ. ഐ. ടി. യു. സി.യുടെ വർക്കിംഗ് കമ്മിററി നാഗപ്പൂരിൽ സമ്മേളിച്ചു. നാഗ്പൂർ യോഗത്തിൽ ഐക്യം കെട്ടിപ്പടുക്കാനുള്ള ചില വ്യവസ്ഥകളും ഏ. ഐ. ടി. യു. സി. മുന്നോട്ടുവച്ചു.

അതിനുശേഷമാണ് 1935 ൽ എ.ഐ.ടി.യു.സിയുടെ പതിനാലാം സമ്മേളനം ഹരിഹരനാഥ് ശാസ്ത്രിയുടെ അദ്ധ്യക്ഷതയിൽ കൽക്കത്തയിൽ വച്ച് ചേർന്നതു്. ഈ യോഗത്തിൽ റെഡ്ട്രേഡു യൂണിയൻ കോൺഗ്രസ്സ്നേതാക്കന്മാരും പ്രത്യേക ക്ഷണപ്രകാരം സന്നിഹിതരായിരുന്നു. അവിടെവച്ച് റെഡ്ട്രേഡുയൂണിയൻ കോൺഗ്രസ്സ് എ.ഐ.ടി.യു. സിയിൽ ലയിച്ചു. നാഷനൽ ട്രേഡുയൂണിയൻ ഫെഡറേഷൻ പ്രതിനിധികളും ഇതിനെ തുടർന്നു് എ. ഐ. ടി. യു. സിയുമായി ഐക്യ ചർച്ച നടത്തിത്തുടങ്ങി. 1936—ൽ ഇരു സംഘടനകൾക്കും ഒരു ഐക്യ വേദിയായി ജോയിൻറു ലേബർ ബോർഡ് എന്നൊരു സംഘടനാരൂപം ഉണ്ടാക്കുകയും ചെയ്തു. 1936 മേയിൽ എ. ഐ. ടി. യു. സിയുടെ പതിനഞ്ചാംസമ്മേളനം ബോംബയിൽ വച്ചു നടന്നു. മണിബെൻകാരയാണ് അദ്ധ്യക്ഷത വഹിച്ചതു്. 1935–36 കാലത്തു് ഇന്ത്യയിൽ വളരെയധികം തൊഴിലാളി സമരങ്ങൾ നടക്കുകയുണ്ടായി. റെയിൽവെയിലാണ് ട്രേഡുയൂണിയൻ പ്രസ്ഥാനം വളരെയധികം ശക്തിപ്പെട്ടതു്. മിക്ക പ്രവിശ്യകളിലും നാട്ടു രാജ്യങ്ങളിലും ട്രേഡുയൂണിയൻ പ്രസ്ഥാനം പുഷ്ടിപ്പെട്ട ഒരു കാലഘട്ടവുമായിരുന്നു അതു്. കേരളത്തിലെ ഒന്നാമത്തെ അഖിലകേരള തൊഴിലാളി സമ്മേളനം കോഴിക്കോട്ടു വച്ചു നടന്നതും 1935–36 കാലഘട്ടത്തിലായിരുന്നു എന്നു് കഴിഞ്ഞ ഒരു അദ്ധ്യായത്തിൽ വിവരിച്ചിട്ടുണ്ടല്ലോ.

1936 മുതൽ 39 വരെയുള്ള കാലഘട്ടം ട്രേഡുയൂണിയൻ പ്രസ്ഥാനത്തിൻെറ വളർച്ചയുടെ കാലഘട്ടമായിരുന്നു.

ഉദാഹരണത്തിനു് ഈ കണക്ക് പരിശോധിക്കുക.

| | രജിസ്റ്റർ ചെയ്ത ട്രേഡുയൂണിയനുകളുടെ സംഖ്യ. | അംഗത്വം |
|---|---|---|
| 1936–37 | 271 | 261 047 |
| 37–38 | 420 | 390 112 |
| 38–39 | 562 | 399 159 |

രജിസ്റ്റർ ചെയ്യാത്ത നിരവധി യൂണിയനുകളും പ്രവർത്തിക്കുന്നുണ്ടായിരുന്നു.

എ. ഐ. ടി. യു സിയുടെ പതിനാറാമത്തു സമ്മേളനം ശിബ്നാഥ് ബാനർജിയുടെ അദ്ധ്യക്ഷതയിൽ 1938 ജനുവരി 1, 2 തീയതികളിൽ ദൽഹിയിൽ വച്ചാണ് ചേർന്നതു്. ഈ യോഗത്തിൽവച്ചാണ് നാഷനൽ ട്രേഡുയൂണിയൻ ഫെഡറേഷനുമായുള്ള ഐക്യ ചർച്ചകൾ പുരോഗമിച്ചതു്. തുടർന്നു ഇരു സംഘടനകളും തമ്മിൽ ഉള്ള ഒരു സംയോജന പദ്ധതിയും ആവിഷ്കരിച്ചു. അങ്ങനെ ട്രേഡുയൂണിയൻ ഐക്യം പുനസ്ഥാപിതമായി. 1938 ഏപ്രിൽ 17 ാംനു- പുനസംഘടിക്കപ്പെട്ട എ.ഐ. ടി. യു. സിയുടെ പ്രസിഡൻറായി ട്രേഡുയൂണിയൻ ഫെഡറേഷൻ പ്രതിനിധി

യായ സുരേഷ് ചന്ദ്രബാനർജിയെയാണ് തിരഞ്ഞെടുത്തത്. നാഗ്പൂരിൽ വച്ച് കൂടിയ സംയുക്ത കൂടിയാലോചനാ സമ്മേളനമാണ് ഈ തീരുമാനമെടുത്തത്. ഈ സമ്മേളനത്തെ എ. ഐ. ടി. യു. സിയുടെ പതിനേഴാമത്ത് കാൺഗ്രസ്സായി കണക്കാക്കാം. ആർ. ആർ. ബാഖ്‌ലെയെ സെക്രട്ടറിയായും ബങ്കിംമുക്കർജിയെയും എസ്. വി. പരുലേക്കറെയും ജായിൻറ് സെക്രട്ടറിമാരായും നിശ്ചയിച്ചു.

1940 സെപ്തംബർ 28,29,30 തീയതികളിൽ ബോംബെയിൽ ചേർന്ന പതിനെട്ടാം സമ്മേളനം ഈ ഐക്യത്തിന് പൂർണവും അന്തിമവുമായ രൂപം നൽകി. സുരേഷ് ചന്ദ്രബാനർജിയാണ് ഈ കാൺഗ്രസ്സിൽ അദ്ധ്യക്ഷം വഹിച്ചത്. എ. ഐ. ടി. യു. സി യിൽ ലോകമഹായുദ്ധം സംബന്ധിച്ചുള്ള ചർച്ചകൾ ആരംഭിച്ചത് ഈ സമ്മേളനത്തിലാണ്. കാരണം 1939 സെപ്തംബറിൽ രണ്ടാംലോകമഹായുദ്ധം ആരംഭിച്ചുകഴിഞ്ഞിരുന്നു. യുദ്ധത്തെ സംബന്ധിച്ച് വി. വി, ഗിരി അവതരിപ്പിച്ച പ്രമേയത്തിൽ ഇങ്ങനെ പറഞ്ഞിരുന്നു:

"ഗ്രേററുബ്രിട്ടൻ ഒരു വശത്തും ഫാസിസ്റ്റ് ശക്തികൾ വേറൊരു വശത്തും ആയി നടത്തുന്ന യുദ്ധം ജനാധിപത്യത്തിൻെറയും സ്വാതന്ത്ര്യത്തിൻെറയും തത്വങ്ങൾ സ്ഥാപിക്കാനാണെന്നും സാമ്രാജ്യത്വ ലക്ഷ്യങ്ങൾക്കു വേണ്ടി അല്ലെന്നും ബ്രിട്ടൻ തന്നെ അവകാശവാദം മുഴക്കുന്ന സ്ഥിതിക്കു സാമ്രാജ്യത്വത്തിൻെറയോ ഫാസിസത്തിൻെറയോ നേരെ യാതൊരു സഹാനുഭൂതിയുമില്ലാത്ത ഇന്ത്യ യുദ്ധസന്നാഹങ്ങളിൽ പങ്കാളിത്തം ഏറെറടുക്കുന്നതിനു മുമ്പ് സ്വാഭാവികമായി അതിൻെറ സ്വാതന്ത്ര്യവും ജനാധിപത്യഭരണവും പ്രതീക്ഷിക്കുന്നു...."

ഈ പ്രമേയം ബോംബെ സമ്മേളനം അംഗീകരിച്ചെങ്കിലും ആ സമ്മേളനത്തിനുശേഷം പ്രമേയവുമായി വിയോജിച്ചുകൊണ്ട് എം. എൻ. റായിയുടെ നേതൃത്വത്തിലുള്ള യൂണിയനുകൾ എ. ഐ. ടി. യു. സിയുമായുള്ള ബന്ധം വിടർത്തി. അവർ ബ്രിട്ടൻെറ വശത്ത് നിന്നുകൊണ്ട് യുദ്ധയത്നത്തെ സഹായിക്കണമെന്ന് ആവശ്യപ്പെട്ടു. പിരിഞ്ഞുപോയ യൂണിയനുകൾ ഇന്ത്യൻ ലേബർ ഫെഡറേഷൻ എന്ന ഒരു കേന്ദ്രസംഘടന രൂപീകരിക്കുകയും ചെയ്തു.

ഒരു കൊല്ലം കഴിഞ്ഞപ്പോൾ 1941 ജൂൺ മാസം 22ാംനു- യുദ്ധത്തിൻെറ ഗതിയിൽ മറെറാരു വ്യത്യാസം വന്നു. ഫാസിസ്റ്റു ജർമ്മനി സോഷ്യലിസ്റ്റ് രാജ്യമായ സോവിയററ് യൂണിയനെ ആക്രമിച്ചു. തുടർന്ന് സോവിയററ് യൂണിയനും ഗ്രേററുബ്രിട്ടനും തമ്മിൽ സഖ്യമുണ്ടാക്കുകയും ചെയ്തു. ഈ പുതിയ പരിതസ്ഥിതികളെപ്പററി ചർച്ച ചെയ്യുവാൻ 1941 ജൂലായ് 6–ാംനു- യോഗം ചേർന്ന എ. ഐ. ടി. യു. സി ജനറൽ കൗൺസിൽ സന്നദ്ധമായി. സോവിയററു യൂണിയനോട് സഹാനു

ഭൂതി പ്രകടിപ്പിക്കുന്ന ഒരു പ്രമേയം ജനറൽ കൗൺസിൽ അംഗീകരിച്ചു. പക്ഷെ യുദ്ധനയത്തിൽ വ്യതിയാനമൊന്നും വരുത്തിയതുമില്ല.

ഏ. ഐ. ടി. യു. സി യുടെ പത്തൊൻപതാമത്തു സമ്മേളനം 1942 ഫെബ്രുവരി 8, 9 തീയതികളിൽ കാൺപൂരിൽ വച്ചു് കൂടുകയുണ്ടായി. പി. ആർ. കാളപ്പയായിരുന്നു പ്രസിഡൻറ്. എൻ. എം. ജോഷിയായിരുന്നു ജനറൽ സെക്രട്ടറി. ക്ഷണിക്കപ്പെട്ട ഒരു പ്രതിനിധിയെന്ന നിലയിൽ നെഹ്റു ഈ യോഗത്തിൽ സംബന്ധിച്ചിരുന്നു. ഏ. ഐ. ടി. യു. സി യുദ്ധയത്നത്തിനോടു് സ്വീകരിക്കേണ്ട നയത്തെപ്പററി കമ്യൂണിസ്റ്റുകാർ ഒരു പ്രമേയം ചർച്ചക്കായി അവതരിപ്പിച്ചു. മാറിയ പരിതസ്ഥിതികളിൽ യുദ്ധയത്നങ്ങൾക്കു് നിരുപാധികമായ പിന്തുണ പ്രഖ്യാപിക്കുന്നതിനും യുദ്ധയത്നങ്ങൾ സജീവമാക്കുന്നതിനു് വേണ്ടി ഒരു ഡിമാൻറ് പട്ടിക തയ്യാറാക്കുന്നതിനും വേണ്ടിയുള്ളതായിരുന്നു ആ പ്രമേയം. ആ പ്രമേയത്തിനു് ഭൂരിപക്ഷ പിന്തുണകിട്ടിയെങ്കിലും നാലിൽ മൂന്നു ഭൂരിപക്ഷം കിട്ടാത്തതുകൊണ്ടു് പാസായതായി കണക്കാക്കുവാൻ കഴിഞ്ഞിരുന്നില്ല.

ഇതിനെ തുടർന്നു് ഏ. ഐ. ടി. യു. സി യിലെ വ്യത്യസ്തരാഷ്ട്രീയാഭിപ്രായക്കാർ അവരുടെ നയപരിപാടിയനുസരിച്ചു് പ്രവർത്തിച്ചു. യുദ്ധകാലത്തു് ഉണ്ടായ കരിഞ്ചന്തക്കും പൂഴ്ത്തിവയ്പിനും എതിരായും ഗവണ്മെൻറിൻെറ മർദ്ദനനടപടികൾക്കെതിരായും കമ്യൂണിസ്റ്റുകാർ പ്രവർത്തിച്ചു.

ഏ. ഐ. ടി. യു. സി യുടെ ഇരുപതാം സമ്മേളനം 1943 മേയ് 1, 2, 3 എന്നീ തീയതികളിൽ നാഗ്പ്പൂരിൽ വച്ചു് ചേർന്നു. യോഗത്തിൽ വി. വി. ഗിരി ആദ്ധ്യക്ഷം വഹിച്ചു. എൻ. എം. ജോഷിയായിരുന്നു സെക്രട്ടറി. 21–ാം സമ്മേളനത്തിൽ ആദ്ധ്യക്ഷം വഹിക്കാനായി എസ്. ഏ. ഡാങ്കെയെ തിരഞ്ഞെടുത്തു. സെക്രട്ടറിയായി എൻ. എം. ജോഷി തുടരുവാനും നിശ്ചയിച്ചു.

ഇരുപത്തി ഒന്നാം സമ്മേളനം 1945 ജനുവരി 18, 19, 20, 21, 22, 23 എന്നീ തീയതികളിൽ മദ്രാസിൽ വച്ചുചേർന്നു. ഡാങ്കെയുടെ അഭാവത്തിൽ ഫസൽ ഇലാഹി കർബാനിയാണു് ആദ്ധ്യക്ഷം വഹിച്ചതു്. കോൺഗ്രസ്സു് നേതാക്കളെ ഉടനടി വിട്ടയക്കണമെന്ന പ്രമേയം ഈ സമ്മേളനം പാസാക്കുകയുണ്ടായി.

1945 ഫെബ്രുവരിയിൽ ഏ. ഐ.ടി.യു. സിയുടെ പ്രതിനിധികൾ കൂടി പങ്കെടുത്ത ലോകത്തൊഴിലാളി സംഘടനകളുടെ ഒരു സമ്മേളനം ലണ്ടനിൽ ചേരുകയും ലോകത്തൊഴിലാളി ഫെഡറേഷൻ എന്നൊരു സംഘടന രൂപീകരിക്കണമെന്നു് തീരുമാനിക്കുകയും ചെയ്തു. ഇന്ത്യൻ പ്രതിനിധി സംഘത്തെ നയിച്ചതു് എസ്. ഏ. ഡാങ്കെയായിരുന്നു.

1945–ൽ യുദ്ധം അവസാനിച്ചു. അതിനു ശേഷം ഇന്ത്യയിലെങ്ങും വമ്പിച്ച തൊഴിലാളി സമരങ്ങൾ നടന്നു. 1946–ലെ പോസ്റ്റൽ ജീവനക്കാരുടെ പണിമുടക്കവും 1946 ഫെബ്രുവരിയിലെ നാവികസേനാംഗങ്ങളുടെ പണിമുടക്കിനനുകൂലമായി ബോംബെയിൽ നടന്ന പൊതു പണിമുടക്കവും തൊഴിലാളി വർഗത്തിൻെറ ശ്രദ്ധേയമായ സമരങ്ങളായിരുന്നു. 1946 ഒക്ടോബർ മാസത്തിൽ ദേശീയ സ്വാതന്ത്ര്യ സമരത്തിലെ ഉജ്വലമായ അധ്യായം രചിച്ച വയലാർ–പുന്നപ്ര സമരം ഇന്ത്യയിലെ സമരങ്ങൾക്കാകെ മകുടം ചാർത്തിയ സംഭവമായിരുന്നു.

എ. ഐ. ടി. യു. സി യുടെ ഇരുപത്തിരണ്ടാം സമ്മേളനം കൽക്കത്തയിൽ വച്ച് ഡാങ്കെയുടെ അദ്ധ്യക്ഷതയിൽ കൂടി. എ. ഐ. ടി. യു. സിയുടെ കീഴിൽ 601 യൂണിയനുകളിലായി എട്ടു ലക്ഷത്തോളം തൊഴിലാളികൾ സംഘടിച്ചിരുന്നു. ഈ യോഗത്തിൽ വയലാർ–പുന്നപ്ര സമരത്തിലെ സമരധീരരെ പ്രതിനിധീകരിച്ചു കൊണ്ട് ഒളിവിൽ കഴിഞ്ഞ സഖാക്കൾ പങ്കെടുത്തിരുന്നു.

എന്നാൽ എ. ഐ. ടി. യു. സിയുടെ ശക്തി ഏററവും അധികം ഉയർന്നു വന്ന ഈ ഘട്ടത്തിലാണ് തൊഴിലാളി രംഗത്തെ ഐക്യം ഇല്ലാതാക്കുന്ന ഒരു സംഭവം നടന്നത്. ആദ്യമേ തന്നെ എ. ഐ. ടി. യു. സിയിൽ ചേരാതെ നിന്ന ഗാന്ധിയൻ ട്രേഡ്യൂണിയൻ പ്രവർത്തകരുടെ ഉൽസാഹത്തിൽ സർദാർ വല്ലഭായി പട്ടേലിൻെറ അദ്ധ്യക്ഷതയിൽ 1947 മേയ് 3–4 തീയതികളിൽ ദൽഹിയിൽ വച്ച് ഇന്ത്യൻ നാഷനൽ ട്രേഡ് യൂണിയൻ കാൺഗ്രസ്സ് രൂപമെടുത്തു. എ. ഐ. ടി. യു. സിയിൽ സഹകരിച്ചു നിന്ന കാൺഗ്രസ്സുകാരായ സുരേഷ് ചന്ദ്രബാനർജിയും ശിബ്നാഥ് ബാനർജിയും മററും ഈ സംഘടനയിൽ ചേർന്നു. അങ്ങനെ 1947 ആഗസ്റ്റ് 15–ാംനു ഇൻഡ്യയ്ക്ക് സ്വാതന്ത്ര്യം ലഭിച്ചപ്പോൾ ഇന്ത്യൻ തൊഴിലാളി വർഗം പ്രധാനമായും രണ്ടു സംഘടനകളിലായി കഴിയേണ്ടിവന്നു എന്നതു് പ്രസ്താവ്യമാണ്.

## അനുബന്ധം—2

# കേരളത്തിലെയും ഇന്ത്യയിലെയും ട്രേഡുയൂണിയനുകളെപ്പററിയുള്ള സ്ഥിതി വിവരകണക്കുകൾ

(1951–57 കാലഘട്ടം)

### കേരളം

| വർഷം | രജിസ്റ്റേഡ് ട്രേഡു യൂണിയനുകളുടെ എണ്ണം | യൂണിയൻ അംഗ സംഖ്യ |
|---|---|---|
| 1951–52 | 555 | 55000 |
| 52–53 | 568 | 50000 |
| 53–54 | 641 | 84000 |
| 54–55 | 767 | 140000 |
| 55–56 | 791 | 129000 |
| 56–57 | 584 | 241000 |

(ഡാഃ കെ. രാമചന്ദ്രൻ നായർ: കേരളത്തിലെ വ്യവസായ ബന്ധങ്ങൾ (ഇംഗ്ലീഷു,–പുസ്തകത്തിൽ നിന്നു്; പേജ്–134)

### ഇന്ത്യ

| വർഷം | രജിസ്റ്റേഡ് ട്രേഡു യൂണിയനുകളുടെ എണ്ണം | കണക്കുകൾ സമർപ്പിക്കുന്ന യൂണിയനുകൾ | അതിലെ അംഗസംഖ്യ |
|---|---|---|---|
| 1951–52 | 4623 | 2556 | 19,96,311 |
| 52–53 | 4934 | 2718 | 20,99,003 |
| 53–54 | 6029 | 3295 | 21,12,695 |
| 54–55 | 6658 | 3545 | 21,70,400 |
| 55–56 | 8095 | 4006 | 22,74,732 |
| 56–57 | 8553 | 4399 | 23,76,762 |

(Indian Trade Union Movement: Shiva Chandra Jha–Page–256)

# ബിബ്ളിയോഗ്രഫി (Bibliography)

## A. പുസ്തകങ്ങൾ


| | പേര് | ഗ്രന്ഥകർത്താ |
|---|---|---|
| 1 | സ്മരണയുടെ ഏടുകൾ | സി. അച്യുതമേനോൻ |
| 2 | Industrial Relations in Kerala | ഡോ: കെ. രാമചന്ദ്രൻ നായർ |
| 3 | കേരളത്തിന്റെ സമ്പദ് ഘടന | എസ്. കൃഷ്ണയ്യർ |
| 4 | കേരള ചരിത്രം | എ. ശ്രീധരമേനോൻ |
| 5 | കേരളത്തിന്റെസ്വാതന്ത്ര്യ സമര ചരിത്രം (ഇംഗ്ലീഷ്) | കെ. പി. കെ. മേനോൻ |
| 6 | ഇന്ദുലേഖ | ഒ. ചന്തുമേനോൻ |
| 7 | Flashes of Indian History | കെ. എൻ. ബർണാർഡ് |
| 8 | റഷ്യൻ വിപ്ലവവും ഇന്ത്യയും | എൻ. ഇ. ബലറാം |
| 9 | ചരിത്രത്തിന്റെ സാരഥ്യശക്തികൾ (മലയാള പരിഭാഷ) | എസ്. എ. ഡാങ്കെ |
| 10 | ആത്മകഥ | ഇ. എം. എസ്. നമ്പൂതിരിപ്പാട് |
| 11 | ആത്മകഥ (മലയാള പരിഭാഷ) | ജവഹരിലാൽ നെഹ്റു |
| 12 | ഇന്ത്യയെ കണ്ടെത്തൽ (മലയാള പരിഭാഷ) | ജവഹരിലാൽ നെഹ്റു |
| 13 | അഖിലേന്ത്യാ ട്രേഡ് യൂണിയൻ കോൺഗ്രസ്സ്—അമ്പതുവർഷം പ്രമാണരേഖകൾ വാല്യം–1 (ഇംഗ്ലീഷ്) | എ. ഐ. ടി. യു. സി പ്രസിദ്ധീകരണം |
| 14 | ഇന്ത്യൻ തൊഴിലാളി വർഗ ചരിത്രം (മലയാള പരിഭാഷ) | സുകോമൾസെൻ |
| 15 | Story of Indian Labour | ജി. രാമാനുജം |
| 16 | വി. വി. ഗിരി—ജീവചരിത്രം (ഇംഗ്ലീഷ്) | ജി. എസ്. ഭാർഗവ |
| 17 | കേരളത്തിലെ കമ്യൂണിസ്റ്റ് പ്രസ്ഥാനം—ആദ്യ നാളുകളിലൂടെ | എൻ. ഇ. ബലറാം |

| | | |
|---|---|---|
| 18 | വയലാർ – പുന്നപ്ര സ്വാതന്ത്ര്യ സമരത്തിലെ ഉജ്വലമായ അധ്യായം | കെ. സി. ജോർജ്ജ് |
| 19 | "സഖാവ്" | ടി. വി. കെ. |
| 20 | സ്വദേശാഭിമാനി | കെ. ദാമോദരൻ |
| 21 | Cochin Saga | സർ റോബർട്ട് ബ്രിസ്റ്റോ. |
| 22 | അരനൂററാണ്ടിലൂടെ | പി. നാരായണൻനായർ |
| 23 | ആത്മകഥ (ഇംഗ്ലീഷ്) | ഏ. കെ. ജി. |
| 24 | ഇന്ത്യാ ചരിത്രം (ഇംഗ്ലീഷ് പരിഭാഷ) | ബുലാബുഷേവിച്ച് ഏ. എം. ഡയാക്കോവ്. |
| 25 | ഇന്ത്യൻ വ്യവസായ രംഗത്തിലെ തൊഴിൽ പ്രശ്നങ്ങൾ (ഇംഗ്ലീഷ്) | വി. വി. ഗിരി |
| 26 | തിരുവനന്തപുരം ജില്ലാ ഗസററിയർ | ഏ. ശ്രീധരമേനോൻ |
| 27 | തിരഞ്ഞെടുത്ത ലേഖനങ്ങൾ (ഇംഗ്ലീഷ്) | എസ്. ഏ. ഡാങ്കെ. |
| 28 | എന്നും മുന്നിൽ നടന്നവർ | പ്രഭാത് ബുക്കഹൗസ് പ്രസിദ്ധീകരണം. |
| 29 | രക്തസാക്ഷികൾ | ,, |
| 30 | Forty five years with labour | Kanji Dwaraka Das |
| 31 | കഴിഞ്ഞ കാലചിത്രങ്ങൾ | എൻ. ശ്രീകണ്ഠൻ നായർ |
| 32 | പട്ടം മുതൽ പനമ്പിള്ളിവരെ | സി. നാരായണ പിള്ള |
| 33 | വയലാർ ഗർജിക്കുന്നു | പി. ഭാസ്കരൻ |
| 34 | Gandhi–His life and thought | J. B. കൃപലാനി |
| 35 | കേരളത്തിലെ കാർഷികരംഗം | ഈ. എം. എസ് |
| 36 | കേരള ചരിത്രം | ,, |
| 37 | കേരളത്തിലെ കർഷക പ്രസ്ഥാനത്തിൻെറ ചരിത്രം | പൊതുവാൾ |
| 38 | കേരള ചരിത്രം– രണ്ടു വാല്യങ്ങൾ | കേരള ഹിസ്റ്ററി അസോസിയേഷൻ |
| 39 | Indian Trade Union Movement | Siva Chandra Jha |
| 40 | India Today | R. P. Dutt |
| 41 | Decline of Nair dominance in Kerala | റോബർട്ട് ജിഫ്രി |
| 42 | അമ്പലപ്പുഴ – ചേർത്തല താലൂക്കിലെ തൊഴിലാളികൾ | കെ. കെ. കുഞ്ഞൻ |
| 43 | തിരുവിതാംകൂർ നിയമസഭാ നടപടി റിപ്പോർട്ടുകൾ–1922 മുതൽ 1937 വരെ | നിയമസഭാ പ്രസിദ്ധീകരണം |

44 തിരു-കൊച്ചി നിയമസഭാ റിപ്പോർട്ടുകൾ 1952 — നിയമസഭാ പ്രസിദ്ധീകരണം

45 മലയാള മനോരമ ഇയർ ബുക്ക് — മനോരമ പ്രസിദ്ധീകരണം എഡിറ്റർ മാമൻ വർഗീസ്

## B. സ്മരണികകൾ

1 തിരുവിതാംകൂർ കയർ ഫക്ടറി വർക്കേഴ്സ് യൂണിയൻ കനകജൂബിലി സോവനീർ

2 ഇന്ത്യൻ കമ്യൂണിസ്റ്റ് പാർട്ടിയുടെ നാൽപ്പതാം വാർഷികം-സുവനീർ കേരള സംസ്ഥാന കൗൺസിൽ പ്രസിദ്ധീകരണം 1966

3 സി. ഐ. ടി. യു. സന്ദേശം-പുന്നപ്രവയലാർ സ്പെഷ്യൽ 1978

4 സി. ഐ. ടി. യു. സന്ദേശം- പുന്നപ്രവയലാർ സ്പെഷ്യൽ 1977

5 കെ. ദാമോദരൻ സ്മാരക ഗ്രന്ഥം 1977

6 കൊച്ചിൻ പോർട്ട് കാർഗോ ലേബർ യൂണിയൻ മുപ്പതാം വാർഷിക സുവനീർ 1976

7 ,, രജതജൂബിലി ആഘോഷം സുവനീർ 1972

8 കേരള സ്റ്റേററു ചെത്തുതൊഴിലാളി ഫെഡറേഷൻ- രജതജൂബിലി സുവനീർ 1977

9 കേരളാസ്റ്റേററു ട്രാൻസ്പോർട്ട് എംപ്ലായീസ് യൂണിയൻ രജതജൂബിലി സോവനീർ 1971

10 തൃശ്ശൂർ ചുമട്ടു തൊഴിലാളി യൂണിയൻ & ഷാപ്പ് എംപ്ലായീസ് അസോസിയേഷൻ-തൃശ്ശൂർ സുവനീർ 1971

11 ഇന്ത്യൻ കമ്മ്യൂണിസ്റ്റു പാർട്ടി കനകജൂബിലി- ജനയുഗം വിശേഷാൽപ്രതി 1975

12 പി. കെ. ഡീവർ സപ്തതി-ധർമ്മകാഹളം വിശേഷാൽപ്രതി

## C. ഗവണ്മെൻറു റിപ്പോർട്ടുകളും യൂണിയൻ റിപ്പോർട്ടുകളും

1 ദേശീയ തൊഴിൽ കാര്യ കമ്മിഷൻ റിപ്പോർട്ട് 1969

2 കൊച്ചിൻ പോർട്ട് കാർഗോ ലേബർ യൂണിയൻ
വാർഷിക റിപ്പോർട്ട് 1955

3 സ്റ്റേറ്റ് ട്രാൻസ്പോർട്ട് എംപ്ലോയീസ് യൂണിയൻ
രണ്ടാം വാർഷിക റിപ്പോർട്ട്

4 തിരു: കയർ ഫാക്ടറി വർക്കേഴ്സ് യൂണിയൻ എട്ട്,
ഒമ്പതു്, പത്തു വാർഷിക റിപ്പോർട്ടുകൾ

5 കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് എംപ്ലോയീസ് യൂണിയൻ
രണ്ടാം വാർഷിക റിപ്പോർട്ട് 1957

6 അഖില തിരു—നാവികത്തൊഴിലാളിസംഘം
രജതജൂബിലി സമ്മേളനം റിപ്പോർട്ട് 1962

7 അഖില കൊച്ചി ഒന്നാം ട്രേഡ് യൂണിയൻ സമ്മേ
ളന റിപ്പോർട്ട് (കെ. ആർ. ടി. യു. സി.) 1946

8 Report of the Tripartite committee for Beedi &
Cigar Industries 1957

9 Report of the Minimum wages Advisory committee
for public motor transport Industries 1957

10 Report of the Minimum wages committee for
Employment in oil mills 1953

11 Report of the Minimum wages committee for revision
of minimum wages of public transport workers 1963

12 Report of the Minimum wages committee for
Employment in Handloom Industry 1959

13 Report of the Minimum wages committee for
the Manufacture of Coir 1963

14 Report of the Minimum wages committee for
plantations 1952

15 Report of the Board of conciliation of trade
disputes in Coir Mats and Matting Industry 1939

## D. പത്രങ്ങൾ—വാരികകൾ

1 കേരളകൗമുദി, 1937, 1938 എന്നീ വർഷങ്ങളിലെ ലക്കങ്ങൾ (ശ്രീ. ജി. പ്രിയദർശനന്റെ അപൂർവഗ്രന്ഥശേഖരത്തിൽ നിന്നു)

| | | |
|---|---|---|
| 2 | പ്രഭാതം വാരിക (കോൺഗ്രസ്സ സോഷ്യലിസ്റ്റ് പാർട്ടിയുടെ മുഖപത്രം) | 1939ലെ ചില പഴയ ലക്കങ്ങൾ |
| 3 | ദേശാഭിമാനി | 1946–ലെ ലക്കങ്ങൾ |
| 4 | ജനയുഗം വാരിക | 1977–ലെ ലക്കങ്ങൾ (ശ്രീ. പുതുപ്പള്ളി രാഘവൻ എഴുതിയ 'സുഗതൻ സാറി ൻെറ ജീവചരിത്രം' പ്രസിദ്ധപ്പെടുത്തി യ ലക്കങ്ങൾ) |
| 5 | ട്രേഡ് യൂണിയൻ–വാരിക (തിരു–കൊച്ചി ട്രേഡ് യൂണിയൻ കൗൺസിൽ വക മുഖപത്രം) | 1955 ലെയും 1956 ലെയും ലക്കങ്ങൾ |
| 6 | ധർമ്മ കാഹളം | പി. കെ. ഡീവർ സപ്തതി വിശേഷാൽ പ്രതി |

★

# ശുദ്ധിപത്രം

| പേജ് വരി | തെററ് | ശരി |
|---|---|---|
| 76 | ആയിരം അംഗങ്ങൾ | നൂറംഗങ്ങൾ |
| 129 | ഏ. ഐ. ടി. യൂ. സി | ഏ. ഐ. ടി. യൂ. സിയിലെ കമ്യൂണിസ്റ്റ് നേതൃത്വത്തിലുള്ള യൂണിയനുകൾ |
| 129 | ഏ. ഐ. ടി. യൂ. സി | മുൻ പറഞ്ഞ യൂണിയനുകൾ |
| 129 | ഏ. ഐ. ടി. യൂ. സി യുടെ | ഏ. ഐ. ടി. യൂ സി യിലെ കമ്യൂണിസ്റ്റ് നേതൃത്വത്തിലുള്ള യൂണിയനുകളുടെ |
| 130 | ഏ. ഐ. ടി. യൂ. സിയുടെ | ഏ. ഐ. ടി. യൂ. സി യിലെ കമ്യൂണിസ്റ്റ് നേതൃത്വത്തിലുള്ള യൂണിയനുകളുടെ |
| 138 | സ്ഥാപനത്തിലൂടെ | സമരത്തിലൂടെ |
| 247 | മനസികമായ | മാനവികമായ |
| 278 | യഥാർത്ഥ ദൈവങ്ങളെ | അയഥാർത്ഥ ദൈവങ്ങളെ |
| 288 | അസൻഡോൾ | അസൻസോൾ (ASANSOL) |

PC Library & Research Center


പ്രഭാത്
ബുക്ക്
ഹൗസ്

# കേരളത്തിലെ ട്രേഡ്‌യൂണിയൻ പ്രസ്ഥാനത്തിന്റെ ചരിത്രം



331.809548
3

Indic Digital Archive Foundation
gpura.org